# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**2016 നവംബർ 2, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 21

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 നവംബർ 2, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ.വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1145/17

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....28
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....67

**II അടിയന്തരപ്രമേയം**

കളക്ടറേറ്റിലുണ്ടായ സ്ഫോടനം –

ശ്രീ.പി. ഉബൈദുള്ള (അവതരണാനുമതി നിഷേധിച്ചു.) ....264

**III ശ്രദ്ധ ക്ഷണിക്കൽ**

(1) സംസ്ഥാനപാതയുടെ നിർമ്മാണം –

ശ്രീ. കെ. ബാബു ...270

(2) മടങ്ങിവരുന്ന പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ –

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ....275

**IV സബ്മിഷൻ**

(1) സർഫാസി നിയമത്തിന്റെ ദുരുപയോഗം –

ശ്രീ. എം. സ്വരാജ് ...279

(2) മൾട്ടിലെവൽ കാർ പാർക്കിംഗ് –

ശ്രീ. അൻവർ സാദത്ത് ....282

(3) പ്രസംഗങ്ങളുടെ നിയന്ത്രണം –

ശ്രീ. കെ. എം. ഷാജി ....284

പേജ്

(4) റവന്യൂ അദാലത്ത് –

ശ്രീ. പി. ഉണ്ണി ...286

(5) ഭൂമി സംബന്ധമായ വിഷയങ്ങൾ –

ശ്രീമതി ഇ. എസ്. ബിജിമോൾ ...287

(6) പുറമ്പോക്ക് ഭൂമി –

ശ്രീ. എൻ.എ. നെല്ലിക്കുന്ന് ...290

(7) ആഗ്രോ പാർക്ക് അനുവദിക്കൽ –

ശ്രീ. കെ. കുഞ്ഞിരാമൻ ...292

(8) കെ. എസ്. ടി. പി. റോഡ് വികസനം –

ശ്രീ. അനൂപ് ജേക്കബ് ...294

(9) പാലങ്ങളുടെ നിർമ്മാണം –

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ ...296

(10) ക്ഷേമനിധിയും പെൻഷനും –

ശ്രീ. റ്റി. വി. രാജേഷ് ...298

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47 (2) അനുസരിച്ചുള്ള കടലാസുകൾ ...299

**VI റിപ്പോർട്ട് സമർപ്പണം**

(1) 2016-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ...299

(2) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ...300

**VII നിയമനിർമ്മാണകാര്യം**

(1) 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ...300

പേജ്

**VIII ക്രമപ്രശ്നം**

(i) ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്. ...301

(ii) ബില്ലിന്റെ 3 എ വകുപ്പ് ഒഴിവാക്കിക്കൊണ്ട് ആക്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്. ...302

**IX റൂളിംഗ്** ...305

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...305

**X ക്രമപ്രശ്നം**

(1) ഓർഡിനൻസ് അസാധുവാണെന്നത് സംബന്ധിച്ച് ...348

(2) ഓർഡിനൻസിലെ വൈരുദ്ധ്യം …348

**XI റൂളിംഗ്** ....351

**നിയമനിർമ്മാണകാര്യം (തുടർച്ച)** ....352

**XII അനുമോദനം** ....378

ശ്രീ. പി. ആർ. ശ്രീജേഷ് അനുമോദനം

**നിയമനിർമ്മാണകാര്യം (തുടർച്ച)** ....379

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 നവംബർ 2, ബുധൻ*

| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 21 |
|---|---|---|

നിയമസഭ 2016 നവംബർ മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ.......ചോദ്യം നമ്പർ (*631)

### മുഖ്യമന്ത്രിയുടെ ധനകാര്യ ഉപദേഷ്ടാവിന്റെ സേവനം

1 (*631) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. സി. മമ്മൂട്ടി :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ വകുപ്പിലെ ഏതെങ്കിലും വിഷയത്തിൽ മുഖ്യമന്ത്രിയുടെ ധനകാര്യ ഉപദേഷ്ടാവിന്റെ സഹായമോ ഉപദേശമോ എപ്പോഴെങ്കിലും ആവശ്യമായി വരുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഉപദേഷ്ടാവിന്റെ സഹായത്താൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാനത്ത് സാമ്പത്തിക സാമൂഹ്യ സുരക്ഷാ ഫണ്ട് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുവേണ്ടി സാമ്പത്തിക ഉപദേഷ്ടാവിന്റെ സഹായം തേടാൻ ധനകാര്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ&ബി) ആഗോള സാമ്പത്തിക രംഗം ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. തൽഫലമായി കേരള സമ്പദ്ഘടനയിൽ ഉളവാകുന്ന ചലനങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാനും സംസ്ഥാനത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുവാനും ഉതകുന്ന തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ/ ഉപദേശങ്ങൾ ആവശ്യമായ ഘട്ടത്തിൽ സംസ്ഥാനത്തിന് തേടുന്നതിനുവേണ്ടിയാണ് 18-7-2016-ലെ സ.ഉ.(ആർടി.) നമ്പർ 4612/2016/പൊ.ഭ.വ. എന്ന സർക്കാർ ഉത്തരവിലൂടെ അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച സാമ്പത്തികകാര്യ വിദഗ്ദ്ധയെ മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായി നിയമിച്ചിട്ടുള്ളത്.

കാർഷിക വളർച്ച മന്ദീഭവിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകുകയും പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുകയും വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കുകയും പൊതു ആരോഗ്യ സംവിധാനം ദുർബ്ബലപ്പെടുത്തുകയും ചെയ്തിട്ടുള്ള അത്യന്തം ഗുരുതരമായ ഒരു ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. പ്രസ്തുത സവിശേഷ സാഹചര്യത്തിൽ ഉയർന്നുവരുന്ന പുതിയ വളർച്ചാ മേഖലകളെയും അടിസ്ഥാന സൗകര്യങ്ങളെയും കേന്ദ്രീകരിച്ചുള്ള സമ്പദ്‌വ്യവസ്ഥയുടെ പുനഃക്രമീകരണത്തിലൂടെയും പാവപ്പെട്ടവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ പ്രദാനം ചെയ്തും പരമ്പരാഗത മേഖലകളിലുള്ളവരുടെ ഉപജീവനമാർഗ്ഗം സംരക്ഷിച്ചും പൊതുജനാരോഗ്യവും വിദ്യാഭ്യാസവും ശക്തിപ്പെടുത്തിയും പരിസ്ഥിതി സന്തുലനവും ലിംഗസമത്വവും ഉറപ്പുവരുത്തിയും ഒരു നവകേരളം സൃഷ്ടിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാരിന്റെ പ്രത്യേക പ്രഖ്യാപിത ലക്ഷ്യത്തിന് വിഘാതമായി നിൽക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവിന്റെ വിജ്ഞാനവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) സാമ്പത്തിക പ്രതിസന്ധിമൂലം പല വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്ന വേഗതയിൽ പൂർത്തീകരിക്കുന്നതിനും വിഷമം നേരിടുന്നുണ്ട്. എന്നിരുന്നാലും അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് കഴിയുന്നുണ്ട്. അതുകൊണ്ടുതന്നെ നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക സാമൂഹ്യ സുരക്ഷാ ഫണ്ട് രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ

പരിഗണനയിലില്ല. എന്നാൽ പിന്നീട് ഇങ്ങനെയൊരു ഫണ്ടിന്റെ ആവശ്യം അനിവാര്യമായി വന്നാൽ അപ്പോൾ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്. ഇത്തരം ഘട്ടങ്ങളിലും ധനകാര്യ ഉപദേഷ്ടാവിന്റെ അഭിപ്രായം കൂടി തേടുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള : സർ, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക്, വേൾഡ് ബാങ്ക് തുടങ്ങിയ വിദേശ ഫണ്ടിംഗ് ഏജൻസികളിൽനിന്നും സംസ്ഥാനത്തിന്റെ വികസനത്തിന് പണമെടുക്കുന്ന കാര്യത്തിലും അതിന്റെ വ്യവസ്ഥയുടെ കാര്യത്തിലുമെല്ലാം യു.ഡി.എഫ്. സർക്കാരിന്റെ നയത്തിൽനിന്നും വ്യത്യസ്തമായ നയമായിരുന്നു എൽ.ഡി.എഫ്. സർക്കാരിനുണ്ടായിരുന്നത്. 'എ.ഡി.ബി. ഗോ ബാക്ക്' എന്ന മുദ്രാവാക്യം മുഴക്കിയുള്ള ധാരാളം പ്രക്ഷോഭങ്ങൾ മുമ്പ് നമ്മൾ കണ്ടതാണ്. പ്രസ്തുത നയത്തിൽനിന്നുള്ള വ്യതിയാനം കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ട് ഭേദഗതി ചെയ്യാനുള്ള ബില്ലിൽ പ്രകടമായി കാണാവുന്നതാണ്. ഈ ബില്ലിന്റെ നയവ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിൽ സാമ്പത്തിക ഉപദേഷ്ടാവിന്റെ സഹായം ലഭിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണെന്നത് വിശദീകരിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട അംഗത്തിന് സർക്കാരിന്റെ നയത്തെക്കുറിച്ച് തെറ്റിദ്ധാരണയാണുള്ളത്. സർക്കാരിനെ നയിക്കുന്ന പാർട്ടികളെന്ന നിലയിൽ ഈ പറഞ്ഞ രീതിയിൽ ശക്തമായ വിമർശനങ്ങളുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ ഫെഡറൽ സംവിധാനത്തിന്റെ പരിമിതിക്കുള്ളിൽ നിന്നാണ് പ്രവർത്തിക്കുന്നത്. രാഷ്ട്രത്തിന്റെ സാമ്പത്തിക നയങ്ങൾ തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരാണ്. അതിനുള്ളിൽനിന്ന് പ്രവർത്തിക്കാൻ മാത്രമേ സംസ്ഥാന സർക്കാരിന് അധികാരമുള്ളൂ. അതുകൊണ്ട് ഇതിനെയൊക്കെ അടിമുടി എതിർക്കാതെ അവരുമായി എൻഗേജ് ചെയ്യുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യങ്ങളിലൊന്നും ഇതുവരെ സാമ്പത്തിക ഉപദേഷ്ടാവിന്റെ അഭിപ്രായവും ഉപദേശവും സർക്കാർ തേടിയിട്ടില്ല.

ശ്രീ. പി. ഉബൈദുള്ള : സർ, സ്വകാര്യ വ്യക്തികൾക്കും കോർപ്പറേറ്റുകൾക്കും യഥേഷ്ടം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ മുതൽമുടക്കാനുള്ള അവസരങ്ങൾ നൽകിയതിലൂടെയും ടോൾ, യൂസർഫീ തുടങ്ങിയ ലെവികൾ പിരിക്കാൻ എസ്ക്രോ അക്കൗണ്ട് പോലുള്ള സംവിധാനങ്ങളേർപ്പെടുത്തിയതുലൂടെയും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ സ്വകാര്യ മേഖലയ്ക്ക് പൂർണ്ണമായും തുറന്നുകൊടുക്കുകയാണ്

ചെയ്യുന്നത്. ഈ വ്യതിയാനം തൊഴിൽ മേഖലയിലെ താൽപ്പര്യങ്ങളെ ഏതുവിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം എന്താണെന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, യാഥാർത്ഥ്യത്തിൽനിന്നും എത്രയോ അകലെയാണ് ബഹുമാനപ്പെട്ട അംഗം നിൽക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ടോളുകളും മറ്റും സർക്കാർ മുൻകയ്യെടുത്ത് നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിലെ റോഡുകളും പാലങ്ങളുമൊക്കെ നവീകരിക്കുന്നതിനായി കോർപ്പറേറ്റ് ശക്തികളിൽനിന്ന് എന്ത് സമ്മർദ്ദമുണ്ടായാലും ടോൾ പിരിവ് ഏർപ്പെടുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സാമ്പത്തിക ശാസ്ത്രത്തിൽ വളരെ വൈദഗ്ദ്ധ്യമുള്ള ആളാണെന്ന കാര്യം എല്ലാവർക്കും അറിയാം. അദ്ദേഹം പരിണിതപ്രജ്ഞനും പരിചയ സമ്പന്നനും അനുഭവസമ്പത്തുമുള്ള ആളാണ്. സാമ്പത്തിക ബാദ്ധ്യതയുള്ള കിഫ്ബി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മസ്തിഷ്ക ശിശുവാണെന്ന കാര്യത്തിൽ നമുക്കാർക്കും ഒരു സംശയവുമില്ല. ജി.എസ്.ടി. കൗൺസിൽ മീറ്റിംഗുകളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ആശയ സമ്പുഷ്ടമായ വാഗ്വൈഭവവും വർണ്ണശബളമായ അവതരണവും മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുടെ കയ്യടി വാങ്ങിയിട്ടുണ്ടാകാം. ഈ ഘട്ടങ്ങളിൽ എപ്പോഴെങ്കിലും അങ്ങേക്ക് മുഖ്യമന്ത്രിയുടെ ധനകാര്യ ഉപദേഷ്ടാവിന്റെ സഹായമോ, ഉപദേശമോ ലഭിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട അംഗം എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് വളരെ നന്ദിയുണ്ട്. പക്ഷേ അത് വേറെ ആരെയെങ്കിലും ഇകഴ്ത്താൻവേണ്ടി ഉപയോഗിക്കേണ്ട ആവശ്യമില്ല. സാമ്പത്തിക ശാസ്ത്രജ്ഞരെന്ന് പറയപ്പെടുന്നവരെല്ലാം ഒരേ തരക്കാരല്ല, സാമ്പത്തിക ശാസ്ത്രത്തിന് വിവിധ ശാഖകളുണ്ട്. ചിലർക്ക് സാങ്കേതികമായ ചില കാര്യങ്ങളിൽ കൂടുതൽ വൈദഗ്ദ്ധ്യമുണ്ടാകും. എന്നെപ്പോലുള്ളവരൊക്കെ ഡവലപ്മെന്റ് ഇക്കണോമിക്സാണ് നോക്കുന്നത്. എന്നാൽ അതിൽനിന്നും തികച്ചും വ്യത്യസ്തമായൊരു മേഖലയാണ് ഇന്റർനാഷണൽ ഫിനാൻസ്, ട്രേഡ് തുടങ്ങിയിട്ടുള്ളവയെല്ലാം. അങ്ങനെ വരുമ്പോൾ നമുക്ക് പല തരക്കാരുടെയും ഉപദേശങ്ങളും സഹായങ്ങളും ആവശ്യമായിവരും.

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. ടി. വി. ഇബ്രാഹിം : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ പറഞ്ഞിരിക്കുന്ന മറുപടി, കേന്ദ്ര സർക്കാരിന്റെ

ഫെഡറൽ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു സംസ്ഥാന സർക്കാരിന് വ്യത്യസ്തമായ സാമ്പത്തിക നയം സ്വീകരിക്കുന്നതിൽ പരിമിതികളുണ്ടെന്നാണ്. എന്നാൽ അങ്ങനെയാണെങ്കിൽ നിയോ-ലിബറൽ സംവിധാനങ്ങളുമായി മുന്നോട്ടുപോകുന്ന, അതിന്റെ നയസമീപനങ്ങളുമായി മുന്നോട്ടുപോകുന്ന കേന്ദ്ര സർക്കാരിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ സമ്പദ്ഘടനയെയും സാമ്പത്തിക സമീപനത്തെയും രൂപപ്പെടുത്തുന്നതിൽ കേരള സർക്കാരിനെ ഉപദേശിക്കാൻ നിയോ-ലിബറൽ സംവിധാനത്തിന്റെ വക്താവായി ഇപ്പോൾ നിയമിച്ചിരിക്കുന്ന ശ്രീമതി ഗീതാ ഗോപിനാഥിന് കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അവർക്ക് കൈകാര്യം ചെയ്യാൻ പ്രത്യേക വൈദഗ്ദ്ധ്യമുള്ള മേഖലകളുണ്ട്. ആ മേഖലകളിൽ സർക്കാർ അവരുടെ നിർദ്ദേശങ്ങളും സഹായങ്ങളും തേടും. ഏത് ഉപദേശവും സഹായവും തന്നാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയതു പോലെ, സംസ്ഥാന സർക്കാരിന്, ഇവിടത്തെ ഭരണത്തിന് നേതൃത്വം നൽകുന്ന പാർട്ടികൾക്ക് അവരുടേതായുള്ള കാഴ്ചപ്പാടും സർക്കാരിനെ നയിക്കുന്ന മിനിമം പരിപാടികളുമുണ്ട്. അതിന്റെ അടിസ്ഥാനത്തിലായിരിക്കും ഉപദേശങ്ങളും സഹായങ്ങളും സ്വീകരിക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ജർമ്മൻ ചിന്തകനായ ഹെഗലിന്റെ thesis, antithesis, synthesis എന്നതിലൂടെയാണ് കാറൽ മാർക്സ് dialectic materialism രൂപീകരിച്ച് സോഷ്യലിസത്തിലേക്ക് വന്നത്. അവിടെ കോൺട്രഡിക്ഷനും കോൺഫ്ലിക്ടുമൊക്കെയുണ്ടായിട്ടുണ്ട്. ഇവിടെ ക്യാപ്പിറ്റലിസ്റ്റ് ഇക്കണോമിസ്റ്റായ ശ്രീമതി ഗീതാ ഗോപിനാഥിന്റെയും ലിബറൽ ഇക്കണോമിയുടെ ഭാഗമായി പ്രവർത്തിക്കുന്ന താങ്കളുടെയും ഇടതുപക്ഷത്തിന്റെയും വൈരുദ്ധ്യാത്മക നിലപാടുകൾ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ഗുണം ചെയ്യുമോ, ദോഷം ചെയ്യുമോ; താങ്കളുടെ ധനകാര്യ കാഴ്ചപ്പാടുമായി യോജിച്ചുപോകുന്ന ആളാണോ പുതിയ ഉപദേഷ്ടാവ്?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ ചില മേഖലകളിൽ പ്രത്യേക വൈദഗ്ദ്ധ്യമുള്ളവരുടെ സഹായം ആവശ്യമുണ്ടാകും. ഇപ്പോൾ കേരളത്തിൽ ഒരു സർക്കാർ പ്രവർത്തിക്കുന്നു. ഇവിടെയുള്ള ഉദ്യോഗസ്ഥരെല്ലാം തീസിസും ആന്റിതീസിസും സിൻതസീസുമൊക്കെ പഠിച്ചിട്ടാണോ നിൽക്കുന്നത്? അവർക്ക് അവരുടേതായ ആശയ നിലപാടുകളുണ്ട്. എന്നാൽ സർക്കാരിന്റെ നയപരമായ ചട്ടക്കൂടിനുള്ളിൽനിന്ന് അവർ പ്രവർത്തിക്കുന്നു. അതുപോലെ കണ്ടാൽ മതിയാകും.

ശ്രീ. എ. എം. ആരിഫ് : സർ, രണ്ട് പതിറ്റാണ്ടിലേറെക്കാലം ലോക ബാങ്കിൽ ഉദ്യോഗസ്ഥനായിരുന്ന ഡോ. മൻമോഹൻ സിംഗ് തുടങ്ങിവച്ച ഉദാരവൽക്കരണ, ആഗോളവൽക്കരണ, സ്വകാര്യവൽക്കരണ നയങ്ങളാണ് ഇന്ത്യയെ ഈ നിലയിൽ എത്തിച്ചതെന്നും നശിപ്പിച്ചതെന്നും എല്ലാവർക്കും അറിയാം. അതിന്റെ പേരിൽ ഊറ്റം കൊള്ളുകയാണ്. ഈ രാജ്യത്തെ രക്ഷപ്പെടുത്തിയത് ഡോ. മൻമോഹൻ സിംഗിന്റെ നയങ്ങളാണെന്നാണ് ഇവർ അവകാശപ്പെടുന്നത്. എല്ലാ തരത്തിലുമുള്ള ഉപദേശങ്ങളും സ്വീകരിക്കുമെന്നും എന്നാൽ ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ള വിദഗ്ദ്ധരുമായി ആലോചിച്ച് മാത്രമേ അക്കാര്യങ്ങൾ നടപ്പിലാക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുകയുള്ളൂവെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ വളരെ വ്യക്തമായി മറുപടി പറഞ്ഞിട്ടും ഇത്തരത്തിൽ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടുള്ള ചോദ്യം നമ്മുടെ നാടിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്കും അഭിവൃദ്ധിക്കും ഉതകുന്ന തരത്തിലാണോയെന്ന് പറയാമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട അംഗം വളരെ ശരിയായിട്ടുള്ള നിരീക്ഷണമാണ് നടത്തിയിട്ടുള്ളത്. ഇന്നിവിടെ വിമർശിക്കുന്നവർ എല്ലാ നയങ്ങളുടെയും അപ്പോസ്തലന്മാരും പ്രവാചകന്മാരുമായി ഇത്രയും നാൾ പ്രവർത്തിച്ചവരാണ്. യഥാർത്ഥത്തിൽ അവർ സന്തോഷിക്കുകയാണ് വേണ്ടത്. അതിനുപകരം ഇപ്പോൾ പുണ്യാളൻ ചമയാൻ ശ്രമിക്കുകയാണ്. സാങ്കേതികമായി കഴിവുകളുണ്ടെങ്കിൽ നമ്മളിൽനിന്നും വ്യത്യസ്ത അഭിപ്രായം പുലർത്തുന്നവരാണെങ്കിൽപ്പോലും അവരുടെ സഹായങ്ങളും സാങ്കേതികത്വവും നാടിന്റെ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തും. അങ്ങനെ ചെയ്യുമ്പോൾ ഞങ്ങൾക്ക് ചില രാഷ്ട്രീയ നിലപാടുകളും ആശയപരമായ അടിത്തറയുമുണ്ട്; അതിൽ നിന്നുകൊണ്ടു മാത്രമേ ഞങ്ങൾ പെരുമാറുകയുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞങ്ങൾ സാമ്പത്തിക ഉദാരവൽക്കരണ നടപടികൾക്ക് എതിരല്ല. ഞങ്ങളുടെ സർക്കാരാണ് ഇത് കൊണ്ടുവന്നത്. നവലിബറൽ സമീപനങ്ങളല്ല. ഉദാരവൽക്കരണ നടപടികൾ മനുഷ്യ മുഖമുള്ളതായിരിക്കണം എന്നുതന്നെയാണ് ബാംഗ്ലൂർ എ.ഐ.സി.സി.-യുടെ സമ്മേളനത്തിലെ പ്രമേയം. അതുകൊണ്ടുതന്നെ ഇന്ത്യ വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. പക്ഷേ ഇതിനെ എതിർത്ത നിങ്ങൾ ഐ.എം.എഫ്.-ന്റെയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും സാമ്പത്തിക ഉദാരവൽക്കരണ നടപടികളെ പിന്താങ്ങുന്ന ശ്രീമതി ഗീതാ ഗോപിനാഥിന്റെ ഉപദേശം ഏതുരീതിയിലാണ് സ്വീകരിക്കുന്നത് എന്നതാണ് പ്രശ്നം.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതു പോലെ ഞങ്ങൾ നവ ഉദാരവൽക്കരണ നയങ്ങളെ എതിർത്തിരുന്നു, ഇപ്പോഴും എതിർക്കുന്നു. ഇവരുടെ സാമ്പത്തിക പരിഷ്കാരങ്ങളെയും ജനദ്രോഹ നടപടികളെയും ശക്തമായി അന്നും ഇന്നും എതിർക്കുന്നവരാണ്. ആ എതിർപ്പിന്റെ അടിസ്ഥാനത്തിൽ ബദൽ അന്വേഷണങ്ങൾ തുടരുമ്പോൾ, ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകളുടെ, പ്രത്യേകിച്ച് കേരളത്തിൽനിന്ന് വളർന്നുവന്ന വിദഗ്ദ്ധരുടെ കഴിവുകൾ പ്രയോജനപ്പെടുത്തണമെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്.

ശ്രീ. പി. സി. ജോർജ് : സർ, ഡോ. മൻമോഹൻ സിംഗിന്റെ ഉദാരവൽക്കരണ നയം കേരളത്തിലെ കാർഷിക മേഖലയെ തകർത്തു എന്നതിൽ ഒരു സംശയവുമില്ല. ഈ സഭയിലുള്ള മാണി ഗ്രൂപ്പിന്റെ അഭിപ്രായം അറിയാൻ എനിക്ക് ആഗ്രഹമുണ്ട്, അത് പറയണം.

മി. സ്പീക്കർ : അങ്ങ് ചോദ്യത്തിലേക്ക് വരണം.

ശ്രീ. പി. സി. ജോർജ് : സർ, ഈ വിഷയം കേരളം ചർച്ച ചെയ്യണ്ടേ? ഡോ. മൻമോഹൻ സിംഗ് കേരളത്തിലെ കാർഷിക മേഖലയെ തകർത്ത് തരിപ്പണമാക്കിയിരിക്കുകയല്ലേ ചെയ്തത്? എല്ലാ കരാറും ഈ രാജ്യത്തിന് ദ്രോഹമല്ലേ? ...........(ബഹളം)...... നിങ്ങൾ ബഹളം വയ്ക്കേണ്ട കാര്യമില്ല. ഞാൻ നിങ്ങളുടെ കൂട്ടത്തിലല്ല, അവരുടെ കൂട്ടത്തിലുമല്ല, പേടിക്കണ്ട, ഞാൻ നിഷ്പക്ഷനാണ്. സാമൂഹ്യ സുരക്ഷാ ഫണ്ട് രൂപീകരണത്തെക്കുറിച്ച് ചിന്തിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. സർക്കാർ തുടർച്ചയാണ്, കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയായിട്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. ഇന്ത്യയിൽ നിലനിൽക്കുന്ന ഫെഡറൽ സംവിധാനത്തിൽ കേന്ദ്ര ഗവൺമെന്റ് നയത്തെ എതിർക്കാൻ കഴിയില്ലെന്നാണ് അങ്ങ് സൂചിപ്പിച്ചത്. എന്റെ അഭിപ്രായത്തിൽ കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ആരുടെ ഉപദേശം സ്വീകരിച്ചാലും ശക്തമായ ഫെഡറൽ സംവിധാനത്തിൽ കേരളത്തിന്റെ അവകാശങ്ങൾ മുഴുവൻ കിട്ടിയേ തീരൂ എന്ന നയം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ അഞ്ച് കൊല്ലത്തേക്ക് അവസരം ലഭിച്ചിരിക്കുന്ന പിണറായി സർക്കാരിന് തന്റേടമുണ്ടോ; അതിന് നേതൃത്വം നൽകാൻ ഡോ. ടി. എം. തോമസ് ഐസക്കിന് കഴിവുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, പിണറായി സർക്കാരിന് അദ്ദേഹം വെല്ലുവിളിച്ച രീതിയിലുള്ള തന്റേടമുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫെഡറൽ സംവിധാനത്തിന്റെ

പരിമിതികളെക്കുറിച്ച് പറയുമ്പോൾ എതിർക്കാൻ സാധിക്കില്ല എന്നല്ല, ശക്തമായി ഓരോ പ്രശ്നത്തിലും കേരളത്തിന്റെ അവകാശത്തിനുവേണ്ടി പോരാട്ടകതന്നെ ചെയ്യും. റബ്ബർ കൃഷിക്കാരുടെ പ്രശ്നം, കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞതുപോലെ നമ്മൾ 800 കോടി രൂപ മുടക്കിയിട്ടും റബ്ബറിന് വില കൂട്ടുന്നുണ്ടോ? ഇന്നലെയും അത് സംബന്ധിച്ച റിപ്പോർട്ടുണ്ടായിരുന്നു. നമ്മൾ 150 രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. റബ്ബർ ഇറക്കുമതി ചെയ്യുന്നത് 149 രൂപയ്ക്കാണ്. നമ്മൾ ഓരോ കിലോ റബ്ബറിനും ഇരുപതും മുപ്പതും നാൽപ്പതും രൂപ സബ്സിഡി നൽകുമ്പോൾ കേരളത്തിൽനിന്ന് റബ്ബർ വാങ്ങാമെന്ന് കോർപ്പറേറ്റുകൾ ചിന്തിക്കുമോ; കേരളത്തിൽനിന്ന് വാങ്ങണമെന്ന് പറയാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നുണ്ടോ; അവർ പുറത്തുനിന്ന് 149 രൂപയ്ക്കല്ലേ വാങ്ങുന്നത്? ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇക്കാര്യത്തിൽ ശക്തമായ പ്രക്ഷോഭം കേരളത്തിൽ നടത്തേണ്ടിവരും.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : സർ, മുഖ്യമന്ത്രിയുടെ ധനകാര്യ ഉപദേഷ്ടാവ് അമേരിക്കയിലെ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ ഉന്നതപദവിയിലുള്ള അദ്ധ്യാപികയാണ്. അമേരിക്കൻ യൂണിവേഴ്സിറ്റികളിലൊക്കെ അദ്ധ്യാപനത്തോടൊപ്പം കമ്പനികളുടെ ഇൻഡിപെൻഡന്റ് ബോർഡ് അംഗമായും ഉപദേഷ്ടാവായും പ്രൊഫഷണൽ കൺസൾട്ടന്റായുമൊക്കെ ഇത്തരം അദ്ധ്യാപകർ പ്രവർത്തിക്കാറുണ്ട്. ശ്രീമതി ഗീതാ ഗോപിനാഥ് ഏതൊക്കെ അന്താരാഷ്ട്ര കമ്പനികളുടെ ഇൻഡിപെൻഡന്റ് ബോർഡിലുണ്ട്, അല്ലെങ്കിൽ മാനേജ്മെന്റ് കൺസൾട്ടൻസി നടത്തുന്നുണ്ട് എന്നത് സർക്കാരിന് അറിയാമോ; ഇതിലേതെങ്കിലും കമ്പനികൾക്ക് കേരളത്തിൽ ബിസിനസ്സ് താൽപ്പര്യങ്ങളുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഇക്കാര്യം പരിശോധിച്ച് മാത്രമേ പറയാൻ കഴിയുകയുള്ളൂ. ബയോഡാറ്റയിൽ ഏതെങ്കിലും കമ്പനികളുടെ ഡയറക്ടർ ബോർഡിൽ അംഗമാണെന്ന് സൂചിപ്പിച്ചതായി കാണുന്നില്ല. എന്നാൽ അമേരിക്കൻ ഫെഡറൽ റിസർവ് പോലുള്ള സ്ഥാപനങ്ങളിൽ ബോർഡ് മെമ്പറായി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ഐ.എം.എഫ്.-ന്റെയും മറ്റും കൺസൾട്ടന്റായി പ്രവർത്തിച്ചിട്ടുള്ള പരിചയവുമുണ്ട്. പക്ഷേ സ്വകാര്യ കമ്പനികളേത് എന്നതിനെക്കുറിച്ച് എനിക്ക് അറിയില്ല. പക്ഷേ ഒരു കാര്യം വ്യക്തമാക്കാം, അങ്ങ് സൂചിപ്പിച്ചതുപോലെ ശ്രീമതി ഗീതാ ഗോപിനാഥെന്നല്ല, നമ്മൾ പുറത്തുനിന്ന് ആരെ ക്ഷണിച്ചാലും അവർക്കൊക്കെ ഇത്തരത്തിലുള്ള ബന്ധങ്ങളുണ്ടാകും. ആ ബന്ധങ്ങളൊന്നും കേരളത്തിന്റെ നയരൂപീകരണത്തിലോ എന്തെങ്കിലും ആനുകൂല്യം നൽകുന്നതിനോ ഉപയോഗിക്കാനായി അനുവദിക്കുന്നതല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി റബ്ബറിന്റെ കാര്യം പറഞ്ഞു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ലാഭത്തിന്റെ ഒരു വിഹിതം കർഷകർക്ക് നൽകുന്നതിന് ജി.എസ്.ടി ബിൽ തടസ്സമല്ല എന്ന് ചോദ്യം നമ്പർ 647-ന്റെ ഉത്തരമായി അങ്ങ് പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ ടയർ, സോപ്പ് തുടങ്ങിയവ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ കൃഷിക്കാരനെ സഹായിക്കാനായി പ്രത്യേക ടാക്സ് ചുമത്തി ഒരു നിധി സ്വരൂപിക്കാൻ തയ്യാറാണോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ടാക്സ് ചുമത്താൻ കഴിയില്ല. പക്ഷേ കാർഷിക ഉൽപ്പന്നങ്ങളെയെല്ലാം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികളെ പ്രോത്സാഹിപ്പിക്കാൻ കഴിയും. ഉദാഹരണത്തിന്, വയനാട് കാർബൺ ന്യൂട്രൽ ഡിസ്ട്രിക്ട് എന്ന ഖ്യാതി നേടിക്കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ വയനാടൻ കാപ്പി ബ്രാൻഡ് ചെയ്ത് വിൽക്കുകയാണെങ്കിൽ നെസ്കഫേയ്ക്ക് കിട്ടുന്ന വില തന്നെ കൃഷിക്കാരനും ലഭിക്കും. ഇത്തരത്തിൽ ബ്രാൻഡ് ചെയ്ത് വിൽക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കും. പക്ഷേ കൃഷിക്കാർക്ക് പ്രത്യേക നികുതി നൽകാൻവേണ്ടി ജി.എസ്.ടി.-യുടെ Mole ചുമത്താനുള്ള അവകാശമില്ല. അക്കാര്യം പരിശോധിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, നമ്മൾ സർവ്വജ്ഞരാണെന്ന് നടിക്കേണ്ട കാര്യമുണ്ടോ? ഇവിടെ പ്രൈസ്‌വാട്ടർഹൗസ് കൂപ്പേഴ്സ്, മെക്കിൻസി തുടങ്ങിയ വൈദഗ്ദ്ധ്യമുള്ള കമ്പനികളുടെയും മറ്റും അഡ്വൈസ് സ്വീകരിക്കുന്നുണ്ട്. ഓരോ വകുപ്പും എടുത്ത് പരിശോധിച്ചാൽ ഇതൊക്കെ നമ്മൾ ഡിപ്പെൻഡ് ചെയ്യുന്നുണ്ടെന്ന് കാണാൻ കഴിയും. നിങ്ങൾക്ക് ഇങ്ങനെയൊരു മൈൻഡ്സെറ്റ് എന്തിനാണ്? കാർഷിക രംഗത്ത് ലോകം മുഴുവൻ നടക്കുന്ന റിസർച്ചും മറ്റ് കാര്യങ്ങളുമൊക്കെ നമുക്കും വേണ്ടേ? ഇപ്പോൾ ജിം വന്നു, മെക്കിൻസിയെ അല്ലേ അപ്പോയിന്റ് ചെയ്തത്. അതുപോലെ എമർജിംഗ് കേരള വന്നു, പ്രൈസ്‌വാട്ടർഹൗസ് കൂപ്പേഴ്സിനെയാണ് അപ്പോയിന്റ് ചെയ്തത്. ഞങ്ങൾക്ക് അങ്ങനെയൊരു മൈൻഡ്സെറ്റില്ല. നിങ്ങൾ മൈൻഡ്സെറ്റിന് അനാവശ്യമായ പ്രചരണം നൽകിയിട്ടാണ് ഊരാക്കുടുക്കിൽ ചെന്നുപെട്ടത്. അതിന്റെ ആവശ്യമുണ്ടോ; നിങ്ങളത് തുറന്ന് പറഞ്ഞാൽ പോരെ? ഇന്ന് അറിയപ്പെടുന്ന അന്തർദ്ദേശീയ പ്രൊഫഷണൽ സംഘടനകളെയൊക്കെ അപ്പോയിന്റ് ചെയ്യേണ്ടിവരും. നമ്മൾ ഇവിടെ കൃഷി പ്രചരിപ്പിക്കുന്നു. പക്ഷേ കാർഷിക രംഗത്ത് ലോകത്ത് നടക്കുന്ന റിസർച്ചിന്റെ ഒരു ഘടകവും നമുക്ക് വേണ്ടേ; നമ്മൾ സർവ്വജ്ഞരാണോ; ഇതുതന്നെ മതി എന്നു തീരുമാനിക്കുകയാണോ? മൈൻഡ്സെറ്റിന് അനാവശ്യമായ പ്രചരണം നൽകിയതു കൊണ്ടാണ് പ്രശ്നമുണ്ടായത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഞങ്ങളാരും സർവ്വജ്ഞപീഠം കയറിയിട്ടില്ല എന്നുതന്നെയാണ് ഞാൻ പറഞ്ഞു തുടങ്ങിയത്. ഇവിടെ ഒരു യാഥാർത്ഥ്യമുണ്ട്. നിങ്ങൾക്ക് ഇതിനോട് പരിപൂർണ്ണ യോജിപ്പാണ്, അതുകൊണ്ട് പ്രശ്നമൊന്നുമില്ല. അതിനോടൊപ്പം സഹകരിച്ചാൽ മതി. പരിപൂർണ്ണ എതിർപ്പുള്ള വേറെ ചിലരുണ്ട്. അതുകൊണ്ട് അവർ മാറി കൈകെട്ടി ഇരിക്കും. ഞങ്ങൾ അങ്ങനെയല്ല; എതിർക്കുമ്പോൾത്തന്നെ ഉള്ളിൽനിന്ന് പ്രവർത്തിക്കാൻ ശ്രമിക്കുന്നവരാണ്. അതുകൊണ്ട് ഞങ്ങൾക്ക് എതിർക്കുകയും അനുകൂലിക്കുകയും ചെയ്യേണ്ടി വരും. അതുകണ്ടിട്ട് ഞങ്ങളെ പരിഹസിക്കേണ്ട. അത് ഞങ്ങൾ അറിഞ്ഞുതന്നെ സ്വീകരിക്കുന്ന നിലപാടാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *632

**വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി**

2 (*632) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ തോട്ടങ്ങളിലൂടെയും കൃഷി സ്ഥലങ്ങളിലൂടെയും കടന്നുപോകുന്ന വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും മറ്റും തട്ടുന്നതുമൂലം വൈദ്യുതി തടസ്സവും പ്രസരണനഷ്ടവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് പ്രസ്തുത ലൈൻ കടന്നുപോകുന്ന വസ്തുവിന്റെ ഉടമ ചെലവ് വഹിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സാധാരണക്കാരന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം പൊതുജനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് വരുത്തുന്ന വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനും ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിനായി സംസ്ഥാനമൊട്ടാകെയുള്ള വൈദ്യുതി വിതരണ ശൃംഖലയിൽ ഓവർഹെഡ് ലൈനുകളിലൂടെയാണ് പ്രധാനമായും വൈദ്യുതിയുടെ

വിതരണം നടത്തി വരുന്നത്. പ്രസ്തുത വൈദ്യുതി ലൈനുകൾ കൂടുതലും ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലൂടെയും ഇടതിങ്ങിയ വൃക്ഷങ്ങളുള്ള പ്രദേശങ്ങളിലൂടെയും കൃഷി സ്ഥലങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. ഇക്കാരണങ്ങളാൽ പല സ്ഥലങ്ങളിലും വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും മറ്റും തട്ടിനിൽക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇതുമൂലം ഊർജ്ജ നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈനുകളിൽ മരച്ചില്ലകൾ തട്ടാൻ ഇടവരാത്തവിധം നിശ്ചിത അകലങ്ങളിൽ മരച്ചില്ലകൾ വെട്ടിമാറ്റാറുണ്ട്.

(ബി) വൈദ്യുതി ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവ് സാധാരണഗതിയിൽ ഉപഭോക്താവ് വഹിക്കണമെന്ന രീതിയാണ് കെ. എസ്.സി.ബി പിന്തുടരുന്നത്. എന്നാൽ പുരയിടങ്ങളിലൂടെ കടന്ന് പോകുന്ന വൈദ്യുതി ലൈനുകൾ പരിപാലിക്കാനുള്ള ബുദ്ധിമുട്ടും അപകട സാദ്ധ്യതകളും ഊർജ്ജ നഷ്ടവും കണക്കിലെടുത്ത് സാങ്കേതികമായി സാദ്ധ്യവും പൊതുവഴിയിലൂടെയുള്ള നിർദ്ദിഷ്ട ലൈൻ ദൂരക്കുറവുമാണെങ്കിൽ പ്രസ്തുത ലൈനുകൾ പൊതുവഴിയിലേക്ക് മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കാറുണ്ട്. കേരളത്തിലെ ജനസാന്ദ്രതയും സ്ഥല ലഭ്യതയിലെ കുറവും കണക്കിലെടുത്തു. ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും ഒരു വസ്തുവിൽക്കൂടി കടന്നു പോകുന്ന ലൈനുകൾ അതേ വസ്തുവിന്റെ മറ്റൊരു ഭാഗത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിന് (സാങ്കേതിക തടസ്സങ്ങൾ ഇല്ലാത്ത അവസരത്തിൽ) വസ്തു ഉടമ ആവശ്യപ്പെടുന്നപക്ഷം ലേബർ ചാർജ് അടച്ചാൽ മതിയെന്ന് തീരുമാനിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി ലൈനുകൾ തന്റെ വസ്തുവിൽനിന്നും മൊത്തത്തിൽ മാറ്റി സ്ഥാപിക്കാനാണ് ഉപഭോക്താവ് ആവശ്യപ്പെടുന്നതെങ്കിൽ ടി പ്രവൃത്തിക്കുള്ള ചെലവ് (ലേബർ ചാർജും അധിക സാധന സാമഗ്രികളുടെ വിലയും) ഉപഭോക്താവ് വഹിക്കേണ്ടതുണ്ട്.

(സി) തോട്ടങ്ങളിലും പുരയിടങ്ങളിലുംകൂടി കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ പൂർണ്ണമായും മാറ്റുന്നത് ബോർഡിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തും. ആയത് താരിഫ് വർദ്ധനയിലൂടെ മറ്റ് ഉപഭോക്താക്കളെ ബാധിക്കുന്നതാണ്. അതിനാൽ നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുന്നത് ആശാസ്യമായിരിക്കില്ല. ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായ നടപടി സ്വീകരിച്ച് വിതരണ ലൈനുകൾ മാറ്റി സ്ഥാപിച്ചു നൽകുവാൻ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സാദ്ധ്യമായ സ്ഥലങ്ങളിൽ പൊതുവഴികളിലേക്ക് ലൈനുകൾ ഘട്ടംഘട്ടമായി മാറ്റിസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. സി. എഫ്. തോമസ്</u> : സർ, എത്ര ശതമാനം പ്രസരണ നഷ്ടമാണ് സംസ്ഥാനത്താകെയുണ്ടാകുന്നത്? മഴയില്ലാത്ത ഈ സമയത്ത് പ്രസരണ നഷ്ടം

തടയുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം മരച്ചില്ലകൾ വെട്ടിമാറ്റുകയെന്നുള്ളതാണ്. ഇത്രയും മഴയില്ലാതിരുന്ന ദീർഘമായ സമയം പ്രയോജനപ്പെടുത്തി ചെയ്യാൻ കഴിയുന്ന കാര്യമായിരുന്നു അത്. എന്നാലത് പൂർണ്ണമായിട്ടില്ല. മരച്ചില്ലകൾ മുറിച്ചു മാറ്റുന്നതിന് കോൺട്രാക്ടർമാരെ വയ്ക്കുമെന്നാണ് പറയുന്നത്. എന്നാൽ പലപ്പോഴും കോൺട്രാക്ടർമാരെയല്ലാതെ സെക്ഷനിലെ ജീവനക്കാരെയും നിയോഗിക്കാറുണ്ട്. സെക്ഷനിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതുകൊണ്ട് മരച്ചില്ലകൾ മുറിച്ചു മാറ്റുന്ന ജോലി ഒരു സ്ഥലത്തും കാര്യമായി പുരോഗമിക്കുന്നില്ല. അതിനുകാരണം സെക്ഷനിലെ ജോലികൾ ചെയ്യാൻപോലും ആവശ്യത്തിന് ജീവനക്കാരില്ലെന്നുള്ളതാണ്. എന്റെ ഡിവിഷനിലെ കാര്യമുൾപ്പെടെ ഉന്നയിച്ചപ്പോൾ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുമെന്നാണ് മറുപടി തന്നിരുന്നത്; അതും നടന്നിട്ടില്ല. അതുകൊണ്ട് പ്രസരണനഷ്ടം ഒഴിവാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ; ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഇപ്പോൾ കണക്കാക്കിയിരിക്കുന്ന പ്രസരണനഷ്ടം 14.32 ശതമാനമാണ്. നേരത്തെ ഇതിൽ കൂടുതലായിരുന്നു. വർഷത്തിൽ രണ്ടുപ്രാവശ്യം ബോർഡിന്റെ ഉത്തരവാദിത്വത്തിൽ മരച്ചില്ലകൾ വെട്ടിമാറ്റി ലൈനിൽനിന്നും നിശ്ചിത അകലം പാലിക്കാൻ ശ്രമിക്കുന്നുണ്ട്. അടിയന്തരഘട്ടങ്ങളിൽ ബോർഡ് ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്.

<u>ശ്രീ. സി. എഫ്. തോമസ്</u> : സർ, ജീവനക്കാരുടെ കുറവുകൊണ്ട് പല സ്ഥലങ്ങളിലും വൈദ്യുതിസ്തംഭനം ഉണ്ടാകുന്നുണ്ട്. പ്രസരണനഷ്ടവും അതുപോലെ പ്രധാനപ്പെട്ടതാണ്. മൂന്ന് പ്രധാന പ്രശ്നങ്ങളാണ് ജനങ്ങൾ ഇന്ന് അനുഭവിക്കുന്നത്. വഴിയെല്ലാം പൊളിഞ്ഞുകിടക്കുന്നു, പൈപ്പ്ലൈനുകൾ പൊട്ടുന്നത് ശരിയാക്കാൻ സംവിധാനമില്ല, രാത്രികാലങ്ങളിൽ തുടർച്ചയായി വൈദ്യുതി മുടങ്ങുന്നു. ഇതെല്ലാം പൂർണ്ണമായി ഇവിടെ അവതരിപ്പിക്കാൻ സാധിക്കുന്നില്ല. ഇവിടെപ്പറഞ്ഞ കാര്യങ്ങൾ അടിയന്തര ആവശ്യമായി കാണണം. ജനജീവിതത്തിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണല്ലോ ഭരണത്തെക്കുറിച്ചുള്ള അളവുകോൽ. മിനിമം അതെങ്കിലും ചെയ്യാൻ, എല്ലാ വകുപ്പുകളും കോ-ഓർഡിനേറ്റ് ചെയ്യണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പിനും അത്യാവശ്യ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനും ഫണ്ട് അനുവദിക്കണം. വൈദ്യുതി മുടങ്ങുമ്പോൾ ജനങ്ങൾ പഞ്ചായത്ത് മെമ്പർമാരെപ്പോലും വിളിക്കാതെ നേരിട്ട് എം.എൽ.എ.-മാരെ വിളിക്കുകയാണ്. അത് അവരുടെ അവകാശമാണ്. ഇത്തരം അത്യാവശ്യ കാര്യങ്ങൾ ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൂടി ഇടപെട്ട്, ആവശ്യമായ പണം അനുവദിച്ച്. അക്കാര്യങ്ങൾ റിവ്യൂ ചെയ്ത്, മോണിറ്ററിംഗ് നടത്തി ഈ നടപടികൾ ത്വരിതപ്പെടുത്താൻ ശ്രമിക്കുമോ?.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ജീവനക്കാരെ എല്ലാ സ്ഥലത്തും റീ-ഡിപ്ലോയ് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയാണ്. ആവശ്യത്തിന് ജീവനക്കാരില്ലാത്ത എല്ലാ സെക്ഷനാഫീസുകളിലും ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും സ്ഥലത്ത് ജീവനക്കാരുടെ കുറവുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അങ്ങ് പറഞ്ഞ ബാക്കി കാര്യങ്ങൾ സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നതാണ്. അത് പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിനുവേണ്ടി ശ്രീ. എം. ഉമ്മർ : സർ, സബ് സ്റ്റേഷൻ മുതൽ ഗാർഹിക നമ്പർ വരെ പരിശോധിച്ചാണ് പ്രസരണ നഷ്ടം കണക്കാക്കുന്നത്. 9234212 ഗാർഹിക കണക്ഷനുകളുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. ഓരോ സബ് സ്റ്റേഷനിൽനിന്നും വീടുകളിലേക്ക് ലൈൻ പോകുമ്പോഴുണ്ടാകുന്ന പ്രസരണ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; അതിനുള്ള മാനദണ്ഡങ്ങൾ എന്താണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കേരളത്തിൽ പ്രസരണ നഷ്ടം പല വിധത്തിൽ സംഭവിക്കുന്നുണ്ട്. വൈദ്യുതി വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രസരണ നഷ്ടം നിജപ്പെടുത്തുന്നത്. വൈദ്യുതി ലൈനുകളോട് ചേർന്നു നിൽക്കുന്ന മരങ്ങൾമൂലവും അകലെ നിൽക്കുന്ന മരങ്ങൾ ലൈനിലേക്ക് മറിഞ്ഞു വീഴുന്നതുമൂലവും പ്രസരണ നഷ്ടം ഉണ്ടകാറുണ്ട്. ഇത്തരത്തിൽ വിവിധ തരത്തിൽ സംഭവിക്കുന്നത് കണക്കാക്കിയാണ് 14.32 ശതമാനം പ്രസരണ നഷ്ടമെന്ന് പറയുന്നത്.

ശ്രീ. മോൻസ് ജോസഫ് : സർ, വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലൂടെയും അതുപോലെ കൃഷിയിടങ്ങളിലൂടെയുമുള്ള ലൈനുകളാണ് പലപ്പോഴും അപകടങ്ങൾ വരുത്തിവയ്ക്കുന്നത്. ജനങ്ങൾക്ക് ഉപദ്രവമില്ലാത്ത രീതിയിൽ അത്തരം ലൈനുകൾ പാതയോരത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നൽകുമ്പോഴെല്ലാം കെ.എസ്.ഇ.ബി. പണം മുടക്കില്ലെന്ന നിലപാടാണ് സ്വീകരിക്കുന്നത്. അങ്ങയുടെ മറുപടിയിലും അത് സൂചിപ്പിച്ചിരുന്നു. അപകടാവസ്ഥയുള്ള സ്ഥലങ്ങളിൽ പ്രശ്നസങ്കീർണ്ണമായി ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ ജനപ്രതിനിധികൾക്കും കെ.എസ്.ഇ.ബി.-ക്കും ബോദ്ധ്യപ്പെടുന്നതാണെങ്കിൽ കെ.എസ്.ഇ.ബി. അതിന്റെ അപകടാവസ്ഥ പരിഹരിക്കാൻ കഴിയുന്ന വിധത്തിലും പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിയുന്ന വിധത്തിലും ലൈൻ മാറ്റി സ്ഥാപിക്കുന്നത് തന്നെയാണ് ജനങ്ങൾക്ക് ആശാസ്യമായിട്ടുള്ളത്. അതിന് കെ.എസ്.ഇ.ബി.

നടപടി സ്വീകരിക്കുമോ? അത്യാവശ്യമുള്ള സ്ഥലങ്ങളിൽ എം.എൽ.എ. ഫണ്ട് നൽകാൻ തയ്യാറായി എം.എൽ.എ.-മാർ മുന്നോട്ടുവന്നിട്ടുണ്ട്. അങ്ങനെ നൽകുന്ന പ്രൊപ്പോസലുകൾപോലും കെ.എസ്.ഇ.ബി. പരിശോധിച്ചശേഷം അനുവാദം നൽകാത്ത നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എം.എൽ.എ.-മാർ ഫണ്ട് നൽകാൻ തയ്യാറായാൽ അടിയന്തര പ്രാധാന്യമുള്ള അത്തരം സ്ഥലങ്ങളിൽ ലൈനുകൾ മാറ്റി സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത നഗരപ്രദേശങ്ങളിൽ ഓവർഹെഡ് ലൈനുകൾ മാറ്റി എ.ബി./യു.ജി. കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. യു.ജി. കേബിളുകളും ഇൻസുലേഷനുള്ള എ.ബി. കേബിളുകളും സ്ഥാപിക്കുന്നതുവഴി പ്രസരണ നഷ്ടം കുറയ്ക്കുക, മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുക, വൈദ്യുതി തടസ്സം ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങളാണ് ബോർഡ് ലക്ഷ്യമിടുന്നത്. എന്നാൽ ഇത്തരം കേബിളുകൾ വിതരണ ശൃംഖലയിലുടനീളം സ്ഥാപിക്കുന്നത് ചെലവേറിയ കാര്യമായതിനാൽ പെട്ടെന്ന് പൂർത്തീകരിക്കാൻ സാധിക്കില്ല. അങ്ങ് സൂചിപ്പിച്ചതുപോലെ, എല്ലാം മാറ്റിസ്ഥാപിക്കാൻ കഴിയില്ലെങ്കിലും എം.എൽ.എ. ഫണ്ടുപയോഗിച്ച് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്.

ഡോ. എൻ. ജയരാജ് : സർ, Aerial Bundled Cables സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. എന്റെ മണ്ഡലത്തിലും ഏതാണ്ട് 25 കിലോമീറ്റർ അത്തരത്തിലുള്ള കേബിൾ സ്ഥാപിക്കുന്നുണ്ട്. അതിനുള്ള ചെലവ് വർദ്ധിച്ചതാണെന്ന് പറയുകയുണ്ടായി. 14.32 ശതമാനത്തോളമാണ് പ്രസരണ നഷ്ടം. പ്രസരണ നഷ്ടം കുറയ്ക്കാൻ സാധിക്കുന്നത് ഉൽപ്പാദന വർദ്ധനവിന് തുല്യമാണ്. ആ അർത്ഥത്തിൽ ചെലവ് അല്പം കൂടുതലാണെങ്കിൽപ്പോലും എ.ബി. കേബിളുകൾ സ്ഥാപിക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനും പ്രസരണ നഷ്ടത്തിനുള്ള പ്രധാന കാരണമായ ലൈനിലേക്കുള്ള മരച്ചില്ലകൾ കൃത്യമായി വെട്ടിമാറ്റുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഭാവിയിൽ നമുക്കുപയോഗിക്കേണ്ടത് എ.ബി. കേബളുകളും യു.ജി. കേബിളുകളും തന്നെയാണ്. പക്ഷേ, ബോർഡിന്റെ സാമ്പത്തിക പരാധീനതയിൽ വളരെ പെട്ടെന്ന് നമുക്കതിലേക്ക് മാറാൻ സാധിക്കുന്നില്ല. ഏതാണ്ട് 6400 കോടി രൂപ സാമ്പത്തിക ബാദ്ധ്യത ബോർഡിനുണ്ട്. ഇത്രയും രൂപയുടെ ബാദ്ധ്യത ഏറ്റെടുക്കേണ്ട പശ്ചാത്തലത്തിൽ എങ്ങനെയാണ് വളരെ പെട്ടെന്ന് ഇതിലേക്ക് മാറാൻ സാധിക്കുന്നത്? എന്നാൽ ആദ്യം പ്രധാനപ്പെട്ട പട്ടണങ്ങളിലും പിന്നീട് സംസ്ഥാനത്തുടനീളവും ടി സംവിധാനത്തിലേക്ക് മാറണമെന്നു തന്നെയാണ് സർക്കാർ ആലോചിക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, വീടുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവയുടെ മുകളിലൂടെ വൈദ്യുതി ലൈൻ കടന്നുപോകുന്നുണ്ട്. അത്തരത്തിലുള്ള വൈദ്യുതി ലൈൻ മാറ്റുന്നതിനുവേണ്ടിയുള്ള തുക അടയ്ക്കുന്നതിന് ജനങ്ങൾക്ക് പ്രയാസമുള്ളതുകൊണ്ട് പല ഘട്ടങ്ങളിലും അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത് ബോർഡിന്റേതായ ചെലവിൽ മാറ്റിക്കൊടുത്ത് വീട് വയ്ക്കുന്നതിനും സ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനും ആവശ്യമായ സാഹചര്യം സൃഷ്ടിക്കുമോ? അതോടൊപ്പംതന്നെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വൈദ്യുതി കണക്ഷന്റെ രേഖകൾ ഹാജരാക്കുന്നതുകൊണ്ട് വൈദ്യുതി കണക്ഷൻ നൽകാൻ വിസമ്മതിക്കുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതുസംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, സാധാരണഗതിയിൽ വസ്തു ഉടമയുടെ അനുവാദത്തോടുകൂടിയാണ് ലൈൻ വലിക്കാറുള്ളത്. ലൈൻ വലിച്ചതിനുശേഷം അതിനുതാഴെ കൃഷിയിടങ്ങളായി മാറുന്ന സ്ഥിതിയും വീടുകൾ നിർമ്മിക്കുന്ന അവസ്ഥയുമുണ്ട്. അങ്ങനെയാണ് സാധാരണഗതിയിൽ സംഭവിച്ചുവരുന്നത്. ഏതെങ്കിലും കാരണവശാൽ ലൈൻ മാറ്റി സ്ഥാപിക്കണമെന്നുണ്ടെങ്കിൽ സ്വാഭാവികമായും വൈദ്യുതി ബോർഡിൽ പണമടച്ച് മാറ്റി സ്ഥാപിക്കുക മാത്രമെ മാർഗ്ഗമുള്ളൂ. അല്ലാതെ എല്ലായിടത്തും ലൈനുകൾ മാറ്റി സ്ഥാപിക്കാൻ തുടങ്ങിയാലുണ്ടാകുന്ന വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ബോർഡിന് വഹിക്കാൻ സാധിക്കുകയില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, വൈദ്യുതി തടസ്സവും പ്രസരണ നഷ്ടവും ഉണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചു. അങ്ങ് പറയാത്തൊരു കാര്യം, ലൈൻ വലിക്കുന്ന കമ്പികളുടെ പഴക്കമാണ്. പല ഭാഗങ്ങളിലും ഇത് 50 വർഷത്തിൽ കൂടുതലാണെന്നാണ് പറയപ്പെടുന്നത്. ഇതിന്റെ കൃത്യമായിട്ടുള്ള പഴക്കമെത്രയാണ്; എത്രകാലം ഇത് നമുക്കുപയോഗിക്കാൻ സാധിക്കും; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കമ്പികളുടെ കാലപ്പഴക്കമാണ് ഇതിന് കാരണമെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അത് പരിശോധിച്ച് പറയുന്നതാണ്.

ശ്രീ. എൽദോ എബ്രഹാം : സർ, നഗരങ്ങളിൽ ഏരിയ ബണ്ടിൽഡ് കേബിൾ (എ.ബി.സി.) സ്ഥാപിക്കുന്നത് വ്യാപകമാക്കുവാനുദ്ദേശിക്കുന്നുണ്ടോ; സബ് സ്റ്റേഷനുകളിൽ പലയിടത്തും കാലഹരണപ്പെട്ട ഉപകരണങ്ങളുടെ ഉപയോഗം ഒഴിവാക്കി പുതിയ സംവിധാനത്തെക്കുറിച്ചാലോചിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, എ.ബി.സി.-യാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. പക്ഷെ വളരെ പെട്ടെന്ന് നമുക്കത് സാധിച്ചെടുക്കാൻ കഴിയുകയില്ല. എന്നാൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതാനും പട്ടണ പ്രദേശങ്ങളിലേക്ക് എ.ബി.സി. കണക്ഷനുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, കഴിഞ്ഞ 10 വർഷക്കാലം കൊണ്ട് ഇന്ത്യയിൽ ഏറ്റവും നന്നായി പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവന്ന സംസ്ഥാനമാണ് കേരളം. നാലോ അഞ്ചോ ശതമാനം പ്രസരണ നഷ്ടം കുറച്ചാൽ അത് ആയിരം മെഗാവാട്ടിന്റെ വൈദ്യുതി ജനറേറ്റ് ചെയ്യുന്നതിന് തുല്യമാണ്. അത് ഒരുവശത്ത് നിൽക്കുമ്പോൾ മറുവശത്ത് തലങ്ങും വിലങ്ങും വൈദ്യുതി ലൈനുകൾ വലിക്കുന്നതുമൂലം ഉയർന്ന ജനസാന്ദ്രതയും സ്ഥലത്തിന്റെ ദൗർലഭ്യവുംമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസവുമുണ്ട്. ഇത് രണ്ടും പരിഹരിക്കുന്നതിനുവേണ്ടി, പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഇങ്ങനെ വലിച്ചിരിക്കുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി സമഗ്രമായ ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, നമ്മൾ നേരിടുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നം തന്നെയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. പ്രസരണ നഷ്ടം പരമാവധി കുറച്ചു കൊണ്ടുവരുന്നതിനുവേണ്ടി പുതിയ ലൈനുകൾ നമുക്ക് വലിക്കേണ്ടതായിട്ടുണ്ട്. പുതിയ ലൈനുകൾ വലിക്കുന്നതിനുള്ള തടസ്സമാണ് യഥാർത്ഥത്തിൽ അതിലെ പ്രധാനപ്പെട്ട പ്രശ്നം. കഴിഞ്ഞ 12 വർഷമായി ഇടമൺ-കൊച്ചി ലൈൻ വലിക്കുന്നതിന് നമുക്ക് സാധിക്കുന്നില്ല. അതിന്റെ ഭാഗമായുണ്ടാകുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ പരിശോധിച്ചു നോക്കിയാൽ പൊതുവേ കേരളം ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി ലൈനുകൾ വലിക്കാൻ തയ്യാറാകുമ്പോൾ നമ്മുടെ സംസ്ഥാനത്ത് അത് സാധിക്കുന്നില്ല. അങ്ങ് പറഞ്ഞതുപോലെ, നമുക്ക് ഈ കാര്യങ്ങൾ ഇവിടെ നിർവ്വഹിക്കണമെന്നുണ്ടെങ്കിൽ എല്ലാവരുടെയും കൂട്ടായ പരിശ്രമം ആവശ്യമാണ്. അതിലൂടെ മാത്രമെ പ്രസരണനഷ്ടം കുറച്ചു കൊണ്ടുവരാൻ സാധിക്കുന്ന തരത്തിലുള്ള ലൈനുകൾ വലിക്കാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. ആൻസലൻ : സർ, പ്രസരണ നഷ്ടത്തോടൊപ്പം തന്നെയുള്ള ഒരു വിഷയം വൈദ്യുതി പാഴാക്കിക്കളയുകയെന്നതാണ്. പ്രധാനമായും സർക്കാർ ഓഫീസുകളിൽ രാവിലെ ലൈറ്റും ഫാനും ഓൺ ചെയ്താൽ ആളില്ലെങ്കിലും വൈകുന്നേരം വരെ ഇവ ഓഫ് ചെയ്യാത്ത ഒരവസ്ഥയുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അത് നമ്മുടെ ബോധത്തിന്റെയും സംസ്കാരത്തിന്റെയും പ്രശ്നമാണ്. 'കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി' എന്ന മട്ടിലാണ് പലപ്പോഴും ഓഫീസുകളിലെയോ പൊതുയിടങ്ങളിലെയോ ലൈറ്റിടുന്ന പ്രവൃത്തിയെ കാണുന്നത്. അത് മാറണം. മാറുന്നതിനുവേണ്ടി പൊതുവായ നമ്മുടെ ബോധം ഉയരണമെന്നാണ് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ കുന്നിൻ ചരിവിലുള്ള പാവപ്പെട്ട പട്ടികജാതി കോളനികളുണ്ട്. കൈ പൊക്കിയാൽ കമ്പിയിൽ തട്ടുംവിധമാണ് 11 കെ.വി. ലൈൻ പോലും അങ്ങോട്ട് വലിച്ചിരിക്കുന്നത്. വെള്ളപ്പൊക്കം വരുമ്പോൾ കുട്ടനാട്ടിൽ പ്രത്യേകിച്ച് അപ്പർ കുട്ടനാട്ടിൽ വെള്ളമുയരും. പണ്ട് സ്ഥാപിച്ച ലൈൻ ഇപ്പോഴുമുണ്ട്. വെള്ളം പൊങ്ങുന്ന സമയത്ത് ധാരാളം മരണങ്ങളും അപകടങ്ങളും ഉണ്ടാകുകയാണ്. ലോ ഓഫ് റ്റോർട്ട് അനുസരിച്ച് അത് നമ്മുടെതന്നെ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വത്തിൽനിന്ന് സർക്കാരിന് ഒഴിയാൻ സാധിക്കില്ല. അതുകൊണ്ട് ഇതുപോലുള്ള മരണത്തിന് നഷ്ടപരിഹാരം നൽകുന്നതിനും ഇത്തരം ലൈനുകൾ ഉയർത്തി സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഇതൊന്നും ഈ അടുത്ത ദിവസങ്ങളിലുണ്ടായിട്ടുള്ള സംഗതിയല്ല. .... (ബഹളം)..

മി. സ്പീക്കർ : പ്ലീസ്.. ദയവായി അങ്ങ് ക്ഷുഭിതനാകണ്ട. അദ്ദേഹം പറയട്ടെ, പഴയ കാര്യമാണെന്നല്ലേ പറഞ്ഞുള്ളൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, വല്ലാതെ ദേഷ്യപ്പെടേണ്ട കാര്യമില്ല. ഞാൻ സത്യം പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അഞ്ച് മാസംകൊണ്ട് സ്ഥാപിച്ച ലൈനുകളുടെ പ്രശ്നമാണ് പറഞ്ഞതെങ്കിൽ മനസ്സിലാക്കാമായിരുന്നു, വർഷങ്ങളായി നിലനിൽക്കുന്ന ലൈനുകളുടെ കാര്യമാണ് അങ്ങ് പറഞ്ഞത്. കഴിഞ്ഞ രണ്ടുമാസത്തിനുമുമ്പ് സ്ഥാപിച്ച ലൈനുകളെല്ലാം തന്നെ കുന്നിൻ ചെരിവിലൂടെ വലിച്ചിരിക്കുകയാണ്, അതിന്റെ അടിയിൽ മനുഷ്യൻ താമസിക്കുകയാണെന്നുള്ള മട്ടിലാണ് അങ്ങ് പറയുന്നത്. ഇതൊക്കെ വളരെ നാളുകളായി നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. അത് പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടി നമുക്ക് സ്വീകരിക്കാം.

ശ്രീ. എം. രാജഗോപാലൻ : സർ, പ്രസരണനഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുമുള്ള ട്രാൻസ്ഫോമറുകളുടെ അഭാവം ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. പ്രത്യേകിച്ച്, കാസർഗോഡ് ജില്ലയിൽ ട്രാൻസ്ഫോമറുകളുടെ എണ്ണം വളരെ കുറവാണ്. അത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. ഷാഫി പറമ്പിൽ : സർ, വൈദ്യുതി വകുപ്പിന് കേന്ദ്ര സഹായത്തിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; നമുക്ക് വൈദ്യുതീകരണത്തിന്റെ ഭാഗമായി ലഭിച്ചിരുന്ന ഫണ്ടിൽ കാര്യമായ എന്തെങ്കിലും വെട്ടികുറയ്ക്കൽ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മി. സ്പീക്കർ : ചോദ്യം നം.*633

**ബി.എസ്.ഇ.എസ്-മായുള്ള കരാറിന്റെ വിശദാംശം**

3 (*633) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയൻസിന്റെ ഉടമസ്ഥതയിലുള്ള ബി.എസ്.ഇ.എസ്-മായി മുൻ സർക്കാരിന്റെ കാലത്ത് ഏർപ്പെട്ട കരാറിന്റെ വിശദാംശം അറിയിക്കുമോ; ഇതിന്റെ ഭാഗമായി വൈദ്യുതി ബോർഡിനുണ്ടായ അധിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ കരാറിന്റെ കാലാവധി എന്നുവരെയാണ്;

(ബി) അടിയന്തര ആവശ്യം നേരിടാനായി പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങുമ്പോൾ നൽകേണ്ട വില ഏത് റേഞ്ചിലാണ്;

(സി) വൈദ്യുതിക്ഷാമം സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; വിശദമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) 3-5-1999-ലാണ് ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് (BKPL)-മായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 15 വർഷത്തെ വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കരാർ പ്രകാരം ഫിക്സഡ് ചാർജ്ജും നൽകണം. ഇത് വൈദ്യുതി

വാങ്ങാത്തപ്പോഴും നൽകണം. ഉയർന്ന ഉൽപ്പാദനച്ചെലവുമൂലം നിലയത്തിൽ നിന്നുള്ള വൈദ്യുതി അപൂർവ്വമായി മാത്രമേ ഉപയോഗപ്പെടുത്തിയിരുന്നുള്ളൂ. 2014-15 കാലയളവിൽ ലാൻഡ് ലീസ് ഉൾപ്പെടെ 71.79 കോടി രൂപ ഫിക്സഡ് ചാർജായി നൽകിയിട്ടുണ്ട്. ഇവരുമായുള്ള കരാർ 31-10-2015-ന് അവസാനിച്ചു.

(ബി) പവർ എക്സ്ചേഞ്ചിൽനിന്നും പരമാവധി 4.5 രൂപ വരെയുള്ള വിലയ്ക്ക് വൈദ്യുതി വാങ്ങാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ വാങ്ങുന്നത് ഏകദേശം 2.17 രൂപ മുതൽ 4.21 രൂപവരെ വിലയുള്ള വൈദ്യുതിയാണ്. വൈദ്യുതിയുടെ ശരാശരി വില 3.51 രൂപയാണ്.

(സി) ഇല്ല. കേരളത്തിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത ഏകദേശം ഒരുലക്ഷത്തിൽപ്പരം വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുകയെന്ന കേരള സർക്കാരിന്റെ ബൃഹത് പദ്ധതിക്ക് പരമാവധി വേണ്ടി വരുന്ന വൈദ്യുതിയുടെ ആവശ്യം ഏകദേശം 50 മെഗാവാട്ട് മാത്രമാണ്. ഇത് യാതൊരു വിധത്തിലും കേരളത്തിൽ വൈദ്യുതി ക്ഷാമം ഉണ്ടാക്കുവാൻ സാദ്ധ്യതയില്ല. ഈ ഉപഭോക്താക്കൾ ഉയർന്ന ഉപഭോഗം ഉള്ളവരല്ല.

<u>ശ്രീ. എസ്. ശർമ്മ</u> : സർ, 1990 മുതൽ 2000 വരെയുള്ള കാലയളവിൽ കേരളത്തിൽ ഊർജ്ജ പ്രതിസന്ധിയുണ്ടായിരുന്നു. അത്തരമൊരു അസാധാരണമായ ഘട്ടത്തിൽ തെർമൽ പ്രോജക്ടുകളെ ആശ്രയിക്കുക എന്നുള്ളത് അനിവാര്യമായിരുന്നു. കേരളത്തിൽ വൈദ്യുതി പ്രതിസന്ധിമൂലം പ്രതിദിനം 500 കോടി രൂപയുടെ പ്രൊഡക്ഷൻ ലോസ്സ് സംഭവിച്ചിരുന്നു. 500 കോടി രൂപ എന്നുപറയുമ്പോൾ ഒരു മാസം എത്ര വരുമെന്ന് കണക്കാക്കാവുന്നതേയുള്ളൂ. വൻതോതിലുള്ള പ്രൊഡക്ഷൻ ലോസ്സ് വന്നു. കാലുകുത്തി നടക്കുന്ന മനുഷ്യൻ യഥാർത്ഥത്തിൽ തലകുത്തി നടക്കുന്ന അവസ്ഥയിലുള്ള ഒരു പ്രതിസന്ധി കാലഘട്ടമായിരുന്നു അത്. തെർമൽ പ്രോജക്ടുകളുടെ സഹായത്തോടുകൂടി അതിനെ അതിജീവിക്കാൻ കേരളത്തിന് കഴിഞ്ഞു. അന്നും ഇന്നും നാഫ്തയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. പക്ഷെ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും അവയിലബിളായി എൽ.എൻ.ജി. ലഭിക്കുന്ന സാഹചര്യം വളർന്നുവന്നിട്ടുണ്ട്. ഈ സാഹചര്യത്തെ പ്രയോജനപ്പെടുത്തി കൊച്ചി ബി.എസ്.ഇ.എസ്.-ന്റെയാണെങ്കിലും കായംകുളം ടി.പി.സി.-യുടെ താണെങ്കിലും ബ്രഹ്മപുരം, കോഴിക്കോട് ഡീസൽ പ്ലാനിന്റേതാണെങ്കിലും കാസർഗോഡ് പ്ലാന്റിന്റേതാണെങ്കിലും എൽ.എൻ.ജി.-യായി കൺവെർട്ട് ചെയ്തു കഴിഞ്ഞാൽ ഏറ്റവും ചീപ്പസ്റ്റായിട്ടുള്ള പവർ ലോങ്ങസ്റ്റ് പീരീഡിലേക്ക് ലഭിക്കും. അതിനുള്ള ശ്രമം സർക്കാർ നടത്തുന്നുണ്ട്. തുടർ നടപടിക്ക് എന്താണുദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഈ ഇന്ധനം പ്രകൃതിവാതകമാക്കിയാൽ ഉൽപ്പാദനച്ചെലവ് കുറയുമെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആദ്യമേ കണ്ടൊരു പ്രശ്നം, ഈ നിലയങ്ങൾ പ്രകൃതിവാതക സജ്ജമാക്കുന്നതിന് വലിയ മുതൽ മുടക്കുവേണ്ടിവരുമെന്നുള്ളതാണ്. ഇപ്പോൾ ബി.എസ്.ഇ.എസ്.-ന്റെ കാര്യത്തിൽപ്പോലും പ്രകൃതിവാതകം ഉപയോഗപ്പെടുത്തി കൊണ്ടുള്ള ഉൽപ്പാദനത്തിലേക്ക് നീങ്ങണമെങ്കിൽ ചുരുങ്ങിയത് 170 കോടി രൂപയുടെ യന്ത്രസാമഗ്രികളുടെ മാറ്റവും മറ്റും അത്യാവശ്യമായി വേണ്ടിവരും. അതുകൂടാതെ എൽ.എൻ.ജി-ടെർമിനൽ വഴി നമുക്ക് ലഭിക്കുന്ന വൈദ്യുതിക്ക് ദീർഘകാല കരാറുണ്ടാക്കി നിയന്ത്രിതമായ വിലയ്ക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ യഥാർത്ഥത്തിൽ അത് ലാഭകരമോ അല്ലെങ്കിൽ പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുമായി താരതമ്യപ്പെടുത്തിയോ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ അതിന്റെ സാദ്ധ്യതകളെക്കുറിച്ച് നമുക്ക് പരിശോധിക്കാം. എൽ.എൻ.ജി.-യിലേക്ക് മാറുക എന്നുള്ളതു തന്നെയാണ് ഇന്നിപ്പോൾ കരണീയമായിട്ടുള്ളത്. പക്ഷെ, വൻ സാമ്പത്തിക ബാദ്ധ്യത സംസ്ഥാനത്തിനും ബോർഡിനും വരുന്ന കാര്യമാണ്.

ശ്രീ. എസ്. ശർമ്മ : സർ, എൽ.എൻ.ജി.-യുടെ ഉപയോഗത്തിന് ഉദ്ദേശിച്ചാണ് ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഡൽഹി സന്ദർശിച്ച വേളയിൽ പ്രധാനമന്ത്രിയുമൊക്കെയായി കൂടിക്കാഴ്ച നടത്തുകയും കേന്ദ്ര ഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റും ജോയിന്റായി മുമ്പോട്ട് പോകുന്നൊരു സാഹചര്യം സംബന്ധിച്ച് പത്രവാർത്തകളിലൂടെ മനസ്സിലാക്കാൻ കഴിയുകയുമുണ്ടായി. ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് കളക്ടർമാർക്ക് ബ്ലാങ്കറ്റ് പെർമിഷൻ നൽകിയിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കി കൃഷിക്കാർക്ക് നേരത്തെ നിശ്ചയിക്കപ്പെട്ടിട്ടുള്ള രൂപത്തിൽ കോമ്പൻസേഷൻ നൽകിക്കൊണ്ട് ഇത് മോണിറ്റർ ചെയ്യുന്നതിന് ഒരു പ്രത്യേക സിസ്റ്റം രൂപീകരിച്ചുകൊണ്ടു തന്നെ അതിവേഗം കേരളത്തിന്റെ ലക്ഷ്യം എൽ.എൻ.ജി. ബെയ്സ്ഡ് ആക്കി കൺവെർട്ട് ചെയ്യുക എന്ന ടാർജറ്റോടുകൂടി ടൈം ഷെഡ്യൂൾ ചെയ്ത് ഒരു നീക്കം ആരംഭിക്കുന്നതിന് മുൻകൈയെടുക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, യൂണിറ്റിന് ഏകദേശം 5 ഡോളർ നിരക്കിൽ ദീർഘകാലത്തേക്ക് കൊച്ചി എൽ.എൻ.ജി. ടെർമിനൽ വഴി എൽ.എൻ.ജി ലഭിക്കണമെന്നതാണ് നമ്മുടെ ആവശ്യം. ആ ആവശ്യം നിറവേറ്റിയാൽ മാത്രമേ കൺവെർട്ട് ചെയ്യുമ്പോഴുള്ള വൻചെലവിനെ സാധൂകരിക്കാൻ സാധിക്കുകയുള്ളൂ. ആ വഴിക്കാണ് നമ്മൾ നീങ്ങുന്നത്.

ശ്രീ. വി. ജോയി : സർ, സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് അങ്ങ് നടത്തുന്ന പ്രവർത്തനങ്ങളെ അങ്ങേയറ്റം ശ്ലാഘിക്കുകയാണ്. വൈദ്യുതിക്ഷാമം സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനത്തെ ബാധിക്കില്ലെന്ന് ചോദ്യത്തിന് ഉത്തരമായി അങ്ങ് പറഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആവശ്യമായിട്ടുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ, എസ്‌സി./എസ്ടി ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ടുകൾ, എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് എന്നിവ നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ഒരു നിയോജക മണ്ഡലത്തിന് ആവശ്യമായ തുകയുടെ 50 ശതമാനം അതായത് പരമാവധി ഒരു കോടി രൂപ കെ.എസ്.ഇ.ബി. വഹിക്കും. ബാക്കി തുകയും വയറിംഗ് നടത്തിയിട്ടില്ലാത്ത വീടുകളിൽ വയറിംഗ് നടത്തുന്നതിനുള്ള തുകയും സാമാജികരുടെ നേതൃത്വത്തിൽ സമാഹരിക്കേണ്ടതുണ്ട്. എസ്.ടി. വീടുകൾ വയറിംഗ് നടത്തുന്നതിനുള്ള സാമ്പത്തിക സഹായം 2,500 രൂപയിൽ നിന്ന് 5,000 രൂപയായി വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മറ്റ് വീടുകൾ വയറിംഗ് നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും നാട്ടിലെ സുമനസ്സുകളുടെ സഹായവും പ്രയോജനപ്പെടുത്താൻ സാധിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഇതുകണക്കാക്കി ആവശ്യമെങ്കിൽ പുതുക്കേണ്ടതുണ്ട്. ലൈൻ നീട്ടലിനും മറ്റും ആവശ്യമായ തുകയുടെ 50 ശതമാനം എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, എസ്.സി.പി./ടി.എസ്.പി. ഫണ്ടുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് എന്നിവയിൽനിന്നും സമാഹരിക്കേണ്ടതുണ്ട്. അസ്സറ്റ് ഫണ്ട് ഇതിനായി ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യത സർക്കാർ ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതിനായി ഉടൻതന്നെ യോഗം ചേരാമെന്നാണ് കരുതുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അകമഴിഞ്ഞ സഹകരണം ഉറപ്പാക്കാൻ നിയമസഭാ സാമാജികർ സജീവമായി ഇടപെട്ടാൽ മാത്രമേ സമ്പൂർണ്ണ വൈദ്യുതീകരണം നിശ്ചിത സമയത്ത് പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. ബാബു : സർ, ബി.എസ്.ഇ.എസ്. താപനിലയവുമായി ബന്ധപ്പെട്ട കരാർ 31-10-2015-ന് അവസാനിച്ചു. അന്നുതന്നെ വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സമീപിച്ചപ്പോൾ ഒരു മാസത്തേക്ക് താൽക്കാലികമായി പുതുക്കണമെന്നാണ് നിർദ്ദേശിച്ചത്. എന്നാൽ കെ.എസ്.ഇ.ബി. അതിനെ മറികടന്നു കൊണ്ടാണ് ബി.എസ്.ഇ.എസ്.-മായി കരാറിൽ ഏർപ്പെട്ടതെന്നും ഇതിൽ

ദുരൂഹതയുണ്ടെന്നുമുള്ള നിലയിൽ നിരവധി വാർത്തകളാണ് അന്നുതന്നെ വന്നിരുന്നത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച പുനരാലോചന നടത്തുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബി.എസ്.ഇ.എസ്. കൊച്ചിയിൽ 165 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയമാണ് സ്ഥാപിച്ചിരുന്നത്. സംസ്ഥാന വൈദ്യുതി ബോർഡ് സമയാസമയങ്ങളിൽ കേരളത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുവേണ്ടി വൈദ്യുതി വാങ്ങുന്നതിനായി 3-5-1999-ലാണ് കരാറിലേർപ്പെട്ടത്. പ്രസ്തുത നിലയം പ്രവർത്തനക്ഷമമാകുന്നതു മുതൽ 15 വർഷക്കാലത്തേക്കാണ് കരാർ നിലവിലുണ്ടായിരുന്നത്. 31-10-2015-ന് കരാർ കാലാവധി അവസാനിച്ചു. ഈ കരാർ പ്രകാരം ഇരുകക്ഷികളും തയ്യാറാകുന്ന പക്ഷം അടുത്ത പത്തുവർഷക്കാലയളവിലേക്ക് നിബന്ധനകൾക്ക് വിധേയമായി കരാർ വീണ്ടും പുതുക്കാവുന്നതാണെന്നും അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. മറ്റേതൊരു വൈദ്യുതി വാങ്ങൽ കരാറിലുമുള്ളതു പോലെ പ്രസ്തുത കരാറിലും പ്രതിമാസം ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ഇന്ധനച്ചെലവിനു പുറമേ ഫിക്സ്ഡ് ചാർജ്ജുംകൂടി നൽകേണ്ടതാണെന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. കരാർപ്രകാരം വൈദ്യുതി വാങ്ങുന്ന ആൾക്ക് വൈദ്യുതി ആവശ്യമില്ലാത്ത സാഹചര്യത്തിലും വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനും നിലനിർത്തിക്കൊണ്ടു പോകുന്നതിനും ചെലവായ തുക ആനുപാതികമായി ഈടാക്കപ്പെട്ടാൽ മാത്രമേ വൈദ്യുതി നിലയങ്ങൾക്ക് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. എല്ലാ വൈദ്യുതി വാങ്ങൽ കരാറുകളിലും ഇപ്രകാരം നിബന്ധനകൾ ഉണ്ടാകാറുണ്ട്. ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ മാർഗ്ഗ രേഖകളിലും ഇതേ രീതിയാണ് പിൻതുടരുന്നത്. വൈദ്യുതി നിലയം പ്രവർത്തനക്ഷമമാക്കി നിലനിർത്തുകയും എന്നാൽ വൈദ്യുതി വാങ്ങൽ കരാർ ചെയ്ത സ്ഥാപനം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ഉൽപ്പാദനം നിർത്തിവയ്ക്കുകയോ അല്ലെങ്കിൽ നിയന്ത്രിത അളവിൽ പ്രവർത്തിപ്പിക്കുകയോ ചെയ്തെങ്കിൽ മാത്രമേ ഫിക്സ്ഡ് ചാർജ് നൽകേണ്ടതുള്ളൂവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുതി ഉപയോഗിക്കുകയാണെങ്കിൽ ഇന്ധന വിലകൂടി നൽകുകയും വേണം. 20-5-2015-ൽ ചേർന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത കരാർ രണ്ടു വർഷത്തേക്കുകൂടി ചില നിബന്ധനകൾക്ക് വിധേയമായി നീട്ടാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റിന്റെ കാലപ്പഴക്കംമൂലം വിലയിടിവ് വന്നിട്ടുള്ളതിനാൽ നിലവിലെ താരിഫും മറ്റ് നിബന്ധനകളും കാലാനുസൃതമായി മാറ്റിക്കൊണ്ടായിരിക്കണം വൈദ്യുതി വാങ്ങൽ കരാറിലേർപ്പെടേണ്ടതെന്നും ഡയറക്ടർ ബോർഡ് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായിട്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാന ആവശ്യത്തിന്റെ 70 ശതമാനത്തോളം

വരുന്ന വൈദ്യുതിയും പുറത്തുനിന്നുമാണ് വാങ്ങുന്നത്. അതുകൊണ്ടുതന്നെ ഇപ്പോൾ ഈ നിലയം പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് നമ്മൾ പരിശോധിക്കുന്നില്ല എന്നേയുള്ളൂ.

ശ്രീ. കാരാട്ട് റസാഖ് : സർ, സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. പരിസ്ഥിതിക്ക് ദോഷമാകാത്ത വിധം കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാറ്റാടിപ്പാടങ്ങൾ കേരളത്തിൽ പുതുതായി ഏതൊക്കെ സ്ഥലങ്ങളിലാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്; ഇതിന് റിലയൻസുമായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ? സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പദ്ധതിയുടെ നിർവ്വഹണം കഴിഞ്ഞ സ്ഥിതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എം.എൽ.എ.-മാർക്കും എം.പി.-മാർക്കും 2017 മാർച്ച് 31-ന് മുമ്പ് ഫണ്ട് നൽകാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ട്. ആ കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കാൻ സാധിക്കും?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വൈദ്യുതി ഉൽപ്പാദനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ സോളാറും കാറ്റുമടക്കം സാദ്ധ്യമായിട്ടുള്ളതെല്ലാം പ്രയോജനപ്പെടുത്തി കൊണ്ടുള്ള സംവിധാനത്തിലേക്ക് നീങ്ങുകയെന്നുള്ളതുതന്നെയാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അതിനുവേണ്ട പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുണ്ട്. രണ്ടു വർഷത്തിനകം 700 മെഗാവാട്ട് വൈദ്യുതി സോളാറിൽ മറ്റ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ കാറ്റും നമുക്ക് പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിന്റെ സാദ്ധ്യതകളെ സംബന്ധിച്ചും പരിശോധിച്ചുവരികയാണ്. വളരെ വേഗതയിൽ അക്കാര്യത്തിൽ മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഇന്നത്തെ അവസ്ഥയിൽ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ആവശ്യമാണെങ്കിൽ പുതുക്കണമെന്നുള്ള നിലപാട് സ്വീകരിക്കാൻ നമുക്ക് സാധിക്കും.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, എന്റെ മണ്ഡലത്തിലാണ് കൊച്ചി ബി.എസ്.ഇ.എസ്. അവിടെ 150 തൊഴിലാളികൾ കഴിഞ്ഞ കുറേ നാളുകളായി തൊഴിൽരഹിതരാണ്. നമ്മുടെ സംസ്ഥാനത്ത് ഈ വർഷം മഴ തീരെ ലഭിച്ചിട്ടില്ല. എന്തായാലും പുറത്തുനിന്ന് പവർ പർച്ചേസ് നടത്താതെ സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. കഴിഞ്ഞ രണ്ടു വർഷക്കാലമായി കെ.എസ്.ഇ.ബി.-യോട് എൽ.എൻ.ജി.-യിലേക്ക് കൺവെർട്ട് ചെയ്യാൻ ബി.എസ്.ഇ.എസ്. ആവശ്യപ്പെട്ടിട്ടും സമ്മതിച്ചിട്ടില്ല. അപ്പോൾ അവരെ എൽ.എൻ.ജി.-യിലേക്ക് കൺവെർട്ട് ചെയ്യാൻ അനുവദിക്കുകയും നമ്മുടെ നാട്ടിൽനിന്നും കുറഞ്ഞ ചെലവിൽ കിട്ടുന്ന പവർ പർച്ചേസ് ചെയ്ത് മുന്നോട്ട് പോകുകയും ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബി.എസ്.ഇ.എസ്. നിലയവുമായിട്ടുള്ള വൈദ്യുതി വാങ്ങൽ കരാർ പുതുക്കുക എന്നുപറയുന്നത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. എൽ.എൻ.ജി.-യിലേക്ക് മാറണമെങ്കിൽ നിലവിലുള്ള സംവിധാനത്തിലാകെ മാറ്റം വരണം; യന്ത്രഭാഗങ്ങളിൽ മാറ്റം വരണം. അതിന് ഏതാണ്ട് 170 കോടി രൂപ അധികമായി ചെലവ് വരും അത് അവർ ചെയ്താലും നമ്മുടെ ഫിക്സഡ് കോസ്റ്റിൽ സ്വാഭാവികമായും വർദ്ധനവ് വരും. നാം തന്നെയാണ് ആ പണം തിരിച്ചടയ്ക്കേണ്ട വരിക. എൽ.എൻ.ജി. ന്യായമായിട്ടുള്ള വിലയ്ക്ക് ലഭ്യമാകേണ്ടതായിട്ടുണ്ട്. അതിനുവേണ്ട പരിശ്രമങ്ങൾ നടത്തുകയാണ്. ന്യായമായിട്ടുള്ള വിലയ്ക്ക് ദീർഘകാല കരാറിൽ ഏർപ്പെട്ടാൽ മാത്രമേ നമുക്ക് അതിലേക്ക് മാറാൻ സാധിക്കുകയുള്ളൂ. ഇല്ലെങ്കിൽ പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയേക്കാൾ അധിക വില നൽകി ബി.എസ്.ഇ.എസ്.-ന്റെ വൈദ്യുതി വാങ്ങേണ്ട സാഹചര്യമുണ്ടാകും. ഈ കാര്യങ്ങളെല്ലാം സർക്കാർ പരിശോധിച്ചു വരികയാണ്. ബി.എസ്.ഇ.എസ്.-നെ എങ്ങനെ പ്രവർത്തനക്ഷമമാക്കാമെന്നും ആരിലൂടെ അത് നിർവ്വഹിക്കാൻ കഴിയുമെന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. ദാസൻ : സർ, വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടി സി.എഫ്. ലാമ്പുകൾ പൂർണ്ണമായും പിൻവലിച്ച് എൽ.ഇ.ഡി. നൽകുമെന്ന് ഗവൺമെന്റ് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. എൽ.ഇ.ഡി. ബൾബുകളുടെ നിർമ്മാണത്തിനാവശ്യമായ എന്തെങ്കിലും സംവിധാനം വൈദ്യുതി ബോർഡ് ഒരുക്കുന്നുണ്ടോ; അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ ഇതിന് ഉപയോഗപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, സംസ്ഥാനം എൽ.ഇ.ഡി.-യിലേക്ക് മാറുകയെന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള വിപുലമായ ഒരു പദ്ധതി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *634

## വൈദ്യുതി മിച്ച സംസ്ഥാനം

4 (*634) ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുവാനും വൈദ്യുതി ബോർഡിനെ മികവുറ്റതാക്കുവാനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത്;

(ബി) 2021-ൽ സംസ്ഥാനത്തിന് ആവശ്യമായി വരുന്ന വൈദ്യുതി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ കിഫ്ബിയുടെ സഹായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് ഇതിലൂടെ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മഴയെ മാത്രം ആശ്രയിക്കാതെ ബദൽ സംവിധാനം ഫലപ്രദമായി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു:

(i) ഉയർന്ന ശേഷിയുള്ള ഒരു താപ നിലയം സംസ്ഥാനത്തിനകത്തോ, ഇന്ധന ലഭ്യതയുള്ള പ്രദേശത്തോ സ്ഥാപിക്കാനുള്ള സാദ്ധ്യത പരിശോധിക്കുന്നു.

(ii) കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി യൂണിറ്റിന് 5 ഡോളർ നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ പ്രകൃതി വാതകം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നു.

(iii) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും.

(iv) സോളാർ പാർക്കുകൾ ഉൾപ്പെടെയുള്ള പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കും.

(v) മെച്ചപ്പെട്ട സംഭരണശേഷിയുള്ള ജലവൈദ്യുതി പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതിന് യത്നിക്കും.

(vi) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

നിർമ്മാണം നടന്നുവരുന്ന 6 ജലവൈദ്യുത പദ്ധതികൾ (ആകെ 59 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കുക, മുടങ്ങിക്കിടക്കുന്ന 3 ജലവൈദ്യുത പദ്ധതികളുടെ (106 മെഗാവാട്ട്) നിർമ്മാണം പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുക, ഭരണാനുമതി ലഭിച്ച 15 ജലവൈദ്യുത പദ്ധതികൾ (ആകെ 149 മെഗാവാട്ട്) സ്ഥലമെടുപ്പ് പൂർത്തിയാക്കി ടെണ്ടർ ചെയ്തു നിർമ്മാണം പൂർത്തിയാക്കുക എന്നീ നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നും 700 മെഗാവാട്ടുകൂടി ചേർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

വൈദ്യുതി ബോർഡിന്റെ പ്രസരണ ശൃംഖല മികവുറ്റതാക്കുന്നതിനും ഭാവി ആവശ്യങ്ങൾ മുൻകൂട്ടി കണ്ടും ട്രാൻസ്ഗ്രിഡ് 2.0 എന്ന നൂതന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സേവനങ്ങൾ മികവുറ്റതാക്കുവാൻ വിവിധ വിവര സാങ്കേതികവിദ്യാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇവയിൽ 4 പദ്ധതികൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25-10-2016-ന് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടുണ്ട്. നിലവിലുള്ള 18-ാം പവർ സർവ്വേ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ആവശ്യകത 32895 ദശലക്ഷം യൂണിറ്റാണ്. 19-ാം പവർ സർവ്വേയുടെ പഠനത്തിന്റെ കരട് പ്രകാരം മേൽക്കാലയളവിലെ വൈദ്യുത ആവശ്യകത 29634 ദശലക്ഷം യൂണിറ്റ് എന്നാണ് പുനർ നിർണ്ണയിച്ചിട്ടുള്ളത്.

(സി) കിഫ്ബിയുടെ സഹായം തേടിയിട്ടുണ്ട്. നിലവിലുള്ള പ്രസരണ ശൃംഖല സംവിധാനം ശക്തിപ്പെടുത്തുന്നതിന് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി കിഫ്ബിയുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു. അതിനുള്ള ഭരണാനുമതി 6-10-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 195/2016/ഊ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന വർക്കുകളാണ് ലക്ഷ്യമിടുന്നത്:

- ഒന്നാം ഘട്ടത്തിന് 4,74,577 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 400 കെ.വി. സബ് സ്റ്റേഷനുകൾ 3 എണ്ണവും 220 കെ.വി സബ് സ്റ്റേഷനുകൾ 13 എണ്ണവും അനുബന്ധ പ്രസരണ ലൈനുകളുടെ വർക്കുകളും ഉൾപ്പെടുന്നു.

- രണ്ടാം ഘട്ട പദ്ധതിയിൽ 1,62,960 ലക്ഷം രൂപയാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ എട്ട് 220 കെ.വി. സബ്സ്റ്റേഷനുകളും, അനുബന്ധ പ്രസരണ ലൈൻ വർക്കുകളും വിഭാവനം ചെയ്തിരിക്കുന്നു.

- ഹരിത ഇടനാഴി പദ്ധതിയിൽ രണ്ട് 400 കെ.വി സബ് സ്റ്റേഷനുകളും അനുബന്ധ പദ്ധതികളും ഉൾപ്പെടുന്നു. കൂടാതെ ഒന്നും രണ്ടും ഘട്ടങ്ങളിലായി ഹരിത ഇടനാഴിയും അനുബന്ധ ജോലികളും ഒഴികെയുള്ള ജോലികൾക്ക് 6,37,537 ലക്ഷം രൂപയാണ് പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നത്.

(ഡി) ജലമൊഴികെ വൈദ്യുത ഉൽപ്പാദനത്തിന് ആശ്രയിക്കാവുന്ന സ്രോതസ്സുകൾ ഖനിജ ഇന്ധനങ്ങളും കാറ്റ്, സൗരോർജ്ജം എന്നിവയുമാണ്. സംസ്ഥാനത്തിനകത്തോ ഇന്ധനം ലഭ്യമാകുന്നിടത്തോ താപനിലയം സ്ഥാപിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം ഇവയെ പരമാവധി പ്രയോജനപ്പെടുത്തി 700 മെഗാവാട്ട് ഉൽപ്പാദനശേഷി വർദ്ധനവിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ മെച്ചപ്പെട്ട സംഭരണശേഷിയുള്ള ജലവൈദ്യുതി പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതിന് ശ്രമിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്റെ ചോദ്യം, അതിരപ്പിള്ളി പദ്ധതി നടപ്പാക്കാൻ ശ്രമിക്കുമോ; അതിനെ സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ എന്നതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അതിരപ്പിള്ളി പദ്ധതിക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതിന്റെ കാലാവധി 2017 ജൂലൈ വരെയാണ്. പദ്ധതിയോട് പൊതുവേ എതിർപ്പുണ്ട്. ആ എതിർപ്പുകാരണം നിർമ്മാണപ്രവർത്തനങ്ങൾ ഇനിയും ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ വിവിധ വശങ്ങൾ വ്യക്തമാക്കി, കേരളത്തിന് ഏറ്റവും അനുയോജ്യമായ തീരുമാനത്തിൽ സമവായത്തിലൂടെ എത്തിച്ചേരാൻ വേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. ഇതുതന്നെയാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. പി. ടി. തോമസ് : സർ, R-APDRP എന്ന കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പാക്കുന്ന എത്ര പദ്ധതികൾ ഇപ്പോൾ കേരളത്തിൽ നടക്കുന്നുണ്ട്. ആ പദ്ധതികൾക്ക് അനുവദിച്ച കോടിക്കണക്കിന് രൂപ സമയബന്ധിതമായി ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, 2016 ഒക്ടോബറിൽ ആ പദ്ധതിയുടെ കാലാവധി അവസാനിച്ചെങ്കിലും കേരളത്തിന്റെ അപേക്ഷ കണക്കിലെടുത്ത് 2017 മാർച്ച് വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഈ കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. അതിന് രണ്ടു ഘടകങ്ങളുണ്ട്. നേരത്തെ ഇത് APDRP ആയിരുന്നു. അന്ന് വിതരണരംഗം ശക്തിപ്പെടുത്താനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. പട്ടണ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി പ്രവർത്തിച്ചിരുന്നത്. ലൈൻ പുതുക്കി നിർമ്മിക്കുന്നതിനുപകരം അണ്ടർഗ്രൗണ്ട് കേബിളിടാനായിരുന്നു തീരുമാനം. അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. രണ്ടു ഘടകങ്ങളാണ് ഇതിനകത്തുള്ളത്. ഒന്ന്, ഐ.ടി. ഡെവലപ്മെന്റാണ്; രണ്ട്, പട്ടണങ്ങളിൽ വിതരണശൃംഖല മെച്ചപ്പെടുത്തി പ്രസരണ നഷ്ടം 15 ശതമാനത്തിൽ താഴെ കൊണ്ടുവരികയെന്നുള്ളതാണ്. ഇപ്പോൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. അവിടെ U.G. കേബിൾ, SCADA സംവിധാനം — തുടങ്ങിയവ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ പദ്ധതിവഴി 41 മുനിസിപ്പൽ ടൗണുകളിൽക്കൂടി വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടക്കുന്നുണ്ട്.

ശ്രീ. അനിൽ അക്കര : സർ, കേരളത്തെ വൈദ്യുതിമിച്ച സംസ്ഥാനമാക്കുന്നതിന് നേരത്തെ സൂചിപ്പിച്ച രീതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വീടുകളിൽ തന്നെ ചെറിയ പദ്ധതികളുണ്ടാക്കി 75 വാട്ടിന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതികളുണ്ട്. അതിന് ഏതാണ്ട് 5,000 രൂപ സബ്സിഡിയും നൽകുന്നുണ്ട്. ഞാൻ തന്നെ തയ്യാറാക്കിയ ഒരു പ്രോജക്ട് അങ്ങേക്ക് സമർപ്പിച്ചിട്ടുണ്ട്. വീടുകളിലെ ഡയറക്ട് കറന്റ് ഉപയോഗിച്ചുകൊണ്ട് 75 വാട്ട് കറന്റ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ചെറിയ പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ നേതൃത്വം നൽകുമോ; എങ്കിൽ അതിനുള്ള സബ്സിഡി സർക്കാർ നൽകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഉപഭോക്താവ് തന്നെ ഉൽപ്പാദകനായി മാറുകയെന്ന ആശയമാണ് സർക്കാരും ലക്ഷ്യമിടുന്നത്. അങ്ങ് നൽകിയ പ്രോജക്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സഹകരണ ബാങ്കിംഗ് മേഖലയുടെ പ്രവർത്തനം

5 (*635) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇവ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വായ്പ-നിക്ഷേപ അനുപാതം മെച്ചപ്പെടുത്തുന്നതിനും നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിനും എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളത്;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന കാർഷിക വായ്പയുടെ അനുപാതം എത്രയാണ്; ഇത് മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. നബാർഡിന്റെ സ്റ്റാറ്റ്യൂട്ടറി ഇൻസ്പെക്ഷൻ, ആഡിറ്റ് പ്രകാരമുള്ള വിലയിരുത്തൽ, സലീം ഗംഗാധരൻ കമ്മിറ്റി എന്നിവ പ്രകാരം സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) നിഷ്ക്രിയ ആസ്തി വർദ്ധനവ്, കുറഞ്ഞ വായ്പാ നിക്ഷേപ അനുപാതം, മറ്റ് സേവിംഗ്സ് നിക്ഷേപത്തേക്കാൾ കൂടുതൽ സ്ഥിരനിക്ഷേപം, നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം, CMA Norms (ക്രെഡിറ്റ് മോണിറ്ററിംഗ് അറേഞ്ച്മെന്റ്)-ന്റെ കാലോചിതമായ പരിഷ്കരണം, സർക്കാർ അനുബന്ധ വായ്പകളിലെ കുടിശ്ശിക ക്രമപ്പെടുത്തൽ മുതലായവയാണ് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും നേരിടുന്ന പ്രശ്നങ്ങൾ.

(സി) വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിച്ചും പുതിയ വായ്പാ പദ്ധതികൾ ആരംഭിച്ചും വായ്പാ നിക്ഷേപ അനുപാതം മെച്ചപ്പെടുത്താവുന്നതും വായ്പാ തിരിച്ചടവ് കൃത്യമാക്കി നിഷ്ക്രിയ ആസ്തി കുറയ്ക്കാവുന്നതുമാണ്.

(ഡി) 31-3-2016 ലെ കാർഷിക വായ്പാ അനുപാതം:

സംസ്ഥാന സഹകരണ ബാങ്ക് - 44%

ജില്ലാ സഹകരണ ബാങ്ക്- 12.23%

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾവഴി വിതരണം ചെയ്യുന്ന കാർഷിക വായ്പാ വിതരണം വർദ്ധിപ്പിച്ചാൽ മാത്രമേ ജില്ലാ സഹകരണ ബാങ്കുകളുടേയും സംസ്ഥാന സഹകരണ ബാങ്കിന്റേയും കാർഷിക വായ്പാനുപാതം വർദ്ധിപ്പിക്കുവാൻ കഴിയുകയുള്ളൂ.

## കൺസ്യൂമർഫെഡിന്റെ ഓൺലൈൻ വിപണനം

6 (*636) ശ്രീ. പി. കെ. ബഷീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് അതിന്റെ ഉല്പന്നങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്താനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഓൺലൈൻ വ്യാപാരത്തിലൂടെ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാവുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കൺസ്യൂമർഫെഡ് അതിന്റെ ഉൽപ്പന്നങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്താനുള്ള പദ്ധതികൾ നിലവിൽ ആവിഷ്കരിച്ചിട്ടില്ല. അതിനുള്ള പദ്ധതികൾ കൺസ്യൂമർ ഫെഡറേഷൻ തയ്യാറാക്കിവരുന്നുണ്ട്.

(ബി) വിവിധ സഹകരണ സ്ഥാപനങ്ങളുടെ അപ്പക്സ് ഫെഡറേഷനായ കൺസ്യൂമർ ഫെഡറേഷൻ സഹകരണ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണ, അരി മുതലായവയും കുടുംബശ്രീപോലുള്ള ഗ്രൂപ്പുകൾ ഉൽപ്പാദിപ്പിക്കുന്ന സ്കൂൾ ബാഗ്, കുട, ചെരിപ്പ് മുതലായവയും വിപണി കണ്ടെത്തുന്നതിനും ത്രിവേണി സ്റ്റോറുകളിലെ ഉൽപ്പന്നങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി ഒരു ഓൺലൈൻ വെബ്പോർട്ടൽ തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഓൺലൈൻ വ്യാപാരത്തിലൂടെ താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നാണ് കൺസ്യൂമർഫെഡ് പ്രതീക്ഷിക്കുന്നത്.

1. എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് വൻതോതിൽ കുറയ്ക്കുവാൻ സാധിക്കുന്നു.
2. വിവിധ പ്രദേശങ്ങളിലുള്ള ഉപഭോക്താക്കളിലേക്ക് സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ സാധിക്കുന്നു.
3. ഓൺലൈൻ ബുക്കിംഗിലൂടെ സാധനങ്ങൾ എത്തിക്കുന്നതുവഴി അഭ്യസ്തവിദ്യരായിട്ടുള്ള ചെറുപ്പക്കാർക്ക് തൊഴിലവസരം നൽകാൻ സാധിക്കുന്നു.
4. ചെറുകിട ഉൽപ്പാദകർക്ക് വിപണി കണ്ടെത്തുന്നതിനും അതുവഴി അവരുടെ ഉൽപ്പന്നങ്ങൾക്ക് ഒരു ബ്രാൻഡ് ഉണ്ടാക്കുന്നതിനും സാധിക്കുന്നു.
5. ആധുനിക മാർക്കറ്റിംഗ് സൗകര്യങ്ങളുള്ള സ്ഥാപനമായി കൺസ്യൂമർഫെഡ് മാറുന്ന സാഹചര്യമുണ്ടാകുന്നു.

## കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ

7 (*637) ശ്രീ. എം. സ്വരാജ് :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. കെ. ദാസൻ :

ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ (കേപ്പ്), അതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിൽ കേപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഈ സ്ഥാപനങ്ങൾ മുൻസർക്കാരിന്റെ കാലത്ത് നേരിട്ടിരുന്ന പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നെന്നും അറിയിക്കാമോ;

(സി) ഈ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വിശദമാക്കാമോ;

(ഡി) സഹകരണ സ്ഥാപനങ്ങൾ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി ഈ സർക്കാർ തയ്യാറാക്കിയിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) എഞ്ചിനീയറിംഗ്, ആരോഗ്യ വിദ്യാഭ്യാസം, മാനേജ്മെന്റ് തുടങ്ങിയ വിവിധ സാങ്കേതിക മേഖലകളിൽ സ്ഥാപനങ്ങൾ ആരംഭിച്ച് അതിന്റെ മേൽനോട്ടവും നടത്തിപ്പുമാണ് കേപ്പിന്റെ സ്ഥാപിത ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ടും ഒരു ഫിനിഷിംഗ് സ്കൂളും നടത്തിവരുന്നു. കേപ്പ് കൊച്ചിയിൽ ആരംഭിച്ച സഹകരണ മെഡിക്കൽ കോളേജ് ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും പുന്നപ്ര സാഗര ആശുപത്രി കേപ്പിന്റെ അധീനതയിൽത്തന്നെ നിലനിർത്തി പ്രവർത്തിപ്പിച്ചു വരികയുമാണ്.

(ബി) നിലവിൽ കേപ്പിന്റെ കീഴിൽ 12 സ്ഥാപനങ്ങളാണുള്ളത്. ആയതിന് പുറമേ പുതിയ എൻജിനിയറിംഗ് കോളേജുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വേണ്ടത്ര സാദ്ധ്യതാപഠനങ്ങൾ കൂടാതെ പുതിയ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചത് കേപ്പിന്റെ സാമ്പത്തിക ബാദ്ധ്യത കൂട്ടിയിട്ടുണ്ട്. നല്ല

രീതിയിൽ പ്രവർത്തിച്ചിരുന്ന പുന്നപ്ര സാഗര ആശുപത്രിയുടെ പ്രവർത്തനം ആവശ്യമായ ഡോക്ടർമാരെ യഥാസമയം നിയമിക്കാത്തതിനാലും കെടുകാര്യസ്ഥത കൊണ്ടും മന്ദീഭവിക്കുകയും കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജ് ക്യാന്റീൻ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ആക്ഷേപമുണ്ടാവുകയും ചെയ്തു. കേപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) സാദ്ധ്യതാപഠനം നടത്തി വിജയിക്കുമെന്ന് ഉറപ്പായാൽ മാത്രമേ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുകയുള്ളൂ. എഞ്ചിനീയറിംഗ് കോളേജുകളിലെ പഠനനിലവാരം ഉയർത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഡി) സഹകരണ സ്ഥാപനങ്ങൾ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. സഹകരണ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം നടപ്പിലാക്കുക.
2. കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന് സുവർണ്ണം സ്റ്റോറുകൾ ആരംഭിക്കുക.
3. കൺസ്യൂമർഫെഡിനെ അഴിമതിയും ക്രമക്കേടും ഒഴിവാക്കി ജനോപകാരപ്രദമായ സ്ഥാപനമാക്കി മാറ്റുക.
4. അപ്പക്സ് സംഘങ്ങളുടെ പ്രവർത്തനം നവീകരിക്കുന്നതിനായി ഇ-കോമേഴ്സ് പദ്ധതികൾ നടപ്പിലാക്കുക.
5. സംഘങ്ങൾക്ക് കൂടുതൽ ഫണ്ട് സ്വരൂപിക്കുന്നതിനായി നിക്ഷേപ സമാഹരണ പദ്ധതി നടപ്പിലാക്കുക.
6. വായ്പാ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കുക.
7. ഗ്രാമീണ മേഖലയിൽ സഹകണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
8. കേപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ധനസഹായം നൽകുക.
9. റബ്ബർമാർക്ക് നേരിടുന്ന പ്രശ്നങ്ങൾക്ക് ധനസഹായം നൽകുകയും പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

10. സ്കൂൾ കോളേജ് സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുക.

11. സഹകരണ ക്ഷേമ ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

12. സഹകരണ മേഖലയിലെ സമഗ്ര പുരോഗതിക്കായി കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുക.

**ഊർജ്ജ രംഗത്ത് ട്രാൻസ് ഗ്രിഡ് പദ്ധതി**

8 (*638) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ രംഗത്ത് ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസരണ രംഗം വിപുലപ്പെടുത്തുന്നതിന് ഈ പദ്ധതി എങ്ങനെയാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ;

(സി) എത്ര കോടി രൂപയുടെ കേന്ദ്രസഹായമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തിന്റെ ഭാവിയിലെ ഊർജ്ജ ആവശ്യകത നിറവേറ്റാനായി വേണ്ടിവരുന്ന അധിക ഊർജ്ജം കൊണ്ടുവരുന്നതിനായി കേരളത്തിന് 2000 മെഗാവാട്ടിന്റെ ഊർജ്ജ ഇടനാഴിയും മറ്റു ചില അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെ അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിലേക്ക് അധിക വൈദ്യുതി എത്തിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റുവാനും സാധിക്കും. എന്നാൽ പുതിയ ഊർജ്ജ ഇടനാഴിയിലൂടെയും അന്തർ സംസ്ഥാന പ്രസരണ ലൈനുകളിലൂടെയും

സംസ്ഥാനത്തിന് ലഭ്യമാകുന്ന അധിക വൈദ്യുതി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കാര്യക്ഷമമായി എത്തിക്കുന്നതിന് കേരളത്തിനുള്ളിൽ നിലവിലുള്ള പ്രസരണ ശൃംഖല സംവിധാനം അപര്യാപ്തമാണ്. ഈ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞവയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് 6-10-2016-ലെ സ.ഉ.(സാധാ)195/16/ഊവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസരണ രംഗം വിപുലപ്പെടുത്തുന്നതിന് ഈ പദ്ധതി ചുവടെ ചേർത്തിരിക്കും പ്രകാരം പ്രയോജനം ചെയ്യുന്നതാണ്:

1. പുറത്തുനിന്നും കരാർ ചെയ്തിട്ടുള്ള വൈദ്യുതി പ്രസരണ ഇടനാഴിയിലെ കൺജെഷൻ കൂടാതെ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിന് സാദ്ധ്യമാകും.
2. പ്രസരണ നഷ്ടം കുറയ്ക്കുക വഴി സാമ്പത്തിക നഷ്ടം ഒഴിവാകും.
3. വൈദ്യുതി തടസ്സം ഗണ്യമായി കുറയും.
4. കൃത്യമായ വോൾട്ടതയിൽ വൈദ്യുതി സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് ഇപ്പോൾ വൈദ്യുതി ക്ഷാമം നേരിടുന്ന ഉത്തര കേരളത്തിൽ ലഭ്യമാകും.
5. വൈദ്യുതി കമ്മി ഇല്ലാതാക്കുക വഴി ആവശ്യക്കാർക്കെല്ലാംതന്നെ ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യമാകും.

(സി) ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയല്ല. എന്നാൽ ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പുനരുൽപ്പാദന സ്രോതസ്സുകളിൽനിന്നും ഉള്ള വൈദ്യുതിയുടെ പ്രസരണം ലക്ഷ്യമിട്ടുകൊണ്ട് പുതിയ പ്രസരണ ശൃംഖലയായ "ഹരിതോർജ്ജ ഇടനാഴി" ആവിഷ്കരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ജോലികൾക്ക് 2500 കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിലവിലുള്ള ചില പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള 447 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ PSDF Scheme-ൽ ഉൾപ്പെടുത്താൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ഇ.ബി.എൽ. ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നർകിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ട് പ്രധാന ഘട്ടങ്ങളാണ് ഹരിതോർജ്ജ ഇടനാഴിയും പ്രസരണ ശൃംഖലയുടെ ശാക്തീകരണവും.

ഇതിന്റെ നടത്തിപ്പിനുവേണ്ടി കെ.എസ്.ഇ.ബി.എൽ. ഒരു സ്പെഷ്യൽ ടീമിനെ (കെ.എസ്.ഇ.ബി.എൽ.-നുള്ളിൽത്തന്നെ) ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ വർക്കുകളിലേക്കായി കോൺട്രാക്ടർമാരെ എം-പാനൽ ചെയ്യുന്നതിനായി EOI വിളിച്ചിട്ടുണ്ട്. 1, 2 ഘട്ടങ്ങളിലായുള്ള വർക്കുകൾക്ക് ആവശ്യമായ 6375 കോടി രൂപയുടെ സാമ്പത്തിക സഹായം Special Investment Package വഴി KIIFB-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹരിതോർജ്ജ ഇടനാഴിയുമായി ബന്ധപ്പെട്ട ജോലികൾക്ക് 2500 കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിലവിലുള്ള ചില പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള 447 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ PSDF Scheme-ൽ ഉൾപ്പെടുത്താൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

## സ്കൂൾ-കോളേജുകളിലെ നിയമനത്തിൽ സംവരണം

9 (*639) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള സ്കൂളുകളിലെയും കോളേജുകളിലെയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തിൽ സംവരണതത്വം പാലിക്കാറുണ്ടോ; എങ്കിൽ എസ്.സി., എസ്.റ്റി., ഒ.ബി.സി. വിഭാഗങ്ങൾക്കായി എത്ര ശതമാനം തസ്തികകൾ വീതം ഓരോ ബോർഡിലും സംവരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ദേവസ്വം ബോർഡുകളുടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി നിലവിൽ ആകെ ഉള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ എണ്ണവും വിവിധ സംവരണ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ എണ്ണവും ലഭ്യമാണോ; വിശദാംശം അറിയിക്കുമോ;

(സി) ഭരണഘടനാനുസൃതമായ സംവരണതത്വം പാലിക്കാൻ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്കുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനത്തിൽ സംവരണ തത്വം പാലിക്കാറില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വിജിലൻസ് വിഭാഗം**

10 (*640) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ബി. സത്യൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി നിർദ്ദേശപ്രകാരം, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ രൂപീകരിച്ച പോലീസ് വിജിലൻസ് വിഭാഗം വേണ്ടെന്നുവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാണോ;

(ബി) ദേവസ്വം ബോർഡിൽ സാധന സാമഗ്രികൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പോലീസ് വിജിലൻസിന് നൽകണമെന്ന നിർദ്ദേശത്തെ തുടർന്നാണ് ഇത്തരത്തിൽ തീരുമാനിച്ചതെന്ന ആരോപണം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) ഉത്തരവിറക്കിയ സെക്രട്ടറിയുൾപ്പെടെയുള്ള നിരവധി ഉന്നതർ ഇതിനുമുമ്പ് ആരോപണ വിധേയരായിരുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) ദേവസ്വം ബോർഡിൽ, പോലീസ് വിജിലൻസിന് പകരം ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനമെന്താണ്; അതിന്റെ ഘടന സത്യസന്ധത ഉറപ്പുവരുത്തുന്നതാണോ; വിശദമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ രൂപീകരിച്ച പോലീസ് വിജിലൻസ് വിഭാഗം വേണ്ടെന്നു വച്ചിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ചീഫ് വിജിലൻസ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(ബി) അങ്ങനെ ഒരു മാർഗ്ഗനിർദ്ദേശം നിലവിലില്ല.

(സി) സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നതർ ആരോപണ വിധേയരായിരുന്ന കാര്യം ഗൗരവമായി കാണുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക സ്ഥിതിക്ക് അനുസരണമായി കാര്യക്ഷമമായ വിജിലൻസ് പ്രവർത്തനം ഉണ്ടാകുന്നതിലേക്കായി വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണർ ചെയർമാനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്.

**ജനകീയ പങ്കാളിത്ത പദ്ധതികൾ**

11 (*641) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളെ ജനകീയ പങ്കാളിത്തത്തോടെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താനായി പദ്ധതിയുണ്ടോ;

(സി) ഇത്തരം സ്ഥലങ്ങൾ വൃത്തിയോടെ പരിപാലിക്കാൻ എങ്ങനെ സാധിക്കുമെന്ന് അറിയിക്കുമോ;

(ഡി) വിനോദസഞ്ചാര വ്യവസായത്തിന് സംസ്ഥാന സമ്പദ് രംഗത്തുള്ള പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിന്റെയും പുതിയ ടൂറിസം സീസണെ വരവേൽക്കാനുമുള്ള ഒരുക്കത്തിന്റെയും മുന്നോടിയായി "ഗ്രീൻ കാർപ്പറ്റ്" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലുമുള്ള തെരഞ്ഞെടുത്ത 84 വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവയടക്കം ഉറപ്പുവരുത്തുവാൻ ബഹുജനപങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന നൂതന കർമ്മ പദ്ധതിയാണിത്. സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെ ഒരു ക്യാമ്പയിനായി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഗ്രീൻ കാർപ്പറ്റ്

നടപ്പിലാക്കുന്നതിനാണ് പ്രഥമ ഘട്ടത്തിൽ ഉദ്ദേശ്യമിട്ടിട്ടുള്ളത്. പത്തിന കർമ്മ പദ്ധതിയും ഇതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 84 ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം, മാലിന്യ നിയന്ത്രണം, കുടിവെള്ളം, നടപ്പാതകൾ, ടോയ്‌ലറ്റ് സൗകര്യം, വഴി വിളക്കുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നത് പദ്ധതിയുടെ മുഖ്യലക്ഷ്യമാണ്. ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ പദ്ധതി പ്രകാരം പ്രത്യേക ഊന്നൽ നൽകുന്നു.

(സി) ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണം ഒരു മുഖ്യ ഘടകമാണ്. ഇതിൽ മാലിന്യ നിയന്ത്രണം, പ്ലാസ്റ്റിക് നിരോധനം, ബോധവൽക്കരണം, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക എന്നിവയ്ക്കും പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ശുചിത്വ മിഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ, ടൂറിസം സംരംഭകർ എന്നിവയുടെ കൂട്ടായ്മയോടെ മാസ് ക്ലീനിംഗ് ഡ്രൈവ് പരിപാടികളും നടപ്പിലാക്കി വരുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളെ വൃത്തിയായി പരിപാലിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്.

(ഡി) ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക ഘടകമാണ് ടൂറിസം വ്യവസായമെന്ന് കണക്കാക്കിയിട്ടുണ്ട്. വിനോദസഞ്ചാര വ്യവസായത്തിന് സംസ്ഥാന സമ്പദ്ഘടനയിലുള്ള പങ്ക് വിലയിരുത്തുന്നതിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT) വഴി പഠനം നടത്തിയിട്ടുണ്ട്. കേരളത്തിന്റെ മൊത്തം GDP-യുടെ 10 ശതമാനത്തോളം ടൂറിസത്തിൽ നിന്നാണെന്ന് പഠനം വ്യക്തമാക്കുന്നു. ടൂറിസത്തിൽനിന്നും മൊത്തം 27,000 കോടി രൂപയുടെ വരുമാനവും 14 ലക്ഷം തൊഴിലും നേരിട്ട് ലഭ്യമാകുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്.

## വേളി ടൂറിസ്റ്റ് വില്ലേജ്

12 (*642) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വേളി ടൂറിസ്റ്റ് വില്ലേജിനായി ഏറ്റെടുത്ത ഭൂമി മറ്റാർക്കെങ്കിലും വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ടൂറിസം വികസനത്തിനായി ഏറ്റെടുത്ത ഭൂമി പ്രസ്തുത ആവശ്യത്തിനല്ലാതെ ഉപയോഗപ്പെടുത്താൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) വേളി ടൂറിസ്റ്റ് വില്ലേജിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) വേളി ടൂറിസ്റ്റ് വില്ലേജിനോടനുബന്ധിച്ച് ഭാവി ടൂറിസം വികസനത്തിന് എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ & ബി) വേളി ടൂറിസ്റ്റ് വില്ലേജിൽ ടൂറിസം വികസനത്തിനായി ടൂറിസം വകുപ്പ് ഏറ്റെടുത്തിട്ടുള്ള സ്ഥലത്തുനിന്നും 2 ഏക്കർ സ്ഥലം സംഗീതജ്ഞനായ ശ്രീ. അംജദ് അലിഖാന് മ്യൂസിക് അക്കാദമി സ്ഥാപിക്കുന്നതിനായി തത്വത്തിൽ അനുമതി നൽകികൊണ്ട് 18-2-2016-ലെ G.O.(MS)No.127/2016/RD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അദ്ദേഹത്തിന് മ്യൂസിക് അക്കാദമി സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം നൽകണമെന്ന് തന്നെയാണ് സർക്കാർ കരുതുന്നത്. എന്നാൽ പ്രസ്തുത സ്ഥലം ഈ ആവശ്യത്തിന് അനുവദിച്ചാൽ അത് വേളിയുടെ ഭാവി ടൂറിസം വികസനത്തെ സാരമായി ബാധിക്കുമെന്നുള്ളതിനാൽ മുൻ സർക്കാർ എടുത്ത ഈ തീരുമാനം പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

(സി) വേളിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വേളി ടൂറിസ്റ്റ് വില്ലേജിലെ നിലവിലെ പ്രധാന ആകർഷണങ്ങളിലൊന്നായ തടാകത്തിന്റെ പുനരുദ്ധാരണം, ബീച്ച് ഏരിയയിൽ ചുറ്റുമതിൽക്കെട്ട് നിർമ്മാണം, കാർ പാർക്കിംഗ് ഏരിയയിൽ പുതിയ ടോയ്‌ലറ്റ് നിർമ്മാണം, കാർ പാർക്കിംഗ് ഏരിയയുടെ മെയിന്റനൻസ്, ഇതിനു പുറമേ കുട്ടികളുടെ പ്രധാന കളിസ്ഥലം നവീകരിച്ച് അവരുടെ ഉല്ലാസത്തിനായി പുതിയ കളിക്കോപ്പ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും വേളി ടൂറിസ്റ്റ് വില്ലേജിലെ പോലീസ് എയ്ഡ് പോസ്റ്റ് നവീകരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) ടൂറിസം പദ്ധതി സ്ഥാപിക്കുന്നതിനായി ടൂറിസം വകുപ്പ് മുൻപ് വേളിയിൽ ഏറ്റെടുത്തിരുന്ന ഭൂമിയിൽനിന്നും 17.9 ഏക്കർ ഭൂമി ഉപയോഗിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ടൂറിസം പദ്ധതി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ വിനോദസഞ്ചാര വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്ത് വിവിധ ടൂറിസം ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഒരു വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരികയാണ്.

## വൈദ്യുതി നിയമ ഭേദഗതി

13 (*643) ശ്രീ. ആന്റണി ജോൺ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട വൈദ്യുതി നിയമ ഭേദഗതിയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഈ നിർദ്ദേശങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; നിർദ്ദേശങ്ങളോടുള്ള സർക്കാർ നിലപാട് വിശദമാക്കുമോ;

(സി) വൈദ്യുതി ഉല്പാദന വിതരണ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കാൻ നിർബന്ധിതമാക്കുന്ന നിർദ്ദേശം സംസ്ഥാനത്തെ വൈദ്യുതി മേഖലയിലുണ്ടാക്കാവുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഡി) നിർദ്ദിഷ്ട ഭേദഗതി പ്രകാരം, വൈദ്യുതി വില നിശ്ചയിക്കുന്നതിൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ സാധ്യമാണോ; വിശദമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട വൈദ്യുതി നിയമ ഭേദഗതിയിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. വൈദ്യുതി വിതരണ മേഖല വിഭജിച്ച്, ശൃംഖലയുടെ നിർമ്മാണ-പരിപാലനച്ചുമതല ഒരു സ്ഥാപനത്തിനും വൈദ്യുതി വാങ്ങൽ-വിൽപ്പന മറ്റൊരു സ്ഥാപനത്തിനും (സപ്ലൈ ലൈസൻസി) ആക്കി മാറ്റണം.

2. ഒരു പ്രദേശത്ത് ഒന്നിലധികം സപ്ലൈ കമ്പനികൾ ഉണ്ടാകാം.

3. ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സപ്ലൈ കമ്പനിയിൽ നിന്ന് വൈദ്യുതി വാങ്ങാം.

4. കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ദേശീയ വൈദ്യുതി പോളിസി, താരിഫ് പോളിസി തുടങ്ങിയവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന കമ്മീഷൻ, സംസ്ഥാന സർക്കാരുകൾ, ഉൽപ്പാദകർ, ലൈസൻസികൾ തുടങ്ങിയവർക്ക് നിർബന്ധമായും ബാധകമാണ്.

5. നവീകരണ ഊർജ്ജോൽപ്പാദനം പ്രോത്സാഹിപ്പിക്കും.

6. വിതരണലൈസൻസികളുടെയും സപ്ലൈ ലൈസൻസികളുടെയും ഇടനിലയായി പ്രവർത്തിക്കുന്ന ഒരു ഇന്റർമീഡിയറി കമ്പനിയും വിഭാവന ചെയ്തിട്ടുണ്ട്.

(ബി) ആരാഞ്ഞിരുന്നു. നിർദ്ദേശങ്ങളോടുള്ള സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത ഭേദഗതിയിൽ വൈദ്യുതി ഉൽപ്പാദന വിതരണ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാൻ നിർബന്ധിതമാക്കുന്ന നിർദ്ദേശങ്ങളൊന്നുമില്ല. എന്നാൽ 2003-ലെ വൈദ്യുതി നിയമപ്രകാരം സംസ്ഥാന സർക്കാരിന് വൈദ്യുതി ബോർഡുകളെ ഡിസ്ട്രിബ്യൂഷൻ ലൈസൻസികളായും ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും നിലനിർത്താൻ അധികാരമുണ്ട്. നിയമത്തിലെ 131-ാം വകുപ്പ് നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചാണ് കേരളത്തിൽ നിലനിന്നിരുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്ന നിയമപരമായ സ്ഥാപനത്തെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഒറ്റ കമ്പനിയാക്കി ഉൽപ്പാദന-പ്രസരണ-വിതരണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഇങ്ങനെ കമ്പനി രൂപീകരിക്കുമ്പോൾ അത് സ്വകാര്യ മേഖലയിലോ പൊതു മേഖലയിലോ നിലനിർത്താനുള്ള പരമാധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. കേരളത്തിൽ ഇലക്ട്രിസിറ്റി കമ്പനി പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള പൊതു മേഖലയിൽ ആയതിനാൽ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലവിലില്ല. എന്നാൽ സ്വകാര്യ കമ്പനികൾ വൻകിട ഉപഭോക്താക്കൾക്ക് മാത്രമായി വൈദ്യുതി വിതരണം ചെയ്യുന്നതിന് അവസരം ഒരുക്കുന്നതിലൂടെ വൈദ്യുതി വിതരണത്തിലെ സാമൂഹ്യ നീതി തകർക്കാൻ ഇടയാക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇല്ല. നിലവിലുള്ള 2003-ലെ വൈദ്യുതി നിയമപ്രകാരം തന്നെ വൈദ്യുതി വില നിശ്ചയിക്കുന്നത് അതതു സംസ്ഥാനത്തെ വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. എന്നാൽ ഏതെങ്കിലും വിഭാഗത്തിന് സബ്സിഡി നൽകാൻ സർക്കാരിന് അധികാരമുണ്ട്. അതിനു വേണ്ട തുക മുൻകൂറായി അതതു വിതരണ സ്ഥാപനത്തിന് നൽകണമെന്നാണ് വ്യവസ്ഥ. ഈ വ്യവസ്ഥകൾ പുതിയ ഭേദഗതിയിൽ മാറ്റിയിട്ടില്ല.

**ദേശീയ ടൂറിസം പുരസ്കാരം**

14 (*644) ശ്രീ. അനിൽ അക്കര :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ദേശീയ ടൂറിസം പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം കാര്യങ്ങൾ നടപ്പാക്കിയതിനാണ് പ്രസ്തുത അംഗീകാരം ലഭിച്ചത്;

(സി) പ്രസ്തുത അംഗീകാരങ്ങൾ നേടുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. ഇത്തവണ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച വിനോദസഞ്ചാര വിപണന മേഖലയിലെ നാല് അവാർഡുകൾ സംസ്ഥാന വിനോദസഞ്ചാര വകുപ്പിന് ലഭിക്കുകയുണ്ടായി. അവ താഴെപ്പറയുന്നവയാണ് :

1. Excellence in publishing
   a. English – Kerala and Spice Route Coffee Table Book
   b. Foreign Language - The Great Backwater Brochure-German
2. Most Innovative use of Information Technology-Social Media/Mobile App-Kerala Tourism Digital Marketing
3. Responsible Tourism Project-Wayanad
4. Rural Tourism Project-Sargaalaya Craft Village

(ബി&സി) കേരള ടൂറിസം വിപണനത്തിന്റെ ഭാഗമായി തയ്യാറാക്കിയ കോഫി ടേബിൾ ബുക്കുകൾക്കാണ് Excellence in Publishing അവാർഡ് ലഭിച്ചത്. ടൂറിസം പ്രചരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. സോഷ്യൽ മീഡിയയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വിവിധങ്ങളായ പ്രചരണ പരിപാടികളും വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഡിജിറ്റൽ മാർക്കറ്റിംഗിന്റെ ഭാഗമായി ഇത്തരത്തിൽ നടപ്പാക്കിയ പ്രചരണ പരിപാടിക്ക് ലഭിച്ച അംഗീകാരമായാണ്- Most Innovative use of Information Technology-Social Media/Mobile App-Kerala Tourism Digital Marketing- അവാർഡ് കേരള ടൂറിസത്തിന് ലഭിച്ചത്. ഉത്തരവാദിത്ത ടൂറിസം രംഗത്ത് കേരളത്തിന് പ്രഥമ സ്ഥാനമാണുള്ളത്. കുമരകത്ത് ആദ്യമായി തുടങ്ങിയ ഈ പദ്ധതി സംസ്ഥാനം മുഴവനും പ്രവൃത്തി പഥത്തിൽ കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ വകുപ്പ് നടത്തിവരുന്നു. ഈ പദ്ധതിയുടെ വിജയത്തിന്റെ സാക്ഷ്യപത്രമാണ് വയനാട് ഉത്തരവാദിത്ത ടൂറിസത്തിന് ഈയിനത്തിൽ കിട്ടിയ അവാർഡ്. സംസ്ഥാനത്തെ തനത് കലകളേയും കരകൗശല മേഖലയേയും സംരക്ഷിക്കുവാനുള്ള വിവിധങ്ങളായ പദ്ധതികൾ ടൂറിസം വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് സർഗ്ഗാലയ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജ് ടൂറിസം വകുപ്പ് പ്രാവർത്തികമാക്കിയത്. ഈ പദ്ധതിയുടെ പ്രവർത്തന മികവിന്റെ സാക്ഷ്യപത്രമാണ് സർഗ്ഗാലയ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജിന് ലഭിച്ച അവാർഡ്.

## ഭക്തജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ

15 (*645) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡല മഹോത്സവം ആഗതമായിരിക്കുന്നതിനാൽ ഭക്തജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമലയിലെ നവീകരണ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനമാണ് ഇക്കാര്യത്തിൽ നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഭക്തജനങ്ങൾക്ക് വിരി വയ്ക്കുന്നതിനും കുടിവെള്ളം, അന്നദാനം, ടോയ്‌ലറ്റ് സൗകര്യം, മെഡിക്കൽ സൗകര്യം, സുരക്ഷ എന്നീ കാര്യങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ നടപടി കൈക്കൊണ്ടുവരുന്നു.

(ബി) നവീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ശുചീകരണ പ്രവർത്തനങ്ങൾക്ക് പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ശബരിമല സാനിട്ടേഷൻ സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പോലീസ്, ഫയർഫോഴ്സ്, ഫോറസ്റ്റ്, പൊതുമരാമത്ത് വകുപ്പ്, വാട്ടർ അതോറിറ്റി, ജലസേചനം, മലിനീകരണ നിയന്ത്രണ ബോർഡ്, വൈദ്യുതി ബോർഡ്, ആരോഗ്യ വകുപ്പ്, കെ.എസ്.ആർ.ടി.സി., മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്, ബി.എസ്.എൻ.എൽ., ഫുഡ് സേഫ്റ്റി തുടങ്ങി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെയാണ് നടപ്പിലാക്കിവരുന്നത്.

(ഡി) യഥാസമയം അവലോകനം ചെയ്യുന്നുണ്ട്.

**ഊർജ്ജ പ്രതിസന്ധി**

16 (*646) ശ്രീ. എം. നൗഷാദ് :
ശ്രീ. എം. എം. മണി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷ ലഭ്യതയിൽ ഉണ്ടായ ഭീമമായ കുറവുമൂലം അണക്കെട്ടുകളിൽ ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന സാഹചര്യത്തിൽ ഉണ്ടാകാനിടയുള്ള ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം മുൻകൂർ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതിയുടെ അമിതമായ ഉപഭോഗവും പാഴ്ച്ചെലവും നിയന്ത്രിച്ച് വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് സഹായകമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കാര്യക്ഷമമായ വൈദ്യുതോപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഫിലമെന്റ് ബൾബുകൾക്കും സി.എഫ്.എൽ. ബൾബുകൾക്കും പകരം എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) നാളിതുവരെയുള്ള കണക്കുപ്രകാരം പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ 55% മാത്രമേ ലഭിച്ചുള്ളുവെങ്കിലും മദ്ധ്യകാല, ദീർഘകാല കരാറുകൾ മുഖേനയും DBFOO പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും ജലവൈദ്യുതി ഉൽപ്പാദനം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം സംഭരണികളിലെ ജലം വരും മാസങ്ങളിലേക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഇ-ബിഡ്ഡിംഗ് വഴി 200 MW വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് ലഭ്യതയ്ക്കനുസരിച്ച് 200 MW കൂടി ഇ-ബിഡ്ഡിംഗ് വഴി വാങ്ങുവാനും കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽനിന്ന് വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ബോധവൽക്കരണ നടപടികൾ സ്വീകരിക്കും. ടി ലക്ഷ്യം വച്ചുകൊണ്ട് ഊർജ്ജ സംരക്ഷണ സന്ദേശം എത്തിക്കാനായി ലഘുലേഖ വിതരണം, പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, സ്കൂൾ, റസിഡൻഷ്യൽ അസോസിയേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ പഠന ക്ലാസ്സുകൾ എന്നിവ നടത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഉപഭോക്തൃ ശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ട് ഒരു ബൃഹദ് ബോധവൽക്കരണ ക്യാമ്പയിൽ സങ്കടിപ്പിച്ച് എൻ.എസ്.എസ്.-മായി ചേർന്ന് ഊർജ്ജ സംരക്ഷണ റാലിയും സി.എം.സി.-യുമായി ചേർന്ന് സംസ്ഥാനത്ത് ബോധവൽക്കരണ ക്യാമ്പയിനും നടത്തിവരുന്നു.

(സി) പദ്ധതികൾ പരിഗണനയിലുണ്ട്. സി.എഫ്.എൽ.-നും ഫിലമെന്റ് ബൾബിനും പകരമായി എൽ.ഇ.ഡി. ബൾബ് നൽകാനുള്ള പദ്ധതിക്കുവേണ്ടിയുള്ള ചെലവ് കേരളാ ഇൻഫ്രാസ്ട്രക്ചറൽ ഫണ്ട് ബോർഡിന്റെ ഗൈഡ് ലൈൻസിന്റെ (KIIFB guidelines) പരിധിയിൽ വരാത്തതിനാൽ ടി പദ്ധതി സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് മുഖാന്തരം നടപ്പാക്കുന്നതിലേക്ക് ഫണ്ട് കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ചരക്ക-സേവന നികുതി

17 (*647) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിൽ കൂടിയ ശേഷം നികുതി ഘടനയെപ്പറ്റി എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിരിക്കുന്നത്;

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ലാഭത്തിലെ ഒരു വിഹിതം കർഷകർക്ക് അവകാശപ്പെട്ടതാണെന്ന പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പാക്കാൻ ഈ ബിൽ തടസ്സമാകുമോ;

(സി) എങ്കിൽ അതിനെ മറികടക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നികുതി ഘടനയെക്കുറിച്ചുള്ള ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ പുരോഗമിച്ചു വരുന്നതേയുള്ളൂ. അന്തിമ തീരുമാനം ആയിട്ടില്ല.

(ബി&സി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ലാഭത്തിലെ ഒരു വിഹിതം കർഷകർക്ക് നൽകുന്നതിന് ജി.എസ്.ടി. ബിൽ എതിരല്ല.

## ദേവസ്വം ഭൂമി

18 (*648) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വം ഭൂമി തിരിച്ചുപിടിക്കാൻ ട്രൈബ്യൂണൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ദേവസ്വം ഭൂമി തിരിച്ചുപിടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിവരിക്കുമോ;

(സി) ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്.

(ബി&സി) ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് പ്രത്യേക നിയമനിർമ്മാണം ആവശ്യമാണ്. ആയതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

**നികുതി ചോർച്ച**

19 (*649) ശ്രീ. പി. വി. അൻവർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അഞ്ചുവർഷം കൊണ്ടുണ്ടായ നികുതി ചോർച്ചയിലൂടെ ഖജനാവിന് എത്ര തുക നഷ്ടം വന്നുവെന്നാണ് ആസൂത്രണ ബോർഡ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ;

(ബി) മുഖ്യനികുതിയിനമായ വാണിജ്യ നികുതി നിരക്കിൽ 25 ശതമാനത്തോളം വർദ്ധനവ് വരുത്തിയിട്ടും വാണിജ്യ നികുതി വർദ്ധനവിന്റെ നിരക്ക് ഇടിയുവാനുള്ള കാരണം പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ;

(സി) വൻതോതിൽ നടന്ന നികുതി ചോർച്ച അവസാനിപ്പിക്കാനായി ആവിഷ്കരിച്ചിരിക്കുന്ന തന്ത്രങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാന ആസൂത്രണ ബോർഡ് മുൻ സർക്കാരിന്റെ കാലത്ത് നികുതി ചോർച്ചയിലൂടെ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) മുഖ്യ നികുതി ഇനമായ വാണിജ്യ നികുതി നിരക്കിൽ 25 ശതമാനത്തോളം വർദ്ധനവ് വരുത്തിയിട്ടും വാണിജ്യ നികുതി വർദ്ധനവിന്റെ നിരക്ക് ഇടിയുവാനുള്ള

കാരണം പരിശോധിച്ചിട്ടുണ്ട്. നികുതി നിരക്ക് ഗണ്യമായി ഉയർത്തിയിട്ടും വാണിജ്യ നികുതി വരുമാന വർദ്ധനവ് ഇടിഞ്ഞതിന്റെ പ്രധാന കാരണം നികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മയും അഴിമതിയുമാണ്. റബ്ബറിന്റെ വില മുൻ വർഷത്തെ വിലയേക്കാൾ ക്രമാതീതമായി കുറഞ്ഞത് ജനങ്ങളുടെ ക്രയശേഷിയെയും നികുതി വരുമാനത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 31-3-2016 വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽ നിന്നുള്ള വരുമാനത്തിൽ 9% കുറവ് വന്നിട്ടുണ്ട്. കൂടാതെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ റബ്ബറിനെ നികുതിയിൽനിന്ന് ഒഴിവാക്കിയതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിൽ മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2015-16 സാമ്പത്തിക വർഷം 7% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇതിനു പുറമേ എണ്ണ കമ്പനികളിൽനിന്നും സാധാരണ 20%-ത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2016 മാർച്ച് 31 വരെ 9% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന കുറവും ബിറ്റുമെൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപനയിൽ വന്ന കുറവുമാണ് ഇതിനു കാരണം. അരി, ഗോതമ്പ്, മൈദ, ആട്ട, സൂചി എന്നിവയെ നികുതിയിൽനിന്ന് ഒഴിവാക്കിയതും ചിക്കന്റെ നികുതിയിനത്തിൽ ഉദ്ദേശിച്ച വളർച്ച കൈവരിക്കാൻ സാധിക്കാത്തതും ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.

(സി) നികുതി ചോർച്ച തടയുന്നതിനായി വിവിധ വകുപ്പുകളിൽ ആവിഷ്കരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

I. <u>വാണിജ്യ നികുതി വകുപ്പ്</u> :

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാദ്ധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ചു വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4. ചെക്കുപോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റും.

5. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

6. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

9. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതാണ്.

10. നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിക്കും.

11. വാറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി പ്രവർത്തനക്ഷമമാക്കും.

12. അനുമാന നികുതിദായകർക്കും കെ.ജി.എസ്.ടി. കുടിശ്ശികയുള്ളവർക്കും ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

II. <u>രജിസ്ട്രേഷൻ വകുപ്പ്</u> :

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ നടത്തുവാൻ നിശ്ചയിച്ചു. 2016 ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ മുദ്രനിരക്ക് 6 ശതമാനം എന്നുള്ളത് 8 ശതമാനമായി വർദ്ധിപ്പിച്ചു. അതോടൊപ്പം കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നിവയിലും പുതുക്കലുകൾ വരുത്തിയിട്ടുണ്ട്.

III. <u>ലാന്റ് റവന്യൂ വകുപ്പ്</u> :

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ,

റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾകൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനംകൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV. എക്സൈസ് വകുപ്പ് :

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യാജ മദ്യം സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

V. മോട്ടോർ വാഹന വകുപ്പ് :

15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നോൺ ട്രാൻസ്പോർട്ട്, ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 'ഗ്രീൻ ടാക്സ്' ചുമത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അധിക നികുതി സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ മേഖലയുടെ ആധുനികവൽക്കരണം**

20 (*650) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ വാണിജ്യാടിസ്ഥാനത്തിൽ പുത്തൻ തലമുറ ബാങ്കുകളുമായി കിടപിടിക്കുന്ന വിധം സജ്ജമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. സഹകരണ ബാങ്കുകളെ സഹകരണ മേഖലയിൽത്തന്നെ പുത്തൻ തലമുറ ബാങ്കുകളുമായി കിടപിടിക്കുന്ന രീതിയിൽ സജ്ജമാക്കുന്നതാണ്.

(ബി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.ടി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തിവരുന്നത്. സഹകരണ മേഖലയുടെ ആധുനികവൽക്കരണം സംബന്ധിച്ച് രൂപീകൃതമായ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സഹകരണ സ്ഥാപനങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഭരണസമിതികളിൽ പ്രൊഫഷണലുകളെ ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി അർബൻ സഹകരണ ബാങ്കുകളുടെ ഭരണ സമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള 2 പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളാ ബാങ്ക് എന്ന ആശയം സഫലീകൃതമാകുമ്പോൾ എല്ലാ അർത്ഥത്തിലും പുത്തൻ തലമുറ വാണിജ്യ ബാങ്കുകളുമായി കിടപിടിക്കുന്ന സൗകര്യങ്ങൾ സഹകരണ മേഖലയിലുണ്ടാകുന്നതാണ്.

## ഐ.റ്റി. വിദഗ്ദ്ധരുടെ നിയമനം

21 (*651) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. ഫലപ്രദമായി നടപ്പാക്കാൻ ഐ.റ്റി. വിദഗ്ദ്ധരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ;

(സി) ഇതിനായി എന്തു തുക ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്, വിശദാംശങ്ങൾ എന്തെല്ലാം?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഐ.റ്റി. വിദഗ്ധരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന വാണിജ്യ നികുതി വകുപ്പിന് ജി.എസ്.ടി. നടപ്പാക്കുന്നതിനുവേണ്ട Software application വികസിപ്പിക്കുക എന്നതാണ് ഉദ്ദേശ്യം.

(സി) നിലവിൽ 18 പേരെയാണ് ഈ പ്രോജക്ടിലേക്ക് കരാർ അടിസ്ഥാനത്തിൽ 2 വർഷക്കാലയളവിലേക്ക് നിയമിക്കുന്നത്. പ്രതിമാസം ഏകദേശം ഒൻപത് ലക്ഷം രൂപ പ്രതിഫലമായി നൽകേണ്ടി വരും.

## നിഷ്ക്രിയ ആസ്തികളിൻമേലുള്ള നിക്ഷേപം

22 (*652) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി കേരളീയർ ഉൾപ്പെടെയുള്ളവരുടെ സമ്പാദ്യം നിക്ഷേപമാക്കി മാറ്റുന്നതിന് സാധിക്കാതെ പോയതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; നിഷ്ക്രിയ ആസ്തികളിലുള്ള നിക്ഷേപം സമ്പദ്ഘടനയിൽ ഉണ്ടാക്കിയ പ്രത്യാഘാതം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി വിലയിലും കൂലി നിരക്കിലും ഉണ്ടായ വർദ്ധനവിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും അത് കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലുമുണ്ടാക്കിയ സ്വാധീനം എന്തൊക്കെയാണെന്നും വിശകലനം ചെയ്തിട്ടുണ്ടെങ്കിൽ വിശദമാക്കാമോ;

(സി) സമ്പാദ്യങ്ങളെ ഉല്പാദനമേഖലകളിലേക്ക് വഴിതിരിച്ചുവിട്ട് സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാനായി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) പ്രവാസി കേരളീയർ വർഷംതോറും സംസ്ഥാനത്തേക്ക് അയയ്ക്കുന്ന സമ്പാദ്യം സംസ്ഥനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഒരു ഗണ്യമായ ശതമാനം വരും. എന്നാൽ ഈ പണം സംസ്ഥാനത്തിന്റെ ഉൽപ്പാദന-സേവന മേഖലകളിലടക്കം ക്രിയാത്മകമായി വഴിതിരിച്ച് വിട്ട് സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിനുതകുന്ന ഒരു ചാലക ശക്തിയാക്കി മാറ്റുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നതൊരു വസ്തുതയാണ്. ഇതിന് പല കാരണങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനം പ്രവാസികളുടെ ആത്മവിശ്വാസം ആർജ്ജിക്കുവാൻ കഴിയുന്ന നിക്ഷേപ സൗഹൃദ സാഹചര്യം സൃഷ്ടിക്കുവാൻ കഴിഞ്ഞില്ല എന്നതു തന്നെയാണ്. കൂടാതെ പ്രവാസികൾ ആഗ്രഹിക്കുന്ന തരത്തിൽ തങ്ങളുടെ സമ്പാദ്യം സുരക്ഷിതമായും എന്നാൽ മൂല്യവർദ്ധനവ് നൽകുന്നതുമായ വ്യവസായ സംരംഭങ്ങളിൽ നിക്ഷേപിക്കുവാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കുവാനും സാധിച്ചിട്ടില്ല.

മേൽ വിവരിച്ച കാരണങ്ങളോടൊപ്പം വ്യവസായത്തിന് യോഗ്യമായ ഭൂമിയുടെ ദൗർലഭ്യം, നിലവാരമുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, നിയമങ്ങളുടെയും ചട്ടങ്ങളുടെയും സങ്കീർണ്ണത, വൈദ്യുതി, മറ്റ് ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യതക്കുറവ്, മികച്ച റോഡ്, പാലം മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ആരോഗ്യം, വിദ്യാഭ്യാസ രംഗങ്ങളിലടക്കമുള്ള വിദഗ്ദ്ധരുടെ കൊഴിഞ്ഞുപോക്ക് എന്നിവയും പ്രവാസി കേരളീയരുടെ നിക്ഷേപം സംസ്ഥാനത്തിന് പ്രയോജനപ്രദമാക്കുന്ന രീതിയിൽ വിനിയോഗിക്കുന്നതിൽ തടസ്സമായി തീർന്നിട്ടുണ്ട്.

പ്രവാസികളുടെ പണം മുഖ്യമായും ചെലവഴിക്കപ്പെട്ടത് ഭൂമി, കെട്ടിടനിർമ്മാണം, സ്വർണ്ണം, വസ്ത്രം, മറ്റ് ഉപഭോഗ വസ്തുക്കളിലും വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം ഉൾപ്പെടെയുള്ള സേവന മേഖലകളിലുമായിരുന്നു. തത്ഫലമായി, ഭൂമി, നിർമ്മാണ സാമഗ്രികൾ, മറ്റ് ഉപഭോഗ വസ്തുക്കൾ എന്നിവയുടെ വില വർദ്ധിക്കുന്നതിനും നിർമ്മാണ മേഖലയിലടക്കം കൂലി നിരക്ക് ഉയരുന്നതിനും ഇടയാക്കിയിട്ടുണ്ട്. ആയതിന്റെ അനുരണനങ്ങൾ കാർഷിക-വ്യാവസായിക മേഖലകളിൽ പ്രതിഫലിച്ചിട്ടുണ്ട്.

തൊഴിൽപരമായ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ ഗണ്യമായ വർദ്ധന വിദേശത്ത് തൊഴിൽ തേടുന്നതിനും മുകളിൽ പ്രതിപാദിച്ച വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ കുറവ് നികത്തുന്നതിനും ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. തൊഴിലില്ലായ്മയുടെ തോത് കുറയ്ക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും പ്രവാസികളുടെ നിർമ്മാണ പ്രവൃത്തികളിലുമടക്കമുള്ള ചെലവഴിക്കൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ളതാണ്.

ജനങ്ങളുടെ പൊതുവായ ജീവിത നിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം എന്നീ മേഖലകളിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാനും പ്രവാസികളുടെ സമ്പാദ്യം ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന് താരതമ്യേന മത്സരക്ഷമതയുള്ള പുതുവളർച്ചാ മേഖലകളിലെ നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള അടിസ്ഥാന ഇടപെടലുകൾക്കാണ് ഈ സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് ഗണ്യമായ പൊതു മുതൽമുടക്ക് നടത്തുകവഴി ഈ പുതുവളർച്ചാ മേഖലകളിൽ നിക്ഷേപം ആകർഷിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 'കിഫ്ബി' മുഖാന്തരം പശ്ചാത്തല സൗകര്യ വികസനത്തിനായി നടത്തുന്ന ധനസമാഹരണത്തിലും പ്രവാസികളെ പങ്കാളികളാക്കാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. വ്യവസായ-കാർഷിക വികസന പാർക്കുകളിൽ അടിസ്ഥാന സൗകര്യമൊരുക്കി പ്രവാസി നിക്ഷേപമടക്കം നിക്ഷേപത്തെ ആകർഷിക്കുക എന്നതും സർക്കാർ ലക്ഷ്യമാണ്. പ്രവാസി കേരളീയരുടെ സമ്പാദ്യം പ്രയോജനപ്രദമായ രീതിയിൽ തിരിച്ചുവിടുന്നതിനും സംസ്ഥാനത്ത് പ്രവാസി കേരളീയരുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്.

വരും വർഷങ്ങളിൽ സർക്കാർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായ പാർക്കുകളിലും മറ്റ് നിക്ഷേപ സംരംഭങ്ങളിലും പ്രവാസികൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പാദനം, ഗതാഗതം എന്നീ മേഖലകളിൽ സാങ്കേതിക വിദ്യയുടെ നവീകരണം, പുതിയ തൊഴിൽ സൃഷ്ടി എന്നിവ സാദ്ധ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള വൻ പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി മുന്നോട്ടു പോകുവാനാണ് നിലവിലെ സർക്കാരിന്റെ ലക്ഷ്യം.

**സമൃദ്ധം സഹകരണം പദ്ധതി**

23 (*653) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "സമൃദ്ധം സഹകരണം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ മേഖലയുടെ സമഗ്ര വികസനത്തിന് പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം പ്രയോജനകരമാകുമെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് "സമൃദ്ധം സഹകരണം" പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ആലോചനകൾ നടന്നുവരുന്നു.

(ബി) കേരളത്തിലെ ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന സഹകരണ പ്രസ്ഥാനത്തിന്റെ വ്യാപ്തി ഉൾക്കൊണ്ട് സഹകരണ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭാവനാപൂർണ്ണമായ ഒരു പദ്ധതിയാണ് "സമൃദ്ധം സഹകരണം" . ഓരോ മാസവും ഓരോ പദ്ധതി എന്ന രീതിയിൽ 12 മാസം കൊണ്ട് 12 പദ്ധതികൾ എന്ന രീതിയിലാണ് "സമൃദ്ധം സഹകരണം" വിഭാവനം ചെയ്തിട്ടുള്ളത്. കൂടുതൽ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും ഉരുത്തിരിഞ്ഞു വരുന്നതേയുള്ളൂ.

(സി) സഹകരണ മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും നൂതന പദ്ധതികളും കോർത്തിണക്കിയ സുസ്ഥിര വികസന പദ്ധതിയാണ് "സമൃദ്ധം സഹകരണം" പദ്ധതി. ഓരോ മാസവും ഏറ്റെടുത്ത് നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് സഹകാരികളെയും സഹകരണ സ്ഥാപനങ്ങളെയും ഓർമ്മപ്പെടുത്തിക്കൊണ്ടും ആയത് ഏറ്റെടുക്കാൻ പ്രാപ്തരാക്കിക്കൊണ്ടും സഹകരണ മേഖലയെ ഊർജ്ജസ്വലമാക്കാൻ ഈ പദ്ധതിവഴി കഴിയുന്നതാണ്.

## കയർ വ്യവസായം

24 (*654) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ചകിരിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ;

(ബി) തമിഴ്നാട്ടിൽ നിന്നുള്ള യന്ത്രപ്പിരിക്കയറിന്റെ വരവുമൂലം പ്രതിസന്ധിയിലായ കേരളത്തിലെ പരമ്പരാഗത കയറിനങ്ങൾ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്ത് തൊണ്ട് സംഭരണവും ചകിരിയുൽപ്പാദനവും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് 16-1-2015-ലെ ജി.ഒ.(എംഎസ്.)നമ്പർ. 116/2015/വ്യവ പ്രകാരം നിലവിലുണ്ടായിരുന്ന തൊണ്ടുസംഭരണ പദ്ധതിയിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. 16-1-2010-ലെ സ.ഉ.(കൈ)നമ്പർ. 15/2010/വ്യവ പ്രകാരമാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കി തുടങ്ങിയത്.കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുക, പാഴാക്കികളയുന്ന തൊണ്ട് തൊഴിലാളികൾ സംഭരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ഉറപ്പാക്കുക, നാളികേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക, കയർ ഉൽപ്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിപ്രകാരം തൊണ്ടുസംഭരണത്തിനും ചകിരി ഉൽപ്പാദനത്തിനുമായി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു:

തൊണ്ട് സംഭരണം

| ക്രമ നമ്പർ | തൊണ്ട് സംഭരണം | തുക |
|---|---|---|
| (1) | (2) | (3) |
| 1 | തൊണ്ട് സംഭരിച്ച് എത്തിക്കുന്നവർക്ക് ഇൻസെന്റീവ് (60/80 ഗ്രാമിന് മുകളിൽ ചകിരി ലഭിക്കുന്നു) | |
| | പച്ചത്തൊണ്ടിന് | 25 പൈസ |
| | ഉണക്കത്തൊണ്ടിന് | 15 പൈസ |
| 60/80 ഗ്രാമിന് താഴെ ചകിരി ലഭിക്കുന്ന തൊണ്ടാണെങ്കിൽ പച്ചത്തൊണ്ടിന് 20 പൈസ നിരക്കിലും ഉണക്കത്തൊണ്ടിന് 10 പൈസ നിരക്കിലും ഇൻസെന്റീവ് ലഭ്യമാക്കുന്നു | | |

| (1) | (2) | (3) |
|---|---|---|
| 2 | കയർ മേഖലയിലെ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടോ/ഏജൻസികൾ മുഖേനയോ) 5000 തൊണ്ടിന് വാഹന വാടക | 250 രൂപ |
| | കൂട്ടതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും | 50 രൂപ വീതം |
| 3 | ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ട് സംഭരിച്ച് നൽകുമ്പോൾ പ്രതിദിനവേതനമായി 400 പച്ചത്തൊണ്ടിന് | 160 രൂപ |
| | കൂട്ടതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും | 20 രൂപ വീതം |
| | ഉണക്കത്തൊണ്ടാണെങ്കിൽ 600 എണ്ണം | 150 രൂപ വീതം |
| | കൂട്ടതലായുള്ള ഓരോ 100 ഉണക്കത്തൊണ്ടിനും | 25 രൂപ വീതം |
| | <u>ചകിരി ഉൽപ്പാദനം</u> : | |
| | 1 പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് | 3 രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽ നിന്ന് ചികിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് | 2 രൂപ സബ്സിഡി |
| | <u>മെയിന്റനൻസ് ഗ്രാന്റ്</u> : | |
| 1 | വലിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50,000 രൂപ |
| 2 | മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10,000 രൂപ |

റിവോൾവിംഗ് ഫണ്ട് :

കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ടു സംഭരണത്തിനായി പരമാവധി 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കുന്ന രീതിയിൽ പ്രവർത്തന മൂലധനം നൽകിവരുന്നു.

ഈ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ചകിരിവില/കയർവില വിലനിർണ്ണയ കമ്മിറ്റിയുടെ 27-11-2015-ലെ യോഗത്തിൽ നിലവിലുള്ള കയറിന്റെ കമ്പോളവില കണക്കാക്കി പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോയ്ക്ക് 17 രൂപ നിരക്കിലും ഉണക്കത്തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോയ്ക്ക് 14 രൂപ നിരക്കിലും നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

യന്ത്രസഹായത്തോടുകൂടി തൊണ്ടു തല്ലി ചകിരി ഉൽപ്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾ തുടങ്ങുക, നിലവിലുള്ള ചകിരി ഉൽപ്പാദന യൂണിറ്റുകൾ നവീകരിക്കുക, ചകിരിച്ചോറ് അസംസ്കൃത വസ്തുവായിട്ടുള്ള ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുക, കയർ വ്യവസായ സഹകരണ സംഘങ്ങൾ, കുടുംബശ്രീ സമാന യൂണിറ്റുകൾ, സ്വകാര്യ കയർ വ്യവസായ യൂണിറ്റുകൾ എന്നിവരെയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നാളികേര സംഭരണവുമായി ബന്ധപ്പെട്ട് തൊണ്ട് ശേഖരണം ഏകോപിപ്പിക്കാനും നടപടി എടുത്തുവരുന്നു. സംഭരിക്കുന്ന തേങ്ങയുടെ തൊണ്ട് മുഴുവൻ ഡീഫൈബറിംഗിന് ലഭ്യമാക്കാനാണ് ഉദ്ദേശ്യം. പദ്ധതി ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(ബി) പച്ചത്തൊണ്ട് ചകിരിയാക്കുന്നതിനുള്ള ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുകവഴി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കി കയർ വ്യവസായ രംഗത്ത് യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പിലാക്കി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. കയർ ഇനങ്ങൾ കയർഫെഡുവഴി പൂർണ്ണമായും സംഭരിക്കുകയും ഈ കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ സംഭരിക്കുകയും ചെയ്യുകവഴി പരമ്പരാഗത കയറിനങ്ങൾക്ക് വിപണി കണ്ടെത്തി പുനരുദ്ധരിക്കുന്നതിന് കഴിയും.

## കെ.ടി.ഡി.സി.യുടെ പ്രവർത്തനങ്ങൾ

25 (*655) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിൽ കെ.റ്റി.ഡി.സി.-യുടെ പങ്ക് വിലയിരുത്തുന്നതിന്റെ ഭാഗമായി ഇതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് അപ്രകാരം തീരുമാനമെടുത്തതെന്നും പഠനത്തിനായി ഏജൻസിയെ നിയോഗിച്ചത് ഏത് വർഷമാണെന്നും വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസിയെ ആണ് പഠനത്തിനായി നിയോഗിച്ചതെന്നും എന്തെല്ലാം കാര്യങ്ങളാണ് പഠനത്തിന് വിധേയമാക്കിയതെന്നും അറിയിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) കെ.ടി.ഡി.സി.-യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പൊതു ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മികച്ച സേവനം നൽകുന്നതിനുമായി സമഗ്ര പഠനം നടത്തുന്നതിനായി പഠനാനുമതി നൽകിക്കൊണ്ട് 26-10-2013-ലെ ജി.ഒ.(ആർറ്റി.) നമ്പർ. 8643/2013/ടൂറിസം നമ്പർ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പഠനം നടത്തുന്നതിനായി കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയുമായി കെ.ടി.ഡി.സി. ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

(സി) കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയെയാണ് പഠനത്തിനായി നിയോഗിച്ചിട്ടുള്ളത്. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വ്യാപാര മാതൃകാ പരിഷ്കരണത്തിനും നിർദ്ദേശങ്ങൾക്കുമുള്ള സമഗ്ര പഠനം പ്രധാനമായും താഴെപ്പറയുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് ആരംഭിച്ചിട്ടുള്ളത്.

1. കെ.ടി.ഡി.സി.-യുടെ ഓരോ സ്ഥാപനത്തിന്റെയും നിലവിലെ വ്യാപാര പ്രവർത്തനത്തെക്കുറിച്ച് വിശദമായി പഠനം നടത്തുക.

2. മികച്ച വരുമാനം/ലാഭം നേടുന്നതിനൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ഉപഭോക്താവിനെ കേന്ദ്രീകരിച്ചുള്ള ഉചിതമായ വ്യാപാര മാതൃക വികസിപ്പിക്കുക.

3. കെ.ടി.ഡി.സി. ഉൽപ്പന്നങ്ങളുടെ പൊതുവായതും പ്രത്യേകതയുള്ളതുമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബ്രാന്റ് മാന്വൽ രൂപീകരിക്കുക. അതിന്റെ മാനേജ്മെന്റിനും ആഡിറ്റിനും അനുയോജ്യമായ standard procedure വികസിപ്പിക്കുക.

4. ജോബ് കണ്ടന്റ്/ഓരോ ഉദ്യോഗപ്പേരിന്റെയും ഉത്തരവാദിത്വം/ജോലികളുടെ വർഗ്ഗീകരണം (grouping of jobs) തുടങ്ങിയവയുടെ പഠനം നടത്തുക. കാര്യശേഷിയും ഫലപ്രദവും സമ്പൂർണ്ണവുമായ മാനേജ്മെന്റിനായി ആവശ്യകതയുടെ അടിസ്ഥാനത്തിൽ വേണ്ടുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുക.

5. സ്ഥാപനങ്ങളുടെ കാര്യശേഷിക്കും ഫലപ്രദവുമായ മാനേജ്മെന്റിനും വേണ്ടി വ്യാപാര പ്രക്രിയകളുടെ സംയോജനത്തിനായുള്ള (Business Process Integration) നിർദ്ദേശങ്ങൾ നൽകുക.

6. ഗുണനിലവാരം നഷ്ടപ്പെടുത്താതെ മെച്ചപ്പെട്ട ലാഭം ഉണ്ടാക്കുന്നതിന് ആകെയുള്ള മനുഷ്യ വിഭവശേഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നിർദ്ദേശിക്കപ്പെട്ട വ്യാപാരം/പ്രവർത്തന മാതൃകകൾക്കനുസൃതമായി ഇൻസെന്റീവ് സ്കീം, സ്ഥലമാറ്റ നയങ്ങൾ എന്നിവ രൂപീകരിക്കുക

7. Performance appraisal system-ഉം Emplpoyees motivation scheme-ഉം ശിപാർശ ചെയ്യുക.

(ഡി) ഇല്ല. പ്രസ്തുത പഠന റിപ്പോർട്ട് ഒക്ടോബർ 31-നകം സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലഭ്യമായതിനുശേഷം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുതി ഉൽപ്പാദനം

26 (*656) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിനാവശ്യമുള്ളതിന്റെ എത്ര ശതമാനം വൈദ്യുതിയാണ് ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതെന്നും ബാക്കി വൈദ്യുതി ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് സമാഹരിക്കുന്നതെന്നും അറിയിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):
ഇപ്പോൾ സംസ്ഥാനത്തിന് പ്രതിദിനം ആവശ്യമുള്ള വൈദ്യുതിയുട '22' ശതമാനം മാത്രമേ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നുള്ളൂ. അധികമായി ആവശ്യമുള്ള വൈദ്യുതി, കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും സംസ്ഥാനത്തിന് പുറത്തു നിന്നുള്ള വൈദ്യുതി വ്യാപാരികളിൽനിന്നും വൈദ്യുതോൽപ്പാദന നിലയങ്ങളിൽനിന്നും (ദീർഘകാല/മദ്ധ്യകാല/ഹ്രസ്വകാല കരാറടിസ്ഥാനത്തിൽ) പവർ എക്സ്ചേഞ്ചുകളിൽ നിന്നും 'ഡീവിയേഷൻ സെറ്റിൽമെന്റ് മെക്കാനിസം' വഴിയുമാണ് സമാഹരിച്ചു കൊണ്ടിരിക്കുന്നത്.

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

27 (*657) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ പ്രവർത്തനം ഏത് രീതിയിലാണ് ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സാധാരണക്കാർക്ക് ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കാൻ എന്തൊക്കെ ബദൽ നിർദ്ദേശങ്ങളാണ് കൺസ്യൂമർഫെഡ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) നീതി ഗ്യാസ്, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയുടെ പ്രവർത്തനം ഏതു രീതിയിലാണ് മുന്നോട്ടു കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കൺസ്യൂമർ ഫെഡറേഷനിലെ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി ആവശ്യത്തിൽ കൂടുതലുള്ള താൽക്കാലിക ജീവനക്കാരെ ഒഴിവാക്കിയും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിച്ചും ആവശ്യമില്ലാത്ത ഗോഡൗണുകൾ നിർത്തലാക്കിയും അഴിമതി ഇല്ലാതാക്കി ഇ-ടെണ്ടർ വഴി സാധനങ്ങൾ വാങ്ങുകയും പർച്ചേസ് പോളിസിക്ക് രൂപം നൽകിയും രൊക്കം പണം കൊടുത്ത് സാധനങ്ങൾ വാങ്ങിയും നിലവിൽ സ്റ്റോറുകളിൽ കൂടുതലായി കെട്ടികിടക്കുന്ന സാധനങ്ങൾ വിൽപ്പന നടത്തിയും ഉപയോഗശൂന്യമായ സഞ്ചരിക്കുന്ന ത്രിവേണി വാഹനങ്ങൾ വിൽപ്പന നടത്തിയും കൺസ്യൂമർഫെഡിൽ ഘടനാപരമായി ചിട്ട വരുത്തിയും പലിശച്ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം ശക്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 1500 മുതൽ 2000 വരെ നീതി വിപണന കേന്ദ്രങ്ങളോ, സൂപ്പർമാർക്കറ്റുകളോ, പൊതുവിതരണ കേന്ദ്രങ്ങളോ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. ഇവയിൽനിന്നും ആവശ്യമായ സാധനങ്ങളുടെ ഇൻഡന്റ് കൺസ്യൂമർഫെഡിന്റെ റീജിയണൽ ഓഫീസുകളിൽ ശേഖരിച്ച് സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് പർച്ചേസ് ഓർഡർ നൽകിയും ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയും പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റികൾക്ക് രൂപം നൽകിയും വിവിധ സാധനങ്ങൾ വാങ്ങുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് സന്നദ്ധരായ പ്രാഥമിക സംഘങ്ങളെ ഉൾപ്പെടുത്തി പർച്ചേസ് കൺസോർഷ്യത്തിന് രൂപം നൽകിയും സാധാരണക്കാർക്ക് ന്യായവിലയ്ക്ക് സാധനങ്ങൾ എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഉൽപ്പാദകരിൽനിന്നും ഉൽപ്പന്നങ്ങൾ ലഭ്യമാക്കുവാനുള്ള സാദ്ധ്യതയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ ഇവ കാര്യക്ഷമമാക്കിയും ഉൽപ്പന്നങ്ങളുടെ വിലയും ഗുണനിലവാരവും മത്സരക്ഷമമാക്കിയും കൺസ്യൂമർഫെഡിനെ ഈ രംഗത്തെ മാതൃകാസ്ഥാപനമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ മരുന്നു വ്യാപാര രംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും നീതി മെഡിക്കൽ ശൃംഖല വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(സി) കൺസ്യൂമർഫെഡ് നീതി ഗ്യാസിന്റെ വിതരണ ഏജൻസി എന്ന നിലയിൽ പ്രവർത്തിക്കുന്നതിനുപകരം ഗ്യാസ് ഫിൽ ചെയ്തു നൽകുന്ന ഏജൻസിയായി പ്രവർത്തിച്ച് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാണ് കൺസ്യൂമർഫെഡ് ഉദ്ദേശിക്കുന്നത്. പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ഇതിലേക്കാവശ്യമായ മരുന്നുകൾ കൺസ്യൂമർഫെഡറേഷൻവഴി വാങ്ങി മരുന്നു വിൽപ്പന മുന്നോട്ടു കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

## സെൻട്രലൈസ്ഡ് ബഡ്ജറ്ററി കൺട്രോൾ സിസ്റ്റം

28 (*658) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവിനിയോഗം ക്രമീകരിക്കുന്നതിനും ശരിയായ രീതിയിൽ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനമായ സെൻട്രലൈസ്ഡ് ബഡ്ജറ്ററി കൺട്രോൾ സിസ്റ്റത്തിന്റെ വിശദാംശങ്ങൾ നല്കുമോ;

(ബി) ബഡ്ജറ്റ് മാനേജ്മെന്റ് സിസ്റ്റം എന്ന വെബ് അധിഷ്ഠിത സംവിധാനത്തിന്റെ വിശദാംശങ്ങൾ നല്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ചെലവുകളുടെ സൂക്ഷ്മവും കാര്യക്ഷമവുമായ വിനിയോഗത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-സി) ധനവിനിയോഗം ക്രമീകരിക്കുന്നതിനും ശരിയായ രീതിയിൽ നിരീക്ഷിക്കുന്നതിനുമായി സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) സമീപ ഭാവിയിൽത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ധനവിനിയോഗത്തിന്റെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ സംവിധാനം വളരെയധികം സഹായകരമാകും. സംസ്ഥാന സർക്കാരും ഭാരത സർക്കാർ, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുതലായവയും തമ്മിലുള്ള പണമിടപാടുകളുടെ അതിയന്ത്രവൽക്കരണത്തിലൂടെയുള്ള സമഗ്രമായ സംയോജനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ട്രഷറി ഇടപാടുകൾക്കായി ഇ-ട്രഷറി സംവിധാനം, ഓൺലൈൻ വഴി ബഡ്ജറ്റ് എസ്റ്റിമേറ്റ് സ്വീകരിക്കുന്നതിനായി ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (BMS), വകുപ്പുതല ധനവിനിയോഗത്തിനായി ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം (BAMS), ട്രഷറികളിൽ ബില്ലുകൾ സമർപ്പിക്കുന്നതിനായി ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (BIMS), വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് ത്വരിതപ്പെടുത്തുന്നതിനായി വെയ്സ് ആന്റ് മീൻസ് സിസ്റ്റം (WAMS) എന്നീ ഓൺലൈൻ സംവിധാനങ്ങൾ

ഇതിനോടകംതന്നെ നടപ്പിലാക്കിയിട്ടുണ്ട്. 2014 ഒക്ടോബർ മുതൽ ജീവനക്കാരുടെ ശമ്പള ബില്ലുകളുടെ സമർപ്പണം സ്പാർക്ക് (സർവ്വീസ് ആന്റ് പേറോൾ അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററി ഫോർ കേരള-SPARK) വഴി നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും ഫലപ്രദമാക്കുന്നതിനും ഒരു ഓഫീസിന് ഒരു ഡ്രോയിംഗ് ഓഫീസർ എന്ന സംവിധാനം ഇതിനോടകംതന്നെ ആവിഷ്കരിച്ചിട്ടുണ്ട്. ട്രഷറി അക്കൗണ്ടുകളുടെ സമാഹരണവും കൂട്ടിച്ചേർക്കലുകളും ഇപ്പോൾ നടപ്പിലാക്കുന്നത് ഇലക്ട്രോണിക് സംവിധാനം വഴിയാണ്. സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിലേക്ക് ട്രഷറി വകുപ്പിന്റെ സെർവറുകളുടെയും നെറ്റ്‌വർക്കുകളുടെയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി വകുപ്പുകളുടെ ധനവിനിയോഗത്തിന്റെ ദൈനംദിന അവലോകനം നടത്താൻ സാധിക്കും. കൂടാതെ വകുപ്പുകൾ അവയുടെ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽത്തന്നെ ധനവിനിയോഗം നടത്തുന്നുവെന്നും ഉറപ്പു വരുത്താൻ സാധിക്കും. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെങ്കിലും സാമൂഹ്യവും സാമ്പത്തികവുമായ വികസന ശീർഷകങ്ങളിലുള്ള പൊതുചെലവിന്റെ പ്രാമുഖ്യം കണക്കിലെടുത്ത് ചെലവിനെ ന്യായയുക്തമാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു.

### ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കൽ

29 (*659) <u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. എം. എം. മണി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം മാർക്കറ്റിംഗ് വിപുലപ്പെടുത്തി കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി നൂതന പ്രചാരണ പരിപാടികൾ ആവിഷ്ക്കരിച്ചുവരുന്നു. ഇതിനായി മുൻ വർഷങ്ങളിൽ നടത്തിയിരുന്ന പദ്ധതികൾ, സോഷ്യൽ മീഡികൾ ഉപയോഗപ്പെടുത്തിയുള്ള പ്രചരണ പരിപാടികൾ ഉൾപ്പെടെ തുടർന്നുവരുന്നു. കേരളത്തെ ഒരു ഹണിമൂൺ ഡെസ്റ്റിനേഷനാക്കി പരിചയപ്പെടുത്തുവാനുതകുന്ന സോഷ്യൽ മീഡിയ പ്രചരണ പരിപാടികൾ, മൊബൈൽ ആപ്പുകൾവഴി കേരള ടൂറിസത്തിന്റെ വെബ്സൈറ്റിന്റെ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുന്നതിനായുള്ള പദ്ധതി, കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ഡെസ്റ്റിനേഷനുകളുടെ $360^0$ വീഡിയോ ലഭ്യമാക്കുന്നതിലേക്കായുള്ള പദ്ധതി, 'ഡിവൈൻ തിയേറ്റർ' എന്ന പേരിൽ ഓൺലൈൻ ഫിലിം നിർമ്മാതാക്കൾക്ക് കേരളത്തെക്കുറിച്ച് ഫിലിം നിർമ്മിക്കുന്നതിനും മറ്റുമായുള്ള ഒരു പ്രചരണ പദ്ധതി, യു.എസ്.എ., ബ്രിട്ടൻ, ജർമ്മനി, ഫ്രാൻസ്, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ രാജ്യങ്ങളിലുള്ളവർക്ക് മാത്രമായി 'വാർ ഓഫ് കപ്പിൾസ്' എന്ന ഒരു സോഷ്യൽ മീഡിയ പ്രചരണ പരിപാടി എന്നീ പരിപാടികൾ പുതിയതായി ആവിഷ്ക്കരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നടപ്പാക്കിയ 'കേരള ബ്ലോഗ് എക്സ്പ്രസിസ്' എന്ന പരിപാടിയുടെ വിജയം മുൻനിർത്തി ഈ പ്രചരണ പരിപാടി ഈ വർഷവും തുടരുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) ടൂറിസം വികസനത്തിനുവേണ്ടി വിദേശ രാജ്യങ്ങളിൽ സംഘടിപ്പിക്കുന്ന പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നത് കൂടാതെ റോഡ് ഷോകളും B2B മീറ്റിംഗുകളും സംഘടിപ്പിച്ചുവരുന്നു. പ്രചരണ പരിപാടികളുടെ ഭാഗമായി അച്ചടി, ദൃശ്യമാധ്യമങ്ങളിൽ കേരളത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യ പ്രചരണ പരിപാടികളും നടത്തിവരുന്നു. 'കേരള ടൂറിസം' എന്ന ബ്രാൻഡിന്റെ മാർക്കറ്റിംഗിനായി മുൻ പിരിവിലെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രചരണ പരിപാടികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

**കെ.എസ്.ഇ.ബി.-യെ രക്ഷിക്കാൻ നടപടി**

30 (*660) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രഥമ സ്ഥാനം കെ.എസ്.ഇ.ബി.-ക്ക് ആണെന്നതും പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ നഷ്ടം 1272.90 കോടി രൂപയാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-14 -ൽ 75.02 കോടി രൂപയുടെ മാത്രം നഷ്ടമുണ്ടായിരുന്ന ഈ സ്ഥാപനത്തിന് നിലവിൽ ഇത്രയും വലിയ തുകയുടെ നഷ്ടം ഉണ്ടാകുവാൻ കാരണമെന്തെന്ന് വിവരിക്കുമോ;

(സി) അഴിമതിയും കെടുകാര്യസ്ഥതയുമാണ് ഈ സ്ഥാപനത്തെ നഷ്ടത്തിലാക്കിയതെന്ന പത്രമാധ്യമങ്ങളിലെ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരമുള്ള ഒരു തകർച്ചയിൽ നിന്നും കെ.എസ്.ഇ.ബി.-യെ രക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം 1272.90 കോടി രൂപയായിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 313.29 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്.

(ബി) ആഡിറ്റ് കണക്കുപ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ നഷ്ടം 732.08 കോടി രൂപയാണ്. കെ.എസ്.ഇ.ബി. 31-10-2013-ലെ G.O.(P) No.46/2013/PD പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയായി. 1-4-2013 മുതൽ 31-10-2013 വരെയുള്ള കാലയളവിലെ നഷ്ടം 707.83 കോടി രൂപയും 1-11-2013 മുതൽ 31-3-2014 വരെയുള്ള 5 മാസക്കാലയളവിലെ നഷ്ടം 24.25 കോടി രൂപയുമാണ്. രണ്ടുംകൂടി ചേർത്ത് സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടം 732.08 കോടി രൂപയാണ്. ആവശ്യകതയ്ക്കനുസരിച്ച് ആഭ്യന്തര ഉൽപ്പാദനം ഇല്ലാത്തതിനാൽ പുറമേനിന്ന് വൈദ്യുതി വാങ്ങി താങ്ങാവുന്ന വിലയ്ക്ക് വിതരണം ചെയ്യേണ്ടിയും വരുന്നുണ്ട്. വൈദ്യുതി ഉൽപ്പാദന, പ്രസരണ, വിതരണ ചെലവുകളിൽ കാലാകാലങ്ങളായുണ്ടാകുന്ന വർദ്ധനയ്ക്കനുസൃതമായി വൈദ്യുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് കാലാനുസൃതമായി വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

(സി) ഇത്തരം വാർത്തകൾ മാധ്യമങ്ങളിൽ വരുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ വസ്തുതകൾ അന്വേഷിച്ച് നടപടി എടുക്കാൻ നിർദ്ദേശം നൽകാറുണ്ട്.

(ഡി) കെ.എസ്.ഇ.ബി.-യുടെ നഷ്ടം കുറച്ച് ലാഭത്തിലാക്കാൻ ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.

1. ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കുന്നതാണ്.

2. കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി'-യുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതിപ്രകാരം 'AT&C LOSS'-ഉം 'റവന്യൂ ഗ്യാപ്പ്'-ഉം കുറയ്ക്കുന്നതിനും നടപടിയെടുക്കുന്നതാണ്. മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾവഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ നഷ്ടം കുറച്ചു കൊണ്ടുവരുവാനാണ് ശ്രമിക്കുന്നത്. കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽനിന്നും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമായി വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട ഏകദേശം 1200 കോടി രൂപ ലഭ്യമാകുമ്പോൾ ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യത ഗണ്യമായി കുറയുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആസ്തി വികസന ഫണ്ട്

1(5461) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജക മണ്ഡലത്തിൽ 2015-16 കാലയളവിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോന്നിനും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബാക്കി തുക ശേഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 2011 മുതൽ അഞ്ച് വർഷകാലയളവിൽ, ഓരോ വർഷവും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകയുടെയും, പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയുമോ?

ഉത്തരം

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ 2015-16 കാലയളവിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും നടപ്പിലാക്കുന്നതിനായി ധനാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും അനുബന്ധമായി നൽകുന്നു.* ആകെ വകയിരുത്തിയ 20 കോടി രൂപയിൽ 2.92 കോടി രൂപ ബാക്കിയുണ്ട്.

(ബി) 2012-13 മുതലാണ് ആസ്തി വികസന ഫണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ ധനാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും അനുബന്ധമായി ചേർക്കുന്നു.* ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ക്ഷേമ പെൻഷനുകൾ**

2(5462) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധികളിൽ അംഗങ്ങളായി വിഹിതം അടയ്ക്കുകയും കാലാവധി എത്തുമ്പോൾ പെൻഷൻ ലഭിച്ചുവരികയും ചെയ്യുന്നവർക്ക് ക്ഷേമ പെൻഷനുകൾക്ക് അപേക്ഷിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒരേ സമയം രണ്ടുതരം പെൻഷനുകൾ വാങ്ങരുതെന്ന വ്യവസ്ഥ ഇത്തരക്കാരുടെ കാര്യത്തിൽ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 15-8-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ.324/2016/ധന നമ്പർ ഉത്തരവ് പ്രകാരം ക്ഷേമനിധി ബോർഡുകളുടെ സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്നിനുകൂടി അർഹതയുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന പെൻഷന്റെ കേന്ദ്രവിഹിതം മാത്രമേ ഗുണഭോക്താക്കൾക്ക് ലഭിക്കുകയുള്ളൂ.

(ബി) ഉണ്ട്. നിലവിലെ നിയമമനുസരിച്ച് ഏതെങ്കിലും ഒരു ക്ഷേമനിധിയിൽ മാത്രമേ ഒരാൾക്ക് അംഗത്വം പാടുള്ളൂ. സർക്കാർ വിഹിതം ഉപയോഗിച്ച് പെൻഷൻ അനുവദിക്കുന്ന ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി

3 (5463) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴി വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനുള്ള പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ഇതിനുശേഷം ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബിവഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തതയുണ്ടാവൂ. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനുള്ള പ്രവൃത്തികൾ കിഫ്ബിവഴി നടപ്പിലാക്കാൻ തീരുമാനമായിട്ടില്ല.

## മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ

4 (5464) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ കുറിച്ച് പ്ലാനിംഗ് ബോർഡ് വർക്കിംഗ് ഗ്രൂപ്പ് നടത്തിയ പഠനങ്ങൾ എന്തെല്ലാം; സർക്കാരിന് വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ എണ്ണം എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെക്കുറിച്ച് പ്ലാനിംഗ് ബോർഡ് വർക്കിംഗ് ഗ്രൂപ്പ് നടത്തിയ പഠനങ്ങളുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 156 മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് വിവിധ ജില്ലകളിലായി 4236 ബ്രാഞ്ചുകളുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ ബ്രാഞ്ചുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ബ്രാഞ്ചുകൾ |
|---|---|
| ആലപ്പുഴ | 335 |
| എറണാകുളം | 568 |
| ഇടുക്കി | 174 |
| കണ്ണൂർ | 92 |
| കാസർഗോഡ് | 72 |
| കൊല്ലം | 365 |
| കോട്ടയം | 403 |
| കോഴിക്കോട് | 272 |
| മലപ്പുറം | 231 |
| പാലക്കാട് | 262 |
| പത്തനംതിട്ട | 389 |
| തിരുവനന്തപുരം | 537 |
| തൃശ്ശൂർ | 480 |
| വയനാട് | 56 |
| ആകെ | 4236 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജി.എസ്.ഡി.പി. വളർച്ചാനിരക്ക്

5 (5465) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ജി.എസ്.ഡി.പി. വളർച്ചാ നിരക്ക് ദേശീയ ശരാശരിയെക്കാൾ താഴെയായിരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിരുന്നോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) വളർച്ചാ നിരക്ക് കുറയുന്നതിനോടൊപ്പം അറബ് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി നിക്ഷേപം കുറഞ്ഞുവരുന്നത് സംസ്ഥാന സമ്പദ്ഘടനയെ പ്രതിസന്ധിയിലാക്കാതിരിക്കാനായി എന്തു സാമ്പത്തിക തന്ത്രമാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(സി) പ്രവാസി നിക്ഷേപം പ്രത്യുൽപ്പാദനപരമായ മേഖലകളിലേക്ക് വഴിതിരിച്ചു വിട്ട് സാമ്പത്തികോന്നമനം സാധ്യമാക്കുന്നതിനായി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ യുക്തമായ സംവിധാനം സൃഷ്ടിക്കുമോ?

ഉത്തരം

(എ) സമ്പദ്ഘടനയിലെ മുരടിപ്പുമൂലം രണ്ടു പതിറ്റാണ്ടുകൾക്കുശേഷം ആദ്യമായി സാമ്പത്തിക വളർച്ച ദേശീയ ശരാശരിയുടെ പിന്നിലായിട്ടുണ്ട്. ആഗോള സാമ്പത്തിക പ്രതിസന്ധിയും തൽഫലമായി വികസിത രാജ്യങ്ങളിലുണ്ടായ വളർച്ചാമാന്ദ്യവും കാരണം ഉണ്ടായിട്ടുള്ള കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, നിർമ്മാണ മേഖലയിലെ മാന്ദ്യം, സേവന മേഖലയിലെ തൊഴിലവസരങ്ങളുടെ കുറവ്, ടൂറിസം മേഖലയിലെ തൊഴിൽ സാദ്ധ്യതകളിലും വരുമാനത്തിലുമുള്ള ഇടിവ്, ഗൾഫ് പ്രതിസന്ധി എന്നിവയാണ് വളർച്ചാ നിരക്ക് കുറയാനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

(ബി&സി) പ്രവാസികൾക്ക് നാട്ടിൽ നിക്ഷേപ സൗകര്യം നൽകുന്നതിനായി വ്യവസായ പാർക്കുകളിലും മറ്റും നിക്ഷേപം നടത്തുന്നതിന് പ്രത്യേക പരിഗണന നൽകുവാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്.

## എൽ.എ.സി. - എ.ഡി.എസ്. പ്രവൃത്തികൾ

6 (5466) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നടപടിക്രമങ്ങൾ ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ആസ്തി വികസന ഫണ്ട്

7(5467) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷം ആസ്തി വികസന ഫണ്ടിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നിർദ്ദേശിക്കപ്പെട്ടതെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) 2012-13-ൽ നിർദ്ദേശിച്ച ആലക്കോട് പഞ്ചായത്തിലെ രയരോം-ബീംബുംകാട് റോഡ് പ്രവൃത്തി റദ്ദുചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പകരമായി ശിപാർശ ചെയ്ത തേർത്തല്ലി-ചുങ്കസ്ഥാനം റോഡിന് എത്ര രൂപയാണ് അനുവദിച്ചത്;

(ഡി) 2015-16-ൽ ശിപാർശ ചെയ്ത രണ്ടുതെങ്ങ്-മിഡിലാക്കയം റോഡിന് ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇരിക്കൂർ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൻകീഴിൽ 2015-16 സാമ്പത്തികവർഷം ഭരണാനുമതിക്കായുള്ള ധനാനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തേർത്തല്ലി-ചുങ്കസ്ഥാനം റോഡിന് 50 ലക്ഷം രൂപയാണ് അനുവദിച്ചത്. ഈ പ്രവൃത്തി രയരോം-ബീംബുംകാട് റോഡ് എന്ന പ്രവൃത്തിക്ക് പകരമായല്ല അനുവദിച്ചത്.

(ഡി) രണ്ടുതെങ്ങ്-മിഡിലാക്കയം റോഡ് നവീകരണം എന്ന പ്രവൃത്തിക്കാവശ്യമായ ഫണ്ട് നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടില്ല.

**ആസ്തി വികസന ഫണ്ട്**

8(5468) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികളാണ് നിർദ്ദേശിച്ചതെന്നും, ഇതിൽ ഏതെല്ലാം പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) സ്കൂളുകൾക്ക് ബസ് വാങ്ങാൻ അനുവദിച്ച ഫണ്ട് ചെലവാക്കാൻ കഴിയാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇരിക്കൂർ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൻകീഴിൽ 2015-16 സാമ്പത്തികവർഷം ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ 6 ഗവൺമെന്റ് സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനായി 90 ലക്ഷം രൂപയുടെ ഭരണാനുമതി സ.ഉ.(സാധാ) നമ്പർ.991/2016/പൊ.വി.വ. പ്രകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള ഫണ്ട് റിക്വിസിഷനും ഹാൻഡ് റെസീപ്റ്റും പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കാത്തതിനാൽ ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സാധിച്ചിട്ടില്ല.

**ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

9(5469) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ 2015-16 വർഷത്തിൽ ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിക്കാത്ത പ്രവർത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ബാലുശ്ശേരി മണ്ഡലത്തിൽ 2015-16 വർഷത്തിൽ ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികളിൽ ഉണ്ണികുളം, ശിവപുരം എച്ച്.എസ്.എസ്.-ൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കൽ (പൊതു വിദ്യാഭ്യാസ വകുപ്പ്), ബാലുശ്ശേരിയിലെ ആറ് സ്ഥലങ്ങളിൽ ബസ് ഷെൽട്ടറുകൾ നിർമ്മാണം (എൽ.എസ്.ജി.ഡി.) എന്നീ പ്രവൃത്തികൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ പരിശോധനയിലാണ്.

**കിഫ്ബിവഴി നടപ്പിലാക്കുന്ന പദ്ധതികൾ**

10(5470) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച വളാഞ്ചേരി റിംഗ് റോഡ്, കോട്ടയിക്കൽ-കോട്ടപ്പടി എന്നീ റോഡുകൾ കിഫ്ബി മുഖാന്തരം ഏറ്റെടുക്കുന്ന പദ്ധതികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബിവഴി നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക നിയോജക മണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ഇതിനുശേഷം ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബിവഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തതയുണ്ടാകൂ.

**ചരക്കു സേവന നികുതി**

11(5471) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കു സേവന നികതി ഏർപ്പെടുത്തുന്നതോടുകൂടി കേരളത്തിനുണ്ടാകുന്ന നഷ്ടം എപ്രകാരം നികത്താൻ കഴിയുമെന്നാണ് കേന്ദ്ര സർക്കാർ ഉറപ്പു നൽകുന്നത്; ഏറ്റവും ഒടുവിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലുള്ള ധാരണയുടെ വിശദവിവരം നൽകുമോ;

(ബി) ഈ വ്യവസ്ഥ കേരളത്തിന് ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ആയത് ദോഷകരമെങ്കിൽ ഏതെല്ലാം തരത്തിലാണ് കേരളത്തെ ബാധിക്കുന്നത്; വിശദ വിവരം നൽകുമോ?

ഉത്തരം

(എ-സി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാകയാലും സേവനങ്ങൾക്കുമേൽ സംസ്ഥാനത്തിന് നികുതി ചുമത്താമെന്നതിനാലും ഈ നികുതി സംവിധാനം കേരളത്തിന് ഗുണകരമാകും എന്നാണ് പൊതുവേ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

ജി.എസ്.ടി. നടപ്പാക്കുമ്പോൾ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അത് നികത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Services Tax Council-ന്റെ ശിപാർശയനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ ജി.എസ്.ടി. നടപ്പാക്കിയശേഷമുള്ള ആദ്യ അഞ്ച് വർഷങ്ങളിലേക്ക് സംസ്ഥാനങ്ങൾക്കുണ്ടാകാവുന്ന വരുമാനനഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താവിന് ലഭിക്കത്തക്ക വിധത്തിൽ ഒരു ഫോർമുല ജി.എസ്.ടി. കൗൺസിൽ രൂപപ്പെടുത്തിയെടുക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ IGST അക്കൗണ്ടിൽ മിച്ചം വരുന്ന തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ടതാണെന്നും വ്യാപാരിയിൽനിന്നും

ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേൽ വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ Credit, Divisible pool-ൽ ഉൾപ്പെടുത്തി അത് ഇറക്കുമതി സേവനം ലഭ്യമാക്കിയ സംസ്ഥാനത്തിന് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

### സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ടും ആസ്തി വികസന ഫണ്ടും

12(5472) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ കോവളം നിയോജക മണ്ഡലത്തിലെ സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ടും ആസ്തി വികസന ഫണ്ടും ചെലവഴിച്ചതിന്റെ വിശദവിവരം പദ്ധതി തിരിച്ച് തുക സഹിതംനൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ടും ആസ്തി വികസന ഫണ്ടും പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2011 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ കോവളം നിയോജക മണ്ഡലത്തിലെ സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ടും ആസ്തി വികസന ഫണ്ടും ചെലവഴിച്ചത് സംബന്ധിച്ച് വിവരം ശേഖരിച്ചുനൽകുന്നതാണ്.

### കിഫ്ബി പദ്ധതികൾ

13(5473) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റ് പ്രകാരം ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ പ്രഖ്യാപിച്ച മണ്ഡലത്തിലെ പദ്ധതികളിൽ 'കിഫ്ബി' വഴി നിർവ്വഹിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; വിശദമാക്കുമോ;

(സി) ഇവയുടെ ഭരണാനുമതിക്കുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ ഏറനാട് നിയോജക മണ്ഡലത്തിലേക്കായി 5 കോടി രൂപയും പ്രത്യേക വികസന നിധിയിലേക്കായി 1 കോടി രൂപയും 4250-00-800-99 എന്ന

ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും എഴുപത്തിയഞ്ച് ലക്ഷം രൂപ ജില്ലാ കളക്ടർക്ക് റിലീസ് ചെയ്തിട്ടുണ്ട്. മണ്ഡലത്തിലെ മറ്റ് പ്രവൃത്തികളെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക നിയോജക മണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ അനുമതി നൽകുന്ന പദ്ധതികളാണ് ഡി.പി.ആർ. അടക്കമുള്ള വിശദമായ രേഖകൾ സഹിതം ബോർഡിന്റെ പരിഗണനയ്ക്കുവരുന്നത്. ഈ ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബിവഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ.

## കിഫ്ബി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

14(5474) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ആദ്യ വർഷം ഏറ്റെക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി-യിലേക്ക് ഏതെങ്കിലും പദ്ധതി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി വഴി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ കരട് പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക നിയോജക മണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ വിശദമായ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ഇതിനുശേഷം ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബിവഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തതയുണ്ടാകൂ.

**ആസ്തി വികസന പദ്ധതി**

15(5475) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതികളിലേക്ക് സമർപ്പിക്കുന്ന പ്രവൃത്തികളുടെ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിൽ നേരിട്ട് നൽകുകയും ധനകാര്യ വകുപ്പ് മുഖേന എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് വകുപ്പുകളിലേക്ക് നൽകുകയും വേണമെന്ന വ്യവസ്ഥ കാലതാമസത്തിനിടയാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട വകുപ്പുകളുടെ താഴെത്തട്ടിൽ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും രേഖകൾ സഹിതം സർക്കാരിൽ ഭരണാനുമതിക്കായി ലഭ്യമാക്കുകയും ചെയ്യുന്ന രീതി അവലംബിക്കാൻ സർക്കാർ സന്നദ്ധമാവുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആസ്തി വികസന പദ്ധതിയിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ളതാണോയെന്ന് ധനകാര്യ വകുപ്പിൽ പരിശോധിക്കേണ്ടതുള്ളതിനാൽ വകുപ്പുകളുടെ താഴെത്തട്ടിൽ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നകാര്യം പരിഗണിക്കാനാവില്ല.

**കാരുണ്യ ബെനവലന്റ് സ്കീം**

16 (T* 5476) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മംഗലാപുരം, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിലെ ആശുപത്രികളിൽ ചികിത്സ തേടുന്ന കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ നിന്നുള്ള രോഗികൾക്ക്, കാരുണ്യ ബെനവലന്റ് സ്കീമിന്റെ ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

അനുവദിച്ചിട്ടില്ല. കർണ്ണാടകയിലെ ഇൻഡ്യാന ആശുപത്രി, ഫാദർ മുള്ളേഴ്സ് ആശുപത്രി, യേനപ്പോയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജ്, മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി. ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിലെ ചികിത്സയ്ക്ക് ആവശ്യമെങ്കിൽ പ്രത്യേകാനുമതി പ്രകാരം ചികിത്സാ അനുമതി നൽകാൻ കാരുണ്യ ബെനവലന്റ് സ്കീമിന്റെ അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാരുണ്യ ചികിത്സാ പദ്ധതി**

17(5477) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ പദ്ധതി വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വിപുലീകരണത്തിലൂടെ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ആലോചിക്കുന്നത്;

(സി) തികച്ചും ലാഭേച്ഛയോടുകൂടി മാത്രം പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സ തേടുന്നവർക്കാണ് ആദ്യഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന് വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി എം.ഒ.യു. ഒപ്പുവച്ചിട്ടുള്ളതുമായ 75 സർക്കാരിതര ആശുപത്രികളിലും 29 സ്വകാര്യ ഡയാലിസിസ് സെന്ററുകളിലും ചികിത്സാ സൗകര്യം ലഭ്യമാണ്.

ഇതുകൂടാതെ 27 താലൂക്കുതല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സയ്ക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിലും (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) താമരശ്ശേരി താലൂക്ക് ആശുപത്രിയിലും 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയവദാതാവിന് തുടർ ചികിത്സയ്ക്കായി ഈ പദ്ധതിയിൽനിന്നും 1 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയിൽനിന്നും നൽകുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഭാരിച്ച ചികിത്സാ ചെലവ് കണക്കിലെടുത്ത് ഓരോ രോഗിക്കും ചികിത്സാ ധനസഹായം പരിധിയില്ലാതെ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കാരുണ്യ ചികിത്സാ പദ്ധതിയിൽ നിലവിലുള്ള രോഗങ്ങൾക്കുപുറമേ ലിക്കോഡിസ്ട്രോഫൈ സ്ട്രോക്ക്, സ്പൈനൽ കോഡ് ഇൻജ്വറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ തുടർചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയുർവ്വേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാതു ജില്ലാ കളക്ടർമാരുടെ അക്കൗണ്ടുവഴി ചികിത്സാ ധനസഹായം നൽകുന്നകാര്യം പരിശോധിച്ചുവരുന്നു. കർണ്ണാടകത്തിലെ ഇൻഡ്യാന ആശുപത്രി, ഫാദർ മുള്ളേഴ്സ് ആശുപത്രി, യേനപ്പോയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജ്, മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി. ഹോസ്പിറ്റലുകൾ എന്നിവയെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയിൽനിന്ന് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി**

18(5478) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലൻറ് ഫണ്ട് പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ എത്ര തുക വിതരണം ചെയ്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കെ.ബി.എഫ്-ൽ നിന്ന് ആലപ്പുഴ ജില്ലയിൽ ധനസഹായം ലഭിച്ചവരുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ധനകാര്യ വകുപ്പിന്റെയും കെ.ബി.എഫ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെയും പ്രത്യേകാനുമതി ലഭിക്കാതെ മാറ്റിവച്ചിരുന്ന അപേക്ഷകളിന്മേൽ ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രത്യേകാനുമതിയിലൂടെ ചികിത്സാ ധനസഹായത്തിന് അർഹരായവരുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ആരംഭിച്ചതിനുശേഷം ഇതുവരെ അനുവദിച്ച തുക സംബന്ധിച്ച ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ആലപ്പുഴ ജില്ലയിൽ 13283 അപേക്ഷകർക്കായി 90.89 കോടി രൂപ ധനസഹായം അനുവദിച്ചു.

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 4-8-2016-ന് ചേർന്ന 25-ാമത് സംസ്ഥാനതല കമ്മിറ്റിയിൽ തീരുമാനം നമ്പർ 25/14 പ്രകാരം മാറ്റിവച്ചിരുന്നതും പ്രത്യേക അനുമതി പ്രകാരം ലഭിച്ചതുമായ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് കാരുണ്യ അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തുകയും ഇപ്രകാരം ലഭിച്ച അപേക്ഷകൾ ഡോക്ടർമാരുടെ സബ് കമ്മിറ്റി പരിശോധിച്ച് വരികയുമാണ്. ടി അപേക്ഷകളിന്മേൽ ഡോക്ടർമാരുടെ സബ് കമ്മിറ്റി ശിപാർശയനുസരിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രത്യേകാനുമതിയിലൂടെ ചികിത്സാ ധനസഹായത്തിന് അർഹരായ അപേക്ഷകരുടെ വിവരം ജില്ല തിരിച്ച് താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 104 |
| 2 | കൊല്ലം | 52 |
| 3 | പത്തനംതിട്ട | 35 |
| 4 | ആലപ്പുഴ | 74 |
| 5 | ഇടുക്കി | 125 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| 6 | കോട്ടയം | 452 |
| 7 | എറണാകുളം | 131 |
| 8 | തൃശ്ശൂർ | 58 |
| 9 | പാലക്കാട് | 26 |
| 10 | മലപ്പുറം | 57 |
| 11 | കോഴിക്കോട് | 37 |
| 12 | വയനാട് | 10 |
| 13 | കണ്ണൂർ | 32 |
| 14 | കാസർഗോഡ് | 16 |
| | ആകെ | 1209 |

**താമരശ്ശേരി മുൻസിഫ് കോടതി**

19 (5480) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി മുൻസിഫ് കോടതിയുടെ സുഗമമായ പ്രവർത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;

(സി) അപ്രകാരം ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) താമരശ്ശേരി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ട്.

(ബി) മന്ത്രിസഭയുടെ അനുമതിക്ക് വിധേയമായി താമരശ്ശേരി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ പുതുതായി താഴെപ്പറയും പ്രകാരം 8 അധിക തസ്തികകൾ

സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുകയുണ്ടായി.

| | | |
|---|---|---|
| ലോവർ ഡിവിഷൻ ക്ലർക്ക് | - | 2 |
| ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | - | 1 |
| അറ്റൻഡർ | - | 1 |
| പ്രോസസ് സെർവർ | - | 4 |
| ആകെ | - | 8 |

(സി) സ്വീകരിച്ചിട്ടുണ്ട്.

## ചെക്ക്പോസ്റ്റുകളുടെ നവീകരണം

20(5481) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം അതിർത്തി ചെക്ക്പോസ്റ്റുകളാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവർത്തനത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ പോകുന്ന വികസന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദാമാക്കുമോ ?

### ഉത്തരം

(എ) 2016-17-ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കേരളത്തിലെ ഏഴ് ചെക്ക്പോസ്റ്റുകൾ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റി നവീകരിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിൽ പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റ് ഉൾപ്പെട്ടിട്ടുണ്ട്.

(ബി) നവീകരണ പ്രക്രിയയുടെ ആദ്യഘട്ടത്തിൽ നിലവിൽ ആധുനിക വൽക്കരണത്തിനാവശ്യമായ അളവിൽ ഭൂമി ലഭ്യമായിട്ടുള്ള കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നീ ചെക്ക്പോസ്റ്റുകളെയാണ് ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുള്ളത്. ആയതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

വാളയാർ ചെക്ക്പോസ്റ്റിൽ ആധുനികവൽക്കരണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന വിഷയത്തിൽ സ്ഥലവാസികൾ നൽകിയ വ്യവഹാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി സ്ഥലമെടുപ്പ് നടപടികൾ ആവശ്യമെങ്കിൽ ചട്ടപ്രകാരം പുനരാരംഭിക്കണം എന്ന് ഉത്തരവിട്ടിരിക്കുകയാണ്. ഇതിനെത്തുടർന്ന് വാളയാറിൽ ആവശ്യമായ ഭൂമി നിലവിലെ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ചെക്ക്പോസ്റ്റുകളെ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളായി നവീകരിക്കുമ്പോൾ നിലവിലുള്ള ചെക്ക്പോസ്റ്റ് സംവിധാനത്തിലെ സങ്കീർണ്ണമായ വിഷയങ്ങളായ ഗതാഗതക്കുരുക്ക്, നടപടിക്കുരുക്കുകൾ എന്നിവ പൂർണ്ണമായും ഇല്ലാതാക്കുകയെന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽവരുന്ന ചെക്ക്പോസ്റ്റുകളെ ഒരു കുരയ്ക്ക് കീഴിൽ കൊണ്ടുവരുമ്പോൾത്തന്നെ നടപടിക്രമങ്ങൾ വളരെ ലളിതമായതായിത്തീരുന്നു. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ്‌വെയർവഴി ഫിൽറ്റർ ചെയ്ത് ഒരേ സമയംതന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാകുന്നതിനാൽ വാഹനം സെന്ററിനുള്ളിലേക്ക് കടന്നുവരുമ്പോൾ ഓരോ വകുപ്പുകൾക്കും കുറഞ്ഞ സമയംകൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടാൻ സാധിക്കുന്നു. സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ് ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, സി.സി.ടി.വി. ക്യാമറ, ബൂംബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച് വിവരങ്ങൾ അതാത് സമയംതന്നെ മറ്റ് ഡാറ്റകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നതിനാൽ ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത, വേഗത, സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുകയും നികുതി വരുമാനം വർദ്ധിക്കുന്നതിന് സഹായകമാവുകയും ചെയ്യുന്നു.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

21 (5482) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ഇല്ലാത്തതും എന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉള്ളതുമായ ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം

നിയോജക മണ്ഡലത്തിൽ ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് ഭരണാനുമതിയും, സ്പെഷ്യൽ സാങ്ഷനും നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ പൂർത്തിയാക്കൽ സമയബന്ധിതമാക്കുന്നതിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ പദ്ധതികളെയാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ഇതിനുശേഷം ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബിവഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തതയുണ്ടാകു. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനുള്ള പ്രവൃത്തികൾ കിഫ്ബിവഴി നടപ്പിലാക്കാൻ തീരുമാനമായിട്ടില്ല.

(ബി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പദ്ധതി നിർദ്ദേശം തയ്യാറാക്കുന്നതും സമർപ്പിക്കുന്നതും നിർവ്വഹിക്കുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെപ്പറയുംവിധമാണ്:

1. വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ഭരണ വകുപ്പിന്റെ അനുമതിയും മന്ത്രിസഭയുടെ അംഗീകാരവും അനിവാര്യമാണ്. 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും കിഫ്ബി മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ളതും സമാന സ്വഭാവമുള്ളതുമായ പദ്ധതികൾ സംയോജിപ്പിച്ച്

ആകെ 100 കോടി രൂപയ്ക്കു മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

2. പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതു കൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വി.-കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV-യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. എസ്.പി.വി.-കൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമേനിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വി.-കളുടെ ചുമതലയാണ്. ഇത് തയ്യാറാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെണ്ടറിംഗ് വഴിയുള്ള കൺസൾട്ടന്റ് നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന കൺസൾട്ടന്റ്സിന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും കിഫ്ബിയിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

4. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIFB ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്നപക്ഷം കിഫ്ബി ധനസഹായം നൽകുന്നതും എസ്.പി.വി. വഴി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു.

**ആസ്തി വികസന പദ്ധതി**

22 (5483) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 - 13, 2013 - 14, 2014 - 15, 2015 - 16 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതിയിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവർത്തികൾക്കാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയത്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ വർഷങ്ങളിൽ വിവിധ വകുപ്പുകളിൽ നിന്ന് ശിപാർശകൾ ലഭിച്ചിട്ടും ധനകാര്യ വകുപ്പ് അനുമതി നൽകാത്ത പദ്ധതികളിൽ കുറ്റ്യാടി മണ്ഡലത്തിൽ നിന്നുള്ള ഏതെങ്കിലുമുണ്ടോ;

(സി) എങ്കിൽ അനുമതി നൽകാനാകാത്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതിയിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ലഭ്യമാക്കിയ എല്ലാ പ്രവൃത്തികൾക്കും ധനാനുമതി നൽകിയിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

23(5484) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സർക്കാർ ജീവനക്കാർക്ക് ലഭിച്ചുവരുന്ന ഡി.സി.ആർ.ജി. ആനുകൂല്യം, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്കും ലഭിക്കാൻ അർഹതയുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ജീവനക്കാർക്കും ഡി.സി.ആർ.ജി. ലഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽപ്പെട്ട ജീവനക്കാരുടെ മരണശേഷം, ആശ്രിത നിയമനം ലഭിക്കുന്നതുവരെ, ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളം സമാശ്വാസമായി നൽകുമെന്ന മുൻ സർക്കാരിന്റെ 26-12-2012-ലെ ക്യാബിനറ്റ് തീരുമാനത്തെത്തുടർന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പുതിയ സർക്കാർ ഈ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പങ്കാളിത്ത പെൻഷൻകാർക്ക് മിനിമം പെൻഷൻ ഉറപ്പാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെയും ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കാൻ കേന്ദ്ര സർക്കാർ നിയമിച്ച പി.എഫ്.ആർ.ഡി.എ.-യുടെയും നിർദ്ദേശപ്രകാരമാണ് കേന്ദ്ര സർക്കാരിലും കേരള സംസ്ഥാന സർക്കാരിലും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മറ്റ് ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഡി.സി.ആർ.ജി. ആനുകൂല്യം സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് നിലവിൽ അനുവദിച്ചിട്ടില്ല. അനുവദിക്കുന്നതിനുള്ള നടപടികളൊന്നുംതന്നെ ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ വിഭാഗം ജീവനക്കാരുടെ ആശ്രിതർക്ക് വ്യവസ്ഥകളോടെ അയാൾ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% തുക അനുവദിച്ചുകൊണ്ട് 31-8-2016 സ.ഉ. (അച്ചടി) നമ്പർ. 126/2016/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 1-4-2013-നുശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10%വും (10% of pay + DA) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് പി.എഫ്.ആർ.ഡി.എ. നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിക്കപ്പെട്ട തുകയിൽനിന്നും അയാൾക്ക് പെൻഷൻ വിഹിതം അന്വിറ്റി ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി. പി.എഫ്.ആർ.ഡി.എ. ആക്ട് പ്രകാരം നിക്ഷേപത്തിനനുസൃതമായി ലഭിക്കുന്ന തുകയ്ക്ക് മാത്രമേ വിരമിക്കുന്ന സമയത്ത് അയാൾക്ക് അർഹതയുള്ളൂ.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

24(5485) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിയമനം ലഭിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയത് എന്നു മുതലാണ്; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ടവരുടെ വിരമിക്കൽ പ്രായം എത്രയാണ്;

(സി) ഈ പദ്ധതിയുടെ ഫണ്ട് മാനേജരായി ഏത് സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; ഇതിന്റെ മാനദണ്ഡമെന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന ട്രഷറിയെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഈ പദ്ധതിയുടെ ഫണ്ട് മാനേജരായി സംസ്ഥാന ട്രഷറിയെ നിശ്ചയിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 7-1-2013-ലെ സ.ഉ. (പി) നമ്പർ. 20/2013/ധന ഉത്തരവുപ്രകാരം 1-4-2013-നുശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്കാണ് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിരിക്കുന്നത്. 1-4-2013-നുശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10%-വും (10% of pay+DA) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് പി.എഫ്.ആർ.ഡി.എ. നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിക്കപ്പെട്ട തുകയിൽനിന്നും അയാൾക്ക് പെൻഷൻ വിഹിതം അന്വിറ്റിയായി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായിരിക്കുമെന്ന് കേന്ദ്ര സർക്കാരും പി.എഫ്.ആർ.ഡി.എ.-യും വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനനുസരിച്ച് 31-10-2014-ലെ സ.ഉ.(പി) നമ്പർ. 469/2014/ധന പ്രകാരം സംസ്ഥാനത്തും വിരമിക്കൽ പ്രായം 60 വയസ്സായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെയും പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്ന എൻ.പി.എസ്. ട്രസ്റ്റിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയെയാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർമാരായി നിയമിച്ചിട്ടുള്ളത്.

(ഡി) ഇല്ല. ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956-ലെ SCRA (Securities Contracts (Regulation) Act, 1956) പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല.

(ഇ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(എഫ്) ബാധകമല്ല.

**കിഫ്ബിയുടെ പ്രവർത്തന പുരോഗതി**

25 (5486) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 20,000 കോടി രൂപയുടെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. തെരഞ്ഞെടുത്ത അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാവശ്യമായ മൂലധന നിക്ഷേപമാണ് ഈ പാക്കേജിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ, SEBI, RBI എന്നിവയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായ സംവിധാനങ്ങളും മാർഗ്ഗങ്ങളുമുപയോഗപ്പെടുത്തി പൊതുവിപണിയിൽനിന്നും ധനസമാഹരണം നടത്തി കിഫ്ബി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനനുയോജ്യമായ രീതിയിൽ 19-8-2016-ലെ ഓർഡിനൻസ് നമ്പർ 6/2016-ലൂടെ 1999-ലെ KIIF ആക്ട് സർക്കാർ ഭേദഗതി ചെയ്യുകയും അത് 19-8-2016-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നമ്പർ. 1464-ലൂടെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം വിവിധ വകുപ്പുകൾ കിഫ്ബിവഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങളിൽ 8-8-2016-ലെ സ.ഉ.(കൈ)നമ്പർ.315/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ KIIF ആക്ടിലെയും സ്കീമിലെയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്നപക്ഷം കിഫ്ബി ധനസഹായം നൽകുന്നതാണ്. പുതുക്കിയ 2016-17 ബഡ്ജറ്റിലൂടെ കിഫ്ബിക്ക് ഉറപ്പാക്കിയിട്ടുള്ള 10% മോട്ടോർ വാഹന നികുതി, പെട്രോളിന്മേലുള്ള സെസ്സ് എന്നിവയുടെ വിഹിതം അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിനായി കിഫ്ബിക്ക്

അനുവദിക്കപ്പെട്ട ശീർഷകത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അനായാസമായ പദ്ധതി നടത്തിപ്പിന് കൃത്യവും യുക്തവും ക്രമീകൃതവും സമയബന്ധിതവുമായ ധനസമാഹരണം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പദ്ധതി നിർദ്ദേശം തയ്യാറാക്കുന്നതും സമർപ്പിക്കുന്നതും നിർവ്വഹിക്കുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെപ്പറയുംവിധമാണ് :

1. വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന് ഭരണ വകുപ്പിന്റെ അനുമതിയും മന്ത്രിസഭയുടെ അംഗീകാരവും അനിവാര്യമാണ്. 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും കിഫ്ബി മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ളതും സമാന സ്വഭാവമുള്ളതുമായ പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടി രൂപയ്ക്കു മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

2. പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് എസ്.പി.വി. എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വി.-കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ എസ്.പി.വി.യെ- വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. എസ്.പി.വി.-കൾക്ക് പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമേനിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RfP) തയ്യാറാക്കുകയെന്നത് എസ്.പി.വി.-കളുടെ ചുമതലയാണ്. ഇതു തയ്യാറാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം കിഫ്ബി തയ്യാറാക്കിയിട്ടുള്ള General RfP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെണ്ടറിംഗ് വഴിയുള്ള കൺസൾട്ടന്റ്

നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന കൺസൾട്ടന്റ്സിന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും കിഫ്ബിയിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

4. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്ടിലെയും സ്കീമിലെയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുകയും എസ്.പി.വി. വഴി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു.

**നിലമ്പൂർ മണ്ഡലത്തിലെ പദ്ധതികൾ**

26(5487) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ളതും എന്നാൽ ഇതുവരെയായി ആരംഭിക്കാത്തതോ പൂർത്തിയാക്കാത്തതോ ആയ പദ്ധതികളുണ്ടെങ്കിൽ അവ ഏതെന്നും എന്തുകൊണ്ടെന്നും വിശദമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ നബാർഡ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ ഇനിയും ആരംഭിക്കാത്തതോ, മുഴുവനാക്കാത്തതോ ആയ പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 1. നിലമ്പൂരിൽ തേൻ മ്യൂസിയം ആരംഭിക്കുന്നതിനുവേണ്ടി 2016-17 ബഡ്ജറ്റ് ഭേദഗതി പത്രികയിൽ ഒരു ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.

2. 2016-17 ബഡ്ജറ്റിൽ എം.എൽ.എ.-എസ്.ഡി.എഫ്.-ലേക്ക് ഒരു കോടി രൂപ 4250-00-800-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും 75 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി ശിപാർശ സമർപ്പിക്കുന്നതും ഭരണാനുമതിയും സാങ്കേതികാനുമതിയും പുറപ്പെടുവിക്കുന്നതും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ്.

3. 2016-17 സാമ്പത്തിക വർഷം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ നിലമ്പൂർ മണ്ഡലത്തിലേക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എം.എൽ.എ. ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്കാണ് ധനാനുമതി നൽകുന്നത്. 2016-17 സാമ്പത്തിക വർഷം നിലമ്പൂർ നിയോജക മണ്ഡലത്തിൽനിന്നും ഇതുവരെ ഒരു പ്രവൃത്തിയും ശിപാർശ ചെയ്തിട്ടില്ല. മറ്റ് പദ്ധതികളെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

**വിദ്യാഭ്യാസ വായ്പ**

27(5488) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകളിൽ വിദേശ ഇന്ത്യാക്കാരിൽ നിന്നുള്ളത് ഉൾപ്പെടെയുള്ള നിക്ഷേപം എത്ര കോടി രൂപയാണ്; കേരളത്തിലെ ബാങ്കുകളിൽ നിന്നും വായ്പയായി അനുവദിച്ചിട്ടുള്ളത് എത്ര രൂപയാണ്; വായ്പാ-നിക്ഷേപ അനുപാതം എത്ര ശതമാനമാണ്;

(ബി) സംസ്ഥാനത്ത് പൊതുമേഖലയിലുള്ള ബാങ്കുകൾ ഉൾപ്പെടെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങളോ മാർഗ്ഗ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനതല ബാങ്കിംഗ് സമിതിയിൽ വിദ്യാഭ്യാസവായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പൊതു മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ തീരുമാനിക്കുകയോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും വിദ്യാഭ്യാസം നേടുന്നതിനായി വായ്പ ലഭ്യമാക്കുന്നതിന് ഒരു പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിനും ആവശ്യക്കാർക്ക് വായ്പ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജൂൺ 2016-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ബാങ്കുകളിലെ മൊത്തം നിക്ഷേപം 437946 കോടി രൂപ, വിദേശ നിക്ഷേപം - 142669 കോടി രൂപ, വായ്പ - 282556 കോടി രൂപ, വായ്പാ നിക്ഷേപ അനുപാതം - 64.52%.

(ബി) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്ന കാര്യത്തിൽ ബാങ്കുകൾ വിമുഖത കാണിക്കുന്നു എന്ന പ്രസ്താവന പൂർണ്ണമായും ശരിയല്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2015-16) മാത്രമായി 1532 കോടി രൂപയാണ് 47042 അക്കൗണ്ടുകളിൽ വിദ്യാഭ്യാസ വായ്പയായി നൽകിയിട്ടുള്ളത്. 2016 ജൂൺ മാസത്തെ കണക്കനുസരിച്ച് നിലവിലുള്ള വിദ്യാഭ്യാസ വായ്പ 366274 അക്കൗണ്ടുകളിലായി 9816 കോടി രൂപയാണ്. മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വായ്പ നൽകുന്നതിന് എല്ലാ ബാങ്കുകളും ഐ.ബി.എ.-യുടെ മാർഗ്ഗനിർദ്ദേശമാണ് പിന്തുടരുന്നത്. (പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.)* മാനേജ്മെന്റ് ക്വാട്ടയിലുള്ള പ്രവേശനത്തിന് അതാത് ബാങ്കുകൾക്ക് മാനദണ്ഡം നിശ്ചയിക്കുവാനുള്ള അനുമതി ഭാരതീയ റിസർവ് ബാങ്ക് നൽകിയിട്ടുണ്ട്.

(സി) മെറിറ്റ് അടിസ്ഥാനത്തിലുള്ള പ്രവേശനത്തിന് ഐ.ബി.എ.-യുടെ മാർഗ്ഗനിർദ്ദേശമാണ് സംസ്ഥാനത്ത് പിന്തുടരുന്നത്. മാനേജ്മെന്റ് ക്വാട്ടയിലെ പ്രവേശനത്തിന് കേരളത്തിൽ എസ്.എൽ.ബി.സി. ഒരു പൊതു മാനദണ്ഡം രൂപപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.)*

(ഡി) മേൽപ്പറഞ്ഞ രണ്ടു മാർഗ്ഗനിർദ്ദേശങ്ങളും ഈ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

**ചികിത്സാ ധനസഹായ പദ്ധതി**

28 (5489) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് സമാഹരിച്ചത്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ചില രോഗങ്ങൾകൂടി ഉൾപ്പെടുത്തുവാനും മംഗലാപുരത്തുള്ള ചില ആശുപത്രികളെക്കൂടി പരിഗണിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കാരുണ്യ, കാരുണ്യപ്ലസ് എന്നീ പ്രതിവാര ലോട്ടറികളിൽ നിന്നുള്ള അറ്റാദായമാണ് പദ്ധതി നടത്തിപ്പിനായി വിനിയോഗിക്കുന്നത്.

**മെഡിക്കൽ അഡ്വാൻസ്**

29 (5490) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ അഡ്വാൻസ് ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി അപേക്ഷകളിൽ വേഗത്തിൽ തീരുമാനം എടുക്കുന്ന തരത്തിൽ ഇടയ്ക്കുള്ള തട്ടുകൾ ഒഴിവാക്കുന്ന കാര്യം ആലോചിക്കുമോ;

(സി) മെഡിക്കൽ അഡ്വാൻസിനുള്ള അപേക്ഷകൾ ഓൺലൈനാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ അഡ്വാൻസ് ലഭിക്കുന്നത് സംബന്ധിച്ച അപേക്ഷകളിന്മേൽ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ത്വരിതഗതിയിലാണ് ധനകാര്യ വകുപ്പിൽ നടപടികൾ സ്വീകരിച്ചു വരുന്നത്. ആയതിനാൽ കാലതാമസം നേരിടാറില്ല.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളിൽ കഴിയുന്നതും ലഭ്യമാകുന്ന അന്നുതന്നെ നടപടികൾ പൂർത്തിയാക്കി ഫയൽ മടക്കുന്ന സ്ഥിതിവിശേഷമാണ് ധനകാര്യ വകുപ്പിൽ നിലവിലുള്ളത്. ഫയൽ ചംക്രമണവുമായി ബന്ധപ്പെട്ട് അത്യന്താപേക്ഷിതമായ രണ്ടു തട്ടുകൾ മാത്രമാണ് ഈ വകുപ്പിലുള്ളത്. ആയതിനാൽ ഈ രണ്ട് തട്ടുകളും ഒഴിവാക്കാൻ കഴിയുന്നതല്ല.

(സി) ഭരണവകുപ്പിൽ ലഭ്യമാകുന്ന അപേക്ഷകൾ ധനപരമായ അംഗീകാരത്തിനായാണ് ഈ വകുപ്പിൽ ലഭ്യമാകുന്നത്. അപേക്ഷകൾ നേരിട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാകാത്തതിനാൽ ബാധകമല്ല.

## കിഫ്ബി പ്രവൃത്തികൾ

30(5491) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഏതെല്ലാം പദ്ധതികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയതെന്ന ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ കിഫ്ബിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മീറ്റിംഗ് വിളിച്ചുകൂട്ടാൻ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളോട് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളോട് എന്നറിയിക്കുമോ;

(ഡി) കിഫ്ബിയിൽ ഇനിയുൾപ്പെടുത്താൻ പോകുന്ന, പ്രസ്തുത മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ പദ്ധതികളെയാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ഇതിനുശേഷം ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബിവഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തതയുണ്ടാകുകയുള്ളൂ. വകുപ്പുതല അവലോകന യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും കിഫ്ബി നൽകിയിട്ടില്ല.

## ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്

31(5492) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് പേഴ്സണൽ ഇൻഷ്വറൻസ് എന്നു മുതലാണ് ആരംഭിച്ചത്;

(ബി) ഈ പദ്ധതി പ്രകാരം ജീവനക്കാർക്ക് ഏതു തരത്തിലുള്ള അപകടങ്ങൾക്കാണ് ധനസഹായങ്ങൾ നൽകി വരുന്നത്; വിശദാംശം നൽകുമോ;

(സി) ഇതിനകം ഈ പദ്ധതിയിൽനിന്നും എത്ര ജീവനക്കാർക്ക് എന്തു തുക ധനസഹായം അനുവദിച്ചിട്ടുണ്ട്;

(ഡി) ജീവനക്കാരിൽ നിന്നും ഇതുവരെ എന്തു തുക ഇൻഷ്വറൻസ് ഇനത്തിൽ പിരിച്ചിട്ടുണ്ട്; ഏതു ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 29-5-2007-ലെ സ.ഉ. (അച്ചടി) നമ്പർ. 221/2007/ധന പ്രകാരമാണ് സർക്കാർ ജീവനക്കാർക്കുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് ആരംഭിച്ചത്.

(ബി) ഈ പദ്ധതി പ്രകാരം ഈ സ്കീമിൽ അംഗമായിട്ടുള്ള ജീവനക്കാർക്ക് അപകടമരണം, അപകടംമൂലം രണ്ട് കൈയോ കാലോ നഷ്ടപ്പെടുക അല്ലെങ്കിൽ രണ്ട് കണ്ണുകളുടെ കാഴ്ച നഷ്ടപ്പെടുക, അപകടംമൂലം ഒരു കണ്ണും ഒരു കാലോ കൈയോ നഷ്ടപ്പെടുക, അപകടംമൂലം സ്ഥിരമായതും പൂർണ്ണമായതുമായ അംഗവൈകല്യം സംഭവിക്കുക എന്നിവയ്ക്ക് 10 ലക്ഷം രൂപയും അപകടംമൂലം ഒരു കാല്, ഒരു കൈ അല്ലെങ്കിൽ ഒരു കണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെടുക എന്നിവയ്ക്ക് 5 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകി വരുന്നു.

(സി) ഇതിനകം ഈ പദ്ധതിയിൽനിന്നും 716 ജീവനക്കാർക്കായി ആകെ 60,01,66,668 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ജീവനക്കാരിൽനിന്നും ഇതുവരെ 95,85,05,467 രൂപ ഇൻഷ്വറൻസ് ഇനത്തിൽ പിരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്.

## കാർഷിക മേഖലയിലുണ്ടായ തിരിച്ചടി

32 (5493) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. വിജയദാസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവത്ക്കരണ നയങ്ങളുടെ ഫലമായി കാർഷിക മേഖലയിലുണ്ടായ തിരിച്ചടി സംസ്ഥാന സമ്പദ്ഘടനയിലുണ്ടാക്കാനിടയുള്ള കനത്ത ആഘാതം പരിഹരിക്കാനായി ഏതു വിധത്തിലുള്ള തന്ത്രങ്ങളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) വളർച്ചാ നിരക്ക് ഉയർത്തുന്നതോടൊപ്പം സാമൂഹ്യ നീതി ഉറപ്പുവരുത്താനായി എന്തു മാർഗ്ഗമാണ് ആലോചിക്കുന്നത്;

(സി) നവീന സേവന-വ്യവസായ മേഖലകളുടെ വളർച്ചയ്ക്കുവേണ്ട പദ്ധതികൾ രൂപീകരിക്കുന്നതിനോടൊപ്പം പാർശ്വവത്ക്കരിക്കപ്പെട്ട് പരമ്പരാഗത തൊഴിൽ മേഖലയെ ആശ്രയിക്കാൻ നിർബന്ധിതരായ ഗണ്യമായ ജനവിഭാഗങ്ങളുടെ പുരോഗതിക്ക് ആവിഷ്കരിക്കാനുദ്ദേശിക്കുന്ന വികസന തന്ത്രത്തിന്റെ രൂപരേഖ അറിയിക്കാമോ?

### ഉത്തരം

(എ&ബി) ആഗോള സാമ്പത്തികവൽക്കരണത്തിന്റെയും സാമ്പത്തിക മാന്ദ്യത്തിന്റെയും പ്രത്യാഘാതങ്ങളിൽനിന്ന് സംസ്ഥാനത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിനായി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്.

(സി) പരമ്പരാഗത തൊഴിൽമേഖലയെ ആശ്രയിക്കുന്ന സാധാരണ ജനങ്ങളുടെ സംരക്ഷണത്തിനും പുരോഗതിക്കുമായി സർക്കാർ നടപ്പിലാക്കാൻ പോകുന്ന പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

- കാർഷിക മേഖലയുടെ നിക്ഷേപത്തിലുണ്ടായ ഇടിവ് നികത്താനായി കാർഷിക പദ്ധതിയുടെ അടങ്കൽ 600 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
- റബ്ബറിന്റെ വിലത്തകർച്ചയിൽനിന്നും കർഷകർക്ക് സംരക്ഷണം നൽകുന്നതിന് റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്തുന്ന വില സ്ഥിരതാ പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- സാധാരണക്കാർ കൂടുതലായി പണിയെടുക്കുന്ന മേഖലയായ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ സന്നദ്ധതയുള്ളവർക്ക് 100 ദിവസത്തെ പണി നൽകുന്നതിനുള്ള തീവ്രയജ്ഞത്തിന് മുൻകൈ എടുക്കും.

- മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസാശ്വാസ പദ്ധതി 1800 രൂപയിൽ നിന്നും 3600 രൂപയാക്കി ഉയർത്തും.

- മത്സ്യത്തൊഴിലാളികൾ സുരക്ഷിത മേഖലയിലേക്ക് മാറിത്താമസിക്കുന്നതിന് സഹായം നൽകും.

- കയർ വ്യവസായത്തെയും കയർ തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി കയർ മേഖലയുടെ അടങ്കൽ 232 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

- കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനും അവയുടെ നവീകരണത്തിനും കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിനും പദ്ധതികൾ നടപ്പിലാക്കും.

- കൈത്തറി, ഖാദി വ്യവസായ മേഖലയിൽ മാർക്കറ്റ് ഇടപെടലിനും വരുമാന ഉറപ്പിനുമുള്ള പദ്ധതികൾ നടപ്പിലാക്കും.

- നാശോന്മുഖ പാരമ്പര്യ തൊഴിലുകളിൽ പ്രവർത്തിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ആർട്ടിസാൻസ് കോർപ്പറേഷൻ മുഖേന പദ്ധതി നടപ്പിലാക്കും.

- വർക്ക്ഷോപ്പ് ജീവനക്കാരുടെയും ഉടമസ്ഥരുടെയും ക്ഷേമനിധി ബോർഡ് വഴി പെൻഷൻ പദ്ധതി നടപ്പിലാക്കും.

## ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

33 (5494) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇടപാടുകൾ ക്രമീകൃതവും, ആസൂത്രിതവുമാക്കുന്നതിനുള്ള ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജുമെന്റ് സിസ്റ്റം എന്ന സംവിധാനത്തിന്റെ വിശദാംശങ്ങൾ നല്കാമോ;

(ബി) എല്ലാ സാമ്പത്തിക ഇടപാടുകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന തരത്തിലുള്ള പ്രസ്തുത സംവിധാനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) ഐ.എഫ്.എം.എസ്. മൂലമുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഇ-ഗവേണൻസ് പ്രോജക്ടിനുകീഴിലുള്ള ഒരു മിഷൻ മോഡ് പ്രോജക്ടായി സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (Integrated Financial Management System - IFMS) കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. ധനകാര്യ വകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ്, വിവിധ ബാങ്കുകൾ, ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്ന പദ്ധതിയാണ് IFMS.

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ബില്ലുകൾ, ഓഫീസ് ചെലവുകളുമായി ബന്ധപ്പെട്ട കണ്ടിജന്റ് ബില്ലുകൾ എന്നിവ ഓൺലൈനായി സമർപ്പിച്ച് പ്രോസസ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ചെക്ക് ഡ്രായിംഗ് വകുപ്പുകളെ ഓൺലൈൻ ബിൽ സംവിധാനത്തിൽ കൊണ്ടുവരികയും EMLI സംവിധാനത്തെ ഇതുമായി സംയോജിപ്പിച്ച് കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെ ബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്ന രീതിയും നിലവിൽ വന്നുകഴിഞ്ഞു. ബഡ്ജറ്റ് വിഹിതം ചീഫ് കൺട്രോളിംഗ് ഓഫീസർവഴി താഴെത്തട്ടിലുള്ള DDO-ക്ക് ഓൺലൈനായി നൽകുന്ന BAMS (Budget Allocation Management System)-ഉം പ്രവർത്തനക്ഷമമായിട്ടുണ്ട്. ബാങ്കുകൾ വഴിയുള്ള ശമ്പള വിതരണത്തിലും വെണ്ടർമാർക്ക് പണം വിതരണം ചെയ്യുന്നതിലും ഭാരതീയ റിസർവ് ബാങ്കിന്റെ ഇ-കുബേർ (e-kuber) പോർട്ടൽവഴി തുക ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി വരവ് വയ്ക്കുന്ന രീതിയും നടപ്പിലാക്കിക്കഴിഞ്ഞു. ട്രഷറികളെ പൂർണ്ണമായും ബന്ധിപ്പിക്കുന്ന നെറ്റ്വർക്കിംഗ് സംവിധാനം പൂർത്തിയായിക്കഴിഞ്ഞു. ട്രഷറി അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുന്ന കോർ ബാങ്കിംഗ് സംവിധാനവും നടപ്പിലാക്കിവരുന്നു. ട്രഷറി അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ ഏത് ട്രഷറി വഴിയും ഇടപാടുകൾ നടത്തുവാൻ ഇതുവഴി സാധിക്കുന്നു. 26-10-2016 വരെ 219 ട്രഷറികൾ

കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനായി ഇ-ട്രഷറി സംവിധാനവും നടപ്പിലാക്കിക്കഴിഞ്ഞു. ഇതുവഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടേയും എല്ലാ ശാഖകൾ വഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(സി) സങ്കീർണ്ണതയില്ലാത്ത സേവനം ഉറപ്പാക്കുക, സർക്കാരിന്റെ എല്ലാ ധനകാര്യ ഇടപാടുകളും സുതാര്യമാക്കുക, വേഗത്തിൽ/യഥാസമയം സേവനം ഉറപ്പാക്കുക, പണരഹിത, കടലാസുരഹിത ഇടപാടുകൾ (Cashless and Paperless transactions) നടത്തുക, കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റ് സാദ്ധ്യമാക്കുക, ഇടപാടുകൾ നടക്കുന്ന സമയത്തുതന്നെ ഡാറ്റകൾ വിവിധ ഏജൻസികളെ അറിയിക്കുക, ഒരിടത്തു നടക്കുന്ന ധനകാര്യ ഇടപാടുകൾ വിവിധ സ്ഥലങ്ങളിൽ വീണ്ടും രേഖപ്പെടുത്തുന്നത് ഒഴിവാക്കുക (avoiding multiple data entry) തുടങ്ങിയ നേട്ടങ്ങൾ ഐ.എഫ്.എം.എസ്. സംവിധാനത്തിലൂടെ കൈവരിച്ചിട്ടുണ്ട്.

**ധനകാര്യ പരിശോധനാ വിഭാഗം**

34 (5495) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗത്തിന് ഏതെല്ലാം ഓഫീസുകളിൽ പരിശോധന നടത്തുന്നതിനാണ് അധികാരമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടി വകുപ്പ് പ്രതിവർഷം എത്ര ഓഫീസുകൾ പരിശോധനയ്ക്ക് വിധേയമാക്കിയെന്നും, എത്രയിടങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പരിശോധനാവേളയിൽ പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സീക്രട്ട് ഫണ്ട് ഉൾപ്പെടെയുള്ള വിഷയങ്ങൾ ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പൊതുജനങ്ങളിൽ നിന്ന് നേരിട്ടും അല്ലാതെയും ഏതൊക്കെ രീതിയിലാണ് പണം ലഭ്യമാകുന്നതെന്ന് ധനകാര്യ വകുപ്പിന് അറിവുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(ഇ) പോലീസ് വകുപ്പിന് കീഴിലുള്ള ഇത്തരം ഓഫീസുകളിൽ ലഭിക്കുന്ന പിഴ, പെറ്റി, എന്നിവ ഉൾപ്പെടെയുള്ള എല്ലാ റവന്യൂവും കൃത്യമായി ഖജനാവിലേക്ക് അടയ്ക്കുന്നുണ്ടോയെന്നും, അതിന് കൃത്യമായ അക്കൗണ്ടുകളും, രേഖകളും സൂക്ഷിക്കുന്നുണ്ടോയെന്നും കണ്ടെത്തുവാൻ ധനകാര്യപരിശോധനാ വിഭാഗം കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന് സർക്കാർ ഓഫീസുകൾ, സർക്കാരിന് കീഴിലുള്ള വിവിധ കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ സഹായം ലഭിക്കുന്ന ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്താവുന്നതാണ്.

(ബി - ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പോലീസ് വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ പരിശോധന വ്യാപിപ്പിക്കുന്നതിനുവേണ്ട കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**നികുതിയിനത്തിലെ കേന്ദ്രവിഹിതം**

35(5496) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഇക്കഴിഞ്ഞ 5 വർഷം കേന്ദ്ര സർക്കാർ വിഹിതമായി നികുതിയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തുക ഏതൊക്കെ പദ്ധതികൾക്കായാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

| വർഷം | കേന്ദ്ര നികുതി വിഹിതം (തുക കോടിയിൽ) |
|---|---|
| 2011-12 | 5990.36 |
| 2012-13 | 6840.65 |
| 2013-14 | 7468.68 |
| 2014-15 | 7926.29 |
| 2015-16 | 12681.96 (Pre Actual) |

(ബി) സംസ്ഥാനത്തിന്റെ എല്ലാ നികുതി, നികുതിയേതര വരുമാനങ്ങളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്കാണ് വരവുവയ്ക്കുന്നത്. സംസ്ഥാനത്തിന്റെ പദ്ധതി പദ്ധതിയേതര ചെലവുകൾ ഇതിൽനിന്നാണ് കണ്ടെത്തുന്നത്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

36(5497) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ എത്ര ശതമാനം വീതമാണ് കേന്ദ്ര സർക്കാർ വിഹിതമെന്നും സംസ്ഥാന സർക്കാർ വിഹിതമെന്നും പദ്ധതികളുടെ പേരുസഹിതം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇക്കഴിഞ്ഞ 5 വർഷം മേൽപ്പറഞ്ഞ ഓരോ പദ്ധതികൾക്കുമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയും യഥാർത്ഥത്തിൽ സംസ്ഥാനം നേടിയെടുത്ത തുകയും എത്ര വീതമെന്ന് വർഷം തിരിച്ച് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഈ തുക ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ വിഹിതം നൽകാതിരുന്നതിനാൽ നടപ്പിലാക്കാൻ കഴിയാതെ പോയ കേന്ദ്ര സഹായ പദ്ധതികൾ ഏതൊക്കെയെന്നും ഇത് ഏതൊക്കെ വർഷങ്ങളിലാണ് ഉണ്ടായിട്ടുള്ളതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രവിഹിതം ലഭിക്കാതെ പോയതിനാൽ ഏതെങ്കിലും പദ്ധതികൾ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടും നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക (State's Allocation) സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽനിന്ന് കഴിഞ്ഞ 5 വർഷം (2010-11 മുതൽ 2014-15 വരെ) ലഭിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കേന്ദ്രവിഹിതം ലഭിച്ചിട്ടും സംസ്ഥാനവിഹിതം നൽകാതിരുന്നതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടില്ല.

(ഡി) കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിയാതെ പോയ പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ശമ്പളസ്കെയിലുകളിലെ അപാകത**

37(T5498) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ പൊതുമരാമത്ത്, ജലസേചനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ എഞ്ചിനീയർമാരുടെ ശമ്പളസ്കെയിലുകൾ ഒമ്പതാം ശമ്പള പരിഷ്കരണത്തിലുണ്ടായിരുന്ന സമാന തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥരുടെതിനേക്കാൾ കുറഞ്ഞു പോയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശപ്രകാരം ചില തസ്തികകളുടെ ശമ്പളസ്കെയിലുകൾ ഉയർത്തി നൽകിയിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത്, ജലസേചനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ എഞ്ചിനീയർമാർക്ക് ആനുപാതികമായ പരിഷ്കരണം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതാണ്.

**ചെക്ക് പോസ്റ്റുകൾ അഴിമതി രഹിതമാക്കൽ**

38 (5499) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കാൻ സർക്കാർ ആലോചിക്കുന്നുവോ;

(ബി) അഴിമതി രഹിതമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 2016-17 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കേരളത്തിലെ 7 ചെക്ക് പോസ്റ്റുകൾ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഡാറ്റാ കളക്ഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ ആദ്യഘട്ടമായി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നീ ചെക്ക്പോസ്റ്റുകളെ സംയോജിത വിവരശേഖരണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽ വാണിജ്യ നികുതി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ്, വനം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഫുഡ് ആന്റ് സേഫ്റ്റി വകുപ്പ് എന്നീ ആറു വകുപ്പുകൾ ഉൾപ്പെട്ടിട്ടുണ്ട്.

നിലവിലുള്ള ചെക്ക്പോസ്റ്റ് സംവിധാനത്തിലെ സങ്കീർണ്ണമായ വിഷയങ്ങളായ ഗതാഗതക്കുരുക്ക്, നടപടിക്കുരുക്കുകൾ എന്നിവ പൂർണ്ണമായും ഇല്ലാതാക്കുകയെന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക്പോസ്റ്റുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുമ്പോൾ തന്നെ നടപടി ക്രമങ്ങൾ ലളിതമായതായിതീരുന്നു. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ്വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാകുന്നതിനാൽ വാഹനം സെന്ററിനുള്ളിലേക്ക് കടന്നുവരുമ്പോൾ ഓരോ വകുപ്പുകൾക്കും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടുവാൻ സാധിക്കുന്നു.

സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ് ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, സി.സി.ടി.വി. ക്യാമറ, ബൂംബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നു വരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയംതന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭ്യമാകുമെന്നതിനാൽ ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത, വേഗത, സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുകയും നികുതി വരുമാനം വർദ്ധിക്കുന്നതിന് സഹായകമാകുകയും ചെയ്യുന്നു.

**സ്വർണ്ണപ്പണിക്കൂലി**

39(5500) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വർണ്ണക്കടകളിൽ ആഭരണങ്ങൾക്ക് ഓരോന്നിനും സ്വർണ്ണത്തിന്റെ വില കൂടാതെ മറ്റെന്തെല്ലാം ചാർജുകളാണ് ഈടാക്കാൻ വ്യവസ്ഥയുള്ളത്;

(ബി) ഇത്തരത്തിൽ ഈടാക്കുന്ന ചാർജുകൾക്ക് ഏകീകൃത സ്വഭാവമില്ലാത്തത് കാരണം പലപ്പോഴും ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നിരക്കുകൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്വർണ്ണക്കടകളിൽ പണിക്കൂലി ഇനത്തിൽ പരാമാവധി ഈടാക്കാവുന്ന തുക നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ ഒരു മാനദണ്ഡം ഇല്ലാത്തതു കാരണം പല സ്വർണ്ണക്കടകളും അമിത തുക ഈടാക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം സ്വർണ്ണാഭരണങ്ങൾക്ക് വിൽപ്പന വിലയിന്മേൽ 5% ആണ് നികുതി ഈടാക്കുന്നത്. ഇവർക്ക് കോമ്പൗണ്ടിംഗ് വ്യവസ്ഥയും നിലവിലുണ്ട്. ഉപഭോക്താവിന് കൈമാറ്റം ചെയ്യപ്പെടും മുമ്പ് (ഡെലിവറി) കച്ചവടക്കാരൻ വിൽപ്പന സാധനത്തിന്മേൽ വരുത്തിയിട്ടുള്ള മാറ്റങ്ങളുടെ തുകകൾ എന്തെങ്കിലും പ്രത്യേകം ഈടാക്കുകയാണെന്നുണ്ടെങ്കിൽ അതും ഉൾപ്പെടുന്നതാണ്

'വിൽപ്പനവില ' എന്ന് നിർവ്വചിച്ചിട്ടുണ്ട്. സ്വർണ്ണക്കടക്കാർ സാധാരണയായി ചാർജ് ചെയ്യാറുള്ള പണിക്കൂലി മുതലായവ വിൽപ്പന വിലയിൽ ഉൾപ്പെടുന്നതാണ്. ഇപ്രകാരം ഏതെല്ലാം ചാർജ്ജുകൾ ഈടാക്കേണ്ടതുണ്ടെന്ന് മൂല്യവർദ്ധിത നികുതി നിയമത്തിൽ പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല.

(ബി&സി) ഇത്തരം ചാർജ്ജുകൾ ഏതൊക്കെയാണെന്ന് സ്പഷ്ടീകരിക്കുന്നതിനും അതിന് നിരക്കുകൾ നിഷ്കർഷിക്കുന്നതിനും ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും പരമാവധി തുക നിശ്ചയിക്കുന്നതിനും മറ്റും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം നിർവ്വാഹമില്ല. ഇതിനെ സംബന്ധിച്ച് ഉപഭോക്തൃ നിയമങ്ങളാണ് ബാധകമാകുക.

## ധനകാര്യ നിയമത്തിലെ മാറ്റം

40(5501) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ ധനകാര്യ നിയമത്തിൽ മാറ്റം വരുത്തിയപ്പോൾ വാങ്ങൽ നികുതി സംബന്ധിച്ചുണ്ടായ പിഴവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വാറ്റ് നിയമത്തിൽ നിരന്തരമായുള്ള ഭേദഗതികളും സർക്കാർ നിലപാടുകളുംമൂലം സ്വർണ്ണാഭരണ മേഖലയിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കേരളത്തിൽ സ്വർണ്ണ വ്യാപാരികൾക്ക് നികുതി സമ്പ്രദായം ലളിതമാക്കാനായി കോമ്പൗണ്ടിംഗ് രീതികൊണ്ടു വരുന്ന കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ-സി) കേരള ധനകാര്യ നിയമം 2014 പ്രകാരം കോമ്പൗണ്ടിംഗ് രീതിയിൽ വരുത്തിയ പരിഷ്കാരങ്ങൾ അനുസരിച്ച് വാങ്ങൽ നികുതി അടയ്ക്കേണ്ടതായി വരുമെന്ന് അക്കൗണ്ടന്റ് ജനറൽ വ്യാഖ്യാനിച്ചിട്ടുണ്ട്. ഇതുപ്രകാരം നികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വർണ്ണ വ്യാപാരികൾക്കായുള്ള നിലവിലെ കോമ്പൗണ്ടിംഗ് നികുതി സമ്പ്രദായത്തിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### ടയർ വാങ്ങുന്നതിന് ചെലവഴിച്ച തുക

41(5502) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ സർക്കാർ വാഹനങ്ങൾക്ക് ടയർ വാങ്ങുന്നതിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇത് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയതെന്ന വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ വാഹനങ്ങൾക്ക് ടയർ വാങ്ങുന്നതു സംബന്ധിച്ച വിവരം ധനകാര്യ വകുപ്പിൽ ലഭ്യമല്ല.

(ബി) ബാധകമല്ല.

### നികുതി ഒഴിവാക്കുന്നതിന് നടപടി

42(5503) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഖാദി ഉല്പന്നത്തിന്റെ ടാക്സ് 2% ആയി ഉയർത്തുകയുണ്ടായി. പരമ്പരാഗത വ്യവസായം കൊണ്ടു ജീവിക്കുന്ന കുടുംബങ്ങളെ പ്രത്യേകിച്ച് നെയ്ത്തു മേഖലയെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കൈത്തറി തുണികൾക്ക് ചെക്ക്പോസ്റ്റിൽ ടാക്സ് ഈടാക്കുന്നതുകാരണം പരമ്പരാഗതമായ പ്രസ്തുത വ്യവസായം അന്യംനിന്നു പോകുന്ന അവസ്ഥയുള്ളതിനാൽ കേരളത്തിനകത്ത് ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾക്ക് 2% നികുതി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻകീഴിൽ ഖാദി തുണിത്തരങ്ങൾക്ക് നികുതി ഏർപ്പെടുത്തിയിട്ടില്ല.

(ബി) 2016-17 ബഡ്ജറ്റിൽ കൈത്തറി തുണിത്തരങ്ങൾക്ക് 2% നികുതി ഏർപ്പെടുത്തുകയുണ്ടായി. തുണിത്തരങ്ങളിന്മേലുള്ള അഡീഷണൽ എക്സൈസ് ഡ്യൂട്ടി കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കിയതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അതിൽനിന്നുള്ള കേന്ദ്ര വിഹിതം കിട്ടാതായി. അതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് തുണിത്തരങ്ങളിൽ

വാറ്റ് ഏർപ്പെടുത്താനുള്ള നിയമതടസ്സം നീങ്ങുകയും ചെയ്തു. 2014-ൽ ഒരു കോടി രൂപയ്ക്കുമേൽ തുണിത്തരങ്ങളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ മേൽ 2 ശതമാനം വിറ്റുവരവ് നികുതി (ടേണോവർ ടാക്സ്) ഏർപ്പെടുത്തുവാൻ വകുപ്പ് 6 എ പ്രകാരം കേരള മൂല്യവർദ്ധിത നികുതി നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. ടേണോവർ ടാക്സ് ഈടാക്കുന്നതിൽ നിന്നും കൈത്തറി, ഖാദി തുണിത്തരങ്ങളെ ഒഴിവാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ മിക്ക വ്യാപാരികളും മറ്റ് ടെക്സ്റ്റൈൽ ഇനങ്ങളെക്കൂടി കൈത്തറി, ഖാദി തുണിത്തരങ്ങളായി തെറ്റായി വർഗ്ഗീകരിച്ച് നികുതി ഒടുക്കുന്നതിൽനിന്നും ഒഴിവായിരുന്നു. ഇപ്രകാരമുള്ള തെറ്റായ വർഗ്ഗീകരണം കണ്ടുപിടിക്കുക വകുപ്പിന് ഏറെ ആയാസകരവുമാണ്. ടെക്സ്റ്റൈൽ വ്യാപാര മേഖലയുടെ പൊതുവായ ആവശ്യം പരിഗണിച്ച് 1-4-2015 മുതൽ 6 എ വകുപ്പ് പ്രകാരമുള്ള ടേണോവർ ടാക്സ് പിൻവലിക്കുകയും എല്ലാത്തരം ടെക്സ്റ്റൈൽ ഇനങ്ങൾക്കും 1 ശതമാനം മൂല്യവർദ്ധിത നികുതി ഏർപ്പെടുത്തുകയും ചെയ്തു. 2016-ലെ ധനകാര്യ ബിൽ പ്രകാരം ടെക്സ്റ്റൈൽ ഇനങ്ങളുടെ നികുതി നിരക്ക് 2% ആയി വർദ്ധിപ്പിക്കുകയും ചെയ്തു.

തുണിത്തരങ്ങളുടെ ആകെയുള്ള വിൽപ്പനയുടെ 10 ശതമാനത്തിനു താഴെ മാത്രമേ കൈത്തറി വസ്ത്രങ്ങളുടെ വിൽപ്പന വരികയുള്ളൂ. കൈത്തറി വസ്ത്രങ്ങൾക്ക് നിലവിലുള്ള 2 ശതമാനം നികുതി പിൻവലിക്കുന്നപക്ഷം അത് വീണ്ടും ടെക്സ്റ്റൈൽ ഇനങ്ങളുടെ തെറ്റായ വർഗ്ഗീകരണത്തിന് ഇടയാക്കുകയും നികുതി വെട്ടിപ്പിന് കാരണമാവുകയും ചെയ്യും. മാത്രവുമല്ല ചെക്ക്പോസ്റ്റുകളിലൂടെ ഇത്തരം വാഹനങ്ങൾ കടത്തിവിടുമ്പോൾ നടത്തുന്ന പരിശോധന കൂടുതൽ ദുഷ്കരമാകുകയും ചെയ്യും. നിലവിൽ ടെക്സ്റ്റൈൽ ഇനങ്ങൾക്ക് ഈടാക്കി വരുന്ന 2 ശതമാനം നികുതി നിരക്ക് വളരെ തുച്ഛവും ഉപഭോക്താക്കളിൽനിന്നും പിരിക്കാവുന്നതുമാണ്.

**ചരക്കു സേവന നികുതി**

43(5504) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കു സേവന നികുതി നടപ്പാക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(സി) ജി.എസ്.ടി നടപ്പാക്കുമ്പോൾ 2016-17 വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന നികുതി വരുമാനത്തെക്കുറിച്ച് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചരക്കു സേവന നികുതി നടപ്പാക്കുന്നതിന് മുമ്പായി ഈ നിയമത്തെപ്പറ്റി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ട ആവശ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതിനായി മാതൃകാ ജി.എസ്.ടി നിയമം ആധാരമാക്കിയുള്ള പരിശീലന പരിപാടികളുടെ മൂന്നു ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫീൽഡ് ഓഫീസർമാർക്കുള്ള നാലാംഘട്ട പരിശീലനം സംസ്ഥാനമൊട്ടാകെ നടന്നു വരികയാണ്. ഡിസംബർ പകുതിയോടെ ഇത് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കേരള വാണിജ്യ നികുതി വകുപ്പും കേന്ദ്ര സർക്കാർ സ്ഥാപനമായ NACEN (National Academy of Customs, Excise and Narcotics)- ഉം ചേർന്ന് സംയുക്തമായാണ് പരിശീലന പരിപാടികൾ നടത്തി വരുന്നത്.

(സി) ജി.എസ്.ടി നടപ്പാക്കുമ്പോഴുള്ള നികുതി നിരക്കുകളെക്കുറിച്ച് ചർച്ചകൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. അതുകൊണ്ട് ലഭ്യമാകുന്ന നികുതി വരുമാനത്തെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ഇപ്പോൾ നൽകാൻ നിർവ്വാഹമില്ല.

**വെയ് ബ്രിഡ്ജ്**

44(5505) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥരുടെ അലംഭാവംമൂലം അമരവിള ചെക്ക് പോസ്റ്റിലുള്ള വേയ് ബ്രിഡ്ജ് നന്നാക്കാതെയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട് ഉചിത നടപടി സ്വീകരിക്കുന്നില്ല;

(ബി) ഇതുവഴി ദിവസവും കടന്നുപോകുന്ന ആയിരക്കണക്കിന് ചരക്ക് വണ്ടികളുടെ തൂക്കം കണക്കാക്കാൻ കഴിയാത്തതുമൂലം നികുതിയിനത്തിൽ സർക്കാരിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കാരണത്താൽ ഇവിടെയുള്ള ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ( 6 വർഷം മുമ്പ്) ഉദ്യോഗസ്ഥരുടെ കോഴവാങ്ങൽ നിരീക്ഷിക്കുവാനായി 6 ക്യാമറകൾ ഇവിടെ സ്ഥാപിച്ചിരുന്നത് പ്രവർത്തനരഹിതമായി വർഷങ്ങളായിട്ടും മനഃപൂർവ്വം നന്നാക്കാതിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) അടിയന്തരമായി ഇവിടെ ക്യാമറകൾ പ്രവർത്തിപ്പിച്ച് കൈക്കൂലി വാങ്ങുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അമരവിള, കുമിളി എന്നീ ചെക്ക് പോസ്റ്റുകളിൽ BOO അടിസ്ഥാനത്തിൽ വെയ് ബ്രിഡ്ജ് സ്ഥാപിച്ചിട്ടുള്ള സതേൺ വെയിംഗ് സിസ്റ്റം എന്ന കമ്പനി കരാർ ലംഘനം നടത്തിയെന്നാരോപിച്ച് നൽകിയ അപേക്ഷയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച ആർബിട്രേറ്റർ ടി കമ്പനിക്ക് നഷ്ടപരിഹാരത്തുക അനുവദിച്ചതിനെതിരെ സർക്കാർ ജില്ലാ കോടതിയിൽ ആർബിട്രേഷൻ & റിക്കൺസീലിയേഷൻ ആക്ട് പ്രകാരം ഒ.പി (ആർബിട്രേഷൻ) സമർപ്പിച്ചിരിക്കുന്നതിനാലും അമരവിളയിലെ വെയ് ബ്രിഡ്ജ് ടി കമ്പനിയുടെ ഉടമസ്ഥതയിലുള്ളതിനാലും ആയത് ഔദ്യോഗിക തലത്തിൽ റിപ്പയർ ചെയ്ത് ഉപയോഗിക്കുക സാദ്ധ്യമല്ല. 2016-17-ലെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം ഡേറ്റാ കളക്ഷൻ & ഫെസിലിറ്റേഷൻ സെന്റർ (ഡി.സി & എഫ്.സി.) എന്ന പേരിൽ വെയ് ബ്രിഡ്ജ് ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള 7 ചെക്ക് പോസ്റ്റുകളിൽ അമരവിളയും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധനയിൽ ചില കേസുകളിൽ നികുതി നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി&ഇ) അമരവിളയിൽ പൈലറ്റ് പ്രോജക്ടായി സ്ഥാപിക്കപ്പെട്ട ക്യാമറകൾ പ്രവർത്തനരഹിതമായപ്പോൾത്തന്നെ ആയത് സ്ഥാപിച്ച കെൽട്രോൺ മുഖേന റിപ്പെയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും അവരുടെ പരിശോധനയിൽ ആയത് റിപ്പയർ ചെയ്ത് ഉപയോഗിക്കുവാൻ സാധിക്കുന്നതല്ലെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. 2016-17-ലെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം അമരവിള ചെക്ക് പോസ്റ്റ് ഉൾപ്പെടെ 7 ചെക്ക് പോസ്റ്റുകളെ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഡേറ്റാ കളക്ഷൻ & ഫെസിലിറ്റേഷൻ സെന്ററാക്കി മാറ്റുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കുമ്പോൾ സെന്റർ പൂർണ്ണമായും സി.സി.ടി.വി. ക്യാമറ നിരീക്ഷണത്തിലാവും.

**ചരക്കു - സേവന നികുതി**

45(5506) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കു-സേവന നികുതി നിലവിൽ വരുമ്പോൾ എത്ര സ്ലാബുകളിലായി നികുതി നിരക്ക് ഏർപ്പെടുത്താനാണ് തീരുമാനമായിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇതുവഴി സാധാരണക്കാരെ ബാധിക്കുന്ന ഏതൊക്കെ ഉല്പന്നങ്ങൾക്കാണ് വില കൂടാനിടയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ നികുതി നിരക്ക് സംബന്ധിച്ച് എന്തൊക്കെ വിയോജിപ്പുകളാണ് കേന്ദ്ര ഉന്നതാധികാര സമിതിയിൽ സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ചരക്ക സേവന നികുതിയിലുള്ള സ്ലാബുകളെപ്പറ്റി ജി.എസ്.ടി കൗൺസിലിൽ ചർച്ചകൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. നിരക്കുകളെക്കുറിച്ച് സമവായം ആയിട്ടില്ല. സാധാരണക്കാരെ ബാധിക്കുന്ന ഉൽപ്പന്നങ്ങളെ വില വർദ്ധനവിൽ നിന്നൊഴിവാക്കണമെന്ന രീതിയിലാണ് ധാരണ ഉരുത്തിരിഞ്ഞു വരുന്നത്. കേരളം ഈ അഭിപ്രായം ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. നികുതി നിരക്കുകളിന്മേൽ തീരുമാനം ആകാത്ത സ്ഥിതിക്ക് വില വർദ്ധനവിനെപ്പറ്റി വ്യക്തമാക്കാൻ നിർവാഹമില്ല.

(സി) പുതിയ നികുതി നിരക്കുകൾ സംബന്ധിച്ച് ജി.എസ്.ടി. കൗൺസിൽ തീരുമാനം എടുത്തിട്ടില്ല. ആവശ്യ വസ്തുക്കൾക്ക് 4-6% നിരക്കിലും മറ്റു ചരക്കുകൾക്ക് 12-14%, 18-20% നിരക്കുകളിലും ആഡംബര വസ്തുക്കൾക്ക് 35 -40% നിരക്കിലും GST ഏർപ്പെടുത്തണമെന്നാണ് കേരളം ആവശ്യപ്പെടുന്നത്. വിശദമായ ചർച്ച നവംബർ 3, 4 തീയതികളിലെ GST കൗൺസിലിലാണ് നടക്കുക.

## വാണിജ്യ നികുതി കുടിശ്ശിക

46(5507) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വാണിജ്യ നികുതി കുടിശ്ശികയിനത്തിൽ എത്ര തുകയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് സ്റ്റേ നൽകിയ ടി കുടിശ്ശിക പിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് 312.78 കോടി രൂപയുടെ സ്റ്റേ നൽകിയിട്ടുണ്ട്.

(ബി) കുടിശ്ശിക തുക സ്റ്റേ കാലാവധി കഴിയുന്ന മുറയ്ക്ക് പിടിച്ചെടുക്കുവാനുള്ള നിർദ്ദേശം അതാത് ജില്ലയിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാർക്കോ റവന്യൂ അധികാരികൾക്കോ നൽകാറുണ്ട്. ഇത്തരം നടപടികളുടെ പുരോഗതി നിരന്തരം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

## വാണിജ്യ നികുതി വരുമാനം

47(5508) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാണിജ്യ നികുതി വരുമാനത്തിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നികുതി ചോർച്ച തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; നടപ്പ് വർഷത്തിൽ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നിന്നും ലഭിച്ച നികുതി വരുമാനം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ചെക്ക് പോസ്റ്റുകളിലെ വരുമാനത്തിൽ വന്ന കുറവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; എല്ലാ ചെക്ക് പോസ്റ്റുകളിലും വാളയാർ ചെക്ക് പോസ്റ്റ് മോഡൽ ഏർപ്പെടുത്തി നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാണിജ്യ നികുതി വരുമാനത്തിൽ 10 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(ബി) നികുതി ചോർച്ച തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി വിവിധ വകുപ്പുകളിൽ ആവിഷ്കരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

I. വാണിജ്യ നികുതി വകുപ്പ് :

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാദ്ധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.
2. ഉപഭോക്താക്കൾ ബിൽ ചോദിച്ചു വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെ തന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4. ചെക്ക് പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റും.

5. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

6. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

9. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതാണ്.

10. നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിക്കും.

11. വാറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി പ്രവർത്തനക്ഷമമാക്കും.

12. കെ.ജി.എസ്.റ്റി. കുടിശ്ശിക പിരിക്കുന്നതിനും അനുമാന നികുതിദായകർക്കും ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

II. രജിസ്ട്രേഷൻ വകുപ്പ് :

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ നടത്തുവാൻ നിശ്ചയിച്ചു. 2016-ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ മുദ്രനിരക്ക് 6 ശതമാനം എന്നുള്ളത് 8 ശതമാനമായി വർദ്ധിപ്പിച്ചു. അതോടൊപ്പം കുടുബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ മുദ്രപ്പത്രനിരക്ക് ഒരു ശതമാനത്തിൽ നിന്നും 3 ശതമാനമായി വർദ്ധിപ്പിക്കുകയും 1000 രൂപ എന്ന പരിധി ഒഴിവാക്കുകയും ചെയ്തു. ടി ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 18-7-2016-ൽ പരമാവധി 25,000 രൂപ എന്നുള്ള പരിധി ഒഴിവാക്കി ഒരു ശതമാനമായി നിലനിർത്തി. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

III. ലാന്റ് റവന്യൂ വകുപ്പ് :

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾകൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനംകൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്- ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV എക്സൈസ് വകുപ്പ് :

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉൽപാദനവും വിതരണവും വിപണനവും തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

V മോട്ടോർ വാഹന വകുപ്പ് :

15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നോൺ ട്രാൻസ്പോർട്ട്/ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 'ഗ്രീൻ ടാക്സ് ' ചുമത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അധിക നികുതി സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നടപ്പുവർഷത്തിൽ ഓരോ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽനിന്നും ലഭിച്ച നികുതി വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് വരുന്നതേയുള്ളൂ.

(സി) ചെക്ക് പോസ്റ്റുകളിലെ വരുമാനത്തിൽ കുറവ് വന്നിട്ടില്ല. കഴിഞ്ഞ 5 വർഷങ്ങളിലെ ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനം ചുവടെ ചേർക്കുന്നു.

| വർഷം | ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനം (തുക കോടി രൂപയിൽ) |
|---|---|
| 2011-12 | 659.72 |
| 2012-13 | 925.01 |
| 2013-14 | 1021.76 |
| 2014-15 | 1093.56 |
| 2015-16 | 1094.18 |

ജി.എസ്.ടി.-യിലേക്ക് മാറുന്നതിന്റെ ഭാഗമായി വാളയാർ ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ള ചെക്ക്പോസ്റ്റുകൾ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ ആക്കി മാറ്റാൻ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**ഓൺലൈൻ വിപണന നികുതി**

48(5509) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന ഓൺലൈൻ വിപണനത്തിൽ നിന്ന് സർക്കാരിന് നികുതി ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഓൺലൈൻ വിപണനം നികുതിക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓൺലൈൻ വിപണനത്തിൽ നിന്ന് സർക്കാരിന് നികുതി ലഭിക്കുന്നില്ല.

(ബി) നിലവിലുള്ള കേന്ദ്ര വിൽപ്പന നികുതി നിയമപ്രകാരം ഇത്തരം വിപണനങ്ങളിൽ നികുതി ഏർപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ല.

ഇതിന്റെ പുറത്ത് സംസ്ഥാനത്തിന് ചുമത്താൻ കഴിയുന്നത് പ്രവേശന നികുതിയാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിപ്രകാരം പ്രവേശന നികുതി ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കപ്പെട്ടതിനാൽ ആയത് ചുമത്തുവാൻ സംസ്ഥാനത്തിന് പരിമിതിയുണ്ട്. ജി.എസ്.ടി നികുതി സമ്പ്രദായം പ്രാപ്യസ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ളതിനാൽ പ്രസ്തുത നികുതി വ്യവസ്ഥ നിലവിൽ വരുന്നതോടുകൂടി ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഓൺലൈൻ വിപണനത്തിന്മേലുള്ള നികുതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## പരാതി പരിഹാര കാൾ സെന്റർ

49 (5510) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരികളുടെ പരാതികൾ അറിയിക്കുന്നതിന് നികുതി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഒരു ആധുനിക പരാതി പരിഹാര കാൾ സെന്റർ തുടങ്ങുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരാതികൾ സ്വീകരിക്കുന്നതിനും അതിന് പരിഹാരം കാണുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് സെന്ററിൽ ഒരുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

### ഉത്തരം

(എ&ബി) നിലവിൽ വ്യാപാരികൾക്ക് കത്തുമുഖേന ബന്ധപ്പെട്ട അധികാരിക്ക് പരാതി സമർപ്പിക്കാവുന്നതാണ്. ഇതുകൂടാതെ ഇ-മെയിൽ മുഖേനയും ബന്ധപ്പെടാവുന്നതാണ്. പരാതികൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനും ഓൺലൈൻ മുഖേന തീർപ്പാക്കുന്നതിനും പദ്ധതികൾ ആലോചനയിലാണ്. അടിയന്തര സ്വഭാവമുള്ള പരാതികൾ സ്വീകരിക്കുന്നതിനായി ഒരു ആധുനിക പരാതി പരിഹാര കാൾ സെന്റർ ഒരുക്കാൻ ഉദ്ദേശിക്കുന്നു. സർക്കാർ തലത്തിൽ കേരള ഐ.റ്റി മിഷൻ ഇത്തരത്തിലുള്ള പൊതു ആവശ്യങ്ങൾക്കുവേണ്ടി ഒരു പരാതി പരിഹാര കാൾ സെന്റർ രൂപീകരിക്കുന്നതിനായി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ആധുനിക പരാതി പരിഹാര കാൾ സെന്റർ മുഖേന ലഭിക്കുന്ന പരാതികൾ ഒരു വ്യാപാരി സഹായ നിർവ്വാഹകൻ രേഖപ്പെടുത്തുകയും ഉടൻ പരിഹരിക്കാവുന്ന പരാതി അപ്പോൾതന്നെ പരിഹരിച്ച് നൽകുന്നതുമാണ്. കൂടാതെ പരാതി തരം തിരിച്ച് ആവർത്തിച്ച് ചോദിക്കുന്ന ചോദ്യങ്ങളിൽ ഉൾപ്പെടുത്തി പരിഹാര നിർദ്ദേശങ്ങൾ വ്യാപാരികളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നതാണ്. പരാതിയുടെ സ്വഭാവമനുസരിച്ച് പരാതി പരിഹാരത്തിനായി ആവശ്യമെങ്കിൽ ഉയർന്ന ഉദ്യോഗസ്ഥർക്ക് സമർപ്പിക്കുന്നതിനുള്ള ഏർപ്പാടും ഉദ്ദേശിക്കുന്നുണ്ട്. പരാതിക്കാരന് പരിഹാര നിർദ്ദേശങ്ങൾ ഫോണിലൂടെയും SMS, ഇ-മെയിൽ എന്നീ മാർഗങ്ങളിലൂടെയും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

**ജില്ലാ ട്രഷറി**

50(5511) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലാ ട്രഷറി ഓഫീസ് സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിനു നൽകുന്ന വാടക എത്രയാണ്; എത്ര കാലമായി വാടക കെട്ടിടത്തിൽ ജില്ലാ ട്രഷറി പ്രവർത്തിച്ചു വരുന്നു;

(സി) കേരളത്തിൽ എല്ലാ ജില്ലകളിലും ട്രഷറി ഓഫീസുകൾക്ക് സ്വന്തം കെട്ടിടമുണ്ടോ;

(ഡി) ഇല്ലെങ്കിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാ ട്രഷറി സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിക്കുന്നത്.

(ബി) കാസർഗോഡ് ജില്ലാ ട്രഷറി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക നൽകുന്നില്ല.

(സി) ഇല്ല.

(ഡി) ട്രഷറി ഡയറക്ടറുടെ ശിപാർശ പരിഗണനയിലാണ്.

## പള്ളുരുത്തി സബ്ട്രഷറി

51(5512) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളുരുത്തി സബ്ട്രഷറി പ്രവർത്തിയ്ക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് കെട്ടിടത്തോട് ചേർന്നാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) പള്ളുരുത്തി രാമേശ്വരം വില്ലേജിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റവന്യൂ ടവറിനോടൊപ്പം സബ്ട്രഷറിക്കുള്ള കെട്ടിടവും നിർമ്മിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പള്ളുരുത്തി സബ്ട്രഷറിക്ക് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കൊച്ചി താലൂക്കിൽ രാമേശ്വരം വില്ലേജിൽ സർവ്വേ നമ്പർ 1022-ൽപ്പെട്ട 7 സെന്റ് ഭൂമി ലഭിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സ്ഥലം ട്രഷറി വകുപ്പിന് ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതാണെന്നും ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) നിർദ്ദിഷ്ട റവന്യൂ ടവറിൽ താഴെത്തെ നിലയിൽ 3500 ചതുരശ്ര അടിയിൽ കുറയാത്ത സ്ഥലം പള്ളുരുത്തി സബ്ട്രഷറിക്കായി ലഭ്യമാക്കണമെന്ന് പി.ഡബ്ല്യു.ഡി. അധികൃതരോട് ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ട്രഷറി വകുപ്പിന് സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ആ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്.

## ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം

52 (5513) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളെല്ലാം സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രഷറികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപ്പു സാമ്പത്തികവർഷം ഇതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സൗജന്യമായി സ്ഥലം ലഭ്യമാക്കിയിട്ടുള്ള സ്ഥലങ്ങളിൽ അടിയന്തരമായി ട്രഷറി കെട്ടിടം നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ട്രഷറികളെല്ലാം സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത്.

(ബി) നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം 15 കോടി രൂപ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്.

(സി) വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ട് കുടിശ്ശിക

53(5514) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് ധനസഹായം അനുവദിച്ചതിന്റെ ഭാഗമായി ഏതെല്ലാം ആശുപത്രികൾക്ക് ധനസഹായം കുടിശ്ശികയായിട്ടുണ്ട്;

(ബി) ഓരോ ആശുപത്രിയുടെയും കുടിശ്ശികയായിട്ടുള്ള തുക പ്രത്യേകം വ്യക്തമാക്കുമോ;

(സി) കുടിശ്ശികത്തുക കഴിവതും വേഗത്തിൽ കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികൾക്ക് ചികിത്സയ്ക്കായി മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ ആശുപത്രികളിൽനിന്നും മുൻകൂറായി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് ഭൂരിപക്ഷം ആശുപത്രികളിൽനിന്നും രേഖകൾ ലഭ്യമായിട്ടില്ല. ആയതിനാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ആശുപത്രികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സർക്കാർ ആശുപത്രികൾക്ക് കുടിശ്ശികയായി നൽകുവാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുവാൻ

നിർവ്വാഹമുള്ളൂ. കാരുണ്യ ബെനവലന്റ് ഫണ്ടിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള 104 സ്വകാര്യ ആശുപത്രികളിൽ 93 ആശുപത്രികൾക്ക് 24-10-2016-വരെ 27,77,90,971 രൂപ രോഗികൾക്ക് ചികിത്സ നൽകിയ ഇനത്തിൽ കുടിശ്ശികയായി നൽകാനുണ്ട്. ഓരോ ആശുപത്രിയുടെയും പേരും നൽകാനുള്ള തുകയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ആസ്ഥാന ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന 18 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരിൽ 13 പേർ സ്വകാര്യ ആശുപത്രികളുടെ ക്ലെയിമുകൾ സംബന്ധിച്ചുള്ള ജോലികൾ ദിവസേന ചെയ്തുവരുന്നു. കൂടാതെ ഭാഗ്യക്കുറി വകുപ്പിൽനിന്നും ഒരു അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസറേയും അഞ്ച് ക്ലർക്കുമാരേയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ആസ്ഥാന ഓഫീസിൽ കുടിശ്ശിക ജോലികൾ നിർവ്വഹിക്കുന്നതിന് വേണ്ടിമാത്രം അധികമായി നിയോഗിച്ചിട്ടുണ്ട്. കുടിശ്ശിക തുക മുഴുവനായും കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.

## താലൂക്ക് ലോട്ടറി ഓഫീസുകൾ

54(5515) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് തലത്തിൽ ലോട്ടറി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; എത്ര താലൂക്ക് ലോട്ടറി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇടുക്കി ജില്ലയിൽ എത്ര താലൂക്ക് ലോട്ടറി ഓഫീസുകൾ നിലവിലുണ്ട്; വിശദാംശം നൽകാമോ;

(സി) പുതിയതായി താലൂക്ക് ലോട്ടറി ഓഫീസുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉടുമ്പൻചോല താലൂക്ക് ലോട്ടറി ഓഫീസ് ഇപ്പോൾ ഇടുക്കി താലൂക്കിലായത് മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉടുമ്പൻചോല ആസ്ഥാനമായ നെടുംകണ്ടത്ത് താലൂക്ക് ലോട്ടറി ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് 6 താലൂക്ക് ലോട്ടറി ഓഫീസുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ കട്ടപ്പന ആസ്ഥാനമാക്കി ഒരു താലൂക്ക് ലോട്ടറി ഓഫീസാണ് നിലവിലുള്ളത്.

(സി) സംസ്ഥാനത്ത് പുതുതായി 15 ലോട്ടറി സബ്സെന്ററുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെടുംകണ്ടത്ത് താലൂക്ക് ലോട്ടറി ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഭാഗ്യക്കുറി വകുപ്പിനു കീഴിലെ ഏജന്റുമാർ**

55(5516) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനു കീഴിൽ എത്ര ഏജന്റുമാർ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ വൻകിട ചെറുകിട ഏജന്റുമാർ എത്ര പേർ വീതമുണ്ട്;

(ബി) ഏജന്റുമാർക്ക് കൊടുക്കുന്ന കമ്മീഷൻ എത്ര ശതമാനമാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) റീട്ടെയിൽ ഏജന്റുമാർക്ക് കച്ചവടത്തിനായി ആവശ്യാനുസരണം ടിക്കറ്റ് ലഭിക്കുന്നില്ല എന്ന പരാതി കണക്കിലെടുത്ത് ഇവർക്ക് ആവശ്യാനുസരണം ടിക്കറ്റ് വിൽപനയ്ക്കായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭാഗ്യക്കുറി വകുപ്പിൽ 35237 അംഗീകൃത രജിസ്റ്റേർഡ് ഏജന്റുമാരുണ്ട്. ഇതിൽ പതിനായിരത്തിന് മുകളിൽ (30 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ) ടിക്കറ്റ് പർച്ചേയ്സ് ചെയ്യുന്ന ഏകദേശം 359 ഏജന്റുമാരുണ്ട്.

(ബി) ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്ന് ടിക്കറ്റ് വാങ്ങുന്ന അംഗീകൃത ഏജന്റുമാർക്ക് 30 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്ക് 3 സ്ലാബുകളിലായി 2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10000 ടിക്കറ്റുകൾ വരെ 27%, 10000 ടിക്കറ്റിന് മുകളിൽ 28% എന്ന നിരക്കിലും 50 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്ക് 4000 ടിക്കറ്റുകൾ വരെ 28%, 4000 ടിക്കറ്റിന് മുകളിൽ 30% എന്ന നിരക്കിലും ബമ്പർ ഭാഗ്യക്കുറികൾക്കും നിർമ്മൽ ബൈവീക്കിലി ഭാഗ്യക്കുറിക്കും 1000 ടിക്കറ്റുകൾ വരെ 26%, 1000 ടിക്കറ്റിന് മുകളിൽ 28% നിരക്കിലും ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റ് ലഭ്യമാക്കുന്നതിനായി വിപണിയിലെ ഡിമാന്റിന് ആനുപാതികമായി ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നുണ്ട്. കൂടാതെ ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യത ഉറപ്പു വരുത്തുന്നതിനായി കാലാകാലങ്ങളിൽ ടിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ/താലൂക്ക് ഭാഗ്യക്കുറി ഓഫീസർമാർക്ക് നൽകാറുണ്ട്.

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

56(5517) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ ഓഡിറ്റ് നടപടികൾ ആരംഭിക്കുന്നതിലേക്കായി ജി.ഒ. നമ്പർ 3750/2016 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവ് ഇറക്കിയതിനുശേഷം ഇതിന്റെ തുടർ നടപടികൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവു പ്രകാരം എത്ര തസ്തികകൾ അനുവദിക്കാൻ സർക്കാർ ആലോചിക്കുന്നു; ഇവ ഏതെല്ലാം; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സാങ്കേതിക സർവ്വകലാശാലയുടെ ഓഡിറ്റ് നടപടികൾ ആരംഭിക്കുന്നതിലേക്കായി 23-4-2016-ലെ സ.ഉ.(സാധാ) നമ്പർ. 3780/2016/ധന. പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തുകയും തുടർന്ന് സാങ്കേതിക സർവ്വകലാശാലയുടെ ഓഡിറ്റ് കേരള സർവ്വകലാശാല ഓഡിറ്റ് വിഭാഗത്തെകൊണ്ട് നടത്തേണ്ടതാണെന്ന് സർക്കാർ ഓഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 17-8-2016-ലെ കെ.എസ്.എ./4261/യു/2015 നമ്പർ കത്തുപ്രകാരം ഓഡിറ്റ് നടത്തുന്നതിലേക്കായി സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ ഹാജരാക്കുവാൻ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാറോട് ആവശ്യപ്പെട്ടെങ്കിലും വാർഷിക കണക്കുകൾ നാളിതുവരെ ഹാജരാക്കിയിട്ടില്ല.

(ബി) 23-4-2016-ലെ സ.ഉ.(സാധാ) നമ്പർ.3780/2016/ധന. പ്രകാരം അധിക തസ്തികകൾ സൃഷ്ടിക്കാൻ പാടില്ല എന്ന വ്യവസ്ഥയിലാണ് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ഏൽപ്പിച്ചത്.

## കെ.എസ്.എഫ്.ഇ.-യുടെ ശാഖ

57(5518) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കെ.എസ്.എഫ്. ഇ.-യുടെ ബ്രാഞ്ച് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ കെ.എസ്.എഫ്. ഇ.-യുടെ ഒരു ശാഖ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തഴക്കര ഗ്രാമപഞ്ചായത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖ ആരംഭിക്കണമെന്ന ആവശ്യം ബന്ധപ്പെട്ടവരിൽനിന്നും ഇതുവരെയും ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബിസിനസ്സ് പ്രായോഗികതാ പഠനത്തിനു വിധേയമായി ശാഖ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## റിട്ടയർമെന്റ് പ്രായം

58(5519) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ നിലവിലെ റിട്ടയർമെന്റ് പ്രായം എത്രയാണ്;

(ബി) റിട്ടയർ ചെയ്തിട്ടും കോടതിവിധിയുടെ അടിസ്ഥാനത്തിൽ ആരെങ്കിലും ജോലിയിൽ തുടരുന്നുണ്ടോ;

(സി) കെ.എസ്.എഫ്.ഇ.യിൽ മാനേജർ, ഓഫീസർ തസ്തികകളിലും മറ്റു തസ്തികകളിലും റിട്ടയർ ചെയ്തവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിലും എത്ര പേരെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യിൽ നിലവിലെ റിട്ടയർമെന്റ് പ്രായം 58 വയസ്സാണ്.

(ബി) റിട്ടയർമെന്റ് പ്രായം കഴിഞ്ഞിട്ടും കോടതിവിധിയുടെ അടിസ്ഥാനത്തിൽ നിലവിൽ 109 പേർ ജോലിയിൽ തുടരുന്നുണ്ട്.

(സി & ഡി) ഇല്ല.

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

59 (5520) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ വാർഷിക പ്രീമിയം എത്ര രൂപയായിരുന്നുവെന്നും ഈ വർഷം എത്ര രൂപയാണ് വർദ്ധിപ്പിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) നിലവിൽ നൽകി വരുന്ന പരമാവധി ധനസഹായം എത്ര രൂപയായിരുന്നുവെന്നും ഇപ്പോൾ ഇത് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(സി) അപകടത്തിൽപ്പെട്ട് ചലനശേഷി നഷ്ടപ്പെടുന്ന ജീവനക്കാർക്ക് നൽകുന്ന പരമാവധി ധനസഹായം എത്ര രൂപയാണ്;

(ഡി) ധനസഹായം ലഭിക്കുന്നതിനായി എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്; ഇതിനായി പ്രത്യേക ഫാറം ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ വാർഷിക പ്രീമിയം 2015-ൽ കെ.എസ്.ഇ.ബി. ജീവനക്കാർക്ക് 750 രൂപയും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 450 രൂപയും മറ്റു ജീവനക്കാർക്ക് 300 രൂപയും ആയിരുന്നു. ഈ വർഷം ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ വാർഷിക പ്രീമിയം കെ.എസ്.ഇ.ബി. ജീവനക്കാർക്ക് 850 രൂപയായും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 550 രൂപയായും മറ്റു ജീവനക്കാർക്ക് 400 രൂപയായും വർദ്ധിപ്പിച്ചു.

(ബി) നിലവിൽ നൽകിവരുന്ന പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. ഈ വർഷം ഈ തുക വർദ്ധിപ്പിച്ചിട്ടില്ല.

(സി) അപകടത്തിൽപ്പെട്ട് ചലനശേഷി നഷ്ടപ്പെടുന്ന ജീവനക്കാർക്ക് നൽകുന്ന പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.

(ഡി) ധനസഹായം ലഭിക്കുന്നതിനായി ഇൻഷ്വർ ചെയ്യപ്പെട്ടയാളുടെ ഡ്രോയിംഗ് അന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ അല്ലെങ്കിൽ ടിയാന്റെ ശമ്പളം വിതരണം ചെയ്യാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ മുഖേന അതാത് ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിനായുള്ള അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കയർ മേഖലയുടെ പുരോഗതി**

60(5521) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ പുരോഗതിക്ക് തടസ്സം നിൽക്കുന്ന പ്രധാന ഘടകങ്ങൾ കണ്ടെത്താൻ പഠനം നടത്തിയിട്ടുണ്ടോ;

(ബി) സംയോജിത സമീപനത്തിന്റെ അഭാവത്തിലാണ് ഈ മേഖല അവഗണിക്കപ്പെടുന്നതെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ രംഗത്ത് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നവീനവും ഫലപ്രദവുമായ നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കയർ മേഖലയെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി നിലവിൽ കയർ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിലെ നിർദ്ദേശം നടപ്പിലാക്കി വരുന്നുണ്ട്.

(ബി&സി) കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയിലൂടെ മാത്രമേ ഈ മേഖലയെ രക്ഷിക്കാനാകൂ. കയർ വ്യവസായത്തിൽ എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കി യന്ത്രവൽക്കരണം നടപ്പിലാക്കും. എന്നാൽ നിലവിലെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കില്ലെന്ന് സർക്കാർ ഉറപ്പാക്കും. ഇതിനായി കയർഫെഡ് വഴി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി സംഭരിക്കും. ഈ കയർ കൊണ്ട് ഉൽപ്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം കയർ കോർപ്പറേഷൻ ക്രയവിലയ്ക്ക് സംഭരിക്കും. അവ റിബേറ്റ് നൽകി വിറ്റഴിക്കും. പുതിയ ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് 50% സബ്സിഡി, ഉൽപ്പാദന മേഖലയിലെ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡ് സബ്സിഡിക്കുപുറമേ 10% അധിക സബ്സിഡി, പി.വി.സി. കയർ അവശിഷ്ടങ്ങളിൽ നിന്നും ബോർഡുകൾ നിർമ്മിക്കുന്നതിനു ഫാക്ടറി ഇവയെല്ലാം നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്.

**കയർ മേഖലയുടെ സംരക്ഷണം**

61(5522) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ സംരക്ഷണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) കയർ തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കുന്നതിനും കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിപ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എം.ഡി.എ.) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.
12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.
13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുനഃസംഘടനാ പദ്ധതി സർക്കാർ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് താഴെപ്പറയും പ്രകാരമാണ്, ആധുനീകരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കി യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കും. കൂടാതെ ചകിരി ഉൽപാദിപ്പിക്കുന്നതിന് പുതിയ യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകും. ഉൽപ്പാദന മേഖലയിലെ പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡ് സബ്സിഡിക്ക് പുറമേ സംസ്ഥാന സർക്കാരിന്റെ അധിക സബ്സിഡിയായി 10% സബ്സിഡി നൽകും. ആലപ്പുഴയിൽ പി.വി.സി. കയർ അവശിഷ്ടങ്ങൾ സംസ്കരിച്ച് ബോർഡുകളാക്കുന്നതിന് സംയുക്ത സംരംഭം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ മലിനജലം ശുദ്ധീകരിക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കും.

(ബി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുക എന്നുള്ളതാണ് പുതിയ നയം. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കും. ഇതിനായി ക്രയവില സ്ഥിരതാ ഫണ്ട് പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 17 കോടി രൂപ 100 കോടി രൂപയായി ഉയർത്തി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനോടകം 27 കോടി രൂപ ഈ പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ 10.38 കോടി രൂപ കയർഫെഡിനും 16.62 കോടി രൂപ കയർ കോർപ്പറേഷനും അനുവദിച്ചിട്ടുണ്ട്.

**കയർ മേഖലയിലെ പ്രതിസന്ധി**

62(5523) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ;

(ബി) പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചു കൊണ്ടുതന്നെ, ഈ മേഖലയിൽ ആധുനികവത്ക്കരണം നടത്തുന്നതിനും കൂടുതൽ വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എംഡിഎ) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

കൂടാതെ 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചുപോലെ കയർ മേഖലയിലെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സർക്കാർ സംരക്ഷിച്ചുകൊണ്ട് സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പു വരുത്തി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത ക്രയവിലയ്ക്ക് സംഭരിക്കും. റിബേറ്റ് നൽകി ഉൽപന്നങ്ങൾ വിറ്റഴിക്കും.

ആയതിന് 27/8/2016-ലെ സ.ഉ (സ)806/2016/വ്യവ., 8/9/2016-ലെ സ.ഉ (സ) 896/2016/ഐഡി എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഓണക്കാലത്ത് റിബേറ്റ് നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ക്രയവില സ്ഥിരതാ ഫണ്ടിന് നിലവിലുള്ള ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 17 കോടി രൂപ 100 കോടി രൂപ ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുകയും 27 കോടി രൂപ ഇതിനകം നൽകുകയും ചെയ്തിട്ടുണ്ട്. കയർഫെഡിന് 10 കോടി 38 ലക്ഷം രൂപയും കയർ കോർപ്പറേഷന് 16 കോടി 62 ലക്ഷം രൂപയും വിവിധ ഇനങ്ങളിലായി നൽകിയിട്ടുണ്ട്.

(ബി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ കൂലിയെയോ ബാധിക്കാത്തവിധം മാത്രം യന്ത്രവൽക്കരണം നടത്തി വ്യവസായത്തെ ആധുനികവൽക്കരിക്കും. സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ കയർഫെഡും കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷനുംവഴി സംഭരിച്ച് വിപണി വിപുലീകരിക്കും.

**കയർ കോർപ്പറേഷന്റെയും കയർഫെഡിന്റെയും ഗോഡൗണുകൾ**

63(5524) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വടക്കുഭാഗത്തായി കയർ കോർപ്പറേഷന്റെയും കയർഫെഡിന്റെയും ഗോഡൗണുകൾ നിലവിലുണ്ടോ; ഇവ പ്രവർത്തനക്ഷമമാണോ;

(ബി) പ്രസ്തുത ഗോഡൗണുകളിൽ എന്തെങ്കിലും പ്രവൃത്തികൾ നടക്കുന്നുണ്ടോ;

(സി) ഗോഡൗണുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയില ഇടക്കൊച്ചി വടക്കുഭാഗത്തായി കയർ കോർപ്പറേഷന് ഗോഡൗൺ ഇല്ല. കയർഫെഡിന് ഇടക്കൊച്ചി വില്ലേജിൽ പള്ളുരുത്തി എന്ന സ്ഥലത്ത് ഉപയോഗയോഗ്യമായ ഗോഡൗൺ നിലവിലുണ്ട്. കായൽ വഴി വരുന്ന കയർ ഇറക്കിയിരുന്ന പ്രസ്തുത ഗോഡൗണിൽ ഇപ്പോൾ കയർ ഇറക്കുന്നില്ല.

(ബി) പ്രസ്തുത ഗോഡൗണിൽ മറ്റ് പ്രവർത്തനങ്ങൾ നടക്കുന്നില്ല.

(സി) ഗോഡൗൺ ഇപ്പോൾ പ്രവർത്തനയോഗ്യമാണ്.

## തൊണ്ട് സംഭരണം

64 (5525) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഴായി പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നടപ്പാക്കിയിട്ടുള്ള കർമ്മ പദ്ധതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) കയർ സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതിയനുസരിച്ച് ലഭിക്കുന്ന സഹായങ്ങൾ വിശദമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഈ സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പാഴായിപ്പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 16-1-2010-ലെ സ.ഉ.(കൈ) 15/ഐഡി/10 പ്രകാരം തൊണ്ടു സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 16-1-2015-ലെ ജി.ഒ. (എംഎസ്) നമ്പർ 116/2015/10 പ്രകാരം നിലവിലുണ്ടായിരുന്ന തൊണ്ടു സംഭരണ പദ്ധതിയിൽ ഭേദഗതികൾ വരുത്തി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് തൊണ്ടു സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ തൊണ്ട് എത്തിക്കുന്ന തൊഴിലാളികൾക്ക് മിനിമം 80 ഗ്രാം ചകിരി ലഭിക്കുന്ന പച്ചത്തൊണ്ടിന് 25 പൈസ നിരക്കിലും 80 ഗ്രാമിൽ താഴെ ചകിരി ലഭിക്കുന്ന പച്ചത്തൊണ്ടിന് 20 പൈസ നിരക്കിലും 60 ഗ്രാം ചകിരി ലഭിക്കുന്ന ഉണക്കത്തൊണ്ടിന് 15 പൈസ നിരക്കിലും 60 ഗ്രാമിൽ താഴെ ചകിരി ലഭിക്കുന്ന ഉണക്കത്തൊണ്ടിന് 10 പൈസ നിരക്കിലും ഇൻസെന്റീവ് നൽകി വരുന്നുണ്ട്. ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ടു സംഭരിച്ചു നൽകുമ്പോൾ പ്രതിദിനവേതനമായി 400 പച്ചത്തൊണ്ടിന് 160 രൂപയും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും 20 രൂപ വീതവും ഉണക്കത്തൊണ്ടാണെങ്കിൽ 600 എണ്ണത്തിന് 150 രൂപയും കൂടുതലായുള്ള ഓരോ 100 ഉണക്കത്തൊണ്ടിനും 25 രൂപ വീതവും നൽകിവരുന്നു.

(സി) കയർ സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതിയനുസരിച്ച് ചുവടെ പറയും പ്രകാരം സഹായങ്ങൾ ലഭിക്കുന്നു:

| ക്രമ നമ്പർ. | ഇനം | തുക |
|---|---|---|
| 1 | കയർ മേഖലയിലെ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടോ/ ഏജൻസികൾ മുഖേനയോ) 5000 തൊണ്ടിന് വാഹന വാടക | 250 രൂപ |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും | 50 രൂപ |
| <u>ചകിരി ഉൽപ്പാദനം</u> : | | |
| 2. | പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോക്ക് | 3 രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽ നിന്ന് ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോക്ക് | 2 രൂപ സബ്സിഡി |
| <u>മെയിന്റനൻസ് ഗ്രാന്റ്</u> : | | |
| 3. | വലിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50,000 രൂപ |
| 4. | മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10,000 രൂപ |

<u>റിവോൾവിംഗ് ഫണ്ട് :</u>

കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരണത്തിനായി പരമാവധി 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കുന്ന രീതിയിൽ പ്രവർത്തനമൂലധനം നൽകിവരുന്നു. ഈ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ചകിരിവില/കയർവില നിർണ്ണയ കമ്മിറ്റി കയറിന്റെ കമ്പോള വില കണക്കാക്കി പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോക്ക് 17 രൂപ നിരക്കിലും ഉണക്കത്തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോക്ക് 14 രൂപ നിരക്കിലും വില നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ഡി) യന്ത്രസഹായത്തോടുകൂടി തൊണ്ട് തല്ലി ചകിരി ഉൽപ്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾ തുടങ്ങുക, നിലവിലുള്ള ചകിരി ഉൽപ്പാദന യൂണിറ്റുകൾ

നവീകരിക്കുക, ചകിരിച്ചോറ് അസംസ്കൃത വസ്തുവായിട്ടുള്ള ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുക എന്നിവയാണ് ഈ പദ്ധതി പ്രകാരം ചെയ്യാനുദ്ദേശിക്കുന്നത്. കൂടാതെ കയർ വ്യവസായ സഹകരണ സംഘങ്ങൾ, കുടുംബശ്രീ സമാന യൂണിറ്റുകൾ, സ്വകാര്യ കയർ വ്യവസായ യൂണിറ്റുകൾ, കയർ വ്യവസായ സംരംഭകർ എന്നിവരെയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനുദ്ദേശിക്കുന്നു. ചകിരി ഉൽപ്പാദനത്തിൽ നാളികേര കർഷക ഫെഡറേഷനുകളെക്കൂടി പങ്കാളികളാക്കി പദ്ധതി വിപുലപ്പെടുത്തുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും സർക്കാരിന് ഉദ്ദേശ്യമുണ്ട്.

**യന്ത്രവൽകൃത കയർ ഉൽപ്പാദനം**

65 (5526) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യന്ത്രവൽകൃത കയർ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം പരമ്പരാഗത തൊഴിലാളികൾക്ക് ഇടയിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) യന്ത്രവൽകൃത കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പരമ്പരാഗത തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള തൊഴിൽ നഷ്ടം ഉണ്ടാകാൻ ഇടയുണ്ടോയെന്ന കാര്യം വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കി കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് പുതിയ യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകും. ഉൽപ്പാദന മേഖലയിലെ പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡ് സബ്സിഡിക്ക് പുറമേ സംസ്ഥാന സർക്കാരിന്റെ അധിക സബ്സിഡിയായി 10% സബ്സിഡി നൽകും. ആലപ്പുഴയിൽ പി.വി.സി. കയർ അവശിഷ്ടങ്ങൾ സംസ്കരിച്ച് ബോർഡുകളാക്കുന്നതിന് സംയുക്ത സംരംഭം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ മലിനജലം ശുദ്ധീകരിക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കും.

(ബി&സി) പുതിയ നയം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കില്ലെന്ന് ഉറപ്പു വരുത്തുന്നതിലേക്കായി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പു വരുത്തി കയർഫെഡ് സംഭരിയ്ക്കും. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കും.

## സ്വകാര്യ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി

66 (5527) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ സ്ഥാപിതശേഷി എത്രയാണെന്നും വിശദമാക്കുമോ;

(ബി) സ്വകാര്യമേഖലയിൽനിന്ന് കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുന്നുണ്ടോ; എങ്കിൽ അത് എവിടെ നിന്നൊക്കെയാണെന്ന് ചെലവു സംബന്ധിച്ച വിശദാംശം സഹിതം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനുള്ളിൽ സ്വകാര്യമേഖലയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നതിന് ഏതെങ്കിലും കമ്പനികളുമായി ധാരണയായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികളും അവയുടെ സ്ഥാപിതശേഷിയും അനുബന്ധം1* ആയി ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ നിന്നും കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നുണ്ട്. വൈദ്യുതി വാങ്ങുന്ന പദ്ധതികളുടെ പേരു വിവരവും ഓരോ പദ്ധതിക്കും നൽകുന്ന വൈദ്യുതിയുടെ നിരക്കും അനുബന്ധം* 2 ആയി ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്തിനുള്ളിൽ സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ, കോ-ജനറേഷൻ പ്ലാന്റുകൾ, കാറ്റിൽ നിന്നുള്ള പദ്ധതികൾ എന്നീ ഇനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിലെ ക്യാഷ്യർ തസ്തിക

67 (5528) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. -യിൽ കാഷ്യർ തസ്തികയിൽ കരാർ/ദിവസ വേതന/ താത്ക്കാലിക അടിസ്ഥാനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരുടെ പേരും എണ്ണവും അടങ്ങിയ പട്ടിക ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) കെ.എസ്.ഇ.ബി.-യിൽ ഉപഭോക്താക്കളിൽ നിന്ന് പണം സ്വീകരിക്കുന്ന എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) കെ.എസ്.ഇ.ബി.-യിൽ ഉപഭോക്താക്കളിൽനിന്നും പണം സ്വീകരിക്കുന്ന 753 സെക്ഷൻ ഓഫീസുകളുണ്ട്.

## കെ.എസ്.ഇ.ബി.

68 (5529) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-ക്ക് എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; 2012-നുശേഷം പുതിയതായി എത്ര സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യിൽ ലൈൻമാൻ, മസ്ദൂർ തസ്തികകളിലെ ജീവനക്കാരുടെ സേവനം യഥാസമയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) 9-9-2016-ലെ T&P - EB(3b)/Gen/2016/SA/2016 നമ്പർ ഉത്തരവ് പ്രകാരം സീനിയർ അസിസ്റ്റന്റുമാരെ ഏതൊക്കെ തസ്തികയിലാണ് നിയമിച്ചിരിക്കുന്നതെന്ന വിവരം ലഭ്യമാക്കുമോ;

(ഡി) കാഷ്യർ തസ്തികയിലെ ഒഴിവിലേക്ക് മറ്റേതെങ്കിലും തസ്തികയിലെ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഇ) കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്ര; റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ കെ.എസ്.ഇ.ബി.-യിൽ 764 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. 2012-13-ൽ 32 സെക്ഷനുകളും 2013-14-ൽ 18 സെക്ഷനുകളും അനുവദിച്ചിരുന്നു. 2014-15-ൽ പുതിയ സെക്ഷനുകളൊന്നും അനുവദിച്ചിരുന്നില്ല. 2015-16-ൽ അനുവദിച്ച 31 സെക്ഷനുകളിൽ 17 സെക്ഷനുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 14 സെക്ഷനുകൾ പ്രവർത്തനം ആരംഭിക്കാനുണ്ട്.

(ബി) ജീവനക്കാരുടെ കുറവുമൂലം ചില സ്ഥലങ്ങളിൽ ഉപഭോക്താക്കൾക്ക് യഥാസമയം സേവനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മറ്റു തസ്തികകളിൽ നിയമിച്ചിട്ടില്ല.

(ഡി) 689 പേർക്ക് ചുമതല നല്കിയിട്ടുണ്ട്.

(ഇ) 504. പി.എസ്.സി-വഴി നിയമിക്കേണ്ടവർ 428, തസ്തിക മാറ്റം വഴി നിയമിക്കേണ്ടവർ 76(428+76). കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 32800-ഓളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പള/ആനുകൂല്യങ്ങൾ നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിലവിൽ 5625 ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെ ആയതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആവശ്യം വേണ്ട തസ്തികകളും ജീവനക്കാരുടെ എണ്ണവും പുനർവിന്യാസവും ഉൾപ്പെടെ വിശദമായ പഠനം നടത്തുന്നതിന് IIM കോഴിക്കോടിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. പഠന റിപ്പോർട്ട് വിശകലനം ചെയ്ത് ഒരു തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തി നിയമനങ്ങൾ നടത്താൻ കഴിയുകയുള്ളൂ.

## ഡിവിഷണൽ ഓഫീസിന് കെട്ടിടം

69 (5530) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷണൽ ഓഫീസിനുവേണ്ടി സ്വന്തമായി കെട്ടിടം പണിയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി സെക്ഷൻ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഡിവിഷണൽ ഓഫിസിനു വേണ്ടി സ്വന്തം കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിനുവേണ്ടി ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ സെക്ഷനോഫീസ് പരിസരത്ത് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പുതിയ സെക്ഷൻ ഓഫീസുകൾ

70 (5531) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ക്യാഷ്യർ തസ്തികയുടെ സ്റ്റാഫ് പാറ്റേൺ 1387 ആയി നിജപ്പെടുത്തിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.-യിൽ 2011 മുതൽ 30/9/2016 വരെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചു എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) കേരളത്തിൽ നിലവിൽ കെ.എസ്.ഇ.ബി.-യിൽ എത്ര സെക്ഷൻ ഓഫീസുകൾ ആണ് പ്രവർത്തിക്കുന്നത്; ഇതിൽ ഉപഭോക്താക്കളിൽ നിന്ന് പണം സ്വീകരിക്കുന്ന എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ രണ്ടിൽ കൂടുതൽ ക്യാഷ്യർമാരുള്ള എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ട്;

(ഇ) കെ.എസ്.ഇ.ബി.-യിൽ ക്യാഷ്യർ തസ്തികയുടെ സ്റ്റാഫ് പാറ്റേൺ 1387 ആയി നിജപ്പെടുത്തിയതിനുശേഷം എത്ര സെക്ഷൻ ഓഫീസുകൾ തുടങ്ങിയിട്ടുണ്ട്

എന്ന് വ്യക്തമാക്കാമോ; ഒരു സെക്ഷൻ ഓഫീസിൽ ഒന്നിൽ കൂടുതൽ ക്യാഷ് കൗണ്ടറുള്ള എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലെ ക്യാഷ്യർ തസ്തികയുടെ അനുവദനീയ എണ്ണം 1410 ആണ്. 2002 വരെ ക്യാഷ്യർ തസ്തികയുടെ അനുവദനീയ എണ്ണം 1380 ആയിരുന്നു. അതിനുശേഷം നിലവിൽ വന്ന തസ്തികകൾ ഉൾപ്പെടെ ഇപ്പോൾ 1410 എണ്ണമാണുള്ളത്.

(ബി) 2011-12-ൽ 3 സെക്ഷനുകളും 2012-13-ൽ 32 സെക്ഷനുകളും, 2013-14-ൽ 18 സെക്ഷനുകളുമാണ് അനുവദിച്ചത്. 2014-15-ൽ പുതിയ സെക്ഷനുകളൊന്നും അനുവദിച്ചിരുന്നില്ല. 2015-16-ൽ അനുവദിച്ച 31 സെക്ഷനുകളിൽ 17 സെക്ഷനുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 14 സെക്ഷനുകൾ പ്രവർത്തനം ആരംഭിക്കാൻ ബാക്കിയുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ 764 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഉപഭോക്താക്കളിൽനിന്നും പണം സ്വീകരിക്കുന്ന 753 സെക്ഷൻ ഓഫീസുകളാണുള്ളത്.

(ഡി&ഇ) 2002-ലാണ് ഡിസ്ട്രിബ്യൂഷൻ പ്രോഫിറ്റ് സെന്റർ നിലവിൽ വന്നത്. അതിനുശേഷം 247 സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. രണ്ടിൽ കൂടുതൽ ക്യാഷ്യർമാരുള്ള 51 സെക്ഷൻ ഓഫീസുകളുമുണ്ട്. ഉപഭോക്താക്കളുടെ എണ്ണം കൂടുതലുള്ള സെക്ഷനുകളിലും സെക്ഷനുകളിൽനിന്നും വിദൂരമായ സ്ഥലങ്ങളിലുള്ള ഉപഭോക്താക്കൾക്ക് പണം ഒടുക്കുന്നതിന് outstation collection centre അനുവദിച്ചിട്ടുള്ള സെക്ഷൻ ഓഫീസുകളിലും ഒന്നിൽ കൂടുതൽ ക്യാഷ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിലുള്ള 54 സെക്ഷൻ ഓഫീസുകളാണുള്ളത്.

**കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം**

71 (5532) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം പ്രകാരം മുൻസർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ രംഗത്ത് നടത്തിയത്; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം പ്രകാരം മുൻസർക്കാരിന്റെ കാലത്ത് താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഊർജ്ജരംഗത്ത് നടപ്പിലാക്കിയത്.

| | |
|---|---|
| പുതിയ 11 കെ.വി. ലൈൻ | 43.161 KM പൂർത്തികരിച്ചു |
| പഴയ 11 കെ.വി.ലൈൻ Re-conducting നടത്തിയത് | 18.87 KM |
| പുതിയ ട്രാൻസ്ഫോർമർ | 63 എണ്ണം സ്ഥാപിച്ചു |
| ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ചത് | 6 എണ്ണം |
| എൽ.റ്റി. ലൈൻ വലിച്ചത് | 139.12 KM |
| മീറ്റർ മാറ്റി സ്ഥാപിച്ചത് | 18611 എണ്ണം |

ആകെ 1705.36 ലക്ഷം രൂപയുടെ ജോലി KPIS പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തികരിച്ചു.

(ബി) ടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ പുരോഗമിക്കുന്നു.

(സി) ടി പദ്ധതിക്ക് 4579.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പവർ സ്റ്റേഷനുകൾ**

72 (5533) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷനുകളുടെയും തെർമൽ പവർ സ്റ്റേഷനുകളുടെയും പ്രൊപ്പോസലുകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഇവയിൽ ഏതെങ്കിലും പവർ സ്റ്റേഷനുകൾ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെ പറയുന്ന ജലവൈദ്യുത പദ്ധതികൾ അവയ്ക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

| | | |
|---|---|---|
| 1. ചന്നാർ | 24 MW | 82.9 Mu |
| 2. മാങ്കുളം | 40 MW | 82 Mu |
| 3. ലാഡ്രം | 3.5 MW | 12.13 Mu |
| 4. മാർമല | 7 MW | 23.02 Mu |
| 5. പീച്ചാട് | 3 MW | 7.74 Mu |
| 6. വെസ്റ്റേൺ കല്ലാർ | 5 MW | 14.3 Mu |
| 7. ആനക്കയം | 7.5 MW | 22.83 Mu |
| 8. വടക്കേപ്പുഴ എക്സ്റ്റൻഷൻ സ്കീം | ... | 0.7 Mu |
| 9. പഴശ്ശിസാഗർ | 7.5 MW | 25.18 Mu |
| 10. ഓലിക്കൽ | 5 MW | 10.26 Mu |
| 11. പൂവാരംതോട് | 3 MW | 5.88 Mu |
| 12. ചെമ്പുകടവ് III | 7.5 MW | 17.715 Mu |
| 13. മാരിപ്പുഴ | 6 MW | 15.31 Mu |
| 14. വാലൻ തോട് | 7.5 MW | 15.291 Mu |
| 15. പെരുവണ്ണാമൂഴി | 6 MW | 24.70 Mu |

ഉയർന്ന ശേഷിയുള്ള താപനിലയം സംസ്ഥാനത്തിനകത്തോ ഇന്ധന ലഭ്യതയുള്ള പ്രദേശത്തോ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

(ബി) മേൽ പറഞ്ഞവയിൽ പെരുവണ്ണാമൂഴി പദ്ധതിയുടെ ദർഘാസ് 30-9-2016-ന് ക്ഷണിച്ചിട്ടുണ്ട്. മേൽ ജലവൈദ്യുത പദ്ധതികളുടെയെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനകം ആരംഭിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

## ഓപ്പൺ അക്സസ് സംവിധാനം

73 (5534) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓപ്പൺ അക്സസ്' സംവിധാനം എന്താണെന്ന് വിശദമാക്കാമോ; ഈ സംവിധാനത്തിലൂടെ വൈദ്യുതി ലഭ്യമാക്കുന്ന എത്ര സ്ഥാപനങ്ങൾ കേരളത്തിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ ലൈൻ ഉപയോഗിച്ച് ഏത് വിതരണക്കാരിൽ നിന്നും കുറഞ്ഞ തുകയ്ക്ക് വൈദ്യുതി വാങ്ങാൻ കഴിയുന്ന ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നവരിൽ നിന്ന് കെ.എസ്.ഇ.ബി.-ക്ക് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വൻകിട ഉപഭോക്താക്കളിൽ നിന്നും കൂടുതൽ തുക ഈടാക്കി, സാധാരണ ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നല്കണമെന്ന വിഷയത്തിൽ (ക്രോസ് സബ്സിഡി) സർക്കാർ സ്വീകരിച്ച നിലപാട് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്തിമ തീരുമാനം എന്തായിരുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി ഉൽപ്പാദകർ, വിതരണ ലൈസൻസികൾ, ഉപഭോക്താക്കൾ, വൈദ്യുതി വ്യാപാരികൾ തുടങ്ങിയവർക്ക് പ്രസരണ ലൈനുകളും വിതരണ ലൈനുകളും വിവേചനമില്ലാതെ ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വകുപ്പ് 2 (47), വകുപ്പ് 37 ഉപ വകുപ്പ് (2) (d), വകുപ്പ് 39 (2) (d), വകുപ്പ് 42 (2)എന്നിവ പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം വൈദ്യുതി ഉൽപാദകർ, വിതരണ ലൈസൻസികൾ, ഉപഭോക്താക്കൾ വൈദ്യുതി വ്യാപാരികൾ തുടങ്ങിയവർക്ക് പ്രസരണ ലൈനുകളും വിതരണ ലൈനുകളും ഉപയോഗിച്ച് വിവിധ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ലഭ്യമാക്കുന്നതിനെയാണ് ഓപ്പൺ അക്സസ് സംവിധാനം എന്നു വിഭാവനം ചെയ്തിട്ടുള്ളത് കേരളത്തിൽ ഇപ്പോൾ നിലവിലുള്ള ഓപ്പൺ അക്സസ് ഉപഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി-യുടെ ലൈൻവഴി 'ഓപ്പൺ അക്സസ് ' സംവിധാനം ഉപയോഗിക്കുന്നവരിൽ നിന്ന് കെ.എസ്.ഇ.ബി -ക്ക് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 'ഓപ്പൺ അക്സസ് ചാർജ്ജും ക്രോസ് സബ്സിഡി സർചാർജ്ജും അഡീഷണൽ സർചാർജ്ജും ഈടാക്കാനാവുന്നതാണ്. നിലവിൽ താഴെ പറയുന്ന ചാർജുകളാണ് 'ഓപ്പൺ അക്സസ് ചാർജുകളായി KSERC അംഗീകരിച്ചിട്ടുള്ളത്.

| | | |
|---|---|---|
| 1. | ട്രാൻസ്മിഷൻ ചാർജ് (പ്രസരണ ശൃംഖലയുടെ ഉപയോഗത്തിന്) | ₹ 0.26/ Unit |
| 2. | വീലിംഗ് ചാർജ്ജ് (വിതരണ ശൃംഖലയുടെ ഉപയോഗത്തിന്) | ₹ 0.32/Unit |
| 3. | ക്രോസ് സബ്സിഡി | KSERC 30/9/2014- ൽ അംഗീകരിച്ച ക്രോസ് സബ്സിഡി ചാർജ്ജാണ് നിലവിലുള്ളത്. |
| 4. | അഡീഷണൽ സർചാർജ് | നിലവിൽ അഡീഷണൽ സർചാർജ് ഇല്ല. |

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ലൈൻ ഉപയോഗിച്ച് വൈദ്യുതി വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവരിൽനിന്ന് മേൽ നിരക്കുകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് വരുമാനം ലഭിക്കുന്നുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ താരിഫ് പോളിസി 2006-ലെ ഫോർമുല അനുസരിച്ചാണ് നിലവിൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ക്രോസ് സബ്സിഡി നിശ്ചയിച്ചിരിക്കുന്നത്. ടി ഫോർമുല അനുസരിച്ച് നിലവിൽ ക്രോസ് സബ്സിഡി ചാർജ് ബാധകമാകുന്നത് കൊമേഴ്സ്യൽ കാറ്റഗറിക്കും ജനറൽ കാറ്റഗറിക്കും മാത്രമാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് 2016 ജനുവരിയിൽ പുറപ്പെടുവിച്ച നാഷണൽ താരിഫ് പോളിസി അനുസരിച്ച് ക്രോസ് സബ്സിഡി സർചാർജിന്റെ ഫോർമുലയിലും ടി ഫോർമുല അനുസരിച്ചുള്ള ക്രോസ് സബ്സിഡി സർചാർജിലും വ്യതിയാനം വന്നിട്ടുണ്ട്.

ഇതുപ്രകാരം കെ.എസ്.ഇ.ബി.എൽ. സംസ്ഥാന വാദ്യുതി റെഗുലേറ്ററി കമ്മീഷനു മുമ്പാകെ പുതുക്കിയ ക്രോസ് സബ്സിഡി സർചാർജ് അനുവദിച്ചു നൽകുന്നതിനും open Access മൂലം കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടാകുന്ന ഫിക്സ്ഡ് കോസ്റ്റ് നഷ്ടം നികത്തുന്നതിന് അഡീഷണൽ സർചാർജ് അനുവദിച്ചു നൽകുന്നതിനും പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനം എടുത്തിട്ടില്ല.

## ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതി

74 (5535) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയനുസരിച്ച് നടപ്പാക്കി വരുന്നതെന്ന് വിവരിക്കുമോ;

(സി) ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം വിവര സാങ്കേതികവിദ്യാധിഷ്ഠിത പ്രവൃത്തികളാണ് മുൻസർക്കാർ നടപ്പാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം വിതരണ ശൃംഖല വികസന പ്രവർത്തനങ്ങളാണ് മുൻസർക്കാർ നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ഇ) ഈ പദ്ധതിയനുസരിച്ച് നടപ്പാക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതി ഇപ്പോൾ നിലവിലില്ല. പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി.) നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ-യുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

- ഡാറ്റാ സെന്റർ
- കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്റർ
- ഡിസാസ്റ്റർ റിക്കവറി സെന്റർ
- കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസുകൾക്ക് ഡാറ്റാ സെന്ററുമായി ഉള്ള ബന്ധം.
- എനർജി ഓഡിറ്റിംഗ്

- മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം
- ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ ക്രമപ്പെടുത്തലും ആസ്തി അടയാളപ്പെടുത്തലും
- ജി.ഐ.എസ്. അടിസ്ഥാനത്തിലുള്ള വൈദ്യുതി ശൃംഖല പൂർത്തീകരണം
- വെബ് അടിസ്ഥാനപ്പെടുത്തിയുള്ള സ്വയം സേവനങ്ങൾ.
- ഉപഭോക്താക്കളുടെ കൊമേഴ്സ്യൽ വിവരശേഖരം തയ്യാറാക്കുക.
- മെയിലും സന്ദേശങ്ങളും അയയ്ക്കുന്നതിനുള്ള സംവിധാനം
- എന്റർപ്രൈസ് ആർക്കിടെക്ചർ സ്ഥാപിക്കൽ
- സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

  RAPDRP പദ്ധതിയുടെ (B) part-ന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികളാണ് നടത്തിവരുന്നത്.

- 11 കെ.വി. സബ്സ്റ്റേഷനുകളുടെ നവീകരണവും ആധുനിക വൽക്കരണവും ശക്തിപ്പെടുത്തലും
- കാലപ്പഴക്കം ചെന്ന 11 കെ. വി. ലൈനുകളും എൽ.റ്റി. ലൈനുകളും പുതുക്കി പണിയൽ
- ഏരിയൽ ബഞ്ച്ഡ് കേബിൾ ഉപയോഗിച്ച് ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ 11 കെ.വി. ലൈനും എൽ.റ്റി. ലൈനും നിർമ്മിക്കുക
- 11 കെ.വി അണ്ടർഗ്രൗണ്ട് കേബിളുകൾ നിർമ്മിക്കുക.
- കാലപ്പഴക്കം വന്നതും കേടായതുമായ സിംഗിൾ-ത്രീഫേസ് മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപി ക്കുക.

  സബ്ട്രാൻസ്മിഷൻ ശൃഖല ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഓഫീസുകളെ ബന്ധിപ്പിച്ച് വിവര സാങ്കേതിക വിദ്യ ശൃംഖല സ്ഥാപിക്കുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ

വേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, 43 നഗരങ്ങളിലേക്കുള്ള ഊർജ്ജ ഓഡിറ്റിംഗും ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കുക തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി. കൂടാതെ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, കാൾ സെന്റർ എന്നിവ മുഖേന ഉപഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കലും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. 11 കെ.വി ലൈൻ നിർമ്മാണം -1400 കിലോമീറ്റർ
2. 11 കെ.വി. അണ്ടർഗ്രൗണ്ട് കേബിൾ നിർമ്മാണം - 851 കിലോമീറ്റർ
3. കാലപ്പഴക്കം വന്ന 11 കെ. വി. ലൈൻ മാറ്റി പുതിയ ലൈൻ സ്ഥാപിക്കൽ - 503 കിലോമീറ്റർ
4. വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 2082 എണ്ണം
5. കാലപ്പഴക്കം വന്നതും കേടായതുമായ എൽ.റ്റി. ലൈനുകൾ മാറ്റി പുതിയ ലൈൻ നിർമ്മിക്കൽ -5500 കിലോമീറ്റർ
6. കേടായതും/മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കൽ - 1051138 എണ്ണം

(ഇ) ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയുടെ തുടർച്ചയായി താഴെപ്പറയുന്ന വിവര സാങ്കേതികവിദ്യ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്നും ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സൗകര്യം
2. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ (സി.ഡി.എം.) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്ന പദ്ധതി

3. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി

4. ഡിസാസ്റ്റർ റിക്കവറി സെന്റർ കമ്മീഷനിംഗ്

5. ഭാഗീകമായി പ്രവർത്തനക്ഷമമായ താഴെപ്പറയുന്ന സോഫ്റ്റ്വെയറുകളെ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ

   - ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ ക്രമപ്പെടുത്തലും ആസ്തി അടയാളപ്പെടുത്തലും
   - ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തിയുള്ള സമഗ്ര വിവര ശൃംഖല വിശകലനം
   - മീറ്റർ ഡാറ്റ ശേഖരിക്കുന്ന സംവിധാനം
   - എനർജി ഓഡിറ്റിംഗ്
   - മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം
   - ആസ്തി കൈകാര്യം ചെയ്യാനുള്ള സംവിധാനം
   - ആസ്തി സംരക്ഷണം ചെയ്യാനുള്ള സംവിധാനം

ഏരിയൽ ബഞ്ച്ഡ് കേബിൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി നീട്ടിക്കിട്ടുന്നതിനുവേണ്ടി പവർ ഫിനാൻസ് കോർപ്പറേഷനോട് അപേക്ഷിച്ചിട്ടുണ്ട്.

**എനർജി സേവിംഗ് കോ-ഓർഡിനേഷൻ ടീം**

75 (5536) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി സേവിംഗ് കോ-ഓർഡിനേഷൻ ടീം മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ രംഗത്ത് നടത്തിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എനർജി സേവിംഗ് കോ-ഓർഡിനേഷൻ ടീം മുൻസർക്കാരിന്റെ കാലത്ത് ഊർജ്ജ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. കേരളത്തിൽ വിവിധയിടങ്ങളിൽ നിലവിലുള്ള ഐസ് പ്ലാന്റുകളുടെ ഊർജ്ജക്ഷമത കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ട്രാൻസ്ഫോർമർ സെക്ഷനുകളുടെ നവീകരണം നടത്തുകയും ചെയ്തു. കൂടാതെ താഴെപ്പറയുന്ന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്:

- വലിയ ഊർജ്ജ ഉപഭോക്താക്കളിൽ നിർബന്ധമാക്കിയിട്ടുള്ള എനർജി ഓഡിറ്റ്
- പരമ്പരാഗത പെട്ടിപറ പമ്പിംഗ് സംവിധാനം മാറ്റിവയ്ക്കൽ
- ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പദ്ധതി (HVDS)
- സർക്കാർ ആശുപത്രികളിൽ കാര്യക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും വൈദ്യുതി ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ പദ്ധതി
- ഊർജ്ജ സംരക്ഷണ അവബോധ പ്രവർത്തനങ്ങൾ
- ഡെൽപ്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം)
- എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ്

(ബി) ഊർജ്ജ സംരക്ഷണ നടപടികൾ തുടർന്നും സജീവമായി കൊണ്ടു പോകുന്നതിന് താഴെപ്പറയുന്ന വിവിധ നടപടികൾ ഏറ്റെടുത്തിട്ടുണ്ട്.

- ഒരു കോടി എൽ.ഇ.ഡി. ബൾബുകൾ വാങ്ങി ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു.
- ഇ.സി.ഇ.ഇ. (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി)

- എനർജി എഫിഷ്യന്റ് ഫാൻ
- സോളാർ വാട്ടർ ഹീറ്റർ
- സി.എഫ്. എൽ. മാറ്റി എൽ.ഇ.ഡി. ബൾബ് സ്ഥാപിക്കൽ

(സി) ഇതിനായി ആവശ്യമുള്ള എല്ലാ സൂക്ഷ്മ ഉപകരണങ്ങളും കെ.എസ്.ഇ.ബി. ലഭ്യമാക്കിയിട്ടുണ്ട്.

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

76 (5537) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതികളുടെ പൂർത്തീകരണത്തോടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കാനാകുമെന്ന് വിശദമാക്കുമോ?

**ഉത്തരം**

(എ-സി) നിർമ്മാണം പുരോഗമിക്കുന്ന 5 ചെറുകിട ജലവൈദ്യുത പദ്ധതികളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു

| | MW | MU | നിർമ്മാണം പൂർത്തീകരിക്കുന്ന തീയതി |
|---|---|---|---|
| 1. പെരുന്തേനരുവി | 6 | 25.77 | 12-2016 |
| 2. കക്കയം | 3 | 10.39 | 12-2017 |
| 3. ഭൂതത്താൻകെട്ട് | 24 | 83.5 | 1-2018 |
| 4. പെരിങ്ങൽകുത്ത് | 24 | 45.02 | 5-2018 |
| 5. അപ്പർ കല്ലാർ | 2 | 5.14 | 8-2018 |
| ആകെ | 59 | | |

## ഊർജ്ജ ഓഡിറ്റിംഗ്

77 (5538) ശ്രീ. റോജി എം. ജോൺ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ ഓഡിറ്റിംഗ് പദ്ധതി പ്രകാരം മുൻ ഗവൺമെന്റ് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ രംഗത്ത് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി അനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ:

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഊർജ്ജ ഓഡിറ്റിംഗ് പദ്ധതിപ്രകാരം മുൻ ഗവൺമെന്റ് ഊർജ്ജ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്തെ എല്ലാ വൻകിട (HT/EHT) വൈദ്യുതി ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി.
- പൊതു കെട്ടിടങ്ങളെ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിനായി മുപ്പതോളം സ്ഥാപനങ്ങളിൽ ഇൻവസ്റ്റ്മെന്റ് ഗ്രേഡ് ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ ഊർജ്ജലാഭം നേടാമെന്ന് കണ്ടെത്തുകയും 8 സ്ഥാപനങ്ങളിൽ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ് ഭവൻ, തിരുവനന്തപുരം

3. സിവിൽസ്റ്റേഷൻ, കോഴിക്കോട്
4. സിവിൽസ്റ്റേഷൻ, തൃശ്ശൂർ
5. സിവിൽസ്റ്റേഷൻ, എറണാകുളം
6. സിവിൽസ്റ്റേഷൻ, കോട്ടയം
7. ഹൈക്കോടതി കെട്ടിടം, കൊച്ചി
8. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വൻകിട ഉപഭോക്താക്കൾ, ആശുപത്രികൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ എനർജി ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്.

(ബി&സി) വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി നാളിതുവരെ ഇ.എം.സി. 36 സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായുള്ള ഈ എനർജി ഓഡിറ്റ് സ്ഥാപനങ്ങളുടെ പട്ടിക ഇ.എം.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതു/സർക്കാർ മേഖലയിൽ ഊർജ്ജ ഓഡിറ്റ് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിലെ HT/EHT ഊർജ്ജ ഉപഭോക്താക്കളായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 50% (പരമാവധി 50,000 രൂപ) നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏകദേശം 10.25 ലക്ഷം സ്ക്വയർ ഫീറ്റ് കെട്ടിടത്തിൽ സമഗ്ര എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു. ഊർജ്ജ ഓഡിറ്റിംഗിനായി ആവശ്യമുള്ള എല്ലാ സൂക്ഷ്മ ഉപകരണങ്ങളും കെ.എസ്.ഇ.ബി. ലഭ്യമാക്കിയിട്ടുണ്ട്.

## സോളാർ വൈദ്യുതി

78 (5539) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സോളാർ പാനലുകളുടെ പ്രവർത്തനമാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്നും അതിൽ നിന്നും എത്ര വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിഞ്ഞു എന്നും വിശദമാക്കുമോ;

(സി) സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി അനെർട്ട് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി. സംസ്ഥാനത്തിന്റെ സ്ഥാപിതശേഷിയിൽ 15 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാ ബന്ധിത പദ്ധതി. 2 കിലോവാട്ട് മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള സൗരനിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയിൽ അപേക്ഷിക്കുന്നവർക്ക് കേന്ദ്ര സർക്കാർ ധനസഹായമായി പരമാവധി 24,000 രൂപയും സംസ്ഥാന സർക്കാർ ധനസഹായമായി 10,000 രൂപയും ഒരു കിലോവാട്ടിന് ലഭ്യമാക്കുന്നതാണ്. അതോടൊപ്പം തന്നെ 19 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ടിട്ടുള്ള ശൃംഖലാബന്ധിത പദ്ധതിക്കും 10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ടിട്ടുള്ള ബാറ്ററിയോടുകൂടിയ സൂര്യോദയം പദ്ധതിയും സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു. ഇതിനായുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം സാദ്ധ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി. 24 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു. സിയാൽ 15.4 മെഗാവാട്ടും ഹിൻഡാൽകോ ഒരു മെഗാവാട്ടും സ്വകാര്യ വ്യക്തികൾ 2.868 മെഗാവാട്ടും സൗരോർജ്ജ നിലയങ്ങളിൽനിന്നും ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. അനെർട്ട് വഴി 2 മെഗാവാട്ടും സോളാർ പാർക്ക് വഴി 50 മെഗാവാട്ടും സ്വകാര്യ വ്യക്തികൾ വഴി 8 മെഗാവാട്ടും അടക്കം ഈ സാമ്പത്തിക വർഷം 85.3 മെഗാവാട്ടാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സോളാർ പാർക്കുകൾ ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ 700 മെഗാവാട്ട് വൈദ്യുതോൽപാദനം ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിന്റെ മേൽനോട്ടത്തിൽ തൃശ്ശൂർ കോർപ്പറേഷനിൽ 200 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് പദ്ധതി 2016 ഒക്ടോബർ 15-ന് കമ്മീഷൻ ചെയ്തിട്ടുണ്ട്. അനെർട്ട് നടപ്പിലാക്കിയ 10000 സൗരഗൃഹ പദ്ധതിയിൽ ബാക്കി വന്നിരുന്ന ഏകദേശം 1400-ഓളം ഒരു കിലോവാട്ട് ശേഷിയുള്ള സൗരനിലയങ്ങൾ സ്ഥാപിക്കുകവഴി 4900-ഓളം യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉൽപാദിപ്പിക്കാൻ കഴിയുന്നുണ്ട്. സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ ഏകദേശം 485 കിലോവാട്ട് ശേഷിയുള്ള സൗനിലയങ്ങൾ സ്ഥാപിക്കുക വഴി 1940-ഓളം യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉൽപാദിപ്പിക്കുവാൻ കഴിയുന്നുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അഞ്ച് പദ്ധതികളിലായി 3.392 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സൗരോർജ്ജ പവർപ്ലാന്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി ഡെമോൺസ്ട്രേഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ 110 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള പ്ലാന്റുകൾ 2012-13 സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലായി സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ വിതരണ ശൃംഖലാബന്ധിത സൗര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തെ സൗരവൈദ്യുതോൽപാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് ഗ്രീൻ കേരള ക്യാമ്പെയിനിന്റെ ഭാഗമായി സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാന റവന്യൂ വകുപ്പിനുകീഴിലുള്ള വിവിധ കെട്ടിടങ്ങളിൽ അനെർട്ട് നടത്തിയ പ്രാഥമിക പഠനം കാണിക്കുന്നത് സിവിൽ സ്റ്റേഷനുകൾ, മിനി സിവിൽ സ്റ്റേഷനുകൾ തുടങ്ങിയയിടങ്ങളിൽനിന്ന് നാല് മെഗാവാട്ട് സൗരവൈദ്യുതോൽപാദനം സാദ്ധ്യമാകുമെന്നാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിലെ സൗരവൈദ്യുതോൽപാദന സാദ്ധ്യത പഠിക്കാൻ സി-ഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്വന്തം കെട്ടിടങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലുമായി 50 മെഗാവാട്ട് സൗരവൈദ്യുതോൽപാദനംകൂടി സാദ്ധ്യമായേക്കും എന്ന് പ്രതീക്ഷിക്കുന്നു.

നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പാക്കി വരുന്ന സൗരമേൽക്കൂര വൈദ്യുത നിലയ പദ്ധതിയിലും സോളാർ കണക്ട് എന്ന ശൃംഖലാബന്ധിത സൗരവൈദ്യുതനിലയ പദ്ധതിയിലും ഒട്ടേറെ സർക്കാർ സ്ഥാപനങ്ങൾ സൗരവൈദ്യുതോൽപാദന നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തുടർന്നും ഏതൊരു സർക്കാർ സ്ഥാപനത്തിനും അനെർട്ട് നടപ്പിലാക്കിവരുന്ന

പദ്ധതികളിലൂടെയോ അനെർട്ടിന്റെ സാങ്കേതിക കൺസൾട്ടൻസി സഹായം ഉപയോഗപ്പെടുത്തിയോ സൗരവൈദ്യുതോൽപാദന നിലയം സ്ഥാപിക്കുകയും അംഗീകൃത സബ്സിഡി ലഭ്യമാക്കുകയും ചെയ്യാവുന്നതുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കിയ 10000 സൗരഗൃഹ പദ്ധതിയിലും നിലവിൽ നടപ്പിലാക്കി വരുന്ന സോളാർ കണക്ട് ശ്രൃംഖലാബന്ധിത പദ്ധതിയിലും ഒട്ടനവധി സർക്കാർ സ്ഥാപനങ്ങൾ ധനസഹായത്തോടുകൂടി തന്നെ സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തുടർന്നും സർക്കാർ സ്ഥാപനങ്ങൾക്ക് അനെർട്ടിന്റെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികളിൽ അപേക്ഷിച്ച് സൗരനിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. സർക്കാർ ഓഫീസുകൾ, സ്കൂളുകൾ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ കെ.എസ്.ഇ.ബി.-യിൽ നിലവിലുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഓഫീസുകൾ, ആശുപത്രികൾ, തരിശുഭൂമി എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് 2.33 മെഗാവാട്ടിന്റെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്കൂളുകൾ, മറ്റ് ഓഫീസുകൾ ഇവയുടെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള 21 മെഗാവാട്ടിന്റെ കെ.എസ്.ഇ.ബി.-യുടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. ഇതുകൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ്, സി-ഡിറ്റ്, അനെർട്ട് എന്നീ സ്ഥാപനങ്ങൾവഴി 83 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### ലാഭപ്രഭ, നോ ലോഡ്ഷെഡ്ഡിഗ് ക്യാമ്പയിൻ

79 (5540) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭപ്രഭ, നോ ലോഡ്ഷെഡ്ഡിംഗ് ക്യാമ്പയിൻ എന്നിവയിലൂടെ മുൻസർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ രംഗത്ത് നടത്തിയതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കർമ്മ പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം എന്ന ലക്ഷ്യത്തോടെ 2013 മാർച്ചിൽ തുടക്കമിട്ട ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടികളാണ് ലാഭപ്രഭയും നോ ലോഡ്ഷെഡ്ഡിംഗ് ക്യാമ്പയിനും. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ-1 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ. സൗജന്യമായി നൽകിയിട്ടുണ്ട്. നോ ലോഡ്ഷെഡ്ഡിംഗ് ക്യാമ്പയിൻ പീരീഡിൽ ഉദ്ദേശം 2380750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 27385 പേർ തങ്ങളുടെ ഉപഭോഗത്തിൽ കാര്യമായ കുറവ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകൾ അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണം തേടി എന്നതാണ് ലാഭപ്രഭ സീസൺ-2 പദ്ധതിയുടെ സവിശേഷത. പരാമവധി സ്കൂൾ കുട്ടികളെ പങ്കെടുപ്പിക്കുകയും അതുവഴി ഗണ്യമായ ഊർജ്ജ ലാഭം വരുത്തിയ 8 സ്കൂളുകളിൽ 5 കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് നൽകുന്നതിനും നടപടികൾ ആരംഭിച്ചു.

(ബി&സി) സംസ്ഥാനത്ത് ലാഭപ്രഭ പദ്ധതിയുടെ മൂന്നാംഘട്ടമായി 9 വാട്ടിന്റെ 2 LED ബൾബുകൾ വീതം എല്ലാ ഉപഭോക്താക്കളിലും എത്തിക്കുന്ന ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 1.5 കോടി ബൾബുകളാണ് വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നത്. ഇതിൽ 72.8 ലക്ഷം LED ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള ബൾബുകൾ ഈ സാമ്പത്തിക വർഷത്തിൽ തന്നെ വിതരണം ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലാഭപ്രഭ രണ്ടാം ഘട്ടത്തിൽ വിജയികളായ വിവിധ ജില്ലകളിലെ 8 സ്കൂളുകളിൽ 5 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് ദർഘാസ് നടപടികൾ അവസാന ഘട്ടത്തിലാണ്.

## റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ

80 (*T5541) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ (REDB) പദ്ധതിക്ക് അംഗീകാരം ലഭിച്ച തീയതി, കരാർ പ്രവൃത്തി തുടങ്ങിയ തീയതി, പൂർത്തീകരിക്കാൻ നൽകിയ സമയം എന്നിവ വ്യക്തമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) മലപ്പുറം ജില്ലയിൽ പദ്ധതിയുടെ പ്രവർത്തനം എവിടെയെല്ലാമാണ് നടന്നുവരുന്നത്; എത്ര ശതമാനം പൂർത്തിയായി; വിശദമാക്കാമോ;

(സി) പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് കാലതാമസം നേരിടുമോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനയുടെ ഒരു ഘടകമായ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ (REDB) പ്രകാരം മലപ്പുറം ജില്ലയിൽ മങ്കടയിൽ ഒരു പുതിയ 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 10-3-2010-ൽ അംഗീകാരം ലഭിക്കുകയും 31-10-2011-ൽ പ്രവൃത്തി തുടങ്ങുകയും ചെയ്തു. പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ നൽകിയ സമയം എഗ്രിമെന്റ് പ്രകാരം 9 മാസമായിരുന്നു. എന്നാൽ പദ്ധതി പൂർത്തീകരണത്തിനും കോൺട്രാക്ടർക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ സമയം പല ഘട്ടങ്ങളിലായി 31-1-2016 വരെ നീട്ടിക്കൊടുത്തു.

(ബി) മലപ്പുറം ജില്ലയിൽ മങ്കടയിൽ മാത്രമാണ് ഈ പദ്ധതി ഉണ്ടായിരുന്നത്. 66 കെ.വി. സബ്സ്റ്റേഷനും (110 കെ.വി standards) അനുബന്ധ ലൈനുകളും (1.52 KM & 66 KV Line ) നിർമ്മിച്ചു.

(സി) മങ്കടയിൽ REDB പ്രകാരം സബ്സ്റ്റേഷനും അനുബന്ധ ലൈനുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ 30-9-2015-ന് പൂർത്തീകരിച്ചു. 28-12-2015 മുതൽ സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു.

**പ്രസരണ-വിതരണ നഷ്ടം**

81 (5542) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ-വിതരണ നഷ്ടം കുറക്കാനുള്ള സ്കീമിൽ മുൻസർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി അനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുകയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ചെയ്യുക, നിലവവിലുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി റീകണ്ടക്ടറിംഗ് നടത്തുക എന്നീ പദ്ധതികളാണ് മുൻസർക്കാരിന്റെ കാലത്ത് നടപ്പാക്കിയത്. ഇതിൻപ്രകാരം മുൻസർക്കാരിന്റെ കാലത്ത് 43 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. ഇതിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും പതിനഞ്ച് 110 കെ. വി. സബ് സ്റ്റേഷനുകളും നാല് 66 കെ.വി. സബ്സ്റ്റേഷനുകളും ഇരുപത്തിരണ്ട് 33 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. കേന്ദ്രാവിഷ്കൃത പദ്ധതി (RAPDRP), ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയാണ് വിതരണ നഷ്ടം കുറയ്ക്കുന്നതിനായുള്ള പ്രവൃത്തികൾ ചെയ്തുവന്നിരുന്നത്. പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുത കമ്പികൾ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക, സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈൻ ആക്കി മാറ്റുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് മുൻ സർക്കാരിന്റെ കാലത്ത് ടി പദ്ധതികൾവഴി നടപ്പിലാക്കിയത്.

(ബി) നിലവിലുള്ള സർക്കാർ 5 വർഷത്തിനുള്ളിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 114 സബ്സ്റ്റേഷനുകളുടെയും 2413 കിലോമീറ്റർ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. അതുകൂടാതെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നേരിടുന്നതിന് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പേരിൽ ഒരു പ്രസരണ ശൃംഖല വികസന പദ്ധതിക്ക് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി 2017-2021 കാലഘട്ടത്തിൽ സംസ്ഥാനത്തുടനീളം ഒരു പ്രസരണ ഇടനാഴിയും അഞ്ച് 400 കെ.വി. സബ്സ്റ്റേഷനുകളും ഇരുപത്തിനാല് 220 കെവി. സബ്സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തീകരിക്കുവാൻ

ലക്ഷ്യമിട്ടിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 21 സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 3 സബ്സ്റ്റേഷനുകൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വിതരണ നഷ്ടം കുറയ്ക്കുന്നതിനായി 3050 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുവാനും 3300 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും 2900 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുവാനും 1250 കിലോമീറ്റർ 11 കെ.വി. ലൈനിന്റെയും 10000 കിലോമീറ്റർ എൽ.റ്റി. ലൈനിന്റെയും ശേഷി വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ കേടായ മീറ്ററുകളും ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ സ്റ്റാറ്റിക് എൽ.സി.ഡി. മീറ്ററുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി. പദ്ധതിക്ക് പുറമേ ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീമും നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

(സി) മേൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഓരോ പദ്ധതിക്കും യഥാസമയം ഭരണാനുമതി ലഭ്യമാക്കുന്നതിനും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ യന്ത്രസാമഗ്രികളും മറ്റുപകരണങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ നപടികളും ഭരണതലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ ഓരോ ജോലിയുടെയും നിർമ്മാണ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഇതിനായി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ പതിവായി ചേരുന്നതിനും ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## ഡ്യൂട്ടി സമയത്തെ അപകടം

82 (5543) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂട്ടി സമയത്ത് അപകടത്തിൽപ്പെട്ട് മരിക്കുന്ന വൈദ്യുതി ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർക്ക് അടിയന്തര സഹായം ലഭ്യമാക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഡ്യൂട്ടി സമയത്ത് അപകടത്തിൽ മരിക്കുന്നവർക്കും അപകടത്തിൽപ്പെട്ട് കിടക്കുന്ന വൈദ്യുതി ബോർഡ് കരാർ ജീവനക്കാർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഈ ജീവനക്കാരുടെ കുടുംബത്തിന്റെ അനാഥത്വം പരിഹരിച്ച് അവർക്ക് ആശ്വാസം നൽകുന്ന തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷ, ആശ്രിതർക്ക് ജോലി, അടിയന്തര സഹായം എന്നിവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമരണം സംഭവിക്കുകയാണെങ്കിൽ സ്ഥിരം ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് അടിയന്തര സഹായമെന്ന നിലയിൽ ശവസംസ്കാര ചെലവിനായി 5,000 രൂപ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നൽകിവരുന്നു. കൂടാതെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് ദീർഘകാല കരാർ പ്രകാരം 2500 രൂപ കൂടി ശവസംസ്കാര ചെലവിനായി നൽകുന്നുണ്ട്. ദാരുണമായ ചില അപകടങ്ങളിൽ ഒന്നിലധികം ജീവനക്കാർ/തൊഴിലാളികൾക്ക് അപകടമരണം/അതീവ കാഠിന്യമുള്ള പരിക്ക് ഏൽക്കുന്ന സാഹചര്യങ്ങളിൽ അടിയന്തര ധനസഹായം അനുവദിക്കേണ്ടുന്നതിന്റെ ആവശ്യകത പരിശോധിച്ച് അടിയന്തര ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം എടുത്തു വരുന്നു. പരിക്കുകൾ പറ്റുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർ/ തൊഴിലാളികൾക്ക് ചികിത്സ നൽകുന്ന ആശുപത്രിയിലെ ഡോക്ടർ/സ്പെഷ്യലിസ്റ്റ് നിയമാനുസൃതമായ രീതിയിൽ സർട്ടിഫൈ ചെയ്ത് ചികിത്സയ്ക്കായി ആവശ്യപ്പെടുന്ന തുക മെഡിക്കൽ അഡ്വാൻസ് ആയി അടിയന്തരമായി നൽകിവരുന്നു. കൂടാതെ എംപ്ലോയീസ് വെൽഫെയർ ഫണ്ടിൽനിന്നും അടിയന്തര ധനസഹായമായ 50,000 രൂപ പിന്നീട് അനുവദിക്കപ്പെടുന്ന മരണാനന്തര ആനുകൂല്യമായ 5,00,000 രൂപയിൽനിന്നും നൽകിവരുന്നു.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകട മരണം സംഭവിക്കുകയാണെങ്കിൽ സ്ഥിരം ജീവനക്കാർ/ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കുന്ന നഷ്ട പരിഹാരം ചുവടെ ചേർക്കുന്നു:

I. ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം:

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ)

2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിക്കുവാൻ അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 7,500 രൂപയ്ക്ക് അർഹതയുണ്ട്.

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

II. <u>കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം:</u>

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ട പരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന മരണാനന്തര നഷ്ട പരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ട പരിഹാരം (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ)

2. ശവസംസ്കാര ചെലവിനായി 5,000 രൂപ

എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവു പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേക്ക് നഷ്ടപരിഹാര തുകയുടെ 12 ശതമാനം പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(സി) മുൻകാലയളവുകളിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകി വന്നിരുന്ന ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികൾ അകാരണമായി ക്ലെയിം അനുവദിക്കുന്നത് ദീർഘിപ്പിക്കുക, ചെറിയ/ദുർബലമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി ക്ലെയിം നിരസിക്കുക, കോടതി ഉത്തരവുകൾ ലഭ്യമാകുന്നതുവരെ അനുവദിക്കാതിരിക്കുക, ക്രമാതീതമായി പ്രീമിയം തുക ക്ലെയിം നിരക്കുകൾക്ക് ആനുപാതികമല്ലാത്ത രീതിയിൽ വർദ്ധിപ്പിക്കുക മുതലായ കാരണങ്ങൾ ഉണ്ടായിട്ടുള്ളതു നിമിത്തം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് നിലവിൽ പരിമിതികൾ ഉള്ളതിനാലും പിഴപ്പലിശയും പരാതികളും ഒഴിവാക്കി താമസംവിനാ നഷ്ടപരിഹാരം/ആശ്വാസ ധനസഹായം അനുവദിക്കേണ്ടതിനാലും ഇപ്പോൾ അനുവദനീയമായ നഷ്ടപരിഹാരത്തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഫണ്ടിൽനിന്നും നൽകിവരുന്നു. അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല. ജോലിക്കിടെ അപകടം സംഭവിച്ച് മരണപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആശ്രിത നിയമനം നൽകിവരുന്നു.

**വൈദ്യുതി മീറ്റർ വാങ്ങി നൽകണമെന്ന വ്യവസ്ഥ**

83 (5544) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കാൻ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ വൈദ്യുതി മീറ്റർ സ്വന്തമായി വാങ്ങി നൽകണം എന്ന വ്യവസ്ഥ എന്നുമുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പല ഉപഭോക്താക്കളും മീറ്റർ വിൽപ്പന കേന്ദ്രത്തിലെത്തുന്നതിന് 70 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടിവരുന്ന എന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ തയ്യാറാവുമോ;

(സി) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിനുള്ള മീറ്ററുകൾ മുൻകൂറായി ശേഖരിച്ച് ഉപഭോക്താക്കളിൽനിന്നും വില ഈടാക്കി കണക്ഷൻ നൽകുന്നതിനുള്ള നിയമതടസ്സം തരണം ചെയ്യുന്നതിന് എന്ത് നിലപാട് സ്വീകരിക്കുമെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉപഭോക്താവിന് അംഗീകൃത ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് ക്ഷമത ഉറപ്പുവരുത്തിയ മീറ്റർ ഉപയോഗിക്കാനോ അല്ലെങ്കിൽ ബോർഡ്/വിതരണ ലൈസൻസിയോട് മീറ്റർ നൽകാൻ ആവശ്യപ്പെടാനോ ഉള്ള അവസരം വർഷങ്ങളായി നിലവിലുണ്ട്. ഇത് പൂർണ്ണമായും ഉപഭോക്താവിന്റെ തീരുമാനമാണ്. ഇക്കാര്യത്തിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കായി പ്രത്യേക നിബന്ധനകളൊന്നും നിലവിലില്ല. ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ടെസ്റ്റ് ചെയ്ത സിംഗിൾ ഫേസ് എനർജി മീറ്ററുകൾ 25 ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളോടനുബന്ധിച്ചുള്ള ഔട്ട്ലെറ്റുകൾ വഴി ലഭ്യമാക്കാനായി ബോർഡ് 17-9-2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി&സി) തയ്യാറായിട്ടുണ്ട്. ഔട്ട്ലെറ്റുകൾ മുഖേന വെണ്ടർമാർ ലഭ്യമാക്കുന്ന സിംഗിൾ ഫേസ് എനർജി മീറ്ററുകളിൽ കുറച്ച് എണ്ണം അതാത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ സ്റ്റോക്ക് ചെയ്ത് ഉപഭോക്താവിന് നേരിട്ട് നൽകുന്നതിനുള്ള സംവിധാനം ബോർഡ് പരിശോധിച്ചുവരുന്നു. ഇതുകൂടാതെ 16 ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും 1.5 ലക്ഷം ത്രീഫേസ് മീറ്ററുകളും ബോർഡ് സ്വന്തമായി വാങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### കണക്ഷൻ ലഭിക്കുന്നതിന് വൈദ്യുതി മീറ്റർ

84 (5545) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾ വൈദ്യുതി മീറ്റർ പുറത്ത് നിന്ന് വാങ്ങി നൽകണമെന്ന മുൻസർക്കാരിന്റെ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിൽ വൈദ്യുതി ബില്ല് കുടിശ്ശിക തീർക്കാത്ത കമ്പനികളുടെ പേര് വിവരവും അടയ്ക്കുവാനുള്ള തുകയും അറിയിക്കുമോ; കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉപഭോക്താവിന് അംഗീകൃത ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് ക്ഷമത ഉറപ്പുവരുത്തിയ മീറ്റർ ഉപയോഗിക്കാനോ അല്ലെങ്കിൽ ബോർഡ്/വിതരണ ലൈസൻസിയോട് മീറ്റർ നൽകാൻ ആവശ്യപ്പെടാനോ ഉള്ള അവസരം വർഷങ്ങളായി നിലവിലുണ്ട്. ഇത് പൂർണ്ണമായും ഉപഭോക്താവിന്റെ തീരുമാനമാണ്. ഉപഭോക്താക്കൾക്ക്

ന്യായമായ വിലയ്ക്ക് ടെസ്റ്റ് ചെയ്ത സിംഗിൾ ഫേസ് എനർജി മീറ്ററുകൾ 25 ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളോടനുബന്ധിച്ചുള്ള ഔട്ട്ലെറ്റുകൾവഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള ഉത്തരവാണ് 17-9-2015-ന് ബോർഡ് പുറപ്പെടുവിച്ചത്. ഇങ്ങനെ മീറ്റർ വാങ്ങി കണക്ഷൻ എടുക്കുന്ന ഉപഭോക്താക്കളിൽനിന്ന് മീറ്റർ വാടക ഈടാക്കുന്നതല്ല. ബോർഡ് മീറ്റർ വാങ്ങുന്നതിൽ കാലതാമസമുണ്ടായതുമൂലം ഉപഭോക്താക്കൾ പ്രസ്തുത ഔട്ട്ലെറ്റുകൾ മുഖേന മീറ്റർ വാങ്ങേണ്ട സാഹചര്യം അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബോർഡ് 16 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകളും ത്രീഫേസ് മീറ്ററുകളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ വൈദ്യുതി ബില്ല് കുടിശ്ശിക തീർക്കാത്ത കമ്പനികളുടെ പേര് വിവരവും അടയ്ക്കുവാനുള്ള തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു* . കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ടു കിടക്കുന്ന കുടിശ്ശിക തുക കോടതികളുടെ അന്തിമ തീർപ്പനുസരിച്ച് പിരിച്ചെടുക്കൽ നടപടികളിൽ ഏർപ്പെടുന്നതാണ്. വ്യവഹാരങ്ങൾ ഇല്ലാത്ത കുടിശ്ശിക വൈദ്യുതി വിച്ഛേദിച്ച് കുടിശ്ശിക നോട്ടീസ് നൽകി ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പോലുള്ള പദ്ധതികളിലൂടെയും പിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**വൈദ്യുതി കണക്ഷൻ**

85 (5546) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുള്ള അപേക്ഷ നൽകിയാൽ സാധാരണ ഗതിയിൽ എത്ര ദിവസം കൊണ്ടാണ് പുതിയ കണക്ഷൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

ഉത്തരം

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടം 85(1) പ്രകാരം വിതരണ ശൃംഖല വിപുലീകരിക്കേണ്ട ആവശ്യമില്ലെങ്കിൽ അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കണമെന്ന് നിഷ്കർഷിക്കുന്നു. വിതരണ ശൃംഖല വിപുലീകരിക്കേണ്ട സാഹചര്യങ്ങളിൽ ചട്ടം 85(2) പ്രകാരം ആദ്യത്തെ ഒരു കിലോമീറ്ററിനോ അതിന്റെ ഭാഗത്തിനോ 45 ദിവസവും തുടർന്ന് ഓരോ അധിക കിലോമീറ്ററിനോ അതിന്റെ ഭാഗത്തിനോ 15 ദിവസവും ആണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കണക്ഷൻ ലഭ്യമാക്കേണ്ട സമയപരിധി. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. ഇതനുസരിച്ച് പുതിയതായി പോസ്റ്റോ ലൈനോ ആവശ്യമില്ലാത്ത കണക്ഷനുകൾ 2 പ്രവൃത്തി ദിവസത്തിനുള്ളിലും സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷനുകൾ 7 ദിവസത്തിനുള്ളിലും ഓവർഹെഡ് ലൈൻ ആവശ്യമുള്ള കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## വൈദ്യുതി ബോർഡിൽ ക്യാഷ്യർ തസ്തിക

86 (5547) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ 22-6-2012 മുതൽ 7-9-2016 വരെയുള്ള കാലയളവിൽ കാഷ്യർ തസ്തികയിൽ തസ്തികമാറ്റം വഴി 153 പേരെ നിയമിച്ചപ്പോൾ 80:20 എന്ന അനുപാതം പാലിക്കുന്നതിനായി നേരിട്ടുള്ള നിയമനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത നിയമനത്തിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകൾ നികത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ചട്ടപ്രകാരം 80:20 അനുപാതം പാലിക്കാതെ നിയമനം നടത്തിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അനുപാതം പാലിക്കുന്നതിനായി തസ്തികമാറ്റംവഴി നികത്തിയ ഒഴിവുകൾക്ക് ആനുപാതികമായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 80 ശതമാനം പി.എസ്.സി. നിയമനം മുൻകാലങ്ങളിൽ നടത്തിയതിന് ആനുപാതികമായി തസ്തിക മാറ്റംവഴി നൽകേണ്ടതായ 20 ശതമാനം ക്വാട്ടയിൽ നിലവവിലുണ്ടായിരുന്ന വേക്കൻസിയിലേക്കാണ് 153 പേരെ നിയമിച്ചിട്ടുള്ളത്.

(ബി-ഡി) നിലവിൽ 428 ക്യാഷ്യർ ഒഴിവുകൾ 80 ശതമാനം ക്വാട്ടയിലും (പി.എസ്.സി വഴി നിയമിക്കേണ്ടത്) 76 ഒഴിവുകൾ തസ്തിക മാറ്റം വഴിയുള്ള 20

ശതമാനം ക്വാട്ടയിലുമുണ്ട്. അനുപാതം പാലിക്കാതെ നിയമനം നടത്തിയിട്ടില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 32800-ഓളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പള/ ആനുകൂല്യങ്ങൾ നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിലവിൽ 5625 ജിവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെ ആയതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആവശ്യം വേണ്ട തസ്തികകളും ജീവനക്കാരുടെ എണ്ണവും പുനർവിന്യാസവും ഉൾപ്പെടെ വിശദമായ പഠനം നടത്തുന്നതിന് IIM കോഴിക്കോടിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. പഠന റിപ്പോർട്ട് വിശകലനം ചെയ്ത് ഒരു തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തി നിയമനങ്ങൾ നടത്താൻ കഴിയൂ.

## കേടായ മീറ്ററുകൾ

87 (5548) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ എത്ര മീറ്ററുകൾ ഇപ്പോൾ കേടായ അവസ്ഥയിലുണ്ട്;

(ബി) മീറ്റർ കേടായതു കാരണം ചില വൈദ്യുതി ഉപഭോക്താക്കൾ കൂടുതൽ തുകയും ചിലർ കുറഞ്ഞ തുകയും വൈദ്യുതി ചാർജായി അടക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണക്ഷൻ നൽകുന്നതിലെ അപാകതയാണ് ഈ വിധം മീറ്ററുകൾ കേടാകാൻ കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി എടുക്കുമോ; ഇത് കാരണം കെ.എസ്.ഇ.ബി-ക്ക് സാമ്പത്തിക നഷ്ടം വന്നിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സെപ്റ്റംബർ 2016-ലെ കണക്കനുസരിച്ച് 8.03 ലക്ഷം കേടായ മീറ്ററുകൾ നിലവിലുണ്ട്.

(ബി) ഇത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽ വരുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) മുൻകാലങ്ങളിൽ ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ ഉപയോഗിച്ച് സർവ്വീസ് കണക്ഷനുകൾ നൽകിയിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ കണക്ഷൻ നൽകുന്നതിലെ അപാകതമൂലം മീറ്ററുകൾ ശരിയായ വിധത്തിൽ പ്രവർത്തിക്കാതെ വരാം. ഇപ്പോൾ ഉപയോഗിക്കുന്ന ആധുനിക മീറ്ററുകളിൽ കണക്ഷൻ നൽകുന്നതിൽ അപാകത ഉണ്ടാകാൻ സാദ്ധ്യതയില്ല.

(ഡി) സപ്ലൈ കോഡ് 2014 പ്രകാരം മീറ്ററിന്റെ പ്രവർത്തനം നിലച്ചു പോകുകയോ ഉപഭോഗം രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ മീറ്റർ കേടാകുന്നതിന് തൊട്ടുമുമ്പുള്ള മൂന്ന് ബില്ലിംഗ് സൈക്കിളിലെ ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്ത് ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കിവരുന്നു. മുൻ ശരാശരി കണക്കാക്കാൻ കഴിയാതെ വരുമ്പോൾ മീറ്റർ മാറ്റിവച്ച ശേഷം തുടർന്നുള്ള 3 ബില്ലിംഗ് സൈക്കിളിലെ ഉപഭോഗം കണക്കിലെടുത്ത് ബിൽ നൽകി ഉപഭോക്താക്കളിൽനിന്നും തുക ഈടാക്കുന്നു. മീറ്റർ കേടായ സാഹചര്യങ്ങളിൽ ഇപ്രകാരം ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്യുന്നതിനാൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കുന്നില്ല. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. 16 ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും 1.5 ലക്ഷം ത്രീഫേസ് മീറ്ററുകളും വാങ്ങുവാൻ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മസ്ദൂർ തസ്തികയിൽ ഒഴിവുകൾ**

88 (5549) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഊർജ്ജം ലാഭിക്കുന്നതിന് പദ്ധതി**

89 (5550) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും തെരുവ് വിളക്കുകളിലും ഊർജ്ജം ലാഭിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഊർജ്ജക്ഷമതയില്ലാത്ത ഫാനുകളും പമ്പുകളും ഗാർഹികോപകരണങ്ങളും മാറ്റി സ്ഥാപിക്കുന്നതിനുള്ള എന്തെങ്കിലും സ്കീം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും തെരുവുവിളക്കുകളിലും ഊർജ്ജം ലാഭിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

- ഇ.സി.ഇ.ഇ. (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി)
- എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ്
- DELP (Domestic Efficient Lighting Programme)
- ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക്, പൊതുജന ബോധവൽക്കരണ പരിപാടിയായ ഊർജ്ജകിരൺ, പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ മുഖേന വ്യാപകമായ രീതിയിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തിവരുന്നു.
- വ്യാപാര സ്ഥാപനങ്ങളിൽ ഊർജ്ജത്തിന്റെ ദുരുപയോഗം കുറയ്ക്കുന്നതിനായി ശില്പശാലകളും ബോധവത്കരണ പരിപാടികളും നടത്തിവരുന്നു.
- ഊർജ്ജ സംരക്ഷണ നിയമം 2001 അനുസരിച്ചുള്ള ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിനായി പ്രസ്തുത കോഡ് തയ്യാറാക്കിവരുന്നു.

- ഊർജ്ജ കാര്യക്ഷമത കൂടിയ തെരുവുവിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 45 വാട്ട് ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിച്ചു.
- ഊർജ്ജ കാര്യക്ഷമതയുള്ള തെരുവുവിളക്കുകൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ധനസഹായത്തോടു കൂടി തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിൽ വെള്ളയമ്പലം മുതൽ വഴുതക്കാട് വരെ 100 വാട്ട് ശേഷിയുള്ള 70 എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.
- ശ്രീകാര്യം-ചാവടിമുക്ക്-കുളത്തൂർ റോഡിൽ 45 വാട്ട് ശേഷിയുള്ള 226 എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശിയിലും നിലമ്പൂർ മുനിസിപ്പാലിറ്റിയിലും ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലും മാറനല്ലൂർ ഗ്രാമപഞ്ചായത്തിലും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ധനസഹായത്തോടുകൂടി എൽ.ഇ.ഡി. അധിഷ്ഠിത തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

<u>എനർജി എഫിഷ്യന്റ് ഫാൻ:</u>

ഇ.ഇ.എസ്.എൽ.-ൽനിന്നും 5 സ്റ്റാർ റേറ്റഡ് സീലിങ് ഫാൻ വാങ്ങി കെ.എസ്.ഇ.ബി.-യുടെ ഓഫീസുകളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആദ്യഘട്ടമായി 1000 ഫാനുകളുടെ വിതരണം ഈ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുശേഷം മറ്റുള്ള ഓഫീസുകളിലേക്കും വീടുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഏതാണ്ട് ഒരു വർഷത്തെ വൈദ്യുതി ഉപഭോഗത്തിലെ കുറവുകൊണ്ടുതന്നെ ഫാനിന്റെ വിലയ്ക്ക് തുല്യമായ വൈദ്യുതി ലാഭിക്കാവുന്നതാണ്.

പരമ്പരാഗത പെട്ടിപറ പമ്പിംഗ് സംവിധാനം മാറ്റിവയ്ക്കൽ:

കാർഷിക മേഖലയിലെ പരമ്പരാഗത പെട്ടിപറ പമ്പിംഗ് സംവിധാനം മാറ്റി കാര്യക്ഷമത കൂടിയ പമ്പിംഗ് സംവിധാനം കേരളത്തിലുടനീളം നടപ്പിലാക്കുന്ന പദ്ധതി.

സർക്കാർ ആശുപത്രികളിൽ കാര്യക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും വൈദ്യുതി ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ :

ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏകദേശം 10.25 ലക്ഷം സ്ക്വയർ ഫീറ്റ് കെട്ടിടത്തിൽ സമഗ്ര എനർജി ഓഡിറ്റിംഗ് നടക്കുന്നു. ഇതിലെ നിർദ്ദേശങ്ങൾ അടുത്ത ഘട്ടത്തിൽ നടപ്പാക്കുന്നതാണ്. തുടർന്ന് മറ്റ് ഗവൺമെന്റ് മെഡിക്കൽ കോളേജുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

## വൈദ്യുതി ബിൽ

90 (5551) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താവിനു നൽകുന്ന വൈദ്യുതി ബില്ലിൽ ഉപയോഗിച്ച വൈദ്യുതിക്കല്ലാതെ മറ്റെന്തെങ്കിലും ഇനത്തിനു ചാർജ് ഈടാക്കുന്നുണ്ടോ;

(ബി) പുതിയതായി കണക്ഷൻ നൽകുമ്പോൾ ഏതെല്ലാം തരത്തിലുള്ള ചാർജുകളാണ് ഉപഭോക്താവിൽ നിന്ന് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കണക്ഷൻ നൽകുമ്പോൾ തന്നെ മീറ്ററിന്റെ വില ഉപഭോക്താവിൽ നിന്ന് ഈടാക്കുന്നുണ്ടെങ്കിൽ പിന്നീട് ഓരോ ബില്ലിലും മീറ്റർ വാടക ഇനത്തിൽ ചാർജ് ഈടാക്കുന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉപയോഗിച്ച വൈദ്യുതിക്കുള്ള എനർജി ചാർജ് കണക്റ്റഡ് ലോഡ്/ കോൺട്രാക്ട് ഡിമാൻഡ് അനുസരിച്ചുള്ള നിശ്ചിത ചാർജ്, മീറ്റർവാടക, ഇലക്ട്രിസിറ്റി ഡ്യൂട്ടി എന്നിവയാണ് സാധാരണയായി വൈദ്യുതി ചാർജായി ഈടാക്കാറുള്ളത്. ഇന്ധനവില ക്രമീകരണ ചാർജ്, പവർ ഫാക്ടർ ക്രമീകരണ ചാർജ്, റിയാക്ടീവ് എനർജി ചാർജ്, സമയത്തെ അടിസ്ഥാനമാക്കിയുള്ള ഉപയോഗത്തിന്റെ ചാർജ്, പണമടവ് വൈകിയതിനും കോൺട്രാക്ട് ഡിമാന്റ് അധികരിച്ചതിനുമുള്ള പിഴ, കിട്ടാനുള്ള തവണകൾക്കുള്ള പലിശ, വീലിങ് ചാർജ്,

ക്രോസ് സബ്സിഡി അധിക തുക, ലൈസൻസിയുടെ വൈദ്യുതി പ്ലാന്റ്, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള വാടക എന്നിങ്ങനെ കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ള ചാർജ്ജുകൾ ആയത് ബാധകമായ ഉപഭോക്താക്കളിൽ നിന്ന് മാത്രം ഈടാക്കുന്നുണ്ട്.

(ബി) പുതിയതായി കണക്ഷൻ ലഭിക്കാനായി അപേക്ഷ നൽകുമ്പോൾ അപേക്ഷാഫീസിന് പുറമേ കണക്ഷന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തുകയും കരുതൽ നിക്ഷേപവുമാണ് ഉപഭോക്താവിൽനിന്ന് ഈടാക്കാറുള്ളത്.

(സി) പുതിയ കണക്ഷൻ നൽകുമ്പോൾ മീറ്ററിന്റെ വില ഉപഭോക്താവിൽ നിന്നും ഈടാക്കാറില്ല. കെ.എസ്.ഇ.ബി.-യുടെ മീറ്ററാണ് ഘടിപ്പിക്കുന്നതെങ്കിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ചട്ടം 68 (2) പ്രകാരം വൈദ്യുതി ബില്ലിന്റെ കൂടെ മീറ്റർ വാടക ഈടാക്കുന്നതാണ്. അതേസമയം ഉപഭോക്താവ് വാങ്ങിയ മീറ്ററാണ് ഘടിപ്പിക്കുന്നതെങ്കിൽ മീറ്റർ വാടക ഈടാക്കുന്നില്ല.

## വൈദ്യുതി ലഭ്യത

91 (5552) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ലഭ്യതയുടെ അവസ്ഥ വിശദമാക്കാമോ; ഈ വർഷം ലോഡ് ഷെഡിംഗോ പവർ കട്ടോ ആവശ്യമായി വരുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് നിന്നും വൈദ്യുതി വാങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ദക്ഷിണ ഗ്രിഡിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്നും സംസ്ഥാനത്തെ പ്രതിദിന ഉപഭോഗം എത്രയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഈ വർഷം പ്രതീക്ഷിക്കുന്ന ഉപഭോഗം ഏകദേശം 24100 ദശലക്ഷം യൂണിറ്റാണ്. കാലവർഷക്കുറവുമൂലം വൈദ്യുതി ലഭ്യതയിൽ ഏകദേശം 2292 ദശലക്ഷം യൂണിറ്റിന്റെ കുറവ് പ്രതീക്ഷിക്കുന്നു. കൂടുതൽ വൈദ്യുതി പുറത്തുനിന്നും വാങ്ങി ഈ കുറവ് പരിഹരിക്കാമെന്ന് കരുതുന്നു. ഇതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. എന്നാൽ ദക്ഷിണ ഗ്രിഡിൽനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ ലൈനുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്താൽ മാത്രമേ ആവശ്യത്തിനനുസരിച്ച് വൈദ്യുതി പുറമേ നിന്ന് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ലോഡ് ഷെഡ്ഡിംഗും

പവർകട്ടും ഒഴിവാക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. പ്രതീക്ഷിച്ച രീതിയിൽ പുറമേ നിന്നും വൈദ്യുതി എത്തിക്കാനായില്ലെങ്കിൽ കായംകുളം താപനിലയം, ബി.ഡി.പി.പി., കെ.ഡി.പി.പി. എന്നിവ ഉപയോഗിക്കേണ്ടതായി വരും. ഇപ്പോഴത്തെ പ്രതിദിന ഉപഭോഗം (ഒക്ടോബർ 24 വരെയുള്ള കണക്കനുസരിച്ച്) ഏകദേശം 64.32 ദശലക്ഷം യൂണിറ്റാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡ് സെൻട്രൽ ജനറേറ്റിംഗ് സ്റ്റേഷനുകളിൽനിന്നുള്ള കേന്ദ്രവിഹിതം ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസേഴ്സിൽ നിന്ന് 1415 മെഗാവാട്ട് വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന് ആവശ്യമായ ഓപ്പൺ ആക്സസും ലഭ്യമായിട്ടുണ്ട്. ഇതിൽ 150 മെഗാവാട്ട് 17-12-2015 മുതലും 141.5 മെഗാവാട്ട് 1-4-2016 മുതലും 287 മെഗാവാട്ട് 1-6-2016 മുതലും ലഭിക്കുന്നുണ്ട്. മേൽപ്പറഞ്ഞ കരാറുകൾ പ്രകാരം ശേഷിക്കുന്ന വൈദ്യുതി 1-12-2016 മുതലും 1-10-2017 മുതലും ലഭിച്ചു തുടങ്ങുന്നതാണ്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 397 മെഗാവാട്ട് മീഡിയം ടേം അടിസ്ഥാനത്തിലുള്ള കരാർ ഫെബ്രുവരി 2017-ൽ തീരുന്ന മുറയ്ക്ക് സംജാതമാവുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ മാർച്ച് 2016-ൽത്തന്നെ 200 മെഗാവാട്ട് വൈദ്യുതി 1-3-2017 മുതൽ 30-6-2017 വരെ വാങ്ങാനുള്ള ഹ്രസ്വകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. ഇപ്രാവശ്യം കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുമൂലം 2017-ലെ വേനൽക്കാലത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് 1-3-2017 മുതൽ 31-5-2017 വരെ 100 മെഗാവാട്ട് ദിവസം മുഴുവനും 100 മെഗാവാട്ട് പീക്ക് സമയങ്ങളിലും എന്ന തോതിൽ വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## വൈദ്യുതി വിതരണം

92 (5553) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം സംബന്ധിച്ച പരാതികൾ അറിയിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വൈദ്യുതി വിതരണം സംബന്ധിച്ച പരാതികൾ അറിയിക്കാൻ കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിന്റെ നമ്പറായ ' 1912'-ൽ വിളിച്ച് IVRS (Interactive Voice Response System) മുഖേനയോ കോൾ സെന്റർ ജീവനക്കാരന്റെ സഹായത്തോടെയോ പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതും കെ.എസ്.ഇ.ബി.-യുടെ കൺസ്യൂമർ പോർട്ടൽ വഴിയും (www.kseb.in) അതാത് സെക്ഷൻ ഓഫീസിൽ നേരിട്ട് വിളിച്ചും 9496001912 എന്ന നമ്പറിൽ whatsApp മുഖേനയും പരാതി രജിസ്റ്റർ ചെയ്യാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി-ഡി) ആധുനിക വിവരസാങ്കേതിക വിദ്യയിലൂന്നിയ നവീന സംവിധാനങ്ങളാണ് ഇപ്പോൾ കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ബി.എസ്.എൻ.എൽ.-ന്റെ ISDN (Integrated Services Digital Network) ലൈൻ ഉപയോഗിച്ച് ഒരേസമയം 60 പേർക്ക് ഈ സെന്ററുമായി ബന്ധപ്പെടാൻ സാധിക്കും. വൈദ്യുതി വിതരണം സംബന്ധിച്ച് 1912 വഴിയും കൺസ്യൂമർപോർട്ടൽ വഴിയും സെക്ഷൻ ഓഫീസ് വഴിയും whatsApp വഴിയും ലഭിക്കുന്ന പരാതികൾ e-call, CCC-ET എന്നീ സോഫ്റ്റ്വെയറുകൾ മുഖേന കേന്ദ്രീകൃത കസ്റ്റമർ കെയർ സംവിധാനത്തിൽ രേഖപ്പെടുത്തുന്നു. കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളും WAN (Wide Area Network) മുഖേന കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ തത്സമയം തന്നെ ഇവ അതാത് സെക്ഷൻ ഓഫീസ് ജീവനക്കാർക്ക് കൈമാറുകയും പരാതികൾ ഉടനടി പരിഹരിച്ച് വീണ്ടും കസ്റ്റമർ കെയർ സംവിധാനത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. പരാതികൾ രജിസ്റ്റർ ചെയ്യുമ്പോഴും പരിഹരിച്ച കഴിയുമ്പോഴും ഉപഭോക്താവിന്റെ മൊബൈൽ നമ്പറിൽ SMS ലഭിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം '1912' സേവനം കേരളം മുഴുവൻ വ്യാപിപ്പിക്കുകയും അതിലേക്കുള്ള കോളുകൾ സൗജന്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരാതികൾ രേഖപ്പെടുത്താനുള്ള whatsApp നമ്പറും പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്.

## ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

93 (5554) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജിത ഊർജ്ജ വികസന പദ്ധതി പ്രകാരം ചങ്ങനാശ്ശേരി ടൗണിൽ എന്തൊക്കെ ജോലികളാണ് നടന്നിട്ടുള്ളതെന്നും ഇനിയും ശേഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഊർജ്ജിത ഊർജ്ജ വികസന പദ്ധതി പ്രകാരം ചങ്ങനാശ്ശേരി ടൗണിൽ താഴെപ്പറയുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.

| | |
|---|---|
| പുതിയ 11 കെ.വി. ലൈൻ | 50 കിലോമീറ്റർ പൂർത്തീകരിച്ചു |
| കാലപ്പഴക്കം ചെന്ന 11 കെ. വി. ലൈനുകൾ | 5.35 കിലോമീറ്റർ മാറ്റി |
| പുതിയ distribution ട്രാൻസ്ഫോർമർ | 38 എണ്ണം സ്ഥാപിച്ചു |
| 11 കെ.വി. എ.ബി. സ്വിച്ച് | 92 എണ്ണം |
| ട്രാൻസ്ഫോർമർ station നവീകരിച്ചത് | 92 എണ്ണം |
| Consumer indexing | 26000 എണ്ണം |

(ബി) പ്രസ്തുത ജോലികൾ 2009-ൽ പൂർത്തികരിച്ച് പി.എഫ്.സി.-ക്ക് closure report സമർപ്പിച്ചത് അംഗീകരിച്ച് ലഭിച്ചിട്ടുണ്ട്.

## വൈദ്യുതി ചാർജ് വർദ്ധന

94 (5555) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് വൈദ്യുതി ചാർജ് എത്ര പ്രാവശ്യം കൂട്ടിയിട്ടുണ്ടെന്നും ഈ ഇനത്തിൽ വൈദ്യുതി വകുപ്പിന് എത്ര കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മുൻസർക്കാരിന്റെ കാലത്ത് മൂന്ന് പ്രാവശ്യം (2012-13, 2013-14, 2014-15) സാമ്പത്തിക വർഷങ്ങളിൽ വൈദ്യുതി നിരക്ക് കൂട്ടിയിട്ടുണ്ട്. ഓരോ വർഷവും വൈദ്യുതി ഉപഭോഗത്തിലും തദ്വാരാ വിൽപ്പനയിലും വർദ്ധനയുണ്ടാകുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ വരുമാനം താഴെ പട്ടികയായി നൽകുന്നു.

| സാമ്പത്തിക വർഷം | വിറ്റ യൂണിറ്റ് (മില്യൻ യൂണിറ്റ്) | വരുമാനം(മറ്റ് എനർജി ചാർജ്ജുകൾ, മീറ്റർ വാടക എന്നിവയുൾപ്പെടെ) | മുൻവർഷത്തേതിൽ നിന്നുമുള്ള അധിക വരുമാനം |
|---|---|---|---|
| 2011-12 | 16181.83 | 5817.82 | 414.05 |
| 2012-13 | 16838.24 | 7446.98 | 1629.16 |
| 2013-14 | 17454.04 | 10271.74 | 2824.76 |
| 2014-15 | 18426.27 | 10116.25 | 154.75 |
| 2015-16 | 19354.00 | 10914.43 | 798.18 |

## വൈദ്യുതി പ്രസരണത്തിലെ അപാകതകൾ

95 (5556) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണത്തിലെ അപാകതകൾമൂലം ഉണ്ടാകുന്ന നഷ്ടം എത്രയാണ്; വിശദമാക്കുമോ;

(ബി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുവാൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി പ്രസരണ നഷ്ടം വർഷത്തിൽ ശരാശരി 1095 മില്യൺ യൂണിറ്റാണ് (172 മെഗാവാട്ട് പീക്ക് സമയത്ത്). നിലവിലെ (2015-16 സാമ്പത്തിക വർഷത്തിലെ) പ്രസരണ വിതരണ നഷ്ടം 14.37 ശതമാനമാണ് അതായത് 3267.02 ദശലക്ഷം യൂണിറ്റാണ്.

(ബി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ലോഡ് ഫ്ലോ സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പുതുതായി സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളും ലൈനുകളും ഉയർന്ന വോൾട്ടേജിലേക്ക് മാറ്റുക തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി 2016-17 വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തുനിന്നും 400 കെ.വി. ഇടനാഴി ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ലൈനുകളുടെ പ്രസരണശേഷി വർദ്ധിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. മൾട്ടി സർക്യൂട്ട് ടവറുകൾ, ശേഷി കൂടിയ കണ്ടക്ടറുകൾ, കനം കുറഞ്ഞ ഇൻസുലേറ്ററുകൾ തുടങ്ങിയവ ഉപയോഗിച്ച് നിലവിലുള്ള പ്രസരണ ഇടനാഴിയിലൂടെ വോൾട്ടത കൂടിയ വൈദ്യുതി പ്രവഹിപ്പിക്കുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

**വൈദ്യുതി ലാഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

96 (5557) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമമായ ഉപയോഗത്തിലൂടെയും പ്രസരണ നഷ്ടം ഒഴിവാക്കിയും വൈദ്യുതി ലാഭിക്കുന്നതിനുള്ള എന്തെല്ലാം ശ്രമങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്;

(ബി) ഇത്തരം പദ്ധതികളുടെ ഗുണഫലം തൃപ്തികരമാണോ; ഇല്ലെങ്കിൽ പുതുതായി ഏതെങ്കിലും പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) വൈദ്യുതിയുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ വൈദ്യുതി ലാഭിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നിരവധി പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. കാര്യക്ഷമമായ ഉപയോഗം മനസ്സിലാക്കിക്കൊടുക്കാൻ ബോധവൽക്കരണ പരിപാടികൾ-പരിശീലന പരിപാടികൾ/ശിൽപ്പശാലകൾ/ പ്രദർശന മേളകൾ/മത്സര പരീക്ഷകൾ/ഊർജ്ജ കിരൺ, ഊർജ്ജ ക്ലിനിക്, സ്മാർട്ട് എനർജി പരിപാടി മുതലായവ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി മാതൃകാ പദ്ധതികൾ നടപ്പിലാക്കൽവഴി തെരുവുവിളക്കുകൾ ഊർജ്ജ കാര്യക്ഷമമാക്കി വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 ശതമാനം തെരുവുവിളക്കുകൾ LED വിളക്കുകളാക്കിയിട്ടുണ്ട്. ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഉപകരണങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി BEE star rating നിലവിൽ വരുത്തുക, വൈദ്യുതി ലാഭം നേടിത്തരുന്ന ഉപകരണങ്ങൾ

ഗവേഷണങ്ങളിലൂടെ വികസിപ്പിക്കൽ, തെരുവുവിളക്കുകൾ അസമയത്തും പ്രവർത്തിക്കുകവഴി വൈദ്യുതി നഷ്ടം ഉണ്ടാകുന്നത് തടയുന്നതിനായി സൂര്യോദയ-അസ്തമയ സമയത്തിനനുസരിച്ച് ഓൺ ആവുകയും ഓഫ് ആവുകയും ചെയ്യുന്ന കൺട്രോൾ സംവിധാനം വികസിപ്പിക്കുകയും മാതൃകാ പദ്ധതികളായി പല സ്ഥലങ്ങളിലും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി ഉപയോഗം കൂടുതലുള്ള നിർമ്മാണ മേഖലയിൽ ഊർജ്ജ സംരക്ഷണ നിയമത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിൽ കെട്ടിട നിർമ്മാതാക്കൾ, ആർക്കിടെക്ടുകൾ, ഡിസൈനർമാർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉദ്യോഗസ്ഥർ, എഞ്ചിനീയറിംഗ് മേഖലയിലുള്ള ഉദ്യോഗസ്ഥർ, വിദ്യർത്ഥികൾ എന്നിവർക്കും പരിശീലനം നൽകിവരുന്നു. ഇതിനുപുറമേ കെ.എസ്.ഇ.ബി. ലിമിറ്റഡ് എസ്കോട്ട് വിഭാഗം നടത്തിവരുന്ന സപ്ലൈ സൈഡ് മാനേജ്മെന്റ്, ഡിമാൻഡ് സൈഡ് മാനേജ്മെന്റ് എന്നീ ഊർജ്ജ സംരക്ഷണ പരിപാടികൾ കൂടുതൽ ഊർജ്ജിതമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വലിയ ഊർജ്ജ ഉപഭോക്താക്കളിൽ നിർബന്ധമാക്കിയിട്ടുള്ള എനർജി ഓഡിറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകവഴി സ്ഥാപനങ്ങളുടെ ഊർജ്ജക്ഷമത വർദ്ധിപ്പിക്കാനായി ഏകദേശം 50 എനർജി ഓഡിറ്റേഴ്സ് സജീവമായി പ്രവർത്തിക്കുന്നുണ്ട്.

കാർഷിക മേഖലയിലെ പരമ്പരാഗത പെട്ടിപറ പമ്പിംഗ് സംവിധാനം മാറ്റി പുതിയ കാര്യക്ഷമത കൂടിയ പമ്പിംഗ് സംവിധാനം കേരളത്തിലുടനീളം നടപ്പിലാക്കൽ, ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പദ്ധതി (HVDS) വ്യാപിപ്പിക്കൽ, സർക്കാർ ആശുപത്രികളിൽ കാര്യക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും വൈദ്യുതി ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ, വരുംതലമുറയെ ഊർജ്ജത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഊർജ്ജ സംരക്ഷണ അവബോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക, വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേക്കായി നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.) വഴി മലപ്പുറം ജില്ലയിലെ ഏതാണ്ട് മുഴുവൻ (708216) ഗാർഹിക ഉപഭോക്താക്കളുടെ വീട് സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക, സി.എഫ്.എൽ. മാറ്റി എൽ.ഇ.ഡി. ബൾബ് സ്ഥാപിക്കൽ മുതലായവയും നടപ്പിലാക്കി വരുന്നു. വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്ന പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളെയും ലൈനുകളെയും ഉയർന്ന വോൾട്ടേജിലേക്ക് മാറ്റുക തുടങ്ങിയ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. കഴിഞ്ഞ വർഷം ഊർജ്ജ സംരക്ഷണ അവാർഡിന് അപേക്ഷിച്ചവരുടെ മാത്രം ഊർജ്ജ ലാഭം 77 മില്യൺ യൂണിറ്റ് വൈദ്യുതിയാണ്.

## സൗരോർജ്ജ വൈദ്യുതി

97 (5558) ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു :

ശ്രീ. തോമസ് ചാണ്ടി :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങൾ സൗരോർജ്ജം ഉപയോഗിച്ച് വൻതോതിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മാതൃകയിൽ കേരളത്തിലെ ഡാമുകൾ, കനാലുകൾ, വെയിൽ ലഭ്യമാകുന്ന വെളിമ്പ്രദേശങ്ങൾ, ഓഫീസ് മേൽക്കൂരകൾ എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഏതെങ്കിലും തരത്തിലുള്ള പഠനമോ മറ്റോ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം ഒരു വിശദമായ പഠനം നടത്തിയിട്ടില്ല.

## ജലവൈദ്യുത പദ്ധതികൾ

98 (5559) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജലവൈദ്യുത പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിലൂടെ ഓരോ വർഷവും ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(ബി) വേനൽക്കാലത്ത് കടുത്ത വരൾച്ച അനുഭവപ്പെടും എന്ന കാലാവസ്ഥാ നിരീക്ഷകരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വരൾച്ചമൂലം ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനത്തിൽ വൻകുറവ് വരും എന്നത് മുൻകൂട്ടികണ്ട് എന്തെല്ലാം മുൻകരുതലാണ് വൈദ്യുതി വകുപ്പ് എടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള 15 വൻകിട ജലവൈദ്യുത പദ്ധതികളും 21 ചെറുകിട ജലവൈദ്യുത പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ വർഷം കാലവർഷം മോശമായേക്കുമെന്നുള്ള സൂചന കെ.എസ്.ഇ.ബി.-യുടെ ആസൂത്രണത്തിൽ കണക്കിലെടുത്തിരുന്നു. ജൂൺ മാസം മുതൽ തന്നെ പരമാവധി ജലം സംഭരിക്കാനുള്ള നടപടികളെടുത്തിരുന്നു. 2016 ജൂൺ മുതൽ ഒക്ടോബർ 17-ാം തീയതി വരെയുള്ള നീരൊഴുക്കിൽ പ്രതീക്ഷിച്ചതിൽനിന്നും 22.92 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള വെള്ളത്തിന്റെ കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന് പുറമേ നിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. വേനൽക്കാലത്ത് 200 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 397 മെഗാവാട്ട് മീഡിയം ടേം അടിസ്ഥാനത്തിലുള്ള കരാർ ഫെബ്രുവരി 2017-ൽ തീരുന്ന മുറയ്ക്ക് സംജാതമാകുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ മാർച്ച് 2016-ൽ തന്നെ 200 മെഗാവാട്ട് വൈദ്യുതി 1-3-2017 മുതൽ 30-6-2017 വരെ വാങ്ങാനുള്ള ഹ്രസ്വകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. ഇപ്രാവശ്യം കാലവർഷം പ്രതീക്ഷിച്ചതു പോലെ ലഭിക്കാത്തതുമൂലം 2017-ലെ വേനൽക്കാലത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് 1-3-2017 മുതൽ 31-5-2017 വരെ 100 മെഗാവാട്ട് ദിവസം മുഴുവനും 100 മെഗാവാട്ട് പീക്ക് സമയങ്ങളിലും എന്ന തോതിൽ വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## വൈദ്യുതി മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ

99 (5560) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലാകെ വൈദ്യുതി മേഖലയിൽ നിലവിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത പ്രശ്നങ്ങൾ അപഗ്രഥിച്ചിട്ടുണ്ടോ; കണ്ടെത്തിയ പ്രശ്നങ്ങളിൽ വികസനമുണ്ടാവേണ്ട മേഖലകൾ/ഘടകങ്ങൾ എന്തെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രശ്നങ്ങൾക്ക് എന്തെല്ലാമാണ് പരിഹാര നടപടികൾ; ഇവ പരിഹരിക്കാൻ ഘട്ടം ഘട്ടമായി എന്തെല്ലാം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട് കളക്ടറേറ്റിൽ ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ പ്രത്യേകമായി വിളിച്ച ചേർത്ത യോഗത്തിൽ എം.എൽ.എ. സമർപ്പിച്ച വിവിധ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന നിവേദനത്തിൽ എന്തെങ്കിലും ചർച്ചകളോ പരിശോധനയോ നടന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നിലവിൽ കൊയിലാണ്ടി നഗരസഭാ പരിധിയിലെ വൈദ്യുതി ആവശ്യങ്ങൾക്കായി 110 കെ.വി. സബ്സ്റ്റേഷൻ കണ്ണൂരിൽനിന്നും ആരംഭിക്കുന്ന 11 കെ.വി. കൊയിലാണ്ടി ഫീഡറാണ് ഉപയോഗിക്കുന്നത്. പ്രസ്തുത ഫീഡർ ചെങ്ങോട്ടുകാവ്, ചിങ്ങപുരം, നന്തി ഫീഡറുകളുടെ പോസ്റ്റിന് സമാന്തരമായി 4.2 കി.മീ. ദൈർഘ്യത്തിൽ നിർമ്മിക്കപ്പെട്ടതാണ്. ഇതുകാരണം മറ്റ് ഫീഡറുകളിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സം കൊയിലാണ്ടി ടൗണിനേയും ബാധിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും കൊയിലാണ്ടി ടൗണിലേക്ക് മാത്രമായി അണ്ടർഗ്രൗണ്ട് കേബിൾ നിർമ്മാണത്തിനുള്ള പ്രവൃത്തി 2016-17 പ്ലാനിൽപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നന്തി ഫീഡറിന്റെയും കൊയിലാണ്ടി ഫീഡറിന്റെയും ഇന്റർലിങ്കിംഗ് പ്രവൃത്തി പൂർത്തിയാക്കുന്നതിന് റെയിൽവേയുടെ അനുമതി ആവശ്യമാണ്. മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. റെയിൽവേയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രസരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനായി നിലവിലുള്ള 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ, ഡബിൾ സർക്യൂട്ട് ലൈനാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ റെയിൽവേ ലൈനിന് മറുവശത്ത് ഒരു പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിനുള്ള റിപ്പോർട്ട് തയ്യാറാക്കിവരുന്നു. സാദ്ധ്യതാപഠനപ്രകാരം ആവശ്യമെന്ന് കണ്ടാൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. കൊയിലാണ്ടി മുനിസിപ്പൽ ഏരിയയിലെ വൈദ്യുതി തടസ്സം, മുനിസിപ്പൽ ഏരിയ കേന്ദ്രമാക്കി സബ്സ്റ്റേഷൻ നിർമ്മാണം, കൊയിലാണ്ടി കേന്ദ്രീകരിച്ച് ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരണം (ഓഫീസ് കെട്ടിടം ഉൾപ്പെടെ), കൊയിലാണ്ടി സൗത്ത് ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം എന്നീ ആവശ്യങ്ങളായിരുന്നു നിവേദനത്തിൽ ഉന്നയിച്ചിരുന്നത്. ഇതിൽ കൊയിലാണ്ടി കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടന്നുവരുന്നു. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ കൊയിലാണ്ടി സൗത്ത് സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ബോർഡിന്റെ പരിഗണനയിലില്ല. പ്രസരണ മേഖലയുമായി ബന്ധപ്പെട്ട് ഉയർന്ന പ്രധാന ആവശ്യം കൊയിലാണ്ടി മിനി സിവിൽസ്റ്റേഷനടുത്ത് ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുക എന്നതായിരുന്നു. പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടിട്ടുണ്ട്.

**ഗാർഹിക-വ്യാവസായിക കണക്ഷൻ**

100 (5561) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ഗാർഹിക-വ്യാവസായിക കണക്ഷൻ ലഭ്യമാകുന്നതിന് വൈദ്യുതി വകുപ്പ് ഏതെല്ലാം തരത്തിലുള്ള സൗജന്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ 1000 വാട്ട്സ് കണക്ടഡ് ലോഡ് വരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി നൽകിവരുന്നു. ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽ പ്പെട്ടവർക്കെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)-യിൽ ഉൾപ്പെടുത്തി സൗജന്യ ഗാർഹിക കണക്ഷനുകൾ ബോർഡ് നൽകിവരുന്നുണ്ട്. ഇതിൽ പട്ടികജാതി വിഭാഗത്തിലുള്ള ബി.പി.എൽ. ഗുണഭോക്താക്കളും ഉൾപ്പെടും. വ്യാവസായിക കണക്ഷൻ ലഭ്യമാക്കുന്നതിന് ഒരു വിഭാഗക്കാർക്കും സൗജന്യങ്ങളൊന്നും ബോർഡ് ഇപ്പോൾ നൽകുന്നില്ല. മാർച്ച് 2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ

പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ബി.പി.എൽ. ഗുണഭോക്താക്കൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിലുള്ള ബി.പി.എൽ. വിഭാഗക്കാർക്കും പ്രസ്തുത പദ്ധതിയിലൂടെ സൗജന്യ വൈദ്യുതി കണക്ഷൻ ലഭിക്കും.

## വൈദ്യുതി ചാർജ് കുടിശ്ശിക

101 (5562) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം പഞ്ചായത്തിലെ ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ വൈദ്യുതി വകുപ്പ് എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി കുടിശ്ശിക ഒഴിവാക്കുന്ന കാര്യം വിശദമായി പരിശോധിച്ച് ഒരു പ്രത്യേക കേസായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 13-4-2015-ലെ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ മലപ്പുറം ജില്ലാ ജനസമ്പർക്ക പരിപാടി മുഖേന അപേക്ഷ ലഭിച്ചിരുന്നു.

(ബി&സി) വൈദ്യുതി കുടിശ്ശിക പൂർണ്ണമായും ഒഴിവാക്കാൻ നിർവ്വാഹമില്ല. വൈദ്യുതി ചാർജ് കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 6 ശതമാനം പലിശ സഹിതം തിരിച്ചടയ്ക്കാൻ അവസരം നൽകിയിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം

102 (5563) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപ ഇതിനായി ചെലവുവരും; ഇതിന് ആവശ്യമായ തുക കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മാർച്ച് 2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിലെ കണക്കനുസരിച്ച് 116240 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവയിൽ വയറിംഗ് പൂർത്തീകരിച്ചിട്ടില്ലാത്ത 60433 വീടുകളുണ്ട്. വയറിംഗ് പൂർത്തീകരിക്കാൻ തീരെ സാമ്പത്തികശേഷിയില്ലാത്ത ഗുണഭോക്താക്കളുടെ വീടുകൾ വയറിംഗ് നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ. ഫണ്ട്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് തുടങ്ങിയവ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നുള്ള സഹായം സ്വീകരിച്ചും നിർദ്ധനരായ ഗുണഭോക്താക്കളുടെ വീടുകൾ വയറിംഗ് നടത്താൻ നിർവ്വഹണ സമിതികൾ ശ്രമിക്കും. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുവാദം ആവശ്യമുള്ള വനമേഖലകളിലും നിലവിലുള്ള വൈദ്യുതി ശൃംഖല എത്തിക്കാൻ സാദ്ധ്യമല്ലാത്ത വിദൂര കോളനികളിലും De-Centralised& Distributed Generation (DDG) and Micro-Grid നടപ്പാക്കേണ്ടതായിവരും. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള മറ്റ് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് വീടുകളുടെ സമീപത്തേക്ക് വിതരണ ശൃംഖല വ്യാപിപ്പിക്കേണ്ടതുണ്ട്. ഇതിനായി ട്രാൻസ്ഫോർമറുകൾ, പോസ്റ്റുകൾ എന്നിവ സ്ഥാപിക്കൽ, ത്രീഫേസ്, സിംഗിൾ ഫേസ് ലൈൻ വലിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. പുതുതായി നിർമ്മിക്കേണ്ട വൈദ്യുത ലൈൻ മറ്റുള്ളവരുടെ വസ്തുവിലൂടെ കടന്നു പോകേണ്ടതുണ്ടെങ്കിൽ ആയതിന് വസ്തു ഉടമയുടെ അനുവാദം ആവശ്യമുണ്ട്. ഇത് ലഭിക്കാത്തപക്ഷം അധികാരപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ച ശേഷം മാത്രമേ വൈദ്യുത ലൈൻ നിർമ്മിക്കാനാകുകയുള്ളൂ. കാലതാമസം കൂടാതെ അനുമതി ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏകദേശം 172 കോടി രൂപയാണ് പദ്ധതിച്ചെലവായി കണക്കാക്കപ്പെടുന്നത്. ഓരോ നിയോജക മണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനം (പരമാവധി ഒരു കോടി രൂപ ഓരോ നിയോജക മണ്ഡലത്തിലും) കെ.എസ്.ഇ.ബി. ലിമിറ്റഡ് വഹിക്കുന്നതും ബാക്കി തുക LSGD, SC/ST ക്ഷേമവകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധസംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽനിന്നും കണ്ടെത്തേണ്ടതുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ലഭിച്ചു കഴിഞ്ഞാൽ മാത്രമേ വൈദ്യുതീകരണത്തിനുള്ള നിർമ്മാണ

പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. വൈദ്യുതി കണക്ഷനുള്ള അപേക്ഷാ ഫോറം ലഘൂകരിക്കുന്നതിനും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ കാര്യത്തിലും ഉപഭോക്താവിന് ഉപയോഗപ്രദമായ രീതിയിൽ ആവശ്യമായ മാറ്റങ്ങൾ സപ്ലൈ കോഡ് റെഗുലേഷനുകളിൽ വരുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

103(5564) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് അടിയന്തരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വീണ്ടും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രഖ്യാപിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകണ പദ്ധതിയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിലെ കണക്കനുസരിച്ച് 116240 ഉപഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുവാദം ആവശ്യമുള്ള വനമേഖലകളിലും നിലവിലുള്ള വൈദ്യുതി ശൃംഖല എത്തിക്കാൻ സാദ്ധ്യമല്ലാത്ത വിദൂര കോളനികളിലും അനെർട്ടിന്റെ സഹായത്തോടുകൂടി De-Centralised & Distributed Generation (DDG) പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള മറ്റ് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് വീടുകളുടെ സമീപത്തേക്ക് വിതരണ ശൃംഖല വ്യാപിപ്പിക്കേണ്ടതുണ്ട്. ഇതിനായി ട്രാൻസ്ഫോർമറുകൾ, പോസ്റ്റുകൾ എന്നിവ സ്ഥാപിക്കൽ, ത്രീഫേസ്, സിംഗിൾ ഫേസ് ലൈൻ വലിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. പ്രാരംഭ കണക്കുകൾ പ്രകാരം ഏകദേശം

172 കോടി രൂപയാണ് പദ്ധതിച്ചെലവായി കണക്കാക്കപ്പെടുന്നത്. ഓരോ നിയോജക മണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനം (പരമാവധി ഒരു കോടി രൂപ ഓരോ നിയോജക മണ്ഡലത്തിലും) വഹിക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയുടെ ബാക്കി 50 ശതമാനം LSGD, SC/ST ക്ഷേമവകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽനിന്നും കണ്ടെത്തേണ്ടതുണ്ട്. മാർച്ച് 2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ മുഴവൻ മണ്ഡലങ്ങൾ ഉൾപ്പെടെ 86 മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിരുന്നു. പിന്നീട് മണ്ഡലം/ജില്ല തിരിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് പകരം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് നടന്നു വന്നിരുന്നത്. മുമ്പ് സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ച മണ്ഡലങ്ങളിലും പിന്നീട് കൂടുതൽ വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതിനാൽ സമ്പൂർണ്ണ വൈദ്യുതീകരണം ഒരു തുടർ പ്രക്രിയയായി കൊണ്ടുപോകേണ്ടതുണ്ട്. ഇപ്പോഴത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 31-3-2017-ഓടുകൂടി സംസ്ഥാനത്തെ നിലവിലുള്ള എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ നിലവിലെ വോൾട്ടേജ് മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം ഉദ്ദേശിക്കുന്നില്ല. എന്നാൽ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി ചില പ്രദേശങ്ങളിൽ 11 കെ.വി. ലൈൻ നിർമ്മിക്കേണ്ടതിന്റെയും ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതിന്റെയും ആവശ്യകതയുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമവും ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.

**ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീം**

104 (5565) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീം അനുസരിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് കണ്ണൂർ ജില്ലയ്ക്ക് എത്ര കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം ഘടകങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്;

(സി) പദ്ധതി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീം അനുസരിച്ച് കണ്ണൂർ ജില്ലയിലെ കണ്ണൂർ, കണ്ണൂർ കന്റോൺമെന്റ്, കൂത്തുപറമ്പ്, തലശ്ശേരി, മട്ടന്നൂർ, പയ്യന്നൂർ, തളിപ്പറമ്പ് എന്നീ ടൗണുകളിലായി പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും 66.45 കോടി രൂപയുടെ അംഗീകാരമാണ് ലഭിച്ചത്.

(ബി) ഈ പദ്ധതിയനുസരിച്ച് അംഗീകാരം ലഭിച്ച ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. 11 കെ.വി. ലൈൻ നിർമ്മാണം
2. 11 കെ.വി. അണ്ടർഗ്രൗണ്ട് കേബിൾ നിർമ്മാണം.
3. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
4. എൽ.റ്റി. ലൈൻ നിർമ്മാണം
5. കേടായ മീറ്ററുകളും മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിക്കുക
6. ഗവൺമെന്റ് ഓഫീസുകളിൽ പ്രീ-പെയ്ഡ് മീറ്ററുകൾ സ്ഥാപിക്കുക
7. കാലപ്പഴക്കം വന്ന എൽ.റ്റി. ലൈനുകൾ മാറ്റി പുതിയ ലൈനുകൾ നിർമ്മിക്കുക
8. സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക
9. നിലവിലുള്ള 33 കെ.വി. സബ്സ്റ്റേഷനുകളുടെ നവീകരണവും ആധുനികവത്കരണവും
10. കാലപ്പഴക്കം വന്ന 33 കെ. വി. ഫീഡറുകൾ മാറ്റി പുതിയവ നിർമ്മിക്കുക.

(സി) ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീമിന് 15-6-2016-ലാണ് കേന്ദ്ര സർക്കാരിൽനിന്നും പവർ ഫിനാൻസ് കോർപ്പറേഷൻ വഴി അംഗീകാരം ലഭിച്ചത്.

24 മുതൽ 30 മാസക്കാലമാണ് പദ്ധതിയുടെ കാലാവധി. പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ബോർഡ് തലത്തിൽ സ്വീകരിച്ചുവരികയാണ്.

**വോൾട്ടേജ് ക്ഷാമം**

105(5566) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, എരുത്തിയാമ്പതി ഗ്രാമ പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ അഡീഷണലായി ട്രാൻസ്ഫോർമറുകൾ അനുവദിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) താമരക്കുളം, ഗാന്ധിനഗർ, തെക്കേചള്ള എന്നീ സ്ഥലങ്ങളിൽ 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. കൂടാതെ പാറക്കുളം, തിരുവണ്ടിപ്പള്ളം എന്നീ സ്ഥലങ്ങളിൽ 100 കെ.വി.എ. ട്രാൻസ്ഫോർമർ 160 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തികൾ, പണിക്കാരകുളം, ആർ.വി. പുതൂർ എന്നീ സ്ഥലങ്ങളിൽ 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലികൾ എന്നിവ അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ (2017-18) ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ചുമതലകൾ**

106 (5567) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2010-ലെ Central Electricity Authority (Measures relating to safety and Electric supply) Regulations പ്രകാരമുള്ള കർത്തവ്യ നിർവ്വഹണത്തിൽ കഴിഞ്ഞ രണ്ടു വർഷം എത്രത്തോളം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിൽ വൈദ്യുതി ഷോർട്ട് സർക്യൂട്ട് മുഖേനയുണ്ടായ തീപിടിത്ത സംഭവങ്ങളിൽ എത്രയെണ്ണത്തിൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധന നടന്നിരുന്നുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇലക്ട്രിസിറ്റി ആക്ട്, 2003-ലെ 53-ാം വകുപ്പുപ്രകാരം എല്ലാ വൈദ്യുത പ്രതിഷ്ഠാപനങ്ങളിലും പരിശോധന നടത്തി സുരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ചുമതലയുള്ള സ്റ്റാറ്റ്യൂട്ടറി ഏജൻസിയാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്. ടി വകുപ്പിന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്:

1. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് റ്റു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ) റഗുലേഷൻ, 2010 പ്രകാരം എക്സ്ട്രാ ഹൈ ടെൻഷൻ, ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങൾ, കെ.എസ്.ഇ.ബി. ലിമിറ്റഡ് തുടങ്ങി മറ്റു ലൈസൻസികൾ സ്ഥാപിക്കുന്ന ട്രാൻസ്ഫോർമറുകൾ, കേബിളുകൾ, ശിരോപരി ലൈനുകളും മറ്റ് പ്രതിഷ്ഠാപനങ്ങളും, ഡീസൽ ജനറേറ്ററുകൾ മറ്റു പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പ്രതിഷ്ഠാപനങ്ങൾ, ബഹുനില മന്ദിരങ്ങൾ, എക്സ്-റേ, സി.ടി. സ്കാൻ, നിയോൺ സൈൻബോർഡുകൾ എന്നിവയ്ക്ക് വൈദ്യുതീകരണാനുമതി നൽകുക, ഇവയുടെ ആനുകാലിക പരിശോധന നടത്തുക, വൈദ്യുത ലൈനിനു സമീപം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുക.

2. ഇലക്ട്രിസിറ്റി ആക്ട്, 2003-ലെ 161-ാം വകുപ്പുപ്രകാരം സംസ്ഥാനത്ത് ഉൽപ്പാദനം, പ്രസരണം, വിതരണം, ഉപഭോഗം എന്നീ മേഖലകളിൽ ഉണ്ടാകുന്ന വൈദ്യുത അപകടങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തുക, അപകടങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

3. വൈദ്യുത പ്രതിഷ്ഠാപനങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും യോഗ്യതയുള്ളവർക്ക് കോൺട്രാക്ടർ ലൈസൻസ് കൂടാതെ സൂപ്പർവൈസർ, വയർമാൻ പെർമിറ്റുകൾ എന്നിവ നൽകുക, വയർമാൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം നൽകുക.

4. കേരള സിനിമ (റഗുലേഷൻ) റൂൾസ്, 1988 പ്രകാരം സംസ്ഥാനത്ത് സിനിമാ പ്രദർശനശാലകൾ തുടങ്ങുന്നതിനും നടത്തുന്നതിനുമുള്ള വൈദ്യുത സുരക്ഷാ അനുമതി പത്രം നൽകുക, കൂടാതെ സിനിമ ഓപ്പറേറ്റർമാർക്ക് ലൈസൻസ് നൽകുക.

5. നിലവാരമില്ലാത്ത വൈദ്യുത ഉപകരണങ്ങളും സാമഗ്രികളും നിർമ്മിക്കുന്നതും ശേഖരിക്കുന്നതും വിതരണം ചെയ്യുന്നതും വിപണനം നടത്തുന്നതും നിരോധിച്ചു കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ 1981-ലെയും 2003-ലെയും ഗുണനിലവാര നിയന്ത്രണ ഉത്തരവുകൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സർക്കാർ ഈ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

6. കേരളാ ലിഫ്റ്റ് ആന്റ് എസ്കലേറ്റർ ആക്ട്, 2013, നടപ്പിലാക്കാൻ സർക്കാർ ഈ വകുപ്പിനെയാണ് നിയോഗിച്ചിട്ടുള്ളത്. ആയതു പ്രകാരം ലിഫ്റ്റ് ആന്റ് എസ്കലേറ്റർ മാനുഫാക്ചറേഴ്സ് ലൈസൻസ് ലിഫ്റ്റ് ആന്റ് എസ്കലേറ്റർ ഓപ്പറേറ്റിങ് ലൈസൻസ് എന്നിവ നൽകിവരുന്നു.

7. വി.വി.ഐ.പി. സന്ദർശനത്തോടനുബന്ധിച്ചുള്ള താൽക്കാലിക വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പരിശോധന നടത്തി സുരക്ഷാ സർട്ടിഫിക്കറ്റ് നൽകുന്നു.

8. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട്, 1963, വൈദ്യുതി സർചാർജ്ജ് (ലെവി ആന്റ് കളക്ഷൻ) ആക്ട്, 1989 എന്നിവ പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറും അക്കൗണ്ട്സ് ഓഫീസറും ഡ്യൂട്ടി ഇൻസ്പെക്ടറുടെ ചുമതല വഹിച്ചുവരുന്നു.

9. സംസ്ഥാനത്തെ വൈദ്യുത പോസ്റ്റുകളിൽക്കൂടി വിന്യസിച്ചിട്ടുള്ള വിവിധ ടി.വി. കേബിൾ ശൃംഖലകളുടെ ആനുകാലിക സുരക്ഷാ പരിശോധന നടത്തിവരുന്നു.

(ബി) ഇൻഡ്യൻ ഇലക്ട്രിസിറ്റി നിയമം, 1956, 2010-ൽ കാലഹരണപ്പെടുകയും സെൻട്രൽ ഇലക്ട്രിസിറ്റിയുടെ പുതിയ റെഗുലേഷനുകൾ നിലവിൽവരികയും ചെയ്തു. മിക്ക വകുപ്പുകളും നിലനിർത്തിക്കൊണ്ടും പുതിയ മാനദണ്ഡങ്ങളും സുരക്ഷാ പരിപാലനച്ചട്ടങ്ങളും കൂടുതൽ കർശനമാക്കിക്കൊണ്ടുമാണ് ഇത് നിലവിൽ വന്നത്. ഇതിലെ വിവിധ റഗുലേഷനുകൾ പ്രകാരം ലൈസൻസികളും ഉപഭോക്താക്കളും

പാലിക്കേണ്ട സുരക്ഷാചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് പരിശോധന നടത്തുകയും ഇത്തരം പ്രതിഷ്ഠാപനങ്ങൾ സുരക്ഷിതമായി പരിപാലിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. തൻമൂലം ഇത്തരം പ്രതിഷ്ഠാപനങ്ങളിൽ അപകടങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 2015-16 കാലഘട്ടത്തിൽ 292 തീപിടിത്തങ്ങളിൽ അന്വേഷണം നടത്തി. ഇവയിൽ 26 എണ്ണം വൈദ്യുതിമൂലമുള്ള അപകടമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2016-17 കാലഘട്ടത്തിലെ 2016 സെപ്തംബർ വരെയുള്ള കാലയളവിൽ അന്വേഷണം നടത്തിയ 141 തീപിടിത്ത അപകടങ്ങളിൽ 14 എണ്ണം വൈദ്യുതിമൂലമുള്ള അപകടമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

**ശ്രീ. തോമസ് ജോർജ്ജിന് പ്രൊമോഷൻ**

107 (5568) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി-യിൽ 1-1-2002-ൽ പ്രസിദ്ധീകരിച്ച സീനിയർ അസിസ്റ്റന്റുമാരുടെ ഗ്രേഡേഷൻ ലിസ്റ്റിൽ 626-ാം നമ്പരായുള്ളതും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നതുമായ ശ്രീ. തോമസ് ജോർജ്ജിന് വളരെ നാളുകളായി കിട്ടേണ്ട അർഹതപ്പെട്ട സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നീ മൂന്ന് പ്രൊമോഷനുകൾ നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ ഗ്രേഡേഷൻ ലിസ്റ്റിൽ ശരിയായി രേഖപ്പെടുത്തേണ്ട ടിയാന്റെ ജനനതീയതി 6-2-1962-ന് പകരം തെറ്റായി 15-11-1953 എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണോ പ്രസ്തുത പ്രൊമോഷനുകൾ നൽകാതിരുന്നത്; കെ.എസ്.ഇ.ബി.-യുടെ ഭാഗത്തെ തെറ്റ് കൊണ്ടാണോ ഇത് സംഭവിച്ചത്; വിശദമാക്കുമോ;

(സി) കെ.എസ്.ഇ.ബി.-യുടെ 26-2-2016 ലെ No. EB/Gr.1/SA/8/2016 നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം തെറ്റായിട്ടുള്ള ജനനതീയതി (15-11-1953) മാറ്റി ശരിയായ ജനന തീയതി (6-2-1962) പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ ശ്രീ. തോമസ് ജോർജ്ജിന് തൊട്ടുമുൻപുള്ള 625-ാം നമ്പറുകാരനും ശേഷമുള്ള 627-ാം നമ്പറുകാരനും ആരൊക്കെയാണെന്നും അവർക്ക് ഏത് തീയതികളിലാണ് സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിലേക്കുള്ള പ്രൊമോഷനുകൾ

കൊടുത്തിരിക്കുന്നത്; ഉത്തരവു നമ്പർ സഹിതം വിവരിക്കുമോ; 25 കൊല്ലം സേവനം പൂർത്തീകരിച്ച പ്രകാരം 2013 മുതൽ ടിയാൻ അക്കൗണ്ട്സ് ഓഫീസറുടെ ഗ്രേഡിലെ ശമ്പളമാണോ വാങ്ങുന്നത് ; വിശദമാക്കുമോ;

(ഇ) നിയമാനുസരണം ലഭിക്കേണ്ട സ്ഥാനക്കയറ്റത്തിനായി ടിയാൻ വീണ്ടും 1-4-2016-ൽ എല്ലാ നടപടികളും പൂർത്തിയാക്കി, മേലധികാരികളുടെ ശിപാർശയോടെ CE (HRM)-ന് നൽകിയ അപേക്ഷയിൻമേൽ 9-5-2016 തീയതിയായുള്ള Director (Finance)-ന്റെ Direction അനുകൂലമായി ഉള്ളതായി CE (HRM)-ന്റെ 23-5-2016-ലെ EB3(9)/Accounts Officer/Promotion/2016 കത്തിലെ സൂചന (1)-ൽ രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) കെ.എസ്.ഇ.ബി-യുടെ Legal Adviser & Disciplinary Enquiry Officer, No. LA & DEO/Estt/IV/2684/1999/Dt 5-5-2016 പ്രകാരം ടിയാന്റെ പ്രൊമോഷനുകളുടെ കാര്യത്തിലേക്ക് നൽകിയ നിയമോപദേശം അനുകൂലമല്ലേ; വിശദമാക്കാമോ; K.S.E.B.-യിൽ നിന്നും ഡെപ്യൂട്ടേഷനിൽ 17 വർഷമായി എം.എൽ.എ.-യുടെ പി.എ. ആയി ജോലി ചെയ്തുവരുന്ന ടിയാന് ബോർഡിൽ യാതൊരുവിധ കേസുകളോ ശിക്ഷാ നടപടികളോ ഇല്ലാത്തതിന്റെ വെളിച്ചത്തിൽ K.S.E.Board-ന്റെ Chief Vigilance Officer-ുടെ 23-4-2016-ലെ VIG/ B11/601/2016(42) 803 പ്രകാരം പ്രൊമോഷന് വേണ്ടി അനുകൂല Vigilance Clearance നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരിക്കുമോ;

(ജി) ഇനി പെൻഷൻ പറ്റാൻ വെറും 16 മാസക്കാലം മാത്രമുള്ള ടിയാന് അർഹതപ്പെട്ട പ്രൊമോഷനുകൾ നൽകണമെന്നുപറഞ്ഞ് CE (HRM)-ന്റെ 23-5-2016-ലെ EB3(9)/Accounts Officer/Promotion/2016 നമ്പർ പ്രകാരമുള്ള നോട്ട് KSEB Secretary (Administration)-ന് നൽകിയിട്ടും ടിയാന് പ്രൊമോഷൻ നൽകാതിരിക്കുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ ; സമയാസമയങ്ങളിൽ അർഹതപ്പെട്ട സ്ഥാനക്കയറ്റങ്ങൾ നൽകി സഹായിക്കണമെന്ന് ആവശ്യപ്പെട്ട് 13-11-2001-ലും 1-9-2011-ലും ബഹു. എം.എൽ.എ.-യുടെ ശിപാർശക്കത്തോടെ KSEB അധികാരികൾക്ക് നൽകിയ കത്തുകളുടെ ശരിയായ കോപ്പികൾ 25-2-2016-ൽ CE (HRM)ന് നൽകിയ അപേക്ഷയുടെ കൂടെയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടിയാന് നിയമാനുസരണം നൽകേണ്ട സ്ഥാനക്കയറ്റങ്ങൾ നൽകാൻ അനുകൂല നടപടികൾ ഉടൻ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 17-5-2003-ൽ പ്രസിദ്ധീകരിച്ച 1-1-2002 വരെയുള്ള സീനിയർ അസിസ്റ്റന്റുമാരുടെ ഗ്രേഡേഷൻ ലിസ്റ്റിൽ 626-ാം റാങ്കുകാരനായ ശ്രീ. തോമസ് ജോർജ്ജിന്റെ ജനനത്തീയതി 6-2-1962-നുപകരം തെറ്റായി

15-11-1953 എന്ന് പ്രസിദ്ധീകരിക്കുവാൻ ഇടയായിരുന്നു. എന്നാൽ 17-5-2003-ൽ ബോർഡ് പുറത്തിറക്കിയ സർക്കുലറിലൂടെ (സർക്കുലർ നമ്പർ. EB/Gradation/ 2003) പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ തെറ്റുകളോ, വിട്ടുപോകലുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ ഒരു മാസത്തിനകം ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. തോമസ് ജോർജ്ജ് 13 വർഷത്തിന് ശേഷം 17-2-2016-ലാണ് തന്റെ ജനനത്തീയതി ഗ്രേഡേഷൻ ലിസ്റ്റിൽ തെറ്റാണ്, പരിഹരിക്കണമെന്ന് കാണിച്ച് ബന്ധപ്പെട്ടവർക്ക് അപേക്ഷ നൽകിയത്. ഗ്രേഡേഷൻ ലിസ്റ്റിൽ കടന്നുകൂടിയ അപാകത സമയബന്ധിതമായി പരിഹരിക്കപ്പെടാത്ത തിനാലാണ് ശ്രീ. തോമസ് ജോർജ്ജിന് അർഹതപ്പെട്ട സ്ഥാനക്കയറ്റം കാലാകാലങ്ങളിൽ ലഭിക്കാതെ പോയത്. ജനനത്തീയതി തിരുത്തപ്പെട്ട മുറയ്ക്ക് അതിനുള്ള നടപടിക്രമങ്ങൾ ബോർഡിൽ ആരംഭിച്ചിട്ടുണ്ട്. 23-12-2013 മുതൽ അക്കൗണ്ട്സ് ഓഫീസറുടെ ഗ്രേഡിലുള്ള ശമ്പളമാണ് വാങ്ങുന്നത്.

(സി) ഉണ്ട്. ശ്രീ. തോമസ് ജോർജജ് തന്റെ ജനനത്തീയതിയിലെ അപാകത 17-2-2016-ൽ ചൂണ്ടിക്കാട്ടുകയും അതനുസരിച്ച് 26-2-2016-ലെ Order No. EB/Gr1/SA/8/16 പ്രകാരം ഈ അപാകത പരിഹരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ ശരിയായ ജനനത്തീയതി 6-2-1962 ആയി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽ റാങ്ക് നമ്പർ 625 ആയ ശ്രീ. എൽ. അൽഫോൺസ് സീനിയർ അസിസ്റ്റന്റായി റിട്ടയർ ചെയ്തിട്ടുള്ളതുമാണ്. റാങ്ക് നമ്പർ 627 ആയ ശ്രീ. മോഹനൻ 20-12-2003-ൽ ( 20-12-2003-ലെ Order No. EB3 (a)/2222/2003) സീനിയർ സൂപ്രണ്ടായും, 31-12-2008-ലെ (31-12-2008-ലെ Order No. EB3 (a)/2221/2008(4)) അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസറായും 6-8-2014-ൽ (6-8-2014-ലെ Order No.B.O.(CMD) No.2129/2014 (Estt.III/ 124/2012) അക്കൗണ്ട്സ് ഓഫീസറായും പ്രൊമോഷനുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. തോമസ് ജോർജ്ജ് 23-12-2013 മുതൽ അക്കൗണ്ട്സ് ഓഫീസറുടെ ഗ്രേഡിലുള്ള ശമ്പളമാണ് വാങ്ങുന്നത്.

(ഇ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഫിനാൻസ് ഡയറക്ടർ ബോർഡിന്റെ ലീഗൽ അഡ്വൈസർ&ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. തോമസ് ജോർജ്ജിന് നൽകാതിരുന്ന പ്രൊമോഷനുകൾ നിയമപരമായ ചട്ടങ്ങൾ പാലിച്ചുകൊണ്ട് നൽകുന്നതിൽ തടസ്സങ്ങൾ ഇല്ലെന്ന് നിർദ്ദേശിക്കുകയുണ്ടായി.

(എഫ്) 23-4-2016-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചീഫ് വിജിലൻസ് ഓഫീസർ ശ്രീ. തോമസ് ജോർജ്ജിന് എതിരായി നിലവിൽ

അച്ചടക്ക നടപടികളൊന്നും ഇല്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു എങ്കിലും സീനിയർ സൂപ്രണ്ടായും അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസറായും പ്രൊമോഷനുകൾ നൽകണമെങ്കിൽ ഏറ്റവും പുതിയ വിജിലൻസ് ക്ലിയറൻസ്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ പരിശോധിച്ച് ഫിനാൻസ് ഡയറക്ടർ ചെയർമാനായുള്ള ലോവർ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)-ന്റെ വിജിലൻസ് സെക്ഷനിൽ ലഭിച്ച ഒരു പരാതിയിൽ ശ്രീ. തോമസ് ജോർജ്ജ് വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം നടത്തിയതായ ആരോപണം നിലനിൽക്കുന്നു. 23-4-2016-ൽ ലഭിച്ച വിജിലൻസ് റിപ്പോർട്ടിന്റെ കാലാവധി 6 മാസം കഴിഞ്ഞതിനാൽ ഒരിക്കൽക്കൂടി ബോർഡിന്റെ ചീഫ് വിജിലൻസ് ഓഫീസറുടെ റിപ്പോർട്ട് വാങ്ങേണ്ടതുണ്ട്. ഇത് ലഭിച്ചാൽ ഉടൻതന്നെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) മുമ്പാകെ സമർപ്പിക്കുന്നതാണ്.

(ജി) ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ)-യുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ പ്രൊമോഷനുകൾക്കുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. അതിനുശേഷം ചെയർമാൻ&മാനേജിംഗ് ഡയറക്ടർ ചെയർമാനായുള്ള ഡി.പി.സി. (ഹയർ) കൂടി തീരുമാനമെടുത്ത് അതിന്റെ വെളിച്ചത്തിൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ശ്രീ. തോമസ് ജോർജ്ജിന് പ്രൊമോഷൻ നൽകുന്നതാണ്. വിജിലൻസ് ക്ലിയറൻസ് ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.സി. (ലോവർ) & ഡി.പി.സി. (ഹയർ) ചേർന്ന് ടിയാന് സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ തുടങ്ങിയ ഓഫീസർ കേഡറുകളിൽ പ്രൊമോഷനുകൾ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

## ഉത്തരേന്ത്യയിൽ നിന്ന് വൈദ്യുതി

108 (5569) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളിലെ ജലനിരപ്പ് താഴ്ന്നു നിൽക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനത്തിൽ ഗണ്യമായ കുറവ് പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരമായി ഉത്തരേന്ത്യയിൽ നിന്ന് വൈദ്യുതി സംസ്ഥാനത്തെത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിനായി ഊർജ്ജ ഹൈവേ സ്ഥാപിക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഊർജ്ജ ഹൈവേയുടെ നിർമ്മാണ ചുമതല ആർക്കാണ്; എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതുവഴി സംസ്ഥാനത്തെത്തിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) ഉണ്ട്. കേരള സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയുടെ ഏകദേശം 30% മാത്രമേ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുള്ളൂ. ബാക്കിയുള്ള ആവശ്യകത നിറവേറ്റുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് സെൻട്രൽ ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള കേന്ദ്ര വിഹിതം ഉപയോഗപ്പെടുത്തുകയും ഇതോടൊപ്പം സംസ്ഥാനത്തിന് പുറത്തുനിന്ന് ഹ്രസ്വ-മദ്ധ്യ-ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുകയും ചെയ്തുവരുന്നു. സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി എത്തിക്കാനായി 2000 MW-ന്റെ പുഗളൂർ-മാടക്കത്തറ HVDC ലൈനിന്റെ ഇടനാഴി നിർമ്മിക്കാനായി അനുമതി ലഭിച്ചിട്ടുണ്ട്. ചത്തീസ്ഗഢിലെ റായ്ഗഢിൽ നിന്നും തമിഴ്നാട്ടിലെ പുഗളൂരിലേക്കുള്ള HVDC ലൈനിന്റെ തുടർച്ചയായി കേരളത്തിലെ തൃശ്ശൂർ ജില്ലയിലെ മാടക്കത്തറയിലേക്കാണ് ഈ ഇടനാഴി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. PGCIL-നാണ് പ്രസ്തുത ലൈനിന്റെയും സബ്സ്റ്റേഷന്റെയും നിർമ്മാണ ചുമതലയുള്ളത്. അതിനായി PGCIL തൃശ്ശൂരിൽ സബ്സ്റ്റേഷനുവേണ്ടി 32 കോടി ചെലവാക്കി സ്ഥലം വാങ്ങിയിട്ടുണ്ട്. ഡിസംബർ 2019 ഓടുകൂടി പണി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

### സ്വകാര്യമേഖലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

109(5570) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വകാര്യമേഖലയിൽ എത്ര ചെറുകിട ജലവൈദ്യുത പദ്ധതികളുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതികളുടെ ഉൽപ്പാദന ശേഷി എത്രയാണ്; വ്യക്തമാക്കാമോ;

(സി) ഇത്തരം ജലവൈദ്യുത പദ്ധതികളിൽ നിന്ന് വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് സർക്കാരുമായി ഉണ്ടാക്കിയ ധാരണ എപ്രകാരമാണ്; വിശദീകരിക്കാമോ;

(ഡി) പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാത്ത ചെറുകിട സ്വകാര്യ ജലവൈദ്യുത പദ്ധതികൾ കേരളത്തിൽ നിർമ്മാണത്തിലുണ്ടോ; ഇവയെ പ്രോത്സാഹിപ്പിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ സ്വകാര്യ മേഖലയിൽ നിലവിൽ 7 ചെറുകിട ജലവൈദ്യുത പദ്ധതികളുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| നമ്പർ | പദ്ധതി | കമ്പനിയുടെ പേര് | ശേഷി (മെഗാവാട്ടിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കുത്തുങ്കൽ | Indicil Electrometts Limited (CPP) | 21 |
| 2 | മണിയാർ | Carborundum (Universal Limited) (CPP) | 12 |
| 3 | അള്ളുങ്കൽ | EDCL Power Project Limited (IPP) | 7 |
| 4 | ഇരുട്ടുക്കാനം | Viyyat Power Limited (IPP) | 4.5 |
| 5 | കാരിക്കയം | Ayyappa Hydro Power Limited (IPP) | 10.5 |
| 6 | മീൻവല്ലം (തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കമ്പനി) | Palghat Small Hydro Compay Limited (IPP) | 3 |
| 7 | ദേവിയാർ മൈക്രോ വൈദ്യുത പദ്ധതി | Hydro Power (IPP) | 0.05 |

ഇവ കൂടാതെ സ്വതന്ത്ര വൈദ്യുത പദ്ധതി സംരംഭകർ എന്ന നിലയ്ക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ് മാങ്കുളം ഗ്രാമ പഞ്ചായത്തിന്റെ പാമ്പുകയവും (0.11 MW), ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കല്ലാർ മൈക്രോയും (0.05 MW).

(സി) സ്വകാര്യ മേഖലയിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില നിശ്ചയിക്കുന്നത് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. പദ്ധതികൾ അനുവദിക്കുമ്പോഴുള്ള ധാരണപ്രകാരം ഈ വൈദ്യുതി വാങ്ങുന്നതിനുള്ള ആദ്യത്തെ അവകാശം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനാണ്. കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി വിൽക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ച പവർ പർച്ചേസ് എഗ്രിമെന്റ് കമ്പനിയും കെ.എസ്.ഇ.ബി. ലിമിറ്റഡും തമ്മിലാണ് നിലവിൽ വരുന്നത്.

(ഡി) ഉണ്ട്. പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാത്ത തരത്തിലുള്ള 'run of the river' അടിസ്ഥാനത്തിലുള്ള പദ്ധതികളാണ് ഇന്ന് നടപ്പിൽ വരുത്തുന്നത്. ഇതിൽ വലിയ ഡാമുകളില്ല. മറിച്ച് തടയണകൾ മാത്രമാണുള്ളത്. വലിയ ഡാമുകളിലുള്ളതുമാതിരി മുഴുവൻ ജലവും ശേഖരിച്ചു വയ്ക്കുവാൻ കഴിയുകയില്ല. ഇത്തരത്തിലുള്ള പദ്ധതികൾക്ക് ഇപ്പോൾ അനുവാദം കൊടുക്കുന്നുണ്ട്. ഇവയെ പ്രോത്സാഹിപ്പിക്കുന്നതിനായി ചെറുകിട ജലവൈദ്യുത നയവും നിലവിലുണ്ട്. കൂടാതെ സ്വന്തമായുള്ള സ്ഥലത്ത് ഇത്തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനും ഈ നയത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നു.

**വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർ**

110(5571) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്നുണ്ടോ എന്ന് വിശദീകരിക്കുമോ;

(ബി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഗാർഹിക മേഖലയിൽ അപ്രകാരം മരണപ്പെട്ടവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതാഘാതമേറ്റുള്ള മരണങ്ങൾ വർദ്ധിക്കുവാനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ;

(ഡി) അപ്രകാരം മരണം സംഭവിക്കുന്നവർക്ക് അടിയന്തര സഹായം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകുന്ന കാര്യം ആലോചിക്കുമോ;

(ഇ) വൈദ്യുതാഘാതമേറ്റുള്ള മരണങ്ങൾ ഒഴിവാക്കുന്ന തരത്തിലുള്ള ബോധവൽക്കരണം, വയറിംഗ് പരിശോധന എന്നിവ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായും മഴക്കെടുതികൾ, പ്രകൃതിക്ഷോഭം എന്നിവയുണ്ടാകുന്ന കാലയളവുകളിൽ മരണ നിരക്കിൽ നേരിയ രീതിയിൽ വർദ്ധനവ് ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഗാർഹികമേഖലയിൽ 1570 പേർ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) അപകട കാരണങ്ങൾ വിലയിരുത്തിയതിൽ പൊതുജനങ്ങളുടെ അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, വൈദ്യുതി ലൈനുകളുടെ സമീപം പണിയെടുക്കുമ്പോൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുന്നതിലുള്ള വിമുഖത എന്നിവയാണ് വൈദ്യുതാഘാതമേറ്റ് മരിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) 13-1-2015-ലെ B.O. (FTD) No. 84/2015 (PS. VIII/GL/97) പ്രകാരം വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനത്തിൽനിന്നും വൈദ്യുതാഘാതത്താൽ മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് പരമാവധി ₹ 5,00,000 രൂപ (അഞ്ചു ലക്ഷം രൂപ) ആശ്വാസ ധനസഹായം നൽകിവരുന്നു. കൂടാതെ പൊതുജനങ്ങളുടെ അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്ന് വൈദ്യുതാഘാതമേറ്റ് മരണമടയുകയോ പരിക്കേൽക്കുകയോ ചെയ്താൽ പരമാവധി 1,00,000 രൂപവരെ ആശ്വാസ ധനസഹായമായി നൽകി വരുന്നു. ദാരുണമായ ചില അപകടങ്ങൾക്ക് അടിയന്തര ധനസഹായം അനുവദിക്കേണ്ടുന്ന ആവശ്യകതകൾ/സാഹചര്യങ്ങൾ പരിശോധിച്ച് വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ഉന്നത ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായി അടിയന്തര ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച് ഉചിത തീരുമാനം എടുത്തുവരുന്നു. മേൽ സൂചിപ്പിച്ച അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് ഇപ്പോൾ വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലില്ല.

(ഇ) പൊതുജനങ്ങളുടെയും കുട്ടികളുടെയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാദ്ധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. LT, HT വിതരണ ലൈനുകളിൽ ഇപ്പോൾതന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതു ജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496 061 061" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഏതു പരാതിയും നേരിട്ട് അറിയിക്കുന്നതിനു "1912" എന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റു പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ ടി പ്രതിഷ്ഠാപനം അംഗീകൃത ലൈസൻസുള്ള സൂപ്പർവൈസർ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കി പ്രസ്തുത രേഖ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ സമർപ്പിച്ചതിനുശേഷമാണ് നിലവിൽ വൈദ്യുതി കണക്ഷൻ നൽകുന്നത്. കൂടാതെ സർവ്വീസ് കണക്ഷൻ നൽകുന്നതിന് മുമ്പ് ഓവർസിയറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനും ടി പ്രതിഷ്ഠാപനം പരിശോധിച്ച് സുരക്ഷ ഉറപ്പു വരുത്തുന്നുണ്ട്.

### വഴിവിളക്കുകൾക്ക് വൈദ്യുതി മീറ്റർ

111(5572) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, വഴിവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം ശരാശരി എത്ര രൂപയാണ് കെ.എസ്.ഇ.ബി.-യിൽ അടച്ചുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തനക്ഷമമല്ലാത്ത വഴിവിളക്കുകൾക്കും വൈദ്യുതി ചാർജിനത്തിൽ തുക അടയ്ക്കേണ്ടിവരുന്നു എന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വഴിവിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തിയാൽ ഇത്തരത്തിലുള്ള ആക്ഷേപങ്ങൾക്ക് പരിഹാരമുണ്ടാകും എന്നിരിക്കെ വഴിവിളക്കുകൾക്ക് വൈദ്യുതി മീറ്റർ ഘടിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഏതൊക്കെ പഞ്ചായത്തുകളിൽ വഴിവിളക്കുകൾക്ക് പൂർണ്ണമായും വൈദ്യുതി മീറ്റർ ഘടിപ്പിച്ചിട്ടുണ്ടെന്നും ഏതൊക്കെ പഞ്ചായത്തുകളിൽ ഭാഗികമായി മീറ്റർ സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) വൈദ്യുതി മീറ്റർ സ്ഥാപിച്ചതിനുശേഷം ഈ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വൈദ്യുത ചാർജ്ജിനത്തിൽ ഉണ്ടായ അന്തരം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള വഴി വിളക്കുകൾക്ക് ഇത്തരത്തിൽ വൈദ്യുതി മീറ്റർ ഘടിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ശരാശരി പ്രതിമാസം 12,98,11,000 രൂപ അടച്ചുകൊണ്ടിരിക്കുന്നു.

(ബി) മീറ്റർ സ്ഥാപിക്കാത്ത വഴിവിളക്കുകൾക്ക് വിളക്കുകളുടെ തരം, എണ്ണം, പ്രവർത്തിക്കുന്ന സമയം എന്നിവ കണക്കാക്കിയാണ് റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന വിധത്തിൽ വൈദ്യുത ചാർജ് കണക്കാക്കുന്നത്. ഇങ്ങനെയുള്ള അവസരത്തിൽ പ്രവർത്തിക്കാത്ത വഴിവിളക്കുകൾക്കും പണമടക്കേണ്ടിവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിവിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.-യെ സമീപിച്ചിട്ടുണ്ട്. വഴിവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടിവരുന്ന തുകയുടെ 50 ശതമാനം ബോർഡ് ഫണ്ടിൽനിന്നും വഹിക്കുന്നുണ്ടായിരുന്നു. ഇതിനായി പണമടച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വഴിവിളക്കുകളിൽ മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ നടപടികൾ പുരോഗമിച്ചു വരികയാണ്.

(ഡി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) വൈദ്യുതി മീറ്ററുകൾ സ്ഥാപിച്ച ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ വൈദ്യുതി ചാർജിൽ അന്തരം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ വിശകലനം ചെയ്തുവരികയാണ്.

(എഫ്) വൈദ്യുതി മീറ്റർ ഘടിപ്പിക്കാൻ പണമടച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വഴിവിളക്കുകളിൽ മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ നടപടികൾ പുരോഗമിച്ചു വരികയാണ്. നിരവധി സെക്ഷനുകളുടെ കീഴിൽ ഇതിനോടകം മീറ്റർ ഘടിപ്പിച്ചുകഴിഞ്ഞു. ബാക്കി മീറ്ററുകളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മീറ്റർ ഘടിപ്പിച്ചശേഷം തദ്ദേശഭരണ സ്ഥാപനവും കെ.എസ്.ഇ.ബി.-യും സർവ്വീസ് കണക്ഷനായുള്ള കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് ഉപഭോക്തൃ നമ്പർ ലഭ്യമാക്കുകയും ഉപഭോഗത്തിനനുസരിച്ച് ബിൽ ചെയ്യുന്ന സമ്പ്രാദയം വഴിവിളക്കുകൾക്ക് ഏർപ്പെടുത്തുകയും ചെയ്യും. മീറ്ററിംഗ് സമ്പ്രദായത്തിനായി ഇതുവരെ പണമടയ്ക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ പണമടയ്ക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വൈദ്യുതി ആവശ്യകത**

112(5573) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കേരള സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയുടെ ഏകദേശം 30 ശതമാനം മാത്രമേ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുള്ളു. വൈദ്യുതി കമ്മി നികത്തുന്നതിനുവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡ് സെൻട്രൽ ജനറേറ്ററിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള കേന്ദ്ര വിഹിതം ഉപയോഗപ്പെടുത്തുകയും ഇതോടൊപ്പം സംസ്ഥാനത്തിന് പുറത്തുനിന്ന് ഹ്രസ്വ-മദ്ധ്യ-ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുകയും ചെയ്തുവരുന്നു. അതിൻപ്രകാരം ഇൻഡിപെൻഡൻഡ് പവർ പ്രൊഡ്യൂസേഴ്സിൽ നിന്ന് 1415 മെഗാവാട്ട് വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന് ആവശ്യമായ ഓപ്പൺ ആക്സസും ലഭ്യമായിട്ടുണ്ട്. മേൽപ്പറഞ്ഞ കരാറുകൾപ്രകാരം ശേഷിക്കുന്ന വൈദ്യുതി 1-12-2016 മുതലും 1-10-2017 മുതലും ലഭിച്ചു തുടങ്ങുന്നതാണ്. ഇപ്രാവശ്യം കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുമൂലം 2017-ലെ വേനൽക്കാലത്ത് ഉണ്ടാവുന്ന വൈദ്യുതി പ്രതിസന്ധി

തരണം ചെയ്യുന്നതിന് 1-3-2017 മുതൽ 31-5-2017 വരെ 100 മെഗാവാട്ട് ദിവസം മുഴുവനും 100 മെഗാവാട്ട് പീക്ക് സമയങ്ങളിലും എന്ന തോതിൽ വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സംസ്ഥാനത്തിന് പുറമേനിന്ന് കൂടുതൽ വൈദ്യുതി എത്തിക്കുന്നതിന് കോറിഡോർ ലഭ്യത ആവശ്യമാണ്. അതിനായി അരീക്കോട് 400 കെ.വി. സബ് സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള അനുമതി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ട്. ഈ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ താൽക്കാലിക സംവിധാനമൊരുക്കാൻ പവർഗ്രിഡിനോട് ആവശ്യപ്പെടുകയും അതിനുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 400 കെ.വി. തിരുനെൽവേലി - കൊച്ചി ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്താൻ പവർഗ്രിഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റാൻ താഴെപ്പറയുന്ന പദ്ധതികളിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്നു:

1. ഉയർന്ന ശേഷിയുള്ള താപനിലയം സംസ്ഥാനത്തിനകത്തോ ഇന്ധന ലഭ്യതയുള്ള പ്രദേശത്തോ സ്ഥാപിക്കും.
2. പ്രകൃതിവാതകം യൂണിറ്റിന് 5 ഡോളർ നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ ലഭ്യമാകുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തും.
3. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കും.
4. പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള ഉൽപ്പാദനം പരമാവധിയാക്കും.
5. മെച്ചപ്പെട്ട സംഭരണശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതാണ്.
6. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.
7. ഹ്രസ്വകാല/മദ്ധ്യകാല കരാറുകളിൽ ഏർപ്പെട്ട് വൈദ്യുതി ലഭ്യമാക്കുന്നതാണ്.

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഒരു പരിധിവരെ സഹായകമാകുന്നതിന് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ സോളാർ, വിൻഡ് എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ഊർജ്ജ ഉൽപ്പാദനത്തെപ്പോലെ തന്നെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും

നടത്തിവരുന്നു. ഡെൽപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. തെരുവുവിളക്കുകൾ എൽ.ഇ.ഡി. ആക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി ബിൽ

113(5574) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ നൽകുന്ന രീതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) നേരത്തെ നൽകിയിരുന്ന വിശദ വിവരങ്ങളോടു കൂടിയ വലുപ്പത്തിലുള്ള ബില്ലിനു പകരം ബസ് ടിക്കറ്റ് പോലെയുള്ള തുണ്ടു കടലാസിൽ ബിൽ നൽകുമ്പോൾ ഉപഭോക്താക്കൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോൾ നൽകുന്ന തുണ്ടു കടലാസിൽ വിശദമായ വിവരങ്ങളില്ലെന്ന് മാത്രമല്ല അത് എളുപ്പം നഷ്ടപ്പെട്ടു പോകുകയും ചെയ്യുമെന്നതിനാൽ ഇതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ പ്രെമിസസിൽ മീറ്റർ റീഡർ/സബ് എഞ്ചിനീയർ എത്തി റീഡിംഗ് എടുത്തതിനുശേഷം അതിനനുസരിച്ച് ബിൽ ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. കണക്ടഡ് ലോഡ്, വൈദ്യുതി എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നു എന്നിവ അടിസ്ഥാനമാക്കി പ്രതിമാസ/ദ്വൈമാസ കണക്കിൽ ബിൽ ചെയ്യുന്നു. ബഹുഭൂരിപക്ഷം ഗാർഹിക-ഗാർഹികേതര ഉപഭോക്താക്കൾക്ക് മീറ്റർ റീഡർമാർ മുഖേന വൈദ്യുതി ബിൽ രണ്ടു മാസത്തിലൊരിക്കൽ എത്തിക്കുന്ന സംവിധാനമാണ് കെ.എസ്.ഇ.ബി.എൽ. പിന്തുടർന്നു വരുന്നത്. മീറ്റർ റീഡർമാർ റീഡിംഗ് എടുത്തശേഷം റെഡിറെക്കണർ മുഖേന ബിൽ തുക കണക്കാക്കുകയും ഉപഭോക്താവിന് ബിൽ നേരിട്ട് നൽകുകയും ചെയ്യുന്നു. റീഡിങ് "Input" ചെയ്താൽ " Machine Calculated" ആയി ബിൽ നൽകുന്ന " PDA" എന്ന ഉപകരണം കെ.എസ്.ഇ.ബി. മീറ്റർ റീഡർമാർക്ക് നൽകിത്തുടങ്ങിയിട്ടുണ്ട്. ഈ ഉപകരണത്തിൽനിന്നും ബിൽ തുക രേഖപ്പെടുത്തി ലഭിക്കുന്ന ബിൽ മീറ്റർ റീഡർമാർ ഉപഭോക്താക്കൾക്ക് നേരിട്ടുനൽകുന്നു.

(ബി) ബില്ലിന്റെ വലിപ്പം കുറവാണെങ്കിലും മീറ്റർ റീഡർ റീഡിംഗ് കൈകൊണ്ടെഴുതി നൽകി വന്നിരുന്ന ബില്ലിലുള്ള എല്ലാ വിവരങ്ങളും പി.ഡി.എ. വഴി നൽകുന്ന ബില്ലിലുമുണ്ട്.

(സി) പി.ഡി.എ. വഴി നൽകുന്ന ബില്ലിനുപുറമേ 25-10-2016 മുതൽ നിലവിൽ വന്ന "ഊർജ്ജ-സൗഹൃദ" പദ്ധതിവഴി ബിൽ സംബന്ധിച്ച വിവരങ്ങൾ, ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോട്ടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോൺവഴിയും ഇ-മെയിലായും അറിയിക്കുന്നുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ് www.kseb.in വഴി ഉപഭോക്താവിന് വൈദ്യുതി ബിൽ കാണുന്നതിനും പ്രിന്റ് എടുക്കുന്നതിനും സാധിക്കും. ഇതിനുപുറമേ കെ.എസ്.ഇ.ബി.എൽ.ന്റെ ഓൺലൈൻ പോർട്ടലിൽ (www.kseb.in) രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് കഴിഞ്ഞ ഒരു വർഷത്തെ താഴെ പറയുന്ന വിശദ വിവരങ്ങൾ ലഭ്യമാണ്.

- മീറ്റർ റീഡിംഗുകൾ
- ബിൽ സംബന്ധിച്ച വിവരങ്ങൾ
- പണമടച്ചതിന്റെ വിശദവിവരങ്ങൾ.

## സൗജന്യ വൈദ്യുത പോസ്റ്റുകൾ

114(5575) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾ, വികലാംഗർ, സൈനികരുടെ വീടുകൾ, കാർഷികാവശ്യങ്ങൾ എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ എടുക്കുമ്പോൾ വൈദ്യുത പോസ്റ്റുകൾ സൗജന്യമായിരുന്നത് ഒഴിവാക്കിയ സർക്കാർ ഉത്തരവ് എന്നാണ് നിലവിൽ വന്നത്;

(ബി) കഴിഞ്ഞ സർക്കാർ വേണ്ടെന്ന് വച്ച ഇത്തരം ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മേൽ സൂചിപ്പിക്കപ്പെട്ടവർക്ക് കാലവിളംബമില്ലാതെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള പ്രത്യേക ഉത്തരവിറക്കാൻ തയ്യാറാകുമോ?

### ഉത്തരം

(എ) ക്യാൻസർ രോഗികൾ, വികലാംഗർ, സൈനികരുടെ വീടുകൾ, കാർഷികാവശ്യങ്ങൾ എന്നിവയ്ക്ക് 28-10-2011 മുതൽ കണക്ഷൻ നൽകാനാവശ്യമായ ചെലവ് ഈടാക്കിവരുന്നു.

(ബി) നിലവിലുള്ള നിയമപ്രകാരം (കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014) ഒരു പുതിയ വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ആയതിനുള്ള ചെലവ് ഗുണഭോക്താവിൽനിന്നും ഈടാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം റെഗുലേറ്ററി കമ്മീഷൻ മുൻകൂർ അനുവദിച്ച ഏതെങ്കിലും പദ്ധതിപ്രകാരമോ അല്ലെങ്കിൽ സർക്കാരിൽനിന്നും മുൻകൂറായോ പ്രസ്തുത തുക ലൈസൻസിക്ക് ലഭിച്ചിരിക്കേണ്ടതാണ്. ഇതിനാൽ ക്യാൻസർ രോഗികൾ, വികലാംഗർ, സൈനികരുടെ വീടുകൾ, കാർഷികാവശ്യങ്ങൾ എന്നിവയ്ക്ക് സൗജന്യ വൈദ്യുതി കണക്ഷനുകൾ എന്ന ആനുകൂല്യം പുനഃസ്ഥാപിക്കാൻ നിർവ്വാഹമില്ല. എന്നാൽ ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)- യിൽ ഉൾപ്പെടുത്തി സൗജന്യ ഗാർഹിക കണക്ഷനുകൾ ബോർഡ് നൽകി വരുന്നുണ്ട്. മാർച്ച് 2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ബി.പി.എൽ. ഗുണഭോക്താക്കൾക്കും സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) വൈദ്യുത കണക്ഷൻ നൽകാൻ റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ പണമടച്ച് അപേക്ഷിക്കുന്നവർക്ക് നിശ്ചിത സമയത്തിനുള്ളിൽ കണക്ഷൻ നൽകുന്നുണ്ട്.

**ഓച്ചിറ പരബ്രഹ്മക്ഷേത്ര പരിസര ശുചീകരണം**

115(5576) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃശ്ചികോത്സവത്തോടനുബന്ധിച്ച് പതിനായിരക്കണക്കിന് ജനങ്ങൾ എത്തുന്ന ഓച്ചിറ പരബ്രഹ്മ ക്ഷേത്രപരിസരത്ത് ശുചീകരണ പ്രവർത്തനവും മറ്റും നടത്തുന്നതിൽ ക്ഷേത്ര/ദേവസ്വം അധികാരികൾ ശ്രദ്ധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ക്ഷേത്രത്തോടനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളായ മഹാലക്ഷ്മിക്ഷേത്രം, ധർമ്മശാസ്താക്ഷേത്രം എന്നിവയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ തീർത്ഥാടകരുടെ സൗകര്യത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓച്ചിറ പരബ്രഹ്മക്ഷേത്രത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനും തീർത്ഥാടകരുടെ ക്ഷേമത്തിനുമായി അടിയന്തരമായി ഇടപെടുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ – സി) വിവരം ശേഖരിച്ചുവരുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ**

116(5577) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എത്ര ഒഴിവുകൾ നികത്താനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളുടെ വിവരം, തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) 537 ഒഴിവുകൾ

| | | |
|---|---|---|
| (ബി) | ക്ലാർക്ക്/സെക്കൻഡ് ഗ്രേഡ് സബ് ഗ്രൂപ്പാഫീസർ | 52 |
| | പ്യൂൺ / ലാസ്കർ | 68 |
| | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 7 |
| | സ്ട്രോഗ്റൂം ഗാർഡ് | 53 |
| | അസിസ്റ്റന്റ് എഞ്ചിനീയർ | 7 |
| | തേർഡ് ഗ്രേഡ് ഓവർസിയർ | 22 |
| | പാർട്ട് ടൈം ശാന്തി | 141 |
| | പാർട്ട് ടൈം തളി | 50 |
| | പാർട്ട് ടൈം കഴകം | 59 |
| | വാച്ചർ | 49 |
| | പാർട്ട് ടൈം പഞ്ചവാദ്യം | 9 |
| | ആന ശേവുകം | 20 |
| | ആകെ | 537 |

(സി) നേരിട്ടുള്ള നിയമനങ്ങൾ നടത്തുവാനായി ഒഴിവുകൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. താൽക്കാലികാടിസ്ഥാനത്തിൽ കോൺട്രാക്ട് വ്യവസ്ഥയിൽ പാർട്ട് ടൈം ശാന്തിമാരെ നിയമിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

**ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യനിധി**

117(T*5578) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യനിധിശേഖരണങ്ങളും, രത്നങ്ങളും കാണാതായതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയുടെ നിധിശേഖരണമാണ് കാണാതായത്;

(സി) ഇതുസംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷേത്രത്തിൽ പെരിയനമ്പിയായി പുതിയ ഒരാൾ ചാർജെടുത്തപ്പോൾ നിലവിലുണ്ടായിരുന്ന പെരിയനമ്പി കൈമാറിയ സാധനങ്ങളിൽ ചില രത്നങ്ങൾ കാണാനില്ലെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ഉദ്ദേശം 21,79,450 രൂപയുടെ കല്ലുകൾ നഷ്ടമായതായിട്ടാണ് കണക്കാക്കുന്നത്.

(സി) ഇതുസംബന്ധിച്ച് ഫോർട്ട് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. പോലീസ് കേസെടുത്ത് അന്വേഷണം നടത്തി വരികയാണ്.

**അനർഹർക്ക് കാർഷിക കടാശ്വാസം**

118(5579) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസം അനർഹർക്ക് അനുവദിച്ച് ഖജനാവിന് നഷ്ടം വരുത്തിയതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും സർവ്വീസ് സഹകരണ ബാങ്ക് മുൻ സെക്രട്ടറിക്കും പ്രസിഡണ്ടിനുമെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

---

* T മാറ്റിവച്ച് ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കാർഷിക കടാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് അനർഹർക്ക് തുക അനുവദിച്ച എന്ന പരാതിയിൻമേൽ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 2628, കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 2417 എന്നിവയ്ക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 2628, പോലീസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഫയൽ ചെയ്ത QV/5/2013/KKD നമ്പർ ക്യൂക്ക് വെരിഫിക്കേഷനും, VE 10/2011/NRK നമ്പർ വിജിലൻസ് എൻക്വയറിയും നടത്തിയിട്ടുണ്ട്.

2. കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഡി 2417, പോലീസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് ഫയൽ ചെയ്ത വി.സി.2/2009 നമ്പർ വിജിലൻസ് കേസ് ഇപ്പോഴും അന്വേഷണത്തിലാണ്.

## സർട്ടിഫിക്കറ്റ് കോഴ്സ്

119(5580) ശ്രീ. എം. സ്വരാജ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് കാർഷിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് സർട്ടിഫിക്കറ്റ് കോഴ്സ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോഴ്സിന്റെ കാലാവധി, സിലബസ് തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത കോഴ്സ് എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി &സി) ബാധകമല്ല.

**കൺസൽട്ടൻസി സേവനങ്ങൾക്കായി ചെലവഴിച്ച തുക**

120(5581) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 1-1-2012 മുതൽ ഇതുവരെ വിവിധ കൺസൽട്ടൻസി സേവനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു ; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കൺസൽട്ടന്റുമാർ ആരൊക്കെയാണ്; ബാങ്കിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ആളുണ്ടായിട്ടും കൺസൽട്ടൻസി സേവനം ലഭ്യമാക്കിയതെന്തിനെന്ന് വ്യക്തമാക്കാമോ;

(സി) സർഫാസി നടപടികൾക്കായി ഏതെല്ലാം കൺസൽട്ടൻസി സേവനങ്ങളാണ് ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) സർഫാസി കൺസൽട്ടൻസി നടപടിക്കായി ഡോക്യുമെന്റ് തയ്യാറാക്കിയതോ നിയമോപദേശം നൽകിയതോ ആയ ഏതെങ്കിലും വ്യക്തിയെയും സ്ഥാപനങ്ങളെയും ഇതേ സർഫാസി തുടർ നടപടികൾക്കായി നിയമിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 1-1-2012 മുതൽ ഇതുവരെ വിവിധ കൺസൽട്ടൻസി സേവനങ്ങൾക്കായി 22,61,818/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:

| Date | Particulars | Amount |
|---|---|---|
| (1) | (2) | (3) |
| 21-2-2012 | Consultation fee for CBS (Before NABARD Project) | 50,000 |
| 12-10-2012 | Technical Advice for CBS and Hardware Purchase | 38,000 |
| 9-1-2013 | Legal Consultancy for Tender Process | 20,000 |
| 26-2-2013 | Procurement of Hardware and Network Equipment | 40,000 |

| (1) | (2) | (3) |
|---|---|---|
| 26-7-2013 | Honourarium in connection with recruitment of Technical Staff | 3,000 |
| 3-2-2014 | Legal opinion for sub membership with IDBI | 2,500 |
| 28-3-2015 | Technical Advice IT infrastructure as a part of CBS | 29,500 |
| 13-6-2016 | Technical Advice Hardware and Networking Equipments | 10,500 |
| 29-3-2016 | Legal fee and Tender evaluation | 46,000 |
| 29-3-2016 | ATM end to end solution consultancy | 64,000 |
| 29-3-2016 | Consultancy toward Digital Document Filing System | 30,000 |
| 19-8-2016 | DDFS- Consultancy | 30,000 |
| | Total | 3,63,500 |

| No. | Consultation fee for branch interior and furniture work | Amount |
|---|---|---|
| | CMP ARCHITECH | |

| (1) | (2) | (3) |
|---|---|---|
| 1. | Koyilandy evening | 102380 |
| 2. | ATM Counter Kallai road | 33451 |
| 3. | Kinasseri Branch | 120712 |
| 4. | Thiruvambady | 115350 |
| 5. | Oamssery | 129490 |

| (1) | (2) | (3) |
|---|---|---|
| 6. | Azhiyur | 109733 |
| 7. | Thamarassery | 166494 |
| 8. | Mankave | 176461 |
| 9. | Ladies Branch | 68058 |
| | **Total** | 1022129 |
| No. | M/s. Meredian Architech | Amount |
| 1. | Elathur, Kodancheri, Ferok, Atholi (Str.Romm) | 66216 |
| 2. | Cheruvannur | 116744 |
| 3. | Vellimadukunnu | 118859 |
| 4. | Nadapuram Town Branch | 12538 |
| 5. | Medical College | 127745 |
| 6. | Nadapuram Town Branch | 129181 |
| 7. | Mavoor Road | 128330 |
| 8. | Perambra Main | 48558 |
| 9. | Perambra evening | 44144 |
| 10. | Parakkadave | 39730 |
| 11. | Koduvally Evening | 44144 |
| | Total | 876189 |
| | Grand Total | 2261818 |

(ബി) ടെക്നിക്കൽ കൺസൾട്ടന്റ് ശ്രീ. എ. രാജഗോപാലും (NIT, കോഴിക്കോട്) ലീഗൽ കൺസൾട്ടന്റ് അഡ്വ. സോമൻ. പി. കെ.-യുമാണ്. ബാങ്കിൽ സി.ബി.എസ്. അനുബന്ധ ചാനലുകൾ, ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ, ഓൺലൈൻ ആഫീസ് സംവിധാനം എന്നിവ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ സേവനം കൂടാതെ വിദഗ്ദ്ധരുടെ കൺസൾട്ടൻസി ആവശ്യമായതിനാലാണ് കൺസൾട്ടൻസി സേവനം ലഭ്യമാക്കിയിട്ടുള്ളത്.

(സി) ഗാഡ്ഫിൻ സർവ്വീസ്, വീ ഫോർ സർവ്വീസ്, അഡ്വ. വിമ്മി, അഡ്വ. ജെഷ്മ, അഡ്വ. ദീപു. വി.പി., അഡ്വ. ദിനേശ്കുമാർ, അഡ്വ. ബബിത, അഡ്വ. അനില, അഡ്വ. ഗംഗഭായ്, അഡ്വ. ഹരിപ്രിയ, അഡ്വ. സുനീഷ് മമ്മിയിൽ, ജയ്സെർ ലീഗൽ സൊല്യൂഷൻസ്, ദേവരാജ് അസോസിയേറ്റ്സ്, അഡ്വ. ധന്യ എന്നിവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) സർഫാസി കൺസൾട്ടൻസി നടപടിക്കായി ഡോക്യുമെന്റ് തയ്യാറാക്കിയതോ നിയമോപദേശം നൽകിയതോ ആയ വ്യക്തികളെയും സ്ഥാപനങ്ങളെയും ഇതേ സർഫാസി തുടർ നടപടിക്കായി നിയമിച്ചിട്ടില്ല. നിലവിൽ പരാതികൾ ലഭിച്ചിട്ടില്ല.

## സോഫ്റ്റ്‌വെയർ എഞ്ചിനീയർ തസ്തിക

121(5582) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.യു.(State Co-operative Union)-ൽ സോഫ്റ്റ്‌വെയർ എഞ്ചിനീയർ എന്നൊരു തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള അടിസ്ഥാനയോഗ്യത എന്താണ്; ഈ തസ്തിക അനുവദിച്ചു കൊണ്ടുള്ള സഹകരണ രജിസ്ട്രാറുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സോഫ്റ്റ്‌വെയർ നിർമ്മാണത്തിലൂടെ 2015-16 സാമ്പത്തിക വർഷം എന്ത് തുക വരുമാനമുണ്ടാക്കി; സോഫ്റ്റ്‌വെയർ എഞ്ചിനീയർക്ക് പ്രസ്തുത കാലയളവിൽ ശമ്പളയിനത്തിലുൾപ്പെടെ ആകെ എന്ത് തുക ചെലവാക്കി;

(സി) ഈ തസ്തികയിൽ കരാർ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളതെങ്കിൽ, സ്ഥിരനിയമനത്തിന് ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ?

## ഉത്തരം

(എ) ഉണ്ട്. എം.സി.എ./ബി.ടെക് ഇൻ കമ്പ്യൂട്ടർ സയൻസ്/ഐ.റ്റി ഇലക്ട്രോണിക്സ്/അപ്ലൈഡ് ഇലക്ട്രോണിക്സ് ബിരുദം, കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയം എന്നിവയാണ് സോഫ്റ്റ്‌വെയർ എഞ്ചിനീയറുടെ യോഗ്യത. ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു. (അനുബന്ധം)*

(ബി) സംസ്ഥാന സഹകരണ യൂണിയന്റെ സെക്ഷനുകൾ കമ്പ്യൂട്ടർവർക്കരിക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നതിനാണ് സോഫ്റ്റ്‌വെയർ എഞ്ചിനീയറെ നിയമിച്ചിട്ടുള്ളത്. ആയതുകൊണ്ട് ഈ ഇനത്തിൽ വരുമാനമില്ല. 2015-16 സാമ്പത്തിക വർഷം 3,28,400 രൂപ സോഫ്റ്റ്‌വെയർ എഞ്ചിനീയറുടെ ശമ്പളയിനത്തിലുൾപ്പെടെ ആകെ ചെലവഴിച്ചു.

(സി) നിലവിൽ സോഫറ്റ്‌വെയർ എഞ്ചിനീയർ തസ്തികയിൽ കരാറടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. ക്ലാസ്സ് 4 ജീവനക്കാർ ഒഴികെയുള്ള സംസ്ഥാന സഹകരണ യൂണിയനിലെ സ്ഥിര നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് തയ്യാറാക്കിയിട്ടുള്ള സബ് റൂൾ സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയർ തസ്തികയും ഉൾപ്പെട്ടിട്ടുണ്ട്.

## കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം

122(5583) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം സംബന്ധിച്ച വിഷയം പഠിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ഘടനയും അംഗങ്ങൾ ആരെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളുടെയും പ്രതിനിധികളുടെയും, ജീവനക്കാരുടെയും അഭിപ്രായം സ്വരൂപിക്കുന്നതിന് പ്രസ്തുത സമിതിക്ക് ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 28-9-2016-ലെ സ.ഉ.(സാധാ)നമ്പർ. 488/16/സഹ പ്രകാരം സർക്കാർ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ അംഗങ്ങൾ, ഘടന എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.

1. ശ്രീ. എം. എസ്. ശ്രീറാം, പ്രൊഫസർ, ഐ.ഐ.എം. ബെംഗളൂരു,- ചെയർമാൻ.
2. ശ്രീ. വി. എസ്. സെന്തിൽ, ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം.
3. ശ്രീ. സി. പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്) നബാർഡ് - അംഗം.
4. ശ്രീ. റ്റി. പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്) യൂണിയൻ ബാങ്ക് - അംഗം.
5. ശ്രീ. പി. വേണുഗോപാൽ, ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ് - മെമ്പർ സെക്രട്ടറി.

(ബി) സമിതിയുടെ പഠനത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് (ദ്വിതല ഘടന) ഘടനാമാറ്റത്തിലൂടെ സഹകരണ ബാങ്കിംഗ് നടപ്പാക്കുക എന്നതിന്റെ ശക്തി, ദൗർബല്യം, സാദ്ധ്യത, ഭീഷണി (SWOT) എന്നീ മതിയായ വിവരശേഖരണങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനാത്മക റിപ്പോർട്ട് തയ്യാറാക്കുക.
2. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ 31-3-2016-ലെ കണക്കുപ്രകാരമുള്ള ആസ്തിബാദ്ധ്യതകൾ സംയോജിപ്പിക്കുകയും പ്രസ്തുത സംയോജനത്തിനുശേഷം ഒരൊറ്റ ബാങ്ക് എന്ന നിലയിലുള്ള കണക്ക് അടിസ്ഥാനപ്പെടുത്തി ഭാവിയിലെ പ്രതീക്ഷിത നില തയ്യാറാക്കുകയും പ്രസ്തുത വിവരം അടിസ്ഥാനപ്പെടുത്തി നബാർഡ്/ റിസർവ് ബാങ്ക് എന്നിവയിൽ നിന്നുമുള്ള അംഗീകാരം ലഭിക്കണമെന്നുള്ള കാഴ്ചപ്പാടോടെ വിശദമായ ഒരു പദ്ധതി തയ്യാറാക്കുക.

3. സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിലവിലെ മനുഷ്യ വിഭവശേഷി വിലയിരുത്തി നിലവിലെ തസ്തികകൾ സംയോജിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുക, പുതിയ ഒരു ഘടനാ സംവിധാനവും പരിപാടിയും സംയോജനത്തിനുശേഷം ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, ട്രെയിനിംഗ്, പ്രൊഫഷണൽ വികസനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും സമർപ്പിക്കുക.

4. ഓരോ ബാങ്കിലും നിലവിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ (കോർ ബാങ്കിംഗ്) വിലയിരുത്തുകയും സാങ്കേതികവിദ്യാ സംയോജനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശം സമർപ്പിക്കുകയും ചെയ്യുക. സംയോജനത്തിനുശേഷം എല്ലാവിധ ആധുനിക ബാങ്കിംഗ് സാങ്കേതിക വിദ്യകളും സ്വായത്തമാക്കുന്നതിന് ആയതിന്റെ ചെലവുമായി ബന്ധപ്പെടുത്തിയുള്ള കാര്യക്ഷമതകൂടി വിശദമാക്കുക. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലേക്കുകൂടി സാങ്കേതിക വിദ്യാ സേവനങ്ങൾ വിപുലപ്പെടുത്താൻ കഴിയുന്നതിന് സാദ്ധ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

5. സഹകരണ സംഘം നിയമങ്ങളിലും ചട്ടങ്ങളിലും ബൈലോകളിലും (പ്രാഥമിക സംഘങ്ങളുടേതുൾപ്പെടെ) വേണ്ടിവരുന്ന ഭേദഗതികൾ നിർദ്ദേശിക്കുക.

6. റിസർവ് ബാങ്ക്/നബാർഡിൽ നിന്നും നിയമപരമായ അനുമതികൾ ലഭിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും സമർപ്പിക്കുക.

7. നബാർഡ്/റിസർവ് ബാങ്കിൽനിന്നും അംഗീകാരംനേടി സംയോജനം വിജ്ഞാപനം നടത്തുന്നതിനാവശ്യമായ നിയമപരമായ വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശിപാർശകളും സംഘടിപ്പിക്കുക.

8. പുതുതായി രൂപീകരിക്കുന്ന കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന് വ്യക്തവും വിശദവുമായ ഒരു ലക്ഷ്യം (കാഴ്ചപ്പാട്) തയ്യാറാക്കുക.

9. കേരള കോ-ഓപ്പറേറ്റീവ് ബാങ്കിനുവേണ്ടി ഒരു മാതൃക പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക.

10. പുതിയ നിക്ഷേപ-വായ്പാ പദ്ധതികൾ, സേവനങ്ങൾ പുതിയ ബാങ്കിന്റെ പ്രചരണം, ബ്രാൻഡ് വികസനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.

11. പുതിയ ബാങ്ക് രൂപീകരിച്ചതിനുശേഷം അംഗസംഘങ്ങളും/ ബാങ്കുകളും മറ്റ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവയുമായുള്ള പരസ്പരബന്ധങ്ങൾ ഏതു രീതിയിലായിരിക്കണമെന്നുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

12. വിദഗ്ദ്ധ കമ്മിറ്റിക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട/ യുക്തമായ മറ്റ് നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ അത് സമർപ്പിക്കുക.

(സി) ഉണ്ട്. അഭിപ്രായ രൂപീകരണത്തിന്റെ ഭാഗമായി ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും ഭരണസമിതി അംഗങ്ങളുമായുള്ള ചർച്ച ആസൂത്രണം ചെയ്തിട്ടുണ്ട്. അഭിപ്രായങ്ങൾ ആരാഞ്ഞു കൊണ്ടുള്ള അറിയിപ്പ് പത്രമാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്.

**കേരള ബാങ്ക് രൂപീകരണം**

123(5584) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ചാണോ കേരള ബാങ്ക് രൂപീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 28-9-2016-ലെ സ.ഉ. (സാധാ) നമ്പർ 488/16/സഹ പ്രകാരം സർക്കാർ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചു കൊണ്ടുള്ള സാദ്ധ്യതാ പഠനത്തിനാണ് സമിതി രൂപീകരിച്ചിട്ടുള്ളത്.

**സഹകരണ ജേർണൽ**

124(5585) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.യു.-വിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ സഹകരണ ജേർണലിന്റെ പ്രതിമാസ സർക്കുലേഷൻ എത്രയെന്ന് വ്യക്തമാക്കാമോ:

(ബി) 2015-16 ജേർണൽ പ്രിന്റ് ചെയ്ത് വിതരണം നടത്തിയതിന് മൊത്തം എന്ത് തുക ചെലവായെന്നും മാസിക വില്പന നടത്തിയതിൽ നിന്നും എന്ത് തുക ലഭിച്ചുവെന്നും വിശദമാക്കാമോ;

(സി) ജേർണലിൽ ഏതൊക്കെ പരസ്യം നൽകിയെന്നും അതിൽ നിന്നുള്ള വരുമാനം എത്രയെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 9200 കോപ്പി

| | | |
|---|---|---|
| (ബി) ജേർണലിന്റെ മൊത്തം വരവ് | - | 20,51,547.50 രൂപ. |
| ചെലവായ തുക | - | 17,41,258.00 രൂപ. |
| മിച്ചം | - | 3,10,289.50 രൂപ. |

(സി) ജേർണലിൽ സഹകരണ ബാങ്കുകളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും പരസ്യം നൽകി വരുന്നു. പരസ്യയിനത്തിൽ 2015-16 വർഷം 11,19,837.50 രൂപ ലഭിച്ചിട്ടുണ്ട്.

**കോർ ബാങ്കിംഗ്**

125 (T* 5586) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിൽ കോർ ബാങ്കിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

ഉണ്ട്. നിലവിൽ സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും 511 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. 31-3-2017-ഓടെ ബാക്കിയുള്ള എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ ഹെഡ് ഓഫീസും ശാഖകളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനാണ് ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളത്.

**കർഷക സേവന കേന്ദ്രം പദ്ധതി**

126 (5587) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കർഷക സേവന കേന്ദ്രം പദ്ധതി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയിലൂടെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിവരിക്കുമോ;

(സി) ഈ പദ്ധതിക്ക് വേണ്ടി എത്രകോടി രൂപ ചെലവിടാനാണ് ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. പദ്ധതി വിപുലീകരണത്തിനായി 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ അഞ്ചുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 60 കർഷക സേവന കേന്ദ്രങ്ങൾക്ക് കാർഷിക നഴ്സറി, ബയോ ഫാർമസി, മണ്ണുപരിശോധനാ ലാബുകൾ, ഗ്രീൻ ഹൗസ്/ പോളി ഹൗസ്, മഴമറ കൃഷി, യന്ത്രവൽകൃത കൃഷി തുടങ്ങി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുകയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷി രീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജനക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉൽപ്പാദന സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽ സേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി) 2016-17 വർഷം അഞ്ചു കോടി രൂപ ചെലവിടാനാണ് ഉദ്ദേശിക്കുന്നത്. ആധുനിക കാർഷിക സാങ്കേതിക വിദ്യകളുപയോഗിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതിയടിസ്ഥാനത്തിൽ 380 ലക്ഷം രൂപയും മണ്ണ് പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനായി 110 ലക്ഷം രൂപയും മികച്ച കർഷക സേവനകേന്ദ്രത്തിന് അവാർഡ് നൽകുന്നതിനായി 5 ലക്ഷം രൂപയും പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി സി.എം.ഡി.-ക്ക് 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## അർഹരായവർക്ക് അംഗത്വം നിഷേധിക്കൽ

127 (5588) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ അർഹരായ ആളുകൾക്ക് അംഗത്വം നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഈ വർഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) അർഹതയുള്ള ഒരാൾക്ക് സഹകരണ ബാങ്കിൽ അംഗത്വമെടുക്കാനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; അംഗത്വം നിഷേധിച്ചാൽ സ്വീകരിക്കേണ്ട തുടർ നടപടി വ്യക്തമാക്കാമോ;

(സി) പ്രാഥമിക സഹകരണ സംഘങ്ങളിൽ ഇടപാടുകൾ നടത്തുന്ന എല്ലാ ആളുകൾക്കും അംഗത്വം നൽകത്തക്ക രീതിയിൽ നിലവിലെ നിയമത്തിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതുസംബന്ധിച്ച് ഈ വർഷം 12 പരാതികളാണ് ലഭിച്ചിട്ടുള്ളത്.

(ബി) സഹകരണ ബാങ്കിൽ ഓരാൾക്ക് അംഗത്വമെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

(1) വ്യക്തിക്ക് 18 വയസ്സ് തികഞ്ഞിരിക്കണം.

(2) സ്വസ്ഥ ബുദ്ധി ഉണ്ടായിരിക്കണം.

(3) സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ താമസക്കാരനോ അല്ലെങ്കിൽ സ്വന്തമായി സ്ഥലമുള്ള ആളോ ആയിരിക്കണം. ഒരു സഹകരണ സംഘം ഒരാൾക്ക് അംഗത്വം നിഷേധിക്കുകയാണെങ്കിൽ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 83 ഉപവകുപ്പ് 1 (സി) പ്രകാരം 60 ദിവസത്തിനകം സഹകരണ സംഘം രജിസ്ട്രാർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(സി) സഹകരണ നിയമത്തിലും ചട്ടത്തിലും വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് സർക്കാർ ആലോചിച്ചുവരുന്നു.

**മരണപ്പെട്ടുപോയവരുടെ വായ്പാ കുടിശ്ശിക**

128 (5589) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തശേഷം മരണപ്പെട്ടു പോയവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനോ ഇളവുകൾ നൽകാനോ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അത്തരമൊരു പദ്ധതി ഇല്ലെങ്കിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന വായ്പക്കാർ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ വായ്പാ കുടിശ്ശികയിൽ അന്നേദിവസം ബാക്കി നിൽക്കുന്ന പരമാവധി ഒന്നര ലക്ഷം രൂപാവരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനായി 1-4-2008 പ്രാബല്യത്തോടെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്.

(ബി) ബാധകമല്ല.

**അനധികൃത നിയമനങ്ങൾ**

129 (5590) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ അനധികൃത നിയമനങ്ങൾ വ്യാപകമാകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ലാർക്ക് തസ്തികയിൽ കഴിഞ്ഞ ആഗസ്റ്റിൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ 15 പേർ അയോഗ്യരാണെന്ന വിവരാവകാശ രേഖ പരിശോധിച്ചിട്ടുണ്ടോ;

(സി) വിജ്ഞാപന സമയത്ത് യോഗ്യതാ കോഴ്സ് പഠിക്കുന്നവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് സുപ്രീംകോടതി വിധിയുടെ ലംഘനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ സഹകരണ ബാങ്കുകളിലെ നിയമനം സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി&സി) ഇല്ല

(ഡി) ബാധകമല്ല

(ഇ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ/സ്ഥാപനങ്ങളിൽ സഹകരണ നിയമത്തിനും ചട്ടത്തിനും റിക്രൂട്ട്മെന്റ് റൂൾസുകൾക്കും വിധേയമായി മാത്രമേ നിയമനങ്ങൾ നടത്തുവാൻ പാടുള്ളൂവെന്ന് കർശന നിർദ്ദേശം അടങ്ങിയ സർക്കുലർ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത നിയമനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്.

**കർഷക സേവന കേന്ദ്രം പദ്ധതി**

130 (5591) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവ വഴി കർഷക സേവന കേന്ദ്രം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യങ്ങളും ഇതുവഴി കൈവരിക്കുന്ന നേട്ടങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി വകയിരുത്തിയിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന്റെയും ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി മണ്ണ് ഗവേഷണ ശാലകളും ബയോഫാർമസികളും കാർഷിക ഔഷധ നഴ്സറികളും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ഈ പദ്ധതി വഴി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹൈടെക് കൃഷി രീതികൾ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷി രീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജനക്ഷേമ

വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉൽപ്പാദന സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി., സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽ സേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി) 2016-17 വർഷം അഞ്ചു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. 2016-17 വർഷത്തെ പദ്ധതിയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കർഷകസേവന കേന്ദ്രങ്ങളിൽ മണ്ണ് ഗവേഷണശാലകൾ സ്ഥാപിക്കുന്നതിനായി 110 ലക്ഷം രൂപയും ബയോ ഫാർമസികൾ, കാർഷിക ഔഷധ നഴ്സറികൾ ഉൾപ്പെടെയുള്ള ആധുനിക ഹൈടെക്ക് കൃഷി രീതികൾ പദ്ധതിയടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 380 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. ആധുനിക കൃഷി രീതികളായ പോളി ഹൗസ്, ഗ്രീൻ ഹൗസ്, മഴമറ കൃഷി, ആധുനിക നഴ്സറികൾ, അത്യന്താധുനിക യന്ത്രോപകരണങ്ങളും സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഹൈടെക്ക് കൃഷി രീതികൾ നടപ്പിലാക്കുന്നതിനായി പദ്ധതിയടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതാണ്.

**സഹകരണ ബാങ്കുകളുടെ സംയോജനം**

131 (5592) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാത്തരം സഹകരണ ബാങ്കുകളെയും സംയോജിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) സംയോജനം സംസ്ഥാനത്തിന്റെ വികസനത്തിന് എത്രമാത്രം ഗുണകരമാകുമെന്നാണ് കരുതുന്നത്; വിവരിക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെല്ലാം പഠനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) സഹകരണ ബാങ്കുകളുടെ സംയോജനം നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാത്തരം സഹകരണ ബാങ്കുകളേയും സംയോജിപ്പിക്കാൻ തീരുമാനമെടുത്തിട്ടില്ല. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത പഠിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സംസ്ഥാന-ജില്ല സഹകരണ ബാങ്കുകളുടെ സംയോജനം ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതു കൂടാതെ പലിശ നിരക്കിലും ഗണ്യമായ കുറവ് സാദ്ധ്യമാക്കുമെന്നതിനാൽ സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുവാൻ ഇടയാക്കും. വായ്പക്കാരുടെ പലിശ ബാദ്ധ്യത കുറയ്ക്കാൻ സഹായിക്കും. അതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥക്ക് ഒരു പുത്തൻ ഉണർവ് നൽകുവാൻ സാധിക്കും. കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത, കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി വർത്തിക്കുവാൻ പര്യാപ്തമാക്കും.

സംസ്ഥാനത്ത് ധനനിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ട് വരുന്നതിന് പ്രസ്തുത ബാങ്കിന് ക്രിയാത്മകമായ പങ്ക് വഹിക്കുവാനാകും. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്ന് പാവപ്പെട്ടവരെ ഒരു പരിധിവരെ രക്ഷിക്കാനും പ്രാദേശിക വികസനം ഗണ്യമായി ഉയർത്തുന്നതിനും ഇതുവഴി കഴിയും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും ലയനത്തിലൂടെ മറികടക്കാനാവും. സംയോജനത്തിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും, സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാദ്ധ്യമാക്കുന്ന പല സുപ്രധാന പദ്ധതികളിൽ നിർണ്ണായകമായ പങ്ക് വഹിക്കുവാനും പ്രസ്തുത ബാങ്കിന് സാധിക്കുമെന്നാണ് കരുതുന്നത്.

(സി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബാംഗ്ലൂരു, ഐ.ഐ.എം. പ്രൊഫസർ ശ്രീ. എം. എസ്. ശ്രീറാം ചെയർമാനായി ഒരു 5 അംഗ വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) സാദ്ധ്യതാ പഠനത്തിനായി ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## റിസ്ക് ഫണ്ട് സ്കീം

132 (5593) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ റിസ്ക് ഫണ്ട് സ്കീം ബാധകമായിട്ടും പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത എത്ര സഹകരണ സ്ഥാപനങ്ങളാണ് കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്നത്; അവയുടെ പേരു വിവരം വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; നടപടികളോട് ഈ സ്ഥാപനങ്ങളുടെ പ്രതികരണം/ നിലപാട് എന്താണെന്ന് വിശദമാക്കാമോ; നിയമപരമായി സർക്കാരിന് ചെയ്യാൻ കഴിയുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിസ്ക് ഫണ്ട് സ്കീമിൽ ചേരുന്നതിന് അർഹതയുള്ളതും എന്നാൽ ചേർന്നിട്ടില്ലാത്തതുമായി 26 സഹകരണ സംഘങ്ങൾ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേരുവിവരം താഴെപ്പറയുന്നു:

1. ഫെഡറൽ ബാങ്ക് ഫാമിലി ഹൗസിംഗ് സഹകരണ സംഘം.
2. മാതൃഭൂമി എംപ്ലോയീസ് സഹകരണ സംഘം.
3. കേരള ഗവൺമെന്റ് പോളിടെക്നിക് ടീച്ചേഴ്സ് സഹകരണ സംഘം.
4. കാലിക്കറ്റ് മുൻസിപ്പൽ കോർപ്പറേഷൻ എംപ്ലോയീസ് സഹകരണ സംഘം.
5. കാലിക്കറ്റ് ഇൻകം ടാക്സ് എംപ്ലോയീസ് സഹകരണ സംഘം.

6. എഫ്.സി.ഐ. എംപ്ലോയീസ് സഹകരണ സംഘം.
7. കോഴിക്കോട് ഗവൺമെന്റ് പ്രസ്സ് എംപ്ലോയീസ് സഹകരണ സംഘം.
8. കോഴിക്കോട് ഡിസ്ട്രിക്ട് ജുഡീഷ്യൽ എംപ്ലോയീസ് സഹകരണ സംഘം.
9. കൊടുവള്ളി കോ-ഓപ്പറേറ്റീവ് റൂറൽ ഹൗസിംഗ് സഹകരണ സംഘം.
10. നടുവണ്ണൂർ ഇന്റഗ്രേറ്റഡ് അഗ്രികൾച്ചറൽ ഡവലപ്മെന്റ് സഹകരണ സംഘം.
11. കൊടേരിച്ചാൽ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം.
12. കോട്ടൂർ ഇന്റഗ്രേറ്റഡ് അഗ്രികൾച്ചറൽ ഡവലപ്മെന്റ് സഹകരണ സംഘം.
13. പനങ്ങാട് പഞ്ചായത്ത് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം.
14. ഉള്ള്യേരി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം.
15. പാലേരി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം.
16. ചക്കിട്ടപ്പാറ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം.
17. കൊയിലാണ്ടി ഗവൺമെന്റ് എംപ്ലോയീസ് സഹകരണ സംഘം.
18. മേപ്പയൂർ എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് സഹകരണ സംഘം.
19. കൂരാച്ചുണ്ട് സഹകരണ അർബൻ സൊസൈറ്റി.
20. മേപ്പയൂർ സഹകരണ അർബൻ സൊസൈറ്റി.
21. ബാലുശ്ശേരി ഹൗസിംഗ് സഹകരണ സംഘം.
22. ചെക്യാട് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം.
23. വില്ല്യാപ്പള്ളി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം.
24. കാവിലുംപാറ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം.
25. കുന്നമ്മൽ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം.
26. വടകര സഹകരണ ഹൗസിംഗ് സൊസൈറ്റി.

(ബി) സ്കീമിൽ ചേരുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതിമാസ അവലോകന യോഗങ്ങളിലും ഇക്കാര്യം സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടികളോട് ഈ സ്ഥാപനങ്ങൾക്ക് അനുകൂല നിലപാടാണുള്ളത്.റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്നും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും വായ്പ നൽകുന്നതിൽനിന്നും പ്രസ്തുത സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും കേരള സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

**താൽക്കാലിക നിയമനം**

133 (5594) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ പി.എസ്.സി.-ക്ക് വിട്ട അംഗീകൃത തസ്തികകളിൽ, പി.എസ്.സി. നിയമനം നടത്തുന്നത് വരെ താൽകാലിക നിയമനം നടത്തുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വിശദമാക്കാമോ;

(ബി) ഗവൺമെന്റ്/സഹകരണ രജിസ്ട്രാർ അംഗീകരിച്ച തസ്തികകൾക്ക് പുറമേ ജില്ലാ സഹകരണ ബാങ്കുകളിൽ കരാർ/താൽകാലിക നിയമനങ്ങൾ നടത്തുന്നതിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(സി) അംഗീകാരമില്ലാത്ത തസ്തികകളിലും, പി.എസ്.സി-ക്ക് വിട്ട അംഗീകൃത തസ്തികകളിലും കരാർ, താൽകാലിക നിയമനങ്ങൾ നടത്തിയ ജില്ലാ സഹകരണ ബാങ്കുകൾ ഏതൊക്കെയാണ്; ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തി; എത്രപേരെ നിയമിച്ചു; ഓരോ തസ്തികയ്ക്കും അനുവദിക്കുന്ന വേതനം, ഓരോരുത്തരെയും നിയമിച്ച തീയതി, ഇത്തരം കരാർ, താൽകാലിക നിയമനങ്ങൾ ഓരോന്നും നടത്തുന്നതിന് പാലിച്ച നടപടി ക്രമങ്ങൾ തുടങ്ങിയ വിവരങ്ങൾ പട്ടിക തിരിച്ച് വിശദമാക്കാമോ;

(ഡി) കരാർ, താൽകാലിക നിയമനങ്ങൾ ഓരോന്നിനും അനുവദിക്കുന്ന വേതന വർദ്ധനവ് സർക്കാർ ഉത്തരവുകൾ പ്രകാരവും നിയമപരവുമായിട്ടാണോ; വിശദമാക്കാമോ;

(ഇ) ജില്ലാ സഹകരണ ബാങ്കുകളിൽ അംഗീകാരമില്ലാത്ത തസ്തികകളിലും, പി.എസ്.സി-ക്ക് വിട്ട അംഗീകൃത തസ്തികകളിലും സുതാര്യമല്ലാതെ നടത്തിയ താൽകാലിക, കരാർ നിയമനങ്ങളിലെ ക്രമക്കേടുകൾ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; ക്രമരഹിത/നിയമവിരുദ്ധ നിയമനങ്ങൾ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ പി.എസ്.സി.-ക്ക് വിട്ട അംഗീകൃത തസ്തികകളിൽ നിയമനം നടത്തുന്നതിന് കാലതാമസം വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന മാത്രം നിശ്ചിത യോഗ്യതയുള്ളവരെ താൽക്കാലിക അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് നിയമനം നടത്താവുന്നതാണ്.

(ബി) ജില്ലാ സഹകരണ ബാങ്കുകളിൽ കരാർ/താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലില്ല.

(സി) 14 ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന താൽക്കാലിക നിയമനങ്ങൾക്ക് സർക്കാർ നിരക്കിലാണ് വേതനം നൽകുന്നത്.

(ഇ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ സഹകരണ നിയമത്തിനും ചട്ടത്തിനും റിക്രൂട്ട്മെന്റ് റൂൾസുകൾക്കും വിധേയമായി മാത്രമേ നിയമനങ്ങൾ നടത്തുവാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശമടങ്ങിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും അനധികൃത നിയമനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.

**സേവന വേതന വ്യവസ്ഥകൾ**

134 (5595) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സഹകരണ സംഘങ്ങളിലും സമാനമായ ബാങ്കുകളിലും ശമ്പള സ്കെയിലും മറ്റ് എല്ലാവിധ ആനുകൂല്യങ്ങളും വ്യത്യസ്തമായി നൽകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെങ്കിൽ ഇത് ഏകീകരിക്കുന്നതിനും പരിഷ്കരിച്ച വേതനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) സഹകരണ സംഘങ്ങളിലും ബാങ്കുകളിലും കമ്മീഷൻ അടിസ്ഥാനത്തിൽ അപ്രൈസർ തസ്തികയിൽ 10 വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്ന ജെ.ഡി. സി/ എച്ച്.ഡി. സി. യോഗ്യതയുള്ളവരെ ജീവനക്കാരായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് 15-7-2015-ലെ സ.ഉ. (കൈ) 87/2015/സഹ നമ്പർ. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിലും സമാനമായ ബാങ്കുകളിലും ശമ്പള സ്കെയിലും മറ്റ് എല്ലാവിധ ആനുകൂല്യങ്ങളും വ്യത്യസ്തമായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ വ്യവസ്ഥ ഇല്ല. എന്നാൽ 15-7-2015-ലെ സ.ഉ. (കൈ) 87/2015/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്യൂൺ തസ്തികയുടെ ഒഴിവിന്റെ 25% 5 വർഷവും അതിൽ കൂടുതലും വർഷത്തെ സേവനമുള്ള നിക്ഷേപ വായ്പ കളക്ഷൻ ഏജന്റുമാർക്കും അപ്രൈസർമാർക്കുംവേണ്ടി സംവരണം ചെയ്തിട്ടുണ്ട്. അപ്രകാരം സംവരണം ചെയ്യുന്നതിനായി നിക്ഷേപ/വായ്പ ഇനത്തിൽ ഏറ്റവും കുറഞ്ഞത് പ്രതിവർഷം 20,00,000 (ഇരുപത് ലക്ഷം) രൂപയെങ്കിലും ശേഖരിച്ചിട്ടുള്ള നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാർക്കും പ്രതിവർഷം 50 ലക്ഷം രൂപയുടെ സ്വർണ്ണപ്പണയ വായ്പയുടെ സ്വർണ്ണം പരിശോധിച്ചിട്ടുള്ള അപ്രൈസർമാർക്കും മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

**ഭരണ സമിതിയുടെ കാലാവധി**

135 (5596) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഭരണസമിതിയുടെ കാലാവധി അഞ്ച് വർഷത്തിൽ നിന്ന് മൂന്ന് വർഷമായി ചുരുക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ പുരോഗതിക്ക് വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പ്രാഥമിക സഹകരണ സംഘങ്ങളുടെ പുരോഗതിക്കുവേണ്ടി ചുവടെ ചേർക്കുന്നവ നിടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. സംഘങ്ങളുടെ ആധുനികവൽക്കരണം പൂർത്തിയാക്കി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും നൽകുംവിധം സഹകരണ ബാങ്കുകളെ പ്രാപ്തമാക്കുക.
2. 31-3-2017-നമുമ്പ് എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുക.
3. കർഷക സേവന കേന്ദ്രം പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ബയോഫാർമസി, കാർഷിക ഔഷധ നഴ്സറി എന്നിവ തുടങ്ങുക, കൂടാതെ 'സഹകരണം സമൃദ്ധം' എന്ന പേരിൽ സഹകരണ മേഖലയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളും നൂതന പദ്ധതികളും കോർത്തിണക്കിയ സുസ്ഥിര വികസന പദ്ധതികൾ നടപ്പിലാക്കുക.

**എ. ടി. എം. സംവിധാനം**

136 (5597) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഗ്രാമീണമേഖലയിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം

നിലവിലുണ്ടോ; പ്രസ്തുത സംവിധാനം എല്ലാ പ്രാഥമിക സഹകരണ ബാങ്കുകളിലും ഏർപ്പെടുത്തുന്നതിന് അനുമതി നല്കുമോ;

(സി) പ്രാഥമിക സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന് പദ്ധതികളുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളുടെ ഹെഡ്ഡാഫീസും ശാഖകളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തി വരുന്നു. നിലവിൽ 511 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് നിലവിലുണ്ട്. 31-3-2017-ഓടെ ബാക്കിയുള്ള എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ 58 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ എ.ടി.എം. സംവിധാനം നിലവിലുണ്ട്. പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രാഥമിക സഹകരണ ബാങ്കുകളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടില്ല.

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ**

137 (5598) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിരുന്നു; നിലവിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട്; എത്ര തുക വാഹനം വാങ്ങുന്നതിന് ചെലവാക്കി; ഈ വഴിയുള്ള വില്പന വഴി ലാഭം ഉണ്ടാകാറുണ്ടോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 11 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിരുന്നു. ഇവ ഒന്നുംതന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. വാഹനം വാങ്ങുന്നതിലേക്കായി ഒരു മൊബൈൽ ത്രിവേണിക്ക് 8,08,000 രൂപ വീതം 11 മൊബൈൽ ത്രിവേണികൾക്കായി 88,88,000 രൂപ ചെലവായിട്ടുണ്ട്. മൊബൈൽ ത്രിവേണികൾ എല്ലാംതന്നെ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

(ബി) കല്യാശ്ശേരി മണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ പ്രവർത്തിക്കുന്നില്ല. മൊബൈൽ ത്രിവേണികൾ വഴിയുള്ള വിൽപ്പന ലാഭകരമല്ല. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ടെസ്റ്റ് വർക്ക് എന്നിവയ്ക്കായി ഭീമമായ തുക, കുറഞ്ഞ ശമ്പളത്തിൽ ഡ്രൈവർമാരുടെ ലഭ്യതക്കുറവ് എന്നീ കാരണങ്ങളാലാണ് മൊബൈൽ ത്രിവേണിയുടെ പ്രവർത്തനം നിർത്തിവച്ചത്.

**സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ മാവേലി സ്റ്റോർ**

138 (5599) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി കോരാമ്പാടം സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ;

(സി) കോരാമ്പാടം സർവീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുവാദം നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും**

139 (5600) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ 13-2-12-ന ശേഷം ഇന്നേവരെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, എ. ടി. എം. ക്യാഷ് കൗണ്ടിംഗ് മെഷീൻ, മറ്റ് സാങ്കേതിക ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഓരോ ഇനവും വാങ്ങിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത തീയതി, വാങ്ങിയ തീയതി, വാങ്ങിയ ഉപകരണങ്ങൾ, അവയുടെ ബ്രാന്റ്, ഓരോ ഇനവും വിതരണം ചെയ്ത സ്ഥാപനം, ഓരോന്നിന്റേയും വില, ഇവ ശാഖകളിലേക്ക് വിതരണം ചെയ്തതിന്റേയും, നിലവിലെ സ്റ്റോക്ക് തുടങ്ങിയവയുടെയും വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ 13-12-2012-നശേഷം ഇന്നേവരെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, എ.ടി.എം. ക്യാഷ് കൗണ്ടിംഗ് മെഷീൻ, മറ്റ് സാങ്കേതിക ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് മൊത്തം 2,99,75,370 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പട്ടിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സഹകരണ ബാങ്കിലെ നിയമനങ്ങൾ**

140 (5601) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാതെ ബാങ്ക് നേരിട്ട് വിവിധ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലും നിയമിച്ചവരുടെ പേരു വിവരങ്ങൾ, തസ്തിക, നിയമിച്ച തീയതി, വേതനം എന്നിവ സഹിതം വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ബാങ്കിന്റെ പി.ആർ.ഒ തസ്തികയിൽ ക്രമരഹിത നിയമനമാണ് നടത്തിയതെന്ന് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ബാങ്കിലെ വിവിധ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയതിനുശേഷവും ക്രമരഹിത നിയമനം ലഭിച്ചവർ തുടരുന്നുണ്ടോ;

(സി) ആർ.ടി.ഒ. നോട്ടീസ് നൽകിയതിനുശേഷവും ബാങ്കിന്റെ പേര് വെയ്ക്കാതെ വാഹനം ഓടുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസ്തുത ബാങ്കിന്റെ പി.ആർ.ഒ. തസ്തികയിൽ ക്രമരഹിത നിയമനമാണ് നടത്തിയതെന്ന് ആഡിറ്റ് ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാളിതുവരെ ബാങ്കിൽ നടത്തിയിട്ടുള്ള എല്ലാ താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ചും ഓഡിറ്റർ/ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താൽക്കാലിക ജീവനക്കാർ തുടരുന്നുണ്ട്.

(സി) ബാങ്കിന്റെ പേര് വയ്ക്കാതെ വാഹനം ഓടുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. നിലവിൽ എല്ലാ വാഹനങ്ങളും പേരു വച്ചാണ് ഓടുന്നത്.

**തിരിച്ചടവ് മുടങ്ങിയിട്ടുള്ളവരുടെ മരണം**

141 (5602) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലോണെടുത്ത് തിരിച്ചടവ് മുടങ്ങിയിട്ടുള്ളവർ മരണമടഞ്ഞാൽ അവരുടെ കുടുംബത്തിന് തിരിച്ചടവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുമെന്ന് ജനറൽ/പട്ടികജാതി വിഭാഗം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന വായ്പക്കാർ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പ തുകയിൽനിന്നും ഒന്നര ലക്ഷം രൂപാവരെയുള്ള മുതലും അതിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പലിശയും ഉൾപ്പെടുന്ന ബാദ്ധ്യത അവസാനിപ്പിക്കുന്നതിന് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നു. വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണത്തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിന് കുടിശ്ശിക വരുത്താത്ത വായ്പക്കാരുടെ വായ്പാ ബാദ്ധ്യത ഒഴിവാക്കുന്നതിനാണ് ആനുകൂല്യം നൽകുന്നത്. ജനറൽ/പട്ടികജാതി വിഭാഗ വ്യത്യാസമില്ലാതെ റിസ്ക് ഫണ്ട് സ്കീമിൽ പ്രീമിയം ഒടുക്കിയിട്ടുള്ള എല്ലാ വായ്പക്കാർക്കും ആനുകൂല്യം ലഭിക്കുന്നതാണ്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും പട്ടികജാതി വിഭാഗക്കാർ എടുത്തിരുന്നതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകൾക്ക് പരമാവധി ഒരു ലക്ഷം രൂപയുടെ കടാശ്വാസം സർക്കാർ ധനസഹായത്തോടെ അനുവദിച്ചു നൽകിയിരുന്നു. മരണപ്പെട്ടവർക്കും ഈ ആനുകൂല്യം ലഭിച്ചിരുന്നു. മറ്റ് പദ്ധതികൾ ഒന്നും നിലവിലില്ല.

**വിതരണം ചെയ്ത ക്ഷേമപെൻഷൻ**

142 (5603) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണവകുപ്പ്വഴി നിലമ്പൂർ മണ്ഡലത്തിൽ വിതരണം ചെയ്ത ക്ഷേമ പെൻഷൻ തുക എത്രയാണ് എന്നറിയിക്കുമോ?

<u>ഉത്തരം</u>

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പുവഴി നിലമ്പൂർ മണ്ഡലത്തിൽ വിതരണം ചെയ്ത ക്ഷേമപെൻഷൻ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 1,68,63,500 രൂപ |
| 2 | വിധവാ പെൻഷൻ | 10,33,04,500 രൂപ |
| 3 | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 19,26,800 രൂപ |
| 4 | ഭിന്നശേഷിയുള്ളവരുടെ പെൻഷൻ | 1,10,84,400 രൂപ |
| 5 | വാർദ്ധക്യകാല പെൻഷൻ | 6,72,99,100 രൂപ |
| | ആകെ | 20,04,78,300 രൂപ |

## സുവർണ്ണം സ്റ്റോറുകൾ

143 (5604) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുവർണ്ണം സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ സുവർണ്ണം സ്റ്റോറുകൾ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) സുവർണ്ണം സ്റ്റോറുകളിലൂടെ ഏത് തരം ഉൽപ്പന്നങ്ങളാണ് വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സുവർണ്ണം സ്റ്റോറുകൾ എന്ന പദ്ധതി അതിന്റെ പൂർണ്ണതയോടെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കർഷക സേവന കേന്ദ്രത്തിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്കും തൃശ്ശൂർ ജില്ലയിലെ വെണ്ണൂർ സർവ്വീസ് സഹകരണ ബാങ്കും സുവർണ്ണം സ്റ്റോർ എന്ന പേരിൽ പച്ചക്കറി വിപണനശാല നടത്തിവരുന്നു.

(ബി) സുവർണ്ണം സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 36/2015-ാം നമ്പർ സർക്കുലർ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനെക്കുറിച്ച് ആലോചിക്കുന്നതിനായി 23-7-2015-ൽ സഹകാരികളുടെ അഭിപ്രായം ആരായുന്നതിനായി ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. സുവർണ്ണം പദ്ധതിയുടെ നടത്തിപ്പിനായി രണ്ടുകോടി രൂപ അനുവദിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(സി) പ്രാദേശികമായി ലഭിക്കുന്ന ചുവടെ പരാമർശിക്കുന്നതുൾപ്പെടെയുള്ള എല്ലാത്തരം പച്ചക്കറികളും ഉൽപ്പന്നങ്ങളും വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നു.

1. വിഷരഹിതമായ കേരളത്തിന്റെ പരമ്പരാഗത കാർഷിക/ ഭക്ഷ്യോൽപ്പന്നങ്ങൾ
2. നാടൻ നേന്ത്രപ്പഴം
3. ചെറുപഴം

4. നാടൻ മാമ്പഴം (വൈക്കോലിൽ പഴുപ്പിച്ചെടുത്തത്)
5. ചക്ക/ചക്ക ഉൽപ്പന്നങ്ങൾ
6. മരച്ചീനി, കൂവ, ചേന, ചേമ്പ്, കാച്ചിൽ, ഇടിച്ചക്ക, മുരിങ്ങയില, കൂർക്ക, വാഴക്കുമ്പ്, ഉള്ളിത്തണ്ട്, നെല്ലിക്ക, അമ്പഴങ്ങ, വാളൻപുളി, കുടമ്പുളി, സീതപ്പഴം, മുള്ളൻചക്ക, പനംചക്കര, കരുപ്പട്ടി
7. നാടൻ കോഴിമുട്ട, താറാവ് മുട്ട, കാടമുട്ട
8. വെളിച്ചെണ്ണ, നല്ലെണ്ണ, കടലയെണ്ണ
9. വിവിധയിനം നാടൻ അരി, നെല്ല് മുതലായവ
10. സംഘത്തിന്റെ സ്വയം സഹായ ഗ്രൂപ്പുകൾ/കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന വിവിധതരം മുറുക്കുകൾ, ചിപ്സ്, അച്ചാറുകൾ മുതലായവ
11. സ്വയംസഹായ ഗ്രൂപ്പുകൾ/കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, അരിപ്പൊടി, അവിൽ മുതലായവ
12. കൃഷി വകുപ്പിന്റെ വിവിധ ഫാമുകളിൽനിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന വിവിധയിനം സോസുകൾ, അച്ചാറുകൾ അനുബന്ധ ഉൽപ്പന്നങ്ങൾ മുതലായവ
13. പൊതുവായി ഉപയോഗിക്കുന്ന ആയുർവേദ സാധനങ്ങൾ, ദാഹശമിനി, സാമ്പ്രാണി മുതലായവ
14. വിഷരഹിത പച്ചക്കറി കൃഷിക്ക് ആവശ്യമായ വിത്തും വളവും
15. അനുബന്ധ ഉൽപ്പന്നങ്ങളും സാധന സാമഗ്രികളും
16. ഗ്രോ ബാഗ്
17. ജൈവകീടനാശിനികൾ
18. പമ്പ് സെറ്റ് ഉൾപ്പെടെയുള്ള ജലസേചനോപാധികൾ
19. വിവിധതരം കാർഷികോപകരണങ്ങൾ (കാട് വെട്ട് യന്ത്രം, തെങ്ങ് കയറുന്നതിനുള്ള യന്ത്രം തുടങ്ങിയ എല്ലാ ഉപകരണങ്ങളും)
20. മറ്റു പ്രാദേശികമായി ലഭിക്കുന്ന ഉൽപ്പന്നങ്ങൾ
21. നീര

**വാടകയ്ക്കെടുത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ**

144 (5605) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 2012 മുതൽ പുതിയ ശാഖകൾക്കും നിലവിലുള്ള ശാഖകൾ പുതിയ ഓഫീസിലേക്ക് മാറ്റുന്നതിനുമായി വാടകയ്ക്കെടുത്ത പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, വിസ്തീർണ്ണം, പ്രതിമാസ വാടക, പലിശ രഹിത വാടക, അഡ്വാൻസ്, കരാർ കാലാവധി എന്നിവ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാമോ;

(ബി) 1-1-2012-ന ശേഷം ശാഖാ കെട്ടിടങ്ങൾക്ക് ഓരോന്നിനും പുതുക്കി നൽകിയ വാടക, കരാർ കാലാവധി, പുതുക്കുന്നതിനു മുൻപുള്ള വാടക എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) 1-1-2012 മുതൽ ഇന്നുവരെ പുതിയ ശാഖകൾ തുടങ്ങുന്നതിനും പഴയ ശാഖകൾ പുതിയ ഓഫീസിലേക്കു മാറ്റുന്നതിനും വേണ്ടി ഓരോ ശാഖകൾക്കും ചെലവഴിച്ച തുകയുടെ വിവരം പട്ടിക തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ-സി) കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 2012 മുതൽ പുതിയ ശാഖകൾക്കും നിലവിലുള്ള ശാഖകൾ പുതിയ ഓഫീസിലേക്ക് മാറ്റുന്നതിനുമായി വാടകയ്ക്കെടുത്ത പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, വിസ്തീർണ്ണം, പ്രതിമാസ വാടക, പലിശരഹിത വാടക, അഡ്വാൻസ്, കരാർ കാലാവധി, 1-1-2012-നുശേഷം ശാഖാ കെട്ടിടങ്ങൾക്ക് ഓരോന്നിനും പുതുക്കി നൽകിയ വാടക, കരാർ കാലാവധി, പുതുക്കുന്നതിനു മുമ്പുള്ള വാടക, 1-1-2012 മുതൽ ഇന്നുവരെ പുതിയ ശാഖകൾ തുടങ്ങുന്നതിനും പഴയ ശാഖകൾ പുതിയ ഓഫീസിലേക്ക് മാറ്റുന്നതിനുവേണ്ടി ഓരോ ശാഖകൾക്കും ചെലവഴിച്ച തുകയുടെ വിവരം എന്നിവ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സഹകരണ മേഖലയിൽ ടയർ നിർമ്മാണം

145 (5606) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ വിവിധ സഹകരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കായി ടയർ വാങ്ങുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് ടയർ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) റബ്കോ മാതൃകയിൽ സഹകരണമേഖലയിൽ ടയർ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ സഹകരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കായി ടയർ വാങ്ങുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 55,78,932 രൂപ ചെലവഴിച്ചു.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിഗണനയിലില്ല.

## സഹകരണ ബാങ്കിന്റെ 100 എ. ടി. എം. സെന്ററുകൾ

146 (5607) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന പശ്ചാത്തലത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ പുതിയ ശാഖകൾ ആരംഭിക്കുന്നതു തടഞ്ഞു കൊണ്ടുള്ള സർക്കാർ നിർദ്ദേശം നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 100 എ.ടി.എം. സെന്ററുകൾ തുടങ്ങുവാൻ പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയതും അതിൽ അഴിമതിയുണ്ടെന്ന പത്രവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എ.ടി.എം. കൗണ്ടറും അനുബന്ധ സൗകര്യങ്ങളും തുടങ്ങുന്നതിന് ഓരോന്നിനും എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) കേരള സഹകരണ ബാങ്ക് തുടങ്ങുന്ന പശ്ചാത്തലത്തിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ധൃതി പിടിച്ച് 100 എ.ടി.എം. സ്ഥാപിക്കുന്നത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന പശ്ചാത്തലത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ പുതിയ ശാഖകൾ ആരംഭിക്കുന്നത് തടഞ്ഞു കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 100 എ.ടി.എം. സെന്ററുകൾ തുടങ്ങുവാൻ പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയതും അതിൽ അഴിമതിയുണ്ടെന്ന പത്രവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എ. ടി. എം. കൗണ്ടറും അനുബന്ധ സൗകര്യങ്ങളും തുടങ്ങുന്നതിന് ഓരോന്നിനും ഏകദേശം 6 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

(ഡി) കേരള സഹകരണ ബാങ്ക് തുടങ്ങുന്ന പശ്ചാത്തലത്തിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ധൃതി പിടിച്ച് 100 എ.ടി.എം. സെന്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് അന്വേഷിച്ച് അപാകതകൾ ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

**പുതിയ തൊഴിലവസരങ്ങൾ**

147 (5608) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സഹകരണ - ടൂറിസം മേഖലയിൽ 5 ലക്ഷം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം തരത്തിൽ വൈദഗ്ദ്ധ്യമുള്ളവർക്കാണ് ഇപ്രകാരം തൊഴിൽ ലഭിക്കുവാൻ സാദ്ധ്യതയുള്ളത്; വിശദവിവരം നൽകുമോ;

(സി) സമയബന്ധിതമായി ഇതു നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അടുത്ത 5 വർഷക്കാലം കൊണ്ട് സഹകരണ മേഖലയിൽ ഒരു ലക്ഷവും ടൂറിസം മേഖലയിൽ നാല് ലക്ഷവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നു. സഹകരണ മേഖലയിൽ പ്രാഥമിക വായ്പാ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും ആഭിമുഖ്യത്തിലാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നത്.

പുതിയ ടൂറിസം സെന്ററുകളുടെ കണ്ടെത്തൽ, നിലവിലുള്ള ടൂറിസം സെന്ററുകളുടെ പരിഷ്കരണം, അടിസ്ഥാന സൗകര്യ വികസനം, ആധുനികവും നൂതനവുമായ സാങ്കേതിക വിദ്യയിലൂടെയുള്ള പ്രചാരണം, ദേശീയ-അന്തർദ്ദേശീയ ടൂറിസം മേളകൾ, റോഡ് ഷോകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിലൂടെ കൂടുതൽ വിദേശ ആഭ്യന്തര മാർക്കറ്റുകൾ കണ്ടെത്തൽ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കൽ എന്നിവയടക്കം സാദ്ധ്യമായ എല്ലാ മേഖലകളും പ്രയോജനപ്പെടുത്തിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് ടൂറിസം മേഖലയിൽ ടൂറിസ്റ്റുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിച്ച് അതുവഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) സഹകരണ മേഖലയിൽ വിവിധ ഉദ്ദേശ്യങ്ങളോടെ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ അതാത് സംഘങ്ങളുടെ സാങ്കേതിക ആവശ്യങ്ങൾക്കനുസൃതമായ വൈദഗ്ദ്ധ്യമുള്ളവർക്കാണ് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുള്ളത്. ടൂറിസം, ട്രാവൽ, ഹോസ്പിറ്റാലിറ്റി മേഖലകളിൽ വിദ്യാഭ്യാസ യോഗ്യതയും പരിജ്ഞാനവും ഉള്ളവർക്ക് ടൂറിസം മേഖലയിൽ തൊഴിൽ ലഭിക്കുവാൻ കൂടുതൽ സാദ്ധ്യതകളുണ്ട്. ഇതിനുപുറമേ ടാക്സി ഡ്രൈവർമാർ, കരകൗശല വസ്തുക്കളുടെ നിർമ്മാണവും വിപണനവും നടത്തുന്നവർ തുടങ്ങി ടൂറിസ്റ്റുകൾക്കാവശ്യമായ സൗകര്യങ്ങളും മറ്റും നേരിട്ടോ അല്ലാതെയോ ലഭ്യമാക്കാൻ കഴിയുന്നവർക്കെല്ലാം തൊഴിൽ സാദ്ധ്യത ഉണ്ടാകും.

(സി) സഹകരണ മേഖലയിൽ നന്നായി പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക, സേവന, ചെറുകിട വ്യവസായ മേഖലകളിലായി അനുബന്ധ യൂണിറ്റുകൾ ആരംഭിച്ച് അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ദേശീയ-അന്തർദ്ദേശീയ തലത്തിൽ പ്രചാരണങ്ങൾ സംഘടിപ്പിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാനും ഒപ്പം സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും നവമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ഉള്ള പ്രചരണവും ഉൾപ്പെടുന്നു.

## വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ

148(5609) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളായി വളർത്തിയെടുക്കുവാൻ സാധ്യതയുള്ള പ്രദേശങ്ങളെ സംബന്ധിച്ചുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഇപ്രകാരമുള്ള പ്രദേശങ്ങളുടെ വിനോദ സഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ പരിഗണനയിലുള്ളത്;

(സി) വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ഭൂമിശാസ്ത്രപരമായ വൈവിധ്യങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ സമഗ്രമായ പഠനത്തിന് മുൻകയ്യെടുക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ വിനോദ സഞ്ചാര സാധ്യതകളെ വിപുലപ്പെടുത്തുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പ്രത്യേകിച്ച് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ ഓരോ പ്രദേശത്തിന്റെയും സാദ്ധ്യതയനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പരിശോധിക്കാവുന്നതാണ്.

(ഡി) നിലവിൽ മലപ്പുറം ജില്ലയിൽ നിലമ്പൂർ മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് വകുപ്പ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മാസ്കറ്റ് ഹോട്ടൽ**

149 (5610) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.സി.-യുടെ കീഴിലുള്ള മാസ്കറ്റ് ഹോട്ടൽ ഒരു ഹെറിറ്റേജ് ഹോട്ടൽ ആയി ബ്രാൻഡ് ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് മാസ്കറ്റ് ഹോട്ടലിൽ കുടിശ്ശികയായി വൻതുക പിരിച്ചെടുക്കാനുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളും വ്യക്തികളുമാണ് ഇപ്രകാരം തുക നൽകാനുള്ളത്; ഇതിൽ സ്വകാര്യ സ്ഥാപനങ്ങളുണ്ടോ; വിശദാംശം നൽകുമോ;

(സി) മാസ്കറ്റ് ഹോട്ടലിൽ കുടിശ്ശികയായി പിരിച്ചെടുക്കാനുള്ള പ്രസ്തുത തുക സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹെറിറ്റേജ് ഹോട്ടലായി പരിഗണിക്കപ്പെടണമെങ്കിൽ പ്രസ്തുത ഹോട്ടലിന്റെ തറ വിസ്തീർണ്ണത്തിന്റെ 50 ശതമാനമെങ്കിലും 1950-നുമുൻപ് നിർമ്മിക്കപ്പെട്ടവയായി തെളിയിക്കാൻ കഴിയണം. മാസ്കറ്റ് ഹോട്ടൽ 1950-നു മുൻപ് നിർമ്മിക്കപ്പെട്ടതിനാൽ ഹെറിറ്റേജ് ഹോട്ടലായി ബ്രാൻഡ് ചെയ്യുന്നതിനും ഫൈവ് സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ലഭ്യമാക്കുന്നതിനുമായുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 7-10-2016 വരെ സ്വകാര്യ വ്യക്തികൾ, ട്രാവൽ ഏജന്റുമാർ തുടങ്ങിയവരിൽനിന്നും കിട്ടാനുള്ളതുൾപ്പെടെ 1,96,37,623 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ സ്വകാര്യ വ്യക്തികൾ, ട്രാവൽ ഏജന്റ് തുടങ്ങിയവരിൽ നിന്നും 55,27,800 രൂപ കിട്ടാനുണ്ട്.

(സി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

**മംഗലം ഡാം വിനോദസഞ്ചാര പദ്ധതി**

150 (5611) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലം ഡാം വിനോദസഞ്ചാര പദ്ധതി നവീകരണ പ്രവർത്തനങ്ങൾ ഭാഗികമായി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാടുപിടിച്ച് വൃത്തിഹീനമായി കിടക്കുന്ന പ്രസ്തുത പദ്ധതിയുടെ പരിചരണത്തിന്റെ പേരിൽ താൽക്കാലികമായി നിയമിക്കപ്പെട്ട വാച്ചർമാരുടെ എണ്ണം എത്ര; ഇവരുടെ നിയമനം നടത്തിയത് ആരാണ് എന്ന് വ്യക്തമാക്കുമോ;

(സി) സാമൂഹ്യവിരുദ്ധരുടെ താവളമായി പ്രസ്തുത കേന്ദ്രം മാറുന്നതിന് കാരണക്കാരായി താൽക്കാലിക നിയമനം ലഭിച്ച വാച്ചർമാരിൽ പലരും പ്രവർത്തിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വാച്ചർമാരെ ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മംഗലം ഡാം പ്രദേശം ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള മേഖലയിലാണ്. മംഗലം ഡാം ടൂറിസം പദ്ധതിക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായത്തോടെ 2007-08 സാമ്പത്തിക വർഷം അനുവദിച്ച് കിട്ടിയ 3,72,19,000 (മൂന്നുകോടി എഴുപത്തിരണ്ട് ലക്ഷത്തി പത്തൊൻപതിനായിരം രൂപ മാത്രം) രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ച് സഞ്ചാരികൾക്കായി തുറന്ന് നൽകിയിട്ടുണ്ട്.

(ബി) മലമ്പുഴ ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 10 വാച്ചർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. താൽക്കാലിക വാച്ചർമാരുടെ പ്രവർത്തനം സംബന്ധിച്ച് പരാതി ലഭിച്ചാൽ ആയത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സാഹസിക ടൂറിസം**

151 (5612) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വയനാട്ടിലെ കർലാട് ലേക്ക് ടൂറിസം വികസനത്തിന് എന്തെങ്കിലും പദ്ധതി അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സാഹസിക ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പ്രദേശത്തിന്റെ സ്വാഭാവികതയനുസരിച്ചുള്ള പദ്ധതികൾക്കാണ് പ്രാമുഖ്യം നൽകുന്നത്. ഇതിനായി രൂപരേഖ തയ്യാറാക്കുന്നതിന് പദ്ധതിയുണ്ട്. കേരളത്തിലെ വിനോദസഞ്ചാര മേഖലകളിൽ സ്ഥലലഭ്യതയനുസരിച്ച് അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്ന കാര്യം പരിശോധനയിലാണ്. ഇതിനുപുറമേ ജലാശയങ്ങളോടനുബന്ധിച്ചും സാഹസിക വിനോദ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(ബി&സി) ഉണ്ട്. കർലാട് തടാകത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 1.025 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

**ടൂറിസം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

152 (5613) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് കീഴിലുള്ള ബോർഡുകളും കോർപ്പറേഷനുകളും മറ്റ് സ്ഥാപനങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഇവയുടെ മേധാവികളായി ആരെയെല്ലാമാണ് നിയമിച്ചിരുന്നതെന്നും ഇവരുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തായിരുന്നുവെന്നും അറിയിക്കുമോ;

(സി) ഇവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് 2011-2016 വർഷക്കാലത്തേക്ക് എത്ര തുക അനുവദിച്ചു എന്ന് പ്രത്യേകമായി അറിയിക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന് കീഴിലുള്ള ബോർഡുകളും കോർപ്പറേഷനുകളും മറ്റ് സ്ഥാപനങ്ങളും താഴെപ്പറയുന്നവയാണ്:

കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ഫുഡ് ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ജി.കെ.എസ്.എഫ്., ഡി.ടി.പി.സി.-കൾ, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്, തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, ഗ്രീൻ ടൂറിസം സർക്യൂട്ട്.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ടൂറിസം പദ്ധതികൾ**

153(5614) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയത്; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏറനാട് മണ്ഡലത്തിലെ അനന്തമായ ടൂറിസം സാധ്യതകൾ മുൻനിർത്തി ചാലിയാർ പുഴയെ ഉൾപ്പെടുത്തി ഒരു സമഗ്ര ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ആഡ്യൻപാറയിൽ എക്കോ ഹബ്ബിന്റെ വികസനത്തിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പണി പൂർത്തീകരിച്ചിട്ടുണ്ട്.

2. നിലമ്പൂർ, ആഡ്യൻപാറ, ചാലിയാർപുഴ എന്നിവ ഉൾപ്പെടുന്ന നിലമ്പൂർ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടി.സി.എസ്. എന്ന സ്ഥാപനത്തെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. മലപ്പുറം കീഴുപറമ്പ് തൃക്കളയൂർ ശിവക്ഷേത്രത്തിന്റെ പിൽഗ്രിം ടൂറിസം അടിസ്ഥാന വികസനത്തിനായി 16,15,549/- (പതിനാറ് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി നാൽപ്പത്തൊൻപത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.ടി.പി.സി. മുഖാന്തരം മലപ്പുറം ജില്ലാ നിർമ്മിതികേന്ദ്രത്തെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

4. അരിക്കോട് ശ്രീ. സാളഗ്രാമ ക്ഷേത്രത്തിൽ പിൽഗ്രിം ടൂറിസം വികസനത്തിനായി 10 ലക്ഷം (<u>പത്തു</u> ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.ടി.പി.സി. മുഖാന്തരം മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

(ബി) പരിഗണനയിലുണ്ട്. ടി വിഷയം പരിശോധിച്ചു വരുന്നു.

**കൊല്ലം ജില്ലയിലെ പദ്ധതികൾ**

154 (5615) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ടൂറിസം വകുപ്പ് കൊല്ലം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ ; അവയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിരുന്നത് ആരെല്ലാമാണെന്നും, നിർമ്മാണ മേൽനോട്ട ചുമതല ആർക്കായിരുന്നുവെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മുൻസർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽ 21 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പുതിയ പദ്ധതികൾ**

155 (5616) <u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദ സഞ്ചാര മേഖലയിൽ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പുതുതായി ആവിഷ്കരിച്ച ടൂറിസം പദ്ധതികൾക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ വിനോദ സഞ്ചാരവകുപ്പിന് ഏതെങ്കിലും അവാർഡുകളോ പുരസ്കാരങ്ങളോ അംഗീകാരങ്ങളോ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) പദ്ധതി രൂപരേഖകൾ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെ പറയുന്ന അവാർഡുകൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

National Award from Ministry of Tourism :

1. Excellence in Publishing
   a. English-Kerala & Spice Route Coffee Table Book
   b. Foreign Language- The Great Back Water Brochure-German
2. Most innovative use of Information Technology
3. Responsible Tourism Project - Wayanad
4. Rural Tourism Project- Sargalaya Craft village

Other Awards :

1. PATA Gold Awards for Visit Kerala Campaign & for E-News Letter
2. Polish Tourism Film Festival Award- Kerala Responsible Tourism & Great Backwater TV Commercial
3. Lonely Planet India- Best Family Destination Award.

**ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകൾ**

156(5617) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളുണ്ട്; അവ ഏതെല്ലാമാണ് വിശദാംശം വ്യക്തമാക്കുമോ;

(സി) ഇവയുടെ വികസനത്തിനായി ഏതെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് 14 ലക്ഷം പേർ തൊഴിൽ ചെയ്യുന്നതായി കണക്കാക്കുന്നു. അടുത്ത അഞ്ച് വർഷക്കാലം കൊണ്ട് ഇവരുടെ എണ്ണം നാല് ലക്ഷമായി വർദ്ധിപ്പിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

പുതിയ ടൂറിസം സെന്ററുകളുടെ കണ്ടെത്തൽ, നിലവിലുള്ളവയുടെ പരിഷ്കരണം, അടിസ്ഥാന സൗകര്യ വികസനം, ആധുനികവും നൂതനവുമായ സാങ്കേതിക വിദ്യയുടെ പ്രചരണം, ദേശീയ-അന്തർദ്ദേശീയ ടൂറിസം മേളകൾ, റോഡ് ഷോകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിലൂടെ കൂടുതൽ വിദേശ ആഭ്യന്തര മാർക്കറ്റുകൾ കണ്ടെത്തൽ, പുതിയ സെന്ററുകളിൽ ആവശ്യമായ ഹോട്ടൽ, ആവശ്യമായ ടൂറിസം സംരംഭങ്ങൾ ആരംഭിക്കൽ എന്നിവയടക്കം സാദ്ധ്യമായ എല്ലാ മേഖലകളും പ്രയോജനപ്പെടുത്തി ടൂറിസ്റ്റുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിച്ച് അതുവഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

(ബി) തൃശ്ശൂർ ജില്ലയിൽ അഞ്ച് ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളുണ്ട്. ഗുരുവായൂർ, ചാവക്കാട്, ആതിരപ്പിള്ളി, ചാലക്കുടി, ആതിരപ്പിള്ളി സെക്ടർ എന്നിവയാണ് ഡെസ്റ്റിനേഷൻ സെന്ററുകൾ.

(സി) പുതിയ പദ്ധതികൾ പരിശോധിച്ചുവരുന്നു.

### ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ

157(5618) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അവ ഫലപ്രദമായി നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്ലാസ്റ്റിക് വിമുക്തമായ ചെറിയ ഡെസ്റ്റിനേഷനുകൾ പ്രഖ്യാപിക്കുന്നതിനും അതുവഴി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിൽ വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിതര സംഘടനകളുമായും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ചുകൊണ്ട് ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഖര, ദ്രവ മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യമിട്ടുകൊണ്ട് "ഗ്രീൻ കാർപ്പറ്റ്" എന്ന പേരിൽ നൂതന കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംഘടനകൾ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, സർക്കാരിതര സംരംഭകർ എന്നിങ്ങനെ വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെയാണ് തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്നത്. ഇവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്ന പത്തിന പരിപാടിയുടെ ആസൂത്രണം, ഏകോപനം, നടപ്പാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഓരോ ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം എന്നിവ ഉറപ്പാക്കും. ഓരോ വിഷയത്തിലും സമയബന്ധിതവും സുതാര്യവുമായ നടപടി കൈക്കൊള്ളുന്നുവെന്ന് ഉറപ്പാക്കുന്ന ഉത്തരവാദിത്വം ഡെസ്റ്റിനേഷൻ മാനേജർ നിർവ്വഹിക്കും. കൂടാതെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേഖലാ തലത്തിലും നിരീക്ഷണ സമിതി രൂപീകരിച്ചു വരുന്നു. ഇത്തരം സമിതികൾ ഓരോ സെന്ററുകളുടെ കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട നടപടികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും ഒഴിവാക്കി വിനോദസഞ്ചാര മേഖലയെ ഫലപ്രദമായി നിലനിർത്തും.

(ബി) ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുക എന്നതും പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖാന്തരം ബോധവൽക്കരണവും കുടുംബശ്രീയെ ഉൾപ്പെടുത്തി ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ചില ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിലെ ഖരമാലിന്യ സംസ്കരണം സാധ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവയുമായി ചേർന്ന് ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ആലോചിച്ചുവരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, ബോധവൽക്കരണ

പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം എന്നിവ ഇതിന്റെ ഭാഗമായി ആലോചിക്കുന്നു. മാലിന്യ നിർമ്മാർജ്ജന ലക്ഷ്യങ്ങൾക്കായി ടൂറിസം വകുപ്പ് വിവിധ ടൂറിസം കേന്ദ്രങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസനേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര മേഖലയുടെ പ്രാധാന്യവും സമഗ്ര ശുചിത്വവും ലക്ഷ്യമാക്കികൊണ്ട് താൽപര്യവുമായി വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്ഥലലഭ്യത പരിഗണിച്ച് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള സഹായ പ്രവർത്തനങ്ങളും വകുപ്പിന്റെ പരിഗണനയിലുണ്ട്. കേരള ശുചിത്വ മിഷനുമായി ചേർന്നുകൊണ്ട് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു കൊണ്ടുള്ള പദ്ധതികൾ കോവളം മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽനിന്ന് പുറംതള്ളുന്ന ദ്രവ-മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ആലപ്പുഴ, കുമരകം എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

## കൊച്ചി- മുസിരസ് ബിനാലെ

158(5619) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മുസിരിസ് ബിനാലെയുടെ നടത്തിപ്പിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ബിനാലെയുടെ നടത്തിപ്പിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ബിനാലെയുടെ നടത്തിപ്പിനായി എത്ര രൂപ നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കൊച്ചി മുസിരിസ് ബിനാലെയുടെ നടത്തിപ്പുമായി ടൂറിസം വകുപ്പിന് നേരിട്ട് ബന്ധമില്ല. എന്നാൽ സാമ്പത്തിക സഹായം നൽകിവരുന്നു.

(സി) കൊച്ചി- മുസിരീസ് ബിനാലെക്കായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്റ്റ്

159(5620) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരിച്ച് വിനോദസഞ്ചാര മേഖലയാക്കുന്നതിന് ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി തയ്യാറാക്കിയ പ്രോജക്റ്റിന്റെ വിശദാംശങ്ങളും പകർപ്പും ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പരിഗണനയിലില്ല.

## ടൂർ പാക്കേജുകൾ

160(5621) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് മുഖേന നിലവിൽ ടൂർ പാക്കേജുകൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള ടൂർ പാക്കേജുകൾ സംഘടിപ്പിക്കാൻ ടൂറിസം വകുപ്പ് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള ടൂർ പാക്കേജുകൾ സംഘടിപ്പിക്കുവാൻ കേരള ടൂറിസം വകുപ്പിന് നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.

## ഗ്രാമീണ മേഖലയിൽ ടൂറിസം

161(5622) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ടൂറിസം മേഖലയിൽ വികസനത്തിനു വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ ടൂറിസം പ്രവർത്തനങ്ങളിൽ അതാതു പഞ്ചായത്തുകൾക്കുള്ള പ്രാതിനിധ്യം എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഗ്രാമ പഞ്ചായത്തുകൾക്ക് ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ ടൂറിസം വകുപ്പ് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായാണ് ഗ്രാമീണ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, വയനാട്, ബേക്കൽ എന്നീ പ്രദേശങ്ങളിലെ ഗ്രാമീണ ടൂറിസം മേഖലയിൽ തദ്ദേശവാസികളുടെ സഹകരണത്തോടെ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ വിനോദസഞ്ചാരികൾക്കായി നടത്തിവരുന്നു.

(ബി) ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് നടത്തിവരുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അവബോധന യോഗങ്ങൾ, കൃഷി, സൂക്ഷ്മസംരംഭ വികസനം, പരിശീലനങ്ങൾ തുടങ്ങിയവ പഞ്ചായത്തുമായി ചേർന്നാണ് നടപ്പിലാക്കിവരുന്നത്.

(സി) ഇല്ല.

**താൽക്കാലികമായും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്യുന്ന ജീവനക്കാർ**

162(5623) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡി.ടി.പി.സി.-യിൽ താൽക്കാലികമായും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പേരുവിവരവും തസ്തികയും സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ:

(ബി) താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നവർ ഓരോരുത്തരും എത്ര കാലമായി തുടർന്നുവരുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) a. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരുമില്ല

b. താൽക്കാലിക വ്യവസ്ഥയിൽ മൂന്നുപേർ ജോലി ചെയ്യുന്നുണ്ട്.

1. ശ്രീ. സുകുമാരൻ (ഡ്രൈവർ) ദിവസവേതനാടിസ്ഥാനത്തിൽ (1-2-2015 മുതൽ)

2. ശ്രീമതി രശ്മിണി (ക്ലർക്ക്)-കരാറടിസ്ഥാനത്തിൽ (2-6-2016 മുതൽ)

3. ശ്രീ. എബി കുഞ്ഞുമോൻ (കമ്പ്യൂട്ടർ അസിസ്റ്റന്റ് ട്രെയിനി) - 1 വർഷം

**തലശ്ശേരി ഹെറിറ്റേജ് പദ്ധതി**

163 (5624) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഹെറിറ്റേജ് പദ്ധതി പ്രായോഗികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് ഏത് വർഷമാണ് തുടക്കം കുറിച്ചതെന്നും ഇത് നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നതെന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എന്നാൽ പുതിയ പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല. നടപ്പിലാക്കിവരുന്നതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഈ പദ്ധതി സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർ നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2010-ലാണ് ടി പദ്ധതിക്ക് തുടക്കം കുറിച്ചത്. പദ്ധതിയിൽ ചിലത് പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ഘടകങ്ങൾ നടപ്പിലാക്കുന്നതിന് സ്ഥല ലഭ്യതക്കുറവ്, സ്ഥലം ഏറ്റെടുക്കാനുണ്ടായ കാലതാമസം എന്നിവയാണ് കാലതാമസം നേരിടുന്നതിന് കാരണമായത്.

**ഉത്തരവാദിത്വ ടൂറിസം പദ്ധതി**

164 (5625) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ ഗുണഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശവാസികളുടെ സഹകരണം ഉറപ്പാക്കി, ഉത്തരവാദിത്വ ടൂറിസത്തിന്റെ പ്രധാന്യത്തെയും ആവശ്യകതയെയും കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയെക്കുറിച്ച് ഐ.ഐ.റ്റി., മുംബൈ 2011-ൽ ഒരു പഠനം നടത്തുകയും സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ കാലാകാലങ്ങളിൽ ഓരോ ഡെസ്റ്റിനേഷനുകളിലേയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ടൂറിസം സെക്രട്ടറി/ഡയറക്ടർ തലത്തിൽ വിശദമായ അവലോകന/വിലയിരുത്തൽ യോഗങ്ങൾ ചേരുന്നുണ്ട്. ഉത്തരവാദിത്വ ടൂറിസവുമായി ബന്ധപ്പെട്ട് തദ്ദേശീയമായി ഉൽപ്പാദിപ്പിച്ച ഏകദേശം 12 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം നടത്തിയിട്ടുണ്ട്. തേക്കടി, വയനാട്, കുമരകം, കോവളം, ബേക്കൽ എന്നീ പ്രദേശങ്ങളിലെ 1510 കുടുംബങ്ങൾ ഇതിൽ ഭാഗഭാക്കുകളാണ്. ഈ പ്രദേശത്തെ തന്നെ 1146 പേർക്ക് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പരിശീലനവും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാന വ്യാപകമായി വ്യാപിപ്പിക്കുന്നതിന് "ഉത്തരവാദ ടൂറിസം മിഷൻ" രൂപീകരിക്കുന്നത് സർക്കാർ പരിഗണനയിലാണ്.

(സി) ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ തദ്ദേശവാസികളുടെ സഹകരണത്തോടെയാണ് നടത്തിവരുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഉത്തരവാദിത്വ ടൂറിസം ഡെസ്റ്റിനേഷനുകളിൽ തദ്ദേശവാസികൾക്കായി അവബോധന പരിപാടികൾ, കൃഷി, സൂക്ഷ്മസംരംഭ വികസനം, ടൂറിസ്റ്റ് എസ്കോർട്ട് തുടങ്ങിയവയിൽ പരിശീലനങ്ങൾ പഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യം മുൻനിർത്തി എല്ലാ ജില്ലകളിലും വിപുലമായ അവബോധന പരിപാടികൾ നടത്തുന്നതിന് ആലോചിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ, ടൂറിസം വ്യവസായികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തുന്ന അവബോധന പരിപാടികൾക്കാണ് ടൂറിസം വകുപ്പ് ആലോചിച്ചിട്ടുള്ളത്.

## മുനക്കൽ ബീച്ച്

165 (5626) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുസിരിസ് പൈതൃക പദ്ധതിയിൽപ്പെട്ടതും ഏകദേശം അറുപത് ഏക്കറിലേറെ വിസ്തൃതിയുള്ളതും പ്രകൃതിദത്തവും മനോഹരവുമായ മുനക്കൽ ബീച്ചിന് സർക്കാർ തലത്തിലുള്ള പ്രചരണത്തിന്റെ കുറവു പരിഹരിക്കുന്നതിനായി ഹൈവേകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും, ടൂറിസം മാപ്പിൽ ഉൾപ്പെടുത്തി വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമുള്ള എന്തെങ്കിലും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

### ഉത്തരം

മുനക്കൽ ബീച്ച് മുസിരീസ് പൈതൃക പദ്ധതിയിൽപ്പെട്ടതല്ല. എന്നാൽ പ്രകൃതിദത്തവും മനോഹരവുമായ മുനക്കൽ ബീച്ചിന് സർക്കാർ തലത്തിലുള്ള പ്രചരണത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി ഹൈവേകളിൽ സൈൻ ബോർഡ് സ്ഥാപിക്കുന്നതിനും ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

**അഡ്വഞ്ചർ ടൂറിസം പാർക്ക്**

166(5627) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിനു കീഴിലുള്ള ഏത് സ്ഥാപനം മുഖേനയാണ് വേളിയിൽ അഡ്വഞ്ചർ ടൂറിസം പാർക്ക് നിർമ്മാണം നടത്തിയതെന്നറിയിക്കുമോ;

(ബി) ഈ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കുമോ;

(സി) ഇതിലേക്കായി എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(ഡി) ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേനയാണ് വേളിയിൽ അഡ്വഞ്ചർ ടൂറിസം പാർക്ക് നിർമ്മാണം നടത്തിയത്. 12-9-2016-ൽ ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

(സി) ഇതിനായി 15,67,843 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ 12,54,274 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് വകുപ്പ് ത്വരിതാന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ തിരുവനന്തപുരത്തെ വേളിയിലും മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിലും അഡ്വഞ്ചർ പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ അന്നത്തെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കഴിവില്ലായ്മയും ടൂറിസം ഡയറക്ടറുടെ ഭാഗത്തുനിന്നും ആവശ്യമായ മേൽനോട്ടക്കുറവും കാരണം പദ്ധതി പൂർത്തീകരിക്കാനായിട്ടില്ലെന്ന് ത്വരിതാന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. ത്വരിതാന്വേഷണ റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

## അറേബ്യൻ ടൂറിസ്റ്റുകൾ

167(5628) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലത്ത് കേരളത്തിലേക്ക് ഏറ്റവും കൂടുതൽ ആകർഷിക്കപ്പെട്ടിരുന്നത് അറേബ്യൻ ടൂറിസ്റ്റുകളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോരിച്ചൊരിയുന്ന മഴ ആസ്വദിക്കാൻ കഴിഞ്ഞ വർഷം എഴുപതിനായിരത്തോളം അറേബ്യൻ ടൂറിസ്റ്റുകൾ കേരളത്തിലെത്തുകയുണ്ടായോ;

(സി) പുതിയ വിസ നിയമപ്രകാരം കേരളത്തിലേക്കുള്ള ഇവരുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ;

(ഡി) ഈ പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടൂറിസം വകുപ്പിന് ലഭ്യമായ കണക്കനുസരിച്ച് കഴിഞ്ഞ വർഷം കേരളം സന്ദർശിച്ച അറേബ്യൻ വിനോദസഞ്ചാരികളുടെ എണ്ണം 1,02,346 (ഒരു ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി നാൽപ്പത്തി ആറ്) ആണ്. ഇതിൽ മൺസൂൺ കാലത്ത് (ജൂൺ മുതൽ ഡിസംബർ വരെ) കേരളം സന്ദർശിച്ചവരുടെ എണ്ണം 74,646 (എഴുപത്തി നാലായിരത്തി അറുന്നൂറ്റി നാൽപ്പത്തി ആറ്) ആണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) പുതിയ വിസ നിയമപ്രകാരം കേരളത്തിലെത്തുന്ന അറേബ്യൻ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2015 വർഷം കേരളം സന്ദർശിച്ച അറേബ്യൻ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 3.48 ശതമാനം വർദ്ധനവ് വന്നിട്ടുണ്ട്.

(ഡി) പുതിയ വിസ നിയമം കേരളാ ടൂറിസത്തിനുണ്ടാക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകളെ സംബന്ധിച്ച് സർക്കാർ ഔദ്യോഗികമായി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല നടപടി കേന്ദ്ര സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നു.

## ടൂറിസം രംഗത്ത് സഹകരണ മേഖലയുടെ ഇടപെടൽ

168(5629) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസരംഗം വികസിപ്പിക്കുന്നതിനും അമിത ലാഭേച്ഛ പ്രവണതകൾ കുറയ്ക്കുന്നതിനും സഹകരണ മേഖലയുടെ കൂടുതൽ ഇടപെടലുകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ടൂറിസം രംഗത്തെ ചൂഷണം അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കും; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിഗണനാർഹമായ മേഖലയാണിത്. ഇതിന്റെ സാദ്ധ്യതകൾ സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) ടൂറിസം രംഗത്തെ ഏതുതരത്തിലുള്ള ചൂഷണവും അവസാനിപ്പിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഏതു തരത്തിലുള്ള നടപടികൾ ഇതിനുവേണ്ടി സ്വീകരിക്കണമെന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

## മെഡിക്കൽ ടൂറിസം

169 (5630) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മികച്ച വ്യോമയാന കണക്റ്റിവിറ്റി, താരതമ്യേന കുറഞ്ഞ ചികിത്സാ ചെലവ്, ആരോഗ്യ രംഗത്തെ ഉന്നത ചികിത്സാലയങ്ങൾ, നിപുണരായ ഡോക്ടർമാർ , മികച്ച പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫ്, കാലാവസ്ഥ എന്നീ അനുകൂല ഘടകങ്ങൾ മുതലാക്കി മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എയർപോർട്ടുകളിൽ രോഗികളെ സ്വീകരിക്കുന്നതു മുതൽ ആശുപത്രികളിലെത്തിച്ച് രോഗവിമുക്തി കൈവരിച്ച് എയർപോർട്ടുകളിൽ തിരികെയെത്തിക്കുന്നതു വരെയുള്ള ഒരു സമഗ്ര മെഡിക്കൽ ടൂറിസം പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മെഡിക്കൽ ടൂറിസത്തിനായി, ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്നുള്ള ചികിത്സാ പാക്കേജുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ ടൂറിസം വിപുലീകരിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി ആയുർവേദ യൂണിറ്റുകളുടെ ക്ലാസ്സിഫിക്കേഷൻ സമ്പ്രദായം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിവരുന്നു. ആഭ്യന്തര-വിദേശങ്ങളിൽ വകുപ്പ് നടത്തുന്ന റോഡ് ഷോകളിലും ഫെയറുകളിലും ആയുർവേദത്തിന് പ്രമുഖ സ്ഥാനം നൽകിവരുന്നു. സംസ്ഥാനത്തിന്റെ മികച്ച വ്യോമയാന കണക്ടിവിറ്റി, താരതമ്യേന കുറഞ്ഞ ചികിത്സാച്ചെലവ്, ആരോഗ്യ രംഗത്തെ ഉന്നത ചികിത്സാലയങ്ങൾ, നിപുണരായ ഡോക്ടർമാർ, മികച്ച പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫ്, കാലാവസ്ഥ എന്നീ അനുകൂല ഘടകങ്ങൾ മുതലാക്കി മെഡിക്കൽ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക നടപടികൾ കൈക്കൊള്ളുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പരിഗണിക്കാവുന്നതാണ്.

(ബി&സി) ടൂറിസം വകുപ്പ് നേരിട്ട് യാതൊരു തരത്തിലുള്ള ടൂറിസം പാക്കേജുകളും വാഗ്ദാനം ചെയ്യുന്നില്ല.

**മീൻവല്ലം ടൂറിസം പദ്ധതി**

170 (5631) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മീൻവല്ലം ടൂറിസം പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും വനം വകുപ്പിന്റേയും ഇക്കോ-ടൂറിസം വകുപ്പിന്റെയും തടസ്സവാദങ്ങൾമൂലം പ്രകൃതി രമണീയമായ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോകുന്നത് നാടിന് വലിയ നഷ്ടമായി തീരുന്നതാണെന്ന വിവരം കണക്കിലെടുത്ത് പദ്ധതി ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയുടെ നടപടിക്രമങ്ങളുടെ വസ്തുതാ വിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ടി പദ്ധതിക്ക് 23-7-2013-ലെ ജി.ഒ. (ആർ.റ്റി.) 6121/2013/ ടൂറിസം നമ്പർ ഉത്തരവുപ്രകാരം വനം വകുപ്പിന്റെ അനുമതിക്കുവിധേയമായി 2.32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) പദ്ധതി പ്രദേശം റിസർവ് വനം മേഖലയായതിനാൽ വനം വകുപ്പിൽനിന്നും ക്ലിയറൻസ്/പെർമിഷൻ ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ

കഴിഞ്ഞിട്ടില്ല. ഈ പദ്ധതി നടത്തിപ്പിനാവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിയ പുതുക്കിയ പദ്ധതി നിർദ്ദേശങ്ങൾ വനം വകുപ്പിൽനിന്നും ലഭ്യമായാൽ മാത്രമേ ഈ പദ്ധതിയുടെ തുടർനടപടികൾ കൈക്കൊള്ളുവാൻ ടൂറിസം വകുപ്പിന് കഴിയുകയുള്ളൂ.

**ഉൾനാടൻ ജലാശയങ്ങളിൽ വിനോദസഞ്ചാരം**

171(5632) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കാൻ സാധ്യതയുള്ള ഉൾനാടൻ ജലാശയങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ ലഭ്യമാണോ; ലഭ്യമെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടുകളുടെ വിശദാംശം /പകർപ്പ് ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാമാണ് ഈ മേഖലയിൽ സാധ്യത കാണുന്നത്; വ്യക്തമാക്കുമോ; പ്രസ്തുത പ്രദേശങ്ങളെ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ അടയാളപ്പെടുത്തി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉൾനാടൻ ജലാശയങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ പഠനങ്ങൾ ഒന്നും നിലവിൽ നടത്തിയിട്ടില്ല.

**ടൂറിസ്റ്റ് കേന്ദ്രങ്ങളെ ആകർഷകമാക്കാൻ പദ്ധതി**

172 (5633) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ജനകീയ പങ്കാളിത്തത്തോടെ ആകർഷകമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയനുസരിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒരുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിക്ക് ആരുടെയെല്ലാം സജീവ പങ്കാളിത്തമാണ് പ്രയോജനപ്പെടുത്തുന്നത്; വിവരിക്കുമോ;

(ഡി) പദ്ധതിയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ആകർഷകമാക്കുന്നതിനും അവയുടെ സമഗ്ര വികസനത്തിനുമായി ഗ്രീൻ കാർപ്പറ്റ് എന്ന നൂതന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെട്ട 84 ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം, നടപ്പാതകൾ, ടോയ്‌ലെറ്റ് സൗകര്യം, വഴിവിളക്കുകൾ തുടങ്ങിയ അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളാണ് നടപ്പിലാക്കുന്നത്.

(സി) ടൂറിസം സംഘടനകൾ, ടൂറിസം വ്യവസായികൾ, തദ്ദേശഭരണകൂടം, ശുചിത്വ മിഷൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾക്കായുള്ള എൻ.എസ്.എസ്., തദ്ദേശവാസികൾ തുടങ്ങി ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരേയും ഉൾക്കൊള്ളിച്ചുകൊണ്ട് ബഹുജന പങ്കാളിത്തത്തോടുകൂടിയ പ്രവർത്തനമാണ് ഇതിനായി വിഭാവനം ചെയ്യുന്നത്.

(ഡി) ഗ്രീൻ കാർപ്പറ്റ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തെരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങളിലും മികച്ച പരിശീലനം ലഭിച്ച ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം ഉറപ്പാക്കും. കാര്യക്ഷമമായ ഏകോപനത്തിലൂടെ ഓരോ കേന്ദ്രങ്ങളിലുമുള്ള പ്രശ്നങ്ങളും പോരായ്മകളും യഥാസമയം വിലയിരുത്തി സത്വര നടപടികൾ കൈക്കൊള്ളുവാൻ ഇവരെ സന്നദ്ധരാക്കുന്നു. ഈ പദ്ധതിയുടെ ഏകോപനത്തിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേഖലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചുവരുന്നു. ഇത്തരം സമിതികൾ ഓരോ സെന്ററുകളുടെയും കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട നടപടികൾ സമയബന്ധിതമായി തീർത്ത് വിനോദസഞ്ചാര മേഖലയെ ഫലപ്രദമായി നിലനിർത്തുമെന്നു പ്രതീക്ഷിക്കുന്നു.

**വിനോദസഞ്ചാര വികസനം**

173 (5634) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിന്റെ വേഗം കൂട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് തിരിച്ചറിയൽ കാർഡുകൾ, യൂണിഫോം എന്നിവ നിർബന്ധമാക്കുന്നതിന് തീരുമാനിക്കുമോ; വിശദാംശം നല്കുമോ;

(സി) വിനോദ സഞ്ചാരികൾക്ക് സഹായകമാകുന്ന തരത്തിലുള്ള വിവരങ്ങളടങ്ങുന്ന പ്രദർശന ബോർഡുകൾ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തെരഞ്ഞെടുത്ത പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയുടെ വികസനത്തിനും പദ്ധതികൾ തയ്യാറാക്കിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികളും വികസന പ്രവർത്തനങ്ങളും ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര രംഗത്ത് കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ പരിചയപ്പെടുത്തുന്നതിന് ആധുനികവും നൂതനവുമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന പ്രചരണ വിപണന പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

(ബി) ടൂറിസം വകുപ്പിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡും സർക്കാർ നിശ്ചയിച്ച വിഭാഗം ജീവനക്കാർക്ക് യൂണിഫോമും നിലവിലുണ്ട്.

(സി) നിലവിൽ ദിശാസൂചക ബോർഡുകൾ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ പാതയോരങ്ങളിലും മറ്റും സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അടങ്ങുന്ന പ്രദർശന ബോർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ആയുർവേദ ചികിത്സാ ടൂറിസം

174(5635) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിന് അന്താരാഷ്ട്ര പ്രാധാന്യം ലഭിച്ചിട്ടുള്ള കോട്ടയ്ക്കൽ പ്രദേശത്തെ ഒരു ആയുർവേദ ചികിത്സാ ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളിൽ ഈ പ്രദേശത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നുള്ള വിവരം ലഭ്യമാക്കുമോ;

(സി) തദ്ദേശീയരും വിദേശീയരുമായി ആയിരക്കണക്കിന് ആളുകൾ ആയുർവേദ ചികിത്സയ്ക്ക് എത്തുന്ന കോട്ടയ്ക്കലിനെ ഒരു അന്തർദ്ദേശീയ ടൂറിസം കേന്ദ്രമാക്കി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കാവുന്നതാണ്.

(ബി) വിവിരം ലഭിച്ചിട്ടില്ല.

(സി) പരിശോധിക്കാവുന്നതാണ്.

**വിനോദസഞ്ചാര വകുപ്പിന്റെ പ്രവൃത്തികൾ**

175 (5636) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പ് ഫണ്ട് വിനിയോഗിച്ച് 2016 ജനുവരി ഒന്നിന് ശേഷം ഇതുവരെ തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിക്കും എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) ആറ്റിങ്ങൽ കൊല്ലമ്പുഴ അമിനിറ്റീസ് സെന്റർ നവീകരിക്കുന്നതിനും ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും പ്രസ്തുത ഫയൽ ഏത് ഓഫീസിലാണെന്നും ഫയൽ നമ്പർ ഉൾപ്പെടെ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആറ്റിങ്ങൽ കൊല്ലമ്പുഴ അമിനിറ്റീസ് സെന്റർ നവീകരണം സംബന്ധിച്ച് ടൂറിസം വകുപ്പിന് അപേക്ഷ ലഭിച്ചിരുന്നില്ല. എന്നാൽ ചിൽഡ്രൻസ് പാർക്ക് നവീകരണത്തിനായി തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ആറ്റിങ്ങൽ നഗരസഭ ടൂറിസം വകുപ്പിൽ സമർപ്പിച്ചിരുന്ന അപേക്ഷയിൽ ടൂറിസം വകുപ്പിന്റെ പി 3.3443/16-ാം നമ്പർ ഫയൽ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലോത്സവത്തിനുള്ള ധനസഹായം**

176(5637) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടശ്ശാംകടവ് ജലോത്സവത്തിന് ടൂറിസം വകുപ്പിൽനിന്നും ധനസഹായത്തിനുള്ള അടിയന്തര റിപ്പോർട്ടിനായി 22-8-2016-ലെ 189/ബി2/16/ ടൂറിസം നമ്പരായി ടൂറിസം ഡയറക്ടർക്ക് നൽകിയ കത്തിന്മേൽ ഡയറക്ടർ സ്വീകരിച്ച നടപടി വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടറേറ്റിൽ ഫയൽ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ നൽകുമോ;

(സി) ഇക്കാര്യത്തിന്മേൽ ആവശ്യപ്പെട്ട റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഫയൽ അടിയന്തരമായി പരിഗണിക്കാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) മുൻവർഷം നടത്തപ്പെട്ട കണ്ടശ്ശാംകടവ് ജലോത്സവത്തിന്റെ ധനവിനിയോഗം സംബന്ധിച്ച് വിശദാംശം തുടർനടപടിക്കായി ആവശ്യപ്പെട്ടിട്ടുള്ളതായി ടൂറിസം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഫയൽ നമ്പർ. എം. 2-12022/2016

(സി) ഇല്ല. കണ്ടശ്ശാംകടവ് ജലോത്സവത്തിന്റെ നടത്തിപ്പിന് മുൻവർഷം അനുവദിച്ച ധനസഹായത്തിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ഈ വർഷം അനുവദിക്കാവുന്ന തുക സംബന്ധിച്ച നിർദ്ദേശം ടൂറിസം ഡയറക്ടർ ലഭ്യമാക്കുന്നതാണ്. ആയത് പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(ഡി) നിർദ്ദേശം നൽകുന്നതാണ്.

**ഗ്രീൻ കാർപ്പറ്റ് പദ്ധതി**

177 (5638) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ കൊല്ലം ജില്ലയിലെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി എന്തെല്ലാം കർമ്മപരിപാടികളാണ് ഈ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആശ്രാമം (അഡ്വഞ്ചർ പാർക്ക്, ചിൽഡ്രൻസ് പാർക്ക്, ആർട്ട് കഫേ), പാലരുവി, തെന്മല, ക്ലാപ്പന, കൊല്ലം ബീച്ച്.

(ബി) തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങളാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.

2. നിലവാരമുള്ള പൊതു ശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും.

3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും ലഭ്യമാക്കുക.

4. സുഗമമായ സഞ്ചാരത്തിനുള്ള നടപ്പാതകൾ, ലൈറ്റിംഗ്, സൂചക ബോർഡുകൾ സ്ഥാപിക്കുക

5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ

6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം

7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം

8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം, തിരിച്ചറിയൽ കാർഡ്.

9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം.

10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുക എന്നതിനാണ് ഈ പദ്ധതിയിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഇതിനുപുറമേ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങളും സാദ്ധ്യമായ മേഖലകളിൽ ഏർപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 5479-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അടിയന്തരപ്രമേയം

### കളക്ടറേറ്റിലുണ്ടായ സ്ഫോടനം

മി. സ്പീക്കർ: ഇന്നലെ മലപ്പുറം കളക്ടറേറ്റിലുണ്ടായ സ്ഫോടനംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സുരക്ഷാ ഭീഷണി കണക്കിലെടുത്ത് അടിയന്തരമായി ഇത്തരം സംഭവങ്ങൾ തടയാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ പി. ഉബൈദുള്ള, പി. ടി. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, മലപ്പുറം ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസറുടെ ഉപയോഗത്തിനായി വാടകയ്ക്കെടുത്ത് ഉപയോഗിച്ചു വരുന്ന കാർ മലപ്പുറം സിവിൽസ്റ്റേഷൻ വളപ്പിൽ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിക്ക് സമീപം പാർക്ക് ചെയ്തിരുന്നു. 1-11-2016-ന് ഉച്ചയ്ക്ക് ഒരു മണിയോടെ കാറിന്റെ പിൻവശത്ത് സ്ഫോടനമുണ്ടാകുകയും സ്ഫോടനത്തിൽ കാറിന്റെ പിൻവശത്തെ ബമ്പറും മുൻ വശത്തെ ഗ്ലാസ്സും പൊട്ടുകയും പുറകുവശത്തെ ഇരുമ്പു പാർട്സ് വളഞ്ഞു പോവുകയും ചെയ്തു. മെഡിക്കൽ ഓഫീസറും കാറിന്റെ ഡ്രൈവറും സ്ഫോടനം നടക്കുമ്പോൾ ഓഫീസിലായിരുന്നു. സ്ഫോടനം നടന്ന കാറിന് സമീപം നിർത്തിയിട്ടിരുന്ന മറ്റൊരു ഡോക്ടറുടെ കാറിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. സംഭവം നടന്നയുടൻ പോലീസ്, ഫയർഫോഴ്സ്, ബോംബ് സ്ക്വാഡ്, ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ (FSL) സയന്റിഫിക് വിദഗ്ദ്ധർ, ഡോഗ് സ്ക്വാഡ് തുടങ്ങിയവർ സ്ഥല പരിശോധന നടത്തി. സ്ഫോടനം നടന്ന കാറിനരികിൽ നിന്നും 'ദ ബേസ് മൂവ്മെന്റ്' എന്ന് പ്രിന്റ് ചെയ്ത് ഒട്ടിച്ച കാർഡ് ബോർഡ് പെട്ടി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പെട്ടി ബോംബ് സ്ക്വാഡ് തുറന്ന് പരിശോധിച്ചപ്പോൾ ഒരു പെൻ ഡ്രൈവും ചില നോട്ടീസുകളും കാണുകയുണ്ടായി. സംഭവസ്ഥലത്തുനിന്ന് ലഭിച്ച മേൽപ്പറഞ്ഞ വസ്തുക്കളും സാമ്പിളുകളും ശേഖരിച്ച് സ്ഫോടകവസ്തു നിയമം 3 (A) വകുപ്പുപ്രകാരം ക്രൈം നമ്പർ. 693/2016 ആയി മലപ്പുറം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മലപ്പുറം നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. ശ്രീ. പി. ടി. ബാലന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തെ കേസിന്റെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യം സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക അടിയന്തര സാഹചര്യമൊന്നുമില്ല.

ശ്രീ. പി. ഉബൈദുള്ള : സർ, ഇന്നലെ ഇവിടെ കേരളപ്പിറവിയുടെ 60-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് മലപ്പുറം കളക്ടറേറ്റിൽ സ്ഫോടനമുണ്ടായിയെന്ന വാർത്ത പുറത്തുവരുന്നത്. ഇത് മലപ്പുറത്തെയും പരിസരത്തെയും ജനങ്ങളിൽ വലിയ ഭീതിയും ആശങ്കയും ഉണ്ടാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസറുടെ വാടക കാറിനടുത്താണ് സ്ഫോടനവസ്തു കൊണ്ടുവന്ന് വച്ചതെന്നാണ് അറിയാൻ കഴിഞ്ഞത്. സ്ഫോടനത്തിൽ കാറിന് മാത്രമേ കേടുപാട് സംഭവിച്ചിട്ടുള്ളൂവെന്ന് വിശദീകരണത്തിൽ പറഞ്ഞു. ഏതായാലും ജനങ്ങളുടെ ജീവന് അപകടം സംഭവിക്കാതിരുന്നത് ആ സമയത്ത്, കാർ നിർത്തിയിട്ട സ്ഥലത്ത് ജനങ്ങളൊന്നുമില്ലാത്തതു കൊണ്ടാണ്. വളരെ ഗുരുതരമായ സംഭവമായി ഇതിനെ കാണേണ്ടതുണ്ട്. സംസ്ഥാനത്ത് മറ്റ് പല ഭാഗങ്ങളിലും വിവിധ പ്രശ്നങ്ങളുണ്ടാകുമ്പോഴും എന്നും സമാധാനാന്തരീക്ഷം നിലനിന്നിരുന്ന പ്രദേശമാണ് മലപ്പുറം. ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ളവർക്ക് ഇക്കാര്യം അറിയാവുന്നതാണ്. എക്കാലത്തും സമാധാനം നിലനിന്നിരുന്ന മലപ്പുറത്തെ സമാധാനാന്തരീക്ഷം തകർക്കാനുള്ള ആസൂത്രിതമായ നീക്കമാണോ ഇതിന് പിന്നിലെന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. കേരള പോലീസിന് സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, ഡിസ്ട്രിക്ട് സ്പെഷ്യൽ ബ്രാഞ്ച് അതിനുപുറമേ സെൻട്രൽ ഇന്റലിജൻസ് ബ്യൂറോ തുടങ്ങിയ സംവിധാനങ്ങളൊക്കെയുണ്ടായിട്ടും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ മലപ്പുറത്ത് സ്ഫോടനമുണ്ടായപ്പോഴാണ് കൊല്ലത്ത് സമാനമായ സംഭവമുണ്ടായിരുന്നുവെന്ന് ചർച്ച ചെയ്യുന്നത്. അങ്ങനെ ഓരോ സംഭവങ്ങൾ ആവർത്തിക്കുമ്പോൾ കഴിഞ്ഞ സംഭവങ്ങൾ ചർച്ച ചെയ്യുന്നതിനുപകരം തീവ്രവാദ പ്രവർത്തനങ്ങൾ മുളയിലേ നുള്ളിക്കളയാൻ നമുക്ക് സാദ്ധ്യമായിരുന്നുവെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുമായിരുന്നില്ല. കൊല്ലത്ത് ഒരു സംഭവമുണ്ടായപ്പോൾ അതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി ഉത്തരവാദികളായവരെ പുറത്തുകൊണ്ടുവരാനോ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനോ നമുക്ക് സാധിച്ചില്ല. ഇനി കുറച്ച് കഴിഞ്ഞ് മറ്റെവിടെയെങ്കിലും സ്ഫോടനമുണ്ടാകുമ്പോൾ കൊല്ലത്തും മലപ്പുറത്തും മുമ്പ് സ്ഫോടനമുണ്ടായിട്ടുണ്ടെന്ന് പറഞ്ഞതുകൊണ്ടു മാത്രം കാര്യമില്ല. ഇത് തീർത്തും ഒഴിവാക്കാനുള്ള ശ്രമം അടിയന്തരമായി നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്.

പോലീസിനെ നിഷ്പക്ഷമായും സ്വതന്ത്രമായും പ്രവർത്തിക്കാൻ അനുവദിച്ച് ഉത്തരവാദികളായവരെ എത്രയും പെട്ടെന്ന് പിടികൂടാനുള്ള നടപടിയുണ്ടാകണം. മലപ്പുറത്തിന് ഒരു ചരിത്രമുണ്ട്. 1992 ഡിസംബർ 6-ന് ബാബ്റി മസ്ജിദ് തകർക്കപ്പെട്ടു. ബാബ്റി മസ്ജിദിന്റെ തകർച്ചയ്ക്കുശേഷം രാജ്യവ്യാപകമായി പലയിടത്തും വർഗ്ഗീയ സംഘട്ടനങ്ങളും പ്രശ്നങ്ങളുമുണ്ടായി. അന്നൊക്കെ ഒരു പ്രശ്നവുമില്ലാതെ സമാധാനാന്തരീക്ഷം നിലനിന്നിരുന്ന പ്രദേശമാണ് മലപ്പുറം. ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷമുള്ള പ്രദേശമായിട്ടുപോലും സമാധാനാന്തരീക്ഷം നിലനിർത്താൻ മലപ്പുറത്തിന് കഴിഞ്ഞത് മഹാനായ ശിഹാബ് തങ്ങളെപ്പോലെയുള്ള നേതാക്കന്മാരുടെ സാന്നിദ്ധ്യം കാരണമായിരുന്നുവെന്നത് എല്ലാവരും അംഗീകരിച്ചിട്ടുള്ള യാഥാർത്ഥ്യമാണ്. അതാണ് മലപ്പുറത്തിന്റെ പാരമ്പര്യം. അതിനുശേഷം 1993-ൽ താനൂരിൽ ശോഭയാത്ര നടക്കുന്നതിനിടയിൽ ബോംബ് പൊട്ടിയ സംഭവമുണ്ടായി. അന്വേഷണത്തിൽ ഒരു ആർ.എസ്.എസ്.-കാരന്റെ കയ്യിലിരുന്ന ബോംബാണ് പൊട്ടിയതെന്നാണ് കണ്ടെത്തിയത്. അന്ന് പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. ഉമ്മൻ കോശി പറഞ്ഞത് മലപ്പുറത്തെ ദൈവം രക്ഷിച്ചുവെന്നാണ്. ആ കാലത്താണ് ആർ.എസ്.എസ്.-നുപകരം ഐ.എസ്.എസ്. എന്ന് പറയുന്ന സംഘടന രൂപം കൊണ്ടത്. മുസ്ലീം ലീഗിന്റെ രാഷ്ട്രീയ നിലപാട് ന്യൂനപക്ഷങ്ങൾക്ക് ഗുണം ചെയ്യില്ല, ആത്മസംയമനത്തിന്റെ താരാട്ടുപാട്ടു പാടി ശിഹാബ് തങ്ങളെപ്പോലുള്ളവർ ഒരു സമുദായത്തെ ഉറക്കിക്കിടത്തുകയാണെന്ന് പറഞ്ഞ് ആർ.എസ്.എസ്.-ന് പകരം ഐ.എസ്.എസ്. എന്ന തീവ്രവാദ സംഘടന മുന്നോട്ടുവന്നു. അന്ന് ഈ നിയമസഭയിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത്, ആർ.എസ്.എസ്.-ഉം ഐ.എസ്.എസ്.-ഉം ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്നാണ്.

തീവ്രവാദത്തെയും വർഗ്ഗീയവാദത്തെയും അതിശക്തമായി എതിർക്കുന്ന നിലപാടാണ് എക്കാലത്തും ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. അങ്ങാടിപ്പുറം തളി ക്ഷേത്രത്തിന്റെ ഗോപുരവാതിൽ കത്തിയ സംഭവം ഇതിനിടയ്ക്കുണ്ടായി. ആ സംഭവം നടന്നപ്പോഴും അതിനെ മുതലെടുക്കാനും ഊതിവീർപ്പിച്ച് വലുതാക്കാനുമാണ് പല ദുഷ്ടശക്തികളും ശ്രമം നടത്തിയത്. അന്നും സമാധാനത്തിന്റെ ദൂതുമായി ഓടിയെത്തിയത് ശിഹാബ് തങ്ങളായിരുന്നു. ശിഹാബ് തങ്ങളുടെ ഇടപെടലിന്റെ ഫലമായി സമാധാനം സ്ഥാപിക്കാൻ കഴിഞ്ഞു. ആ ഗോപുരവാതിൽ

പുനഃസ്ഥാപിക്കുന്നതിനുവേണ്ട ഫണ്ട് സ്വരൂപിച്ച് നൽകിയത് ശിഹാബ് തങ്ങളുടെ നേതൃത്വത്തിലാണെന്ന കാര്യംകൂടി നമ്മളോർക്കുന്നത് നല്ലതായിരിക്കും. ഇങ്ങനെ എന്നും സമാധാനം നിലനിന്നിട്ടുള്ള പ്രദേശത്തിന്റെ സമാധാനാന്തരീക്ഷം തകർക്കാനുള്ള വളരെ ബോധപൂർവ്വമായ ശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ പറഞ്ഞത് 'ബെയ്സ് മൂവ്മെന്റ്' എന്നൊരു സംഘടനയുടെ ലഘുലേഖകൾ ലഭിച്ചുവെന്നാണ്. ഞങ്ങളൊക്കെ വർഷങ്ങളായി മലപ്പുറത്ത് ജീവിക്കുന്നവരാണ്. മലപ്പുറത്ത് ഇതുവരെ അങ്ങനെയൊരു സംഘടനയുടെ പേര് ഞങ്ങൾക്ക് കേൾക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ ഞങ്ങളാരും കാണാത്ത അടിവേര് ഏതെങ്കിലും സംഘടനകൾക്കുണ്ടെങ്കിൽ അതൊക്കെ കണ്ടെത്താനുള്ള സംവിധാനം നമുക്കില്ലേ? മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ല. കേരളം ഭീകരവാദികളുടെ താവളമായി മാറുന്നു, മലപ്പുറം ഭീകരവാദികളുടെയും തീവ്രവാദികളുടെയും താവളമായി മാറാൻ പോകുന്നുവെന്ന രീതിയിലുള്ള പ്രചാരണം വ്യാപകമായി നടത്തുന്നതിന്റെ ഭാഗമായിട്ടാണോ ഇത്തരം ശ്രമം നടന്നതെന്ന് ബലമായി സംശയിക്കുകയാണ്. മലപ്പുറം സംഭവമായതുകൊണ്ട് ഇല്ലാത്ത പൊടിപ്പും തൊങ്ങലും വച്ച് പ്രചരിപ്പിക്കാനുള്ള ശ്രമങ്ങളും ഒരു ഭാഗത്ത് നടക്കുകയാണ്. കൊല്ലത്തെ സംഭവത്തിനെക്കാളേറെ വലിയ പ്രചാരണം മലപ്പുറത്തെ സ്ഫോടനം സംബന്ധിച്ച് മീഡിയകളിൽ വന്നുകൊണ്ടിരിക്കുകയാണ്. എന്നും ശാന്തിയും സമാധാനവും നിലനിന്നിട്ടുള്ള ആ പ്രദേശത്തിന്റെ സമാധാനാന്തരീക്ഷവും സൗഹൃദാന്തരീക്ഷവും തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഇതിന് പിന്നിലെന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് അടുത്ത സംഭവം നടന്നിട്ട് ചർച്ച ചെയ്യുന്നതിനുപകരം ഈ സംഭവത്തിന് ഉത്തരവാദികളായവരെ കാലതാമസം കൂടാതെ പിടികൂടി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. അതീവ ഗുരുതരമായ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ തീവ്രവാദത്തിനെതിരെയുള്ള യോജിച്ച നീക്കം നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവരേണ്ടതായിട്ടുണ്ട്. ഇത് ഏത് തരത്തിലാണ് സംഭവിച്ചതെന്നുള്ളത് അന്വേഷണത്തിലൂടെ മാത്രം വ്യക്തത വരുത്തേണ്ട കാര്യമാണ്. 'The Base Movement' എന്ന് പ്രിന്റ് ചെയ്ത് ഒട്ടിച്ച ഒരു കാർഡ് ബോർഡ് പെട്ടി കണ്ടെത്തിയിട്ടുണ്ട്. അത് ബെയ്സ് മൂവ്മെന്റാണോ മറ്റേതെങ്കിലും വിഭാഗമാണോ എന്നുള്ളത്

അന്വേഷണത്തിലൂടെ കണ്ടെത്താനേ സാധിക്കുകയുള്ളൂ. കൊല്ലം സംഭവവുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണം നടന്നുവരികയാണ്. കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ എ.സി.പി. ശ്രീ. ജോർജ് കോശിയുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘമാണ് അന്വേഷണം നടത്തുന്നത്. ഇതുപോലെയുള്ള ഒറ്റപ്പെട്ട ചില സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നത് ഗൗരവമായിട്ടാണ് കാണുന്നത്. ഇതിന്റെ പിന്നിൽ ആരാണെന്നും ഏത് സംഘടനയാണെന്നും കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിന് ഉത്തരവാദികളായവരെ പിടികൂടാനുള്ള ഗൗരവമായ ശ്രമമാണ് പോലീസ് നടത്തുന്നത്. അവിടെനിന്നും ലഭിച്ച കാർഡ് ബോർഡ് പെട്ടിക്കകത്തുള്ള കാര്യങ്ങൾ ഏതെങ്കിലും തരത്തിലുള്ള സൂചനയാണോ തെറ്റിദ്ധരിപ്പിക്കാനാണോ എന്നുള്ള കാര്യങ്ങൾ പോലീസിന്റെ ഗൗരവമായ അന്വേഷണത്തിന് വിധേയമാക്കുകതന്നെ ചെയ്യും. നമ്മുടെ സമാധാനപരമായ അന്തരീക്ഷത്തിന് ഭംഗം വരുത്തുക രീതിയിലുള്ള സംഭവങ്ങളാണ് ഇതെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ട് ഇത്തരം സംഭവങ്ങളെക്കുറിച്ച് പോലീസ് ഗൗരവമായി അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്താനുള്ള ശ്രമം നടത്തും. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ നേരത്തെ നടന്ന സംഭവങ്ങളിൽ ഉത്തരവാദികളായവരെ കണ്ടെത്താനായിട്ടില്ല എന്നത് വസ്തുതമാണ്. കൊല്ലത്ത് മാത്രമല്ല, അതിനുമുമ്പും ഇതേരീതിയിൽ ഒന്നുരണ്ട് സംഭവങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. ഇത് അന്വേഷിച്ച് യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുക എന്നുള്ളതാണ് നമ്മുടെ മുന്നിലുള്ള മാർഗ്ഗം. ഇതിനെക്കുറിച്ച് മറ്റ് വ്യാഖ്യാനങ്ങളിലേക്ക് കടക്കുന്നത് പൊതു താൽപ്പര്യങ്ങൾക്കോ സമാധാന താൽപ്പര്യങ്ങൾക്കോ നിരക്കുന്നതല്ല. പോലീസിന്റെ അന്വേഷണം കൃത്യമായി നടക്കുകതന്നെ ചെയ്യുമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഇക്കാര്യത്തിൽ വാക്കൗട്ട് നടത്താൻ ആഗ്രഹിക്കുന്നില്ല. രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഈ സ്ഫോടനത്തിന്റെ സാഹചര്യം പരിശോധിച്ചാൽ ആളുകളെ കൊല്ലുക എന്നുള്ളതല്ല ജനങ്ങളിൽ പരിഭ്രാന്തി

പടർത്തുക എന്നതാണ് ലക്ഷ്യമെന്ന് കാണാൻ കഴിയും. 2016 ജൂൺ 15-ന് കൊല്ലം കളക്ടറേറ്റിൽ ഇതുപോലെയൊരു സംഭവമുണ്ടായി. അവിടെയും ഇതേ രീതിയിലുള്ള സ്ഫോടനമാണുണ്ടായത്. കോടതി പരിസരത്തുണ്ടായിരുന്ന ചില ആളുകൾക്ക് പരിക്കേൽക്കുകയുണ്ടായി . ഇതിന് സമാനമായ സംഭവമാണ് മലപ്പുറം കളക്ടറേറ്റിലും ഉണ്ടായത്. 2016 ജൂൺ 7-ന് ആന്ധ്രാപ്രദേശിലെ ചിറ്റൂർ കോടതി വളപ്പിലും ആഗസ്റ്റ് ഒന്നിന് മൈസൂരിലും ഇതുപോലെയുള്ള സ്ഫോടനങ്ങൾ നടന്നു. ഇവിടെയെല്ലാം ഒരേ രീതിയിലുള്ള ചെറിയ ബോംബ് സ്ഫോടനങ്ങളാണ് നടന്നിട്ടുള്ളത്. ഒരേ സ്വഭാവത്തിലുള്ള സംഭവങ്ങളാണ് അവിടെയെല്ലാം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് വളരെ ഗൗരവത്തോടെ കാണേണ്ട കാര്യമാണ്. കേരളം മത സൗഹാർദ്ദത്തിന് പേരുകേട്ട നാടാണ്. നമ്മുടെ നാട്ടിൽ ഒരു സംഘടനയും ഒരു പ്രസ്ഥാനവും തീവ്രവാദത്തെ അനുകൂലിക്കുന്നില്ലെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മതസംഘടനകളുമെല്ലാം ഇത്തരം തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരായി ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ആഴ്ചയിലാണ് മുഖ്യധാരാ മുസ്ലീം സംഘടനകളുടെ യോഗം വിളിച്ചുചേർത്ത് മതസൗഹാർദ്ദത്തിനും തീവ്രവാദത്തിനും എതിരായി ശക്തമായ നിലപാട് സ്വീകരിക്കാൻ നടപടി സ്വീകരിച്ചത്. ഇതിൽ ഏതെങ്കിലുമൊരു ജനവിഭാഗത്തെ മാത്രം കുറ്റപ്പെടുത്തുന്ന നടപടികളോട് നമുക്കാർക്കും യോജിക്കാൻ കഴിയുന്നതല്ല. ഇത് ക്രൈം ആണ്. ക്രൈമിനെ ക്രൈം ആയി നമുക്ക് കാണാൻ കഴിയണം. ചില ഛിദ്രശക്തികൾ അക്രമങ്ങൾ നടത്തുന്നതും അത് മറ്റാരുടെയെങ്കിലും തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്നതും നമ്മുടെ രാജ്യത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. ഇവിടെ ബഹുമാന്യനായ മെമ്പർ ശ്രീ. പി. ഉബൈദുള്ള ചൂണ്ടിക്കാണിച്ചതുപോലെ ബാബറി മസ്ജിദ് തകർത്ത സംഭവത്തിനുശേഷവും മലപ്പുറത്തും കേരളത്തിലും തീവ്രവാദ സംഘട്ടനങ്ങളോ പ്രശ്നങ്ങളോ ഉണ്ടാകാതിരുന്നത് മഹാനായ ശിഹാബ് തങ്ങൾ ഉൾപ്പെടെയുള്ളവരുടെ ശക്തമായ ഇടപെടലുകൾ കൊണ്ടുതന്നെയാണ്. കേരളത്തിന്റെ പ്രത്യേകതയും ബഹുസ്വരതയും നിലനിർത്തുവാനും ഇത്തരത്തിലുള്ള ഛിദ്രവാസനകൾ കാണിക്കുന്ന പ്രസ്ഥാനങ്ങളെയും വ്യക്തികളെയും ഒറ്റപ്പെടുത്താനുമുള്ള നീക്കമാണ് ഇവിടെയുണ്ടാകേണ്ടത്. രണ്ട് കാര്യങ്ങളാണ് സർക്കാരിനോട് എനിക്ക് പറയുവാനുള്ളത്. കൊല്ലം സംഭവത്തിലെ പ്രതികളെ ഇതുവരെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. കൊല്ലം സംഭവത്തിൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരെത്തന്നെ മലപ്പുറത്തും അയച്ചത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കൊല്ലത്ത് അന്വേഷിച്ച് കണ്ടുപിടിക്കാത്ത ഉദ്യോഗസ്ഥരെ

മലപ്പുറത്ത് അയച്ചിട്ട് എന്ത് കാര്യം? ഇതിന് സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് ഇതിന്റെ പിന്നിൽ ആരാണെന്ന് കണ്ടുപിടിക്കാനുള്ള നടപടികളുണ്ടാകണം. നമുക്ക് ഇന്റലിജൻസും സ്പെഷ്യൽ ബ്രാഞ്ചുമുണ്ട്. അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നുള്ളതിന്റെ വാണിംഗ് ബെല്ലായിട്ടാണ് ഇത്തരം സംഭവങ്ങളെ ഞാൻ കാണുന്നത്. ഏതായാലും കേന്ദ്ര ഏജൻസികളുമായി ബന്ധപ്പെട്ടാണ് ഇത്തരം കാര്യങ്ങളിലുള്ള അന്വേഷണം നടക്കുന്നതെന്ന് ഡി.ജി.പി. സൂചിപ്പിച്ചതായി മാധ്യമങ്ങളിൽ വായിക്കുകയുണ്ടായി. ഇത് വളരെ ഗൗരവത്തോടെ കാണണം. കേരളത്തിന്റെ സമാധാനാന്തരീക്ഷം തകർക്കാനുള്ള ഏതൊരു നീക്കത്തേയും നമുക്കൊരുമിച്ചുനിന്ന് ചെറുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഒ. രാജഗോപാൽ : സർ, ഈ സംഭവം ഒരു ക്രൈം എന്നുള്ള രീതിയിൽ മാത്രം കാണാനാണ് ശ്രമമെന്നുള്ളത് വ്യക്തമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മുമ്പ് അന്വേഷിച്ച് പരാജയപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെത്തന്നെ ഇതും ഏൽപ്പിച്ചാൽ അവർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ച് കുറേ കഴിയുമ്പോഴേക്കും അത് മാറി മറ്റൊന്നുണ്ടാകും. ഇത് വളരെ ഗൗരവമുള്ളതാണ്. സംസ്ഥാനത്ത് സമുദായ സൗഹാർദ്ദം നിലനിർത്തേണ്ടത് എല്ലാവരുടെയും ആവശ്യമാണ്. അതുറപ്പുവരുത്താൻ നമുക്കെല്ലാം താൽപ്പര്യവുമുണ്ട്. അതേയവസരത്തിൽ സമുദായ സംഘർഷമുണ്ടാക്കാൻ വേണ്ടി ബോധപൂർവ്വം പ്രകോപനം സൃഷ്ടിക്കാൻ ചില ശക്തികൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള കാര്യം നമുക്ക് വിസ്മരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ കാര്യത്തെ ലാഘവബുദ്ധിയോടെ കാണുന്നതിലും മുമ്പ് പരാജയപ്പെട്ട അതേ രീതിയിൽ മുന്നോട്ട് പോകുന്നതിലും പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) സംസ്ഥാന പാതയുടെ നിർമ്മാണം

ശ്രീ. കെ. ബാബു : സർ, നെന്മാറ നിയോജക മണ്ഡലത്തിൽ മുതലമട പഞ്ചായത്തിലെ ഒരു വാർഡ് ഉൾപ്പെടുന്ന പ്രദേശമാണ് പറമ്പിക്കുളം. അട്ടപ്പാടി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആദിവാസി സമൂഹം അധിവസിക്കുന്ന പ്രദേശമാണിത്. പറമ്പിക്കുളം-ആളിയാർ കരാറിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ടിട്ടുള്ള പത്ത് ഡാമുകളിൽ

മൂന്നെണ്ണവും പറമ്പിക്കുളത്താണ്. ഭൂമി നമ്മുടേതും ഡാമും വെള്ളവും തമിഴ്നാടിന്റെ അധികാര പരിധിയിലുമാണ്. 9-11-1958-ന്റെ മുൻകാല പ്രാബല്യത്തോടുകൂടിയാണ് 29-05-1970-ൽ പറമ്പിക്കുളം-ആളിയാർ അന്തർസംസ്ഥാന നദീജല കരാർ നിലവിൽ വന്നത്. അതിൻപ്രകാരം 30 വർഷത്തിലൊരിക്കൽ കരാർ പുതുക്കേണ്ടതാണ്. അങ്ങനെ പരിശോധിച്ചാൽ 58 വർഷമായിട്ടും നാളിതുവരെ ആ കരാർ പുതുക്കിയിട്ടില്ല. അതിന്റെ ഭാഗമായുണ്ടാകുന്ന ജല പ്രശ്നങ്ങളിൽ അപ്പപ്പോൾ ഇടപെടുന്ന രീതിയിലേക്കാണ് കാര്യങ്ങൾ വരുന്നത്. എന്നാൽ ജല പ്രശ്നത്തിനപ്പുറത്തുണ്ടാകുന്ന പ്രശ്നങ്ങളാണ് ഇപ്പോൾ തമിഴ്നാടും കേരളവും തമ്മിൽ ഉണ്ടാകുന്നത്. അതാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ സർക്കാരിന്റെ മുന്നിലേക്ക് കൊണ്ടുവരുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

പത്ത് ആദിവാസി സമൂഹങ്ങൾ അധിവസിക്കുന്ന കോളനികളും പി.എ.പി. കോളനിയും ഉൾപ്പെടെ 11 കോളനികളിലായി 600-ഓളം കുടുംബങ്ങളും 1500-ലധികം വോട്ടർമാരും അധിവസിക്കുന്നുണ്ട്. ഒരു വൈൽഡ് ലൈഫ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, നാല് റെയ്ഞ്ച് ഓഫീസുകൾ, ഒരു പോലീസ് സ്റ്റേഷൻ, ഒരു ജോയിന്റ് വാട്ടർ റെഗുലേഷൻ അതോറിറ്റി ഓഫീസ്, ഒരു പി.എച്ച്.സി., രണ്ട് യു.പി. സ്കൂളുകൾ, ആറ് അങ്കണവാടികൾ, മൂന്ന് റേഷൻ ഷോപ്പുകൾ, ഒരു ആയുർവ്വേദ ഡിസ്പെൻസറി, രണ്ട് എൽ.പി. സ്കൂളുകൾ, ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ തുടങ്ങിയവ അവിടെയുണ്ട്. ഇതിനുപുറമേ കരാർ പുതുക്കാത്തതിന്റെ ഭാഗമായി പി.എ.പി. കോളനി ഉൾപ്പെടുന്ന പ്രദേശത്ത് റേഷൻകാർഡും വോട്ടവകാശമുള്ളവരുമായ കേരളീയരായ 52 കുടുംബങ്ങളുമുണ്ട്. അതുപോലെതന്നെ അവിടെ 50-ഓളം കെട്ടിടങ്ങൾ ഇപ്പോഴും തമിഴ്നാടിന്റെ പരിധിയിൽതന്നെയാണ് നിലനിൽക്കുന്നത്. കൂടാതെ രാജ്യത്തെതന്നെ പ്രധാനപ്പെട്ട വനമേഖലയും കടുവാസങ്കേതവും പറമ്പിക്കുളത്താണ്. ഏഷ്യയിലെ ഏറ്റവും വലിയ കണ്ണിമേറ തേക്കും ഇവിടെയാണുള്ളത്. കേരളത്തിന്റെ വനസമ്പത്തിന്റെയും ജലസമ്പത്തിന്റെയും പ്രധാന കേന്ദ്രവും പറമ്പിക്കുളമാണ്. ഇപ്പോൾ അത് കടുവാസങ്കേതമായി പ്രഖ്യാപിക്കുമ്പോൾ കുറഞ്ഞത് 800 മുതൽ 1000 ചതുരശ്ര കിലോമീറ്റർ വരെ വനമേഖല ഉണ്ടാകണമെന്നാണ് പറയുന്നത്. അങ്ങനെ നോക്കിയാൽ അതിന് ആവശ്യമായ സ്ഥലം അവിടെയില്ല. അതിനർത്ഥം ചാലക്കുടി ഉൾപ്പെടെയുള്ള തൊട്ടടുത്ത മണ്ഡലംകൂടി ഇതിലേക്ക് കൂട്ടിച്ചേർക്കാനുള്ള ശ്രമവും അതിന്റെ ഭാഗമായി നടക്കുകയാണ്. ആ വനമേഖലയിലുള്ള ആദിവാസികൾക്ക് ദൈനംദിന ആവശ്യങ്ങൾക്ക് കുറഞ്ഞത് 60 കിലോമീറ്റർ തമിഴ്നാടിന്റെ അതിർത്തിയിലൂടെ കടന്നുവരണം. കഴിഞ്ഞ സെപ്റ്റംബർ 10-നാണ് അവിടത്തെ പി.എ.പി.-യുമായി ബന്ധപ്പെട്ട് തമിഴ്നാട് വാട്ടർ റിസോഴ്സ് വകുപ്പിലെ ഉദ്യോഗസ്ഥരും

നമ്മുടെ വനമേഖലയിലെ ഉദ്യോഗസ്ഥരും തമ്മിൽ ഒരു ചെറിയ പ്രശ്നം ഉടലെടുത്തത്. ഈ പ്രശ്നത്തെ തുടർന്ന് 12-ാം തീയതി അവിടത്തെ ആദിവാസി സമൂഹം വഴി തടയൽ സമരം ആരംഭിച്ചു. തുടർന്ന് ഒരാഴ്ചക്കാലം പറമ്പിക്കുളത്തേക്ക് ഒരു വാഹനത്തെയും കടത്തിവിട്ടില്ലെന്നു മാത്രമല്ല അതിർത്തി കടന്നുപോകുന്ന കേരള രജിസ്ട്രേഷനുള്ള വാഹനങ്ങൾ തടഞ്ഞുനിർത്തുന്ന വിധത്തിലേക്ക് നൂറു കണക്കിനുവരുന്ന തമിഴ്നാട്ടിലെ ജനത പ്രതിഷേധം ഉയർത്തിയപ്പോൾ പറമ്പിക്കുളം മേഖല ഒരു തുരുത്തുപോലെ ഒറ്റപ്പെട്ടുപോകുന്ന സ്ഥിതിയാണുണ്ടായത്. ആകെയുള്ള രണ്ട് ബസ് സർവ്വീസുകൾപോലും നടത്താൻ കഴിഞ്ഞില്ല. ഇത് ഇന്നോ ഇന്നലെയോ ഉണ്ടായതല്ല; നിരന്തരമായി ഉണ്ടാകുന്ന പ്രശ്നങ്ങളാണ്. ഏതെങ്കിലും തരത്തിൽ ഒരു പ്രശ്നമുണ്ടായാൽ, പറമ്പിക്കുളത്തേക്ക് എത്തിപ്പെടേണ്ട പൊള്ളാച്ചി വഴിയുള്ള വാഹനങ്ങളെല്ലാം തടയപ്പെടുകയാണ്. മുല്ലപ്പെരിയാർ പ്രശ്നമുണ്ടായപ്പോൾ ഒരു മാസത്തോളമാണ് അതുവഴിയുള്ള വാഹനങ്ങൾ തടഞ്ഞുനിർത്തിയത്. നിരന്തരം ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോഴും കേരള അതിർത്തിയിൽ കൂടിത്തന്നെ പോകാനുള്ള ഒരു വഴി നിലവിലുണ്ട്. 1905-ൽ പറമ്പിക്കുളത്തുനിന്ന് ചാലക്കുടിയിലേക്ക് 45 കിലോമീറ്റർ ട്രാം വേയുണ്ടായിരുന്നു. പറമ്പിക്കുളം-പാകപ്പള്ളം-പുത്തംപാറ-ബിയാട്രീസ്-പാടഗിരി-നെല്ലിയാമ്പതി വഴി 16 കിലോമീറ്റർ വന്നാൽ ഇപ്പോഴും അവിടെയൊരു ജീപ്പ് റോഡുണ്ട്. അതുപോലെതന്നെ പറമ്പിക്കുളം- പെരിവാരിപ്പള്ളം-തേക്കടി-പെരിയചോല-ആനമട-പുലയംപാറ-നെല്ലിയാംമ്പതി വഴി വരുന്ന ഒരു ജീപ്പ് റോഡ് ഇപ്പോഴും നിലനിൽക്കുന്നു. എന്നാൽ മുതലമട ചെമ്മണാംപതി വഴി മുടിവായി-വെള്ളക്കൽക്കെട്ട്-തേക്കടി വരെ ഒരു ബഫറിലും കോർ ഏരിയയിലും പെടാത്ത പ്രദേശമുണ്ട്. അതിലേ കടന്നുപോകാൻ തരത്തിൽ ഒരു ജീപ്പ് റോഡ് നിർമ്മിച്ചാൽ തീർച്ചയായും നമ്മുടെ അതിർത്തിപ്രദേശമായ പറമ്പിക്കുളത്തേക്ക് പോകാൻ സാധിക്കും. കേരള അതിർത്തിയിലൂടെ സഞ്ചരിക്കാവുന്ന ഗതാഗതയോഗ്യമായ ഒരു ജീപ്പ് റോഡെങ്കിലും ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് അവിടത്തെ ജനങ്ങൾ. നമ്മുടെ ആദിവാസി സമൂഹം ശേഖരിക്കുന്ന കാർഷിക-വന ഉൽപ്പന്നങ്ങൾ കൊണ്ടുവരുമ്പോൾ തമിഴ്നാട് ഫോറസ്റ്റ് ചെക്ക് പോസ്റ്റിൽ തടഞ്ഞുനിർത്തി പണം പിരിക്കുന്നു. പറമ്പിക്കുളത്തേക്ക് വരുന്ന ഓരോ യാത്രക്കാരിൽ നിന്നും തലയെണ്ണി 15 രൂപയും വാഹനത്തിന് പ്രത്യേകമായും കാശ് പിരിക്കുന്ന അവസ്ഥയാണുള്ളത്. അസുഖം ബാധിച്ച ആദിവാസികളെ കൊണ്ടുവരുമ്പോൾ അവരുടെ ഔദാര്യത്തിനായി കാത്തുകിടക്കുന്നതിന്റെ ഫലമായി നിരവധിപേർ മരണപ്പെട്ട സാഹചര്യമുണ്ടായിട്ടുണ്ട്. നമ്മുടെ വനാതിർത്തിയിലൂടെ ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്വക വാഹനങ്ങൾ ഓടുന്നുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ 9-ഓളം വാഹനങ്ങളുണ്ട്.

ബന്ദിപ്പൂർ പോലുള്ള നാഷണൽ പാർക്ക് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കടുവാ സങ്കേതമാണെങ്കിൽപ്പോലും നിയമാനുസൃതമായി ഇപ്പോൾ വാഹനഗതാഗതം നടക്കുന്നുണ്ട്. വനം വകുപ്പിന്റെ കീഴിലുള്ള വാഹനങ്ങൾ ഉപയോഗപ്പെടുത്തി വനമേഖലയിൽ അധിവസിക്കുന്ന ആദിവാസികൾക്ക് കടന്നുവരാൻ കഴിയുന്ന തരത്തിൽ റോഡ് നിർമ്മിക്കണമെന്ന അഭ്യർത്ഥനയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അവതരിപ്പിക്കുന്നത്. അതല്ലെങ്കിൽ മുല്ലപ്പെരിയാർ പ്രശ്നവും കാവേരി പ്രശ്നവുമുണ്ടായപ്പോൾ തമിഴ്നാട്ടിലെ ജനത വൈകാരികമായി കണ്ടതുപോലുള്ള അനുഭവം ഈ പ്രദേശത്തും ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുകൂടി ഓർമിപ്പിക്കുകയാണ്

10.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, പറമ്പിക്കുളം-ആളിയാർ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള നടപടികൾ കേരളം 1988-ൽത്തന്നെ ആരംഭിക്കുകയുണ്ടായി. എന്നാൽ ഇതുവരെ അത് യാഥാർത്ഥ്യമായിട്ടില്ല. കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പറമ്പിക്കുളം ഡാമിലേക്ക് എത്തിച്ചേരുവാൻ ഇപ്പോഴുള്ള വഴി തമിഴ്നാട്ടിലൂടെയാണ്. പാലക്കാട് നിന്ന് മീനാക്ഷിപുരം-ആനമല-സെത്തുമട ടോപ്പ് സ്ലിപ്പ് വഴിയാണ് പറമ്പിക്കുളത്തേക്ക് പോകുന്നത്. കേരളത്തിനകത്തുകൂടി മാത്രം സഞ്ചരിച്ച് പറമ്പിക്കുളത്ത് എത്താനുള്ള പാത പുത്തൻപാറ എസ്റ്റേറ്റുവഴിയാണ്. നിലവിൽ ഇതിലേക്കുള്ള വഴി അപകടകരമായ ഒരു ഫോറസ്റ്റ് റോഡാണ്. നെല്ലിയാമ്പതിയിലെ നൂറടി പാലം മുതലാണ് ഈ റോഡ് ആരംഭിക്കുന്നത്. കാടിനകത്തുകൂടി 28 കിലോമീറ്റർ ഈ റോഡിലൂടെ സഞ്ചരിച്ചാൽ പറമ്പിക്കുളത്തിനടുത്തുള്ള കുരിയാർകുറ്റിയിൽ എത്തിച്ചേരാം. പ്രസ്തുത സ്ഥലം പറമ്പിക്കുളം കടുവാസങ്കേതത്തിന്റെ ക്രിട്ടിക്കൽ ടൈഗർ ഹാബിറ്റാറ്റ് ഏരിയയാണ്. ഈ റോഡിന്റെ പാരിസ്ഥിതിക ആഘാതപഠനം നടത്തിയ പീച്ചി കെ.എഫ്.ആർ.ഐ. സമർപ്പിച്ച റിപ്പോർട്ടുകളിൽ ടി റോഡുനിർമ്മിക്കുന്നതിനെ ശക്തമായി എതിർക്കുകയാണ് ചെയ്തിരിക്കുന്നത്. കേരള സംസ്ഥാനത്തിനകത്തുകൂടി പറമ്പിക്കുളത്തേക്ക് റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 2015 മേയ് 6-ന് വനം വകുപ്പിലെയും ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെയും കേരള പോലീസ് സ്പെഷ്യൽ ബ്രാഞ്ചിലെയും ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധിക്കുകയുണ്ടായി. ഇതിൽ നിന്ന് മനസ്സിലാകുന്നത്, കേരളത്തിനകത്തുകൂടി മാത്രം സഞ്ചരിച്ച് പറമ്പിക്കുളത്തേക്ക് എത്താനുള്ള ഏക പോംവഴി നിലവിലെ

ഫോറസ്റ്റ് റോഡ് നന്നാക്കിയെടുക്കുക എന്നതാണ്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുവെന്നതിനാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരവുമുള്ള അനുവാദം ഇപ്രകാരം റോഡ് നിർമ്മിക്കുന്നതിനാവശ്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 24-7-2012-ലെ ഉത്തരവുപ്രകാരം നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആനമല-സെയ്ത്തുമട-ടോപ്പ് സ്ലിപ്പ് റോഡിലൂടെയുള്ള സഞ്ചാരത്തിന് 25-7-2012 മുതൽ വിനോദസഞ്ചാരികൾക്കും സ്വകാര്യ വാഹനങ്ങൾക്കും വിലക്ക് ഏർപ്പെടുത്തിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 24-11-2012-ലെ ഉത്തരവുപ്രകാരം ടി വിലക്ക് നീക്കി സന്ദർശകർക്കും വാഹനങ്ങൾക്കും തദ്ദേശവാസികൾക്കും കടന്നുപോകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിൽ ടി വഴിയിലൂടെ പറമ്പിക്കുളത്തേക്ക് പോകുന്നതിന് ഗതാഗതതടസ്സങ്ങൾ ഒന്നുമില്ലെന്നാണ് മനസ്സിലാക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ചില പ്രശ്നങ്ങൾ അവിടെയുണ്ടായി എന്നത് വസ്തുതയാണ്. ഒരാഴ്ചക്കാലം ആളുകൾക്ക് സഞ്ചാരത്തിന് പ്രയാസം അനുഭവപ്പെട്ടുവെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് വളർത്തിയെടുക്കാനല്ല; ഇല്ലാതാക്കാനാണ് നോക്കേണ്ടത്. വികാരപരമായി ഇതിനെ സമീപിച്ച് പരിഹാരം കാണാൻ നമുക്ക് കഴിയില്ല. ഇത് സംബന്ധിച്ച് എല്ലാതരത്തിലുമുള്ള ശ്രമവും സർക്കാർ നടത്തുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യും.

<u>ശ്രീ. കെ. ബാബു</u> : സർ, സെപ്റ്റംബർ 10-നുണ്ടായ പ്രശ്നത്തിൽ ഞാൻ ഇടപെട്ടതാണ്. അവിടെനിന്ന് തമിഴ്നാട് പോലീസിന്റെ വാഹനത്തിലാണ് അതിർത്തി കടത്തിവിടുന്നത്. ഇത് വൈകാരികമായി നമ്മുടെ സംസ്ഥാനത്തുള്ള ജനത ഏറ്റെടുക്കാറില്ല; എന്നാൽ തമിഴ്നാട് അങ്ങനെയല്ല. തമിഴ്നാടിന്റെ പോലീസ് വാഹനത്തിൽ വന്നുകൊണ്ടിരിക്കുന്ന സമയത്ത് നൂറുകണക്കിനാളുകളാണ് വടിയും മറ്റ് ആയുധങ്ങളുമായി റോഡരികിൽ കാത്തുനിന്നത്. ഇത് നിരന്തരമുണ്ടാകുന്ന സംഭവമാണ്. ഇവിടെ പറഞ്ഞതുപോലെ, മുതലമട പഞ്ചായത്തിന്റെ അതിർത്തിയിൽ നിന്ന് തേക്കടിയിൽ എത്താവുന്ന തരത്തിലേക്ക്, പ്രകൃതിക്കോ വനത്തിനോ വന്യമൃഗങ്ങൾക്കോ ദോഷമുണ്ടാകാത്ത രീതിയിൽ ബഫർ ഏരിയ പോലുമല്ലാത്ത സ്ഥലത്തുകൂടി ട്രക്ക് പാത്ത് ഉണ്ടാക്കുകയാണെങ്കിൽ ഇതിനൊരു പരിഹാരം കണ്ടെത്താൻ സാധിക്കും. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയും ഉന്നതതലയോഗം വിളിക്കാൻ ആവശ്യമായ നടപടികളെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. പിണറായി വിജയൻ : സർ, ഇവിടെ സഞ്ചാരം തടസ്സമില്ലാതെ നടത്തുന്നതിനാവശ്യമായ നടപടികളെല്ലാം സ്വീകരിക്കും.

## (2) മടങ്ങിവരുന്ന പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നത്. ഗൾഫ് രാജ്യങ്ങളിലൊക്കെ നടന്നുവരുന്ന സ്വദേശീവൽക്കരണം വളരെ ഗുരുതരമായ അവസ്ഥയിലേക്ക് പോകുകയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. മലയാളികളുടെയും തമിഴരുടെയും അതിജീവന യാത്രയുടെ ആദ്യഘട്ടം ആരംഭിച്ചത് മലേഷ്യ, സിംഗപ്പൂർ, ബർമ്മ, കൊളംബോ തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണ്. യഥാർത്ഥത്തിൽ ഇന്ന് കാണുന്ന സിംഗപ്പൂരും കോലാലമ്പൂരും മലേഷ്യയും കൊളംബോയും ബർമ്മയുമൊക്കെ നിർമ്മിച്ചുകൊടുത്തത് മലയാളികളും തമിഴരും കൂടിയാണ്. ഇതൊക്കെ ചരിത്രമാണ്. അതുകഴിഞ്ഞ് 1970-കളുടെ ആരംഭത്തിലാണ് ഗൾഫിലേക്കുള്ള യാത്ര തുടങ്ങുന്നത്. അതിനു ശേഷം നമ്മൾ തിരിഞ്ഞുനോക്കിയിട്ടില്ല. പ്രത്യേകിച്ച് മലയാളികളുടെ ഒരു വിജയത്തിന്റെ കഥയാണത്. ബാങ്കുകളിൽ വന്ന റെമിറ്റൻസിന്റെ കണക്ക് നോക്കുകയാണെങ്കിൽ അത് നമ്മെ അത്ഭുതപ്പെടുത്തും. 2014-ലെയും 2015-ലെയും റെമിറ്റൻസ് ഒരു ലക്ഷം കോടിക്ക് മുകളിലാണ്. അതുമാത്രമല്ല ഗൾഫ് രാജ്യങ്ങളെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിനാളുകളുടെയും അവരുടെ കുടുംബങ്ങളുടെയും കണക്ക് പരിശോധിച്ചാൽ നമ്മുടെ എക്കണോമിയിൽ ഇതിനുള്ള സ്ഥാനം എത്ര ശതമാനമാണെന്ന് മനസ്സിലാകും. സ്വദേശീവൽക്കരണം അഥവാ നിതാഖത് അഥവാ ഗൾഫ് നാഷണലൈസേഷൻ എന്ന പ്രതിഭാസം ആരംഭിച്ചുകഴിഞ്ഞു. നമ്മൾ വിചാരിക്കുന്നതിനേക്കാൾ വേഗത്തിലും ബൃഹത്തുമാണ്; അവർക്ക് അതിന്റേതായ കാരണങ്ങളുമുണ്ട്. ഓയിൽ പ്രൈസ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് എന്നെന്നേക്കുമുള്ളതല്ലെന്ന് അവർ മനസ്സിലാക്കി. അമേരിക്കൻ ഐക്യനാടുകൾപോലെയുള്ള രാജ്യങ്ങളിൽ ഇതിനുള്ള മറ്റ് സോഴ്സുകളും വേറെ തരം പെട്രോളും വരികയാണ്. അമേരിക്കൻ ഐക്യനാടുകളിലും മറ്റ് രാജ്യങ്ങളിലും ധാരാളം കരുതൽ ശേഖരമുണ്ട്. ഗൾഫിലെ ഓയിൽ പ്രൈസ് കൂടുകയില്ലെന്ന് കണ്ടെത്തിയ സാമ്പത്തിക വിദഗ്ദ്ധരുടെ അഭിപ്രായത്തിനനുസരിച്ച്, അവിടെയുള്ളവർക്ക് അവിടെത്തന്നെ തൊഴിൽ നൽകി, അവസരങ്ങൾ അവിടെയുള്ളവർക്കുതന്നെ നൽകി, അവർ നാഷണലൈസേഷന് തയ്യാറാകുകയാണ്. നമ്മൾ ഉദ്ദേശിക്കുന്നതിനേക്കാൾ വേഗത്തിൽ അവർ മുന്നോട്ടുപോകുന്നു. എന്നാൽ ഇന്ത്യാ ഗവൺമെന്റും കേരള

ഗവൺമെന്റും ഇത് അംഗീകരിക്കില്ല. ഫ്ലൈറ്റ് ചാർജ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ ചെലവും വർദ്ധിക്കുന്നു, അവിടെനിന്നുള്ള വരുമാനവും അവസരവും കുറയുന്നു, ശമ്പളം കട്ട് ചെയ്യുന്നു. നേരത്തെ സർവ്വീസ് നിയന്ത്രണങ്ങൾ കൊണ്ടുവരുന്ന പതിവ് സൗദി അറേബ്യയിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ അവർ എല്ലാ മേഖലയിലും നിയന്ത്രണം കൊണ്ടുവരുന്നു. മാത്രമല്ല യൂസർ ഫീ വരെ കൊണ്ടുവരികയാണ്. ഒരിക്കലും മുതലാകാത്ത സ്ഥിതിയുണ്ടാവുകയാണ്. അവിടെയുള്ളവർക്കു തന്നെ ജോലി നൽകുന്ന പ്രതിഭാസം എല്ലായിടത്തുമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ 5 വർഷത്തിനുള്ളിൽ കുവൈറ്റിൽ നിന്നും 20 ലക്ഷം ആളുകൾ തിരിച്ചുവരാനാണ് സാദ്ധ്യത. കേരളത്തിലെ വരൾച്ച എന്നതുപോലെതന്നെ ഗൗരവമായ വിഷയമാണിത്. മലയാളി എന്നുപറഞ്ഞാൽ അതിജീവനമാർഗ്ഗം എങ്ങനെയെങ്കിലും കണ്ടുപിടിക്കുമെന്നാണ്. ആഫ്രിക്കയിൽ അവസരമുണ്ടെന്ന് പറയുമ്പോൾ അത് probe ചെയ്യണം. ഒളിമ്പിക്സ് ഗാനത്തിൽ പറഞ്ഞതുപോലെ, 'now it is time for Africa', ആഫ്രിക്കയിൽ അവസരമുണ്ടെന്ന് പറയുന്നു. എവിടെയെങ്കിലും അവസരമുണ്ടെങ്കിൽ അത് കണ്ടുപിടിക്കുന്നതിന് സഹായിക്കുന്ന പല നടപടികളും ചൈന പോലെയുള്ള രാജ്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ മലയാളികൾക്കുവേണ്ടി കേരളം ഇനിഷ്യേറ്റീവ് എടുക്കണം. വിദേശ അവസരങ്ങൾ കണ്ടുപിടിച്ച് അഡ്വൈസ് ചെയ്യാൻ കേരള സർക്കാർ ഒരു വിൻഡോ തുറന്നിട്ടുണ്ട്. പക്ഷേ ആ വിൻഡോയിലൂടെ വലിയ യാത്രയൊന്നുമുണ്ടായിട്ടില്ല. നമ്മുടെ പതിവ് പ്രയാസങ്ങളൊക്കെ അതിനുമുണ്ടായി. ആഫ്രിക്കയിലും ആസ്ട്രേലിയയിലും ധാരാളം അവസരങ്ങളുണ്ട്. നമ്മൾ അത് കണ്ടുപിടിക്കണം.

ഒരു കാര്യംകൂടി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, ഇത് നമ്മുടെയെല്ലാവരുടേയും ശ്രദ്ധയിൽ വരേണ്ട ഒരു കാര്യമാണ്. ഗൾഫിൽ ജോലി ചെയ്യുന്ന ആളുകൾക്ക് അവിടെനിന്നും കിട്ടുന്ന വരുമാനമെത്രയാണ്? ഇവിടെ ജോലി ചെയ്യുന്നതിന് അന്യസംസ്ഥാനത്തൊഴിലാളികൾ വേണം. അവർ ഇതിലേറെ പ്രയാസം അനുഭവിക്കുന്ന സ്റ്റേറ്റുകളിൽ നിന്നാണ് ഇങ്ങോട്ടുവരുന്നത്. വളരെ മോശമായ സാഹചര്യത്തിലാണ് അവർ ഇവിടെ ജീവിക്കുന്നത്. അവർക്ക് അവസരം നൽകുന്നതിന് നിയന്ത്രണം വയ്ക്കണമെന്ന് ഒരിക്കലും ഞാൻ പറയുകയില്ല. പക്ഷേ ഇവിടെ നിന്നും വിദേശങ്ങളിലേക്ക് ജോലിക്ക് പോകുന്ന ആളുകൾ, അന്യസംസ്ഥാനത്തൊഴിലാളികൾക്ക് ഇവിടെനിന്നും ലഭിക്കുന്നതിന്റെ പകുതി ശമ്പളത്തിന് എല്ലാ ജോലികളും അവിടെ ചെയ്യും; ഇത് പരിശോധിക്കേണ്ട

കാര്യമാണ്. അന്യസംസ്ഥാനത്തൊഴിലാളികളും വേണം. അതേ അവസരത്തിൽ തൊഴിലിന് മാന്യതയുണ്ടെങ്കിൽ ഇവിടെയും ഈ ജോലികൾ എല്ലാവരും ചെയ്യും. ഇവിടെ വൈറ്റ് കോളർവൽക്കരണം വേണോ? യൂറോപ്പിലും മറ്റ് വികസിത രാജ്യങ്ങളിലുമുള്ളതുപോലെ എല്ലാ തൊഴിലും എല്ലാവർക്കും ചെയ്യാമെന്ന രീതിയിലുള്ള സാമൂഹിക ബോധവൽക്കരണം ആവശ്യമാണ്. വിദേശത്ത് പഠിക്കുന്ന നമ്മുടെ കുട്ടികൾ സൈഡ് ജോലിയായി ഹോട്ടലിൽ പണിയെടുക്കുന്നു, മറ്റെല്ലാ ജോലിയും ചെയ്യുന്നു. എന്നാൽ സ്വന്തം നാട്ടിൽ അവരത് ചെയ്യുന്നില്ല. നമ്മുടെ നാട്ടിൽ ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വന്ന ഒരു പ്രതിഭാസമാണിത്. ഇവിടെ ലഭിക്കുന്നതിന്റെ പകുതി ശമ്പളത്തിന് എല്ലാ ജോലിയും എല്ലാവരും വിദേശത്തുപോയാൽ ചെയ്യും; എന്നാൽ എല്ലാ ജോലിയും എല്ലാവരും നാട്ടിൽ ചെയ്യുകയില്ല. കണക്കുകൂട്ടി നോക്കിയാൽ ദുബായിലും മറ്റും ജോലി ചെയ്യുന്ന ഒരു സാധാരണ തൊഴിലാളിക്ക് ഒരു മാസം 15,000 രൂപയേ വരുമാനമുള്ളൂ എന്നാൽ ഇവിടെ 30,000 രൂപവരെ ലഭിക്കും, വീട്ടിൽ നിൽക്കുകയും ചെയ്യാം. എന്നാലും അവർ ഇവിടെ ആ ജോലികൾ ചെയ്യില്ല. ഇത് ചർച്ച ചെയ്യേണ്ട ഒരു വിഷയമായി മാറിയിട്ടുണ്ട്. 1970-കളിൽ ആരംഭിച്ച ഗൾഫ് ബൂം അവസാനിക്കുന്നതിന്റെ തുടക്കമാണിത്. ഞാൻ ഭയപ്പെടുത്തുകയല്ല, ഒറ്റദിവസം കൊണ്ട് അവസാനിക്കില്ല, പക്ഷേ ഏതാനും സമയം കൊണ്ട് അവസാനിക്കുമ്പോൾ വളരെ പ്രയാസങ്ങളുണ്ടാകുമെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് വളരെ ഗൗരവമായി കണ്ട് സർക്കാർ അതിനുവേണ്ട നടപടികളും പ്ലാനുകളുമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : സർ, ഗൾഫ് രാജ്യങ്ങളിൽ നടപ്പാക്കുന്ന സ്വദേശീവൽക്കരണവും അവിടങ്ങളിലെ സാമ്പത്തികമാന്ദ്യവും സൗദി അറേബ്യയിലെ നിതാഖത് നിയമവും ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് കേരളീയർക്ക് തൊഴിലും ബിസിനസ്സും നഷ്ടമായി തിരിച്ചു വരേണ്ട സാഹചര്യം സംജാതമാക്കിയിട്ടുണ്ട്. ഇതുകാരണം വിദേശനാണ്യ വരവിലുണ്ടാകുന്ന ഗണ്യമായ കുറവ് കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് കനത്ത ആഘാതമുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പച്ചപ്പിന് വിദേശ മലയാളികൾ പ്രത്യേകിച്ച് ഗൾഫിൽ ജോലി ചെയ്യുന്നവർ വലിയ പങ്കാണ് വഹിക്കുന്നത്. തിരികെയെത്തുന്ന പ്രവാസികൾക്കായി സമഗ്ര പുനരധിവാസ പദ്ധതി തയ്യാറാക്കാക്കുന്നതിനുവേണ്ട പഠനം നടത്തി റിപ്പോർട്ട് നൽകാൻ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഇ.എൻ.ഡി.പി.-യുമായും സെന്റർ ഫോർ ഡവലപ്മെന്റ്

സ്റ്റഡീസുമായും ചർച്ച നടത്തിയിട്ടുണ്ട്. അതിനോടൊപ്പം സമൂഹത്തിന്റെ വിവിധതലങ്ങളിൽ പ്രവാസികളുടെ വരുമാന വർദ്ധനവും ശോഷണവും ചെലുത്തുന്ന സ്വാധീനം കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. പ്രവാസി ക്ഷേമത്തിനായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ 28 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. കൂടാതെ പുനരധിവാസ പദ്ധതിക്കായി 12 കോടി രൂപ കൂടി അനുവദിക്കുമെന്നും ക്ഷേമനിധി ബോർഡിനായി വകയിരുത്തിയ ഒരു ലക്ഷം രൂപ 10 കോടി രൂപയായി ഉയർത്തുമെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവർക്കായി നോർക്ക ഡിപ്പാർട്ടുമെന്റ് 'പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രവാസികൾക്കും അവർ ചേർന്ന് രൂപീകരിച്ച കമ്പനിയോ ട്രസ്റ്റോ സൊസൈറ്റിയോ പോലുള്ള സ്ഥാപനങ്ങൾക്കും സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് മൂലധന പലിശ സബ്സിഡി നൽകി 20 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. കാർഷിക വ്യവസായം, കച്ചവടം, സേവനങ്ങൾ, ഉൽപ്പാദനം എന്നീ മേഖലകളിൽ ഈ പദ്ധതി മുഖാന്തരം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. നാട്ടിലെത്തി ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സഹായം നൽകുന്ന സാന്ത്വനം പദ്ധതി നിലവിലുണ്ട്. പ്രവാസികളുടെ സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക, അവർക്ക് സംരക്ഷണം നൽകുന്നതിന് പ്രത്യേക സ്കീം തയ്യാറാക്കുക, സാമ്പത്തിക സുരക്ഷ നൽകുന്ന പദ്ധതി രൂപീകരിക്കുക എന്നിവയെല്ലാം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. സംസ്ഥാനത്തെ ഏറ്റവും ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമായിട്ടുതന്നെയാണ് ഇതിനെ കാണുന്നത്. ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, കേരളാ ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് പറഞ്ഞു. സ്വദേശീവൽക്കരണം ഗൾഫിൽ മാത്രമല്ല നടക്കുന്നത്. അമേരിക്കയിലൊക്കെ ജോബ് ഔട്ട്സോഴ്സിംഗിന് നിയന്ത്രണം വരുന്നുണ്ട്. രാജ്യം നേരിടുന്ന ഏറ്റവും വലിയൊരു പ്രശ്നമാണിത്. കേരളമാണ് ഇതിന്റെ വലിയ stake എന്നുള്ള നിലയ്ക്ക് സർക്കാർ ഒരു പ്രധാനപ്പെട്ട വിഷയമായി പരിഗണിച്ച് കേന്ദ്ര ഗവൺമെന്റിന്റെയും കൂടി സഹായം തേടി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, യഥാർത്ഥത്തിൽ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നേരത്തെതന്നെ കേന്ദ്ര

ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അക്കാര്യത്തിൽ അനുകൂലമായ പ്രതികരണമല്ല കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടുള്ളത്. തുടർന്നും അതിനുവേണ്ട ശ്രമം നമുക്ക് നടത്താവുന്നതാണ്.

## IV സബ്മിഷൻ

മി. ചെയർമാൻ : ഇന്ന് രണ്ടു ബില്ലുകൾ സഭയിൽ ചർച്ചയ്ക്ക് എടുക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു മിനിട്ടുകൊണ്ട് അവതരിപ്പിക്കേണ്ടതാണ്.

### (1) സർഫാസി നിയമത്തിന്റെ ദുരുപയോഗം

ശ്രീ. എം. സ്വരാജ് : സർ, ഐക്യകേരളത്തിന് അറുപതാണ്ട് തികയുന്ന ഈ വേളയിൽ തീർത്തും അവിശ്വസനീയവും ഞെട്ടിപ്പിക്കുന്നതും അങ്ങേയറ്റം നിരാശാജനകവുമായ ഒരു വൻ തട്ടിപ്പിനെ സംബന്ധിച്ചാണ് ഞാൻ ഇവിടെ സബ്മിഷൻ അവതരിപ്പിക്കുന്നത്. ബാങ്കുകളുടെ കിട്ടാക്കടം തിരിച്ചുപിടിക്കാൻ എന്ന പേരിൽ 2002-ലാണ് വാജ്പേയി സർക്കാർ പാർലമെന്റിൽ സർഫാസി നിയമം പാസ്സാക്കിയത്. ഈ നിയമത്തിലൂടെ ഈടുവച്ച വസ്തുക്കൾ നേരിട്ട് പിടിച്ചെടുത്ത് വിൽക്കാൻ ബാങ്കുകൾക്ക് അധികാരം ലഭിച്ചിരിക്കുകയാണ്. ഈ നിയമം ദുരുപയോഗം ചെയ്തുകൊണ്ടാണ് കേരളത്തിലിപ്പോൾ തട്ടിപ്പ് നടത്തുന്നത്. എല്ലാ നിയമങ്ങളും പാവപ്പെട്ടവർക്ക് എതിരായി മാറുന്ന, നിരാശാജനകമായ കാഴ്ചയാണ് ഇവിടെ കാണുന്നത്. ഇതോടൊപ്പം നാം കാണേണ്ടത് മൂന്നു സെന്റിലും അഞ്ചു സെന്റിലുമൊക്കെയായി ജീവിക്കുന്ന പട്ടികജാതിക്കാരും അങ്ങേയറ്റം പാവപ്പെട്ടവരുമായ ആളുകൾക്ക് അത്യാവശ്യഘട്ടങ്ങളിൽ ഒരു ബാങ്കും ലോൺ നൽകാൻ തയ്യാറാകുന്നില്ല എന്നതാണ്. ബാങ്കിൽനിന്നും ലോൺ ലഭിക്കാതെ

പ്രയാസമനുഭവിക്കുന്ന ഇത്തരക്കാരെ ഒരു തട്ടിപ്പുസംഘം, ഒരു വായ്പാ മാഫിയ സംഘം സമീപിച്ച് 50,000-60,000 രൂപ വായ്പയായി നൽകുകയാണ്. ഈ സംഘത്തിൽ ബാങ്ക് മാനേജർമാരും കണ്ണികളാണ്. ഇങ്ങനെ 50,000-60,000 രൂപ വായ്പയായി നൽകി ആധാരം രജിസ്റ്റർ ചെയ്തുവാങ്ങുകയാണ്. ഇതേ ആധാരം ബാങ്കിൽ വച്ചുകൊണ്ട് 25-ഉം 50-ഉം ലക്ഷം രൂപ പ്രസ്തുത മാഫിയാ സംഘം വായ്പയായി എടുക്കുകയും ആ വായ്പ തിരിച്ചടയ്ക്കാതിരിക്കുകയും ചെയ്യുന്നു. എന്നാൽ അമ്പതിനായിരവും അറുപതിനായിരവും രൂപ വായ്പ വാങ്ങിയ പട്ടികജാതിക്കാരും പാവപ്പെവരും ആ പണം കൃത്യമായി തിരിച്ചടച്ച് കഴിയുമ്പോൾ തങ്ങളുടെ വീടും ഈ മൂന്ന് സെന്റ് സ്ഥലവും അന്യാധീനപ്പെടുന്നു, ബാങ്ക്

പിടിച്ചെടുത്ത് വിൽക്കുന്നുവെന്ന അതീവ ഗൗരവകരമായ സാഹചര്യം രൂപപ്പെട്ടുവരികയാണ്. തങ്ങൾ ജനിച്ചുവളർന്ന ഏക ആശ്രയമായ കിടപ്പാടം നഷ്ടപ്പെടുന്ന സ്ഥിതിയിൽ റോഡിലേക്കിറങ്ങേണ്ട അവസ്ഥയിലാണ് പാവപ്പെട്ട നിരവധി പട്ടികജാതി കുടുംബങ്ങൾ. എറണാകുളം ജില്ലയിലാണ് ഈ തട്ടിപ്പ് നടന്നിരിക്കുന്നത്. ഇതുസംബന്ധിച്ച 17 കേസുകൾ ഇപ്പോൾ അന്വേഷണത്തിലാണ്. കടുത്ത മാനസിക സമ്മർദ്ദത്താൽ രണ്ടുപേർ ഇതിനോടകം ആത്മഹത്യ ചെയ്തു. മാനസിക സമ്മർദ്ദങ്ങളെത്തുടർന്ന് നാല് അസ്വാഭാവിക മരണങ്ങളുമുണ്ടായി. ആത്മഹത്യയുടെയും അസ്വാഭാവിക മരണങ്ങളുടെയും ഇടയിൽപ്പെട്ട് ഏറ്റവും ദുർബ്ബലരായ ഒരു ജനത നമ്മുടെ സംസ്ഥാനത്ത് സർക്കാരിൽ പ്രതീക്ഷയർപ്പിച്ച് കഴിയുകയാണ്. ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ രൂപീകരിക്കപ്പെട്ട സമരസമിതിയുടെ പ്രവർത്തകരെ കള്ളക്കേസ്സിൽ കുടുക്കാനാണ് ഈ വായ്പാ തട്ടിപ്പ് മാഫിയാ സംഘം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അന്വേഷണം നടക്കുമ്പോഴും ഈ തട്ടിപ്പിന് നേതൃത്വം നൽകിയ ബാബു എന്നയാൾ പുതിയ തട്ടിപ്പിനുവേണ്ടിയുള്ള ഒരു ഓഫീസ് കലൂരിൽ തുറന്ന് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. മറ്റൊരു തട്ടിപ്പുകാരനായ ഇബ്രാഹിം ഈയടുത്ത സമയത്ത് ഒരു ആഡംബര കാർ വാങ്ങി; അതിലാണ് ഇപ്പോൾ യാത്ര ചെയ്തുകൊണ്ടിരിക്കുന്നത്. പട്ടികജാതിക്കാരുടെ കണ്ണുനീരിൽ, പാവപ്പെട്ട ദരിദ്ര വിഭാഗത്തിന്റെ കണ്ണുനീരിൽ ഒരു വായ്പാ മാഫിയ സംഘം സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട 17 കേസുകളും അതീവ ഗൗരവത്തോടുകൂടി അന്വേഷിക്കുന്നതിനും ഭൂമിയും കിടപ്പാടവും അന്യാധീനപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്കും ദരിദ്ര വിഭാഗക്കാർക്കും അത് തിരികെ ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണം. ഈ അന്വേഷണ സംഘത്തിൽ ആവശ്യത്തിന് കഴിവുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുകയും അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യണം. കളക്ടറുടെയോ മറ്റോ നേതൃത്വത്തിൽ ഒരു സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് തട്ടിപ്പിനിരയായിട്ടുള്ളവരെ സഹായിക്കാനും അവർക്ക് ഭൂമി തിരിച്ചുകിട്ടാനും ആവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ കാലഘട്ടത്തിൽ സംസ്ഥാനത്ത് ഇത്തരത്തിൽ ഒരു തട്ടിപ്പ് നടക്കാൻ പാടില്ല. ഇതിനെ അതീവ ഗൗരവത്തോടുകൂടി സർക്കാർ കാണണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ : ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. ടി. തോമസ് എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ് : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. സ്വരാജ് പറഞ്ഞത് നൂറുശതമാനവും ശരിയായ വസ്തുതയാണ്. തട്ടിപ്പിനിരയായവരിൽ മൂന്നുപേർ എന്റെ മണ്ഡലത്തിൽപ്പെട്ടവരാണ്. അഡ്വക്കേറ്റ് മാനവലിന്റെ നേതൃത്വത്തിൽ കഴിഞ്ഞ നൂറുദിവസത്തിലേറെയായി വല്ലാർപാടത്ത് സമരം നടന്നു കൊണ്ടിരിക്കുകയാണ്. ഞാൻ പാർലമെന്റംഗമായിരുന്നപ്പോൾ സർഫാസി നിയമത്തിന്റെ പൊരുത്തക്കേട് ഒരു സ്വകാര്യ ബിൽ അവതരിപ്പിച്ചു കൊണ്ട് ചൂണ്ടിക്കാണിച്ചതാണ്. നിർഭാഗ്യവശാൽ ആ ബിൽ സർക്കാർ അംഗീകരിച്ചില്ല. വളരെ ഗുരുതരമായ ഒരു തട്ടിപ്പാണിത്. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. തൃശ്ശൂർ പട്ടണത്തിൽ ഇതുപോലൊരു തട്ടിപ്പ് നടന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ഞാൻ അവിടെപ്പോയി അവരുമായി സംസാരിച്ചതാണ്. ഇത് വ്യാപകമായി നടക്കുന്നൊരു തട്ടിപ്പാണ്. ഇക്കാര്യത്തിൽ സർക്കാർ ഉണർന്ന് പ്രവർത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, കൊച്ചി നഗര പരിധിയിലെ മുളവുകാട് വില്ലേജിൽപ്പെട്ട പനമ്പുകാട് പ്രദേശത്ത് താമസിക്കുന്ന ദളിത്-ദരിദ്ര കുടുംബങ്ങളുടെ സാമ്പത്തിക പ്രയാസങ്ങൾ മുതലെടുത്ത് വിവിധ ബാങ്കുകളിൽ നിന്നും വസ്തു ഈട് നൽകി വായ്പ നൽകാമെന്ന് വിശ്വസിപ്പിച്ച് അവരുടെ പേരിലുള്ള വീടും സ്ഥലവും കുറെയാളുകളുടെ പേരിലേക്ക് ആധാരം നടത്തി രജിസ്റ്റർ ചെയ്തു. പ്രസ്തുത ആധാരത്തിന്റെ ഈടിന്മേൽ ബാങ്കുകളിൽ നിന്ന് വൻതുക ലോൺ എടുത്തശേഷം യഥാർത്ഥ ഉടമകൾക്ക് നിസ്സാര തുക മാത്രം നൽകി ബാക്കിത്തുക പ്രതികൾ കൈവശപ്പെടുത്തി. പ്രതികൾ കൈപ്പറ്റിയ ലോൺ തുകയുടെ പലിശയും മുതലും ബാങ്കിൽ തിരിച്ചടയ്ക്കാൻ സാധിക്കാത്തതുകൊണ്ട് പരാതിക്കാരുടെ ഭൂമി ബാങ്ക് സർഫാസി നിയമപ്രകാരം ജപ്തി ചെയ്യാൻ നടപടി സ്വീകരിച്ചു. ഇത്തരത്തിൽ കബളിപ്പിക്കപ്പെട്ടവർ വല്ലാർപാടം ദ്വീപിൽ സമരം നടത്തിവരികയാണ്. ഈ വിഷയത്തിൽ ഇതിനകം 17 കേസുകൾ രജിസ്റ്റർ ചെയ്യുകയും 11 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു. മറ്റ് കേസുകളിൽ ഊർജ്ജിതാന്വേഷണം നടത്തിവരുന്നു. കൊച്ചി സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് 10 കേസുകളുടെ അന്വേഷണം നടത്തുകയും പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. കുറ്റകൃത്യത്തിൽ പങ്കാളികളായിട്ടുള്ള ബാങ്ക് മാനേജർമാരും

പ്രതികളാണ്. അന്വേഷണം പൂർത്തിയാക്കി 5 കേസുകളുടെ കുറ്റപത്രം ബഹുമാനപ്പെട്ട കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്. ബാക്കി 5 കേസുകളുടെ അന്വേഷണം നടന്നുവരികയാണ്. സി.ബി.സി.ഐ.ഡി. ഇക്കണോമിക് ഒഫൻസസ് വിംഗ് എറണാകുളം യൂണിറ്റിൽ സർഫാസി നിയമവുമായി ബന്ധപ്പെട്ട 5 കേസുകൾ അന്വേഷിക്കുകയും കുറ്റപത്രം കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ബാങ്ക് വായ്പയിനത്തിൽ കോടിക്കണക്കിന് രൂപ തട്ടിയെടുത്തശേഷം വസ്തു ഈട് നൽകിയവർക്ക് നാമമാത്രമായ തുക നൽകി വഞ്ചിച്ചതാണെങ്കിലും ഈടു നൽകിയ സ്ഥാവര ജംഗമ വസ്തുക്കളിൽനിന്നും ബാദ്ധ്യത ഈടാക്കുന്നതിന് സർഫാസി നിയമം ബാങ്കുകൾക്ക് അനുമതി നൽകുന്നുണ്ട്. ഇവിടെ സംജാതമായ സവിശേഷ സാഹചര്യം കണക്കിലെടുത്ത് ജില്ലാ കളക്ടർ ബാങ്ക് പ്രതിനിധികളുൾപ്പെടെ ബന്ധപ്പെട്ട എല്ലാവരുമായും കൂടിയാലോചിച്ച് നിരാലംബരായ ജനങ്ങൾക്ക് ആശ്വാസം പകരുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ചൂണ്ടിക്കാണിച്ച രീതിയിൽ അന്വേഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കൂടുതൽ നടപടികൾ ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കുന്നതായിരിക്കും.

### (2) മൾട്ടിലെവൽ കാർ പാർക്കിംഗ്

ശ്രീ. അൻവർ സാദത്ത് : സർ, എന്റെ മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ് സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോയുടെ ഉദ്ഘാടനം ഉടൻതന്നെ നടക്കുമെന്നാണ് പ്രതീക്ഷ. കേരളത്തിലെ ആദ്യത്തെ മെട്രോയാണിത്. .......(ബഹളം)....

ശ്രീ. ആർ. രാജേഷ് : ഉദ്ഘാടനം കഴിഞ്ഞതല്ലേ?...(മൈക്ക് ഓഫ്)...

ശ്രീ. അൻവർ സാദത്ത് : സർ, അത് ഉദ്ഘാടനമല്ല, അത് എല്ലാ മണ്ഡലങ്ങളിലും നടക്കുന്നതാണെന്ന് അറിയില്ലേ; വെറുതെ ആവശ്യമില്ലാതെ ഓരോ കാര്യങ്ങൾ പറയരുത്. പ്രസംഗിക്കുമ്പോൾ പറഞ്ഞ കാര്യങ്ങൾതന്നെ എന്തിനാണ് വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്? അറിയില്ലെങ്കിൽ അറിയാവുന്നവരോട് ചോദിക്ക്.

മി. ചെയർമാൻ : ശ്രീ. അൻവർ സാദത്ത്, അങ്ങ് പറയൂ.

ശ്രീ. അൻവർ സാദത്ത് : സർ, അപ്പുറത്തിരിക്കുന്നവർ എന്തെങ്കിലും പറഞ്ഞ് പ്രസംഗം തടസ്സപ്പെടുത്തുകയാണ്. അത് ശരിയല്ല. കല്യാണ നിശ്ചയം വേറെ കല്യാണം വേറെ. അത് അറിയില്ലേ?

ശ്രീ. ഹൈബി ഈഡൻ : സർ, ഇപ്പുറത്തുനിന്ന് ആര് എഴുന്നേറ്റാലും അപ്പുറത്ത് നിന്ന് ഇങ്ങനെയുള്ള ഓരോ കാര്യങ്ങൾ വിളിച്ചുപറഞ്ഞു കൊണ്ടിരിക്കുകയാണ്.....(മൈക്ക് ഓഫ്)....

മി. ചെയർമാൻ : ശ്രീ. ഹൈബി ഈഡൻ.... പ്ലീസ്..... ശ്രീ. അൻവർ സാദത്ത്, അങ്ങ് ചെയറിനെ നോക്കി പറയൂ.

ശ്രീ. പി. ടി. തോമസ് : സർ, ഒരംഗം സബ്മിഷൻ അവതരിപ്പിക്കുമ്പോൾ ഇതുപോലെ ബഹളം വച്ചാൽ അത് അവതരിപ്പിക്കുന്നതിന് അങ്ങ് ആവശ്യമായ സംരക്ഷണം നൽകണം....(മൈക്ക് ഓഫ്)....

ശ്രീ. അൻവർ സാദത്ത് : സർ, ഇത് അവരുടെ വിഷയം പോലുമല്ല. എന്റെ മണ്ഡലത്തിലെ വിഷയമാണ്. കേരളത്തിലെ ആദ്യത്തെ മെട്രോ ആയതിനാൽ, മെട്രോ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ അത് കാണുന്നതിനും അതിൽ യാത്ര ചെയ്യുന്നതിനും കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഒട്ടേറെ ജനങ്ങൾ വരാൻ സാദ്ധ്യതയുണ്ട്. മെട്രോ ആരംഭിക്കുന്നത് ആലുവ ബൈപ്പാസിൽ നിന്നാണ്. അവിടെ വരുന്ന ആളുകൾക്ക് വാഹനം പാർക്ക് ചെയ്യാനുള്ള അടിസ്ഥാന സൗകര്യമില്ല. പാർക്കിംഗിനായി മെട്രോ ഏറ്റെടുത്തിരിക്കുന്ന സ്ഥലത്ത് 100-150 കാറുകൾ മാത്രമേ പാർക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരുപക്ഷേ, എറണാകുളത്തോ ദൂരസ്ഥലങ്ങളിലേക്കോ യാത്ര ചെയ്യുന്നവർ അവരുടെ വാഹനങ്ങൾ ഇവിടെ പാർക്ക് ചെയ്തു കഴിഞ്ഞാൽ പിന്നീട് വരുന്ന ഒരു വാഹനത്തിനും പാർക്ക് ചെയ്യാൻ കഴിയാത്ത വിധത്തിലുള്ള സംവിധാനമാണവിടെ ഒരുക്കിയിട്ടുള്ളത്. അതുകൊണ്ട് ആലുവയിൽ ഒരു മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം അനിവാര്യമാണ്. സ്വാഭാവികമായും ആലുവ മുനിസിപ്പാലിറ്റിക്ക് സാമ്പത്തികമായി ബുദ്ധിമുട്ടുള്ളതിനാൽ അവർക്ക് ഇനിഷ്യേറ്റീവെടുത്ത് ചെയ്യാൻ സാധിക്കില്ല. ആലുവ ടൗണിനോട് ചേർന്നാണ് എയർപോർട്ട് സ്ഥിതിചെയ്യുന്നത്. നിലവിൽ എയർപോർട്ട് പ്രവർത്തിക്കുകയും മെട്രോ ആരംഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആലുവ ടൗണിന്റെ വികസനവും ഏറ്റവും അനിവാര്യമാണ്. ആലുവ ടൗണിന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാവുന്നതാണ്. അവിടെ വളരെ കൺജസ്റ്റഡാണ്. വാഹനങ്ങൾ പോകുന്നതിനോ യാത്ര ചെയ്യുന്നതിനോ സൗകര്യമില്ല. അവിടെ ഗതാഗതക്കുരുക്ക് ഉണ്ടാവുകയാണ്. ആലുവ ടൗൺ മോടിപിടിപ്പിക്കുന്നതിനും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് റോഡുകൾ വീതി കൂട്ടുന്നതിനും നടപടി സ്വീകരിക്കണം. മെട്രോ പ്രവർത്തനം ആരംഭിക്കുമ്പോൾ സ്വാഭാവികമായും ധാരാളം ആളുകൾ വരും. അപ്പോൾ ആലുവ ടൗൺ മോശമാകാൻ പാടില്ല. ആലുവ

ടൗൺ മോടിപിടിപ്പിക്കുകയും നടപ്പാത നിർമ്മിക്കുകയും ചെയ്ത് യാത്രക്കാർക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡി.എം.ആർ.സി.-ക്കോ കെ.എം.ആർ.എൽ.-നോ ആവശ്യമായ നിർദ്ദേശം നൽകി വികസനത്തിന് സാദ്ധ്യത ഒരുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോയുടെ പ്രവേശന കവാടമെന്ന നിലയിൽ ആലുവ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ആലുവ മെട്രോ സ്റ്റേഷനിൽ 32 കാറുകൾക്കും 20 ഇരുചക്ര വാഹനങ്ങൾക്കും പാർക്ക് ചെയ്യാനുള്ള സൗകര്യം മാത്രമേയുള്ളൂ. എന്നാൽ പ്രവേശന കവാടമെന്ന നിലയിൽ ആലുവ സ്റ്റേഷൻ പരിസരത്ത് 110 സെന്റ് സ്ഥലം പാർക്കിംഗിനും വാണിജ്യ സമുച്ചയത്തിനുമായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഏറ്റെടുത്തിട്ടുണ്ട്. ആലുവ ബൈപ്പാസ് ജംഗ്ഷൻ മുതൽ പുളിഞ്ചുവട് സ്റ്റേഷൻ വരെയുള്ള മെട്രോ ഇടനാഴിയിൽ കാൽനടക്കാർക്ക് സൗകര്യം ഏർപ്പെടുത്തുന്നതിനും പാർക്കിംഗിനും സൗന്ദര്യവൽക്കരണത്തിനുമായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

### (3) പ്രസംഗങ്ങളുടെ നിയന്ത്രണം

ശ്രീ. കെ. എം. ഷാജി : സർ, സമീപകാലത്തൊന്നും ഇല്ലാത്തവിധം കേരളത്തിലെ ബഹുസ്വര സമൂഹത്തിനിടയിൽ വർഗ്ഗീയ ധ്രുവീകരണത്തിനായുള്ള പരിശ്രമങ്ങൾ വർദ്ധിക്കുകയാണ്. ഉത്തരേന്ത്യയിലും മറ്റ് കേരളേതര സംസ്ഥാനങ്ങളിലും വർഗ്ഗീയാധികാര ആധിപത്യങ്ങൾ ഒരു തരംഗം മാത്രമാണ്. അതിലും ശക്തമായ ഒരു രാഷ്ട്രീയ തരംഗം കൊണ്ട് നമുക്ക് അതിനെ മറികടക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിദ്യാസമ്പന്നമായ കേരളത്തിൽ ആഴ്ന്നിറങ്ങുന്ന വർഗ്ഗീയത ഒരു തരംഗം കൊണ്ട് മാറ്റാവുന്നതല്ലെന്ന് നാം തിരിച്ചറിയണം. സമീപകാലത്ത് മതവിദ്വേഷ പ്രസംഗങ്ങളും എഴുത്തുകളും പ്രയോഗങ്ങളും വ്യാപകമാകുകയാണ്. മുന്നിലിരുന്ന് കയ്യടിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മതഭ്രാന്തന്മാരായ അനുയായികൾക്കായി മറ്റ് മതങ്ങളെ അപമാനിക്കുവാനും അപഹസിക്കുവാനും ഇക്കൂട്ടർക്ക് യാതൊരു മടിയുമില്ല. ഓണത്തിനും പെരുന്നാളിനും ക്രിസ്തുമസ്സിനുമൊക്കെ മറ്റൊരു മതസ്ഥരും പുറത്തിറങ്ങരുതെന്ന തരത്തിൽ ഓരോ സമുദായങ്ങളെയും വാട്ടർ ടൈറ്റ് കംപാർട്ടുമെന്റുകളിൽ അടച്ചുപൂട്ടുകയാണ്. സമീപകാലത്ത് കേരളത്തിലും ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ പാനിക് പ്രത്യക്ഷപ്പെട്ടാൽ അത്ഭുതപ്പെടാനില്ല. വരും കാലങ്ങളിൽ നമ്മളൊക്കെ വലിയ ജാഗ്രത പുലർത്തേണ്ടതുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം വർഗ്ഗീയ ഫാസിസ്റ്റുകൾക്കെതിരെ നാം നടപടികളെടുക്കുമ്പോഴും സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. അടുത്ത കാലത്ത് ഒരാളുടെ പരാതിയെത്തുടർന്ന് ശ്രീ. ഷംസുദ്ദീൻ പാലത്ത് എന്നയാളുടെ പ്രസംഗത്തിനെതിരെ കേസെടുക്കുകയുണ്ടായി. എന്നാൽ അതേ

ആൾ തന്നെ ശ്രീമതി ശശികല ടീച്ചറുടെ പ്രസംഗങ്ങൾക്കെതിരെയും പരാതി കൊടുത്തു; അവർക്കെതിരെയും കേസെടുത്ത സർക്കാർ നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ ശ്രീ. ഷംസുദ്ദീൻ പാലത്തിനെതിരെ കേസെടുക്കുമ്പോൾ UAPA ചുമത്തുകയും എന്നാൽ അതേ കുറ്റം ചെയ്ത ശ്രീമതി ശശികല ടീച്ചർക്കെതിരെ അങ്ങനെ ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ അത് വ്യാപകമായ തോതിൽ തെറ്റായ പ്രചാരണങ്ങൾക്ക് ഇടനൽകുകയാണ്. ഫാസിസ്റ്റ് മനോഭാവമുള്ള കേന്ദ്ര സർക്കാരിന്റെ UAPA പോലുള്ള ടൂളുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിക്കുമേൽ കുതിരകയറാൻ വരുമ്പോൾ നാം സൂക്ഷിക്കേണ്ടതുണ്ട്. UAPA വിഷയത്തിൽ സി.പി.ഐ.(എം.) എടുത്ത സമീപനത്തോടൊപ്പം ശക്തമായ നിലപാടെടുത്തവരാണ് ഞങ്ങളും. ഇന്ത്യയിലെ ദളിതർക്കെതിരെയും ന്യൂനപക്ഷങ്ങൾക്കെതിരെയും വ്യാപകമായ വിധത്തിൽ UAPA അടക്കമുള്ള ഫാസിസ്റ്റ് ടൂളുകൾ ഉപയോഗിക്കുന്ന വിവരം അങ്ങേക്ക് അറിയാമല്ലോ; ഏത് സർക്കാരിന്റെ കാലത്തായാലും ഭരിക്കുന്നവരുടെ താൽപ്പര്യങ്ങളെപ്പോലും മറികടക്കാൻ കഴിയുന്ന സ്വാധീന വലയമാണ് പോലീസിലും മറ്റും ഈ തീവ്രവാദികൾക്കും ഫാസിസ്റ്റുകൾക്കുമുള്ളത്. ഇതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഇവരുടെ സാമ്പത്തിക പിൻബലം തന്നെയാണ്. ഇത്തരക്കാരുടെ സാമ്പത്തിക ഉറവിടം ശക്തമായ അന്വേഷണത്തിന് വിധേയമാക്കണം. വർഗ്ഗീയ തീവ്രവാദികളോടുള്ള അങ്ങയുടെ നിലപാട് മതേതര കേരളം വലിയ പ്രതീക്ഷയോടെയാണ് പലപ്പോഴും നോക്കിക്കണ്ടിട്ടുള്ളത്. ആ വലിയ പ്രതീക്ഷകൊണ്ടുതന്നെ പറയട്ടെ, നമ്മുടെ നാടിനെ തകർക്കാൻ വരുന്ന ഇത്തരം ദുഷ്ടശക്തികൾക്കെതിരെ അതിശക്തമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സബ്മിഷൻ വഴി ശ്രമിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, കേരളം മതസഹിഷ്ണുതയ്ക്ക് പേരുകേട്ട സംസ്ഥാനമാണ്. അതിനാൽതന്നെ മതസ്പർദ്ധ വളർത്തുന്ന രീതിയിലും സാമുദായിക ധ്രുവീകരണം ലക്ഷ്യം വച്ചുകൊണ്ടുള്ള രീതിയിലും പരസ്യ പ്രസംഗങ്ങൾ നടത്തുന്നതും അവ ലഘുലേഖയിലൂടെയോ മാധ്യമങ്ങളിലൂടെയോ പരസ്യപ്പെടുത്തുന്നതും വളരെ ഗൗരവത്തോടെയാണ് കാണേണ്ടത്. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പോലീസ് കാര്യക്ഷമമായി ഇടപെട്ട് തുടർന്നുണ്ടാകാനിടയുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് പരമാവധി ശ്രമങ്ങൾ നടത്താറുണ്ട്; ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മതസ്പർദ്ധ വളർത്തുന്ന രീതിയിൽ പരസ്യ പ്രസംഗം നടത്തിയതിനും സോഷ്യൽ മീഡിയ വഴിയോ മാധ്യമങ്ങളിലൂടെയോ പ്രചരിച്ചതിനും 4 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മേൽപ്പറഞ്ഞ രീതിയിലുള്ള

പ്രവർത്തനങ്ങൾ തടയുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, ജനമൈത്രി പോലീസ് തുടങ്ങിയ വിഭാഗങ്ങളുടെ സഹായത്തോടെ ക്രിയാത്മകമായ നിരീക്ഷണങ്ങളും നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. മതസൗഹാർദ്ദം വളർത്തുന്നതിനും ജാതി-മത-വർഗ്ഗ-ലിംഗ ഭേദമെന്യേ ചിന്തിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും സമൂഹത്തിൽ പലതരത്തിലുള്ള ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ബഹുസ്വര സംസ്കാര സ്വഭാവമുള്ള സമൂഹത്തിൽ ജാതി-മത വിദ്വേഷമുണ്ടായാൽ അക്രമവും ബലപ്രയോഗവും കൊലപാതകവും വരെ സംഭവിക്കും. മറ്റ് മതസ്ഥർ വെറുക്കപ്പെടേണ്ടവരാണെന്ന് പഠിപ്പിക്കുന്ന ആളുകളെ സമൂഹത്തിൽനിന്ന് മാറ്റി നിർത്താൻ കേരള സമൂഹം ജാഗ്രതയോടെ കാവലിരിക്കണം. കേരളത്തിന്റെ മതസൗഹൃദ മാതൃക ഭാവി തലമുറയിലേക്ക് കൈമാറുന്ന രീതിയിലായിരിക്കണം നാം ഓരോരുത്തരും ജീവിക്കേണ്ടത്.

## (4) റവന്യൂ അദാലത്ത്

ശ്രീ. പി. ഉണ്ണി : സർ, എന്റെ നിയോജക മണ്ഡലത്തിലെ കരിമ്പുഴ 1, 2 വില്ലേജുകളിലെയും സമീപ വില്ലേജുകളായ കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം, പൂക്കോട്ടുകാവ് എന്നിവിടങ്ങളിലെയും ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. റീസർവ്വേ നടപടികൾ പൂർത്തിയായപ്പോൾ സംഭവിച്ച പിഴവുകൾ കാരണം ധാരാളം പേർ ഭൂരഹിതരായി മാറിയിരിക്കുന്നു. സ്വന്തമായി വീടും സ്ഥലവും കൈവശമുണ്ടെങ്കിലും വില്ലേജ് രേഖകളിൽ അവരുടെ പേരോ ഭൂമിയോ ഇല്ല. ഈ തെറ്റുകൾ വരുത്തിയത് ആരായാലും അതിന്റെ ഫലം അനുഭവിക്കുന്നത് സാധാരണക്കാരായ ആളുകളാണ്. ഭൂമിയുടെ കൈവശാവകാശ രേഖകൾ ആവശ്യപ്പെട്ട് വില്ലേജ് ആഫീസിൽ ചെന്നാൽ വില്ലേജ് രേഖകളിൽ പേരോ സ്ഥലമോ ഇല്ലെന്നു പറഞ്ഞ് അധികാരികൾ സർട്ടിഫിക്കറ്റ് നൽകുന്നില്ല. അതുകാരണം പെൺമക്കളുടെ വിവാഹ ആവശ്യത്തിനുപോലും ഭൂമി പണയപ്പെടുത്തി ലോണെടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയാണ്. റീസർവ്വേ റിക്കോർഡുകളിൽ സർവ്വേ നമ്പരുകൾ ചേർക്കുന്നതിൽ അപാകത കടന്നുകൂടിയിരിക്കുന്നു; വിസ്തീർണ്ണത്തിൽ അപാകതകൾ കാണുന്നു; ചിലർക്ക് ഭൂമി തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. മിച്ചഭൂമിയായി കിട്ടിയ സ്ഥലം കാലാവധി കഴിഞ്ഞതിനുശേഷവും കൈമാറാൻ കഴിയാതെ സാധാരണക്കാരായ ആളുകൾ ബുദ്ധിമുട്ടുകയാണ്. അവരുടെ ഭൂമി ഇന്നും റവന്യൂ റിക്കോർഡുകളിൽ സർക്കാർ പുറമ്പോക്കെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരം പരാതികൾ പരിഹരിക്കുന്നതിനായി ഒറ്റപ്പാലം താലൂക്ക് കേന്ദ്രീകരിച്ച് റവന്യൂ ഉദ്യോഗസ്ഥർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ റവന്യൂ അദാലത്ത് നടത്തണം. അതിന്റെ തീയതി പ്രഖ്യാപിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പ്രത്യേകം അപേക്ഷിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഒറ്റപ്പാലം താലൂക്കിലെ കരിമ്പുഴ 1, 2, കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം എന്നീ വില്ലേജ് ഓഫീസുകളിൽ ഭൂനികുതി സ്വീകരിക്കാത്തതിനാലും ഭൂമി സംബന്ധമായ മറ്റു സർട്ടിഫിക്കറ്റുകൾ നൽകാത്തതിനാലും പൊതുജനങ്ങൾക്ക് ധാരാളം ദുരിതങ്ങളും പ്രയാസങ്ങളും ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വില്ലേജുകളിലെ റീസർവ്വേയിൽ വന്ന അപാകതകളാണ് ഭൂനികുതി സ്വീകരിക്കുന്നതിന് തടസ്സമായത്. സംസ്ഥാനത്തെ പല വില്ലേജുകളിലും റീസർവ്വേ പൂർത്തിയാകാത്തതിനാൽ വില്ലേജ് ഓഫീസർമാർ ഭൂനികുതി സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന ഈ ബുദ്ധിമുട്ട് പരിഗണിച്ച് റീസർവ്വേ നടപടികൾ പൂർത്തിയാക്കാത്ത എല്ലാ വില്ലേജുകളിലും നിലവിലുള്ള മുൻ സർവ്വേ നമ്പരിൽ കരം ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ഭൂമിയുടെ അവകാശം സംബന്ധിച്ച് സംശയമുള്ള കേസുകളിൽ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിലും ഭൂമി പരിശോധന നടത്തിയും ഭൂനികുതി സ്വീകരിക്കാൻ എല്ലാ വില്ലേജ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂനികുതി സ്വീകരിക്കുന്നതിനും ഭൂമി സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നതിനും ഒറ്റപ്പാലം താലൂക്കിലെ തഹസിൽദാരെയും മേൽപ്പറഞ്ഞ വില്ലേജുകളിലെ വില്ലേജ് ആഫീസർമാരെയും വിളിച്ചുചേർത്ത് ഒരു റവന്യൂ അദാലത്ത് നടത്തുന്നതിനും പ്രസ്തുത അദാലത്തിൽ ഭൂനികുതി സ്വീകരിക്കുവാനും ഭൂമി സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതിനും ജില്ലാ കളക്ടറോട്- ആവശ്യപ്പെടുന്നതാണ്.

## (5) ഭൂമി സംബന്ധമായ വിഷയങ്ങൾ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഇടുക്കി ജില്ലയിലെ വിവിധങ്ങളായ ഭൂപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അർഹരായ മുഴുവൻ കൃഷിക്കാർക്കും പട്ടയം ലഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. വൈദ്യുതി, ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട് ഒരിക്കൽ ഭൂമി ഏറ്റെടുക്കുകയും പിന്നീട് ആ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തതിന്റെ ഭാഗമായി കൃഷിക്കാർക്ക് നഷ്ടപരിഹാരം ലഭിക്കാതിരിക്കുകയും പദ്ധതി നടക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. അങ്ങനെയുള്ള ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ ജീവിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മാങ്കുളം പ്രദേശത്ത് ഭൂമി പതിച്ചു നൽകിയ കൃഷിക്കാർക്ക് അവ പതിറ്റാണ്ടുകളായിട്ടും അളന്നുതിരിച്ചു നൽകിയിട്ടില്ല. അത് അളന്നുതിരിച്ചു നൽകുന്നതിനുള്ള

നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പെരിഞ്ചാംകുട്ടിയിൽനിന്ന് കുടിയിറക്കപ്പെട്ട ആദിവാസികൾ അഞ്ച് വർഷക്കാലമായി ഇടുക്കി ജില്ലാ കളക്ടറേറ്റിനു മുന്നിൽ സത്യാഗ്രഹ സമരം അനുഷ്ഠിക്കുകയാണ്. 127-ഓളം ആളുകൾ സത്യാഗ്രഹ സമരം ആരംഭിച്ചതിൽ പതിമൂന്നോളം ആളുകൾ മരണപ്പെട്ടിട്ടുണ്ട്. പെരിഞ്ചാംകുട്ടിയിൽനിന്ന് കുടിയിറക്കപ്പെട്ടവർക്ക് പകരം ഭൂമി നൽകുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇടുക്കി ജില്ല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നമാണ് യൂക്കാലി പ്ലാന്റേഷനുമായി ബന്ധപ്പെട്ടുള്ളത്. യൂക്കാലി അടിയന്തരമായി വെട്ടി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനാവശ്യമായ അനുമതി കൃഷിക്കാർക്ക് നൽകേണ്ടതുണ്ട്. പീരുമേട് താലൂക്കിൽ ഉൾപ്പെട്ട വാഗമൺ, ഏലപ്പാറ വില്ലേജുകളിലടക്കം ഇടുക്കി ജില്ലയിലെ വിവിധ വില്ലേജുകളിൽ തെറ്റായ സർവ്വേ നമ്പരുകളിൽ റവന്യൂ ഉദ്യോഗസ്ഥർ നൽകിയിട്ടുള്ള പട്ടയങ്ങൾ തിരുത്തി നൽകുന്നതിന് സർക്കാരിന്റെ ഇടപെടലുണ്ടാകണം. വാഗമൺ വില്ലേജുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തെറ്റായ സർവ്വേ നമ്പരുകൾ രേഖപ്പെടുത്തിയിട്ടുള്ള വില്ലേജുകളിലൊക്കെയും അത് തിരുത്തി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പട്ടയങ്ങളിലെ സർവ്വേ നമ്പരുകൾ തിരുത്തുന്നതിനോടൊപ്പം തന്നെ സി.എച്ച്.ആർ.-ലെ കർഷകർക്ക് കാർഡമം രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനും പത്തുചെയിനിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കർഷകരുടെ കൈവശമിരിക്കുന്ന പട്ടയ ഭൂമിയിൽനിന്ന് മരം മുറിച്ചു മാറ്റുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അനാവശ്യമായ ഇടപെടലുകളും പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. ആ വിഷയത്തിൽ അങ്ങ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പീരുമേട്ടിൽ ഭൂമി പതിവ് ആഫീസറില്ല. ചാർജ് ആഫീസറാണുള്ളത്. ഭൂമി പതിവുമായി ബന്ധപ്പെട്ട് ഒരു തഹസിൽദാരെ നിയമിക്കണം. എൽ.എ. പട്ടയ നടപടികൾ പുരോഗമിക്കുന്ന ഈ സാഹചര്യത്തിൽ ആവശ്യമായ സർവ്വേയർമാരെയും ടോട്ടൽ സ്റ്റേഷൻ അടക്കമുള്ള എക്യുപ്മെന്റ്സും നൽകിക്കൊണ്ട് പട്ടയ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടൽകൂടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഇടുക്കി ജില്ലയിലെ അർഹരായ മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 1993-ലെ വനഭൂമി ക്രമീകരണ നിയമപ്രകാരം അർഹതയുള്ള മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനായി ഇടുക്കി ജില്ലയിൽ 6 പ്രത്യേക ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർ ആഫീസുകൾ പ്രവർത്തിച്ചുവരുന്നു. 2017 മാർച്ച് മാസത്തോടെ പരമാവധി പട്ടയങ്ങൾ നൽകുന്നതിലേക്കായി ജില്ലാ

തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ പെരിഞ്ചാംകുട്ടി മേഖലയിൽ നടപടികൾ പൂർത്തിയാക്കിയ കേസുകളിൽ പട്ടയം നൽകിവരുന്നു. പത്തുചെയിൻ പ്രദേശത്തെ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ലോവർ ചെയിനുകൾ ഒഴിവാക്കി പട്ടയം നൽകാവുന്നതാണെന്ന് കെ.എസ്.ഇ.ബി. തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ അയ്യപ്പൻകോവിൽ മേഖലയിൽ കെ.എസ്.ഇ.ബി. പദ്ധതി ആവശ്യത്തിലേക്കായി അക്വയർ ചെയ്ത ഭൂമിയുണ്ട്. ഇത്തരം കേസുകളിൽ കെ.എസ്.ഇ.ബി.-ക്ക് നഷ്ടപരിഹാരം നൽകേണ്ടതായ സാഹചര്യവുമുണ്ട്. കൂടാതെ ടി മേഖലയിൽപ്പെട്ട പ്രദേശം വനഭൂമിയുടെ പരിധിയിൽ വരുന്നതാണെന്നും ആകയാൽ സംയുക്ത പരിശോധന നടത്തി മാത്രമേ പട്ടയം നൽകാവൂ എന്നും വനം വകുപ്പ് രേഖാമൂലം ആവശ്യപ്പെട്ടിട്ടുള്ളതാണ്. മാങ്കുളത്ത് ഭൂമി പതിച്ചു നൽകിയവർക്ക് സ്ഥലം അളന്നു തിരിച്ചു നൽകുന്നതിലേക്കായി ഫോറസ്റ്റ് സെറ്റിൽമെന്റ് ആഫീസറുടെ നേതൃത്വത്തിൽ സർവ്വേ ജോലികൾ പുരോഗമിച്ചുവരികയാണ്. പെരിഞ്ചാംകുട്ടി തേക്ക് പ്ലാന്റേഷനിൽനിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമി നൽകുന്നതിലേക്കായി കുഞ്ചിത്തണ്ണി വില്ലേജിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള 25 ഏക്കർ സ്ഥലം അളന്നു തിരിക്കുന്നതിന് സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കെ.എസ്.ഇ.ബി. ഈ സ്ഥലം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് ലീസിന് നൽകി. ടി സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ ജില്ലയിൽ അവശേഷിക്കുന്ന സർക്കാർ പുറമ്പോക്കുകൾ സംബന്ധിച്ച് വിവരം നൽകുന്നതിന് എല്ലാ തഹസിൽദാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ യൂക്കാലി പ്ലാന്റേഷൻ നിരോധിക്കുന്ന കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമുള്ളതായി കാണുന്നു. വനേതര പ്രദേശങ്ങളിലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ പ്രോത്സാഹന ആക്ട്, 2005 പ്രകാരം നോട്ടിഫൈഡ് വില്ലേജുകളിലെ ഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുന്നത് പൂർണ്ണമായും നിരോധിച്ചിട്ടുള്ളതാണ്. 14-11-2006-ലെ സർക്കാർ ഉത്തരവ് ജി.ഒ. (പി)നമ്പർ.797/2006 പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കുറിഞ്ഞിമല സങ്കേതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിൽ ഉൾപ്പെട്ട കെ.ഡി.എച്ച്., കാന്തല്ലൂർ, മാങ്കുളം, മൂന്നാംകണ്ടം, മറയൂർ, പള്ളിവാസൽ, തൊടുപുഴ താലൂക്കിലെ അറക്കുളം, ഇടുക്കി താലൂക്കിലെ ഇടുക്കി എന്നീ വില്ലേജുകൾ നോട്ടിഫൈഡാണ്. ആയതിനാൽ ആക്ടിലെ വ്യവസ്ഥകൾപ്രകാരം ജീവനും സ്വത്തിനും ഭീഷണിയാകുന്ന സാഹചര്യത്തിലൊഴികെ യാതൊരു കാരണവശാലും ടി വില്ലേജുകളിലെ മരങ്ങൾ മുറിക്കാൻ പാടില്ലാത്തതാണ്. ഈ നിയമപ്രകാരം മറ്റു വില്ലേജുകളിൽ അനുവദിക്കപ്പെട്ട മരങ്ങൾ മുറിക്കുന്നതിന് നിയമതടസ്സമില്ല. ഇടുക്കി

ജില്ലയിൽ പീരുമേട് താലൂക്കിൽ മുടങ്ങിക്കിടക്കുന്ന പട്ടയ നടപടികൾ പുനരാരംഭിക്കുന്നതിനും നേരത്തെ തന്നെ നൽകിയിട്ടുള്ള പട്ടയങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിനുമായി പീരുമേട് താലൂക്ക് ആഫീസിനോടു ചേർന്ന് ഒരു പ്രത്യേക ഭൂമി പതിവ് ആഫീസ് ആരംഭിക്കുകയുണ്ടായി. ദേവികുളം ഭൂമി പതിവ് ആഫീസിലെ സ്പെഷ്യൽ തഹസിൽദാർക്ക് പൂർണ്ണ ചുമതല നൽകി പീരുമേട് സ്പെഷ്യൽ തഹസിദാർ ആഫീസിലേക്ക് നിയമിക്കുകയും അദ്ദേഹം ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

## (6) പുറമ്പോക്ക് ഭൂമി

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഈ സഭയിൽ ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചിരുന്നു. വർഷങ്ങളായി വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും അധീനതയിലുള്ളതും എന്നാൽ പട്ടയം നൽകാത്തതുമായ എത്ര ഭൂമി കാസർഗോഡ് ജില്ലയിൽ ഉണ്ടെന്നതായിരുന്നു എന്റെ ചോദ്യം. അതിന് എനിക്ക് ലഭിച്ച ഉത്തരം, കാസർഗോഡ് ജില്ലയിൽ വിവിധ വില്ലേജുകളിലായി വർഷങ്ങളായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അധീനതയിലുള്ളതും പട്ടയം നൽകാത്തതുമായ 333.8 ഏക്കർ ഭൂമി ഉണ്ടെന്നാണ്. ഇത് ഒരു ജില്ലയുടെ മാത്രം കാര്യമാണ്. ഒരു ജില്ലയിൽ മാത്രം 333.8 ഏക്കർ ഭൂമി ഇങ്ങനെ വർഷങ്ങളായി വ്യക്തികളുടേയും സംഘടനകളുടേയും സ്ഥാപനങ്ങളുടെയുമൊക്കെ അധീനതയിലുണ്ടെങ്കിൽ ബാക്കി 13 ജില്ലകളിൽ ഇതുപോലെയുള്ള ഭൂമികൾ എത്രമാത്രം ഉണ്ടാകുമെന്നതിനെക്കുറിച്ച് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇത് ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ബോധപൂർവ്വം കൈയടക്കിയതല്ല. പഴയ കാലത്ത് ഭൂമി കൈമാറ്റം എങ്ങനെയായിരുന്നു നടന്നുവന്നിരുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. വലിയൊരു മുതലാളി അദ്ദേഹത്തിന്റെ ഭൂമിയിൽനിന്ന് ഒരു നൂറ് ഏക്കർ സ്ഥലം നൽകും. അതിന്റെ പ്രമാണവും എഴുതി നൽകും. ബാക്കി നൂറ് ഏക്കർകൂടി അതിന്റെ കൂടെ നിങ്ങളെടുത്തോ എന്നും പറയും. അങ്ങനെയാണ് പലരുടേയും കൈവശം ഇങ്ങനെയുള്ള ഭൂമി വന്നിട്ടുള്ളത്. പള്ളി, അമ്പലം, ചർച്ച് കമ്മിറ്റികൾക്കൊക്കെ ഇങ്ങനെയുള്ള ഭൂമി ധാരാളമുണ്ട്. ഈ ഭൂമിയൊന്നും ഇനി സർക്കാർ വിചാരിച്ചാൽ തിരിച്ചു പിടിക്കാൻ സാധിക്കുകയില്ലെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഈ ഭൂമി ആരുടെ കൈവശമാണോ ഉള്ളത് അത് അവർക്കുതന്നെ നൽകാനുള്ള നടപടി സ്വീകരിച്ചുകൂടേ എന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് സർക്കാരിനോടും ബഹുമാനപ്പെട്ട മന്ത്രിയോടും ചോദിക്കുവാനുള്ളത്.

അതുപോലെതന്നെ ചില ആളുകൾക്ക് അവരുടെ കൈവശമുള്ള, ഭൂമി വർഷങ്ങൾക്ക് മുമ്പ് മാർക്കറ്റ് വിലയ്ക്ക് നൽകിയിരുന്നു. പക്ഷേ ചില ആളുകൾക്ക് ആ വില അന്ന് നൽകാൻ കഴിയാത്തതുകൊണ്ട് ഭൂമി വാങ്ങാൻ സാധിച്ചില്ല. ഇപ്പോൾ അവർ മാർക്കറ്റ് വില നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച് മുന്നോട്ടുവരുന്നുണ്ട്. മാർക്കറ്റ് വില നൽകുകയാണെങ്കിൽ അത്തരം ആളുകൾക്ക് ആ ഭൂമി കൊടുത്തുകൂടേ എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുവാനുള്ളത്. ഇത് ഗൗരവമേറിയ കാര്യമാണ്. സർക്കാരിന് തീർച്ചയായും ഇതുകൊണ്ട് ഒരു കാര്യവുമില്ല. ഇപ്പോൾ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയുമൊക്കെ അധീനതയിലുള്ള ഭൂമി നമുക്കൊരിക്കലും തിരിച്ചു പിടിക്കാൻ സാധിക്കുകയില്ല. ചില ഭൂമിയിൽ ഗ്രേവ് യാർഡുപോലുമുണ്ട്. അത് തിരിച്ചുപിടിക്കുക എന്നുള്ളത് വളരെ ദുഷ്കരമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ നിലവിലെ നിയമമനുസരിച്ച് ചില പ്രദേശങ്ങളിലെ ഇത്തരം ഭൂമികൾ പതിച്ചു കൊടുക്കാൻ വ്യവസ്ഥയില്ല. എന്നാൽ റവന്യൂ പുറമ്പോക്ക് എന്ന രീതിയിൽ നിലനിൽക്കുന്നതും പതിച്ചുകൊടുക്കാവുന്നതുമായ പ്രദേശങ്ങളുണ്ടെങ്കിൽ അത് പരിഗണിക്കാവുന്നതാണ്. പൊതുവിൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ വകുപ്പ് 4 പ്രകാരം പുറമ്പോക്കായി നിർവ്വചിച്ചിട്ടുള്ള എല്ലാ പൊതുനിരത്തുകളും തെരുവുകളും ഇടവഴികളും ഊടുവഴികളും പാലങ്ങളും ചാലുകളും ചിറകളും അവയുടെ മുകളിലുള്ളതോ അരികെയുള്ളതോ ആയ പുഴകളുടെ തടങ്ങളും കരകളും ജലസേചന ചാലുകളും നീരോട്ടച്ചാലുകളും കുളങ്ങളും തടാകങ്ങളും കായലുകളും നീർച്ചാലുകളും വിപണികളും ശവസംസ്കാര സ്ഥലങ്ങളും മലമ്പാതകളും ഉൾപ്പെടെ പുറംമ്പോക്കു ഭൂമികൾ 1960-ലെ കേരള ഭൂ പതിവ് നിയമം, 1964-ലേയും 1995-ലെയും കേരളാ ഭൂ പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം പതിച്ചു നൽകാൻ വ്യവസ്ഥയില്ലാത്തതാണ്. കേരള ഭൂസംരക്ഷണ നിയമം 1957-ലെ വകുപ്പ് 5 പ്രകാരം സർക്കാർ ഭൂമി പുറമ്പോക്കായാലും അല്ലെങ്കിലും അനുവാദമില്ലാതെ കൈവശം വയ്ക്കുന്നത് നിയമവിധേയമല്ല. അപ്രകാരം സർക്കാർ ഭൂമി കൈയേറുന്നവർക്കെതിരെ 1957-ലെ ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2009-ലെ 29-ാം ആക്ടായി 2009 ഒക്ടോബർ 7-ന് നടപ്പാക്കിയ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ പതിവിന് വിധേയമായിട്ടുള്ള ചില ഭൂമികളെ സംബന്ധിച്ചിടത്തോളം കേരള ഭൂപതിവ് നിയമത്തിന്റേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ അർഹരായിട്ടുള്ളവർക്ക് പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. ആ കാര്യം സംബന്ധിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്.

## (7) അഗ്രോ പാർക്ക് അനുവദിക്കൽ

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, കാസർഗോഡ് ജില്ലയിലെ അടയ്ക്ക കൃഷിക്കാരെ സഹായിക്കാൻ ഒരു അഗ്രോ പാർക്ക് അനുവദിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ജില്ലയിൽ പാരമ്പര്യ ഉപജീവന മാർഗ്ഗമായി കവുങ്ങ് കൃഷി ചെയ്യുന്ന നാൽപതിനായിരത്തോളം ആളുകളുണ്ട്. 18733 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്യുന്നു എന്നാണ് സർക്കാരിന്റെ കണക്ക്. ഒരു ഹെക്ടറിൽ 2.7 ടൺ അടയ്ക്ക ഉൽപ്പാദിപ്പിക്കുന്നു. അങ്ങനെ വർഷത്തിൽ 51400 ടൺ ഉൽപ്പാദനം അടയ്ക്ക കൃഷിയിൽ ഉണ്ടാകുന്നുവെന്നാണ് സർക്കാരിന്റെ തന്നെ കണക്ക്. അടയ്ക്ക ഒരു ക്വിന്റലിന് 2500 രൂപയാണ് ഇന്നു കിട്ടുന്ന വില. അങ്ങനെ കണക്കുകൂട്ടിയാൽ 51400 ടൺ അടയ്ക്കക്ക് എത്ര രൂപ കിട്ടുമെന്ന് നമുക്ക് ഊഹിക്കാൻ കഴിയും. കാസർഗോഡ് ജില്ലയിലെ പ്രധാന കൃഷിയായ അടയ്ക്ക കൃഷിയെ പ്രോൽസാഹിപ്പിക്കാനും കൃഷിക്കാരെ സഹായിക്കാനും സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു സഹായവുമില്ല. കേരളത്തിൽ തൃശ്ശൂരിൽനിന്ന് വടക്കോട്ട് എല്ലാ ജില്ലയിലും അടയ്ക്ക കൃഷിയുണ്ട്. പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ കൂടുതലുണ്ടെന്നേയുള്ളൂ. ഈ കൃഷിക്കാരെ സഹായിക്കുന്നതിനും അടയ്ക്ക കൃഷിക്കാരെ ദ്രോഹിക്കുന്ന മുതലാളിമാരിൽ നിന്നും അവരെ രക്ഷിക്കുന്നതിനും വേണ്ടിയാണ് മംഗലാപുരം ആസ്ഥാനമായി കേരളവും കർണ്ണാടകവും സംയുക്തമായി കാംപ്കോയെന്ന സഹകരണ സ്ഥാപനം ആരംഭിച്ചത്. ആ സ്ഥാപനം വളർന്ന് ഇന്ന് ലോകോത്തര നിലവാരത്തിലെത്തി. കാർഷിക മേഖലയിൽ വലിയ സഹായമാണ് അടയ്ക്ക കൃഷിക്കാർക്കുണ്ടായിരുന്നത്. പക്ഷേ ആ സ്ഥാപനത്തിൽ നിന്ന് കർണ്ണാടക സർക്കാർ കരുതിക്കൂട്ടി കേരളത്തെ ഒഴിവാക്കുകയും ഇന്നത് കർണ്ണാടകത്തിന് സ്വന്തമാകുകയും ചെയ്തു എന്നതാണ് വസ്തുത. അതിൽ നമ്മുടെ ഷെയറും ഡെപ്പോസിറ്റും ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. ഉദ്യോഗസ്ഥരെയെല്ലാം മടക്കി അയച്ച് ആ ഷെയർ സംഖ്യയും ഡെപ്പോസിറ്റും കർണാടകം സ്വന്തമാക്കി. കേരളത്തിന് ഇടപെടാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. അത് തിരിച്ചു പിടിക്കുന്നതോടൊപ്പംതന്നെ അടയ്ക്ക കൃഷിയെ സംരക്ഷിക്കുന്നതിനുവേണ്ടി, മംഗലാപുരത്തുള്ളതുപോലെ ഒരു കാംപ്കോ സ്ഥാപനം കാസർഗോഡും സ്ഥാപിക്കണം. അതിന് സർക്കാർ എല്ലാവിധ സഹായവും സഹകരണവും നൽകി വിജയിപ്പിക്കണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം കഴിഞ്ഞ ബഡ്ജറ്റിൽ എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും അഗ്രോ പാർക്ക് സംവിധാനമുണ്ടാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. പക്ഷേ കാസർഗോഡ് ജില്ലയ്ക്ക് ഒന്നുമില്ലെന്നു മാത്രമല്ല ഈ അടയ്ക്ക കൃഷിയേയും സർക്കാർ കണക്കിലെടുത്തില്ലെന്ന പരാതിയാണ് എനിക്കുള്ളത്. അതുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഒരു അഗ്രോ പാർക്ക് അനുവദിച്ച് അടയ്ക്ക കൃഷിക്കാരെ സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വ്യാപകമായുള്ള അടയ്ക്ക കൃഷിയെ ബാധിക്കുന്ന പ്രധാനപ്പെട്ട രണ്ടു രോഗങ്ങളാണ് മഹാളിയും മഞ്ഞളിപ്പും. മഹാളി രോഗം ബാധിച്ച് അടയ്ക്ക മുഴുവൻ നശിക്കുന്നു; മഞ്ഞളിപ്പ് രോഗം ബാധിച്ച് അടയ്ക്ക മരം തന്നെ നശിച്ചുപോകുന്നു. ഇതിനു രണ്ടിനും പ്രതിവിധി കണ്ടുപിടിക്കുന്നതിനുവേണ്ടി അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് പലതരത്തിലുള്ള നടപടികളും സ്വീകരിച്ചുവെങ്കിലും അതൊന്നും ഫലപ്രദമാകുന്നില്ല എന്നതാണ് പ്രധാനപ്പെട്ട വസ്തുത. ആ കാര്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ഈ സർക്കാരിനെക്കൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് കാസർഗോഡ് അടയ്ക്ക കൃഷിക്കായി ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. പക്ഷേ ഇന്നുവരെ ഒരു രൂപപോലും നൽകിയിട്ടില്ല. ഇത് കാസർഗോഡുകാരോട് കാണിക്കുന്ന അവഗണനയാണ്. ഈ അവഗണന അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്നും ഈ ഗവൺമെന്റിനെക്കൊണ്ട് അത് ചെയ്യിപ്പിക്കണമെന്നുമാണ് എനിക്ക് സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, കാസർഗോഡ് ജില്ലയോട് ഒരു രീതിയിലുമുള്ള അവഗണനയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. അടയ്ക്ക ഏറ്റവുമധികം കൃഷി ചെയ്യുന്നത് തൃശ്ശൂർ ജില്ലയ്ക്ക് വടക്കോട്ടാണ്. ഇന്ന് അടയ്ക്ക കൃഷി വ്യാപകമായി നിലനിൽക്കുന്ന ഒരു ജില്ലയും കാസർഗോഡാണ്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചതുപോലെ സംസ്ഥാന സർക്കാരും കർണ്ണാടക സർക്കാരും സംയുക്തമായി സ്ഥാപിച്ച കാംപ്കോ എന്ന സ്ഥാപനം കർണ്ണാടക സർക്കാരിന്റെ പൂർണ്ണമായ അധികാരത്തിലായിപ്പോയി എന്നു പറയുന്നത് ശരിയല്ല. അദ്ദേഹം പറയുന്ന രീതിയിൽ കേരളത്തിന്റേതായിട്ടുള്ള ചില കാര്യങ്ങളുണ്ടായിട്ടുണ്ടെങ്കിൽ സർക്കാർ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. അതോടൊപ്പം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ 96686 ഹെക്ടർ സ്ഥലത്ത് അടയ്ക്ക കൃഷി ചെയ്യുന്നുണ്ട്. 125926 ടണ്ണാണ് കേരളത്തിലെ അടയ്ക്ക ഉൽപ്പാദനം. സംസ്ഥാനത്ത് ഏറ്റവുമധികം അടയ്ക്ക കൃഷിയുള്ള ജില്ല കാസർഗോഡാണ്. ഇവിടെ 18733 ഹെക്ടറിൽനിന്ന് 51406 ടൺ അടയ്ക്ക ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഹെക്ടറിന് 2744 കിലോഗ്രാമാണ് ഈ ജില്ലയിലെ അടയ്ക്കയുടെ ഉൽപ്പാദനക്ഷമത. കാസർഗോഡ് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന അടയ്ക്ക കേരള, കർണ്ണാടക സംസ്ഥാനങ്ങളുടെ പിന്തുണയോടെ ആരംഭിച്ച കാംപ്കോയാണ് സംഭരിച്ച് വിപണനം നടത്തുന്നത്. കർണ്ണാടക സംസ്ഥാനത്തിലെ മംഗലാപുരത്താണ് ഇതിന്റെ ആസ്ഥാനം. ഈ സ്ഥാപനത്തിന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി വിപുലമായ വിപണന

ശൃംഖലയാണുള്ളത്. കാസർഗോഡ് ജില്ലയിലെ ഭൂരിപക്ഷം അടയ്ക്ക കർഷകരും കാംപ്കോയിലെ അംഗങ്ങളാണ്. പുരാതനകാലം മുതൽ കേരളത്തിൽ വെറ്റിലയോടൊപ്പം മുറുക്കാനായി ഉപയോഗിച്ചുവരുന്ന ഒരു ഉത്തേജക വസ്തുവായാണ് അടയ്ക്ക ഉപയോഗിക്കുന്നത്. ഇത് പാൻ, സുപാരി, ഗുഡ്ക എന്നീ രൂപങ്ങളിൽ മാർക്കെറ്റിലെത്തുന്നുണ്ട്. ഈ ഉൽപ്പന്നങ്ങൾ ആരോഗ്യത്തിന് ഹാനികരമാകയാൽ ഇപ്പോൾ കേരളത്തിൽ നിരോധിക്കപ്പെട്ടിട്ടുണ്ട്. വസ്ത്രങ്ങൾക്ക് നിറം നൽകാനും തുകൽ വ്യവസായത്തിനും അടയ്ക്കയിൽ നിന്നുള്ള ടാനിൻ എന്ന രാസവസ്തു പ്രയോജനപ്പെടുത്തുന്നുണ്ട്. കമുകിൻപാളയിൽ നിന്നും പാത്രങ്ങൾ, കപ്പ്, തൊപ്പി എന്നിവ നിർമ്മിക്കുന്നു. സ്ഥിരമായ അടയ്ക്കയുടെ ഉപയോഗം ആരോഗ്യത്തിന് ഹാനികരമാണെന്ന അഭ്യൂഹം നിലനിൽക്കുന്നുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾക്കു വേണ്ടി ചെറുകിട, ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. നാളികേരം, നെല്ല്, വാഴപ്പഴം, തേൻ, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, ചക്ക, പച്ചക്കറികൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവുമാണ് അഗ്രോ പാർക്കുവഴി ലക്ഷ്യമിടുന്നത്. കമുകിൻപാള ഉൽപ്പന്നങ്ങൾ, പാൻ ഉൽപ്പന്നങ്ങൾ, ഡൈ മുതലായവയാണ് അടയ്ക്ക കൃഷിയിൽ നിന്നും സാദ്ധ്യമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ. ഇതിൽ ആരോഗ്യത്തിന് ഹാനികരമായ പാൻ ഉൽപ്പന്നങ്ങൾ കേരളത്തിൽ നിരോധിക്കുകയുണ്ടായി. മൂലധനച്ചെലവ്, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിപണന സാദ്ധ്യത എന്നിവ കണക്കാക്കുമ്പോൾ അടയ്ക്കക്കു മാത്രമായി ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്നത് വിജയകരമായിരിക്കുകയില്ല എന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. എങ്കിൽപ്പോലും അടയ്ക്കയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്. മുൻമന്ത്രി ശ്രീ. മുല്ലക്കര രത്നാകരന്റെ കാലത്ത് 10 കോടി രൂപ അനുവദിച്ചെങ്കിലും ആ മേഖലയിലേക്ക് പണമൊന്നും ലഭിച്ചിട്ടില്ലെന്നുള്ള അദ്ദേഹത്തിന്റെ പരാതി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (8) കെ.എസ്.ടി.പി. റോഡ് വികസനം

ശ്രീ. അനൂപ് ജേക്കബ് : സർ, കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെട്ട കൂത്താട്ടുകുളം ടൗണിന്റെ വികസനവുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കഴിഞ്ഞ സമ്മേളനത്തിലും ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. നിർമ്മാണപ്രവർത്തനം ഇഴഞ്ഞുനീങ്ങുന്നുവെന്നതായിരുന്നു അന്നത്തെ വിഷയം. അന്ന് അങ്ങ് നൽകിയ മറുപടിയിൽ ഡിസംബർ മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമെന്നായിരുന്നു പറഞ്ഞിരുന്നത്. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പക്ഷേ അശാസ്ത്രീയമായ രീതിയിൽ ഓടയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഒട്ടനവധി ബുദ്ധിമുട്ടുകളുണ്ടാകുന്നു. ടൗണിന്റെ വടക്കുഭാഗത്തുള്ള

മേരിഗിരി പബ്ലിക് സ്കൂൾ മുതൽ ചന്തത്തോട് വരെയുള്ള പ്രദേശത്ത് വിവിധ കലുങ്കുകളെ ഒഴിവാക്കി ഓടയുടെ നിർമ്മാണം മുന്നോട്ട് പോകുമ്പോൾ അഞ്ചുമുതൽ എട്ടടിവരെ റോഡ് ഉയരുന്നു. ഇതേ പ്രശ്നം തന്നെയാണ് ഓണംകുന്ന് ഭഗവതിക്ഷേത്രം മുതൽ ടി.ബി. ജംഗ്ഷൻ വരെയുള്ള തെക്കുഭാഗത്തും സംഭവിച്ചിട്ടുള്ളത്. അവിടെയും റോഡ് വളരെയധികം ഉയർന്നുവരുന്നു. 2010-ലെ അലൈൻമെന്റ് പ്രകാരം നിലവിലുള്ള കയറ്റം കുറച്ച് താഴ്ന്ന് നിൽക്കുന്ന നിലയിലായിരിക്കുമെന്നാണ് അന്ന് ഉദ്യോഗസ്ഥർ പറഞ്ഞിരുന്നത്. അതനുസരിച്ച് അവിടെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ രീതിയിൽ ഓട നിർമ്മിച്ച് കഴിഞ്ഞപ്പോൾ കൂത്താട്ടുകുളം ടൗണിന്റെ വടക്ക് ഭാഗത്തായി കയറ്റം കുറയുകയല്ല, കൂടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. അതായത് രാമപുരം കവല, ഓണംകുന്ന് ഭഗവതിക്ഷേത്രം തുടങ്ങിയ പ്രദേശങ്ങളാണ് ഞാൻ സൂചിപ്പിക്കുന്നത്. റോഡ് തറനിരപ്പിൽനിന്നും വളരെ ഉയർന്നതിനാൽ മഴവെള്ളം കടകളിലേക്ക് കയറുന്ന സാഹചര്യമുണ്ടാകുന്നു. ഇത് വളരെയേറെ ആശങ്ക ആ പ്രദേശത്തുണ്ടാക്കുന്നുണ്ട്. ഇവിടെ അശാസ്ത്രീയമായ രീതിയിൽ ഓടയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുവെന്ന പരാതി നിലനിൽക്കുന്നുണ്ട്. അങ്ങയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്നും ഓടയുടെ ഉയരം ഉയർന്നുവരുന്ന സാഹചര്യത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കണമെന്നും അഭ്യർത്ഥിക്കുന്നു. കൂത്താട്ടുകുളം ടൗണിന്റെ വടക്കുമുതൽ തെക്കുവരെയുള്ള എല്ലാ ഭാഗത്തും ഇതേ സ്ഥിതിയാണുള്ളത്. ഇതിനൊരു പരിഹാരമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് വികസനത്തിന്റെ ഭാഗമായി കൂത്താട്ടുകുളം ജംഗ്ഷന്റെ വികസന പ്രവർത്തനങ്ങൾ കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ മേരിഗിരി പബ്ലിക് സ്കൂൾ മുതൽ ചന്തത്തോടുവരെയുള്ള ഭാഗത്താണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ അവിടെ മൂന്ന് കലുങ്കുകൾ നിലവിലുള്ളതായി കാണുന്നില്ല. കോൺക്രീറ്റ് ഓട നിർമ്മാണമാണ് അവിടെ നടക്കുന്നത്. ഭൂമിശാസ്ത്രപരമായി വളരെ താഴ്ചയിലാണ് ഈ പട്ടണം സ്ഥിതി ചെയ്യുന്നത്. മഴ പെയ്തു കഴിഞ്ഞാൽ ജംഗ്ഷൻ മുഴുവൻ വെള്ളപ്പൊക്കമാണ്. അപ്പോൾ റോഡ് ഉയർത്തിയാലെ മതിയാകൂ. കെ.എസ്.ടി.പി. പ്രോജക്ടാണിത്. ഒരു മീറ്ററിന് താഴെയാണ് ഉയർത്തുന്നത്. അതിന്റെ ജോലി ആരംഭിച്ചിട്ടില്ല. ഉയർത്തിപ്പണിതില്ലെങ്കിൽ റോഡ് വികസിപ്പിച്ചതിനുശേഷവും വെള്ളപ്പൊക്കം പഴയതു പോലെയുണ്ടാകും. കച്ചവട സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം കണക്കിലെടുത്ത് കൂടുതൽ ആഘാതമുണ്ടാകാത്ത തരത്തിൽ നിർമ്മാണം നടത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അവിടെയുള്ള തോടിന്റെ വീതിയും കൂട്ടേണ്ടതായിട്ടുണ്ട്. കച്ചവട

സ്ഥാപനങ്ങളിലേക്കുള്ള പടികൾ പദ്ധതിച്ചെലവിന്റെ തുകയുടെ ലഭ്യതയനുസരിച്ച് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നുകൂടി പരിശോധിച്ച് പരമാവധി ബുദ്ധിമുട്ട് കുറച്ച് ചെയ്യാനാണുദ്ദേശിക്കുന്നത്. ഏത് പുതിയ വൻകിട പദ്ധതികൾ വന്നാലും ചെറിയ പ്രയാസങ്ങളുണ്ടാകും. മറ്റ് ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## (9) പാലങ്ങളുടെ നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : സർ, ചെങ്ങന്നൂർ മണ്ഡലത്തിൽപ്പെട്ട പാണ്ടനാട് പഞ്ചായത്തിന്റെ ഇരുകരകളെയും ബന്ധിപ്പിക്കുന്ന ഒരു പാലമാണ് മിത്രമഠം പാലം. അതിന്റെ പണി തുടങ്ങി പത്തുവർഷമായിട്ടും നാളിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതിനെതിരെ ജനങ്ങളുടെ ഭാഗത്തുനിന്നും വലിയ പ്രതിഷേധവും രോഷവും ഉയരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പാലത്തിന്റെ പണി അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ആദ്യമായി സൂചിപ്പിക്കാനുള്ളത്. അതുപോലെ ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വഴിവാടിക്കടവ് പാലത്തിന് ബഡ്ജറ്റിൽ ഒരു രൂപ പോലും വകയിരുത്താതെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകി വലിയ പ്രചരണം നടത്തി. എന്നാൽ ആ പാലത്തിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെയാണ് മാവേലിക്കര താലൂക്കിനേയും ചെന്നിത്തല പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന നെൽപ്പുരക്കടവ് പാലത്തിന്റെ കാര്യവും. ചെങ്ങന്നൂർ ടൗണിനെ ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട പാലമാണ് കൈപ്പാലക്കടവ് പാലം. ഈ പാലങ്ങൾക്കെല്ലാം കോടിക്കണക്കിന് രൂപ അനുവദിച്ചുവെന്ന് പ്രഖ്യാപിച്ചെങ്കിലും ഒരു പൈസപോലും ബഡ്ജറ്റിൽ വകയിരുത്താത്തതിന്റെ ഫലമായി ജനങ്ങളുടെ ഭാഗത്തുനിന്നും വലിയ പ്രതിഷേധമുയർന്നുവന്നു. പാലത്തിന്റെ പണി എന്തുകൊണ്ട് ആരംഭിക്കാൻ കഴിയുന്നില്ല? ഏതായാലും ചില നടപടികളുമായി മുന്നോട്ടുപോയെന്നല്ലാതെ മറ്റ് കാര്യങ്ങളിലേക്കൊന്നും കടന്നിട്ടില്ല. ആ പാലങ്ങളുടെ പണി പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, വളരെ പ്രാധാന്യമുള്ള പന്തളം പാലത്തിന്റെ നിർമ്മാണം ശബരിമല തീർത്ഥാടനത്തിന് മുമ്പ് പൂർത്തിയാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ വിളിച്ചുചേർത്ത യോഗത്തിൽ ഉറപ്പ് നൽകിയത്. തീർത്ഥാടന കാലം നവംബർ 14-ാം തീയതിയോടുകൂടി ആരംഭിക്കുകയാണ്. ലക്ഷക്കണക്കിന് തീർത്ഥാടകർ

വരുന്ന പ്രദേശമെന്ന നിലയിൽ ആ പാലത്തിന്റെ പണി പൂർത്തിയാക്കിയില്ലെങ്കിൽ തീർത്ഥാടകർക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാകും. ദീർഘദൂര എം.സി. റോഡുള്ള ചെങ്ങന്നൂർ മണ്ഡലത്തിന്റെ ഭാഗമായിവരുന്ന കുളനടയോട് ചേർന്നുള്ള ഒരു പ്രദേശമായതു കൊണ്ടാണ് ഞാൻ ഇതുന്നയിക്കുന്നത്. ആ പാലം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇത്രയും കാര്യങ്ങളാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, നാല് പാലങ്ങളുടെ കാര്യങ്ങളാണ് ബഹുമാനപ്പെട്ട ചെങ്ങന്നൂർ മെമ്പർ ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ ഉന്നയിച്ചത്. അതിൽ ശബരിമലയിലേക്കുള്ള പ്രധാന പാലമായ പന്തളം പാലവും ഉൾപ്പെടും. ഈ നാല് പാലങ്ങൾക്കുംകൂടി 47 കോടി രൂപയുടെ സാങ്കേതികാനുമതിയാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. അദ്ദേഹം പറഞ്ഞതു പോലെതന്നെ കൈപ്പാലക്കടവ്, വഴിവാടിക്കടവ്, നെൽപ്പുരക്കടവ് എന്നീ പാലങ്ങൾക്കും ഒരു പൈസപോലും ബഡ്ജറ്റിൽ മാറ്റിവയ്ക്കാതെ എ.എസ്. നൽകുക മാത്രമാണ് കഴിഞ്ഞ സർക്കാർ ചെയ്തത്. എങ്കിലും അതിന്റെ പണിയുമായി മുന്നോട്ടുപോകുവാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ട്. പണിയാതിരിക്കുന്ന പ്രശ്നമുദിക്കുന്നില്ല. ആ എ.എസ്.-ൽ എല്ലാം അന്നത്തെ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി എഴുതി വയ്ക്കുന്നത്, " subject to the condition that concurrence of the Government should be obtained before tender" എന്നാണ്. എങ്കിലും അതിന്റെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. അതിൽ കൈപ്പാലക്കടവ് പാലത്തിന്റെ ഡിസൈൻ റിവൈസ് ചെയ്യുന്നതിനായി ചീഫ് എഞ്ചിനീയർക്ക് നൽകിയിരിക്കുകയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി മുന്നോട്ട് പോകുന്നതാണ്. വഴിവാടിക്കടവ് പാലത്തിന്റെ ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ട്. സാങ്കേതിക അനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു; അത് ലഭിക്കുന്ന മുറയ്ക്ക് ടി.എസ്. നൽകുന്നതാണ്. നെൽപ്പുരക്കടവ് പാലത്തിനുവേണ്ടി സ്ഥലത്തിന്റെ മണ്ണ് പരിശോധന നടക്കുന്നതേയുള്ളൂ. ഡിസൈൻ തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. പന്തളം പാലത്തെപ്പറ്റി അദ്ദേഹം പറഞ്ഞത് ശരിയാണ്. അതിന്റെ നിർമ്മാണ കാലാവധി 2017 വരെയുണ്ട്. ശബരിമല സീസൺ വരുന്നതുകൊണ്ട് വേഗത്തിൽ പണികൾ പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെയൊരു വ്യവസ്ഥ അവരുടെ കോൺട്രാക്ടിലുള്ളതല്ല. എങ്കിലും അവർ വേഗം ചെയ്യുന്നുണ്ട്. കഴിയുന്നതും ശബരിമല സീസൺ തുടങ്ങുന്ന നവംബർ 14-ന് മുമ്പുതന്നെ പണികൾ

തീർക്കുന്നതാണ്. അതിനായി ഉന്നതതല യോഗം വിളിച്ചു. അവർ നന്നായി പ്രവൃത്തികൾ നടത്തുന്നുണ്ട്. മൊത്തം 47 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ച ഈ പാലങ്ങളുടെയെല്ലാം പണി ചെയ്യാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

## (10) ക്ഷേമനിധിയും പെൻഷനും

ശ്രീ. റ്റി. വി. രാജേഷ് : സർ, കേരളത്തിലെ പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകളിൽ ഭൂരിപക്ഷവും റിപ്പോർട്ട് ചെയ്യുന്നത് പ്രാദേശിക മാധ്യമ പ്രവർത്തകരാണ്. കേരളത്തിൽ ഇരുപതിനായിരത്തോളം പ്രാദേശിക മാധ്യമ പ്രവർത്തകരുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഒരു സംഭവം നടന്നാൽ അവിടെ ആദ്യം എത്തുന്നതും വിശ്വസനീയമായ വിവരങ്ങൾ നൽകുന്നതും പ്രാദേശിക ലേഖകരാണ്. ഇവരിൽ മഹാഭൂരിപക്ഷവും ജേർണലിസം കോഴ്സുകൾ പഠിക്കാത്തവരോ പത്രമാധ്യമ പ്രവർത്തനങ്ങളുടെ ഔദ്യോഗിക സംവിധാനത്തിൽ ഉൾപ്പെടാത്തവരോ ആണ്. അതുകൊണ്ടുതന്നെ സ്ഥിരജോലി ലഭിക്കാനോ അതിന്റെ ഭാഗമായ ആനുകൂല്യങ്ങൾ നേടാനോ ഇവർക്ക് സാധിക്കുന്നില്ല. എന്നാൽ പത്രപ്രവർത്തനത്തിന്റെ കേന്ദ്ര സ്ഥാനത്ത് പ്രത്യേകിച്ചും പത്രവാർത്തകൾ സമാഹരിക്കുന്ന കാര്യത്തിൽ മുഖ്യമായ പങ്ക് വഹിക്കുന്നത് പ്രാദേശിക ലേഖകരാണ്. പ്രഥമവും പ്രധാനവുമായ പ്രവർത്തനം നടത്തുന്നവരാണ് ഈ പ്രാദേശിക ലേഖകർ. സംസ്ഥാനത്ത് പതിനായിരക്കണക്കിന് വരുന്ന പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് യാതൊരു പരിഗണനയും ലഭിക്കുന്നില്ല. ലൈനറായി തുടങ്ങി ലൈനറായിത്തന്നെ ജോലിയിൽനിന്നും വിരമിക്കേണ്ടിവരുന്ന ഇവരുടെ പരിതാപകരമായ ജീവിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. തുല്യജോലിക്ക് തുല്യ വേതനമില്ല. ഇവർക്ക് ലഭിക്കുന്നത് ആയിരം രൂപ മുതൽ പതിനായിരം രൂപ വരെയാണ്. ഇവർക്ക് സേവന വേതന വ്യവസ്ഥകളോ അവധികളോ ഇല്ല. അതുകൊണ്ട് ഇവർക്ക് ക്രമീകൃതമായ ഒരു വേതന വ്യവസ്ഥയുണ്ടാകണം. ഈ സ്ഥിതി കണക്കിലെടുത്തു കൊണ്ട് പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നതിന് സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

11.00 AM]

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ പ്രാദേശിക മാധ്യമ പ്രവർത്തകർ വളരെ പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിച്ച വിഷയങ്ങൾ വളരെ പ്രധാനപ്പെട്ടതും നമ്മുടെ പരിഗണനയ്ക്ക് വരേണ്ടതുമായ പ്രശ്നമാണ്. ഇതെല്ലാമാണെങ്കിലും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുമാത്രമേ നമുക്ക് പ്രവർത്തന പരിപാടികൾ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള ചട്ടങ്ങളുടെയും നിർവ്വചനത്തിന്റെയും പ്രവർത്തന രീതിയുടെയും അടിസ്ഥാനത്തിൽ

പ്രാദേശിക പത്രപ്രവർത്തകരെ 1993-ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. എന്നാൽ 2008-ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി എന്ന കേന്ദ്ര നിയമപ്രകാരം 2-2-2016-ലെ ജി.ഒ.(പി) നമ്പർ.24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് നിലവിലുണ്ട്. Working Journalists (Conditions of Service) and Miscellaneous Provisions Act, 1955-ന്റെ പരിധിയിൽ വരാത്തവരും ഫ്രീലാൻസ് പത്ര റിപ്പോർട്ടർ, stringer തുടങ്ങി പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമ പദ്ധതി മുഖാന്തരം റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, അപകടാനുകൂല്യം എന്നിവയ്ക്കും ഈ വിഭാഗത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1545-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VI റിപ്പോർട്ട് സമർപ്പണം

(1) 2016-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2016-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയ്ക്ക് കഴിഞ്ഞ ദിവസം പ്രസ്താവന നടത്താൻ അവസരം നൽകിയിരുന്നു. അതുപോലൊരു അവസരം ശ്രീ. വി. ഡി. സതീശനും നൽകുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ ഇതുസംബന്ധിച്ച് അങ്ങ് ഇന്നൊരു റൂളിംഗ് നൽകാമെന്ന് പറഞ്ഞിരുന്നു. ആ റൂളിംഗ് അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ചെയറിന്റെ ഭാഗത്തുനിന്ന് റൂളിംഗുണ്ടാകും. ചട്ടം 288 പ്രകാരം രണ്ട് ഭാഗത്തുള്ളവർക്കും രണ്ടുതവണ അവസരങ്ങൾ നൽകി. അതുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇനി സഭയിൽ ഒരു സംവാദത്തിന് സാദ്ധ്യതയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാനൊരു കാര്യം അങ്ങയോട് ആവശ്യപ്പെട്ടിരുന്നു. സഭയിൽ ചില വാക്കുകൾ ഉപയോഗിക്കാൻ പാടില്ലെന്ന് റൂളിൽ പറയുന്നുണ്ട്. ഒരു അംഗത്തിനെതിരായി ആരോപണം ഉന്നയിച്ചാൽ, അതിൽ ദുഃസൂചനയുള്ള വാക്കുകളുണ്ടെങ്കിൽ അത് പിൻവലിക്കാവുന്നതാണ്. ഇക്കാര്യം അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞു. ആയതിനാൽ അങ്ങയുടെ റൂളിംഗിൽ ഇക്കാര്യം കൂടി പരാമർശിക്കണം.

മി. സ്പീക്കർ : ഇക്കാര്യം തന്നെയാണ് പരിശോധിക്കാമെന്ന് പറഞ്ഞത്.

## VII നിയമനിർമ്മാണകാര്യം

(1) 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## VIII ക്രമപ്രശ്നം

(i) ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി : സർ, 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നതിന് ചട്ടം 69-ഉം 303-ഉം അനുസരിച്ച് ഞാൻ തടസ്സവാദം ഉന്നയിക്കുകയാണ്.

ഭരണഘടനയുടെ അനുച്ഛേദം 348(3) അനുസരിച്ച് ഗവർണറുടെ ആതറൈസേഷനോടുകൂടി പ്രസിദ്ധീകരിച്ച ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് നൽകേണ്ടതാണ്. അത് അംഗങ്ങൾക്ക് നൽകിയിട്ടില്ലെന്നാണ് എന്റെ അറിവ്. ബില്ലിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആന്റ് റീസൺസ് വളരെ ഡിഫക്ടീവാണ്. 2015-ലെ കേരള ധനകാര്യ 2-ാം നമ്പർ ആക്ട് പ്രകാരം കൊണ്ടുവന്ന ഭേദഗതി പിൻവലിക്കുമെന്ന് 2016 ജൂലൈ 8-ാം തീയതിയിലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. 2014-15 ബഡ്ജറ്റിലെ പാരഗ്രാഫ് 63-ൽ 'ഫിനാൻസ് ബില്ലിന്റെ ഭാഗമായി നെൽവയൽ നികത്തുന്നതിന് കൊണ്ടുവന്ന വ്യവസ്ഥകൾ റദ്ദാക്കും' എന്ന് പറയുന്നുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 3 എ വകുപ്പ് നെൽവയൽ നികത്തുന്നതിനു വേണ്ടിയുള്ളതല്ല. അതിനാൽ ബില്ലിന്റെ ഒബ്ജക്ട്സ് ആന്റ് റീസൺസിൽ പറഞ്ഞിരിക്കുന്ന വിവരണം ശരിയല്ല. ചട്ടം 77 അനുസരിച്ച് ബില്ലിന്റെ തത്വത്തെ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുവാൻ സാദ്ധ്യമല്ലെന്ന് എനിക്കറിയാം. മൂന്നാം വകുപ്പ് ഒഴിവാക്കൽ സംബന്ധിച്ച വ്യവസ്ഥയിൽ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണുള്ളത്. അത് ശരിയല്ല. നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ 3 എ വകുപ്പിലുള്ളത് പ്രസ്തുത നിയമം വരുന്നതിനുമുമ്പ് നെൽവയൽ പരിവർത്തനം ചെയ്യുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കി

ക്രമവൽക്കരിക്കാമെന്നാണ്. നെൽവയൽ നികത്തുന്നതിന് യാതൊരു വ്യവസ്ഥയും ബഡ്ജറ്റ് പ്രസംഗത്തിലോ ധനകാര്യ ബില്ലിലോ ഇല്ല. 2009-10-ലെ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 196-ാം പാരഗ്രാഫിൽ, നിലം നികത്തുമ്പോൾ നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കി റെഗുലറൈസ് ചെയ്തുകൊടുക്കുമെന്നും അതിനുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തുമെന്നും പറയുന്നുണ്ട്. 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതേ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അറിയിച്ചത് 2008-ന് മുമ്പ് പുരയിടമായി രൂപാന്തരപ്പെടുത്തിയ നിലങ്ങളെ റവന്യൂ രേഖകളിൽ റെഗുലറൈസ് ചെയ്യുന്നതിന് ഫീസ് ഈടാക്കുമെന്നാണ്. എൽ.ഡി.എഫ്. സർക്കാർ അവസാന ഘട്ടത്തിലാക്കിയ റെഗുലറൈസേഷൻ യു.ഡി.എഫ്. സർക്കാർ പൂർത്തിയാക്കി നടപ്പിലാക്കിയെന്ന് മാത്രമേയുള്ളൂ. ഈ വ്യവസ്ഥ പിൻവലിക്കുന്നതിനുള്ള ഉദ്ദേശ്യകാരണം ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.

### (ii) ബില്ലിലെ 3(എ) വകുപ്പ് ഒഴിവാക്കിക്കൊണ്ട് ആക്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ : സർ, ഈ നിയമത്തിലെ ക്ലോസ് 3-ൽ ഒഴിവാക്കൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ന്യായവിലയുടെ 25 ശതമാനം ഈടാക്കി ഇത് റെഗുലറൈസ് ചെയ്യുന്നതിനുള്ള 3 (എ) ഭേദഗതി കഴിഞ്ഞ സർക്കാർ നിയമത്തിന്റെ ഭാഗമാക്കി ഫിനാൻസ് ബില്ലിൽ കൊണ്ടുവന്ന് നടപ്പാക്കിത്തുടങ്ങി. അതോടുകൂടി ഏകദേശം ഒരു ലക്ഷത്തോളം ആളുകൾ ഇത് റെഗുലറൈസ് ചെയ്ത് കിട്ടുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് കുറച്ച് ആളുകൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുക, പിഴശിക്ഷ നൽകുക തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമം നടന്നുകൊണ്ടിരിക്കുകയാണ്. ക്ലോസ് 3-ൽ പറയുന്നത് അങ്ങനെ ഏതെങ്കിലും അവകാശമോ ബാദ്ധ്യതയോ ഉണ്ടെങ്കിൽ അത് നിലനിൽക്കുമെന്നാണ്. ഇപ്പോൾ അപേക്ഷ നൽകിയിരിക്കുന്നതും നടപടിക്രമങ്ങൾ ആരംഭിച്ചതുമായ കേസുകളെല്ലാം തുടരും. എന്നുപറഞ്ഞാൽ, അപേക്ഷ നൽകിയിരിക്കുന്ന ഒരുലക്ഷത്തോളം പേർക്ക് അത് റെഗുലറൈസ് ചെയ്ത് കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടരുമെന്നാണ്. 3 എ ഒരു വശത്ത് ഒഴിവാക്കുകയും മറുവശത്ത് ആരംഭിച്ചിരിക്കുന്ന പ്രോസസ് തുടരുകയും ചെയ്യുമെന്നാണ് ക്ലോസ് 3-ൽ പറഞ്ഞിരിക്കുന്നത്. ഇപ്പോൾ നൽകിയിരിക്കുന്ന ഒരു ലക്ഷത്തോളം ആളുകളുടെ അപേക്ഷകൾ പരിശോധിച്ചശേഷം അത് റെഗുലറൈസ് ചെയ്യാൻ സാധിക്കുന്നതാണെങ്കിൽ

25 ശതമാനം തുക അടപ്പിച്ച് അവരെ റെഗുലറൈസ് ചെയ്യിപ്പിക്കും. അതിനർത്ഥം ഇനിയുള്ളവർക്ക് അതിനുള്ള അവസരം ലഭിക്കുകയില്ലെന്നതാണ്. കുറച്ചുപേർക്ക് ശിക്ഷ നൽകിയിട്ടുണ്ട്, ഇനിയുള്ള ആളുകൾക്ക് ഇതുസംബന്ധിച്ച് ശിക്ഷ ഉണ്ടാകില്ല എന്നാണ്. ഇവിടെ എല്ലാവർക്കും തുല്യ അവകാശമാണ്. സർക്കാർ കുറച്ച് ആളുകളുടെ ഭൂമി റെഗുലറൈസ് ചെയ്ത് കൊടുക്കുകയും ഒരു സുപ്രഭാതത്തിൽ നിയമം കൊണ്ടുവന്ന് ബാക്കിയുള്ളവർക്ക് അത് നൽകുകയില്ലെന്ന് പറയുന്നത് ആർട്ടിക്കിൾ 14-ന്റെ കൃത്യമായ വയലേഷനാണ്. ഇത് ക്ലിയർ കേസ് ഓഫ് ഡിസ്ക്രിമിനേഷനാണ്. ഒരു കാരണവശാലും ക്ലോസ് 3 നിയമപരമായി നിലനിൽക്കുന്നതല്ല. 3 എ-യുടെ ഉദ്ദേശ്യകാരണങ്ങളിൽ പറയുന്നതിന് നേരെ വിരുദ്ധമായ കാര്യങ്ങളാണ് ക്ലോസ് 3-ൽ പരാമർശിക്കുന്നത്. 3 എ-ലെ ഉദ്ദേശ്യകാരണങ്ങളിൽ ഈ ബിൽ കൊണ്ടുവരുന്നതിനുള്ള ഉദ്ദേശ്യശുദ്ധിയെത്തന്നെ കളങ്കപ്പെടുത്തുന്ന തരത്തിലാണ് ക്ലോസ് 3 ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഇത് ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവുമാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ ഉന്നയിച്ച തടസ്സവാദം ശരിയല്ല. ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. 2016 ജൂലൈ 8-ാം തീയതി അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ നെൽവയൽ നികത്തുന്നതിന് ഫിനാൻസ് ബില്ലിന്റെ ഭാഗമായി കൊണ്ടുവന്ന വ്യവസ്ഥകൾ റദ്ദാക്കുമെന്ന് പറഞ്ഞിരുന്നു. 2014-15-ലെ ബഡ്ജറ്റിന് അനുസൃതമായി 2015-ലെ ധനകാര്യ ആക്റ്റിൽ കൊണ്ടുവന്ന ഭേദഗതി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ 3 എ വകുപ്പാണ്. പ്രസ്തുത വകുപ്പ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് നെലൽവയലുകൾ രൂപാന്തരപ്പെടുത്തുകയോ പരിവർത്തനപ്പെടുത്തുകയോ ചെയ്തിട്ടുള്ള സംഗതിയിൽ ആയത് ക്രമവൽക്കരിച്ച് നൽകുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതാണ്. പ്രസ്തുത വകുപ്പ് റദ്ദാക്കുമെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ഉദ്ദേശിച്ചിരുന്നത്. അതനുസരിച്ച് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ 3 എ വകുപ്പ് ഒഴിവാക്കുന്നതിനാണ് 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അതനുസരിച്ചുള്ള കാര്യങ്ങളാണ് പ്രസ്തുത ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ വിവരിച്ചിരിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തടസ്സവാദത്തിന് യാതൊരു പ്രസക്തിയുമില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച തടസ്സവാദത്തിന് ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഒരു കാര്യം, 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ മൂന്നാം ഖണ്ഡത്തിൽ നെൽവയലിന്റെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമാക്കി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ള സംഗതികളിൽ അപ്രകാരമുള്ള ക്രമവൽക്കരണം സാധുവാക്കുന്നതിനുതകുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിൽ യാതൊരാൾക്കും നിയമത്തിന്റെ മുമ്പാകെ സമത്വമോ നിയമങ്ങളുടെ സംരക്ഷണമോ നിഷേധിക്കാൻ പാടുള്ളതല്ലെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതനുസരിച്ചുള്ള വ്യവസ്ഥയാണ് മൂന്നാം ഖണ്ഡത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3 എ വ്യവസ്ഥയ്ക്കനുസൃതമായി 93,058 അപേക്ഷകൾ ലഭിച്ചു. പ്രസ്തുത അപേക്ഷകളിൽ 56 അപേക്ഷകൾ അർഹമായതാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് ക്രമവൽക്കരണം അനുവദിച്ച് നൽകിയിരുന്നത്. മറ്റുള്ള അപേക്ഷകൾ ഏതെങ്കിലും തരത്തിൽ അർഹതയില്ലാതിരുന്നതിനാലാണ് ക്രമവൽക്കരണം അനുവദിച്ച് നൽകാതിരുന്നത്. അങ്ങനെയുള്ളവർക്ക് 3 എ വകുപ്പ് നീക്കം ചെയ്തുകൊണ്ടുള്ള ഭേദഗതി ബിൽ പാസ്സാക്കുന്നതോടെ ക്രമവൽക്കരണത്തിന് അർഹതയില്ലാതാകുന്നതാണ്. ഒരു വ്യവസ്ഥ നിലനിൽക്കുമ്പോൾ ആർജ്ജിച്ച് കഴിയുന്ന അവകാശം നിലനിർത്തുകയും പ്രസ്തുത വ്യവസ്ഥ നീക്കം ചെയ്യുമ്പോൾ അതിനനുസൃതമായി ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്നത് ആർട്ടിക്കിൾ 14-ന് എതിരാവുകയില്ല. അതിനാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന തടസ്സവാദത്തിന് യാതൊരു പ്രസക്തിയുമില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, അർഹതയുള്ളത് മാത്രം പരിശോധിച്ച് നൽകി. ബാക്കിയുള്ളവ അർഹതയില്ലാത്തതെന്നാണ് പറയുന്നത്. 93,000 അപേക്ഷകൾ പരിശോധിച്ചിട്ടില്ല, സ്ക്രൂട്ടിണി നടത്തിയിട്ടില്ല. എല്ലാം പെൻഡിംഗ് കേസുകളാണ്. പരിശോധിച്ചു എന്നുപറയുന്നത് വസ്തുതാപരമായി തെറ്റാണ്. ഒരു തരത്തിലുള്ള പരിശോധനയും നടത്തിയിട്ടില്ല. നിയമത്തിനുമുന്നിൽ എല്ലാവരും തുല്യരാണ്. കുറച്ചുപേർക്ക് കൊടുക്കുന്നു, കുറച്ച് പേർക്ക് കൊടുക്കില്ല എന്നുപറയുന്നത് ആർട്ടിക്കിൾ 14-ന്റെ വയലേഷനാണ്. അതാണ് എന്റെ തടസ്സവാദം. അദ്ദേഹം അതിനല്ല മറുപടി നൽകിയത്.

## IX റൂളിംഗ്

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാട് ഇവിടെ വിശദീകരിച്ചു. ചട്ടപ്രകാരം ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ ചട്ടത്തിൽ ഭേദഗതി വരുന്നതോടുകൂടി നഷ്ടപ്പെടുന്നത് ആർട്ടിക്കിൾ 14-ൽ വരില്ല എന്നുള്ളതാണ് അദ്ദേഹത്തിന്റെ നിലപാട്. ഇതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാൻ ഇനിയും അവസരമുണ്ട്.

2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണത്തിനെതിരെ ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളാണ് ഇവിടെ തടസ്സവാദങ്ങൾ ഉന്നയിച്ചത്. ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അതിന് മറുപടി പറയുകയും ചെയ്തു. ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ ലഭ്യമായിട്ടില്ലെന്ന് ശ്രീ. കെ. എം. മാണി ഉന്നയിച്ച വാദം ചെയർ പരിശോധിച്ചു. ആയത് ശരിയാണെന്ന് കാണുന്നില്ല. ഈ ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ 1-11-2016-നുതന്നെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വസ്തുതയുടെ അടിസ്ഥാനത്തിലും ഉന്നയിക്കപ്പെട്ട മറ്റ് തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ആർട്ടിക്കിൾ 14-ന്റെ ലംഘനവുമായി ബന്ധപ്പെട്ട പ്രശ്നവും ഭരണഘടനാവിരുദ്ധമായ പ്രൊവിഷൻ സംബന്ധിച്ചുള്ള പ്രശ്നവും സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിക്കാവുന്നതാണെന്ന സാഹചര്യത്തിലും തടസ്സവാദം നിലനിൽക്കില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

### നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ : ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, അങ്ങേക്ക് 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കേരളത്തിലെ ഭൂമിയും നെൽപ്പാടങ്ങളും സംരക്ഷിക്കുക, ഭക്ഷ്യസുരക്ഷ കൈവരിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, സംസ്ഥാനത്തിന്റെ സുസ്ഥിരവും യഥാർത്ഥവുമായ വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയ കാഴ്ചപ്പാടുകളോടെയാണ് 12-ാം കേരള നിയമസഭ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത്. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ട് 60 വർഷങ്ങൾ പൂർത്തിയാകുന്ന വേളയിൽ സംസ്ഥാനത്തിന് നഷ്ടപ്പെട്ട വയലുകളുടെ കണക്ക് ഞെട്ടിപ്പിക്കുന്നതാണ്. എന്നാൽ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി കൃഷി ഭൂമി ഒരു ഉൽപ്പാദനോപാധി എന്നതിൽനിന്ന് മാറി വിൽപ്പന ചരക്കായതിന്റെ ഫലമായി അതിവേഗത്തിലാണ് നെൽവയലുകൾ നികത്തപ്പെട്ടുകൊണ്ടിരിക്കുന്നത്. വലിയ പാരിസ്ഥിതിക ദുരന്തത്തിലേക്കും കുടിവെള്ള ക്ഷാമത്തിലേക്കും ഭക്ഷ്യ ദൗർലഭ്യത്തിലേക്കും നാം പോയ്ക്കൊണ്ടിരിക്കുകയാണ്. കൃഷി ഭൂമിയുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന നിയമങ്ങളിലെ അപര്യാപ്തത പരിഹരിച്ചുകൊണ്ടാണ് പരിസ്ഥിതിയുടെയും കൃഷിയുടെയും സമഗ്ര സംരക്ഷണം ഉറപ്പാക്കികൊണ്ട് 2008-ലെ നിയമം സഭ പാസ്സാക്കിയത്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനകാര്യ ബില്ലിന്റെ ഭാഗമായ 3 എ വകുപ്പ് 2008-ലെ നിയമത്തിലെ ലക്ഷ്യപ്രാപ്തിയെ അപകടപ്പെടുത്തുന്നതാണ്. 2008-നുമുമ്പ് നികത്തപ്പെട്ട ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനം ഈടാക്കിക്കൊണ്ട് ക്രമവൽക്കരിച്ചു കൊടുക്കാനുള്ള വ്യവസ്ഥയാണ് ഇതിലൂടെ കൊണ്ടുവന്നത്. ഈ അവസരം ഉപയോഗിച്ച് നികത്തപ്പെട്ട വയലുകളെ ക്രമവൽക്കരിച്ച് നൽകാനായി 93,088 അപേക്ഷകളാണ് സംസ്ഥാനത്താകെ ലഭിച്ചത്. ഇതിൽ ക്രമവൽക്കരിച്ച് നൽകിയത് 86 അപേക്ഷകളാണ്. അതുതന്നെ 26.7954 ഹെക്ടർ ഭൂമിയാണ്. മുഴുവൻ അപേക്ഷകളുടെയും കണക്ക് പരിശോധിച്ചാൽ ഏകദേശം 45,000-ത്തിൽപ്പരം ഏക്കർ ഭൂമിയുണ്ട്. ഈ നിയമം അടിസ്ഥാനപ്പെടുത്തി നിലവിലുണ്ടായിരുന്ന നിയമത്തെ ദുരുപയോഗം ചെയ്യുന്നതിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. 2008-ന് മുമ്പുള്ളതാണെന്ന് പറയുന്നുണ്ടെങ്കിലും 2008-നുശേഷം നികത്തിയ സ്ഥലങ്ങൾ ഇതിൽ ഉൾപ്പെടില്ലെന്ന് ഒരു ഉറപ്പുമില്ല. ഈ സ്ഥിതി ഒരു നിമിഷംപോലും ഇവിടെ തുടരാൻ പാടില്ല. 2015-ൽ ധനകാര്യ ബില്ലിലൂടെ 3 എ വകുപ്പ് സഭയിൽ കൊണ്ടുവന്ന വേളയിൽ ഇത് വളരെ അപകടകരമായൊരു സാഹചര്യത്തിലേക്ക് നയിക്കുമെന്ന് അന്ന് ഭരണപക്ഷത്തുണ്ടായിരുന്നവർ ചൂണ്ടിക്കാണിച്ചിരുന്നു. അവർ ഭയപ്പെട്ടതുപോലെ സംഭവിച്ചിരിക്കുകയാണ്. സഭയുടെയും സർക്കാരിന്റെയും സമൂഹത്തിന്റെയും പൊതുവികാരമാണ് സുശക്തമായ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവും അതിന്റെ പരിപാലനവും. ആ ബാദ്ധ്യത നിറവേറ്റാനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസിനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 2016-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അങ്ങ് ഇവിടെ സൂചിപ്പിച്ചതിനേക്കാൾ കുറച്ചുകൂടി വ്യത്യസ്തമാണ് ഇതിന്റെ പശ്ചാത്തലം. 2009-10 സാമ്പത്തിക വർഷത്തെ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗമാണ് എന്റെ കയ്യിലിരിക്കുന്നത്. അതിലെ ഖണ്ഡിക നമ്പർ. 196-ൽ 'Conversion of paddy lands is statutorily prohibited in the State. Government is authorized to grant permission for conversion in urban areas and in other areas for compelling reasons.' എന്നിങ്ങനെ പറഞ്ഞ് ഇതിനെ രൂപഭേദപ്പെടുത്തുന്നതിനു വേണ്ടി ഗവൺമെന്റ് തീരുമാനമെടുത്തു. അത് 2008-09-ലെ ബഡ്ജറ്റ് സ്പീച്ചിൽ വരികയും ചെയ്തു. 2007-ൽ ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും 2008-ൽ ഈ നിയമം പ്രാബല്യത്തിൽ വരികയും ചെയ്തു. ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 2008-09-ലെ ബഡ്ജറ്റ് സ്പീച്ചിൽ ഡോ. ടി. എം. തോമസ് ഐസക് സ്വീകരിച്ച നിലപാടാണിത്. അദ്ദേഹത്തിന്റെ വ്യക്തിപരമായ നിലപാടാണെന്ന് ഞാൻ പറയുന്നില്ല. കാരണം ബഡ്ജറ്റ് സ്പീച്ചാകുമ്പോൾ സ്വാഭാവികമായും സർക്കാർ പൂർണ്ണമായി, നയപരമായി അംഗീകരിച്ചിട്ടുള്ള ഡോക്യുമെന്റാണ്. 2010 മാർച്ച് മാസം 5-ാം തീയതി 2010-11-ലെ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് വീണ്ടും ഈ കാര്യം ബഡ്ജറ്റ് സ്പീച്ചിലെ 245-ാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുണ്ട്. 2008-നുമുമ്പ് പുരയിടമായി രൂപാന്തരപ്പെടുത്തിയ നിലങ്ങളെ റവന്യൂ രേഖകളിൽ റെഗുലറൈസ് ചെയ്യുന്നതിന് ഫീസ് ചുമത്തുമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതുസംബന്ധിച്ചുള്ള തീരുമാനം അവസാനഘട്ടത്തിലാണ്. പുതുതായി നിശ്ചയിച്ചിട്ടുള്ള ന്യായവിലയുടെ നിശ്ചിത ശതമാനമാണ് ഫീസായി ചുമത്തുക. പുരയിടമാക്കി മാറ്റിയതിന്റെ ഫലമായി വലിയ സാമ്പത്തിക നേട്ടം ഉടമസ്ഥർക്ക് ലഭിച്ചിട്ടുണ്ട്. അതിലൊരു ഭാഗം പൊതുനന്മയ്ക്കുവേണ്ടി സമാഹരിച്ചേ മതിയാകൂ. അതുകൊണ്ട് ഫീസ് ഈടാക്കി കൺവർഷൻ റെഗുലറൈസ് ചെയ്ത് നൽകുന്നതിന് വീണ്ടും തീരുമാനമെടുത്തു. ആ തീരുമാനവും നയപരമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി അംഗീകരിച്ചു. അന്നത്തെ ക്യാബിനറ്റ് അംഗീകരിക്കുകയും

നിയമസഭയിൽ ബഡ്ജറ്റ് സ്പീച്ചായി വരികയും ചെയ്തു. ബഡ്ജറ്റ് സ്പീച്ച് ബഡ്ജറ്റിന്റെ ഭാഗമാണ്. ആ relevant document-ഉം ഇതുതന്നെയാണ് പറയുന്നത്. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയത്തിന്റെ അടിസ്ഥാനത്തിലെടുത്ത തീരുമാനമാണെന്നാണ് മനസ്സിലാകുന്നത്. 3 എ വകുപ്പിന്റെ ഉടമസ്ഥാവകാശം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുതന്നെയാണ്. ആ ഉത്തരവാദിത്വം മറ്റുള്ള ആളുകളിലേക്ക് ചാർത്തിക്കൊടുക്കുന്നത് ശരിയല്ല. കൃഷി സ്ഥലങ്ങൾ കുറഞ്ഞുവരികയാണെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. ഡാറ്റാ കാണിക്കുന്നത് അങ്ങനെ തന്നെയാണ്. 8 ലക്ഷം ഏക്കർ സ്ഥലത്ത് നെൽക്കൃഷി ചെയ്തിരുന്നത് ഇപ്പോൾ 2 ലക്ഷത്തോളമായി കുറഞ്ഞിട്ടുണ്ട്. അങ്ങനെ കുറയാനുള്ള കാരണങ്ങൾ എന്താണ്? കൃഷി സ്ഥലങ്ങൾ പരിവർത്തനം നടത്തപ്പെടുന്നത് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണം. അതിനായി ഗവൺമെന്റ് ഏത് നിലപാട് സ്വീകരിക്കുന്നതിനോടും വിയോജിപ്പില്ല. പക്ഷേ 3 എ വകുപ്പിന്റെ കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു ഉത്തരവാദിത്വവുമില്ല എന്നുപറഞ്ഞ് കൈകഴുകാൻ ശ്രമിക്കരുത്. രണ്ട് തെളിവുകളുമായാണ് ഞാൻ അങ്ങയെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നത്. നമുക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളുമുണ്ടാകണം. വെള്ളം ലഭിക്കാതെ കൃഷി ചെയ്യാൻ സാധിക്കുമോ? തോടുകൾ, കുളങ്ങൾ, ചാലുകൾ എന്നിവയെല്ലാം നികത്തി. ജലസേചന സൗകര്യം നൽകുന്നതിനായി എന്തെങ്കിലും നടപടികളുണ്ടോ? നാട്ടിലെ നെൽക്കൃഷി വികസിപ്പിക്കുന്നതിന് എല്ലാ നടപടികളുമുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു. തരിശ്ശായിക്കിടന്ന ഭൂമിയിൽ കൃഷി നടത്തിയിട്ടുണ്ടെന്ന് നിയമസഭയിൽ കൃഷി വകുപ്പുമന്ത്രി പറഞ്ഞിരുന്നു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് എത്ര ലക്ഷം രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്? കേരളത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എത്ര സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്? കേരളത്തിലെ വലിയ നെൽപ്പാടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മിക്ക ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പ്രവർത്തിക്കുന്നില്ല. മോട്ടോർ, പമ്പ് തുടങ്ങിയവയൊന്നും പ്രവർത്തിക്കുന്നില്ല. ഭൂമിയുണ്ടായാൽ മാത്രം കൃഷി ചെയ്യാൻ സാധിക്കുമോ? കൃഷി നടത്തണമെങ്കിൽ അതിനുള്ള പരിസ്ഥിതി വേണം. ഇതിൽ ജലസേചനം വളരെ പ്രധാനപ്പെട്ടതാണ്. പക്ഷേ, ദൗർഭാഗ്യവശാൽ ഇവിടെ നടന്ന ചർച്ചയിൽ ഒരു രൂപ പോലും അധികമായി ഈ മേഖലയിൽ ചെലവഴിച്ചതായി കാണുന്നില്ല. ഇത്തരം സൗകര്യങ്ങൾ നിലനിർത്തുന്നതിനുവേണ്ടി ഒരു നടപടിയുമുണ്ടാകുന്നില്ല. നെൽക്കൃഷി വികസിക്കണമെങ്കിൽ നമ്മൾ എന്താണ് ചെയ്യേണ്ടത്? അങ്ങ് പറഞ്ഞ എല്ലാ ആർഗ്യുമെന്റിനോടും ഞാൻ യോജിക്കുകയാണ്. കൃഷി വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം, കർഷകരെ

സംരക്ഷിക്കണം. അതിനൊക്കെ അടിസ്ഥാനമായി നെൽവയലുകൾ സംരക്ഷിക്കാൻ ശ്രമിക്കണം. നെൽവയൽ എന്നുപറയുന്ന ഭൂമി മാത്രം സംരക്ഷിക്കുന്ന എന്ന ഭാവേന എന്തെങ്കിലും നടപടി സ്വീകരിച്ചാൽ നെല്ലുൽപ്പാദനം നടക്കുകയില്ല. അവിടെ കൃഷി നടക്കണമെങ്കിൽ അനുബന്ധമായുള്ള എല്ലാ സൗകര്യങ്ങളുമുണ്ടാകണം. ഞാൻ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കൺസ്ട്രക്ഷൻ ഭാഗത്തേക്ക് കടക്കുന്നില്ല. അത് അങ്ങുമായി നേരിട്ട് ബന്ധമുള്ള ഭാഗമല്ല. അവിടെ ഇറിഗേഷനുവേണ്ടിയുള്ള വാട്ടർ മാനേജ്മെന്റുണ്ടോ; കർഷക സമിതികളുണ്ടോ; കൃഷിയിറക്കുന്നതിനുവേണ്ടി ഒരു ടൈം ടേബിളുണ്ടോ; അതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഒന്നും ചെയ്തിട്ടില്ല, ഒരു ചാലുവെട്ടി അതിൽക്കൂടി വെള്ളം ഒഴുക്കിയാൽ എല്ലായിടത്തും കൃഷിയാകുമെന്നുള്ള ഏതോ ഒരു സങ്കൽപ്പത്തിലാണ് നമ്മൾ. നിലവിലുള്ള നെൽക്കൃഷി കൂടി ഇല്ലാതാകുകയും ഇടവിളകൾ കൃഷി ചെയ്യുകയും ചെയ്യുന്നു. അവിടെ വാഴക്കൃഷിയും പച്ചക്കറി കൃഷിയുമാണ് നടത്തുന്നത്. നെൽക്കൃഷി താരതമ്യേന കുറഞ്ഞുവരുന്നു. അങ്ങ് കല്ലട ഇറിഗേഷൻ പ്രോജക്ട് പരിശോധിക്കണം. മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് വളരെ പ്രധാനപ്പെട്ടതാണ്. ഇത്രയും വർഷങ്ങളായിട്ടും അതിന്റെ സബ്കനാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. വർഷങ്ങളായി എന്നുപറയുമ്പോൾ നിങ്ങളുടെയും സർക്കാർ ഇല്ലായിരുന്നോ എന്ന് എന്നോട് തിരിച്ച് ചോദിച്ച് രക്ഷപ്പെടാൻ ശ്രമിക്കരുത്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സബ്കനാൽ നിർമ്മാണം ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതൊന്നുമില്ലാതെ അവിടെ നെൽക്കൃഷി ചെയ്യാൻ സാധിക്കുമോ? നെൽക്കൃഷി ചെയ്യണമെങ്കിൽ നമ്മുടെ മൈൻഡ്സെറ്റ് മാറണം. നെൽക്കൃഷി ചെയ്യാനാവശ്യമായ സമീപനം സ്വീകരിക്കാൻ കഴിയണം. അല്ലാതെ നെൽക്കൃഷിയെക്കുറിച്ച് വാനോളം പറയുകയും അതിനാവശ്യമായ അടിസ്ഥാന സൗകര്യം നൽകാതിരിക്കുകയും ചെയ്താൽ ഏട്ടിലെ പശു പുല്ല് തിന്നുകയില്ല എന്നുപറയുന്നതു പോലെ ഒരു കൃഷിയും മുന്നോട്ട് പോകില്ല.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നെൽക്കൃഷിയെക്കുറിച്ചാണ് ഇവിടെ വിശദീകരിക്കുന്നത്. കഴിഞ്ഞ ആഴ്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും മറ്റുചില അംഗങ്ങളുമായി ആറന്മുളയിൽ കൃഷിയിറക്കുകയുണ്ടായി. ആറന്മുള എയർപോർട്ടിനുവേണ്ടി എടുത്ത സ്ഥലത്താണ് കൃഷിയിറക്കിയതെന്നാണ് നേരത്തെ അറിഞ്ഞിരുന്നത്. എന്നാൽ അവിടെ എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി എടുത്ത രണ്ടേക്കർ സ്ഥലത്താണ്

കൃഷിയിറക്കിയിരിക്കുന്നതെന്നാണ് വാർത്തകൾ വന്നുകൊണ്ടിരിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജിനുവേണ്ടിയുള്ള രണ്ടേക്കർ സ്ഥലവും എയർപോർട്ടിനുവേണ്ടി എടുത്തിട്ടുള്ള സ്ഥലവും നികത്തുന്നതിനുള്ള അനുമതി നൽകിയത് ആരാണെന്ന് അങ്ങേക്ക് അറിയാമോ? അവിടത്തെ ഭൂമി നികത്തുന്നതിന് നടപടിയെടുക്കാൻ അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. കെ. സി. രാജഗോപാലൻ മുഖ്യമന്ത്രിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അതിൽത്തന്നെ കുറിപ്പെഴുതി ജില്ലാ കളക്ടർ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന ഉത്തരവ് കൊടുത്തത് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. അത് അങ്ങേക്കറിയാമോ; അതുസംബന്ധിച്ച എന്തെങ്കിലും കാര്യങ്ങൾ അങ്ങ് ഉൾക്കൊണ്ടിട്ടുണ്ടോ; ഇപ്പോൾ അവിടെ കൃഷിയിറക്കിയത് അങ്ങ് അറിഞ്ഞിട്ടുണ്ടോ എന്നുകൂടി പറയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ആ സമയത്ത് അടൂർ എം.എൽ.എ. ആണ്. ഈ സ്ഥലം അവിടെനിന്ന് വളരെ ദൂരമില്ല, എനിക്കതെല്ലാം കൃത്യമായി അറിയാം. ആ കത്ത് എഴുതിയതും കത്തിൽ അന്നത്തെ മുഖ്യമന്ത്രി ഒപ്പിട്ടുകൊടുത്തതും അറിയാം. ആ കത്തിന്റെ ഫോട്ടോകോപ്പി ഈ സഭയിലെ തന്നെ പല അംഗങ്ങളുടെയും കയ്യിലുണ്ട്. അതുകൊണ്ട് ഈ ഡോക്യുമെന്റിൽനിന്ന് സർക്കാരിന് ഒഴിവാകാൻ കഴിയുമോ? ആറന്മുള എയർപോർട്ടിനുവേണ്ടി എടുത്ത സ്ഥലത്താണ് കൃഷിയിറക്കിയതെന്നാണ് ഞാൻ കരുതിയത്, എന്നാൽ എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി എടുത്ത സ്ഥലത്താണ് കൃഷിയിറക്കിയത് എന്നത് എനിക്ക് പുതിയ അറിവാണ്.

മി. സ്പീക്കർ : അങ്ങ് ചെയറിനോട് സംസാരിക്കണം.

ശ്രീമതി വീണാ ജോർജ്ജ് : സർ, ഇവിടെ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ആറന്മുളയിൽ കൃഷിയിറക്കിയതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയരുതെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്ന് വിത്തെറിഞ്ഞത് ഒരു സ്വകാര്യ കർഷകന്റെ ഒന്നരയേക്കർ സ്ഥലത്താണ്. .....(ബഹളം).... അതിലെന്താണ് തെറ്റ്. തരിശു പാടങ്ങളിൽ കൃഷിയിറക്കണമെന്നുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയവുമായി ബന്ധപ്പെട്ടാണത്. അതോടൊപ്പം 56 ഹെക്ടർ സ്ഥലത്താണ് ആദ്യം കൃഷിയിറക്കാൻ തീരുമാനിച്ചത്. ഇപ്പോൾ 240 ഏക്കർ സ്ഥലത്ത് കൃഷിയിറക്കുന്നുണ്ട്. അതിൽ പദ്ധതി പ്രദേശവുമുണ്ട്. ഒരു സംശയവുമില്ല. ബഹുമാനപ്പെട്ട അടൂർ പ്രകാശ് എം.എൽ.എ.ക്ക് അവിടം സന്ദർശിക്കാവുന്നതാണ്. പദ്ധതി പ്രദേശത്തെ 70 ഏക്കർ സ്ഥലത്ത് കൃഷിയിറക്കുന്നുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇവിടെ തർക്കമില്ല. കൃഷിയിറക്കിയത് ആറന്മുള എയർപോർട്ടിനുവേണ്ടി എടുത്ത സ്ഥലത്തല്ലെന്ന് ശ്രീ. അടൂർ പ്രകാശ് പറയുന്നു, സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് കൃഷിയിറക്കിയതെന്ന് ശ്രീമതി വീണാ ജോർജ്ജ് സമ്മതിക്കുന്നു. അതിൽ തർക്കമില്ലല്ലോ. എന്തിനാണ് ആവശ്യമില്ലാത്ത തർക്കം കൊണ്ടുവരുന്നത്. രണ്ട് കൂട്ടരും ഒരേ അഭിപ്രായത്തിൽത്തന്നെയാണ്, അത് നന്നായി. ഒരു തർക്കവുമില്ലാത്ത കാര്യമാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, അങ്ങ് നെൽക്കൃഷി കുറഞ്ഞു വരുന്നതിനെക്കുറിച്ച് വളരെ ഗൗരവമായി പറഞ്ഞു. യഥാർത്ഥ പ്രശ്നം, ഒരു കർഷകൻ പത്തേക്കറിൽ നെൽകൃഷിയിറക്കിയാൽ മാസം 5,000 രൂപ പോലും വരുമാനം ലഭിക്കുന്നില്ല. ഒരു ക്ലാസ്സ് ഫോർ ജീവനക്കാരന്റെ വരുമാനം പോലും കിട്ടാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് നെൽക്കൃഷി വർദ്ധിപ്പിക്കാനുള്ള പ്രോത്സാഹനം നൽകുകയല്ലേ വേണ്ടത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ പറഞ്ഞുവന്നതിന്റെ തുടർച്ചയാണ് അങ്ങ് ചേർത്തത്. നെൽക്കൃഷിയാണ് നന്നാക്കേണ്ടതെങ്കിൽ നെൽ കർഷകനെ സഹായിക്കുന്നതിനുള്ള നടപടി വേണം. അതിന് നെൽക്കർഷകർ അനുഭവിക്കുന്ന വിഷമങ്ങളറിയണം. അതിൽ ഒന്നാമത്തേതാണ് വെള്ളത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചത്. നേരത്തെ സൂചിപ്പിച്ചതുപോലെ, അതുസംബന്ധിച്ചുള്ള പ്രോജക്ടിനെ അങ്ങ് ഗൗരവമായി എടുത്തിട്ടുള്ള ആളാണ്. കരാർ പ്രകാരമുള്ള വെള്ളം തമിഴ്നാട് കൊടുക്കാത്തതുകൊണ്ട് പാലക്കാട് ജില്ലയ്ക്ക് വെള്ളം ലഭിച്ചിരുന്നില്ല. ഇപ്പോൾ ലഭിക്കുന്നുണ്ടെങ്കിൽ വളരെ നല്ലത്. നെൽക്കൃഷി വികസനമാണ് ലക്ഷ്യമെങ്കിൽ അതിനാവശ്യമായ വിത്ത്, വളം എന്നിവ നൽകുന്നതിനും ചെലവ് ചുരുക്കുന്നതിനും കർഷകർക്ക് ആവശ്യമായ പിന്തുണ കൊടുക്കുന്നതിനുമുള്ള നടപടി കൂടി ഇതോടൊപ്പം ചെയ്യണമായിരുന്നു; അത് ചെയ്തില്ലെന്നുള്ളതാണ് എന്റെ പരാതി. അതിനോടാണ് ശ്രീ. കെ. കൃഷ്ണൻകുട്ടി യോജിച്ചത്. കാവേരി ട്രിബ്യൂണൽ വിധിപ്രകാരം കേരളത്തിന് 30 ടി.എം.സി. ജലം ലഭിച്ചിട്ടുണ്ട്. കാരാപ്പുഴ ഡാമിൽ ലഭിക്കുന്ന വെള്ളം താഴോട്ട് ഒഴുക്കാൻ കനാൽ ഇല്ലാത്തതു കൊണ്ട് എത്രയോ വർഷമായി അവിടെ കൃഷി ചെയ്യാൻ കഴിയുന്നില്ല. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 294 ടി.എം.സി. വെള്ളം പോരെന്നു പറഞ്ഞ് തമിഴ്നാടും കർണ്ണാടകവും തമ്മിൽ തർക്കം നടക്കുകയാണ്. ട്രിബ്യൂണൽ വിധി പ്രകാരം 10 വർഷമായി നമുക്ക് അനുവദിച്ചിരിക്കുന്ന 30 ടി.എം.സി. വെള്ളം ഉപയോഗിക്കാത്തതുമൂലം ലഭ്യമായ വെള്ളം കൂടി നമുക്ക് നഷ്ടമാകില്ലേ; അത് കേരളത്തിലെ കൃഷിയെ ബാധിക്കില്ലേ; ആ പ്രദേശത്തെ കർഷകരെ ഏറ്റവും വലിയ ദുരിതത്തിൽ എത്തിക്കില്ലേ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, 30 ടി.എം.സി. വെള്ളം കിട്ടിയതിൽ അട്ടപ്പാടി മേഖലയ്ക്ക് അനുവദിച്ച 2.87 ടി.എം.സി. ജലം പോലും ഉപയോഗിക്കാൻ സമ്മതിക്കാതെ തമിഴ്നാട് കുഴപ്പമുണ്ടാക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അവിടെ തടയണ നിർമ്മിച്ചതുമായി ബന്ധപ്പെട്ട് തർക്കമുണ്ടാക്കിയതാണ് ഒന്നാമത്തെ പ്രശ്നം. വേണമെങ്കിൽ ഒരു വിയർ കെട്ടി ഡാമില്ലാതെ തന്നെ ആ മേഖലയിൽ വെള്ളം എത്തിക്കാൻ കഴിയുമായിരുന്നു. അട്ടപ്പാടി മേഖല സ്വർണ്ണം വിളയിക്കാൻ കഴിയുന്ന പ്രദേശമാണ്. പക്ഷേ ആ പ്രദേശം വെറുതെ കിടക്കുകയാണ്. ആ പ്രദേശത്തെ കൃഷിയോഗ്യമാക്കാൻ സാധിക്കാത്തതുകൊണ്ട് നമ്മളെ ആക്ഷേപിക്കുകയാണ്. ഇടമലയാർ പദ്ധതിയുടെ ഭാഗമായി ആനമലയാർ ഡാം പണിയണമെന്ന് കരാറിൽ പറഞ്ഞിട്ടുള്ളതല്ലേ; എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഞങ്ങൾ അധികാരത്തിൽ വന്നിട്ട് അഞ്ച് മാസമല്ലേ ആയിട്ടുള്ളൂ, അതിനകം എന്തുചെയ്യാനാണെന്ന് ചോദിച്ച് വേണമെങ്കിൽ എന്നോട് തർക്കിക്കാം. പക്ഷേ, സീരിയസ്സായി നമ്മൾ ഇതിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ?

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ഡൽഹിയിൽ നടത്തിയ പ്രസ്താവന, പറമ്പിക്കുളം-ആളിയാർ അടക്കം അന്തർസംസ്ഥാന നദീജലം കേരളത്തിന് കിട്ടുന്നതിന് വലിയൊരു തടസ്സമായിപ്പോയെന്നും തമിഴ്നാടിന് അതൊരു അഹങ്കാരമായി മാറിയിട്ടുണ്ടെന്നുമല്ലേ ചൂണ്ടിക്കാണിക്കുന്നത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ തർക്കത്തിലേക്ക് പോകുന്നില്ല. ഇത് കേരളത്തിന്റെ മൊത്തം പ്രശ്നമാണ്; എല്ലാവരും ചേർന്ന് തീരുമാനിക്കേണ്ടതാണ്. ശ്രീ. പി. ടി. തോമസ് പറഞ്ഞതുപോലെ അഞ്ച് കാര്യങ്ങളിലാണ് തമിഴ്നാടും കേരളവും തമ്മിലുള്ള വാട്ടർ ഡിസ്പ്യൂട്ട്. ഇടമലയാർ, പറമ്പിക്കുളം, മുല്ലപ്പെരിയാർ, തിരുവിതാംകൂർ, ബന്ധപ്പെട്ട നെയ്യാർ ജലം എന്നിവയാണവ.

<u>മി. സ്പീക്കർ</u> : അങ്ങ് നെൽവയലിലേക്ക് വരൂ. നെൽക്കൃഷിയെക്കുറിച്ച് വളരെ മനോഹരമായി സംസാരിക്കുകയായിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇവർ ചോദ്യം ചോദിച്ചതു കൊണ്ട് പറഞ്ഞതാണ്. ഞാൻ മുൻജലവിഭവ വകുപ്പുമന്ത്രിയല്ലേ?

<u>ശ്രീ. കെ. ബാബു</u> : സർ, കഴിഞ്ഞ അഞ്ച് വർഷം അന്തർസംസ്ഥാന നദീജല കരാറുമായി ബന്ധപ്പെട്ട് കാലാവധി കഴിഞ്ഞ ഏതെങ്കിലും ഒരു കരാർ പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് അതിനെക്കുറിച്ച് ഒന്നുകൂടി പരിശോധിച്ചാൽ മനസ്സിലാകും. 2005-ൽ ഏറ്റവും അവസാനം ചർച്ച നടത്തിയത് തമിഴ്നാട്ടിലെ രണ്ട് മന്ത്രിമാരും ഞാനുമടങ്ങുന്ന സമിതിയാണ്. അതിനുമുമ്പ് ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരുന്ന സമയത്ത് ഒരു ചർച്ച നടത്തിയിരുന്നു. കരുണാനിധി കോവളത്ത് വന്ന് ഒരു മിനിറ്റാണ് ചർച്ച നടത്തിയത്. We can agree for disagreement എന്നുള്ള നിലയിൽ പിരിയുകയായിരുന്നു. ഏതായാലും ഈ ബില്ലിന്റെ മറവിൽ ആ ചർച്ചയിലേക്ക് പോകുന്നില്ല. അതിലേക്ക് പോയാൽ ചർച്ച ഇവിടെ നിൽക്കില്ല.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, ഏതു സർക്കാരായാലും പറമ്പിക്കുളം-ആളിയാർ കരാറിന്റെ പുനരവലോകനത്തെക്കാളുപരി ആ കരാർ പ്രകാരമുള്ള വെള്ളം ലഭിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നില്ല. ഇപ്പോഴുള്ള കരാർ പ്രകാരമാണെങ്കിലും കേരളത്തിന് വലിയ ജലസമ്പത്ത് കിട്ടാനുണ്ട്. തമിഴ്നാടിന് 16 ടി.എം.സി. വെള്ളം എടുക്കാനുള്ള അധികാരമേയുള്ളൂവെങ്കിലും കരാർ വ്യവസ്ഥ ലംഘിച്ച് 30 ടി.എം.സി. വെള്ളം വരെ കൊണ്ടുപോവുകയാണ്. അങ്ങനെ കൊണ്ടുപോകാൻ പാടില്ല. താങ്കൾ മന്ത്രിയായിരുന്ന കാലത്തും അതിനെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പഴയ കണക്ക് പറയുന്നത് ശരിയല്ല. എന്നാലും ഓർമ്മിപ്പിക്കാതെ നിവൃത്തിയില്ല. എന്റെ ഓർമ്മയിൽ നിന്ന് പറയാം. തമിഴ്നാടുമായുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ സെപ്റ്റംബർ, ഫെബ്രുവരി മാസങ്ങളിൽ ഷോളയാറിൽ നിന്നും തുറന്നുവിടേണ്ട വെള്ളത്തിന് അളവുണ്ട്. പറഞ്ഞിട്ടുള്ള അളവിൽ വെള്ളം തുറന്നുവിട്ടത് ആ വർഷം സെപ്റ്റംബർ മാസത്തിൽ മാത്രമാണെന്ന് അങ്ങ് എന്നോട് സമ്മതിച്ചിട്ടുള്ളതാണ്. അങ്ങൊരു കർഷക നേതാവായതുകൊണ്ട് ഒരിക്കലും കള്ളം പറയില്ലെന്ന് എനിക്കറിയാം. രണ്ടാമത്തെ അളവ് വരുന്നത് ഫെബ്രുവരി മാസത്തിലാണ്. ആ സന്ദർഭത്തിലും വെള്ളം തുറന്നുവിട്ടിട്ടുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, അങ്ങ് പറയുന്നത് ഷോളയാറിന്റെ കാര്യമാണ്. ഞാൻ ചോദിച്ചത് ഭാരതപ്പുഴയിലെ കാര്യമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാനത് സമ്മതിക്കുന്നു. ഭാരതപ്പുഴയിലെ വെള്ളത്തിന്റെ പ്രശ്നത്തിലുള്ള എഗ്രിമെന്റിൽ മാറ്റം വരുത്തണം. എഗ്രിമെന്റിലെ വ്യവസ്ഥ അനുസരിച്ച് mutually agreed ആയിട്ടുള്ള പോയിന്റിൽ മാത്രമേ വ്യവസ്ഥ മാറ്റാൻ കഴിയൂ. അതാണ് ആ എഗ്രിമെന്റിലെ കുറവ്. ഇതാണ്

നേരത്തെ എന്നോട് ചോദിച്ചതിനുള്ള ഉത്തരം. ആ എഗ്രിമെന്റ് വച്ചകാലം കണക്കുകൂട്ടിയാൽ മതിയാകും. രാഷ്ട്രീയ പ്രശ്നമല്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ശ്രീ. കെ. കൃഷ്ണൻകുട്ടി സൂചിപ്പിച്ചത് അതിനേക്കാൾ വ്യത്യസ്തമാണ്. എഗ്രി ചെയ്തിട്ടുള്ളത് 2300 ടി.എം.സി.-യിലധികമാണെന്നാണ് എന്റെ ഓർമ്മ. ആ വെള്ളം നമുക്ക് ലഭിക്കുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ജോയിന്റ് വാട്ടർ കമ്മീഷന് അത് പരിശോധിക്കാനുള്ള ഉത്തരവാദിത്വമുണ്ട്. അതിനായി കേരളത്തിൽ നിന്ന് ഉദ്യോഗസ്ഥർ ചെന്നിട്ടും തമിഴ്നാട് സഹകരിക്കുന്നില്ല. ഇത് പാലക്കാടൻ മേഖലയിലെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. നെൽവയൽ സംരക്ഷണത്തെക്കുറിച്ച് ആലോചിക്കുമ്പോഴും നെൽകൃഷിയെ സംരക്ഷിക്കാൻ തീരുമാനിക്കുമ്പോഴും ഒന്നാമതായി ചെയ്യേണ്ടത്, തമിഴ്നാടുമായുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ വെള്ളം അളന്ന് കിട്ടുന്നതിനുവേണ്ടി എല്ലാ സമ്മർദ്ദവും കേരളം ചെലുത്തുക എന്നുള്ളതാണ്. അതിന് സർക്കാർ മുൻകൈ എടുക്കണമെന്നാണ് എന്റെ അഭിപ്രായം. നേരത്തെ പറഞ്ഞത് വളരെ ശരിയാണ്. കേരളത്തിന്റെ നെല്ലറയായ പാലക്കാട് മേഖലയിൽ നെല്ല് വിളയണമെങ്കിൽ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലുള്ള വെള്ളം ആ സന്ദർഭത്തിൽ ലഭിക്കണം; ഏതെങ്കിലും കാലത്ത് ലഭിച്ചിട്ട് കാര്യമില്ല. കേരളത്തിൽ വർഷകാലത്ത് വെള്ളം തുറന്നുവിട്ട് ഫ്ലഡ് വാട്ടർകൂടി അളവിൽ ചേർത്ത പഴയ അനുഭവങ്ങളുണ്ട്. അത്തരത്തിൽ സംഭവിക്കാതെ മൂലത്തറയിൽ നിന്ന് കൃത്യമായി ലഭിക്കേണ്ട വെള്ളം നമുക്ക് കിട്ടണം. രണ്ടാമതൊരു പ്രശ്നം കൂടിയുണ്ട്. അതിനെക്കുറിച്ചു കൂടി ഒരുവാക്ക് പറയാം. അവിടെ നിന്നുള്ള വെള്ളം താഴെ 30 കിലോമീറ്റർ വരുമ്പോൾ ഇടയ്ക്കുനിന്നും ചോർത്തിക്കൊണ്ടു പോകുന്നുണ്ട്. 200-300 പമ്പുകൾ രണ്ടുവശത്തും പ്രവർത്തിപ്പിച്ച് വെള്ളം കൊണ്ടുപോവുകയാണ്. അവരുടെ കണക്കിൽ കൃത്യമായി വെള്ളം തന്നതായി രേഖപ്പെടുത്തുകയും ചെയ്യും. അതേസമയം ഇവിടത്തെ പാവപ്പെട്ട കർഷകർക്ക് വെള്ളം ലഭിക്കുന്നുമില്ല. സർക്കാർ സമ്മർദ്ദം ചെലുത്തി തമിഴ്നാട് സർക്കാരുമായി ഗൗരവമായി ആലോചിച്ച് നമ്മുടെ കർഷകരെ രക്ഷിക്കണം. നെൽകൃഷി സംരക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ഇപ്പോൾ നമ്മുടെ കർഷകർ അനുഭവിക്കുന്ന വിഷമതകളിൽ എല്ലാവരും സഹതപിക്കുന്നു. ഈ സഭയുടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കണമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ലാത്തവരാണ്. കേരളത്തിൽ വ്യവസായ സംരംഭങ്ങൾക്കും മറ്റ് രംഗങ്ങളിലും എത്രയോ കോടി രൂപ സബ്സിഡിയായി നൽകുന്നുണ്ട്. പക്ഷെ പാവപ്പെട്ട കർഷകർക്ക് നൽകുന്നത്

നാമമാത്രമായ സബ്സിഡിയാണ്. നാമമാത്രമായ സബ്സിഡി ആയതുകൊണ്ട് നമ്മളെ തീറ്റിപ്പോറ്റുന്ന പാവപ്പെട്ട കർഷകന് ഭക്ഷണം കഴിച്ച് ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം വന്നിരിക്കുകയാണ്. അതുകൊണ്ട് ആ കർഷകരെ സഹായിക്കുന്നതിനു വേണ്ടിയുള്ള നടപടിയുണ്ടായേ മതിയാകൂ. പണ്ട് കാളകളെ കെട്ടി ഉഴുതുമറിക്കുന്ന ഒരു സാഹചര്യമായിരുന്നു. എന്നാൽ ഇപ്പോൾ കർഷകരെ പൂട്ടി അവരെ ഉഴുതുമറിക്കുന്ന നടപടിയിലേക്ക് നമ്മൾ പോകരുത്.

ഞാൻ ബില്ലിലേക്ക് വരികയാണ്. ബില്ലിലെ 10-ാം വകുപ്പിൽ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അങ്ങിവിടെ സൂചിപ്പിച്ച 3 എ ക്ലോസ് വന്നതുകൊണ്ടാണ് ഇതെല്ലാം പോയതെന്നും അല്ലായിരുന്നുവെങ്കിൽ സംരക്ഷിക്കുമായിരുന്നു എന്നും പറയുന്നത് എത്ര സത്യമാണെന്നുള്ളത് ഈ 10-ാം വകുപ്പുകൂടി വായിച്ചുനോക്കുമ്പോൾ മനസ്സിലാകും. " 10. ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം - (1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്ടിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതാണ്." 3-ാം വകുപ്പിൽ സെക്ഷൻ 3 എ വരാനുള്ള കാരണത്തെക്കുറിച്ച് ഞാൻ പറഞ്ഞു.

<u>മി. സ്പീക്കർ</u> : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രമേയത്തെ സംബന്ധിച്ച് പൊതുവായി പറയണമെന്നതാണ് നിർദ്ദേശം. ചട്ടം 92 അങ്ങനെയാണ് പറയുന്നത്. വിശദാംശങ്ങളും വകുപ്പുതിരിച്ചുള്ള ചർച്ചകളും വേണ്ട. പൊതുവായി പറയാം. ചട്ടം 92 അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അങ്ങ് സംസാരിക്കൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, വളരെ സീരിയസ്സായ കാര്യമാണ്. അങ്ങ് 'നോ' പറഞ്ഞാൽ പിന്നെ ഞാൻ തുടരുകയില്ല. വകുപ്പു തിരിച്ച് ഭേദഗതി നൽകണമെന്നുള്ളത് ഒരു മെമ്പറുടെ അവകാശമാണ്. ഞാനിവിടെ പറഞ്ഞത് കോൺട്രഡിക്ഷനാണ്. മൂന്നാം വകുപ്പിന്റെ കോൺട്രഡിക്ഷനാണ് 10-ാം വകുപ്പ്. മൂന്നാം വകുപ്പിലെ 3 എ-ക്കുള്ള പ്രേരകശക്തിയും ശക്തിസ്രോതസ്സും 2009-10, 2010-11-ലെ രണ്ട് ബഡ്ജറ്റുകളിലെ സമീപനമാണ്. അപ്പോൾ ഈ പറയുന്ന 10-ാം വകുപ്പ് ഇതിന്റെ കോൺട്രഡിക്ഷനാണ്. 10-ാം വകുപ്പനുസരിച്ച് എപ്പോൾ

വേണമെങ്കിലും നമുക്ക് ഇതൊഴിവാക്കി കൊടുക്കാമെന്നാണ് പറയുന്നത്. അതിന്റെ വിവേചനാധികാരം സർക്കാരിനാണ്. ആ വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് ഞങ്ങൾ 3-ാം വകുപ്പ് കൊണ്ടുവന്നു. ഒന്നിനെയും മാറ്റരുത് എന്ന ഒരു നിലപാട് സ്വീകരിച്ചാൽ ശരിയാകുമോ; അത് ശരിയാകില്ല. അതേസമയം അന്ന് ഗവൺമെന്റിനൊരു ക്ലാരിറ്റിയുണ്ടായിരുന്നു. തണ്ണീർത്തടത്തെക്കുറിച്ച് പറയുമ്പോൾ, ഈ ആക്ടിലെ പ്രാരംഭ തീയതിയിലും അന്നുമുതൽക്കും സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ അതുപോലെ കാത്തുസൂക്ഷിക്കേണ്ടതാണെന്ന് അതിലെഴുതിയിട്ടുണ്ട്. പക്ഷെ, കൺവെർഷൻ സംബന്ധിച്ച് അത്രയും ക്ലാരിറ്റി ഗവൺമെന്റിന് ആ കാലത്തുണ്ടായില്ല. ഉണ്ടായിരുന്നുവെങ്കിൽ ഈ പറയുന്ന പ്രശ്നം ഉണ്ടാകുമായിരുന്നില്ല. ഈ പാപഭാരം, അതായത് സെക്ഷൻ 3 എ എന്നുപറയുന്നതിന്റെ ഉത്തരവാദിത്വം ഞങ്ങളുടെ തലയിൽ വയ്ക്കണ്ട, അതിന് തുടക്കം കുറിച്ചിരിക്കുന്നത് അവിടെ നിന്നാണ്, അതിന്റെ ശക്തി സ്രോതസ്സ് അവിടെത്തന്നെയാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, അങ്ങ് ഈ ബില്ലിലെ ഒരു പ്രധാനപ്പെട്ട കാര്യമാണ് അവസാനമായി ഇവിടെ സൂചിപ്പിച്ചത്. കാരണം വളരെ ലളിതമാണ്, 2008-ലെ ആക്ടിൽ സെക്ഷൻ 3 എ ഇൻസേർട്ട് ചെയ്തു. ഇപ്പോൾ സെക്ഷൻ 3 എ ഈ ഭേദഗതിയിലൂടെ ഒമിറ്റ് ചെയ്യുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശൻ തടസ്സവാദവുമായി ബന്ധപ്പെട്ട് ചോദിച്ച ഒരു ചോദ്യം വളരെ ക്ലിയറല്ലേ? അങ്ങ് പറഞ്ഞ മറുപടി തീർത്തും തൃപ്തികരമല്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം ഇൻസേർട്ട് ചെയ്ത സാഹചര്യത്തിൽ വന്ന അപേക്ഷകൾ പരിശോധിച്ചതിൽ 56 എണ്ണം ക്ലിയറാണെന്ന് അങ്ങയുടെ മറുപടിയിൽത്തന്നെ പറഞ്ഞു. ബാക്കി അപേക്ഷകളൊന്നും പരിശോധിച്ചിട്ടു പോലുമില്ല. ഈ സെക്ഷൻ ഒമിറ്റ് ചെയ്യുന്ന സാഹചര്യത്തിൽ ബാക്കി റിജക്ട് ചെയ്യുകയാണ്.

മി. സ്പീക്കർ : ചെയർ റൂൾ ചെയ്ത ഒരു കാര്യത്തിലാണ് അങ്ങ് സംശയം ചോദിക്കുന്നത്. റൂളിംഗ് കഴിഞ്ഞല്ലോ. സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായി വരട്ടെ എന്ന് റൂൾ ചെയ്തതാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചട്ടം 92-നെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. ഇത്തരം കാര്യങ്ങൾ സംസാരിക്കാമെന്ന് ചട്ടം 92-ൽ പറയുന്നുണ്ട്. ആക്ടിനകത്ത് ഇൻസേർട്ട് ചെയ്ത് ഒമിറ്റ് ചെയ്ത ഒരു

ഭേദഗതിയാണ്. ആ ഭേദഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കുന്നതിൽ അപാകതയില്ല. ഞാൻ പറഞ്ഞത്, അദ്ദേഹം നൽകിയ മറുപടി തൃപ്തികരമല്ല, അതിന് വേണ്ടത്ര ക്ലാരിറ്റിയില്ലെന്നാണ്. അതിനാൽ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുമെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ : സർ, നിയമപരമായി ആ തടസ്സവാദം നിലനിൽക്കില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടില്ല; സബ്ജക്ട് കമ്മിറ്റിക്ക് പരിശോധിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിനൊരു അടിസ്ഥാനമുണ്ടെന്നാണ് ആ പറഞ്ഞതിന്റെ അർത്ഥം. അല്ലെങ്കിൽ ആർട്ടിക്കിൾ 14-ന്റെ വയലേഷനും ഡിസ്ക്രിമിനേഷനുമാണെന്നു പറഞ്ഞ് ആ വാദം നിലനിൽക്കുകയില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടില്ല.

മി. സ്പീക്കർ : ചട്ടം 92-ൽ പറയുന്നത് "തന്റെ പ്രസംഗത്തിൽ, ഒരംഗം പൊതുസ്വാഭാവത്തോടു കൂടിയ വാദത്തിനാവശ്യമായതിൽ കൂടുതലായി ബില്ലിന്റെ വിശദാംശങ്ങളെപ്പറ്റി പരാമർശിക്കുവാൻ പാടില്ലാത്തതാകുന്നു" എന്നാണ്. അത് മനസ്സിലാക്കിയാണ് സംസാരിക്കേണ്ടത്. ഓരോന്നിനും ഓരോ ക്രമമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ചട്ടം 92 ഞാനംഗീകരിക്കുന്നു. അതിൽ എക്സംപ്ഷൻ ഉണ്ടോയെന്നുകൂടി പരിശോധിക്കണം. ഒറിജിനൽ ബില്ലിൽ ഖനനത്തിന് അനുമതിയുണ്ട്. ഒല്ലൂരിൽ കളിമണ്ണ് എടുക്കുന്നതിനുവേണ്ടി നൽകിയ അനുമതിയാണ്. അങ്ങ് അത് പരിശോധിച്ചാൽ മതി. ഈ വകുപ്പിൽ 'പ്രസ്തുത തണ്ണീർത്തടത്തിന്റെ പരിസ്ഥിതി ഘടന നിലനിർത്തുന്നതിനുവേണ്ടി എക്കലും ചെളിയും മാറ്റാം' എന്നുപറയുമ്പോൾ, അവിടെ കളിമണ്ണിനുള്ള ചെളി എടുക്കുന്നത് ഈ സ്ഥലത്തുനിന്നു തന്നെയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, എക്കലും ചെളിയുമുള്ള കുളങ്ങളുണ്ടാകും. അതിൽ നിന്ന് എടുക്കേണ്ടതല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, തണ്ണീർത്തടത്തിന്റെ നിർവചനത്തിൽ കുളങ്ങൾ വരില്ല. അങ്ങ് വാദിക്കുന്നത് ഞാൻ പറയുന്ന അതേ കാര്യമാണ്. കുളങ്ങളിലെ ചെളി എടുക്കട്ടെ, പക്ഷെ തണ്ണീർത്തടങ്ങളിലെ ചെളിയെടുക്കാം എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഈ വകുപ്പിൽ പറയുന്നത്, പ്രസ്തുത തണ്ണീർത്തടത്തിന്റെ പാരിസ്ഥിതിക ഘടന നിലനിർത്തുന്നതിനുവേണ്ടി എക്കലും

ചെളിയും എടുക്കാമെന്നാണ്. തണ്ണീർത്തടങ്ങളിൽനിന്ന് എക്കലും ചെളിയുമെടുക്കാമെന്ന് പറഞ്ഞാൽ ഒല്ലൂരിലെ ഓട്ടുകമ്പനികൾക്ക് ആവശ്യമായ ചെളിയാണ്. 3 എ ക്യാൻസൽ ചെയ്യുന്നതിന് ശ്രമിക്കും മുമ്പ് ഇതുപോലുള്ള കുറവുകൾ നികത്തി കുറക്കാക്കുന്നതിനുള്ള പരിശ്രമം വേണ്ടേ?

ശ്രീ. അടൂർ പ്രകാശ് : സർ, 2008-ലെ ബില്ലിനെ സംബന്ധിച്ചാണ് അങ്ങിവിടെ പറയുന്നത്. 2008-ൽ ഈ ബിൽ സഭയിലവതരിപ്പിച്ചത് ബഹുമാന്യനായ കെ. പി. രാജേന്ദ്രനാണ്. അദ്ദേഹം അവതരിപ്പിച്ച ബില്ലിൽ എക്കലും ചെളിയും എടുക്കാനുള്ള അനുമതി നിയമത്തിൽത്തന്നെ കൊണ്ടുവന്നുവെന്ന് പറയുമ്പോൾ അദ്ദേഹത്തിന് വല്ല താൽപ്പര്യവും ഈ കാര്യത്തിലുണ്ടായിരുന്നോ എന്നതിനെക്കുറിച്ച് സംശയിച്ചാൽ അങ്ങ് തെറ്റ് പറയുമോ?

ശ്രീ. എ. പ്രദീപ്കുമാർ : സർ, 2008-ലെ നിയമത്തെ സംബന്ധിച്ചാണല്ലോ ഇപ്പോൾ പറഞ്ഞത്. അങ്ങും അതുപോലെതന്നെ ഇപ്പോൾ ആ വിഷയമുന്നയിച്ച ബഹുമാനപ്പെട്ട അടൂർ പ്രകാശും ഈ വകുപ്പ് അതിനുശേഷം കൈകാര്യം ചെയ്തിട്ടുണ്ട്. എന്നാൽ ഈ പറയുന്ന തരത്തിലുള്ള എന്തെങ്കിലും ന്യൂനതയുണ്ടെങ്കിൽ അത് നിങ്ങളുടെ അഞ്ചുവർഷക്കാലത്തെ ഭരണത്തിനിടയിൽ പരിഹരിക്കാൻ ശ്രമിച്ചില്ലല്ലോ; ഞങ്ങൾ തന്നെയാണല്ലോ അത് കറക്റ്റ് ചെയ്യാൻ ശ്രമിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, തെറ്റിദ്ധാരണ വേണ്ട. ഞാൻ ശ്രമിച്ചിട്ടുണ്ടോ എന്നുള്ളത് അന്നത്തെ തൃശ്ശൂർ ജില്ലാ കളക്ടറോട് ചോദിച്ചാൽ അറിയാൻ കഴിയും. ശ്രമിച്ചിട്ടുണ്ട്; ഒരു തെറ്റിദ്ധാരണയും വേണ്ട. ഞാനത് പറഞ്ഞ് വലുതാകാൻ ശ്രമിച്ചതല്ല, അങ്ങ് ചോദിച്ചതുകൊണ്ട് പറയുകയാണ്.

ശ്രീ. എസ്. ശർമ്മ : സർ, 2008-ലെ ബിൽ ഇവിടെ വിശദമായി ചർച്ച ചെയ്യപ്പെട്ടതാണ്. ഓരോ ക്ലോസിനെക്കുറിച്ചും അനുകൂലിച്ചും പ്രതികൂലിച്ചും വളരെ സമയമെടുത്ത് ഡിസ്കസ് ചെയ്തിരുന്നു. നമ്മുടെ കേരളം നികന്നുപോകാതിരിക്കാൻ വേണ്ടി ചെയ്തതുമായിരുന്നു. അന്ന് നമ്മളിവിടെ ഐകകണ്ഠ്യേനയാണ് ആ ബിൽ പാസ്സാക്കിയതെന്ന കാര്യം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ : സർ, പോയിന്റ് ഓഫ് ഓർഡർ. സഭയിലില്ലാത്ത ഒരാളെക്കുറിച്ച്, ഈ ചർച്ചയിലെല്ലാം പങ്കെടുത്തിട്ടുള്ള ഒരു നിയമസഭാംഗം എന്ന നിലയ്ക്ക് ഈ ഘട്ടത്തിൽ ഇങ്ങനെയൊരു പരാമർശമുന്നയിക്കുന്നത് രേഖയിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടതാണ്. ശരിയായ കാര്യമല്ല.

മി. സ്പീക്കർ : പരിശോധിച്ച് വേണ്ടത് ചെയ്യാം.*

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പുതിയ മെമ്പേഴ്സല്ലേ. അവരങ്ങനെ ചോദിച്ചോട്ടെ. നമ്മളതൊക്കെ സഹിഷ്ണുതയോടുകൂടി കാണുകയാണ് വേണ്ടത്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടപ്പോൾ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ആ സെലക്ട് കമ്മിറ്റിയിൽ അംഗമായിരുന്നു. കേരളത്തിൽ എല്ലാ ജില്ലകളിലും കർഷകരുടെ കൂട്ടായ്മ നടത്തി വളരെയധികം തർക്കങ്ങൾക്കും ആവശ്യങ്ങൾക്കും ശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ സെലക്ട് കമ്മിറ്റി യോഗം ചേർന്ന് ഡിസന്റില്ലാതെ അംഗീകരിച്ച് ഇവിടെ അവതരിപ്പിച്ച് പാസ്സാക്കിയ ബില്ലിൽ ഉത്തരവാദിത്വ പൂർണ്ണമായ ഒരു പങ്കുനിർവ്വഹിച്ച അങ്ങേക്ക് ശ്രീ. അടൂർ പ്രകാശ് ചോദിച്ച ചോദ്യത്തിന് എങ്ങനെയാണ് നെഗറ്റീവായൊരു ഉത്തരം പറയാൻ കഴിയുക?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ആ സെലക്ട് കമ്മിറ്റിയിലെ ചർച്ച സംബന്ധിച്ച പുസ്തകമാണ് എന്റെ കയ്യിലിരിക്കുന്നത്. ആ കാലത്തെ എന്റെ പ്രസംഗവും ഇതിനകത്തുണ്ട്. നമ്മളെല്ലാപേരും ആ സെലക്ട് കമ്മിറ്റിയിലുണ്ടായിരുന്നവരാണ്. ആ സെലക്ട് കമ്മിറ്റിയുടെ ശിപാർശകൾ എടുത്തില്ലെന്നുള്ളതാണ് അന്നേ ഞങ്ങളുടെ ആക്ഷേപം. ആ ആക്ഷേപം അന്നേയുണ്ട്. ആ ആക്ഷേപം അന്ന് പരസ്യമായി പറയുകയും ചെയ്തു. അങ്ങ് ഈ പുസ്തകം പരിശോധിച്ചാൽ അത് മനസ്സിലാകും. ഞാൻ സമയക്കുറവുകൊണ്ട് അതിലേക്കൊന്നും പോകുന്നില്ല. അതൊക്കെ നമ്മൾ പറയേണ്ടിടത്ത് പറഞ്ഞിട്ടുണ്ട്. പക്ഷെ അത് വേണ്ട രീതിയിൽ ശ്രദ്ധിച്ചില്ല.

ശ്രീ. വി. ഡി. സതീശൻ : ബഹുമാന്യനായ എസ്. ശർമ്മ ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. അന്ന് ഈ ബിൽ അവതരിപ്പിച്ചപ്പോൾ കേരളം മുഴുവൻ നികന്നുപോകാതിരിക്കുവാനും കേരളത്തിലെ തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കുന്നതിനുംവേണ്ടി പ്രതിപക്ഷത്തിന്റെ കൂടി പിന്തുണയോടുകൂടി ഐകകണ്ഠ്യേനയാണ് ഈ നിയമം പാസ്സാക്കിയത്. അതിന്റെ അന്തഃസത്ത ഈ സഭ അന്ന് ഉൾക്കൊണ്ടു. പബ്ലിക് പർപ്പസിനുവേണ്ടി ഉപയോഗിക്കാമെന്ന് ഈ ബില്ലിൽ ഒരു പ്രൊവിഷനുണ്ട്. പക്ഷേ ഈ ബിൽ പാസ്സാക്കിയതിനുശേഷം അത് ദുരുപയോഗം ചെയ്തുകൊണ്ട് അതേ സർക്കാർ തന്നെയാണ് ആറന്മുള എയർപോർട്ടുമായി ബന്ധപ്പെട്ട് 2500 ഏക്കർ സ്ഥലം ഇൻഡസ്ട്രിയൽ ഏരിയയായി നോട്ടിഫൈ ചെയ്തതെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം പ്രസ്തുതഭാഗം നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അതുമാത്രമല്ല. ഇവിടെ പൊതുവായിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി വയലുകളാണ് നികത്തുന്നത്. രണ്ടായിരം ഏക്കർ സ്ഥലം ഇൻഡസ്ട്രിയൽ ഏരിയയായി നോട്ടിഫൈ ചെയ്തുവെന്ന് ഇവിടെ പറഞ്ഞത് ശരിയാണ്. അതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. ആ വസ്തുത നമുക്ക് മറച്ചു വയ്ക്കാൻ കഴിയില്ല. ഈ ബില്ലിൽ നമുക്കൊരു ശ്രദ്ധ ചിന്തയുണ്ട്. കേരളത്തിലെ നെൽവയലുകൾ നിലനിർത്തുന്നതിനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം തന്നെ അതിന്റെ അനുബന്ധ ഭാഗവുമുണ്ട്. കുന്ന് ഇടിച്ചുകൊണ്ടാണ് വയൽ നികത്തുന്നത്. അതുകൊണ്ടാണ് ഖനനത്തെക്കുറിച്ച് പറഞ്ഞത്. കുന്നിടിക്കലും നിലം നികത്തലും കാരണം എട്ട് ലക്ഷം ഹെക്ടറുണ്ടായിരുന്ന നെൽവയൽ രണ്ട് ലക്ഷം ഹെക്ടറായി ചുരുങ്ങിയിട്ടുണ്ട്. ആ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി നമ്മളെല്ലാവരും ഒരുമിച്ചു ശ്രമിക്കണമെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നതിനു വേണ്ടിയോ ആരെങ്കിലും മനപ്പൂർവ്വമായി പ്രശ്നങ്ങളുണ്ടാക്കി എന്ന് സൂചിപ്പിക്കുന്നതിനു വേണ്ടിയോ പറയുന്നതല്ല. പരസ്പരം കുറ്റപ്പെടുത്താതെ വളരെ പോസിറ്റീവായി ഇതിൽ ഒരു പൊളിച്ചെഴുത്തുവേണം എന്നുതന്നെയാണ് എന്റെ അഭിപ്രായം. കാരണം, ഇതിൽ അപ്രായോഗികമായി ധാരാളം കാര്യങ്ങളുണ്ട്. അപ്രായോഗികമാണെന്ന് പറയുന്നതിന് കാരണം, 2015-ൽ അമെൻഡ്മെന്റ് വന്നപ്പോൾ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ നിയമസഭയിൽ നടത്തിയ വാക്കൗട്ട് പ്രസംഗത്തിൽ 'ഇത്തരം നടപടികളിലൂടെ ഇരുപതിനായിരത്തിൽപ്പരം ഏക്കർ സ്ഥലം നികത്തുന്നതോടെ 200 കോടി രൂപയാണ് ധനകാര്യ വകുപ്പുമന്ത്രി ജനങ്ങളുടെ വയറ്റത്തടിച്ചുകൊണ്ട്.......' എന്നൊക്കെ പറയുന്നത് പൂർവ്വകാല പ്രാബല്യത്തോടുകൂടി പരിശോധിച്ചാൽ 2009-ലെ ബഡ്ജറ്റ് സ്പീച്ചിലുള്ള കാര്യത്തെ തന്നെയാണ് അദ്ദേഹം എതിർക്കുന്നതെന്നും മനസ്സിലാകും. അത് അതിന്റെ വേറൊരു വശം. പക്ഷെ നമ്മുടെ പൊതുവികാരമെന്താണ്? നെൽവയൽ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഈ കാലഘട്ടത്തിലാണ് ചേറിൽ നിന്നും ചെന്താമര ഉയർന്നുവരുന്നു എന്നുപറഞ്ഞ് തൃശ്ശൂരിലെ വലിയൊരു കൺവെൻഷൻ സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. അങ്ങയുടെ നാടായ കോട്ടയത്ത് ദേശാഭിമാനി പത്രത്തിന്റെ ഓഫീസ് ഇതുപോലെ നികത്തി ഉണ്ടാക്കിയതാണ് എന്നൊരാക്ഷേപം ആ കാലഘട്ടത്തിൽ വന്നിരുന്നു എന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

മി. സ്പീക്കർ : ഇനി ആരും അദ്ദേഹത്തെ തടസ്സപ്പെടുത്തരുത്. ഇപ്പോൾത്തന്നെ 40 മിനിറ്റ് ആകാറായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ചേറിൽനിന്ന് ഒരു ചെന്താമരയല്ല, എത്രയോ ചെന്താമരകളാണ് ഉയർന്നിരിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ശ്രീ. പി. ടി. തോമസ് ആതറൈസ് ചെയ്തപ്രകാരം അദ്ദേഹത്തിന്റെ പ്രസംഗമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ നടത്തുന്നത്. അങ്ങനെ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ വീണ്ടും ശ്രീ. പി. ടി. തോമസ് ഇടപെടുന്നത് ക്രമപ്രകാരമാണോ? അത് ചെയർ വ്യക്തമാക്കണം.

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ് പ്രസംഗിക്കുകയല്ല, അദ്ദേഹം ഇടപെടുകയാണ് ചെയ്തത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങാണ് റൂൾ ചെയ്യേണ്ടത്. ഞാൻ അതിനെക്കുറിച്ചൊന്നും പരാമർശിക്കുന്നില്ല.

ശ്രീ. മുരളി പെരുനെല്ലി : സർ, ആ സെലക്ട് കമ്മിറ്റിയിൽ ഞാനും അംഗമായിരുന്നു. നേരത്തെ പറഞ്ഞതു പോലെ ഇത് വളരെ വിശദമായി ചർച്ച ചെയ്ത് ഐകകണ്ഠ്യേന അംഗീകരിക്കപ്പെട്ട നിയമമാണ്. പക്ഷേ ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷമല്ലേ എറണാകുളത്തും തൃശ്ശൂരും സന്തോഷ് മാധവൻ അടക്കമുള്ളവർക്ക് ഭൂമി നികത്താനാവശ്യമായ അനുമതി കഴിഞ്ഞ സർക്കാർ നൽകിയതെന്നുള്ള കാര്യം മറന്നിട്ടാണോ അങ്ങ് സംസാരിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അതിന്റെ നിലവിലുള്ള ഉത്തരവ് കാണിച്ചാൽ ഞാൻ അത് പരിശോധിച്ച് മറുപടി പറയാം. അങ്ങനെയൊരു ഉത്തരവുണ്ടെങ്കിൽ ആ ഉത്തരവ് കാണിച്ചാൽ മതി, പ്രശ്നം തീരും. ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് വെറുതേ പ്രശ്നങ്ങളുണ്ടാക്കരുത്. ശ്രീ. മുരളി പെരുനെല്ലി എന്റെ സുഹൃത്താണ്. അങ്ങ് ആ സെലക്ട് കമ്മിറ്റിയിലുണ്ടായിരുന്ന ആളല്ലേ? ആ സെലക്ട് കമ്മിറ്റിൽ നമ്മളെല്ലാപേരും കൂടി എടുത്ത തീരുമാനം അംഗീകരിച്ചില്ല. അതായിരുന്നു എന്റെ പ്രമേയം. ഞാൻ ഏതായാലും അതിലേക്ക് പോകുന്നില്ല. ഇവിടെ നമ്മുടെ കൺവീനിയൻസിനുവേണ്ടിയുള്ള ഒരു കാഴ്ചപ്പാടല്ല ഉണ്ടാകേണ്ടത്. നമ്മുടെ ഭൂമി സംരക്ഷിക്കുന്നതിനാവശ്യമായ കൃത്യമായ നടപടികളുണ്ടാകണം. അതുകൊണ്ട് ഈ നിയമം പ്രായോഗികമാകണം. ഈ നിയമം പ്രായോഗികമല്ല എന്നതിന്റെ ഏറ്റവും വലിയ തെളിവ് നമ്മുടെ നെൽവയലിന്റെ വിസ്തൃതി അന്നുണ്ടായിരുന്നതിനെക്കാൾ കുറഞ്ഞു പോയി എന്നതു തന്നെയാണ്. പ്രൊട്ടക്ട് ചെയ്യുന്നതിനുവേണ്ട നടപടിയെടുക്കാമെന്ന് പറഞ്ഞെങ്കിലും കാര്യമായി ഒരു നടപടിയുമുണ്ടായില്ല. പഴയതുപോലെതന്നെ പോയി. അതുകാരണം നെൽവയലിന്റെ വിസ്തൃതി കുറഞ്ഞുവരികയും ചെയ്തു. അതുകൊണ്ട് ഈ നിയമം പ്രായോഗികമായി പൊളിച്ചെഴുതണം. ആ പ്രായോഗികത നോക്കുമ്പോൾ ഞാൻ നേരത്തെ

പറഞ്ഞതുപോലെ ഇറിഗേഷൻ ഫെസിലിറ്റി നോക്കണം, അവിടെ ഇപ്പോൾ തിരശ്ശുഭൂമിയാണോ എന്നതും കൃഷിയോഗ്യമാക്കാൻ കഴിയുമോയെന്നതും പരിശോധിക്കണം. ഇതിൽ കളക്ടർമാർക്കുള്ള അധികാരത്തെ സംബന്ധിച്ച് എഴുതിവച്ചിട്ടുണ്ട്. നിലം നികത്തി രൂപഭേദം വരുത്തിയിട്ടുള്ള സ്ഥലമുണ്ടെങ്കിൽ കളക്ടർക്ക് നേരിട്ട് ചെല്ലാം, ഇൻസ്പെക്ഷൻ നടത്താം, മണ്ണെല്ലാം മാന്തി പഴയ രൂപത്തിലാക്കാം. എന്നാൽ എത്ര സ്ഥലത്ത് ഇത് ചെയ്തിട്ടുണ്ട്? ഈ നിയമം 2008-ൽ പാസ്സായതല്ലേ, ഇന്ന് 2016 ആയി. എത്ര സ്ഥലത്ത് നികത്തിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ട്? ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന അധികാരത്തിന്റെ അടിസ്ഥാനത്തിൽ എവിടെയെങ്കിലും നടന്നിട്ടുണ്ടോ; എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട്? ഒരു കേസും എടുത്തിട്ടില്ല. രൂപഭേദം വരുത്തിയെന്നു പറഞ്ഞ് കേരളത്തിൽ എടുത്ത കേസുകളുടെ എണ്ണമെത്ര; ഒന്നുമില്ല. കേസില്ലെങ്കിൽ പിന്നെ ശിക്ഷിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നില്ല. ഇതെല്ലാം വെറുതെ പുസ്തകത്തിലെഴുതിവച്ചതേയുള്ളൂ.

മി. സ്പീക്കർ : അത് നിയമത്തിന്റെ കുഴപ്പമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അതല്ല, അത് പ്രായോഗികമായിരിക്കണം. അതുകൊണ്ടാണ് ഇതിനകത്ത് പൊളിച്ചെഴുത്ത് വേണമെന്ന് പറയുന്നത്. പ്രായോഗികമായ രൂപത്തിൽ ഇന്നത്തെ കാലാവസ്ഥയ്ക്കൊത്ത ഒന്നാകണം. ഡാറ്റാ ബാങ്കിനെക്കുറിച്ച് പറയുന്നുണ്ട്. ഏത് ഡാറ്റാ ബാങ്ക്?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ഞാൻ അങ്ങ് പറയുന്നതിനോട് യോജിക്കാം. പക്ഷെ ഒരു കാര്യം ബേസിക്കായി ചോദിക്കുകയാണ്. ഇന്നത്തെ നമ്മുടെ ബ്യൂറോക്രാറ്റിക് സംവിധാനം ഉപയോഗിച്ച് ഇനി പാസ്സാക്കുന്ന നിയമവും നടപ്പാക്കുമെന്ന് നമ്മൾ പറയും. അപ്പോൾ ആ ബ്യൂറോക്രാറ്റിക് നിയമത്തിൽ റവന്യൂ വകുപ്പിലടക്കം ആവശ്യമായ പുനഃസംഘടന വേണ്ടേ; അല്ലാതെ ഇത് നടപ്പാക്കാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ അങ്ങ് പറയുന്നത് അംഗീകരിക്കുന്നതിനോടൊപ്പം ഞാൻ അങ്ങയെ ഒരു കാര്യത്തിൽ അഭിനന്ദിക്കുകകൂടി ചെയ്യുകയാണ്. അങ്ങ് സഹകരണ വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് നടന്ന സംഭവമാണ്. റാണി, ചിത്തിര, മാർത്താണ്ഡം കായൽ ഭൂ ഉടമസ്ഥർ ചേർന്ന് ഒരു സൊസൈറ്റിയുണ്ടാക്കിയിരുന്നു. അവിടെ കൃഷി ചെയ്യുന്നതിനായി ആ സൊസൈറ്റി കർഷകർക്ക് വായ്പ നൽകി. വായ്പയെടുത്തവർക്ക് വായ്പത്തുക തിരിച്ചടയ്ക്കാൻ കഴിയാതെ വന്നപ്പോൾ റിക്കവറി ചെയ്ത് ഭൂമി തിരിച്ചുപിടിച്ചു. എന്നിട്ട് റാണി,

ചിത്തിര, മാർത്താണ്ഡം കായൽ മുറിച്ചുവിറ്റു. അത് ഭൂമാഫിയകളുടെ കൈയിലായി. സ്വന്തം പാർട്ടിക്കാർ നിയന്ത്രിക്കുന്ന, സ്വന്തം ജില്ലയിലെ സഹകരണ സംഘമായിരുന്നിട്ടുപോലും അങ്ങ് ആ സഹകരണ സംഘത്തെ പിരിച്ചുവിട്ടതിന് ഞാൻ എന്റെ അഭിനന്ദനം അറിയിക്കുകയാണ്.

അങ്ങനെ നിയമം കൈയിലെടുക്കുന്നവരുണ്ട്. നിങ്ങൾ മുരിക്കനെ കുറ്റപ്പെടുത്തിയില്ലേ? സമുദ്രനിരപ്പിൽനിന്ന് നാലടി താഴ്ചയിൽ ചിറകെട്ടി വെള്ളം മുഴുവൻ പമ്പ് ചെയ്ത് പുറത്തിറക്കി, അവിടെ കൃഷി ചെയ്ത് കേരളത്തിലെ ജനങ്ങൾക്ക് അരി കൊടുത്ത് അവരെ ഊട്ടിപ്പോറ്റുന്നതിനുവേണ്ടി ശ്രമിച്ച മുരിക്കനെപ്പോലെയുള്ള കർഷകനെ അങ്ങേക്ക് മറക്കാൻ സാധിക്കുമോ? മുരിക്കന്റെ ഭാര്യ എഴുതിയ ഒരു അനുസ്മരണമുണ്ട്; വളരെ ലിബറലല്ലേ, പിന്നെന്തിനാണ് ഈ ബഹളം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, അങ്ങേക്ക് പിന്തുണ തരാനാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ആയിക്കോട്ടെ, അങ്ങയുടെ പിന്തുണ ഞാൻ സ്വീകരിച്ചു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, അങ്ങ് വളരെ ഗൗരവമുള്ള ഒരു പ്രശ്നമിവിടെ ഉന്നയിച്ചു. അതിന്റെ ദുരിതം അനുഭവിച്ചയാളാണ് ഞാൻ. അസംബ്ലി ഇലക്ഷന് തൊട്ടുമുമ്പായിരുന്നു സംഭവം. കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്ത ഇന്ത്യയിലെ സുപ്രധാനമായിട്ടുള്ള 27 തണ്ണീർത്തടങ്ങളിലൊന്നാണ് എന്റെ മണ്ഡലത്തിൽ വരുന്ന കോട്ടൂളി തണ്ണീർത്തടം. അവിടെ ഇതുപോലെ ഭൂമാഫിയ മണ്ണിട്ട് നികത്തി. ആ പ്രശ്നം സംബന്ധിച്ച് സ്ഥലം സന്ദർശിക്കുകയും ജില്ലാ കളക്ടർക്ക് അന്നുതന്നെ പരാതി എഴുതി നൽകുകയും ചെയ്തു. എന്നാൽ ഈ നിമിഷംവരെ ഒരു നടപടിയും സ്വീകരിച്ചില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തും നടപടി സ്വീകരിച്ചില്ല, ഈ സർക്കാർ വന്നതിനുശേഷവും ഇതുവരെ ഒരു നടപടിയും സ്വീകരിച്ചില്ല. വളരെ ഗൗരവമുള്ള ഒരു വിഷയമാണ് അങ്ങിവിടെ സൂചിപ്പിച്ചത്. അതുകൊണ്ട് ഇക്കാര്യം സഭയുടെ ഒരു പൊതുവികാരമായിട്ടെടുക്കണം. കോഴിക്കോട് ജില്ലാ കളക്ടർക്ക് പരാതി എഴുതി കൊടുത്തിട്ടുപോലും ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിൽ ഏതൊക്കെ തലത്തിലുള്ള ഉദ്യോഗസ്ഥരാണ് അലംഭാവം കാണിച്ചതെന്ന് കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. അക്കാര്യത്തിൽ ഞാൻ നിസ്സഹായനാണെന്നാണ് ഇവിടെ പറയുന്നത്. അങ്ങ് അതിനൊരു അവസരമുണ്ടാക്കിത്തന്നതിനുള്ള നന്ദിയാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങേക്കുപോലും ഇതാണ് അനുഭവമെങ്കിൽ പ്രതിപക്ഷത്തിരിക്കുന്ന എന്റെ അനുഭവമെന്തായിരിക്കും? അതുകൊണ്ട് അങ്ങ് സ്വീകരിച്ച നിലപാടിനോട് ഞാൻ യോജിക്കുകയാണ്. അങ്ങ് ചൂണ്ടിക്കാണിച്ച ജില്ലാ കളക്ടറെക്കൊണ്ട് നടപടി എടുപ്പിക്കണമെങ്കിൽ ഈ ബിൽ പൈലറ്റ് ചെയ്ത മന്ത്രി ഒരു നിമിഷം തീരുമാനിച്ചാൽ മതി. പ്രശ്നം അവിടെ അവസാനിക്കുകയും ചെയ്യും. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ഇത് സമൂഹത്തിന്റെ പൊതുവികാരമാണ്. ആ വികാരം കാണണമെങ്കിൽ ഇതിനകത്ത് പൊളിച്ചെഴുത്ത് വേണം. ഇതിനെ പ്രായോഗികമായി കൊണ്ടുപോകണം. ഡാറ്റാ ബാങ്ക് ഏതാണ്ട് അബദ്ധ പഞ്ചാംഗമാണ്. ഡാറ്റാ ബാങ്ക് പരിശോധിച്ചാൽ അതിനകത്ത് ഒന്നുമില്ല. കൃഷി ചെയ്യാത്തയിടം നിലമെന്നും നിലമെല്ലാം പുരയിടമെന്നും വേറെ ചില സ്ഥലങ്ങളെ പാടമെന്നും എഴുതി വച്ചിരിക്കുകയാണ്. ആ ഡാറ്റാ ബാങ്ക് കൊണ്ടുപോയാൽ എവിടെയെങ്കിലും നമ്മളെത്തുമോ? കർഷക താൽപ്പര്യം നോക്കി കേരളത്തിലെ നെൽക്കൃഷി ഇനിയെങ്കിലും രക്ഷപ്പെടണമെങ്കിൽ ഇതിനകത്ത് പൊളിച്ചെഴുത്തുണ്ടാകണം; പ്രായോഗികമായ സമീപനമുണ്ടാകണം. നമ്മുടെ പ്രത്യയശാസ്ത്ര കാർക്കശ്യംവച്ച് കർഷകന്റെ നെഞ്ചിൽ കുത്തുന്ന നടപടിയുണ്ടാകരുത്. അതില്ലാതെ യഥാർത്ഥത്തിൽ കൃഷി ചെയ്യാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നയാളുകൾക്ക് പിന്തുണ നൽകുന്നതിനുവേണ്ടി ശ്രമിക്കണം. അതിലൂടെ ഞാൻ എന്റെ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ വയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ബിൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ചത്. ഇപ്പോൾ നെൽവയലുകളുടെയും നീർത്തടങ്ങളുടെയും പ്രാധാന്യം നമ്മുടെ നാട്ടിലെ എല്ലാ വിഭാഗം ജനങ്ങൾക്കും അറിവുള്ള ഒരു കാര്യമാണ്. കാരണം കഴിഞ്ഞ കുറേ കാലങ്ങളായി ഈ കാര്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കേരളത്തിൽ അത്രമാത്രം പ്രചരണം നടക്കുന്നുണ്ട്. ഒട്ടനവധി സന്നദ്ധസംഘടനകൾ, രാഷ്ട്രീയപാർട്ടികൾ തുടങ്ങി എല്ലാവരും ഇക്കാര്യത്തിൽ മുൻകൈയെടുത്തിട്ടുണ്ട്. വയലുകൾ സംരക്ഷിക്കുകയെന്നുള്ളത് കേരളത്തിന്റെ നിലനിൽപ്പിന് ഏറ്റവും പ്രാധാന്യമുള്ള ഒരു കാര്യമാണെന്നുള്ള പൊതു അവബോധം നമ്മുടെ നാട്ടിലുണ്ട്. അതേസമയം പല സ്ഥലത്തും ഉദ്യോഗസ്ഥന്മാരുടെയും

പ്രാദേശിക രാഷ്ട്രീയ നേതാക്കന്മാരുടെയുമൊക്കെ പിൻബലത്തിൽ നിലംനികത്തൽ നിർബാധം നടക്കുകയും ചെയ്യുന്നു. ഇതിനൊരു അവസാനമുണ്ടാക്കാൻ വേണ്ടിയാണ് 2008-ലെ നിയമം കൊണ്ടുവന്നത്. ഈ നെൽവയലുകൾ നമുക്ക് നെല്ല് തരിക മാത്രമല്ലല്ലോ ചെയ്യുന്നത്; കാലാവസ്ഥാ നിയന്ത്രണത്തിനും ജലനിയന്ത്രണത്തിനും സഹായിക്കുന്നുണ്ട്, ഭൂഗർഭ ജലവിധാനം സംരക്ഷിച്ചുനിർത്തുന്നുണ്ട്, മണ്ണൊലിപ്പ് തടയുന്നുണ്ട്, ജലശുദ്ധീകരണം നടത്തുന്നുണ്ട്, മാലിന്യശുദ്ധീകരണം നടത്തുന്നുണ്ട്. അങ്ങനെ വിവിധ കാര്യങ്ങൾ ഈ നെൽവയലുകൾ ചെയ്യുന്നുണ്ട്. പ്രത്യക്ഷത്തിൽ കൃഷി മാത്രമാണ് പലപ്പോഴും കാണുന്നത്. ഒരു പാടം നികത്തുമ്പോൾ ഒരു കുന്ന് എവിടെയെങ്കിലും ഇടിക്കുന്നുണ്ട്. പാടം നികത്തുന്ന സമയത്ത് അതിനകത്തുള്ള ലക്ഷക്കണക്കിന് ലിറ്റർ ജലം ഇല്ലാതാകുകയാണ്. അതുമാത്രമല്ല, അതിന് തൊട്ടടുത്തുള്ള ഏത് കിണറിന്റെയും ജലവിധാനം താഴോട്ടുപോകും. ഇതിനൊന്നും വലിയ ശാസ്ത്രീയ സർട്ടിഫിക്കറ്റ് ആവശ്യമില്ല. ഇതെല്ലാം നമ്മൾ ദൈനംദിനം കേരളത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. നമ്മുടേത് പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച ഒരു സ്ഥലമാണ്. മറ്റു പല സ്ഥലങ്ങളിലെയും പോലെയല്ല, നമുക്ക് നമ്മുടെ വസ്ത്രധാരണ രീതി ഒരു വർഷവും മാറ്റേണ്ടതായിട്ടില്ല. ഒരേ രീതിയിൽ വസ്ത്രം ധരിക്കാവുന്ന ലോകത്തെ ചുരുക്കം ചില സ്ഥലങ്ങളിലൊന്നാണ് കേരളം. ഇപ്പോൾ നമുക്ക് അസഹനീയമായ ചൂടാണ്. ലോകത്തിലെ തന്നെ കാലാവസ്ഥാമാറ്റങ്ങളുടെ ഫലവും നമ്മൾതന്നെ വരുത്തിവച്ചതുമായ കാര്യങ്ങളുണ്ടെങ്കിൽ കൂടിയും അത്തരത്തിലൊരു കൊടുംചൂട് എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ചൂട് വന്നിട്ടില്ല. അതുപോലെ തന്നെ തണുപ്പുമില്ല. ലോകത്ത് ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്ന ഒരു സ്ഥലമല്ലേ കേരളം? ഇത്തവണ മഴ കുറഞ്ഞിട്ടുണ്ട്. ഇനിയും മഴ കുറയാനിരിക്കുന്നുവെന്നുള്ള ഭീതി നിലനിൽക്കുന്നുണ്ട്. എന്നിരുന്നാൽ തന്നെയും ഇഷ്ടംപോലെ മഴവെള്ളം ലഭിക്കുന്നുണ്ട്. ഈ പെയ്യുന്ന മഴവെള്ളം മുഴുവൻ അഞ്ച് മിനിറ്റുകൊണ്ട് ഒഴുകി കടലിൽ പോകുന്നുവെന്നുള്ളതാണ് നമ്മുടെ പ്രശ്നം. മഴവെള്ളം സംരക്ഷിച്ചുനിർത്തിയിരുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളാണ് നമ്മുടെ നാട്ടിലെ പാടശേഖരങ്ങൾ. പാടം നികത്തിയ സ്ഥലങ്ങളിലെല്ലാം വലിയ വെള്ളക്കെട്ടുകളും വെള്ളപ്പൊക്കവും വരികയാണ്. ചെന്നൈയിൽ നമ്മൾ കണ്ടതല്ലേ? യാതൊരു നിയന്ത്രണവുമില്ലാതെ കാര്യങ്ങൾ ചെയ്തതിന്റെ ഫലമായിട്ടാണ് ദിവസങ്ങളോളം നിന്ന വെള്ളപ്പൊക്കം ചെന്നൈയിലുണ്ടായത്, മുംബൈയിലുണ്ടായത്; അങ്ങനെ പല സ്ഥലത്തുമുണ്ടായത്. ഇത്രയും മഴ ലഭിക്കുന്ന ഒരു സ്ഥലത്ത് ഈ ജലം സംരക്ഷിച്ചുനിർത്തിയിരുന്നത്; നമ്മുടെ കിണറുകളിൽ വെള്ളം നിറച്ചിരുന്നത്

പാടശേഖരങ്ങളാണ്. പ്രകൃതിയോട് യാതൊരു കാരുണ്യവും കാണിക്കാതെയാണ് പാടങ്ങൾ നികത്തിക്കൊണ്ടിരിക്കുന്നത്. 1967-ലെ ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ ഒരു നോക്കുകുത്തിയായിപ്പോയില്ലേ? ആ ഓർഡർ നിലനിൽക്കുമ്പോഴാണ് അതിനെയെല്ലാം മറികടന്ന് കേരളത്തിലെ ഭൂമാഫിയ നിർബാധം നിലം നികത്തിക്കൊണ്ടിരിക്കുന്നത്. ആ സന്ദർഭത്തിലാണ് നിലം നികത്തുന്നതിനെതിരായിട്ടുള്ള ഒരു നിയമം പാസ്സാക്കിയത്. ആ നിയമത്തിന് ഒട്ടേറെ പഴുതുകൾ വന്നു. ആ പഴുതുകളുപയോഗിച്ച് പലയാളുകളും പലതും ചെയ്തു.

ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, നിയമത്തിൽ പറഞ്ഞ ഡാറ്റാ ബാങ്ക് ഫലപ്രാപ്തിയിലെത്തിക്കാൻ നമുക്ക് കഴിഞ്ഞില്ല. പഞ്ചായത്തുകൾ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് ഗസറ്റ് നോട്ടിഫിക്കേഷനിൽ വന്നില്ല. അതിന്റെ ഫലമായി അതിന് നിയമപരമായ പ്രാബല്യമില്ലാതായി. എന്റെ മണ്ഡലത്തിലെ കുമരകം പഞ്ചായത്ത് ഡാറ്റാ ബാങ്ക് കൃത്യമായി തയ്യാറാക്കി, അതിന് ഏതാണ്ട് 400-ഓളം പേജ് വരും. അങ്ങനെ കേരളത്തിലെ നൂറുക്കണക്കായ പഞ്ചായത്തുകൾ 400-ഉം 500-ഉം 600-ഉം പേജുള്ള ഡാറ്റാ ബാങ്കുകളുണ്ടാക്കി. അത് ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ കഴിയാത്തതിന്റെ ഫലമായി നിയമപ്രാബല്യമില്ലാതായി. ഫലത്തിൽ ആ നിയമത്തിലെ പ്രധാനപ്പെട്ട കാര്യം നടപ്പാക്കാൻ നമുക്ക് സാധിച്ചില്ല. അതായത് പഞ്ചായത്തുകൾ പ്രസിദ്ധീകരിക്കുന്ന ഡാറ്റാ ബാങ്കിന് ഗസറ്റിന്റെ പ്രാബല്യമുണ്ടെന്ന് സർക്കാരിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാം. അത്തരം കാര്യങ്ങൾ സർക്കാർ ആലോചിക്കണം. കാരണം ഈ ഡാറ്റാ ബാങ്ക് ഇനി ഗസറ്റിൽ പബ്ലിഷ് ചെയ്ത് നിയമമാക്കുക എന്നുള്ളത് തീർത്തും അപ്രായോഗികമായ കാര്യമാണ്. അപ്പോൾ അതിനെന്താണ് മാർഗ്ഗമെന്നുള്ളത് സർക്കാർ ആലോചിക്കണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, കേരളത്തിൽ ഡാറ്റാ ബാങ്ക് ഇല്ലാത്തതുകൊണ്ട് വലിയൊരു പ്രയാസമുണ്ട്. നാൽപ്പത് വർഷം മുമ്പ് കരഭൂമിയായിരുന്ന സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനുള്ള അനുമതി കിട്ടാത്ത സ്ഥിതിയുണ്ട്. ദീർഘകാലമായി നെൽകൃഷി ചെയ്യാത്തിടത്ത് വീട് വയ്ക്കുന്നത് പരിഗണിക്കുന്നതിനായി നഞ്ച കമ്മിറ്റിയുണ്ട്. ഡാറ്റാ ബാങ്ക് കൃത്യമായി തയ്യാറാക്കി നിലവിലുള്ള തണ്ണീർത്തടങ്ങളും പാടശേഖരങ്ങളും അതേപോലെ നിലനിർത്തിക്കൊണ്ട് കഴിയുന്ന വിധത്തിൽ ഈ നിയമം പ്രാബല്യത്തിൽ വരുത്താനല്ലേ നമ്മൾ ശ്രമിക്കേണ്ടത്?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, താങ്കൾ പറഞ്ഞ ആദ്യത്തെ പ്രശ്നത്തിലേക്ക് ഞാൻ പുറകേ വരാം. അത് ഒട്ടനവധി ആളുകൾ അനുഭവിക്കുന്ന ദുരിതമാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, അത് പ്രായോഗികമായി വലിയ പ്രശ്നമാണ്. നമ്മൾ കൃഷി നിലനിർത്താനാണ് ഇതൊക്കെ പറയുന്നത്. അങ്ങനെയാണെങ്കിൽ ഭൂമിയുടെ മൊത്തം ക്ലാസ്സിഫിക്കേഷൻ എടുക്കണം. കൃഷി ഭൂമിയെത്ര; കൃഷിക്ക് ഉപയുക്തമായ ഭൂമിയെത്ര; കൃഷിക്ക് ഉപയുക്തമല്ലാത്ത ഭൂമിയെത്ര; എന്നൊരു ക്ലാസ്സിഫിക്കേഷൻ നടത്തിയാൽ ഈ പ്രശ്നം തീർക്കാൻ സാധിക്കും. കർണ്ണാടക സർക്കാർ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി അത് ചെയ്തിട്ടുണ്ട്. അതുപോലെ ഒരു ക്ലാസ്സിഫിക്കേഷൻ നടത്തിയാൽ നമുക്ക് കൃഷി ഭൂമി നിലനിർത്താൻ സാധിക്കും. കൃഷി ഭൂമി മാത്രമല്ല കൃഷിക്ക് ഉപയുക്തമായ ഭൂമിയും നിലനിർത്തണം. അങ്ങനെ നിലനിർത്തിയില്ലെങ്കിൽ കേരളത്തിൽ കൃഷിയുണ്ടാകാൻ പോകുന്നില്ല. നെൽകൃഷി നഷ്ടമാണെന്ന് പറഞ്ഞ് അത് ഉപേക്ഷിക്കാൻ തുടങ്ങി. ഇപ്പോൾ റബ്ബർ നഷ്ടമാണെന്ന് പറഞ്ഞ് അവിടെയും കൃഷി ഇല്ലാതാകാൻ പോവുകയാണ്. അതുപോലെ തെങ്ങ് കൃഷി ഇല്ലാതാകാൻ പോവുകയാണ്. ഇങ്ങനെയൊരു ക്ലാസ്സിഫിക്കേഷൻ നടത്തി പുതിയ നിയമം കൊണ്ടുവന്നാൽ മാത്രമേ ഇത് നിലനിർത്താൻ സാധിക്കൂ. അങ്ങനെയൊരു ക്ലാസ്സിഫിക്കേഷൻ നടത്തുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ഡാറ്റാ ബാങ്ക് തയ്യാറാക്കുകയോ അല്ലെങ്കിൽ ക്ലാസ്സിഫിക്കേഷൻ നടത്തി പ്രസിദ്ധീകരിക്കുകയോ ചെയ്തുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യണം. ഇക്കാര്യം അനന്തമായി നീട്ടിക്കൊണ്ടു പോകാൻ പറ്റില്ല. നമുക്ക് കൃത്യമായ വസ്തുക്കളെ സംബന്ധിച്ച, ഭൂമിയെ സംബന്ധിച്ച വിവരമുണ്ടാകണം. ആ വിവരം ഉണ്ടാകുന്നതിനുവേണ്ടി നമ്മൾ തയ്യാറാക്കിയ ഡാറ്റാ ബാങ്കാണ് അനന്തമായി നീണ്ടുപോയത്. അങ്ങ് പറഞ്ഞ കാര്യങ്ങളും ചെയ്യാം. പക്ഷേ ഏത് ചെയ്യണമെന്നുള്ളത് യുദ്ധകാലാടിസ്ഥാനത്തിൽ ആലോചിച്ച് ചെയ്യേണ്ടതായിട്ടുണ്ട്. 15-20 വർഷമായി കൃഷി ചെയ്യാത്ത ഭൂമി നികത്തുന്നതു കൊണ്ട് കുഴപ്പം എന്താണെന്ന് ചോദിക്കുന്നവരുണ്ട്. അതിന്റെ ഉടമസ്ഥരോട് സഹാനുഭൂതിയോടുകൂടി തന്നെ പറയട്ടെ, ഇനി ഒരിഞ്ച് ഭൂമിപോലും, നികത്താൻ അനുമതി നൽകാൻ കഴിയില്ലെന്നുള്ളതാണ് കേരളത്തിന്റെ സ്ഥിതി. കേരളത്തിൽ പ്രതിവർഷം 45 ലക്ഷം ടൺ നെല്ലാണ് വേണ്ടത്. അത് മുഴുവൻ കേരളം കൃഷി ചെയ്തുണ്ടാക്കണമെന്ന് ഞാൻ പറയുന്നില്ല. അതൊന്നും ചെയ്യേണ്ട കാര്യമില്ല, അതിന് ചിലപ്പോൾ കഴിയില്ല. കാരണം, ഇന്ത്യൻ യൂണിയനിൽ നിൽക്കുന്ന സംസ്ഥാനമെന്നുള്ള നിലയിൽ കേരളം ഇത്തരം കാര്യങ്ങളിലെല്ലാം പൂർണ്ണമായും സ്വയംപര്യാപ്തത കൈവരിക്കണമെന്ന്

പറയുന്നതിൽ അർത്ഥമില്ല. പക്ഷെ, നമ്മൾ ഉൽപ്പാദിപ്പിക്കുന്നത് 6 ലക്ഷം ടണ്ണേയുള്ളൂ. നമുക്ക് വേണ്ടത് 45 ലക്ഷം ടണ്ണായിരിക്കുമ്പോൾ നമ്മൾ 6 ലക്ഷമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂവെന്നുള്ളതും 1975-ൽ 8.87 ലക്ഷം ഹെക്ടറായിരുന്ന പാടങ്ങൾ ഇന്ന് 1.94 ലക്ഷമായി കുറഞ്ഞുവെന്നുള്ളതും ഏറ്റവും ഗൗരവമായി കാണേണ്ടതല്ലേ; ഇത് കേരളത്തെ നശിപ്പിക്കുന്നതല്ലേ; കേരളത്തെ ഇല്ലാതാക്കുന്നതല്ലേ? കേരളമെന്ന മനോഹരമായ സ്ഥലത്തിന്റെ എല്ലാ ഭംഗിയെയും എല്ലാതരത്തിലുമുള്ള രീതികളെയും ഇല്ലാതാക്കുന്ന ഒന്നാണ് ഈ പാടം നികത്തൽമൂലം സംഭവിക്കുന്നതെന്നുള്ളത് നമ്മൾ മനസ്സിലാക്കണ്ടേ? ഞാൻ നേരത്തേ പറഞ്ഞതുപോലെ യുദ്ധകാലാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ട ഒന്നാണിത്.

ശ്രീ. എൽദോ എബ്രഹാം : സർ, നെൽക്യഷിക്കുവേണ്ടി യഥാർത്ഥത്തിൽ വയലിൽ ഇറങ്ങുവാനോ, ഞാറ് നടുവാനോ, കൊയ്യുവാനോ സ്ത്രീകളെ കിട്ടാനില്ല. സർക്കാരിന്റെ വേണ്ടത്ര സഹായം ലഭ്യമാകുന്നില്ല. പല പാട ശേഖരങ്ങളും യഥാർത്ഥത്തിൽ നികത്തപ്പെടുകയല്ല. പകരം കർഷകർ നിവൃത്തികേടുകൊണ്ട് തടമെടുത്ത് ജാതിയും വാഴയും പൈനാപ്പിളുമൊക്കെ കൃഷി ചെയ്യുന്ന സ്ഥിതി മദ്ധ്യകേരളത്തിലുണ്ട്. ഇപ്പോൾ അതും ചെയ്യാതായിട്ടുണ്ട്. യഥാർത്ഥത്തിൽ ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്കുകൾക്കപ്പുറത്ത് സർക്കാർ നെൽ കൃഷിക്കുവേണ്ടിയുള്ള കലവറയില്ലാത്ത സഹായം നൽകേണ്ടതല്ലേയെന്നാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, തൃശ്ശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം നഞ്ച, പുഞ്ച, നിലം നികത്തൽ എന്നൊക്കെ പറഞ്ഞിട്ടുള്ള പല ഭേദഗതിയുണ്ട്. അതുകൊണ്ട് ആളുകൾക്ക് നിരന്തരം പ്രശ്നങ്ങളാണ്. നേരത്തേയുണ്ടായിരുന്ന വീട് പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുമ്പോഴാണ് ഡാറ്റാ ബാങ്കിൽ ഇത്തരം കാര്യങ്ങൾ കാണുന്നത്. അതുകൊണ്ട് അവർക്കൊരു വീട് വയ്ക്കാൻ കഴിയുന്ന തരത്തിലുള്ള സഹായകരമായ നിലപാട് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും സ്വീകരിക്കണം. നെൽക്യഷി നടത്തണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. നെൽക്യഷി വേണം. അതോടൊപ്പംതന്നെ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ള നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. സി. കെ. നാണു : സർ, നിയമങ്ങൾ എന്ത് വന്നാലും, താലൂക്ക് സഭ ചേർന്ന്, നികത്തിയ വയലുകൾ മണ്ണ് നീക്കം ചെയ്ത് പുനഃസ്ഥാപിക്കണമെന്ന് രാഷ്ട്രീയ പാർട്ടികളുടെ കമ്മിറ്റികളടക്കം ബന്ധപ്പെട്ടവരെല്ലാവരും കൂടിച്ചേർന്ന്

തീരുമാനിച്ചാലും അത് ചെയ്യുന്നില്ല. ഇത് കുറേക്കാലമായി തുടരുകയാണ്. നമ്മൾ ഡി.ഡി.സി.-യിലും താലൂക്ക് സഭയിലും മണ്ണ് നീക്കം ചെയ്യണമെന്ന് പറയുന്നുണ്ടെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. ഭൂമിയുമായി ബന്ധപ്പെട്ട് എന്ത് തീരുമാനമെടുത്താലും അതിനെയെല്ലാം പരാജയപ്പെടുത്തുന്ന രൂപത്തിലുള്ള ശക്തികൾ ഒരു ഭാഗത്ത് നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നു. നെൽക്കൃഷി നഷ്ടത്തിലാണെന്ന് പറയുന്നതൊന്നും ശരിയല്ല. എന്റെ നാട്ടിൽ തരിശ് ഭൂമിയിൽ കുറേ ചെറുപ്പക്കാർ യോജിച്ച് നെൽക്കൃഷി ചെയ്തപ്പോൾ അത് ലാഭകരമായി മാറിയെന്ന് അനുഭവത്തിൽനിന്ന് അഭിമാനത്തോടുകൂടി മീറ്റിംഗുകളിൽ പറയാൻ കഴിയുന്നുണ്ട്. പക്ഷെ, ഇവിടത്തെ പ്രശ്നമെന്ന് പറയുന്നത്, നമ്മൾ തീരുമാനിച്ചാലും നടപ്പിലാക്കാൻ ഉദ്യോഗസ്ഥ തലത്തിൽ ഒരുതരത്തിലുമുള്ള ശക്തമായ നീക്കങ്ങളും നടക്കുന്നില്ല എന്നുള്ളതാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, പത്തനംതിട്ട, കോട്ടയം, എറണാകുളത്തിന്റെ ഒരു മേഖല, അപ്പർ കുട്ടനാട് തുടങ്ങിയ പ്രദേശങ്ങളിലെല്ലാം നെവൽവയലുകളിൽ പയർ ഉൾപ്പെടെയുള്ള മറ്റ് പച്ചക്കറികൾ കൃഷി ചെയ്യുന്നുണ്ട്. ഇപ്രാവശ്യത്തെ ഓണത്തിന് കുടുംബശ്രീയടക്കം ചേർന്നുകൊണ്ട് കൃഷി ചെയ്തതിനാൽ കേരളത്തിൽ വലിയ തോതിൽ പച്ചക്കറിയുൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നേരത്തേ നെൽ വയലുകളായിരുന്നിടത്താണ് കൃഷി ചെയ്യുന്നതെന്നുള്ളത് വസ്തുതയാണ്. അത് മുഴുവൻ പാടശേഖരങ്ങളാക്കി മാറ്റാൻ ഇനി പ്രായോഗികമായി കഴിയാത്ത സാഹചര്യത്തിൽ, നയപരമായ സമീപനം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ നിൽക്കുന്നുവെന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പം അങ്ങ് ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട വിഷയം, നിലവിലുള്ള നെൽവയലുകൾ സംരക്ഷിക്കപ്പെടണമെന്നതാണ്. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. ഒരു റോഡ് വികസനം വേണ്ടി വന്നാൽ, കരഭൂമി കഴിഞ്ഞ് ഒരു പാടശേഖരത്തിലൂടെയാണ് ബൈപാസ് റോഡ് പോകേണ്ടി വരുന്നതെങ്കിൽ, അവിടെ നമുക്ക് exempt ചെയ്യുകയല്ലാതെ വേറെ എന്താണ് മാർഗ്ഗമെന്നുള്ള പ്രശ്നം വരുന്നുണ്ട്. വികസന ആവശ്യങ്ങൾക്ക് അനാവശ്യമായി വയൽ നികത്തുന്നതും ഭൂമി നശിപ്പിക്കുന്നതും തടയപ്പെടേണ്ടതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ, വികസന കാര്യങ്ങൾക്കുകൂടി നടപടിയുണ്ടാകുന്ന വിധത്തിൽ ഇക്കാര്യങ്ങൾ ക്രമീകരിക്കുകയെന്നുള്ളത് ആവശ്യമല്ലേ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഇവിടെ ഇരുപക്ഷത്തുമുള്ള ആളുകൾ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും

ഇന്നത്തെ പ്രശ്നങ്ങളുമൊക്കെ ചൂണ്ടിക്കാണിച്ചു. ഈ ഭേദഗതിയിൽ പറയുന്നത്, 2008-നുമുമ്പ് നികത്തപ്പെട്ട സ്ഥലങ്ങൾ റെഗുലറൈസ് ചെയ്യാൻവേണ്ടി മാത്രമാണ് 2015-ലെ ഭേദഗതിയിൽ 3 എ വകുപ്പ് കൂട്ടിച്ചേർത്തത്. അത് ഒഴിവാക്കുന്നതോടുകൂടി ഈ മേഖലയിൽ വീണ്ടുമൊരു അരക്ഷിതാവസ്ഥ വരികയല്ലേ ചെയ്യുന്നത്? 2008-ന് മുമ്പ് നികത്തപ്പെട്ട നെൽവയലുകൾ ഇനിയെങ്ങനെ പൂർവ്വസ്ഥിതിയിലാക്കാൻ കഴിയും? അത് പൂർവ്വസ്ഥിതിയിൽ ആവുകയുമില്ല, ഉടമസ്ഥർക്ക് മറ്റ് കാര്യങ്ങൾ അവിടെ ചെയ്യാനുള്ള രേഖകൾ കിട്ടുകയുമില്ല. അങ്ങനെയൊരു അരക്ഷിതാവസ്ഥ വന്ന സാഹചര്യത്തിലാണ് 3 എ വകുപ്പ് കൂട്ടിച്ചേർത്തത്. ഇനി ഒരു നെൽവയലും നികത്താനോ നികത്തിയവർക്ക് പ്രൊട്ടക്ഷൻ നൽകാനോ പാടില്ല. 2008-ന് മുമ്പ് ചെയ്തു പോയവർക്ക് അത് റെഗുലറൈസ് ചെയ്യാൻ വേണ്ടിമാത്രം കൊണ്ടുവന്നിട്ടുള്ള വകുപ്പ് നീക്കുന്നതിലൂടെ ഈ രംഗത്ത് എന്ത് മാറ്റം വരുമെന്നാണ് അങ്ങ് പ്രതീക്ഷിക്കുന്നത്?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ഞാൻ ബഹുമാനപ്പെട്ട നാണുവേട്ടൻ പറഞ്ഞതിനോട് യോജിക്കുകയാണ്. കേരളത്തിൽ തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ഒട്ടനവധി വ്യക്തികളും സന്നദ്ധ സംഘടനകളും വരുന്നുണ്ട്. നെല്ലിന് സർക്കാർ ന്യായമായ വില നൽകുന്നുവെന്നുള്ളതുകൊണ്ടും യന്ത്രങ്ങൾ പല സ്ഥലത്തും ലഭ്യമാകുന്നുവെന്നുള്ളതുകൊണ്ടും ഇക്കാര്യത്തിനുവേണ്ടി ആളുകൾ മുന്നോട്ട് വരുന്നുണ്ട്. കൃഷിയിൽനിന്ന് ഇടക്കാലത്ത് പുറകോട്ട് പോയിരുന്ന ആളുകൾ നെൽക്കൃഷി ചെയ്യാൻ വേണ്ടി വരുന്നുണ്ടെന്നുള്ളതാണ് എന്റെ അനുഭവം. വേണ്ടത്ര തൊഴിലാളികളില്ലായെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുപോലെ പല സ്ഥലത്തും യന്ത്രങ്ങളുണ്ട്, കൂടുതൽ യന്ത്രങ്ങൾ കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് നടത്തേണ്ടത്. സർക്കാർ മുൻകൈയെടുത്തുകൊണ്ട് എല്ലാ സ്ഥലത്തും കൃഷിക്കാവശ്യമായ കൊയ്ത്ത് യന്ത്രങ്ങളും മറ്റ് സാധനങ്ങളും എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. പലപ്പോഴും അത് കൃഷികാർക്ക് ലഭിക്കാറില്ല. 2008 വരെയുള്ള ഭൂമി നികത്തിയത് റെഗുലറൈസ് ചെയ്യേണ്ടി വന്ന നിയമത്തിന്റെ മറവിൽ ഒട്ടനവധി കൊള്ളരുതായ്മകൾ നടന്നില്ലേ? അതിനുള്ള ഏക മാർഗ്ഗം ഡാറ്റാ ബാങ്ക് ഫലപ്രദമായി ഉപയോഗിക്കപ്പെടുക എന്നുള്ളതാണ്. അതിനെക്കുറിച്ചുള്ള ഡാറ്റാ ബാങ്ക് അടിസ്ഥാനമാക്കി തീരുമാനങ്ങളെടുക്കണം. അല്ലെങ്കിൽ വലിയ ഒരു അദാലത്ത് നടത്തണം. ഇക്കാര്യങ്ങൾ സർക്കാർ യുക്തിസഹമായി തീരുമാനിക്കേണ്ട കാര്യമാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, ഇവിടെ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായ ഒരു പ്രശ്നമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 19-4-2016-ൽ തദ്ദേശ സ്വയംഭരണ

വകുപ്പ് 130-ാം നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും പത്തോ അറുപതോ വർഷം മുമ്പ് കരഭൂമിയായി മാറിയിട്ടുള്ളതുമായ ഒട്ടേറെ പ്രദേശങ്ങൾ എന്റെ മണ്ഡലത്തിലുണ്ട്. നിലവിലുള്ള ഒരു വീട് പുനർനിർമ്മിക്കുന്നതിനോ അല്ലെങ്കിൽ ഒരു വീടിന് എക്സ്റ്റെൻഷൻ വേണ്ടി വരികയോ ചെയ്യുന്ന ഘട്ടത്തിൽ അവർക്ക് അനുമതി നൽകുന്നില്ല. ഇത് വലിയൊരു പ്രശ്നമായി ഞങ്ങളുടെ മേഖലയിൽ മാറിയിരിക്കുകയാണ്. തീരദേശ മേഖലയിലെ ഒട്ടുമിക്ക സ്ഥലങ്ങളിലും ഈ പ്രശ്നമുണ്ട്. എന്റെ മണ്ഡലമായ കല്യാശ്ശേരിയുടെ ഭൂരിഭാഗവും തീരദേശമാണ്. ശ്രീ. കെ. എം. ഷാജിയുടെ നിയോജക മണ്ഡലത്തിലെ പാപ്പിനിശ്ശേരി, വളപട്ടണം, കണ്ണപുരം, ചെറുകുന്ന്, കുഞ്ഞുമംഗലം തുടങ്ങിയ ഒട്ടുമിക്ക സ്ഥലങ്ങളും പത്തറുപത് വർഷങ്ങൾക്കുമുമ്പ് വയലായിരുന്നു. അത് കരഭൂമിയാക്കി മാറ്റിയതാണ്. കഴിഞ്ഞ ദിവസം ഒരാൾ എന്നോട് ഒരു പരാതി പറഞ്ഞു. ബ്ലോക്ക് പഞ്ചായത്തിൽനിന്ന് എസ്സി.-യുടെ സ്കീമിൽപ്പെടുത്തി അയാൾക്കൊരു വീടിന് അനുമതി ലഭിച്ചു. പക്ഷേ അദ്ദേഹത്തിന് പഴയ വീടുണ്ടായിരുന്ന സ്ഥലത്ത് വീട് വയ്ക്കാൻ കഴിയുന്നില്ല. കാരണം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ റവന്യൂ രേഖയിൽ നിലമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അതിൽ പ്രശ്നമില്ലെന്നാണ് ബഹുമാന്യനായ മന്ത്രി സഭയിൽ പറഞ്ഞത്. പക്ഷേ ഇതുവരെയും തീരുമാനം വന്നിട്ടില്ല. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത, എന്നാൽ റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയവർക്ക് വീട് വയ്ക്കാനോ വീടിന് എക്സ്റ്റെൻഷനോ അനുവാദം നൽകാത്ത നടപടി തീർച്ചയായും അംഗീകരിക്കാൻ കഴിയില്ല. ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ അനുഭാവപൂർവ്വമായ ഒരു നിലപാട് വേണ്ടതല്ലേ?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് പറഞ്ഞ പ്രശ്നം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല, കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലുമുണ്ട്. ഏറ്റുമാനൂർ പട്ടണത്തിന്റെ മദ്ധ്യഭാഗത്ത് ചുറ്റും വലിയ കടകളും കെട്ടിടങ്ങളുമെല്ലാം വരുന്നിടത്ത് ഒരു കെട്ടിടം പണിയാൻ വേണ്ടി ഒരാൾ 25 സെന്റ് സ്ഥലത്തിന് പെർമിഷൻ ചോദിച്ചപ്പോൾ അത് നിലമാണെന്നാണ് ബന്ധപ്പെട്ടവർ പറഞ്ഞത്. പതിറ്റാണ്ടുകളായി കര ഭൂമിയായി കിടക്കുന്ന സ്ഥലമാണ്. അങ്ങനെയൊരു പ്രായോഗിക പ്രശ്നമുണ്ട്. ആ പ്രശ്നം എങ്ങനെ പരിഹരിക്കണമെന്നുള്ളത് സർക്കാർ തീരുമാനിക്കണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ അതിനുവേണ്ടി ഓരോ സ്ഥലത്തും റവന്യൂ അദാലത്ത് നടത്താം. അല്ലെങ്കിൽ ഡാറ്റാ ബാങ്കിൽ ഇല്ലാത്ത

ഭൂമിയാണെന്നുള്ള ഒരു പരിഗണന നൽകാം. നാട്ടിലെ ഒട്ടനവധി വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങളുടെ സമ്മർദ്ദവും കാര്യങ്ങളും വരുന്നുണ്ട്. കേരളത്തിലെ ഒരിഞ്ച് ഭൂമിയെങ്കിലും നികത്തുന്നത് afford ചെയ്യാൻ കഴിയുമോ? നമ്മുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾക്കോ പലരുടേയും നിലം നികത്തുന്നതിനുവേണ്ടിയുള്ള അനുമതിക്കോ ശ്രമിച്ചിട്ടുണ്ടാകാം. പക്ഷേ നമുക്ക് ഒരിഞ്ച് ഭൂമി പോലും നികത്താനാവില്ലെന്നുള്ളതാണ് കേരളത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം. അത് നമ്മളെല്ലാം മനസ്സിലാക്കേണ്ടതാണ്.

ഒരു നീർത്തടം നികത്തി വികസന പദ്ധതി കൊണ്ടുവരുമ്പോൾ അത്തരം പദ്ധതിയിൽനിന്നുള്ള വരുമാനം നീർത്തട സേവന മൂല്യങ്ങൾക്ക് ഉപരിയാണോ എന്ന് പരിശോധിക്കണമെന്ന് ഐക്യരാഷ്ട്ര സഭയുടെ നിർദ്ദേശമുണ്ട്. ആ മാനദണ്ഡം അനുസരിച്ച് പരിശോധിച്ചിട്ടുള്ള ഒരു സ്ഥലത്തും നീർത്തടത്തിന്റെ മൂല്യത്തിനുപരിയായി വികസന പദ്ധതി വന്നിട്ടില്ലെന്നതാണ് എല്ലാ രാജ്യങ്ങളുടെയും സ്ഥിതി. ഇക്കാര്യം വളരെ ഗൗരവമായി കാണേണ്ടതാണ്. ഇത് കേരളത്തിന്റെ നിലനിൽപ്പാണ്. നാം ജനിച്ചപ്പോഴുള്ള കേരളം പോലെതന്നെ മുന്നോട്ട് പോകണോ അതോ നമ്മുടെ കാലം തീരുമ്പോഴേക്കും വേറൊരു കേരളമായി മാറണോ എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രശ്നം. അതിന് നമുക്ക് ഉത്തരവാദിത്വമില്ലേ? ഇടുങ്ങിയ രാഷ്ട്രീയ ചിന്തയ്ക്ക് അതീതമായി എല്ലാവരും ഗൗരവപൂർവ്വം പരിശോധിക്കേണ്ട കാര്യമാണ്.

നമ്മുടെ വരദാനമായ പുഴകളിലും തോടുകളിലും മാലിന്യം വലിച്ചെറിയുകയാണ്. ഓരോ വീട്ടിലേയും കിണറുകൾ മാലിന്യക്കുമ്പാരമായി മാറിക്കൊണ്ടിരിക്കുകയാണ്. കോട്ടയം സി.എം.എസ്. കോളേജിലെ രണ്ട് അദ്ധ്യാപകർ കോട്ടയം പട്ടണത്തിലെ കുളങ്ങളെക്കുറിച്ച് ഏകദേശം പത്തുപതിനഞ്ച് വർഷം മുമ്പ് ഒരു പഠനം നടത്തിയപ്പോൾ കോട്ടയം പട്ടണത്തിനകത്ത് 45 കുളങ്ങളുള്ളതായി കണ്ടെത്തി. ഈ 45 കുളങ്ങളിലും മാലിന്യം നിക്ഷേപിച്ചിരിക്കുകയാണ്. കേരളത്തിലെമ്പാടും നീർത്തടങ്ങളും കിണറുകളുമുണ്ട്. ഈ കിണറുകളും കുളങ്ങളുമെല്ലാം ഇന്ന് വീടുകളിലെ മാലിന്യങ്ങൾ പോകാനുള്ള സ്ഥലമാണ്. അല്ലെങ്കിൽ നാട്ടിലുള്ള തോടുകളും പുഴകളുമെല്ലാം മാലിന്യങ്ങൾ വീഴാനുള്ള സ്ഥലമാണ്. നമ്മുടെ നാട്ടിലെ ആശുപത്രികൾക്കും വ്യവസായ സ്ഥാപനങ്ങൾക്കുമെല്ലാം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എല്ലാത്തരത്തിലുമുള്ള സർട്ടിഫിക്കറ്റുകളുണ്ട്. എന്നിട്ടും പാത്തും പതുങ്ങിയും അർദ്ധരാത്രിയിലും മലിനജലം നാട്ടിലേക്ക് ഒഴുക്കിവിടുകയാണ്. അതല്ലേ പല സ്ഥലത്തും ചെയ്യുന്നത്. ഇത് പൊതുവായ ഒരു അവബോധത്തിന്റെ പ്രശ്നമാണ്. രാഷ്ട്രീയത്തിനതീതമായി കേരളം ഒന്നിച്ച് നിൽക്കേണ്ട പ്രശ്നമാണിത്.

യു.ഡി.എഫ്. സർക്കാർ 3 എ വകുപ്പ് കൂട്ടിച്ചേർത്തു. അതിന്റെ ഫലമായി എത്രമാത്രം നിലങ്ങൾ നികത്തപ്പെട്ടു. നികത്തിയ നിലത്തിന്റെ വിലയുടെ 25 ശതമാനം

പിഴയൊടുക്കിയാൽ ക്രമവൽക്കരിച്ച് നൽകാമെന്നാണ് 3 എ വകുപ്പിൽ പറയുന്നത്. ഈ നിയമ ഭേദഗതി കൊണ്ടുവന്നിട്ട് എൽ.ഡി.എഫ്.-ന്റെ തലയിലേക്കാണ് വച്ചുതരുന്നത്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ അത് പറഞ്ഞിട്ടുണ്ടെന്നാണ് പറയുന്നത്. മെത്രാൻ കായൽ നികത്തിയപ്പോൾ എൽ.ഡി.എഫ്. കൊണ്ടുവന്ന നിയമമാണെന്നാണ് ഇവർ പറഞ്ഞത്. എൽ.ഡി.എഫ്. കൊണ്ടുവന്നതെല്ലാം ചെയ്യാനായിരുന്നോ ഇവർ ഇരുന്നത്? അങ്ങനെയാണെങ്കിൽ ഇവർ സർക്കാർ രൂപീകരിക്കേണ്ട കാര്യമില്ലല്ലോ. ഡോ. ടി. എം. തോമസ് ഐസക് അന്ന് ബഡ്ജറ്റിൽ പറഞ്ഞ എന്തെല്ലാം കാര്യങ്ങളുണ്ട്. അതൊന്നും ഇവരാരും നടപ്പിലാക്കിയില്ലല്ലോ? എൽ.ഡി.എഫ്. സർക്കാർ ഒരിക്കലും നിയമമായി കൊണ്ടുവന്നിട്ടില്ലാത്ത ഒരു കാര്യമാണ് surreptitiously ശ്രീ. കെ. എം. മാണി ഫിനാൻസ് ബില്ലിൽക്കൂടി കൊണ്ടുവന്നത്. എന്നിട്ട് അന്നത്തെ സാഹചര്യത്തിൽ ചർച്ച പോലും ചെയ്യാതെ അത് പാസ്സാക്കി. കേരളത്തിന്റെ ഭാവിയെ ദൂരവ്യാപകമായി ബാധിക്കുന്ന ഒരു പ്രധാന പ്രശ്നത്തെ ഇങ്ങനെ നിസ്സാരമായി കൈകാര്യം ചെയ്യാമോ? എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവരാത്ത, നിയമമാക്കിയിട്ടില്ലാത്ത ഒരു കാര്യമാണത്. എൽ.ഡി.എഫ്.-ന്റെ ഒരു നിർദ്ദേശമാണ് പറഞ്ഞത്. എത്ര പരിഹാസ്യമാണിത്. എന്നിട്ട് അത് പുറംവാതിലിൽക്കൂടി കൊണ്ടുവരികയല്ലേ ചെയ്തത്?

മെത്രാൻ കായൽ നികത്തിയപ്പോൾ ഇവർ എന്താണ് പറഞ്ഞത്? കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ അവസാന ദിവസത്തിൽ എത്ര ഓർഡറുകളാണ് പുറപ്പെടുവിച്ചത്. മെത്രാൻ കായലിന്റെ 425 ഏക്കർ വിവിധ പേരുകളിൽ വിവിധ ആളുകൾ വാങ്ങിക്കൂട്ടി. പക്ഷേ എല്ലാം ഒരു കമ്പനിക്കാണ്. ബിനാമി പേരിൽ വാങ്ങിക്കൂട്ടിയെന്ന് ലോകത്തിന് മുഴുവൻ അറിയാവുന്ന 425 ഏക്കറിന് എല്ലാവിധ പാരിസ്ഥിതിക അനുമതികളും ലംഘിച്ചുകൊണ്ടാണ് അനുവാദം നൽകിയത്. വൈക്കത്ത് 150 ഏക്കർ സന്തോഷ് മാധവന് കൊടുത്തില്ലേ? അങ്ങനെ എവിടെയെല്ലാം ഏതെല്ലാം തരത്തിലാണ് നൂറ് ഉത്തരവുകൾ പുറപ്പെടുവിച്ചത്. കഴിഞ്ഞ സർക്കാരിന്റെ അവസാന ദിവസങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകളാണിതൊക്കെ. ഇതിന്റെയെല്ലാം പിന്നിൽ നടന്ന അഴിമതി എത്രയാണ്? അതെല്ലാം എൽ.ഡി.എഫ്.-ന്റെ തലയിൽ കെട്ടി വയ്ക്കുകയാണ്.

5947 ഏക്കർ തരിശ് ഭൂമിയിൽ കൃഷി ചെയ്തു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിൽ കൃഷി വകുപ്പുമന്ത്രിയായ സഖാവ് വി. എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ മെത്രാൻ കായലിലും, ആറന്മുള പുഞ്ചനിലത്തുമെല്ലാം ഇപ്പോൾ കൃഷി ഇറക്കിയിരിക്കുകയാണ്. അതുപോലെ സഖാവ് റ്റി. പി. രാമകൃഷ്ണന്റെ നിയോജക മണ്ഡലത്തിൽ തരിശ്ശായി കിടക്കുന്ന ഭൂമിയിൽ

കൃഷിയിറക്കാൻ തീരുമാനിച്ചു. ഇത് നിയമ ഭേദഗതി മാത്രമല്ല, ഇതിലൂടെ സർക്കാർ കേരളത്തിന് ഒരു സന്ദേശം കൂടി നൽകിയിരിക്കുകയാണ്.

മെത്രാൻ കായലിന്റെ സ്ഥിതി എന്തായിരുന്നു? 425 ഏക്കർ പലരുടെയും കൈയിലായി. അതിൽ 25 ഏക്കറുള്ള നിലം ഉടമകളുമുണ്ടായിരുന്നു. പാവപ്പെട്ട കൃഷിക്കാർ സ്ഥലം വിറ്റപ്പോൾ അവർക്ക് സ്വപ്നം കാണാൻപോലും കഴിയാത്ത വലിയ തുക ലഭിച്ചു. അവരെ ആർക്കെങ്കിലും കുറ്റം പറയാൻ കഴിയുമോ? എന്നിട്ടും 25 ഏക്കറുള്ള നിലം ഉടമകളിൽ ചിലർ കൃഷി ചെയ്യാതെയും വിൽക്കാതെയും കൈവശം വച്ചുകൊണ്ടിരിക്കുകയായിരുന്നു. മോഹവില പറഞ്ഞിട്ടും അവർ വിൽക്കാൻ തയ്യാറല്ലായിരുന്നു. അവരോട് കേരളത്തിന് എന്നും നന്ദിയുണ്ടായിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അപ്പോഴാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരികയും സഖാവ് വി. എസ്. സുനിൽ കുമാർ ഈ 425 ഏക്കറിന്റെയും ബണ്ട് ബലപ്പെടുത്താൻവേണ്ടി തീരുമാനിക്കുകയും ചെയ്തത്. 25 ഏക്കർ എന്നുപറയുന്നത് പല സ്ഥലങ്ങളിലായി കിടക്കുന്ന പാടങ്ങളാണ്; അവ ഒന്നിച്ചു കിടക്കുന്നതല്ല.

ശ്രീമതി വീണാ ജോർജ്ജ് : സർ, ഈ പറഞ്ഞ 240 ഏക്കർ സ്ഥലത്ത് ഇപ്പോൾ കൃഷി ചെയ്യാൻ തീരുമാനിച്ചു. കൃഷിക്കായി നിലം ഒരുക്കി വിത്തിറക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. അറന്മുള വിമാനത്താവളത്തിനായി അക്വയർ ചെയ്ത പ്രദേശത്തെ 70 ഏക്കറിലും കൃഷിയിറക്കുന്നുണ്ട്. ബാക്കി പദ്ധതി പ്രദേശത്ത് എന്തുകൊണ്ടാണ് നെൽകൃഷിയിറക്കാൻ സാധിക്കാത്തത്? അവിടെ തോടുകൾ മൊത്തം മണ്ണിട്ട് നികത്തിയിരിക്കുകയാണ്. ഹൈക്കോടതിയുടെ ഉത്തരവുണ്ടായി; കളക്ടർക്കെതിരെ contempt of court വന്നു; എന്നിട്ടുപോലും നടപടി സ്വീകരിച്ചില്ല. ഇപ്പോൾ സർക്കാർ കളക്ടറെ വിളിച്ചുവരുത്തി നികത്തിയ തോടുകൾ പുനഃസ്ഥാപിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇതിന് ഉത്തരവാദികളായവരാണ് അവിടെ കൃഷി ഇറക്കിയില്ലെന്നു പറയുന്നതെന്ന കാര്യം കൂടി അങ്ങ് ശ്രദ്ധിക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, അതുതന്നെയാണ് ഞാനും പറഞ്ഞത്. 425 ഏക്കറിന്റെയും ബണ്ട് ബലപ്പെടുത്താൻ ശ്രമിച്ചപ്പോൾ ആളുകൾ പരിഹസിച്ചു; ഇദ്ദേഹത്തിന്റെ തലയ്ക്ക് കിറുക്കാണോയെന്ന് ചോദിച്ചവരുണ്ട്. 425 ഏക്കറിൽ പല സ്ഥലത്തായി കിടക്കുന്ന 25 ഏക്കറിനുവേണ്ടി മൊത്തം സ്ഥലത്തിന്റെ ബണ്ട് ബലപ്പെടുത്തി. അവിടെവന്ന് കാണണം; ഈ 425 ഏക്കറിലും നിറച്ച് വെള്ളം കിടന്നിരുന്നത് വറ്റിച്ച് വിത്തിറക്കേണ്ട രൂപത്തിലാക്കിയിരിക്കുന്നു. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ കൃഷിക്കാർ തയ്യാറായില്ലെങ്കിൽ അതിന് സർക്കാരിന്

അധികാരമുണ്ടല്ലോ എന്ന് ഹൈക്കോടതി പറഞ്ഞതിന്റെ. അതിന്റെ അടിസ്ഥാനത്തിൽ 425 ഏക്കറിലും കൃഷി ചെയ്യാൻ പോകുകയാണ്. അങ്ങനെയൊരു വലിയ രാഷ്ട്രീയ ഇച്ഛാശക്തി കാണിച്ചു. അതുതന്നെയാണ് ആറന്മുളയിലും ഉണ്ടായത്. ആറന്മുളയിൽ വിത്തെറിഞ്ഞത് വിമാനത്താവളത്തിനു വേണ്ടിയുള്ള സ്ഥലത്തല്ല; സ്വകാര്യ ഭൂമിയിലാണ് എന്നൊക്കെ പറയാൻ നാണമില്ലേ? അന്ന് വിത്തെറിഞ്ഞത് സ്വകാര്യ ഭൂമിയിലായിരിക്കാം, എന്നാൽ വിമാനത്താവളത്തിനുവേണ്ടി അക്വയർ ചെയ്ത മുഴുവൻ സ്ഥലത്തും കൃഷിയിറക്കാൻ പോകുകയാണ് എന്നുള്ളതല്ലേ വാസ്തവം?

ശ്രീമതി വീണാ ജോർജ്ജ് : സർ, പദ്ധതി പ്രദേശത്താണ് നെൽക്യഷി നടത്താൻ പോകുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം അവിടെ തോടുകൾ നികത്തിയതു കൊണ്ടാണ് ബാക്കി പദ്ധതി പ്രദേശത്ത് നെൽക്യഷിയിറക്കാൻ കഴിയാതെ പോകുന്നത്. തോടുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടക്കുകയാണ്.

ശ്രീ. പി. ടി. തോമസ് : സർ, നെല്ല് വിതച്ചതിനെ ഞങ്ങൾ കുറ്റപ്പെടുത്തിയിട്ടില്ല. പുതിയ മെമ്പർ ശുദ്ധഗതിക്കാരിയായതു കൊണ്ട് സത്യം വിളിച്ചുപറഞ്ഞു. 'ഞങ്ങൾ സ്വകാര്യവ്യക്തിയുടെ ഒന്നര ഏക്കർ സ്ഥലത്താണ് വിത്തുവിതച്ചതെന്ന് ' അവർ പറഞ്ഞു. അതിനെ സ്വാഗതം ചെയ്യുകയല്ലേ വേണ്ടത്? ഇവിടെ സത്യസന്ധമായി ഒരു മെമ്പർ പറയുമ്പോൾ അതിനെ അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നതിനുപകരം അവരെ കുറ്റപ്പെടുത്തുന്നതെന്തിനാണ്?

ശ്രീമതി വീണാ ജോർജ്ജ് : സർ, സഭയെ തെറ്റിദ്ധരിപ്പിക്കരുത്; അത് ഒളിച്ചുവയ്ക്കേണ്ട കാര്യമല്ല. സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് കൃഷിയിറക്കുന്നുവെന്നുള്ളത് അഭിമാനത്തോടെയാണ് പറയുന്നത്. 70 ഏക്കർ തരിശു ഭൂമിയിൽ കൃഷിയിറക്കുന്നു. 70 ഏക്കർ സ്ഥലം പദ്ധതി പ്രദേശമാണ്; മാധ്യമങ്ങളിൽ ഉൾപ്പെടെ ഞങ്ങൾ പറഞ്ഞ കാര്യമാണ്.

ശ്രീ. പി. സി. ജോർജ്ജ് : സർ, ഒരു പുതിയ മെമ്പർ എന്നുള്ള നിലയിൽ ആറന്മുള എം.എൽ.എ.-യെ ഹരാസ്സ് ചെയ്യുന്നത് ശരിയല്ല. കാരണം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ്. അവിടെ നടന്നത് എന്താണെന്ന് ഇവിടെ ആരും പറഞ്ഞില്ലല്ലോ? അമേരിക്കൻ തങ്കച്ചൻ എന്നുപറയുന്ന ഒരു മുതലാളി അവിടെയുള്ള നിലം നികത്തി വിമാനത്താവളം നിർമ്മിക്കാൻ പോയി. അവിടെയുള്ള നീർച്ചാലുകൾ മുഴുവൻ നികത്തി. ഞാൻ അക്കാര്യം ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അത് നികത്തിക്കൊണ്ടിരിക്കുമ്പോൾ അവിടെവച്ച് വണ്ടി തടഞ്ഞവനാണ് ഞാൻ.

അമേരിക്കൻ തങ്കച്ചൻ കേരള കോൺഗ്രസ്സുകാരനാണ്. എന്തിനാണ് ഒളിച്ചുവയ്ക്കുന്നത്; അത് പറയാൻ മടിക്കേണ്ട കാര്യമുണ്ടോ? അമേരിക്കൻ തങ്കച്ചൻ നീർച്ചാലുകൾ നികത്തിക്കഴിഞ്ഞപ്പോൾ അത് തെറ്റാണെന്ന് പറയാൻ ആരുമില്ലായിരുന്നു. എന്താ കുഴപ്പം; നികത്തുന്നത് തെറ്റല്ലേ? അവിടെ സംഭവിച്ചത് എന്താണ്? ക്ഷേത്രത്തിനു മുമ്പിലുള്ള കൊടിമരമെന്ന് പറയുന്നത് പ്രതിഷ്ഠയുടെ നട്ടെല്ലാണെന്നാണ് ഹൈന്ദവ വിശ്വാസം. ആറന്മുള ക്ഷേത്രത്തിലെ ദേവന്റെ നട്ടെല്ല് വെട്ടി വിമാനത്താവളമുണ്ടാക്കാൻ പോകുകയാണ്. ഇത് നടക്കുമോ? അവിടത്തെ കൊടിമരം വെട്ടാൻ പോയപ്പോൾ ശക്തമായ എതിർപ്പുണ്ടായി. കേരളത്തിൽ മനഃസാക്ഷിയുള്ളവർ മുഴുവനും എതിർത്തു. ആ എതിർപ്പിന്റെ അടിസ്ഥാനത്തിൽ വിമാനത്താവളം ഉണ്ടാകില്ലെന്ന് വന്നു; കോടതി അനുകൂലമായി. ആ നിലയ്ക്ക് ഇപ്പോൾ സർക്കാർ എടുത്ത തീരുമാനം ശരിയാണ്. ആ വിമാനത്താവളത്തിന് വേറെ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഒരു വാക്കുകൂടി പറഞ്ഞോട്ടെ, ശ്രീ. അടൂർ പ്രകാശ്, വിമാനത്താവളം നിർമ്മിക്കാൻ വേണ്ടി സ്ഥലം വാങ്ങേണ്ട, ഇങ്ങോട്ട് കൂടിക്കോ; ചെറുവള്ളി എസ്റ്റേറ്റിൽ വിമാനത്താവളം നിർമ്മിക്കണം; ശബരി റെയിൽ വരികയാണെങ്കിൽ വിമാനത്താവളത്തിലേക്ക് 27 കിലോമീറ്ററേയുള്ളൂ. ഇതിനുവേണ്ടി 2500 കോടി രൂപ വിദേശികൾ മുടക്കാമെന്ന് സമ്മതിച്ചിരിക്കുകയാണ്. തുക വിദേശികൾ മുടക്കിക്കൊള്ളും; സർക്കാർ ഒരു പൈസയും മുടക്കേണ്ട; വിമാനത്താവളത്തിന്റെ മുഴുവൻ എസ്റ്റിമേറ്റും തയ്യാറാക്കിക്കൊടുക്കാൻ പറഞ്ഞിരിക്കുകയാണ്. വെറുതെ ആറന്മുള എം.എൽ.എ.-യെ അപമാനിക്കുന്നത് ശരിയല്ലെന്ന അഭിപ്രായം രേഖപ്പെടുത്തുകയാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, ആറന്മുള എം.എൽ.എ.-യെ അപമാനിച്ചിട്ടില്ല; അങ്ങനെയൊരു തെറ്റിദ്ധാരണ വേണ്ട. ഇവിടെ മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ വായിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ പറഞ്ഞതാണ്. അത് ഈ സഭയിൽ ചർച്ച ചെയ്തപ്പോൾ ചർച്ചയിൽ പങ്കെടുത്ത് പറഞ്ഞുവെന്നു മാത്രമേയുള്ളൂ. ഞങ്ങളാരും ആറന്മുള എം.എൽ.എ.-യെ മോശക്കാരിയാക്കുവാനോ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയോ ഇവിടെ വർത്തമാനം പറഞ്ഞിട്ടില്ല. ഒറ്റക്കാര്യം മാത്രമേയുള്ളൂ, ഇവിടെ ആറന്മുള എം.എൽ.എ. തന്നെ സ്വകാര്യവ്യക്തിയുടെ ഒന്നര ഏക്കർ സ്ഥലത്താണ് വിത്തിറക്കിയതെന്ന് സമ്മതിച്ചിട്ടുണ്ട്. അതിൽ ഞങ്ങൾക്കാർക്കും തർക്കമില്ല.

ശ്രീ. പി. ഉബൈദുള്ള : സർ, പോയിന്റ് ഓഫ് ഓർഡർ. സഭയിലെ ഒരംഗത്തെ മറ്റൊരംഗം അപമാനിച്ചുവെന്ന രീതിയിൽ ബഹുമാനപ്പെട്ട പി. സി. ജോർജ് ഇവിടെ പറഞ്ഞത് ശരിയല്ല. അത് രേഖകളിൽ നിന്ന് നീക്കം ചെയ്യണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾ ഇവിടെ പറയുന്നത് കേട്ടാൽ, ശ്രീമതി വീണാ ജോർജ്ജ് വലിയ ഏതോ അബദ്ധം പറഞ്ഞുവെന്ന് തോന്നും. ഞങ്ങൾക്ക് ഈ സഭയിലോ ജനങ്ങളുടെ മുമ്പിലോ ഒരുകാര്യവും മറച്ചുവയ്ക്കേണ്ടതായിട്ടില്ല. ഞങ്ങൾ അന്ന് വിത്തിറക്കിയത് സ്വകാര്യ പാടശേഖരത്താണെങ്കിൽ ആറന്മുള പുഞ്ച എന്നുപറയുന്ന വിമാനത്താവളത്തിനു വേണ്ടി ഏറ്റെടുത്ത സ്ഥലത്ത് മുഴുവൻ കൃഷിയിറക്കാനാണ് തീരുമാനം. അതിനുവേണ്ടിയാണ് ആദ്യം സ്വകാര്യവ്യക്തിയുടെ പാടത്ത് വിത്തിറക്കിയത്. ഒളിച്ചുവച്ച് ചെയ്തതാണോ? കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ആദ്യമായി വിത്തെറിയുന്ന ചിത്രം എല്ലാ പത്രങ്ങളിലും വന്നതല്ലേ; വാർത്തകൾ വന്നതല്ലേ; അവിടെയുള്ള ആളുകൾക്ക് അറിയില്ലേ; ഞങ്ങൾ എന്തിനാണ് ഒളിച്ചുവയ്ക്കുന്നത്? അപ്പോൾ ഇതൊന്നും ഒളിച്ചുവച്ച് ചെയ്യുന്ന കാര്യമല്ല. രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി ഒരു സർക്കാർ ഇവിടെ പ്രവർത്തിക്കുകയാണ്. നിങ്ങളുടെ കാലത്ത് 3000 ഹെക്ടർ നിലമാണ് നികത്തിയത്. അതേസമയം 5947 ഏക്കറിലാണ് ഇപ്പോൾ ഞങ്ങൾ കൃഷി ചെയ്യുന്നത്. കേരളത്തിലെ തരിശായി കിടക്കുന്ന പാടശേഖരങ്ങൾ മുഴുവൻ കൃഷി ചെയ്യുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിനുവേണ്ടി മുന്നോട്ടുവരുന്ന എല്ലാവർക്കും എല്ലാ സഹായങ്ങളും ചെയ്യുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ നിയമം രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി നടപ്പാക്കുന്നതിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണം. ശ്രീ. റ്റി. വി. രാജേഷ് ചൂണ്ടിക്കാണിച്ചതുപോലെ, പതിറ്റാണ്ടുകളായി നികന്നുകിടക്കുന്നതോ അല്ലെങ്കിൽ പുരയിടമായി ആളുകൾ ഉപയോഗിക്കുന്നതോ ആയതും റവന്യൂ റിക്കാർഡുകളിൽ 'പാടം' അല്ലെങ്കിൽ 'വയൽ' എന്നു പറയുന്നതുമായ ഭൂമി സംബന്ധിച്ച് ആളുകൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. അതൊരു ജെനുവിനായിട്ടുള്ള കാര്യമാണ്. അതേസമയം ഈ നിയമഭേദഗതി വന്നതിനുശേഷം ഒട്ടനവധി പാടങ്ങൾ അതിന്റെ മറവിൽ നികത്തപ്പെടുകയും അത് 2008-നു മുമ്പാണെന്ന മട്ടിൽ അനുമതിക്കായി കാത്തിരിക്കുകയും ചെയ്യുന്നുണ്ട്. അത്തരം കാര്യങ്ങളിൽ ഇന്നിപ്പോൾ ഒരു ദാക്ഷിണ്യവും അനുവദിക്കാൻ നിർവ്വാഹമില്ലെന്നുള്ളതാണ് സുപ്രധാനമായ പ്രശ്നം. ഇത് കേരളത്തെ രക്ഷിക്കാൻ വേണ്ടിയുള്ള നിയമമാണ്. യു.ഡി.എഫ്. സർക്കാർ കേരളത്തെ വിറ്റുതുലയ്ക്കുന്നതിന് രൂപം നൽകിയ നിയമത്തിനാണ് എൽ.ഡി.എഫ്. സർക്കാർ രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി ഭേദഗതി വരുത്തിയിരിക്കുന്നത്. ഈ ഭേദഗതി ഈ നാടിനും ജനങ്ങൾക്കും വേണ്ടിയുള്ളതാണ്. വരുംതലമുറയ്ക്ക് കേരളത്തിൽ സ്വസ്ഥവും സ്വൈരവുമായി ജീവിക്കാൻ വേണ്ടിയുള്ള ഒരു ഭേദഗതിയാണെന്ന് മനസ്സിലാക്കി ഈ ബിൽ പൂർണ്ണ പിന്തുണയോടുകൂടി പാസ്സാക്കാൻ സഭ തയ്യാറാകണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, നികന്നുകിടക്കുന്ന നെൽവയലുകൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച അഭിപ്രായങ്ങൾ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്ത് ഉയർന്നുവന്നിരുന്നുവെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിന്റെ അപകടം മനസ്സിലാക്കിയതുകൊണ്ടാണ് അത് വേണ്ടെന്ന് തീരുമാനിച്ചത്. നികത്തപ്പെട്ട നെൽവയലുകൾ കൂടുതലും വാഴ, തെങ്ങ്, കവുങ്ങ് തുടങ്ങിയ ഏതെങ്കിലും തരത്തിലുള്ള കൃഷിക്കാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അത്തരം ഭൂമി ക്രമവൽക്കരിച്ച് നൽകിയാൽ അതെല്ലാം കമേഴ്സ്യൽ പർപ്പസിന് ഉപയോഗിക്കുന്ന സാഹചര്യത്തിലേക്ക് നീങ്ങുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അത്തരം നിലങ്ങളെല്ലാം നെൽവയലുകളെന്ന നിലയിലല്ല ഉപയോഗിക്കുന്നതെങ്കിലും കൃഷിക്കുവേണ്ടിത്തന്നെയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതെന്നത് ഒരു വസ്തുതയാണ്. അതുകൊണ്ടാണ് ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത്. 3 എ വകുപ്പ് നിലനിന്നാൽ അതുണ്ടാക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്താണ് അക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത്.

ശ്രീ. വി. ഡി. സതീശൻ : സർ, വീടുവയ്ക്കാൻ വേറെ സ്ഥലമില്ലാത്തവർക്ക് 10 സെന്റ് വരെയുള്ള നിലം നികത്തുന്നതിനുള്ള അനുവാദം നിയമപ്രകാരമുണ്ട്. എന്നാൽ വില്ലേജ് തലത്തിലുള്ള കമ്മിറ്റികൾ നിലവിലില്ലാത്തതിൽ അതിന് സാധിക്കുന്നില്ല. മാത്രമല്ല, നിലമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് പത്ത് സെന്റും അതിന് താഴെയും ഭൂമിയുള്ളവർക്ക് വീടുവയ്ക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. അത്തരത്തിലുള്ള നൂറുകണക്കിന് അപേക്ഷാ ഫോറങ്ങൾ കേരളത്തിന്റെ എല്ലാ പഞ്ചായത്തുകളിലുമുണ്ട്. നഗരപ്രദേശങ്ങളിൽ 5 സെന്റിൽ താഴെയുള്ളവർക്കും ഗ്രാമപ്രദേശങ്ങളിൽ 10 സെന്റിൽ താഴെയുള്ളവർക്കും വീടുവയ്ക്കുന്നതിനുവേണ്ടി പ്രത്യേക അനുമതി നൽകാമെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ സൂചിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. കേരളത്തിലെ എല്ലാ പഞ്ചായത്തിലും വീടുവയ്ക്കാൻ വേറെ സ്ഥലമില്ലാതെ ഇതിനുവേണ്ടി കാത്തിരിക്കുന്നവരുണ്ട്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട അംഗത്തിന് ഇക്കാര്യങ്ങൾ നല്ലതുപോലെ അറിയാവുന്നതാണ്. നിലവിലുള്ള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും നഗരപ്രദേശങ്ങളിൽ 5 സെന്റും നിലവിൽ വയലായിക്കിടക്കുന്ന ഭൂമി നികത്തുന്നതിന് അനുമതി നൽകാനാണ് വ്യവസ്ഥ

ചെയ്തിട്ടുള്ളത്. വില്ലേജുതല കമ്മിറ്റികൾ നിലവിലില്ലാത്ത സാഹചര്യത്തിലുണ്ടായ പ്രശ്നമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. 3 എ വകുപ്പ് നിലവിൽ വന്നതോടുകൂടിയാണ് ആ പ്രവർത്തനങ്ങളെല്ലാം നിലച്ചുപോയത്. അത് പിൻവലിക്കുക വഴി നേരത്തെ ഉണ്ടായിരുന്നതുപോലെ, പ്രാദേശിക കമ്മിറ്റികൾ നിലവിൽ വരികയും അതിന്റെ അടിസ്ഥാനത്തിൽ നെൽവയൽ നികത്താൻ കഴിയുന്ന സാഹചര്യമുള്ളപ്പോൾ വയൽ അല്ലെങ്കിൽ നിലം നികത്തുന്നതിന് അനുവാദം നൽകാൻ കഴിയുന്ന സാഹചര്യമുണ്ടാകുന്നതുമാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഗ്രാമപ്രദേശങ്ങളിൽ 10 സെന്റുവരെയും നഗരപ്രദേശങ്ങളിൽ 5 സെന്റുവരെയും വയൽ നികത്താമെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ അതിന് അനുവാദം നൽകാത്തത് 3 എ വകുപ്പ് ഇതിൽ ചേർത്തതുകൊണ്ടല്ല. അത് തെറ്റായ പരാമർശമാണ്. 2008-ൽ നിയമം പ്രാബല്യത്തിൽ വന്നു. അതിനുശേഷം മൂന്നുവർഷം ഇടതുമുന്നണിയും അഞ്ചുവർഷം യു.ഡി.എഫും ഭരിച്ചു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ സൂചിപ്പിച്ചതുപോലെ ഏത് സർക്കാർ വന്നാലും പാവപ്പെട്ടവന് നിലം നികത്തുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ താൽപ്പര്യമെടുക്കുന്നില്ല. അതിൽ ശക്തമായ നടപടിയാണ് വേണ്ടത്. അത് 3 എ വകുപ്പ് വന്നതുകൊണ്ടാണെന്ന അങ്ങയുടെ പരാമർശം ശരിയല്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, പതിറ്റാണ്ടുകൾക്കുമുമ്പ് മാറ്റം വരുത്തിയ, ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ താമസിക്കുന്നവർക്ക് വീട് പൊളിച്ചു പണിയുന്നതിനോ എക്സ്റ്റെൻഷനോ അനുവാദം നൽകുന്നില്ല. അതിനുള്ള അനുവാദം നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം. ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. ഇങ്ങനെവന്നാൽ കേരളത്തിലെ മിക്കവാറും പഞ്ചായത്തുകളിൽ ഈ പ്രശ്നമുണ്ടാകും. ഇതിന്റെ ഭാഗമായി നാട്ടിൽ വലിയ പ്രശ്നം നിലനിൽക്കുകയാണ്. പലരും വലിയ പ്രതിസന്ധിയിലാണ്. ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമുണ്ടാകണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ഇക്കാര്യം സംബന്ധിച്ച് ആളുകൾക്ക് വ്യക്തമായ ധാരണയിലെത്താൻ കഴിയുന്നതാണ്. കെ.എൽ.യു. ഓർഡർ നിലവിലുള്ളതാണ്. 3 എ വകുപ്പിന്റെ വരവോടുകൂടി അതിന്റെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാതിരിക്കുന്ന നിലപാടുണ്ട്. 3 എ വകുപ്പ് പിൻവലിക്കുകവഴി എന്തുണ്ടാകുമെന്നാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. 3 എ വകുപ്പ് നിലനിന്നാൽ വാണിജ്യവൽക്കരിക്കപ്പെടും. കേവലം വീട് നിർമ്മാണത്തിന് മാത്രമായിരിക്കില്ല ഇതുപയോഗിക്കുന്നത്. അതുകൊണ്ട് അതിന്റെ ദോഷവശം

കണക്കിലെടുത്ത് അതൊഴിവാക്കാൻ തീരുമാനിച്ചുവെന്ന് പറയുമ്പോൾ നിലവിലുള്ള നിയമമനുസരിച്ച് ഇത്തരം ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകാനാവശ്യമായ നടപടി കളക്ടർമാരിൽ നിക്ഷിപ്തമാകും. അവർ അധികാരം കൈമാറ്റം ചെയ്യുന്നതുവഴി ആർ.ഡി.ഒ.- മാർക്കും തീരുമാനിക്കാൻ കഴിയും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കുട്ടനാടുപോലുള്ള സ്ഥലങ്ങൾ അറിയാവുന്നതു കൊണ്ടും അവിടെ താമസിക്കുന്നതുകൊണ്ടുമാണ് ഞാൻ ഇക്കാര്യം സൂചിപ്പിക്കുന്നത്. എറണാകുളം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട തുടങ്ങിയ നാലഞ്ച് ജില്ലകൾക്കിടയ്ക്കാണ് കുട്ടനാട് പ്രദേശം വരുന്നത്. അവിടെയുള്ള തീരപ്രദേശങ്ങളും കുട്ടനാടൻ കായൽ മേഖലകളും വയലുകളും നികത്തുന്നതിന് റിസോർട്ടുടമകൾക്ക് യാതൊരു പ്രയാസവുമില്ല. റിസോർട്ടുടമകൾ നിയമവിരുദ്ധമായി നിലം നികത്തുകയാണ്. കനാലുകൾവരെ നികത്തി റിസോർട്ട് പണിഞ്ഞിരിക്കുകയാണ്. അക്കാര്യത്തിൽ ഉദ്യോഗസ്ഥർ കണ്ണടയ്ക്കുകയാണ്. ഇതൊക്കെ അന്വേഷിക്കണം. ഇവിടെ മിച്ചഭൂമി നിയമമുണ്ട്. അതും ലംഘിച്ചിരിക്കുകയാണ്. മിക്കവാറും എല്ലാ ജില്ലകളിലുമുള്ള റിസോർട്ടുടമകളും 15 ഏക്കറിൽ കൂടുതൽ മിച്ചഭൂമി കൈയേറിയിട്ടുണ്ട്. ഇത് കണ്ടുപിടിച്ച് തിരിച്ചുപിടിക്കണം. ഇത്തരം കാര്യങ്ങളിലേക്കുകൂടി ശ്രദ്ധപതിപ്പിക്കണം. ഈ നിയമത്തിനകത്തല്ലെങ്കിലും ഇതിനെതിരെ നമ്മൾ നീങ്ങിയില്ലെങ്കിൽ നമ്മുടെ ഭൂമി മുഴുവൻ നഷ്ടപ്പെടും. റിസോർട്ടുടമകൾ കടലും കായലും കയ്യേറുകയാണ്. ഇക്കാര്യത്തിൽ നമുക്കെന്ത് ചെയ്യാൻ കഴിയും?

ശ്രീ. വി. ഡി. സതീശൻ : സർ, ഇതിനൊരു ക്ലാരിറ്റി ആവശ്യമാണ്. ഇതിൽ ഗുരുതരമായ രണ്ട് വിഷയങ്ങളാണുള്ളത്. ഒന്ന്, ഞാൻ പറഞ്ഞതുപോലെ ഗ്രാമപ്രദേശങ്ങളിൽ പത്ത് സെന്റിൽ താഴെയും നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റിൽ താഴെയുമുള്ളവർക്ക് വീട് വയ്ക്കുന്നതിന് ഈ നിയമത്തിലെ വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള സംവിധാനം ആവശ്യമാണ്. പ്രാദേശിക കമ്മിറ്റികളില്ലാത്തതു കൊണ്ട് അത് നിലനിൽക്കുന്നില്ല. രണ്ടാമത്, ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞത് വളരെ ഗൗരവതരമായ പ്രശ്നമാണ്. ഡെലിബറേറ്റായി നിലം നികത്തുന്ന ആളുകളെ നിങ്ങൾ ശിക്ഷിക്കൂ. എന്നാൽ വർഷങ്ങളായി നികത്തപ്പെട്ട ഭൂമിയിൽ താമസിക്കുന്നവരുണ്ട്. അവിടെ തെങ്ങും കവുങ്ങും വളർന്ന് നിൽക്കുകയാണ്. അവരുടെ ബേസിക് ടാക്സ് രജിസ്റ്ററിലും മറ്റുരേഖകളിലും എല്ലാം നിലമെന്ന് രേഖപ്പെടുത്തിയിരിക്കുകയാണ്.

അതുകൊണ്ട് അവർക്ക് പഴയവീട് പൊളിച്ച് പുതിയത് വയ്ക്കാനോ പഴയ വീട് വിപുലീകരിക്കുന്നതിനോ കഴിയുന്നില്ല. നമ്മളെ അത്ഭുതപ്പെടുത്തുന്ന രീതിയിൽ പല പ്രദേശങ്ങളും നിലമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ട് വിഷയങ്ങളിലും ആളുകൾ വല്ലാതെ പ്രയാസപ്പെടുകയും ബുദ്ധിമുട്ടുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ക്ലാരിറ്റി വരുത്തണം. 2008-ന് മുമ്പ് നികത്തിയ ഭൂമിയാണോയെന്ന് അറിയാൻ ഇപ്പോൾ സംവിധാനമുണ്ട്. റിമോട്ട് സെൻസിംഗ് ഏജൻസിയെ ഏൽപ്പിച്ചാൽ കൃത്യമായി അതിന്റെ വിവരം ലഭിക്കും, നികത്തിയ ഭൂമിയാണോയെന്ന് അറിയാൻ സാധിക്കും. നമ്മൾ പറയുന്ന ഡെഡ്‌ലൈനിൽ അതായത് 2008 ജൂലൈ 31-ാം തീയതി ഭൂമി നികത്തിയിട്ടുണ്ടോ അല്ലെങ്കിൽ നികത്താത്തതാണോയെന്ന് ഗൂഗിളിൽ റിമോട്ട് സെൻസിംഗ് സംവിധാനം ഉപയോഗിച്ച് അറിയാൻ സാധിക്കും. മനഃപൂർവ്വമായി നിലം നികത്തിയവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കണം. അല്ലാത്തവരുടെ കാര്യത്തിൽ ക്ലാരിറ്റി വേണ്ടേ? ഈ നിയമം വരുമ്പോൾ ശ്രീ. റ്റി. വി. രാജേഷും ഞാനും സൂചിപ്പിച്ച കാര്യങ്ങളിൽ അനിശ്ചിതത്വമുണ്ട്. ഇതിന് ക്ലാരിറ്റി വേണം.

മി. സ്പീക്കർ : നഞ്ച കമ്മിറ്റി പുനഃസ്ഥാപിക്കുന്ന കാര്യമാണോ അങ്ങ് പറയുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം കേവലം 3 എ പിൻവലിക്കുന്നതുവഴി നടപ്പാക്കാൻ കഴിയുന്ന ഒരു വിഷയമല്ല. അതിന് ഒരു പരിശോധന ആവശ്യമാണ്. എന്തുതന്നെയായാലും ഭൂമി നികത്തി റിസോർട്ടുകൾ പണിയുന്നവരുടെ കാര്യത്തിൽ ശക്തമായ പരിശോധന നടത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. നിയമത്തിൽ അതിനാവശ്യമായ ഭേദഗതി കൊണ്ടുവരണം. ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ച കാര്യത്തെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ട്. പ്രാദേശികമായി നിലവിലുണ്ടായിരുന്ന നഞ്ച കമ്മിറ്റി പുനഃസ്ഥാപിച്ചാൽ 10-ഉം 5-ഉം സെന്റ്, നിലവിലുള്ള വയൽ പോലും നികത്താനാവശ്യമായ സാഹചര്യമുണ്ടാകും എന്നതാണ് ഒന്നാമത്തെ വിഷയം.

മി. സ്പീക്കർ : അത് പുനഃസ്ഥാപിക്കാൻ പോകുകയാണെന്ന് അദ്ദേഹം പറഞ്ഞല്ലോ.

ശ്രീ. അടൂർ പ്രകാശ് : സർ, നിലവിലുള്ള കമ്മിറ്റി പുനഃസ്ഥാപിക്കേണ്ട കാര്യമില്ല.......(ബഹളം).....

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ശ്രീ. അടൂർ പ്രകാശിനെപ്പോലെ ഇക്കാര്യത്തിൽ നല്ല വ്യക്തതയുള്ള ഒരാൾ പ്രശ്നമുണ്ടാക്കാനും കുഴപ്പമുണ്ടാക്കാനുമാണോ ശ്രമിക്കേണ്ടത്; പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനല്ലേ ശ്രമിക്കേണ്ടത്; പരിഹാരമുണ്ടാക്കാനാണെങ്കിൽ അതാണ് ഞാൻ നിർദ്ദേശിക്കുന്നത്. ......(ബഹളം).....

മി. സ്പീക്കർ : അദ്ദേഹം പറയട്ടെ. ......പ്ലീസ്..... ശ്രീ. അടൂർ പ്രകാശ്.....അങ്ങ് ഇരിക്കൂ... ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച് വ്യക്തമായി പറയട്ടെ.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ആ കമ്മിറ്റി പുനഃസ്ഥാപിക്കുമെന്നാണ് പറഞ്ഞത്.

ശ്രീ. അടൂർ പ്രകാശ് : സർ, കമ്മിറ്റി നിലവിലുണ്ട്. അത് പിരിച്ചുവിട്ടിട്ടില്ല.

മി. സ്പീക്കർ : കമ്മിറ്റി നിലവിലുണ്ടെങ്കിൽ പിന്നെ പ്രശ്നമുണ്ടോ; എന്താണ് നിങ്ങൾ പറയുന്നത്; നിലവിലുണ്ടെങ്കിൽ പിന്നെ പ്രശ്നങ്ങൾ ഉന്നയിക്കണോ; നിലവിൽ ആ കമ്മിറ്റി ഒന്നും ചെയ്യുന്നില്ലല്ലോ; അതുകൊണ്ടാണ് പ്രശ്നം.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, നിലവിൽ ആ കമ്മിറ്റിയെ ആരും പിരിച്ചുവിട്ടിട്ടില്ല. ആ കമ്മിറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ആ കമ്മിറ്റിയുടെ പ്രവർത്തനത്തിന് തടസ്സം എന്തായിരുന്നു; 3 എ വകുപ്പ് കൂട്ടിച്ചേർത്തതുവഴി എല്ലാം നടപ്പാക്കുന്നത് ക്രമവൽക്കരണത്തിലൂടെയാണെന്ന ധാരണയിൽ ആ കമ്മിറ്റികൾ പ്രവർത്തിക്കാത്ത സാഹചര്യമുണ്ടായി എന്നതാണ് പ്രധാനപ്പെട്ട വിഷയം. മറ്റൊരു വിഷയം, ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടെന്നും ഫൈനൽ ഡാറ്റാ ബാങ്ക് വന്നതിനുശേഷം മാത്രം ക്രമവൽക്കരണം നടത്തിയാൽ മതിയെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുകയാണ്. ഫൈനൽ ഡാറ്റാ ബാങ്ക് വരുന്നതിനുള്ള തടസ്സം എന്താണ്? ഇപ്പോൾ തയ്യാറാക്കിട്ടുള്ള ഡാറ്റാ ബാങ്ക് അബദ്ധം നിറഞ്ഞതാണ്. പ്രാദേശികമായി ഒരിടത്തും പരിശോധന നടന്നിട്ടില്ല. പലതും സൈറ്റ് ഇൻസ്പെക്ഷൻ നടത്താതെയാണ് തയ്യാറാക്കിയിരിക്കുന്നത്. പഴയ കാലത്തെ ബി.ടി.ആർ. രേഖകളുടെ അടിസ്ഥാനത്തിൽ നിലമെന്നും തണ്ണീർത്തടമെന്നും അല്ലെങ്കിൽ വയൽ എന്നും രേഖപ്പെടുത്തി വച്ചിരിക്കുന്ന ധാരാളം അബദ്ധങ്ങൾ ഉണ്ടെന്നുള്ളത് വ്യക്തമാണ്.

അതിന്റെ അടിസ്ഥാനത്തിലാണ് ഫൈനൽ ഡാറ്റാ ബാങ്ക് വന്നാൽ മാത്രമേ നികത്താൻ പാടുള്ളൂവെന്ന് കോടതി നിർദ്ദേശിച്ചത്. സ്വാഭാവികമായും ഫൈനൽ ഡാറ്റാ ബാങ്ക് വന്നതിനുശേഷം മാത്രമേ ക്രമവൽക്കരണം നടത്താവൂ എന്നതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങളെല്ലാം അവിടെ നിൽക്കുകയാണ്. ഞാൻ സൂചിപ്പിച്ചത് നിലവിലുണ്ടായിരുന്ന കെ.എൽ.യു. ഓർഡർ അനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നേരത്തേ അനുവാദം നൽകാൻ കഴിയുമായിരുന്നു. ബഹുമാനപ്പെട്ട അംഗങ്ങളായ റ്റി. വി. രാജേഷും വി. ഡി. സതീശനും ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ ചില സന്ദർഭങ്ങളിൽ ഇതിന്റെ ക്രമവൽക്കരണം നടത്താൻ അവർക്ക് കഴിയുമായിരുന്നു. അവരുടെ അധികാര പരിധിയിൽപ്പെട്ട വിസ്തീർണ്ണത്തിലുള്ള ഭൂമിയിൽ, ഏറ്റവും ചുരുങ്ങിയത് 5 സെന്റ് ഭൂമിയിൽ അനുവാദം നൽകാൻ വ്യവസ്ഥയുള്ളത് തുടർന്നും നടക്കുമെന്നുള്ളതു കൊണ്ടാണ് അത്തരം ഭൂമിയിൽ വീട് നിർമ്മാണത്തിന് തടസ്സമുണ്ടാകില്ല എന്നു ഞാൻ പറഞ്ഞത്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, അൻപത് കൊല്ലക്കാലമായി ഒരു കുടുംബം ഒരു സ്ഥലത്ത് താമസിക്കുകയാണ്. അവരുടെ ജീവിതകാലത്ത് ഭൂമി നികത്തിയിട്ടില്ല. പക്ഷേ രേഖയിൽ കാണുന്നത് നിലമെന്നാണ്. സുപ്രീം കോടതി വിധിയുണ്ട്. ബേസിക് ടാക്സ് രജിസ്റ്റർ നോക്കിയല്ല തീരുമാനിക്കേണ്ടത്. Basic tax register is only a record for tax purpose. ഭൂമി സംബന്ധിച്ച ഒരു കാര്യവും ബി.ടി.ആർ. നോക്കി തീരുമാനിക്കാൻ പറ്റില്ല. അതാണ് ശ്രീ. റ്റി. വി. രാജേഷ് ചൂണ്ടിക്കാണിച്ചത്. അവിടെ അഞ്ച് സെന്റ് കൊടുത്തിട്ട് കാര്യമില്ല. 50 സെന്റും ഒരേക്കറും രണ്ടേക്കറുമുള്ള കർഷകർ നേരിടുന്ന ഗൗരവതരമായ പ്രശ്നമാണിത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, എന്റെ മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിൽ 50 വർഷം പഴക്കമുള്ള വീട് പൊളിച്ചു. ഗൃഹനാഥന്റെ മകൻ വേറൊരു വീട് വയ്ക്കുന്നതിനുവേണ്ടി അനുവാദം വാങ്ങാൻ പോയി. അനുവാദം നൽകിയില്ല. 19-4-2016-ലെ ഉത്തരവാണ് പ്രശ്നമായത്. വീട് വയ്ക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം നേരത്തേ കമ്മിറ്റിക്കായിരുന്നു. പിന്നീട് സുപ്രീംകോടതി അത് കളക്ടർക്ക് നൽകി. ഫിനാൻസ് ബില്ലിൽ കളക്ടറുടെ അധികാരം എടുത്തുമാറ്റി. ഇപ്പോൾ കമ്മിറ്റിയില്ല. ഇപ്പോൾ പഞ്ചായത്ത് സെക്രട്ടറിമാർ അനുവാദം നൽകുന്നില്ല. ഇതൊരു വലിയ

പ്രശ്നമാണ്. ഇങ്ങനെ വന്നാൽ നിരവധി പഞ്ചായത്തുകൾക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകാൻ കഴിയില്ല. ഇതിലൊരു തീരുമാനമുണ്ടാകണമെന്നാണ് ആവശ്യപ്പെടുന്നത്.

ശ്രീ. എ. എം. ആരിഫ് : സർ, ഭൂമിയുടെ മേൽ തീരുമാനമെടുക്കാനുള്ള അധികാരം കളക്ടർമാരിൽ നിക്ഷിപ്തമാണെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഹൈക്കോടതിയും വ്യക്തമായി പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള തീരുമാനമാണ് വരേണ്ടത്.

ശ്രീ. കെ. എം. ഷാജി : സർ, ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞ കാര്യം തന്നെയാണ് ഞാൻ പറയുന്നത്. ഇത് ഞങ്ങൾ നിരന്തരം അഭിമുഖീകരിച്ച കൊണ്ടിരിക്കുന്ന പ്രശ്നമാണ്. നേരത്തേ കമ്മിറ്റിയുടെ കാര്യം പറഞ്ഞു; കമ്മിറ്റിയുണ്ട്. 3 എ വകുപ്പ് വന്നതിനുശേഷമാണ് കമ്മിറ്റിയുടെ ഫംഗ്ഷന് ബുദ്ധിമുട്ടായതെന്ന് താങ്കൾ പറയുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. അത് എങ്ങനെയാണെന്ന് വിശദീകരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 3 എ വകുപ്പ് വന്നതിനെത്തുടർന്ന് ആ കമ്മിറ്റി ഫംഗ്ഷൻ ചെയ്യാതെ ഉത്തരവാദിത്വത്തിൽ നിന്ന് മാറിനിൽക്കുന്ന സാഹചര്യമുണ്ട്. ഇപ്പോൾ ഒരു കാര്യം ഉറപ്പാണ്; ഈ സഭ ഒന്നടങ്കം ഇരുഭാഗത്തുനിന്നും ആവശ്യപ്പെടുന്ന ഈ വിഷയത്തിൽ 3 എ വകുപ്പ് പിൻവലിക്കുന്നതു കൊണ്ടുമാത്രം പരിഹരിക്കാവുന്ന വിഷയമല്ല ഇപ്പോഴുള്ളത്. 3 എ വകുപ്പ് ഇല്ലാതാകുന്നതുവഴി ഉണ്ടാകുന്ന പുതിയ പ്രശ്നമാണോ ഇവിടെ ഉന്നയിക്കപ്പെട്ടത്? അല്ലെന്ന് എല്ലാവർക്കുമറിയാം. 3 എ വകുപ്പ് പിൻവലിക്കുന്നതു വഴിയുണ്ടായ വിഷയം മാത്രമല്ല ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. വീട് നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമപ്രദേശത്ത് 10 സെന്റും നഗരപ്രദേശങ്ങളിൽ 5 സെന്റും നിലം നികത്തുന്നതിന് അനുമതി നൽകാൻ അവകാശമുണ്ട്. ശ്രീ. എ. എം. ആരിഫ് ഇവിടെ ആവർത്തിച്ച് പറഞ്ഞതുപോലെ, ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരം വേണമെങ്കിൽ ഡെസിഗ്നേറ്റ് ചെയ്ത് ആർ.ഡി.ഒ.-ക്ക് നൽകി നടപ്പാക്കുന്ന സംവിധാനമുണ്ട്. ഇവിടെ നടന്ന ചർച്ച ഇതൊന്നുമല്ല; കൃഷി ചെയ്തോ കൃഷിക്കുവേണ്ടിയാണോ ഇതൊക്കെ നടപ്പാക്കുന്നത് എന്നൊക്കെയാണ് ഇവിടെ ദീർഘമായി ചർച്ച ചെയ്തത്. തീർച്ചയായും വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമൊക്കെ ചർച്ചയിൽ വന്നിട്ടുണ്ട്. രണ്ടംഗങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ

ധാരാളം പേർ നേരിട്ട് ഇടപെടുകയും സംസാരിക്കുകയും ചെയ്തു. തീർച്ചയായും അത്തരം വിഷയങ്ങളിൽ അംഗങ്ങൾ പറഞ്ഞ നല്ല കാര്യങ്ങളോട് യോജിക്കാവുന്നതാണ്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുമ്പോൾ മറ്റേതെല്ലാം കാര്യങ്ങളിൽ തീരുമാനമെടുക്കണമെന്നതുകൂടി ആലോചിക്കാവുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശ്ശായി കിടന്നിരുന്ന 1054.77 ഹെക്ടർ ഭൂമി നെൽക്കൃഷിക്ക് യോഗ്യമാക്കി. കൂടാതെ 1321.17 ഹെക്ടർ തരിശുഭൂമി നെൽക്കൃഷിക്ക് യോഗ്യമാക്കാൻ നടപടി സ്വീകരിച്ചു. 2016-17-ൽ 2375.94 ഹെക്ടർ ഭൂമിയിൽ നെൽക്കൃഷി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. തരിശ്ശിട്ട ഭൂമിയിലൊക്കെ നെൽക്കൃഷി ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ തുടരുകയാണ്. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നതിനായി 4965.2 ഹെക്ടറിൽ ഇരുപ്പൂ കൃഷി ചെയ്യുന്നു. 479 ഹെക്ടറിൽ മുപ്പൂ കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആദ്യഘട്ടമായി 400 ഹെക്ടർ സ്ഥലത്തെ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നതിനായി 230 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലിരിക്കുകയാണ്. വർഷങ്ങളായി തരിശു കിടന്ന മെത്രാൻകായൽ - 160 ഹെക്ടർ, ആറന്മുള പാടശേഖരം - 56 ഹെക്ടർ എന്നിവിടങ്ങളിൽ 2016-ൽ പുഞ്ചക്കൃഷിയാരംഭിക്കുന്നതിനുള്ള നടപടികൾ കൂടി കൃഷി വകുപ്പ് ആരംഭിച്ചിരിക്കുകയാണ്. നെൽക്കൃഷി നടത്താൻ കഴിയുന്നിടത്തെല്ലാം നടത്താനാണ് സർക്കാരുദ്ദേശിക്കുന്നത്. അതിനനുസരിച്ചുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്.

മറ്റൊരു പ്രധാനപ്പെട്ട വിഷയം, 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിൽ 10-ാം വകുപ്പിൽ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിത മാണെങ്കിൽ ആക്ടിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കിക്കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നുവെന്ന് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു. അത് വേണ്ടായെന്നാണെങ്കിൽ നിങ്ങൾക്ക് മാറ്റാൻ അവസരമുണ്ടായിരുന്നു. എല്ലാവരുംകൂടി തീരുമാനിച്ചാണ് അതൊക്കെ വ്യവസ്ഥ ചെയ്തത്. അതിലൊന്നും ഒരു കുഴപ്പവുമില്ലാത്തതാണ്. അതിന് 3എ വകുപ്പ് പിൻവലിക്കാനുള്ള തീരുമാനവുമായി ബന്ധപ്പെട്ട് വലിയ പ്രസക്തിയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഏതായാലും പൂർണ്ണമായ അർത്ഥത്തിൽ നികത്തപ്പെട്ട

ഭൂമിയാണെങ്കിലും അവിടെ കൃഷി നടക്കുന്ന പല സ്ഥലങ്ങളുമുണ്ട്. വീടുകൾ ഉള്ളിടത്ത് അത് പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുന്നതിന് അസൗകര്യങ്ങളുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ അത്തരം വിഷയങ്ങളിൽ വിശദമായി ആലോചിച്ച് തീരുമാനമെടുക്കും.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2016-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ..........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചു; ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയച്ചു.

മി. സ്പീക്കർ : അടുത്ത ബില്ലുമായി ബന്ധപ്പെട്ട് അഞ്ച് പേരാണ് സംസാരിക്കാനുള്ളത്. ബില്ലിന്റെ ചർച്ചയ്ക്ക് സമയ പരിധിയില്ലെന്ന് നമുക്കെല്ലാം അറിയാം. പരിധിയില്ലാതെ

പോയാൽ വളരെയധികം നീണ്ടുപോകുമെന്നത് ഓർമ്മിക്കുക. അതുകൊണ്ട് കഴിയുമെങ്കിൽ 20 മിനിട്ടിനുള്ളിൽ കാര്യങ്ങൾ പറയണമെന്നാണ് ചെയർ അഭ്യർത്ഥിക്കുന്നത്. 14 വകുപ്പുകളിൽ നൂറുകണക്കിന് ഭേദഗതികൾ ഈ ചർച്ചയ്ക്കുശേഷം പരിഗണിക്കാനുണ്ട്. സ്വാഭാവികമായും അതിനോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിന്റെ പരിഗണനാ വേളയിൽ ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട രണ്ട് അംഗങ്ങൾ ക്രമപ്രശ്നം ഉന്നയിക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. സാധാരണ ഗതിയിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ഒരു ബില്ലിന്റെ പരിഗണനാ വേളയിൽ ഇത്തരം ക്രമപ്രശ്നങ്ങൾ നിലനിൽക്കുകയില്ല. കാരണം, ബില്ലിൽ അടങ്ങിയിരിക്കുന്ന നയം അഥവാ പ്രിൻസിപ്പിൽ സഭ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽനിന്നും തിരിച്ചുവരുന്ന ഒരു ബില്ലിനെ സംബന്ധിച്ച് അതിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണനയാണ് ഇനി നടക്കാൻ പോകുന്നത്. മാത്രമല്ല, ബില്ലിന്റെ വകുപ്പുകളിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അപാകതകളും അപര്യാപ്തതകളും മറ്റ് പോരായ്മകളും പരിഹരിക്കുന്നതിലേക്കായി കുറ്റമറ്റ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് ഭേദഗതികൾ കൊണ്ടുവരേണ്ട അവസരം കൂടിയാണിത്. പ്രസ്തുത അവസരങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനു പകരം ചട്ടം 303 അനുസരിച്ച് ബില്ലിന്റെ വ്യവസ്ഥകൾക്ക് അപാകം ഉന്നയിക്കുന്നത് ക്രമപ്രകാരമാണെന്ന് ചെയർ കാണുന്നില്ല. ഇത്തരം പ്രവണതകൾ ആവർത്തിക്കുന്നതിനോടും ചെയർ യോജിക്കുന്നില്ല. എന്നിരുന്നാലും നോട്ടീസ് നൽകിയ ശ്രീ. എം. ഉമ്മർ, ശ്രീ. കെ. എം. മാണി എന്നീ അംഗങ്ങളെ ചുരുങ്ങിയ വാക്കുകളിൽ തങ്ങളുടെ ക്രമപ്രശ്നം ഉന്നയിക്കുവാൻ അനുവദിക്കുകയാണ്.

## X ക്രമപ്രശ്നം

### (1) ഓർഡിനൻസ് അസാധുവാണെന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി : സർ, അസാധുവായ ഒരു ബിൽ നിയമമാക്കാനാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇതിൽ അടിസ്ഥാനപരമായ തെറ്റുണ്ട്. 2016-ലെ അടിസ്ഥാന സൗകര്യ നിക്ഷേപനിധി ഓർഡിനൻസ് പുറപ്പെടുവിച്ചത് 19-8-2016-ലാണ്. ഭരണഘടനയുടെ അനുച്ഛേദം 213(2)(a) അനുസരിച്ച് ഓർഡിനൻസിന്റെ കാലാവധി സഭ സമ്മേളിച്ച് ആറാഴ്ച (42 ദിവസം) വരെയാണ്. അതനുസരിച്ച് ഒക്ടോബർ 24-ാം തീയതി ഓർഡിനൻസ് അസാധുവായിക്കഴിഞ്ഞു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ള ബില്ലിൽ അസാധുവായ ഓർഡിനൻസ് റദ്ദാക്കാനാണ് വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത്, ഇത് ശരിയല്ല. ഭരണഘടനയുടെ അനുച്ഛേദം 213(3) അനുസരിച്ച് ഓർഡിനൻസ് തന്നെ അസാധുവാണ്.

### (2) ഓർഡിനൻസിലെ വൈരുദ്ധ്യം

ശ്രീ. എം. ഉമ്മർ : സർ, 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ടിലും ഇന്നിവിടെ അവതരിപ്പിക്കുന്ന 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിലും അടിസ്ഥാനപരമായി രണ്ട് വകുപ്പുകൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ നിലനിൽക്കുകയാണ്. കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ടിന്റെ ക്ലോസ് 4-ൽ, വിലക്ക് - 'തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും സ്വകാര്യ വ്യക്തിയുടേയോ സ്ഥാപനത്തിന്റേയോ അല്ലെങ്കിൽ കമ്പനിയുടേയോ വായ്പ സംബന്ധിച്ച് യാതൊരു ഗവൺമെന്റ് ഗ്യാരണ്ടിയും കൊടുക്കാൻ പാടുള്ളതല്ല' എന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോൾ പുതുതായി കൊണ്ടുവരുന്ന ബില്ലിൽ 8-ാം വകുപ്പുപ്രകാരം, സ്വകാര്യ വ്യക്തികളിൽനിന്നും കമ്പനികളിൽനിന്നും വായ്പ സ്വീകരിക്കാമെന്നും; 10(1)-ൽ, 'സർക്കാർ, 8-ാം വകുപ്പിൻകീഴിൽ ബോർഡ് സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും തുകയുടെ പലിശയും മുതലും നൽകുന്നതിനായി ഗ്യാരണ്ടി നൽകേണ്ടതാണ് ' എന്നും പറഞ്ഞിട്ടുണ്ട്. സർക്കാർ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഗ്യാരണ്ടി നൽകാൻ പാടില്ലെന്ന ആക്ട് ഇവിടെ നിലനിൽക്കുകയാണ്. മാത്രമല്ല, ആ ആക്ടിന്റെ പ്രസക്ത ഭാഗങ്ങൾ ഇതിന് ബാധകമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ഇതിന്റെ പരിധി നിശ്ചയിക്കുന്നിടത്ത് കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ നിൽക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അവനവന് ആവശ്യമുള്ളിടത്ത്

എടുക്കുകയും മറ്റുള്ളിടത്ത് ഉപേക്ഷിക്കുകയും ചെയ്യുന്നത് ശരിയല്ല. അതുകൊണ്ട് ഇത് പരസ്പര വിരുദ്ധമായ വകുപ്പുകളാണ്. പരസ്പര വിരുദ്ധമായ രണ്ട് ആക്റ്റുകൾ നിലനിൽക്കുക എന്നത് ഭരണഘടനാ വിരുദ്ധമാണ്. എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ഈ നിയമം സംരക്ഷിക്കപ്പെടണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പറയുകയാണ്. സ്വകാര്യ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിച്ചാൽ മാത്രമേ ഉദ്ദേശിച്ച ടാർജറ്റിൽ എത്തുകയുള്ളൂവെന്നാണ് ഞാൻ വിചാരിക്കുന്നത്. അതിനെ സാധൂകരിക്കത്തക്ക വിധത്തിൽ ഇതിനകത്ത് പുതിയതായി കൊണ്ടുവന്നതൊന്നും നിലനിൽക്കുകയില്ല. അതുകൊണ്ട് ഇത് നിലനിൽക്കണമെങ്കിൽ, അങ്ങ് ഉദ്ദേശിച്ച പർപ്പസ് നടക്കണമെങ്കിൽ, ഗ്യാരണ്ടി നിൽക്കണമെങ്കിൽ ഞാൻ നേരത്തെ പറഞ്ഞ 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് ഭേദഗതി ചെയ്യണം. ഇതിന്റെ പരിധി പതിനാലായിരം ആയിരുന്നത് ഇരുപതിനായിരമാക്കി മുമ്പ് ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : അങ്ങ് ഉന്നയിക്കുന്നതിന്റെ മെറിറ്റിലേക്ക് ചെയർ കടന്നിട്ടില്ല. അതിനുള്ള അവസരമാണ് ഭേദഗതി നൽകാനുള്ള സമയം. ചട്ടം 303 പ്രകാരമല്ല അത് ഉന്നയിക്കേണ്ടത്.

<u>ശ്രീ. എം. ഉമ്മർ</u> : Sir, please hear me. ഞാൻ പറയുന്നത് കേട്ടതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയുകയും ബഹുമാനപ്പെട്ട ചെയറിന് റൂളിംഗ് നൽകുകയും ചെയ്യാം. പക്ഷെ, ഇത് നിലനിൽക്കാത്ത ഒരു നിയമമായി പോകുമെന്നുള്ളതുകൊണ്ട് കിട്ടിയ അവസരത്തിൽ ഉന്നയിക്കുകയാണ്. അങ്ങയുടെ മുൻഗാമി തന്നെ റൂളിംഗുണ്ട്. ഏത് അവസരത്തിലും നിയമപ്രശ്നം ഉന്നയിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് Question of law ആണ്. അതുകൊണ്ട് ഞാൻ ഉത്തമവിശ്വാസത്തിൽ അവതരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് വേണമെങ്കിൽ സ്വീകരിക്കാം അല്ലെങ്കിൽ സ്വീകരിക്കാതിരിക്കാം. ഇങ്ങനെ പരസ്പരവിരുദ്ധമായ ഒരു നിയമം വന്നാൽ, അതിന്റെ സാധുതയെ ചോദ്യം ചെയ്തുകൊണ്ട് ഒരാൾ കോടതിയെ സമീപിച്ചാൽ ആ നിയമം നിലനിൽക്കുമോയെന്നുള്ളതാണ് പ്രശ്നം. അതുകൊണ്ട് പരസ്പരവിരുദ്ധമായ ആക്റ്റുകൾ നിലനിൽക്കുമ്പോൾ ഒരിക്കലും നിലനിൽക്കാത്ത ഒരു നിയമം കൊണ്ടുവരുന്നതിനുള്ള ഫ്യൂട്ടൈൽ അറ്റംപ്റ്റ് ആയിരിക്കും അത്. ഇത്രയുമധികം ക്ലോസുകളും ക്ലോസ് ബൈ ക്ലോസുകളും പരിഗണിക്കുന്നതിന് ഈ സഭയുടെ മൂന്നുമുതൽ അഞ്ചുവരെ മണിക്കൂറുകൾ വേണ്ടിവരും. ഇത് നോട്ടപ്പിശകിൽ വന്നതായിരിക്കാമെന്ന് ഞാൻ വിചാരിക്കുകയാണ്. അങ്ങനെ നോട്ടപ്പിശകാണെങ്കിൽ ഇത് മടക്കി രണ്ടാമത് അവതരിപ്പിക്കുന്നതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ ഇത് നിലനിൽക്കുകയില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിനുശേഷം ബിൽ സഭയിൽ വരുമ്പോൾ ഇവിടത്തെ പ്രീസിഡന്റ് അനുസരിച്ച് നിയമപരമായ തടസ്സവാദം ഉന്നയിക്കാൻ പാടില്ലെന്ന് അങ്ങ് പറഞ്ഞു. പക്ഷേ ഇവിടെ ഒന്നാം വായനയിൽ ഈ ബില്ലിൽ ഇല്ലാത്ത കാര്യങ്ങൾ, അടിസ്ഥാനപരമായ മാറ്റം സബ്ജക്ട് കമ്മിറ്റിയിലുണ്ടായി തിരിച്ചുവരികയാണെങ്കിൽ നിയമപരമായ തടസ്സവാദം ഉന്നയിക്കാമെന്ന് നേരത്തെ റൂളിംഗുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന്, സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ബിൽ ഇവിടെ അവതരിപ്പിച്ചതിൽ നിന്നും വളരെ വ്യത്യസ്തമായാണ് സബ്ജക്ട് കമ്മിറ്റിയിൽ പോയി തിരിച്ചുവന്നത്. അന്ന് ഇവിടെ അവതരിപ്പിക്കാൻ എനിക്കൊരു അവസരം തന്നു. അന്ന് ഈ വിഷയം ചർച്ച ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോൾ അടിസ്ഥാനപമായ മാറ്റങ്ങൾ വന്നു. തിരിച്ച് അത് കൊണ്ടുവന്നപ്പോൾ നിയമപരമായ തടസ്സങ്ങൾ വന്നത് സബ്ജക്ടീവാണ്. അങ്ങയുടെ വിവേചനാധികാരത്തിലുള്ളതാണത്. സബ്ജക്ടീവായ മാറ്റങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ വന്നിട്ടുണ്ടെങ്കിൽ, അത് അടിസ്ഥാനപരമായ മാറ്റങ്ങളാണെങ്കിൽ അനുവദിക്കാമെന്നുള്ളതാണ്. ഈ ബില്ലിന്റെ അവതരണ വേളയിൽ ഞാൻ ഉന്നയിച്ച ഒരു തടസ്സവാദമാണ് ഗ്യാരണ്ടി ആക്ടുമായുള്ളത്. അന്നത് തള്ളിക്കളഞ്ഞതാണ്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മിനിസ്റ്റർ കൂടി പറഞ്ഞതിനുശേഷം ചെയർ പറയാം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. മാണി ഉന്നയിച്ച തടസ്സവാദങ്ങൾ സഭാ സമ്മേളനം തുടങ്ങി 42 ദിവസം കഴിഞ്ഞാൽ ഓർഡിനൻസ് അസാധുവാകുമെന്നും ആയതിനാൽ ഇപ്പോഴത് അസാധുവാണെന്നുമാണ്. ഇല്ലാത്തൊരു ഓർഡിനൻസാണ് ഇവിടെ നിയമമാക്കുന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ സഭ സമ്മേളിച്ചത് സെപ്റ്റംബർ 26-നാണ്. സെപ്റ്റംബർ മാസത്തിലെ 5 ദിവസവും ഒക്ടോബർ മാസത്തിലെ 31 ദിവസവും ചേർന്ന് 36 ദിവസമായി. പിന്നെ 6 ദിവസം, നവംബർ 6 ആകുമ്പോഴേ 42 ദിവസമാവുകയുള്ളൂ. അങ്ങ് കണക്കു കൂട്ടിയതിൽ എന്തോ ചെറിയ പിശക് വന്നെന്നു തോന്നുന്നു. ഓർഡിനൻസിന് എന്തുതന്നെ സംഭവിച്ചാലും ഈ നിയമം ഇവിടെ നിലവിലുണ്ട്. ആ നിയമത്തെയാണ് ഭേദഗതി ചെയ്യാൻ ഈ ബില്ലിലൂടെ ശ്രമിക്കുന്നത്. അതുകൊണ്ട് ഈ തടസ്സവാദം നിലനിൽക്കുന്നതല്ല എന്നതാണ് എന്റെ അഭിപ്രായം.

രണ്ടാമത്തേത് ഗ്യാരണ്ടി ആക്ടുമായുള്ള തർക്കത്തെക്കുറിച്ചാണ്. അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് അത്യന്താപേക്ഷിതമായതുകൊണ്ട് സർക്കാർ ധനസമാഹരണത്തിനായി ഒരു പുതിയ സ്ഥാപനത്തെ കൊണ്ടുവരുന്നു. ഇത് സ്വകാര്യ സ്ഥാപനമല്ല. ഇതിന്റെ ഓഹരി ഉടമസ്ഥത സർക്കാരിനാണ്. സർക്കാരിന്റെയോ സർക്കാർ ഭൂരിപക്ഷ ഓഹരിയുള്ളതോ ആയ ഒരു സ്ഥാപനത്തിനുവേണ്ടിയാണ് ഗ്യാരണ്ടി നിൽക്കുന്നത്. അതുകൊണ്ട് നാലാം വകുപ്പ് ഒരു തരത്തിലും കിഫ്ബി ഭേദഗതി ബില്ലിന് തടസ്സമാകുന്നില്ല. ഇനി അത് തൃപ്തികരമല്ലെങ്കിൽ കിഫ്ബി ഭേദഗതി ബിൽ സ്പെഷ്യൽ നിയമമാണ്. അതേ സമയം കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടീസ് ആക്ട്, 2003 സർക്കാർ ഗ്യാരണ്ടിക്കായുള്ള പൊതു നിയമമാണ്. Special law repeals the general law എന്ന തത്വം ബഹുമാനപ്പെട്ട സുപ്രീംകോടതി അനവധി കേസുകളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ഉദാഹരണത്തിന് Life Insurance Corporation of India Vs. D. J Bahadur & Ors. എന്ന കേസിൽ സ്പെഷ്യൽ നിയമമായ Industrial Disputes Act മുൻ നിയമമായ എൽ.ഐ.സി. ആക്ടിന്റെ ഏതാനും വ്യവസ്ഥകളെ ഓവർ റൈഡ് ചെയ്യുമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം Kerala Ceiling on Government Guarantees Act, 2003-ന്റെ നാലാം വകുപ്പിനെ കിഫ്ബി നിയമം ഓവർ റൈഡ് ചെയ്യും. ഇതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ വിശദമായ ചർച്ച നടന്നു. ചില ഭേദഗതികൾ വന്നിട്ടുണ്ട്. പക്ഷേ ബില്ലിന്റെ അടിസ്ഥാന ഘടനയിൽ മാറ്റം വരത്തക്ക ഒരു ഭേദഗതിയും വന്നിട്ടില്ല.

## XI റൂളിംഗ്

മി. സ്പീക്കർ: ശ്രീ. കെ. എം. മാണി ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ഈ സമ്മേളനം ആരംഭിച്ച 26-9-2016 മുതൽ കണക്കാക്കുമ്പോൾ നവംബർ 7-ാം തീയതി മാത്രമേ 42 ദിവസം പൂർത്തിയാകുകയുള്ളൂ. ഈ സാഹചര്യത്തിൽ 19-8-2016-ന് പുറപ്പെടുവിച്ച 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഓർഡിനൻസ് ലാപ്സായിക്കഴിഞ്ഞു എന്നുള്ള വാദം ശരിയല്ല. അതിനാൽ അദ്ദേഹത്തിന്റെ തടസ്സവാദം തള്ളിക്കളയുകയാണ്.

ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നം സംബന്ധിച്ചും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ചെയറിന് സൂചിപ്പിക്കാനുള്ളത് നേരത്തെ ഓർമ്മപ്പെടുത്തിയ കാര്യം തന്നെയാണ്. സഭ പരിഗണിക്കുന്ന ബില്ലിലെ വകുപ്പുകളിൽ ഓരോന്നിലും ഉന്നയിക്കപ്പെട്ട ആശങ്കയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള ഒഴിവാക്കലോ കൂട്ടിച്ചേർക്കലോ മറ്റു ഭേദഗതികളോ ആവശ്യമായി വരുന്നപക്ഷം പ്രസ്തുത വകുപ്പുകളുടെ പരിഗണനാവേളയിൽ യുക്തമായ ഔദ്യോഗിക ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രിക്ക് കൊണ്ടുവരാവുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗത്തിന് യുക്തമെന്ന് തോന്നുന്ന ഭേദഗതി നിർദ്ദേശിക്കുവാൻ തദവസരത്തിൽ ചെയർ പ്രത്യേക അനുമതി നൽകുന്നതാണ്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ സംസാരിക്കുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ശ്രീ. വി. ഡി. സതീശനും ഞാനും ഇതിൽ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്താനുള്ള പ്രധാനപ്പെട്ട കാരണം ഇതൊരു സൂപ്പർ ക്യാബിനറ്റായി മാറും എന്നുള്ളതുകൊണ്ടാണ്. ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകളെല്ലാം ഇതിന്റെ കീഴിലാകും. അങ്ങനെ വരുമ്പോൾ ഇതിൽ രണ്ട് തലത്തിലുള്ള തട്ടുകൾ വരും. ആ രണ്ടു തട്ടിൽ ഒന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർപേഴ്സണായും ധനകാര്യ വകുപ്പുമന്ത്രി വൈസ് ചെയർപേഴ്സണായും ആസൂത്രണ ബോർഡിന്റെ ചെയർമാൻ, ചീഫ് സെക്രട്ടറി, സെക്രട്ടറി (നിയമം), സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (ധനകാര്യ റിസോഴ്സസ്), സാമ്പത്തിക ശാസ്ത്രത്തിൽ വിദഗ്ദ്ധരായിട്ടുള്ള 7 നോമിനേറ്റഡ് അംഗങ്ങൾ എന്നിവർ അംഗങ്ങളായും വരും. ഇവരാണ് ഈ കാര്യങ്ങളെല്ലാം ചെയ്യുന്നത്. സംസ്ഥാനത്തെ ഒരു ബഡ്ജറ്റിനേക്കാൾ കൂടുതലോ അതിന്റെ ഇരട്ടിയോ വരുന്ന തുക കൈകാര്യം ചെയ്യുന്നത് ഇങ്ങനെയൊരു സമിതി മാത്രമായി നിൽക്കുകയാണ്. മറ്റൊന്ന് എക്സിക്യൂട്ടീവ്

കമ്മിറ്റിയാണ്. ഈ കമ്മിറ്റിയിൽ ധനകാര്യ വകുപ്പുമന്ത്രി ചെയർപേഴ്സണും ചീഫ് സെക്രട്ടറി, സെക്രട്ടറി (നിയമം), സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (ധനകാര്യ റിസോഴ്സസ്) എന്നിവർ അംഗങ്ങളുമാണ്. പിന്നെ നോമിനേറ്റ് ചെയ്യപ്പെട്ട ബോർഡിലെ മൂന്ന് സ്വതന്ത്ര അംഗങ്ങളും എക്സിക്യൂട്ടീവ് ഓഫീസറും. ഒരു ജനറൽ കമ്മിറ്റിയും പിന്നീടൊരു എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ടായിരിക്കും. സംസ്ഥാനത്ത് ഇത്രയും വലിയ തുക കൈകാര്യം ചെയ്യുമ്പോൾ നിയമസഭ അറിയാതെ പോകുന്നു; അക്കൗണ്ടബിലിറ്റി ഇല്ലാതെ പോകുന്നു എന്നുള്ളതാണ് പ്രശ്നം. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഇതിൽനിന്ന് നമുക്ക് പരിശോധിക്കേണ്ടതുണ്ട്. ഒന്ന്, ഈ തുക ഇവിടെ ലഭിക്കേണ്ട മാർഗ്ഗം. അതിനകത്ത് ആ മാർഗ്ഗം പറഞ്ഞിട്ടുള്ളത്, റോഡ് ഫണ്ട് ബോർഡിന്റെ കയ്യിലേക്ക് ഇപ്പോൾ വരുന്നത് ഗതാഗത വകുപ്പിനുള്ള തുകയാണ്. ആദ്യത്തെ വർഷം 10 ശതമാനം; പിന്നീട് ഓരോ വർഷവും 10 ശതമാനംവീതം കൂട്ടും. അഞ്ചാം വർഷത്തിന്റെ അവസാനത്തിൽ 50 ശതമാനമാകും. ഇപ്പോൾ ഗതാഗത വകുപ്പിന് കിട്ടിക്കൊണ്ടിരിക്കുന്ന തുക ആ വകുപ്പിൽനിന്ന് മാറി കിഫ്ബിയിലേക്ക് പോവുകയാണ്. എന്നാൽ അത് കൈകാര്യം ചെയ്യുന്ന സമിതിയിൽ ഗതാഗത വകുപ്പുമന്ത്രിയില്ല. ഗതാഗത വകുപ്പിന്റെ ഒരു പ്രാതിനിധ്യവുമില്ല. മേജറായ തുക അവരുടേതാണ്. സത്യത്തിൽ ആ വകുപ്പുപോലും അറിയാതെ ആ തുക വിനിയോഗിക്കപ്പെട്ടു പോകുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അപ്പോൾ ഇതൊരുതരം സൂപ്പർ ക്യാബിനറ്റായി നിൽക്കും. ഇതുസംബന്ധിച്ചുള്ള മറ്റ് മന്ത്രിമാരുടെ അഭിപ്രായം എന്താണെന്ന് എനിക്കറിയില്ല. യഥാർത്ഥത്തിൽ അവരെ ഓവർറൈഡ് ചെയ്തുകൊണ്ട് പോകുന്നതിനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. അതാണ് ഞങ്ങൾ ഇതിനോട് വിയോജിക്കാനുള്ള പ്രധാനപ്പെട്ട കാരണം.

രണ്ടാമത്തെ പ്രശ്നം, ഇതിന് നിയമസഭയോട് അക്കൗണ്ടബിലിറ്റിയില്ല എന്നുള്ളതാണ്. ഒരു സ്റ്റേറ്റ്മെന്റ് നിയമസഭയിൽ വച്ചാൽ മതി എന്നുമാത്രമാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ 'കൺസെഷൻ കരാർ എന്നാൽ ഒരു പൊതു-സ്വകാര്യ പങ്കാളിത്തത്തിനുവേണ്ടിയും അത് സംബന്ധിച്ചും ഒരു പൊതു ഏജൻസിയും ഒരു സ്വകാര്യമേഖല പങ്കാളിയും തമ്മിലുണ്ടാക്കിയ ഒരു കരാർ എന്നർത്ഥമാക്കുന്നു എന്നാണ് ഡെഫനിഷനിൽ പറയുന്നത്. ആരൊക്കെയാണ് നമ്മുടെ ഈ പൊതു സ്വകാര്യ പങ്കാളിത്തത്തിന് യോഗ്യരായിട്ടുള്ള ആളുകൾ? സ്റ്റാറ്റ്യൂട്ടറി ബോർഡ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സർക്കാർ രൂപീകരിച്ചതോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലുമൊരു സംഘം. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് preference

കിട്ടുന്ന ചില സ്ഥാപനങ്ങളുണ്ട്. അത് സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതാണ്. ആ സ്ഥാപനങ്ങൾ അവരുടെ പേരിൽ ഒരു വർക്ക് ക്വാട്ട് ചെയ്തെടുക്കും. ക്വാട്ട് ചെയ്തെടുത്തതിനുശേഷം വേറെ ആർക്കെങ്കിലും അവർ സബ്മിറ്റ് ചെയ്യും. എന്നിട്ട് ആ വർക്ക് പൂർത്തിയാക്കും. പക്ഷേ ഇവരുടെ മുഖം മാത്രമേ നമ്മൾ കാണൂ. ആ വർക്ക് ചെയ്യുന്നത് വേറെ ആളുകളായിരിക്കും. ഇവിടെ എക്സ്പെർട്ടൈസ് ഏതെന്നതിനെക്കുറിച്ചുപോലും പരിശോധിക്കുമെന്ന് തോന്നുന്നില്ല. അങ്ങനെ വരുമ്പോൾ ഇത് നമ്മുടെ കയ്യിൽനിന്ന് അകന്നു പോവുകയാണ്. കെൽട്രോൺ, സിഡ്കോ, സിൽക്ക് പോലെയുള്ള കുറേ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവർക്ക് ഒരു പ്രോജക്ടിന് ക്വാട്ട് ചെയ്യാൻ കഴിയും. അങ്ങിനെ വന്നാൽ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട റിസ്കായി അത് മാറും. അതിനും മുൻകരുതൽ എടുക്കണം. യാതൊരു കാരണവശാലും ആ മുൻകരുതൽ എടുക്കാതെ പോകരുതെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. സംസ്ഥാനത്തിന്റെ സഹായത്തെക്കുറിച്ച് ഇതിൽ പറയുന്നുണ്ട്. സംസ്ഥാനത്തിന്റെ സഹായത്തിൽ സർക്കാർ നൽകുന്ന രണ്ട് കാര്യം മാത്രമേ ഞാനിവിടെ പ്രമുഖമായിട്ട് പറയുന്നുള്ളൂ. നാലാം വകുപ്പിൽ സർക്കാർ നൽകുന്ന ഗ്യാരണ്ടിയെക്കുറിച്ച് പറയുന്നു. നമ്മുടെ ഗ്യാരണ്ടി ലിമിറ്റ് 20,000 കോടി രൂപയാണ്. ആ ഗ്യാരണ്ടിക്കപ്പുറത്തേക്ക് കടക്കാൻ സംസ്ഥാനത്തിന് അധികാരമില്ല. നമ്മുടെ സ്കീമെല്ലാം 100 കോടി രൂപയിൽ കൂടുതൽ മുതൽമുടക്കുള്ള ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകളാണ്. ഗ്യാരണ്ടി നൽകുന്നതിനെന്താണ് മാർഗ്ഗം? അപ്പോൾ നിയമം മാറ്റേണ്ടി വരും. അത് മാറ്റാതെ പുതുതായി ഗ്യാരണ്ടി നൽകാൻ കഴിയുമോ എന്നെനിക്ക് അറിയില്ല. നൽകിയാൽത്തന്നെയും നമ്മൾ നൽകുന്ന ഗ്യാരണ്ടി ഉൾക്കൊള്ളുന്നതാരാണ്? നമ്മൾ നൽകുന്ന ഏജൻസിയിലുള്ളത് നമുക്ക് നിയന്ത്രിക്കാൻ കഴിയാത്ത ആളുകളാണ്. അതോടൊപ്പംതന്നെ നമ്മളൊരു അവകാശം കൂടി നൽകുന്നുണ്ട്.

ബില്ലിന്റെ 6-ാം വകുപ്പിൽ ഏതെങ്കിലും ഭൂമി വികസിപ്പിക്കുന്നതിനുള്ള അവകാശവും ഇവർക്ക് നൽകുന്നതായി പറയുന്നു. അപ്പോൾ സർക്കാരിന്റെ ഗ്യാരന്റിയും ഭൂമി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള അധികാരവും നൽകുന്നു. അതോടൊപ്പം ഏതെങ്കിലും വ്യാജന്മാരായിട്ടുള്ള ആളുകൾ ഈ രംഗത്ത് വന്നുപെട്ടാൽ സർക്കാരിന് ലഭിക്കാനുള്ള തുക മുഴുവൻ എവിടെപ്പോകും എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. ഈ ആക്ടിൽ വ്യവസ്ഥ

ചെയ്തപ്രകാരം ബോർഡിന്റെ ധനം നിർദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് നിയമസഭയിൽ വച്ചാൽ മതി.

8-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നത് സർക്കാർ വാർഷിക ബജറ്റിന്റെ അവതരണത്തോടൊപ്പം താഴെപ്പറയുന്ന രേഖകൾ സംസ്ഥാന നിയമസഭയുടെ മുൻപിൽ വയ്ക്കേണ്ടതാണെന്നാണ്. ഇത് ബഡ്ജറ്റിന്റെ ഭാഗമേയല്ല; ബഡ്ജറ്റിനകത്ത് ഇത് ചേർത്തിട്ടുമില്ല; ബഡ്ജറ്റിനു പുറത്താണ് ഇത് വരുന്നത്. ഈ നിയമസഭയ്ക്ക് അത് ചർച്ച ചെയ്യാൻ കഴിയില്ല. കാരണം ഈ നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കിയെടുത്തിട്ടുള്ള മോട്ടോർ വാഹന വകുപ്പിന്റെ 50 ശതമാനത്തോളം തുക കിഫ്ബി വഴിയാണ് പോകുന്നതെങ്കിൽ അത് നിയമസഭയ്ക്ക് ചർച്ച ചെയ്യാനുള്ള അവകാശമില്ല, ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗങ്ങളും സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് മാത്രം ഇവിടെ വച്ചാൽ മതി. ആ സ്റ്റേറ്റ്മെന്റിനോടൊപ്പം ഇതിന്റെ എക്സിക്യൂട്ടീവ് ഓഫീസറുടെ ഒരു സർട്ടിഫിക്കറ്റുകൂടി വേണമെന്നു മാത്രമേ നിബന്ധനയുള്ളൂ. ഈ നിയമസഭയേയും ഒരു റബ്ബർ സ്റ്റാമ്പാക്കി മാറ്റുമെന്നുള്ളതാണ് എന്റെ ഭയപ്പാട്. ഒന്ന്, നിയമസഭ ഒരു റബ്ബർ സ്റ്റാമ്പ്, ഒരു ഡിസ്കഷനുമില്ല; സഭയിൽ ഡിസ്കസ്സ് ചെയ്യാനുള്ള സാദ്ധ്യതയില്ല, അതിന് നിയമത്തിന്റെ പിന്തുണയില്ല. ഇത് സഭയ്ക്ക് വിധേയമല്ലാതെ പോകുകയാണ്. എന്നാൽ സഭ അംഗീകരിച്ച തുകയാണ് ഇതിനുവേണ്ടി വിനിയോഗിക്കുന്നത്. അതിന്റെ വിനിയോഗത്തെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യാനുള്ള സാദ്ധ്യത ഇല്ലാതാകുകയാണ്. എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണലായി കിഫ്ബി മാറുമോ എന്നുള്ള സന്ദേഹം ഈ സമൂഹത്തിനുണ്ട്, അതിന് മുൻകരുതൽ എടുത്തേ മതിയാകൂ, അതുകൊണ്ട് നിശ്ചയമായും അത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. നേരത്തെ പറഞ്ഞതുപോലെ വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷനുമില്ല. കാരണം ഏതെങ്കിലും ഒരു വകുപ്പ് പ്രൊപ്പോസൽ കൊടുത്താൽ ആ പ്രൊപ്പോസൽ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ആണെങ്കിൽ, ആ വകുപ്പിന് ഇതിനെക്കുറിച്ച് എന്തെങ്കിലും പറയാൻ കഴിയണ്ടേ? അഞ്ചു കൊല്ലക്കാലത്തിനുള്ളിൽ കേരളത്തിൽ വിവിധ രൂപത്തിലുള്ള വലിയ പദ്ധതികൾ വരുമെന്ന അങ്ങയുടെ പ്രസ്താവനയുണ്ട്, ഞാൻ അതിനെ സ്വാഗതം ചെയ്യുന്ന ആളാണ്. ആ വകുപ്പിനെ ഇതിൽ ഒരു സ്പെഷ്യൽ ഇൻവൈറ്റിയായി വിളിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റിനകത്ത് സഹമന്ത്രിമാരോട് ഇത്രയും ക്രൂരമായി പെരുമാറാമോ എന്ന ശാന്തമായ ഒരു ചിന്ത എന്റെ മനസ്സിൽ വന്നിട്ടുണ്ട്. അങ്ങനെ ചെയ്യാമോ; അവരുടെ റോൾ എന്താണ്? അവരുടെ ഡിപ്പാർട്ടുമെന്റിൽ വരാൻ പോകുന്ന ഒരു പദ്ധതിയെക്കുറിച്ച് ആദ്യം അതിന്റെ പ്രൊപ്പോസലും ഡി.പി.ആർ.-ഉം കാണുന്ന

എന്നുള്ളതല്ലാതെ, അതിന്റെ പുരോഗതിയെ സംബന്ധിച്ചോ അതിന്റെ സെലക്ഷനെ സംബന്ധിച്ചോ ഒരു തീരുമാനമെടുക്കാൻ അവർക്ക് കഴിയുന്നില്ല. അവർ ഈ സർക്കിളിന് പുറത്തായി നിൽക്കും. സാമ്പത്തികാധികാരം ഒരു ഭാഗത്തുമാത്രം കുമിഞ്ഞുകൂടുന്ന രൂപത്തിലേക്ക് കിഫ്ബിയുടെ പ്രവർത്തനം പോകുമോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് ഈ കാര്യങ്ങൾ വളരെ ഗൗരവതരമായി ആലോചിക്കേണ്ടതാണ്. ഫേയ്സ്ലായിട്ടുള്ള സംഘടനകൾ, പ്രസ്ഥാനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയൊക്കെ ഇതിനകത്ത് വന്നുചേരാനുള്ള സാദ്ധ്യത വളരെക്കൂടുതലാണ്. മാത്രവുമല്ല, ഭൂമി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള അധികാരം ലഭിക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന വളരെയധികം ആളുകളുണ്ട്. അതുകൊണ്ട് വഴി തെറ്റാൻ നിരവധി സാദ്ധ്യതകൾ ഇതിനകത്തുണ്ട്. ആ സാദ്ധ്യതകൾ നിശ്ചയമായും അറിഞ്ഞിരിക്കണം. അത് അടയ്ക്കാൻ കഴിയുന്നില്ല എന്നുവരികിൽ ഈ നിയമം വേറൊരു പുതിയ പ്രശ്നം ഉണ്ടാക്കുന്ന രൂപത്തിലേക്കുവരും. സഞ്ചിത നിധിയിൽനിന്നും 520 കോടി രൂപ നൽകാമെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. സഞ്ചിതനിധിയിൽ അനാവർത്തന ചെലവുകൾക്ക് വേണ്ടി 15 കോടി രൂപയും ആവർത്തന ചെലവുകൾക്കുവേണ്ടി 520 കോടി രൂപയുമുൾപ്പെടെ 535 കോടി രൂപ നൽകുന്നതിനുള്ള പെർമിഷൻ ചോദിച്ചിരിക്കുകയാണ്. ആ പെർമിഷൻ നൽകുമ്പോൾ സഭയ്ക്ക് ഇതിനെക്കുറിച്ച് അറിയണ്ടേ; എന്താണ് നടക്കുന്നതെന്നതിന് ഒരു അക്കൗണ്ടബിലിറ്റി വേണ്ടേ? ആ അക്കൗണ്ടബിലിറ്റി ഇതിനകത്ത് ഉണ്ടാകുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നമായി കാണുന്നത്. കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഏറ്റവും സുപ്രധാനമാണ് ഈ കാര്യം എന്നു ഞാൻ വിചാരിക്കുന്നു. വളരെയധികം അപകടങ്ങൾ പതിയിരിക്കുന്ന ധാരാളം വകുപ്പുകൾ ഇതിനകത്തുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങളെ സർക്കാർ വളരെ ശ്രദ്ധയോടുകൂടി കണ്ടേ മതിയാകൂ. അല്ലെങ്കിൽ സംസ്ഥാനത്ത് ഒരു സമാന്തര ഭരണമായി കിഫ്ബി മാറാൻ സാദ്ധ്യതയുണ്ട്. അതുകൂടി പരിഗണിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ബിൽ അവതരിപ്പിച്ച സമയത്തുതന്നെ നിയമപരമായ തടസ്സവാദം ഉന്നയിക്കുകയും ഭേദഗതി മൂവ് ചെയ്യുകയും ചെയ്തിരുന്നു. അതുകൊണ്ട് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല, വളരെ ചുരുക്കി പറയാം. ഞങ്ങളുടെ വിയോജനക്കുറിപ്പിലെ പ്രധാനപ്പെട്ട കാര്യം ഈ നിയമം പാസ്സായിക്കഴിയുമ്പോൾ ചെലവാക്കുന്ന പണത്തിന്റെ സ്ക്രൂട്ടിനി ഈ സഭയിൽ നടക്കുന്നില്ല എന്നതാണ്. അതിനുള്ള ഒരു വകുപ്പ് ഔദ്യോഗിക ഭേദഗതികൊണ്ടുവന്ന് ഇതിൽ ഉൾപ്പെടുത്തണം. സർക്കാരിൽ വരുന്ന പൈസ എങ്ങനെയാണ് ചെലവഴിക്കപ്പെടുന്നത് എന്നതിനെക്കുറിച്ചുള്ള ചർച്ച നിയമസഭയിലുണ്ടാകണം. അതിന് ഒരു സ്ക്രൂട്ടിണി നടത്താനാവശ്യമായ സംവിധാനം വേണം. ആ ഒരു സംവിധാനം ഇപ്പോൾ നിലവിലുള്ള ഈ നിയമത്തിൽ പ്രധാനമായും ഇല്ല. ഞാൻ നേരത്തേ

സൂചിപ്പിച്ചതുപോലെ ഗ്യാരന്റി ആക്ടിൽ വ്യവസ്ഥചെയ്തിട്ടുള്ള പരിധിയും ബോർഡ് സമാഹരിക്കാൻ ഉദ്ദേശിക്കുന്ന തുകയുടെ പലിശയും മുതലും നൽകുന്നതിനുള്ള ഗ്യാരന്റിയും സംബന്ധിച്ച് ഇതിൽ സർക്കാർ ഉറപ്പ് നൽകുന്നുണ്ട്. ഈ ബില്ലിന്റെ പ്രിൻസിപ്പിളിനെക്കുറിച്ച് ഞങ്ങൾ വിമർശിച്ചിട്ടില്ല. ഒന്നാം വായന സമയത്തും ഈ ബിൽ ആക്ടായിക്കഴിഞ്ഞശേഷം നടപ്പാക്കുമ്പോഴുണ്ടാകുന്ന ഗുരുതരമായ ചില സംശയങ്ങളും പ്രശ്നങ്ങളും സംബന്ധിച്ചും ഞങ്ങൾ ചോദിച്ചു. അങ്ങ് അങ്ങയുടേതായ രീതിയിൽ മറുപടി പറഞ്ഞു, ഒരു നയപരമായ തീരുമാനത്തിന്റെ ഭാഗമായിട്ടാണെന്നു പറഞ്ഞു. ഇപ്പോൾ രണ്ടാം വായനയിൽ വന്നിരിക്കുകയാണ്. ഈ സമയത്ത് കുറേക്കൂടി ഭംഗിയായി നടപ്പിലാക്കുന്നതിനെക്കുറിച്ചാണ് ഗൗരവകരമായി ആലോചിക്കേണ്ടത്. ഇവിടെയുള്ള പ്രധാനപ്പെട്ട ഒരു വിഷയം നമ്മൾ ആലോചിക്കണം. ഇതിനകത്ത് ഒരു ബോർഡുണ്ട്, ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുണ്ട്, പിന്നെയൊരു ഫണ്ട് ട്രസ്റ്റ് ബോർഡുണ്ട്. 27 വകുപ്പുകളുടെയും അധികാരകേന്ദ്രീകരണം കിഫ്ബിയിലാകുന്നു എന്നാണ്. നിയമസഭയിൽ നമ്മൾ കുറേദിവസമായി വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ കാണുകയാണ്. ചോദ്യോത്തരവേള കേൾക്കുകയാണ്. എല്ലാ മന്ത്രിമാരുടേയും പൊതുവായ ഒരു ഉത്തരം കിഫ്ബി, കിഫ്ബി എന്നാണ്. അപ്പോൾ എല്ലാ വകുപ്പുകളുടേയും കേന്ദ്രീകരണം ഈ കിഫ്ബിയിൽക്കൂടി അങ്ങ് സാധിച്ചിട്ടുണ്ട് എന്നതിൽ ഞാൻ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഞാനെപ്പോഴും പറയാറുണ്ട്, അങ്ങ് വളരെ കൗശലക്കാരനും നല്ല തന്ത്രശാലിയുമായ ഒരാളാണെന്ന്. യഥാർത്ഥത്തിലുള്ള ഭരണത്തിന്റെ കേന്ദ്രീകരണം ധനകാര്യ വകുപ്പിലേക്ക് വന്നിട്ടുണ്ട്, കിഫ്ബിയിലൂടെ അത് വളരെ ഇഫക്ടീവായി ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളെക്കൊണ്ട് അതിന്റെ എക്സിക്യൂഷനും മറ്റു കാര്യങ്ങളെ സംബന്ധിച്ചും പറഞ്ഞു. ഓരോ ഡിപ്പാർട്ടുമെന്റിനെയും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് എന്നാണ് പറയുന്നത്. അങ്ങ് ആലോചിക്കുന്നതുപോലെയും ഉദ്ദേശിക്കുന്നതുപോലെയും കിഫ്ബി നടപ്പിലാക്കിക്കഴിഞ്ഞാൽ ഒരു ഡിപ്പാർട്ടുമെന്റിനെയും നമുക്ക് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റെന്ന് വിളിക്കാൻ കഴിയുകയില്ല. ആ തരത്തിൽ എല്ലാ വകുപ്പുകളുടെയും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റായി യഥാർത്ഥത്തിൽ ധനകാര്യ വകുപ്പ് മാറിയിരിക്കുകയാണ്. അവിടെ അധികാരത്തിന്റെ കൃത്യമായ കേന്ദ്രീകരണം നടന്നിട്ടുണ്ട്. വളരെ പ്രതീക്ഷയോടുകൂടി വിവിധ വകുപ്പുകളിൽ പ്രധാനപ്പെട്ട പ്രവർത്തനങ്ങളെല്ലാം നടക്കുകയാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രി ഈ സഭയിൽ മറുപടി പറഞ്ഞപ്പോൾ പല പ്രാവശ്യം പൈസയില്ലെന്നു പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പണമില്ല എന്ന അവസ്ഥയുണ്ടായിട്ടില്ല. എല്ലാ പ്രധാനപ്പെട്ട വർക്കുകൾക്കും പണം നൽകിയിട്ടുണ്ട്. മേജർ വർക്കുകൾ പലതും ഏറ്റെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ പ്രധാനപ്പെട്ട പല പദ്ധതികളും മെഗാ പ്രോജക്ടുകളും ഉൽഘാടനം ചെയ്തിട്ടുണ്ട്. ആ മെഗാ പ്രോജക്ടുകൾക്കെല്ലാം പണം അനുവദിച്ചിട്ടുമുണ്ട്.

പക്ഷേ ഇപ്പോൾ പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ പറയുന്നത് പണമില്ല, പണമില്ല എന്നാണ്. അദ്ദേഹം പറയുന്നത് 75 ലക്ഷം രൂപ നൽകി, ഒരു കോടി രൂപ നൽകി എന്നെല്ലാമാണ്. ഇതെല്ലാംകൂടി ആയിക്കഴിഞ്ഞാലും എത്ര കോടി രൂപ പൊതുമരാമത്ത് വകുപ്പ് ഈ വർഷം ചെലവാക്കുമെന്നറിയാം. അങ്ങ് ആദ്യം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ചെയ്ത ഒരു ബുദ്ധിയുണ്ട്. ആദ്യത്തെ വർഷം കോൺട്രാക്ടർമാരുടെ കുടിശ്ശിക വന്നപ്പോൾ അങ്ങ് എന്തു ചെയ്തു? ആദ്യത്തെ വർഷം ഒരു വർക്കും കൊടുത്തില്ല, വളരെ ബുദ്ധിപൂർവ്വമായ തീരുമാനമായിരുന്നു.അത് റോഡുകളൊക്കെ കുഴിയായി. അപ്പോൾ ആ വർഷം ചെലവാക്കേണ്ട പൈസ മുഴുവൻ കുടിശ്ശികയിനത്തിൽ കൊടുത്തു തീർത്തു. അപ്പോൾ പിന്നെയുള്ള നാലുവർഷം കുടിശ്ശികയില്ലാതായി. ആ പരിപാടി തന്നെയാണ് ഈ ആദ്യത്തെ വർഷവും ചെയ്യുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. കാരണം ഒരു വർക്കും പൊതുമരാമത്ത് വകുപ്പുവഴി വന്നിട്ടില്ല. കുഴിയടയ്ക്കാൻ കുറേ സ്ഥലത്ത് പൈസ നൽകിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറയുന്നത്. ഈ തുലാവർഷം കൂടി കഴിയുമ്പോൾ കേരളത്തിലെ റോഡുകൾ കൂടുതൽ മോശമാകും. ഇതെല്ലാം തീർത്തു കഴിയുമ്പോഴേക്കും അടുത്ത വർഷം ചിലപ്പോൾ പൈസ തരുമായിരിക്കും. അതുകൊണ്ട് അങ്ങ് വളരെ പ്രതീക്ഷയോടുകൂടിയിരിക്കുന്ന കിഫ്ബി എന്ന ഈ സംവിധാനത്തിൽ, ഞങ്ങൾ പറഞ്ഞിരിക്കുന്ന ഡിസെന്റിൽ മാത്രം ഞാൻ ഒതുങ്ങി നിൽക്കുകയാണ്, ചെലവഴിക്കപ്പെടുന്ന പണത്തെക്കുറിച്ച് കൃത്യമായി പരിശോധന നടത്താനുള്ള സംവിധാനം ഈ നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഡോ. എൻ. ജയരാജ് : സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. എനിക്ക് മുമ്പ് സംസാരിച്ച അംഗങ്ങൾ ഒട്ടേറെ ആശയങ്ങൾ മുന്നോട്ടുവച്ചു. അതുകൊണ്ട് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം നിയമസഭയുടെ പരമാധികാരത്തെ സൈഡ്‌ലൈൻ ചെയ്യുന്ന നടപടി ഇതുമായി ബന്ധപ്പെട്ടുണ്ടാകുമോ എന്നതാണ്. ഭരണഘടനയുടെ അന്തഃസത്ത പാലിച്ചുകൊണ്ട് മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ. നമ്മുടെ ബഡ്ജറ്റ് സംസ്ഥാനത്തിന്റെ estimate of receipts and expenditure statement ആണ്. അത് നിയമസഭ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിലുള്ള ഒട്ടേറെ നടപടിക്രമങ്ങളിലൂടെയുമാണ് ജനങ്ങളുടെ ഫണ്ട് എങ്ങനെയാണ് ചെലവഴിക്കുന്നതെന്നുള്ളതിന്റെ സുതാര്യത ഉറപ്പുവരുത്തുന്നത്. അതിനുള്ള വിപുലമായ അധികാരങ്ങൾ നമ്മുടെ നിയമസഭയ്ക്കുണ്ട്. പക്ഷേ ഇവിടെ ചൂണ്ടിക്കാണിക്കുന്ന ആശങ്കയോടൊപ്പം ഞാൻ പങ്കുചേരുന്നത് അത് ട്രെസ്പാസ്സ് ചെയ്യാനുള്ള സാഹചര്യങ്ങൾ ഉണ്ടാകുമോ എന്നുള്ളതാണ്. അങ്ങയുടെ വളരെ മനോഹരമായ ഈ സ്വപ്നത്തെ ഞാൻ തല്ലിക്കെടുത്താൻ

ആഗ്രഹിക്കുന്നില്ല. അത് പൂർണ്ണമായി യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞാൽ തീർച്ചയായും നമ്മുടെ കാലഘട്ടത്തിൽ ഒട്ടേറെ മാറ്റങ്ങളുണ്ടാകും. നമ്മുടെ ഫിനാൻഷ്യൽ മാർക്കറ്റുകളുടെയൊക്കെ പഴയ അവസ്ഥ മാറ്റി അതിന്റെ തലങ്ങൾ വളരെയേറെ വൈഡൻ ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. സാദ്ധ്യതകൾ കൃത്യമായി കണ്ടെത്തുകയും അവയെ ക്രിയാത്മകമായി നടപ്പിലാക്കുന്നതുമാണ് ബുദ്ധിപരമായ ഇടപെടലെന്ന് പറയുന്നത്. ആ ഇടപെടലിനുള്ള നല്ല മനസ്സാണ് തീർച്ചയായും ഈയൊരു പ്രവർത്തനത്തിന് പിന്നിലുള്ളത്. 1999-നുശേഷം വർഷങ്ങളോളം പൂർണ്ണമായി ആ നല്ല ആശയം സാക്ഷാൽക്കരിക്കാൻ കഴിഞ്ഞില്ല. പ്രത്യേകിച്ച്, കടം വാങ്ങാനുള്ള നമ്മുടെ പരിമിതികൾ വളരെയേറെ നിയന്ത്രണത്തിൽ നിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസനം സാദ്ധ്യമാക്കാനുള്ള മറ്റ് ഓൾട്ടർനേറ്റീവുകൾ സ്വാഭാവികമായി അന്വേഷിക്കുക എന്നുള്ളത് ഒരു ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങയുടെ ചുമതല തന്നെയാണ്. ആ ആശയം വളരെ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്. ആ കാര്യത്തിലൊന്നും അഭിപ്രായ വ്യത്യാസമില്ല. ഇതുമായി ബന്ധപ്പെട്ട് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റ് ഫണ്ടിന്റെ ഒരു ഗൈഡ്‌ലൈൻ 8-8-2016-ൽ ധനകാര്യ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇവിടെയുള്ള പ്രശ്നം ബന്ധപ്പെട്ട വകുപ്പിന് കാര്യമായ പ്രസക്തിയില്ലാതെ പോകുന്നുവെന്നതാണ്. ആ ഗൈഡ്‌ലൈനിൽത്തന്നെ ചില കേന്ദ്രീകൃത സ്വഭാവങ്ങളുണ്ട്. ഈ നിയമം നടപ്പാക്കിക്കഴിഞ്ഞാലേ അതിന്റെ സ്വഭാവത്തിലേക്ക് പൂർണ്ണമായും കടക്കാൻ കഴിയൂവെങ്കിലും, അറിഞ്ഞോ അറിയാതെയോ അതിനുള്ള സാദ്ധ്യത തള്ളിക്കളയാൻ കഴിയില്ല. നമുക്കറിയാം, കാൽസ്യം ഡെപ്പോസിറ്റ് ഒരിക്കൽ ഒരാളുടെ ശരീരത്തിൽ ഉണ്ടാകുന്നുവെങ്കിൽ വീണ്ടും ആ ആളിന്റെ ശരീരത്തിൽ കാൽസ്യം ഡെപ്പോസിറ്റ് ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. അത് ആ ശരീരത്തിന്റെ പ്രത്യേകതയാണ്. ചില ആളുകൾക്ക് അങ്ങനെയാണ് എന്നുപറഞ്ഞതുപോലെ 'കിഫ്ബി'-യിൽ അത്തരം ചില പ്രവണതകൾ concentrate ചെയ്യാനുള്ള സാദ്ധ്യതയുണ്ടോ എന്നത് തീർച്ചയായും ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, മുഖ്യമന്ത്രി ചെയർമാനായ ഒരു സമിതിയെക്കുറിച്ച് ഡോ. എൻ. ജയരാജ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. രണ്ടാമതാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി വരുന്നത്. അതിൽ മറ്റ് മന്ത്രിമാർ അംഗങ്ങളായി വരുന്നില്ല. പുറത്തുനിന്ന് മൂന്ന് പ്രതിനിധികൾ എന്ന നിലയിലാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ വരുമ്പോൾ സർക്കാർതന്നെ അതിൽനിന്നും ഔട്ടാകുന്ന ഒരു സ്ഥിതിവിശേഷം, അല്ലെങ്കിൽ ജനാധിപത്യ വിരുദ്ധമായ ഒരു സമീപനത്തിലേക്കാണ് അത്

വരുന്നതെന്ന ആശങ്ക എല്ലാവരുടെയിടയിലും പൊതുവേ ഉയർന്നുവരുന്നുണ്ട്. അതിൽ മന്ത്രിമാരുടെ പ്രതിനിധികളോ അല്ലെങ്കിൽ നിയമസഭാംഗങ്ങളോ വരണം. പുറത്തുനിന്നുള്ള പ്രതിനിധികൾക്ക് നമ്മുടെ വികസന കാര്യങ്ങളിലെല്ലാം അമിതമായി ഇടപെടാനുള്ള ഒരു അനാവശ്യ അവസരം ഉണ്ടാക്കേണ്ട കാര്യമുണ്ടോയെന്നതാണ് പ്രശ്നം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 2009-10 കാലഘട്ടത്തിൽ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചു. ആ കാലയളവിൽ പി.ഡബ്ല്യു.ഡി. മന്ത്രിയെന്ന നിലയിൽ പ്രവർത്തിക്കുമ്പോഴുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സൂചിപ്പിക്കട്ടെ, അന്ന് സുതാര്യമായും ഫലപ്രദമായും ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കുന്നതിന് നേതൃത്വം നൽകിയത് വിവിധ വകുപ്പുകളാണ്. പി.ഡബ്ല്യു.ഡി.-യിൽ അന്ന് നടപ്പാക്കിയ പദ്ധതികൾ കേരളത്തിൽ വലിയ വിജയമായി. ജലവിഭവ വകുപ്പിൽ ഇത് വളരെ വലിയ ഇംപാക്ടുണ്ടാക്കി. ഈ പദ്ധതികൾ മുഴുവൻ മറ്റൊരു സമിതിയിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നത് നല്ലതാണോ? വകുപ്പുകൾക്കുകൂടി ഇടപെടാൻ കഴിയുന്ന വിധത്തിൽ എങ്ങനെ ഇത് പുനഃക്രമീകരിക്കാൻ കഴിയുമെന്ന ആലോചന ആവശ്യമല്ലേ?

ഡോ. എൻ. ജയരാജ് : സർ, ഗവൺമെന്റ് ഗ്യാരന്റി നിൽക്കുന്നുണ്ട്. അതൊരു ദീർഘകാല ഒബ്ലിഗേഷനാണ്. അതിനകത്തൊരു സുതാര്യത സഭയ്ക്ക് ഉറപ്പുവരുത്തുവാനോ സഭയുടെ ഒരു തലത്തിലേക്ക് ചർച്ച ചെയ്യപ്പെടാനുള്ള ഏതെങ്കിലുമൊരു സന്ദർഭമോ ഉണ്ടാകുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ നിയമത്തിലെ ഒരു പ്രധാനപ്പെട്ട പ്രശ്നം, ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനാണ്. ഈ കമ്മീഷൻ തരുന്ന ഒരു ഫിഡെലിറ്റി സർട്ടിഫിക്കറ്റ് മാത്രമാണ് ഈ സഭയുടെ മുമ്പിൽ വരുന്ന ഏക രേഖ. അത് നടപ്പാക്കിയ പദ്ധതിയെ സംബന്ധിച്ചുള്ള ഒരു സ്റ്റേറ്റുമെന്റിനപ്പുറത്തേക്ക് സഭയ്ക്ക് ചർച്ച ചെയ്യാനുള്ള ഒരു വേദിയുമില്ല. ജനാധിപത്യത്തിൽ നിയമസഭയ്ക്ക് വലിയ ട്രാൻസ്പാരൻസിയാണുള്ളത്. നമ്മൾ നടപ്പാക്കുന്ന ഒരു പദ്ധതിയെക്കുറിച്ച് പല ഘട്ടങ്ങളിലായാണ് ചർച്ച ചെയ്യുന്നത്. അത് കുറേക്കൂടി സുതാര്യമാക്കണം. ബഹുമാനപ്പെട്ട മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ, അങ്ങ് ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രധാനപ്പെട്ട ഇംപ്ലിമെന്റിംഗ് ബോഡിയെന്ന് പറയുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. അതിൽ ധനകാര്യ വകുപ്പുമന്ത്രിയെക്കൂടാതെ പിന്നെയുള്ളത് ഉദ്യോഗസ്ഥർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ബോർഡിലെ മൂന്ന് സ്വതന്ത്ര അംഗങ്ങൾ എന്നിവരാണ്. അവർ ആരൊക്കെയെന്നതിന് ഒരു ക്ലാരിറ്റിയില്ല. അത് ആരുവേണമെങ്കിലും വരാവുന്ന ഒരവസ്ഥയിലേക്ക് എത്തിച്ചേരാം. അവിടെ എന്റെ ഒരു നിർദ്ദേശമെന്ന് പറയുന്നത്, സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ളവരെക്കൂടി ഉൾപ്പെടുത്തണമെന്നതാണ്. എം.എൽ.എ.-മാർ അതിൽ പ്രതിനിധികളായാലുള്ള

തെറ്റെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ജനപ്രതിനിധികൾകൂടി എക്സിക്യൂട്ടീവ് കമ്മിറ്റിയിലുണ്ടാകണം. അതോടൊപ്പംതന്നെ ഓരോ വകുപ്പിലെയും ബന്ധപ്പെട്ട മന്ത്രിമാർക്ക് ഇതിൽ ഇടപെടാനുള്ള അവസരവും ഉണ്ടാകണം. അതുകൊണ്ട് ഈ ബോർഡിന്റെ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന പ്രോജക്ടുകളിൽ എങ്ങനെയാണ് ബന്ധപ്പെട്ട ഭരണ വകുപ്പിന് ഇടപെടാൻ കഴിയുന്നത്? അത് കൃത്യതയുണ്ടാക്കേണ്ട കാര്യമാണ്. ആകെക്കൂടി പറഞ്ഞിരിക്കുന്നത് ബന്ധപ്പെട്ട വകുപ്പിന്റെ സെക്രട്ടറിയെ പ്രത്യേക ക്ഷണിതാവായി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ക്ഷണിക്കുമെന്ന് മാത്രമാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഡോ. എൻ. ജയരാജും ശ്രീ. മോൻസ് ജോസഫും ഇവിടെ സൂചിപ്പിച്ച കാര്യം, സഭയുടെ മുന്നിൽ 'കിഫ്ബി' കൊണ്ടുവന്ന അന്നുമുതൽ ചർച്ച ചെയ്യുന്നതാണ്. യഥാർത്ഥത്തിൽ ഇതിനകത്ത് ബന്ധപ്പെട്ട വകുപ്പുകളുടെ റോൾ എന്താണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ സൂചിപ്പിച്ചിരുന്നു; ബഡ്ജറ്റിൽ വളരെ സ്പെസിഫിക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ഇതിനകത്ത് യാതൊരു രീതിയിലുള്ള കൈകടത്തലും നടത്താൻ കഴിയില്ലെന്ന് പറയുന്നു. ഞാനൊരു ചോദ്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പറഞ്ഞത് എല്ലാ വകുപ്പുകളുടേയും കീഴിലാണ് കാര്യങ്ങൾ നടന്നുപോകുക; വകുപ്പാണ് കാര്യങ്ങൾ തീരുമാനിക്കുക; വകുപ്പിനകത്ത് പണം നൽകുന്ന ഒരു പദ്ധതി അല്ലെങ്കിൽ ഒരു ഏജൻസി മാത്രമാണ് കിഫ്ബിയെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറയുന്നത്, ഇത് എത്ര പറഞ്ഞാലും മനസ്സിലാകാത്ത ഒരു കാര്യമാണെന്നാണ്. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുപോലും എന്താണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നതെന്ന് മനസ്സിലാക്കാൻ കഴിയാത്ത ഒരു സാഹചര്യമാണുണ്ടായിട്ടുള്ളതെന്നാണ്. രണ്ടുപേരും രണ്ടുതരത്തിലാണ് സംസാരിക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ് : സർ, ഞാൻ അതിലേക്കാണ് വരുന്നത്. ഞാൻ സൂചിപ്പിച്ചത് ബന്ധപ്പെട്ട വകുപ്പിന് കുറെക്കൂടി അധികാരങ്ങൾ നൽകാനുള്ള ഒരു സംവിധാനം വേണമെന്നാണ്. വിവിധ സോഴ്സുകളിൽനിന്നും ഫണ്ട് സമാഹരിക്കാനുള്ള ഒരു സംവിധാനം മാത്രമാണോ. ഇത് പരിപൂർണ്ണമായി ഒരു ഏകാധിപതിയുടെ അധികാരത്തിലേക്ക് കടന്നുപോകുന്നത് ആശാസ്യമാണോയെന്നതാണ് പ്രധാനപ്പെട്ടൊരു വിഷയം.

ശ്രീ. പി. ടി. തോമസ് : സർ, ശ്രീ. എ. പി. അനിൽകുമാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പ്രഗത്ഭനായ ഡോ. ടി. എം. തോമസ് ഐസക് മറുപടി പറയുന്ന അവസരത്തിൽ മന്ത്രിമാർ ആരും തന്നെ സഭയിലില്ല. അധികാരമെല്ലാം അദ്ദേഹത്തിലേക്ക് കേന്ദ്രീകരിച്ചപ്പോൾ 'ആയുധം കയ്യിലില്ലാത്തവൻ അടരാടുന്നതെങ്ങനെ' എന്ന മട്ടിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പ്രത്യേകിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രിയുമെല്ലാം ആശങ്കയിലാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ആശങ്ക എന്നുള്ളതല്ല ഇവിടത്തെ വിഷയം. നിയമത്തിനകത്തും പ്രത്യേകിച്ച് ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലും ബന്ധപ്പെട്ട വകുപ്പുകൾക്കുള്ള സാദ്ധ്യതയെ സംബന്ധിച്ച് പരാമർശിക്കപ്പെടുന്നില്ല. ആയതിനാൽ ഇതിൽ കുറച്ചുകൂടി ട്രാൻസ്പാരൻസി ഉണ്ടാകണമെന്നതാണ് എന്റെ പ്രധാന നിർദ്ദേശം. അതുപോലെതന്നെ ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ അംഗങ്ങൾക്ക് ഇഷ്ടമുള്ളിടത്തോളംകാലം ഔദ്യോഗികസ്ഥാനം വഹിക്കാമെന്ന് പറയുന്നത് എത്രമാത്രം ശരിയാണെന്നുള്ളത് തീർച്ചയായും ചിന്തിക്കേണ്ട കാര്യമാണ്. അതോടൊപ്പം മറ്റൊരു പ്രധാനപ്പെട്ട സംശയം ഞാൻ ഇവിടെ പങ്കുവയ്ക്കുകയാണ്. The Kerala Ceiling on Government Guarantees Act, 2003-നകത്തെ ഒരു വകുപ്പിൽ പറയുന്നത്, തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെയടങ്ങിയിരുന്നാലും ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ കമ്പനിയുടെയോ വായ്പ സംബന്ധിച്ച് യാതൊരു ഗവൺമെന്റ് ഗ്യാരണ്ടിയും നൽകാൻ പാടുള്ളതല്ലെന്നാണ്. ഇത് പിന്നീട് മാറ്റിയിട്ടില്ല. ഇത്തരത്തിലൊരു മാറ്റം വരുത്താതെ കമ്പനികൾ പുറപ്പെടുവിക്കുന്ന ബോണ്ടുകൾക്കും മറ്റ് ഇൻസ്ട്രുമെന്റ്സിനും guarantor ആകാൻ സർക്കാരിനെങ്ങനെ സാധിക്കുമെന്ന ആശങ്കയും ഞാൻ പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്.

അതോടൊപ്പം എന്റെ വിയോജനക്കുറിപ്പിൽ യൂസർ ചാർജ്ജുമായി ബന്ധപ്പെട്ടൊരു കാര്യം സൂചിപ്പിച്ചിരുന്നു. കൺസെഷൻ ഉടമ്പടിയിൽ കൺസെഷനർക്ക് യൂസർ ചാർജ് ഈടാക്കാനുള്ള നടപടി സുതാര്യമാകാനിടയില്ല. ഇതുമായി ബന്ധപ്പെട്ട് ധാരാളം പരാതികളുണ്ടാകും. യൂസർ ചാർജ്ജുകൾ ഈടാക്കുവാൻ കൺസെഷനറെ അനുവദിക്കുന്നു എന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്. അവിടെയാണ് പ്രശ്നം, ഇവിടെ ബോർഡിനല്ല അധികാരം. അത് ഒഴിവാക്കണമെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഏത് നിയമം അങ്ങ് കൊണ്ടുവന്നാലും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കുറച്ചുകൂടി മാറ്റം വരുത്തിയില്ലെങ്കിൽ എത്ര കോടി രൂപ ഇതിലൂടെ സമാഹരിക്കാൻ കഴിഞ്ഞാലും അതുമായി ബന്ധപ്പെട്ട പദ്ധതികൾ പൂർണ്ണമായി നടപ്പാക്കുവാൻ കേരളത്തിന്റെ നിലവിലുള്ള അവസ്ഥയിൽ കഴിയുമോ എന്നത് ചിന്തിക്കേണ്ട വിഷയമാണ്. സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ കാഴ്ചപ്പാടുകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തീർച്ചയായും ശ്ലാഘനീയമാണ്. എന്റെ കന്നിപ്രസംഗത്തിൽ ഈ നിയമസഭയിൽ അങ്ങയെക്കുറിച്ച് പറഞ്ഞ വാക്ക് ഒരിക്കൽകൂടി ആവർത്തിക്കുന്നു. അങ്ങ് വളരെ പ്രായോഗികതയുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ്. ആ ഒരു തലത്തിൽ കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടുകൊണ്ട് പുതിയ സംവിധാനങ്ങൾ സംസ്ഥാനത്തിന്റെ മുമ്പോട്ടുള്ള ഗതിവേഗത്തെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായകരമാകുമെങ്കിൽ തീർച്ചയായും അത് നല്ലൊരു ആശയമാണ്. ഇതുമായി ബന്ധപ്പെട്ട ആശങ്കകൾ വെറും ആശങ്കകളല്ലായെന്ന് ഞങ്ങൾ ഇപ്പോഴും വിശ്വസിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ചില ആശങ്കകൾ അങ്ങിവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അഴിമതി വിരുദ്ധമായ നിലപാടിനെക്കുറിച്ച് സംസാരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിന്റെ അക്കൗണ്ടബിലിറ്റി എവിടെയാണ്? നിയമപരമായ നടപടികൾ പരിശോധിക്കാനുള്ള അധികാരവും സാഹചര്യവും പി.യു.സി.ക്കും പി.എ.സി.ക്കുമുണ്ട്. പക്ഷെ ഇതിൽ റോഡ് ടാക്സ് അടക്കം വരികയാണ്. അങ്ങനെ വരുന്ന സാഹചര്യത്തിൽ ഇതിന്റെ പരിശോധനയ്ക്കുള്ള സംവിധാനം വ്യക്തതയില്ലാത്ത പ്രശ്നമായി നിലനിൽക്കുകയാണ്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഡോ. എൻ. ജയരാജ്</u> : സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ നിയമം പൂർണ്ണമായി വായിച്ച് നോക്കുമ്പോൾ ആർക്ക് ആരോടാണ് ഉത്തരവാദിത്വം എന്നത് ഒരു പ്രധാന വിഷയമാണ്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനും ധനകാര്യ വകുപ്പിനും നിയമസഭയ്ക്കും ഇതിനെക്കുറിച്ച് പരിശോധിക്കാനുള്ള സംവിധാനമില്ല. കോടിക്കണക്കിന് രൂപയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മിഷനിൽ മാത്രമായി ഒതുങ്ങുകയാണ്. ഈ കമ്മിഷനിൽ നിലവിൽ ഒരുപക്ഷേ പ്രഗത്ഭരായ കുറച്ചു വ്യക്തികളുണ്ടായിരിക്കാം. എന്നാൽ എല്ലാക്കാലത്തും അങ്ങനെ തുടരണമെന്നില്ല. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും ഇതിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടും. ബോണ്ട് മുഖേനയാണെങ്കിലും മറ്റേത് ഇൻസ്ട്രുമെന്റ്സ് മുഖേനയാണെങ്കിലും സംസ്ഥാനത്ത് ലഭിക്കുന്ന കോടിക്കണക്കിന് രൂപ ജനങ്ങളുടേതാണ്. ഒരു ജനാധിപത്യ പ്രക്രിയയിൽ ഇത്തരം തുകകൾ ചെലവഴിക്കുമ്പോൾ അതിന് അതിന്റേതായ സുതാര്യത ഉറപ്പുവരുത്തേണ്ടത് പ്രധാനപ്പെട്ട കാര്യമാണെന്നാണ് എനിക്ക് ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, അങ്ങ് പറഞ്ഞ പോയിന്റ് വളരെ പ്രധാനമാണ്. ബഹുമാനപ്പെട്ട മന്ത്രി ഏറെ സുതാര്യമായി കാര്യങ്ങൾ കൈകാര്യം ചെയ്യുമെന്നും ഭാവിയിൽ ചിലപ്പോൾ അങ്ങനെ ഉണ്ടാകാൻ ഇടയില്ലെന്നും പറഞ്ഞത് പ്രത്യേകമായി ആരെയെങ്കിലും ഉദ്ദേശിച്ചാണോ?

<u>ഡോ. എൻ. ജയരാജ്</u> : സർ, എല്ലാ കാലത്തും ഒരേ വ്യക്തികളും ഒരേ കാഴ്ചപ്പാടുള്ളവരും ഉണ്ടായിരിക്കണമെന്നില്ല. കാലം മാറുന്നതിനനുസരിച്ചുള്ള മാറ്റങ്ങൾ സ്വാഭാവികമായും ഉണ്ടാകും. ഞാൻ ഏതെങ്കിലും വ്യക്തികളെ ഉദ്ദേശിച്ച് പറഞ്ഞതല്ല. നമ്മൾ ഓരോ സ്ഥാനങ്ങളിൽ ഓരോ വ്യക്തികളെ ഇരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. വളരെ പ്രഗത്ഭരായ ശാസ്ത്രജ്ഞരും മറ്റുള്ളവരും കുറ്റാരോപണ വിധേയരാകുന്ന കാലഘട്ടത്തിലാണ് ഞാനും നിങ്ങളും ജീവിക്കുന്നത്. ശ്രീകൃഷ്ണൻ പണ്ട് സ്യമന്തകമണി മോഷ്ടിച്ചതു പോലും ഇപ്പോൾ അന്വേഷണ വിധേയമാക്കുന്ന

ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. കാരണം പഴയ കേസുകളെല്ലാം അന്വേഷിക്കുന്ന ഒരു കാലഘട്ടമാണിത്. പണ്ട് എന്റെ നാട്ടിൽ ഷാപ്പ് നടത്തിക്കൊണ്ടിരുന്ന ഒരാൾ പേടിച്ച് നടക്കുകയാണെന്നും ഇനി അയാളെക്കൂടി അന്വേഷണത്തിന്റെ ഭാഗമാക്കുമോ എന്ന പേടി അയാൾക്കുണ്ടെന്നും എന്നോട് പറയുകയുണ്ടായി. ഇതാണ് നമ്മുടെ നാട്ടിലെ സാഹചര്യം. ഇന്ന് എന്തിനും കേസ് കൊടുക്കുന്ന ഒരു സാഹചര്യമാണുള്ളത്. ഇതെല്ലാം കോടിക്കണക്കിന് രൂപയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. നമ്മൾ ഭാഗഭാക്കാകുന്ന ഒരു നിയമനിർമ്മാണത്തിന്റെ സുതാര്യത ഉറപ്പുവരുത്താനുള്ള ബാദ്ധ്യത ആരംഭം മുതൽ നമുക്കുണ്ട് എന്നതാണ് ഞാൻ സൂചിപ്പിച്ചത്. ആയതിനാൽ ഇത് പൂർണ്ണ അർത്ഥത്തിൽ അങ്ങ് ഉൾക്കൊള്ളുമെന്നും ഇതുസംബന്ധിച്ച കാര്യങ്ങൾ അങ്ങയുടെ മറുപടിയിൽ ഉണ്ടാകുമെന്നും വളരെ ആത്മാർത്ഥമായി ഞാൻ വിശ്വസിക്കുന്നു. ഇതിലുള്ള നല്ല ആശയത്തോട് ഞാൻ നയപരമായി യോജിക്കുന്നതോടൊപ്പം ഇതിനകത്തുള്ള ചില അപാകതകൾ നീക്കി കുറ്റമറ്റ നിയമമാക്കി മാറ്റി ഈ സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള വികാസത്തിന് കൂടുതൽ കരുത്ത് നൽകട്ടെയെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. കെ. ശശി</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കിഫ്ബിയെ സംബന്ധിച്ച് നാട്ടിലെ ജനങ്ങൾക്ക് യാതൊരു ആശങ്കയുമില്ല. ഡോ. ടി. എം. തോമസ് ഐസക് തയ്യാറാക്കി അവതരിപ്പിച്ച തികച്ചും ട്രാൻസ്പാരന്റായിട്ടുള്ള ഈ നിയമം നമ്മുടെ നാടിന്റെ വികസനക്കുതിപ്പിന്റെ മാഗ്നാകാർട്ട എന്ന് വിശേഷിപ്പിക്കാൻ സാധിക്കും. നാടിന്റെ സർവ്വതോന്മുഖമായ വികസനം സാക്ഷാൽക്കരിക്കാൻ ലക്ഷ്യംവച്ച് ധനസമാഹരണത്തിനായി ആവിഷ്കരിച്ച കിഫ്ബി ഒരു ജനതയുടെ എല്ലാ സ്വപ്നങ്ങളും പ്രതീക്ഷകളും യാഥാർത്ഥ്യമാക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഈ സർക്കാർ അധികാരമേറ്റിട്ട് അഞ്ചുമാസം പിന്നിടുമ്പോൾ ജനങ്ങൾ പുതിയ കേരളത്തെക്കുറിച്ചുള്ള സുന്ദരസ്വപ്നം നെയ്തുകൂട്ടുകയാണ്. ഇപ്പോൾ കേൾക്കുന്നത് വികസനത്തിന്റെ ശബ്ദമാണ്. അഴിമതിക്കാരുടെ ബഹളത്തിൽനിന്ന് സെക്രട്ടേറിയറ്റും മന്ത്രിമന്ദിരങ്ങളും മോചിപ്പിക്കപ്പെട്ടിരിക്കുന്നു. കേരളപ്പിറവിയുടെ അറുപതാം വാർഷികത്തിന്റെ ഭാഗമായുള്ള പരിപാടികൾക്കാണ് ഇന്നലെ നമ്മൾ സാക്ഷ്യം വഹിച്ചത്. വജ്ര കേരളം ആഘോഷ പരിപാടി നവകേരള നിർമ്മിതിക്കുള്ള ക്രിയാത്മകമായ ഇടപെടലാണ്. നിരവധി പോരാട്ടങ്ങളുടെയും ആത്മത്യാഗത്തിന്റെയും ജനാധിപത്യ ശക്തികളുടെ ഭാവനാപൂർണ്ണമായ ഇടപെടലുകളുടെയും ചരിത്രവഴികൾ പിന്നിട്ടാണ് ഇന്ന് കേരളം തല ഉയർത്തിപ്പിടിച്ച് നിൽക്കുന്നത്. കാർഷികബന്ധ നിയമം, ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസ നിയമം തുടങ്ങിയ നിയമ നടപടികളിലൂടെയാണ് ജനാധിപത്യ കേരളം

മുന്നോട്ടുപോയത്. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യ പരിപാലനത്തിന്റെയും മേഖലകളിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ പിന്നിലാക്കിയത് ഇടതുപക്ഷത്തിന്റെ ശക്തമായ ഇടപെടലിലൂടെയാണെന്ന് ഉറപ്പിച്ച് പറയാൻ സാധിക്കും. അധികാരവികേന്ദ്രീകരണം, ജനകീയാസൂത്രണം, സമ്പൂർണ്ണ സാക്ഷരത, ക്ഷേമപദ്ധതികൾ തുടങ്ങിയ സവിശേഷമായ നേട്ടങ്ങൾ സ്വന്തമാക്കിയതും ഇടതുപക്ഷത്തിന്റെ ഇടപെടലിലൂടെയാണ്.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അഞ്ച് കൊല്ലം ഭരിച്ചിട്ട് ഇറങ്ങിപ്പോകുമ്പോൾ കടുംവെട്ട് നടത്തിയതിന്റെ ചരിത്രവും അഴിമതിക്കേസുകളും കാലിയായ ഖജനാവുമല്ലാതെ എന്താണ് ബാക്കി വച്ചത്? ഞാൻ അതിന്റെ കണക്കുകളൊന്നും വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. കരാറുകാരുടെ കുടിശ്ശിക മാത്രം മൂവായിരം കോടി രൂപയാണ്; ക്ഷേമപെൻഷൻ കുടിശ്ശിക 1398 കോടി രൂപയും; സാമൂഹ്യനീതി വകുപ്പിന്റെ പെൻഷൻ കുടിശ്ശിക 740 കോടി രൂപയുമാണ്; ശമ്പള പരിഷ്കരണത്തിന്റെയും ഡി.എ. കുടിശ്ശികയുടെയും ബാദ്ധ്യത 16,000 കോടി രൂപയാണ്. കേരള സംസ്ഥാന രൂപീകരണത്തിനുശേഷമുള്ള എല്ലാ നേട്ടങ്ങളും ഇല്ലാതാക്കിയ യു.ഡി.എഫ്. സർക്കാരാണ് കഴിഞ്ഞ 5 കൊല്ലക്കാലം കേരളം ഭരിച്ചത്. 'വികസനവും കരുതലും' എന്ന മുദ്രാവാക്യം മുഴക്കി ഒരു ജനതയെ പറ്റിക്കുകയായിരുന്നു. ഭൂമി, വീട്, ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ എല്ലാ മേഖലകളിലും പതിറ്റാണ്ടുകൾക്ക് പിന്നിലേക്ക് ഒരു നാടിനെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ നയിച്ചു. വികസനോന്മുഖമായ കേരളത്തിന്റെ ധനസ്ഥിതി അഞ്ച് കൊല്ലം കൊണ്ട് അട്ടിമറിച്ചില്ലേ? എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1.86 ശതമാനമായിരുന്നു ആവറേജ് ധനകമ്മി എങ്കിൽ യു.ഡി.എഫ്. സർക്കാരിന്റെ ഭരണക്കാലത്ത് അത് നാല് ശതമാനമായി വളർന്നു; റവന്യൂ കമ്മി 3 മടങ്ങായി വർദ്ധിച്ചു; അപകടകരമായ അവസ്ഥയിലേക്ക് നാടിന്റെ ധനസ്ഥിതി പോകുമ്പോൾ ധൂർത്തും പാഴ്ച്ചെലവും കുറയ്ക്കാൻ യു.ഡി.എഫ്. സർക്കാർ തയ്യാറായില്ല. കഴിഞ്ഞ അഞ്ച് കൊല്ലത്തിനുള്ളിൽ നികുതി ചോർച്ചയിലൂടെ കേരളത്തിന് നഷ്ടമായത് പതിനായിരത്തിലധികം കോടി രൂപയാണെന്നാണ് പ്ലാനിംഗ് ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത്തരം അപകടകരമായൊരു സാഹചര്യത്തെ എങ്ങനെയാണ് മുറിച്ചുകടക്കുക? ഭാവനാപൂർണ്ണമായ നടപടികൾ കൊണ്ട് മാത്രമേ ഈ പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കുകയുള്ളൂ; താളം തെറ്റിയ ധനവ്യവസ്ഥയെ ട്രാക്കിലേക്ക് കൊണ്ടുവരണം; വികസന മുന്നേറ്റം നടക്കണമെങ്കിൽ മൂലധന നിക്ഷേപം ഉറപ്പുവരുത്തണം; ഇതിനാണ് കിഫ്ബി. ഒരു ലക്ഷം കോടി രൂപയാണ് കിഫ്ബിയിലൂടെ ഡോ. ടി. എം. തോമസ് ഐസക് ലക്ഷ്യമിടുന്നത്. ഈ തുക പൂർണ്ണമായും നാടിന്റെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ വിശദീകരിച്ചിട്ടുണ്ട്. വീമ്പടിക്കുകയല്ല

പിണറായി സർക്കാർ ചെയ്യുന്നത്. ഐക്യകേരളപ്പിറവിയുടെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ മുന്നോട്ടുപോകുമെന്നാണ് മുഖ്യമന്ത്രി ഇന്നലെ പ്രഖ്യാപിച്ചത്. എന്തൊക്കെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ അതെല്ലാം ഈ സർക്കാർ നടപ്പിലാക്കും. വിശ്വാസ്യതയെ സംബന്ധിച്ച് ആർക്കും ഒരു സംശയവും ഉണ്ടാകേണ്ടതില്ല. എന്തെല്ലാം കാര്യങ്ങൾ പറഞ്ഞിട്ടുണ്ടോ അതെല്ലാം ഈ ഗവൺമെന്റ് നടപ്പാക്കും. കഴിഞ്ഞ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഞങ്ങളുടെ പ്രവർത്തകർ പാവപ്പെട്ടവന്റെ വീടുകളിൽ പോയി പറഞ്ഞത്, പെൻഷൻ നിങ്ങളുടെ അവകാശമാണെന്നും പെൻഷൻ തുക വർദ്ധിപ്പിക്കുമെന്നും പെൻഷൻതുക വീടുകളിൽ എത്തിക്കുമെന്നുമായിരുന്നു. അന്ന് യു.ഡി.എഫ്. സർക്കാർ ഞങ്ങളെ കളിയാക്കിയില്ലേ? ഇവർ അധികാരത്തിൽ വരുന്നത് പോകട്ടെ, രണ്ടാം സ്ഥാനത്ത് എത്തുമോ, അതിൽ അവർ ബി.ജെ.പി.-യുമായി മത്സരിക്കില്ലേ എന്ന് പ്രസംഗിച്ചവരുമുണ്ട്. അഥവാ അധികാരത്തിൽ വന്നാൽ ഇവർ എവിടെ നിന്നാണ് പണം നൽകുക എന്നിങ്ങനെയുള്ള വാദങ്ങളാണ് ഞങ്ങൾക്കുനേരെ ഉയർത്തിയത്. ഈ സർക്കാർ അധികാരത്തിൽ വരികയും പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്തു. അതാണ് ഞങ്ങളുടെ പ്രത്യേകത. യു.ഡി.എഫ്. എന്തുപറഞ്ഞാലും അത് തെരഞ്ഞെടുപ്പ് കാലത്തെ വോട്ട് വാഗ്ദാനമാണ്. ഞങ്ങൾ എന്തെങ്കിലും പറഞ്ഞാൽ അത് വെള്ളത്തിൽ വരച്ച വരയാകില്ല; ഞങ്ങളെ സംബന്ധിച്ച് അങ്ങനെയല്ല, അങ്ങനെയുള്ളത് യു.ഡി.എഫ്. സർക്കാരിനാണ്. വായിലൊതുങ്ങാത്ത ഒന്നും ഞങ്ങളുടെ കയ്യിലില്ല; നടപ്പാക്കാൻ കഴിയുമെന്ന് ഉറപ്പുള്ള കാര്യങ്ങൾ മാത്രമേ ഇടതുപക്ഷക്കാർ പറയുകയുള്ളൂ. അങ്ങനെ പറഞ്ഞാൽ ഈ ശരീരത്തിൽ ഒരു തരി ജീവൻ ബാക്കിയുണ്ടെങ്കിൽ അത് നടപ്പിലാക്കിയിരിക്കും. 38 ലക്ഷം വരുന്ന ആളുകൾക്ക് ഏതാണ്ട് 3200 കോടി രൂപ ഞങ്ങൾ പെൻഷനായി നൽകി. പരിമിതിക്കകത്തുനിന്നുകൊണ്ട് ഈ സർക്കാർ ബദൽ കെട്ടിപ്പടുക്കുകയാണ്. ജൈവപച്ചക്കറി, മാലിന്യമുക്ത കേരളം തുടങ്ങിയവയെക്കുറിച്ച് ഞാൻ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ആ സമീപനത്തിന്റെ ഭാഗമാണ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം സാദ്ധ്യമാക്കുന്ന കിഫ്ബി. ഇതൊന്നും യു.ഡി.എഫ്.-ന് അറിയില്ല. ഇതൊക്കെ നടക്കുമോ? ഇതൊക്കെ യാഥാർത്ഥ്യമാകുമോ എന്നുള്ളതിൽ സംശയമുണ്ടെന്നാണ് അവർ പറയുന്നത്. ഇവർക്ക് സംശയമുണ്ടെങ്കിൽ എന്തിനാണ് മണ്ഡലങ്ങളിലെ പദ്ധതികളൊക്കെ കിഫ്ബിയിൽ ഉൾപ്പെടുത്തണമെന്ന് സമ്മർദ്ദം ചെലുത്തുന്നത്? ഇന്നലെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ഒരു കോൺഫറൻസുണ്ടായിരുന്നു. അതിൽ എല്ലാ പ്രതിപക്ഷ എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിലെ പ്രോജക്ടുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തണമെന്ന് വാശിപിടിക്കുകയായിരുന്നു. കിഫ്ബിയെപ്പറ്റി സംശയമുണ്ടെങ്കിൽ വികസന പ്രവർത്തനങ്ങൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയ പദ്ധതികൾ എന്തിനാണ് അതിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നത്?

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, താങ്കൾ പറഞ്ഞത് ശരിയാണ്. എല്ലാ മണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടക്കണമെന്നുള്ളത് എല്ലാ എം.എൽ.എ.-മാരുടെയും ആവശ്യമാണ്. അത് അതത് പ്രദേശങ്ങളുടെ അവകാശവും കൂടിയാണ്. സർക്കാർ ആ വികസന പ്രവർത്തനങ്ങൾ നടത്താൻവേണ്ടി കിഫ്ബി എന്നുപറയുന്ന പ്രത്യേകമായൊരു ഉപാധിയാണ് സ്വീകരിച്ചിരിക്കുന്നതെങ്കിൽ ഓരോ മണ്ഡലത്തിലെയും ആവശ്യങ്ങൾ കിഫ്ബിയിലൂടെ നടപ്പാക്കണമെന്ന് എം.എൽ.എ.-മാർ ആവശ്യമുന്നയിക്കും; അത് സ്വാഭാവികമാണ്. അതല്ലാത്ത ബദൽ മാർഗ്ഗങ്ങളായിരുന്നു കഴിഞ്ഞ തവണ ഉണ്ടായിരുന്നത്. ജലവിഭവ വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽ അദ്ദേഹം പറഞ്ഞ കാര്യം ഞാൻ ഓർക്കുന്നുണ്ട്. മുൻകാലങ്ങളിൽ ബഡ്ജറ്റ് അലോക്കേഷൻവഴിയും കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന അലോക്കേഷൻ വഴിയും കുടിവെള്ള പദ്ധതി നടപ്പാക്കാനാണ് ആലോചിച്ചിരുന്നത്. അങ്ങനെയാണ് ഇത്രയുംകാലം പല മണ്ഡലങ്ങളിലും പരിപാടികൾ നടന്നുവന്നത്. ഈ വർഷം മുതൽ അത്തരത്തിലുള്ള യാതൊരു ഫണ്ടുമില്ല; കിഫ്ബിയിലേക്ക് പ്രൊപ്പോസൽ കൊടുത്താൽ മതിയെന്നുള്ള നിർദ്ദേശമാണ് ലഭിച്ചിരിക്കുന്നതെന്ന് വകുപ്പുമന്ത്രി പറഞ്ഞപ്പോഴാണ് അടുത്ത-തവണ കിഫ്ബിവഴി നൽകണമെന്ന് പറഞ്ഞത്. മണ്ഡലങ്ങളിലെ ആവശ്യം ഉന്നയിക്കുന്നതും പൊതുവായുള്ള പ്രയോജനക്ഷമതയെക്കുറിച്ച്, പ്രായോഗികതയെക്കുറിച്ച് സംശയം ഉന്നയിക്കുന്നതും രണ്ടും രണ്ടാണ്. അത് താങ്കൾക്ക് മനസ്സിലാകുന്നുണ്ടെന്ന് കരുതുകയാണ്.

<u>ശ്രീ. പി. കെ. ശശി</u> : സർ, എന്തിനാണ് ഇങ്ങനെ സംശയം പ്രകടിപ്പിക്കുന്നത്? ആവശ്യം ഉന്നയിക്കുന്നവർക്കാർക്കും എതിർപ്പില്ല; ഇവർ സംശയാലുക്കളാണ്. അഞ്ച് മാസം മാത്രം പ്രായമുള്ള ഒരു സർക്കാർ വ്യക്തമായിട്ടുള്ള കാര്യങ്ങൾ പ്രഖ്യാപിച്ച് നടപ്പാക്കാൻ പോകുകയാണ്. അങ്ങനെ സംശയം പ്രകടിപ്പിക്കുകയാണെങ്കിൽ, ഇതൊന്നും നടക്കില്ല എന്നുള്ള ധാരണയാണ് ഉള്ളതെങ്കിൽ എന്തിനുവേണ്ടിയാണ് ഇങ്ങനെ സമ്മർദ്ദം ചെലുത്തുന്നതെന്നാണ് ഞാൻ ചോദിച്ചത്; പറയാൻ പാടില്ല എന്നല്ല.

<u>ശ്രീ. എ. എൻ. ഷംസീർ</u> : സർ, വടക്കുനോക്കിയന്ത്രം എന്ന സിനിമയിലെ ശ്രീനിവാസന്റെ തളത്തിൽ ദിനേശൻ എന്ന സംശയ രോഗിയായ കഥാപാത്രത്തിന്റെ മാനസികാവസ്ഥയാണ് പ്രതിപക്ഷത്തിനുള്ളത്. എല്ലാം സംശയമാണ്. എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവരുന്ന വികസന പ്രവർത്തനങ്ങളെ സംശയത്തോടെയാണിവർ കാണുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് അഞ്ചു മാസമേ ആയിട്ടുള്ളൂ, സർക്കാരിന് ഒരു ബ്രീത്തിംഗ് ടൈം നൽകൂ, ഒന്നരക്കൊല്ലം കാത്തുനിന്നശേഷം ഈ സർക്കാർ ഒന്നും നടപ്പാക്കിയില്ലെങ്കിൽ നിങ്ങൾക്ക് വേണമെങ്കിൽ ആക്ഷേപം ഉന്നയിക്കാം. പകരം അത് നടക്കില്ല, ഇത് നടക്കില്ല എന്നുള്ള രീതി പ്രതിപക്ഷം ഉപേക്ഷിക്കണം.

ശ്രീ. വി. ടി. ബൽറാം : സർ, കഴിഞ്ഞ ചർച്ചയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഇതേ ചോദ്യം ഞങ്ങൾ ചോദിച്ചതാണ്. ആ സംശയത്തിന് ഇടനൽകുന്നത് അദ്ദേഹത്തിന്റെ മറുപടിയാണ്. ഞാൻ അദ്ദേഹത്തോട് ചോദിച്ച ചോദ്യം, നിങ്ങൾ ഈ പ്രഖ്യാപനങ്ങളൊക്കെ നടത്തി ഒരുപാട് പദ്ധതികൾ പ്രഖ്യാപിച്ചു, 20,000 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പാക്കും എന്നൊക്കെയാണ് പറഞ്ഞത്. അടുത്ത വർഷവും ബഡ്ജറ്റ് അവതരിപ്പിക്കും. ആ ബഡ്ജറ്റിന് മുന്നോടിയായി ഈ വർഷം പ്രഖ്യാപിച്ച എത്ര പദ്ധതികൾ നടപ്പാക്കി എന്നതിനെക്കുറിച്ച് ഒരു ഔട്ട് കം ബഡ്ജറ്റ് അടുത്ത വർഷം അവതരിപ്പിക്കുമോ എന്ന് ചോദിച്ചപ്പോൾ അങ്ങനെ അവതരിപ്പിക്കാൻ കഴിയില്ല, ഇതൊരു പരീക്ഷണമാണ്, ഇത് എത്രത്തോളം സക്സസ്സ് ആകുമെന്നുള്ളത് ഈ ഘട്ടത്തിൽ പറയാൻ കഴിയില്ല എന്നുപറഞ്ഞ് സംശയത്തിന്റെ അന്തരീക്ഷം നിലനിർത്തുന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ്. ഇക്കാര്യത്തിൽ ഒരു surety ഇല്ല. ഞങ്ങളൊക്കെ ശുഭാപ്തി വിശ്വാസികളാണ്. സർക്കാർ നല്ല രീതിയിലാണ് ഇതിനെ കൊണ്ടുപോകുന്നതെങ്കിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. അതിന്റെ ഭാഗമായി വരുന്ന സംശയങ്ങൾ ദൂരീകരിക്കേണ്ടത് അപ്പുറത്തിരിക്കുന്നവരുടെ ബാദ്ധ്യതയാണെന്ന് മാത്രമേ പറയാൻ കഴിയുകയുള്ളൂ.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, കഴിഞ്ഞ അഞ്ചുവർഷമായി യു.ഡി.എഫ്. സർക്കാർ കേരളത്തിൽ കൊണ്ടുവന്ന വികസന പ്രവർത്തനത്തിന്റെ നൂറിരട്ടി വികസന പ്രവർത്തനങ്ങൾ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവരുമെന്നുള്ളതു കൊണ്ടാണ് അവർ ഇതിനെ ശക്തമായി എതിർക്കുന്നത്. മാത്രമല്ല, വരാൻ പോകുന്ന ഭരണത്തുടർച്ചയെ പ്രതിപക്ഷം ഭയക്കുന്നുവെന്നതാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

ശ്രീ. മോൻസ് ജോസഫ് : സർ, തെറ്റിദ്ധരിച്ചാണ് ഇങ്ങനെ പറയുന്നതെന്നാണ് എനിക്ക് തോന്നുന്നത്, ഇതിനെ എതിർക്കുകയല്ല ചെയ്യുന്നത്. ഇങ്ങനെയൊരു ചർച്ച തന്നെ ആവശ്യമില്ലെന്നാണ് ഇത് കേട്ടപ്പോൾ എനിക്ക് തോന്നിയത്. ഇതിനുമുമ്പ് നമ്മളെല്ലാം ഇടപെട്ടതാണ്. നമ്മൾ ഇടപെടുന്നത് കൂടുതൽ നന്മയ്ക്കു വേണ്ടിയാണ്. ഒരു പുതിയ കാര്യം ഇൻട്രൊഡ്യൂസ് ചെയ്യുകയാണ്. അതിൽ ഡിബേറ്റ് ചെയ്യുക എന്നത് നിയമസഭയിൽ സ്വാഭാവികമാണ്. സാധാരണ നടക്കുന്ന ഡിമാൻഡ് ഡിസ്കഷൻ പോലെ ഇതിനെ കാണരുത്. വിയോജനക്കുറിപ്പും കറക്ഷനുകൾക്കുള്ള നല്ല നിർദ്ദേശങ്ങളുമാണ് വരുന്നത്. അങ്ങനെ ഡിബേറ്റിലൂടെയാണ് കൂടുതൽ സുതാര്യമായി വരുന്നത്. അതുകൊണ്ട് ഭരണമുന്നണി ഇത് പോസിറ്റീവായി കാണണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എം. ഉമ്മർ : സർ, ഞങ്ങൾ നൂറോളം ഭേദഗതികൾ കൊടുത്തിട്ടുണ്ട്. അതൊക്കെ പലതും കറക്ട് ചെയ്യുന്നതിനു വേണ്ടിയുള്ളതാണ്. ഭേദഗതി വരുമ്പോൾ ബഹുമാനപ്പെട്ട അംഗത്തിന് അത് മനസ്സിലാകും. ഈ സർക്കാരിനെ അഞ്ചുവർഷം കഴിഞ്ഞ് കറക്ട് ചെയ്യാൻ കഴിയില്ല. ഇപ്പോൾ കറക്ട് ചെയ്താൽ മാത്രമേ ഈ സർക്കാരിന് ശരിയായ ദിശാബോധം ലഭിക്കുകയുള്ളൂ. അല്ലാതെ ഞങ്ങൾ അധികാരത്തിൽ വന്നിട്ട് നാലോ അഞ്ചോ മാസമേ ആയിട്ടുള്ളൂ എന്നുപറഞ്ഞ് തെറ്റിലേക്കല്ല പോകേണ്ടത്. ഞങ്ങൾ ശരിയായ രീതിയിൽ തെറ്റുകൾ ചൂണ്ടിക്കാട്ടുകയാണ്. ആ സ്പിരിറ്റിലാണ് എടുക്കേണ്ടത്.

ശ്രീ. പി. കെ. ശശി : സർ, ഇക്കാര്യത്തിൽ യാതൊരു ബേജാറും ബഹുമാനപ്പെട്ട അംഗത്തിനുണ്ടാകേണ്ടതില്ല. ശ്രീ. എം. ഉമ്മർ മറ്റ് പലരെയും പോലെ ദോഷൈകദൃക്കൊന്നുമല്ല, എനിക്ക് നേരിട്ട് പരിചയമുള്ള ആളാണ്. ധനകാര്യ വകുപ്പാണെങ്കിലും കേരളത്തിലെ സർക്കാരാണെങ്കിലും തെറ്റിന്റെ പാതയിലൂടെ പോകുമെന്ന ധാരണ വേണ്ട. കഴിഞ്ഞ അഞ്ചു വർഷം ഭരിച്ച സർക്കാരല്ല ഇത്. അങ്ങനെയുള്ള ആളല്ല ഈ സർക്കാരിന് നേതൃത്വം കൊടുക്കുന്നതെന്ന് മനസ്സിലാക്കണം. ഒരു സർക്കാരിന്റെ തുടർച്ചയാണ് അടുത്ത സർക്കാരെന്നത് ശരിയാണ്. പക്ഷേ കഴിഞ്ഞ സർക്കാരിന്റെ സമീപനമല്ല ഈ സർക്കാരിന്റേതെന്നത് മനസ്സിലാക്കണം. കഴിഞ്ഞ സർക്കാർ അധികാരത്തിലിരുന്നപ്പോൾ എന്തൊക്കെയാണ് ചെയ്തതെന്നത് വിശദീകരിക്കേണ്ട കാര്യമില്ല. ഇവിടെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയത് എന്നതുസംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നികുതി കുടിശ്ശികയാണ് പിരിക്കാനുണ്ടായിരുന്നത്. സാധാരണക്കാരനുമേൽ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുകയും സ്വർണ്ണക്കച്ചവടക്കാർ, ബ്രോയിലർ കോഴി കച്ചവടക്കാർ തുടങ്ങിയവർക്ക് നികുതിയിളവ് നൽകുകയും ചെയ്തതിന്റെ ചരിത്രമൊക്കെ ഈ നാട്ടിൽ എല്ലാവർക്കും അറിയാവുന്നതാണ്. അതിന്റെ ഭാഗമായി ലഭിച്ച പാരിതോഷികങ്ങളുടെ കണക്കല്ലേ പിന്നീട് പുറത്തുവന്നത്. ഞാനതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. 50,000 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചും ഈ ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ട്. റിസർവ് ബാങ്ക് അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കിഫ്ബിയുടെ ഘടനയിൽ ഭേദഗതി വരുത്താനുദ്ദേശിച്ചാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. നാടിന്റെ നന്മ കാംക്ഷിക്കുന്ന ബില്ലാണിത്. സർക്കാർ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അത് നല്ലതാണെന്ന് പറയണം. അതിനെ പോസിറ്റീവായി കാണണം. പ്രതിപക്ഷത്തിന്റെ ജനാധിപത്യപരമായ കടമ അതാണ്. ഇവിടെ നേരെ മറിച്ചുള്ള സമീപനം പ്രതിപക്ഷം സ്വീകരിക്കുകയാണ്. സർക്കാരിന്റെ പ്രഖ്യാപനങ്ങളെ കണ്ണടച്ച് എതിർക്കുക എന്ന സമീപനമാണോ സ്വീകരിക്കേണ്ടത്? യു.ഡി.എഫ്.-ന് ഇതൊന്നും അംഗീകരിക്കാൻ കഴിയില്ല.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ചരിത്രത്തിൽ ഇടം പിടിക്കുന്നത് അഴിമതികളുടെ എണ്ണവും വലിപ്പവും കൊണ്ടാണ്. ഓരോ ഭരണവകുപ്പും കഴിഞ്ഞ അഞ്ചു വർഷം അഴിമതിയുടെ കടന്നൽക്കൂട്ടുകളായിരുന്നു. അധികാരത്തിലുള്ളവർ അഴിമതി നടത്തിയാൽ ഉദ്യോഗസ്ഥരുൾപ്പെടെ എല്ലാവരും അഴിമതി നടത്തില്ലേ? ഇപ്പോൾ വിജിലൻസിനെപ്പറ്റിയുള്ള വിവാദം നടക്കുകയാണല്ലോ. ഡി.ജി.പി. റാങ്കിലുള്ള മൂന്ന് ആളുകളുള്ളപ്പോൾ എ.ഡി.ജി.പി. ആയ ശ്രീ. എൻ. ശങ്കർ റെഡ്ഡിയെ വിജിലൻസ് ഡയറക്ടറാക്കാൻ കാണിച്ച താൽപ്പര്യത്തിന്റെ പിന്നിൽ എന്തായിരുന്നു; അഴിമതിക്കാരെ രക്ഷിക്കാനായിരുന്നില്ലേ? സർവ്വീസിലിരിക്കെ നല്ല അഭിപ്രായം നേടിയ ഉദ്യോഗസ്ഥ മേധാവികൾ പോലും അഴിമതി സംരക്ഷണത്തിന്റെയും തെളിവ് നശിപ്പിക്കലിന്റെയും പാപക്കറയിൽ കുളിച്ച് പരിഹാസ്യരാകുന്ന രംഗങ്ങൾ കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്. ഭരണകാലത്തുണ്ടായില്ലേ? അതിന്റെ ഫലമായി പല ഉദ്യോഗസ്ഥരും വിജിലൻസ് കേസിൽപ്പെടുന്ന അവസ്ഥയുണ്ടായി. ചിലർ കടുത്ത അഴിമതിക്കാരായിരിക്കും. എന്നാൽ മറ്റു ചിലർ അഴിമതിക്കാരായിരിക്കില്ല. പക്ഷേ നിവൃത്തിയില്ലാത്തതു കൊണ്ട് അഴിമതിക്ക് കൂട്ടുനിൽക്കാൻ നിർബന്ധിക്കപ്പെട്ടവരായിരിക്കും. ഈ രണ്ട് വിഭാഗത്തിൽപ്പെട്ടവരും നിയമത്തിന്റെ മുന്നിൽ സമൻമാരാണ്. ആർക്കും പ്രത്യേക അവകാശമൊന്നും ലഭിക്കുകയില്ല. ശ്രീ. ജേക്കബ് തോമസിനെതിരായി ഡോ. കെ. എം. എബ്രഹാം നൽകിയ പരാതി ഗൗരവമായി കാണുന്നുവെന്നും അത് അന്വേഷിക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽത്തന്നെ വ്യക്തമാക്കിയില്ലേ? അതാണ് ശരിയായ രീതി. അതിനുപകരം ആ ഉദ്യോഗസ്ഥനെ പുകച്ച് പുറത്തു ചാടിക്കാനുള്ള പടപുറപ്പാട് അഴിമതിക്കാരെ രക്ഷിക്കാൻ വേണ്ടിയുള്ളതാണ്. അതിനുവേണ്ടി ഒരു ഐക്യമുന്നണി ഇപ്പോൾ രൂപപ്പെട്ടിട്ടുണ്ട്. അത് ബ്യൂറോക്രാറ്റിക് സംവിധാനത്തിന്റെ തലപ്പത്തുള്ള ചില ആളുകളും പ്രതിപക്ഷ നിരയിലുള്ള ചില രാഷ്ട്രീയ നേതാക്കൻമാരും കൂടിച്ചേർന്നു കൊണ്ടുള്ള അവിശുദ്ധമായ കൂട്ടുകെട്ടാണ്. ആ കള്ളമുന്നണി ഇപ്പോൾ ഐ.എ.എസ്./ഐ.പി.എസ്. പോര് എന്ന പ്രചാരണം നടത്തിവരികയാണ്. ഉദ്യോഗസ്ഥൻമാർക്കിടയിൽ ചക്കളത്തിപ്പോരാട്ടം നടക്കുന്നുവെന്ന വാർത്ത കൊടുക്കുന്നത് അവർ തന്നെയാണ്. അതിനുവേണ്ടി അവർ ഉപയോഗിച്ചത് ഐ.എ.എസ്. അസോസിയേഷന്റെ പേരാണ്. യഥാർത്ഥത്തിൽ വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട പുതിയ ഒരു വിവാദത്തെപ്പറ്റിയും ഐ.എ.എസ്.-കാരുടെ സംഘടന ഇതുവരെ ചർച്ച ചെയ്തിട്ടില്ല. അഴിമതിക്കാരായ ചില ഉദ്യോഗസ്ഥരും അവരെ പിന്തുണയ്ക്കുന്നവരും മാത്രമാണ് പ്രശ്നങ്ങളുണ്ടാക്കുന്നത്. മഹാഭൂരിപക്ഷം വരുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും അഴിമതിവിരുദ്ധ നീക്കങ്ങൾക്ക് പരിപൂർണ്ണ പിന്തുണ നൽകുന്നവരാണ്. ചില അഴിമതിക്കാർക്കുവേണ്ടി ശരിയായ അന്വേഷണത്തെ അട്ടിമറിക്കാൻ ഭൂരിപക്ഷം ഉദ്യോഗസ്ഥരെയും കിട്ടില്ല. എൽ.ഡി.എഫ്. സർക്കാരിന് ഇക്കാര്യത്തിൽ വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. വിജിലൻസിനെ നിയമത്തിന്റെ വഴിക്കുവിടും, കുറ്റം ചെയ്തവർ ആരായാലും നിയമത്തിന്റെ മുന്നിൽ എത്തുകതന്നെ ചെയ്യും. അതിൽ എന്തിനാണ് വിറളി പിടിക്കുന്നത്? തെറ്റ് ചെയ്തവർ ശിക്ഷിക്കപ്പെടട്ടെ, നിരപരാധികളാണെങ്കിൽ അവർ അവരുടെ ശുദ്ധി തെളിയിക്കട്ടെ. ആ പ്രക്രിയ തടസ്സപ്പെടുത്താൻ ആരും മുതിരരുത്. അത് അഴിമതിക്ക് തുല്യമാണ്. സത്യസന്ധരായി കൃത്യനിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥരോടൊപ്പം ഈ സർക്കാരും രാജ്യത്തെ ജനങ്ങളുമുണ്ടാകും. കള്ളനാണയങ്ങളെ പിടികൂടുകതന്നെ ചെയ്യും. അഞ്ച് മാസം മുമ്പുവരെ കേരളം ഭരിച്ച ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി തട്ടിപ്പ് കേസിൽ അടുത്ത കാലത്ത് ബാംഗ്ലൂർ കോടതിയുടെ വിധി വന്നില്ലേ? ഇപ്പോൾ പലരും നിശബ്ദരാണ്. കോൺഗ്രസ്സിന്റെ ജീർണ്ണിച്ച രാഷ്ട്രീയം ഒരിക്കൽക്കൂടി തുറന്നുകാട്ടിയില്ലേ? അധികാരത്തിന്റെ തിണ്ണബലത്തിൽ അഴിമതിയും സ്വജനപക്ഷപാതവും നടത്തിയവരെ ജനകീയ കോടതി ശിക്ഷിച്ചതിന്റെ തൊട്ടുപിറകെയാണ് ബാംഗ്ലൂരിൽനിന്ന് നീതിപീഠത്തിന്റെ വിധി വന്നത്. സോളാർ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങിത്തരാമെന്ന് ശ്രീ. എം. കെ. കുരുവിളയ്ക്ക് ഉറപ്പുകൊടുക്കുകയും ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ കൈക്കൂലിയായി വാങ്ങുകയും ചെയ്ത കേസിലാണ് കോടതിച്ചെലവുൾപ്പെടെ ഒരു കോടി അറുപത്തിയൊന്ന് ലക്ഷം രൂപ കെട്ടിവയ്ക്കണമെന്ന് ബാംഗ്ലൂർ കോടതി വിധിച്ചത്. കെട്ടിവച്ചില്ലെങ്കിൽ മുൻമുഖ്യമന്ത്രിയുടെ സ്വത്ത് കണ്ടുകെട്ടുമെന്നാണ് വിധി. ഇത് വിരോധം കൊണ്ട് പറയുന്നതല്ല. ഒരു കാര്യം പറയട്ടെ, എന്തൊക്കെ പറഞ്ഞാലും മുൻമുഖ്യമന്ത്രിയും ഈ സഭയിലെ ഒരംഗവുമല്ലേ? ഇത്തരത്തിലുള്ള കയ്യിലിരിപ്പുകൊണ്ടാണ് ഇന്ത്യയിലെന്ന പോലെ കേരളത്തിലും ശ്രീ. ഉമ്മൻ ചാണ്ടിയുടെ കോൺഗ്രസ്സ് വെയിലത്തിട്ട ഐസ് കട്ട പോലെ മാറിക്കൊണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യം ഇനിയെങ്കിലും അവർ മനസ്സിലാക്കണം. പിന്നെയെങ്ങനെയാണ് കെ.എസ്.യു.-വും യൂത്ത് കോൺഗ്രസ്സുമൊക്കെ ആളില്ലാത്ത അവസ്ഥയിലേക്ക് എത്താതിരിക്കുക? ജനാധിപത്യമെന്നത് പ്രസംഗിക്കാനുള്ള വിഷയമല്ല. അത് നടപ്പാക്കാനും സ്വാംശീകരിക്കാനുമുള്ളതാണ്. നിരവധിയായ കോടതി നടപടികളിൽ ആദ്യം തീർപ്പായ കേസിൽത്തന്നെ മുൻമുഖ്യമന്ത്രി ശിക്ഷിക്കപ്പെട്ടിരിക്കുകയാണ്. അദ്ദേഹം ജനപ്രതിനിധിസ്ഥാനം ഒഴിയാൻ ഒരുക്കമാണോ; അതല്ലേ ജനാധിപത്യം? ആ നീതിബോധം ഞങ്ങൾ കോൺഗ്രസ്സിൽനിന്ന് പ്രതീക്ഷിക്കുന്നില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വാക്കുകൾ ഞാൻ കടമെടുക്കുകയാണ്. ശ്രീ. എം. കെ. കുരുവിളയുടെ കേസിനെക്കുറിച്ച് അദ്ദേഹം ഒരിക്കൽ പറഞ്ഞതുപോലെ, മഞ്ഞുമലയുടെ ഒരറ്റം മാത്രമാണ്. ഞാൻ മറ്റ് കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല. ആരോപണങ്ങൾ തുടർച്ചയായി വരുമ്പോഴും തെളിവ് എവിടെയെന്ന് ചോദിച്ച പാരമ്പര്യമല്ല ഞങ്ങൾക്കുള്ളത്. അന്നെല്ലാം ജനകീയ കോടതിയെയും മനഃസാക്ഷിയെയും

മുൻനിർത്തി ആണയിട്ട് നിയമ വ്യവസ്ഥയുടെ അന്തസ്സ് കെടുത്തിയില്ലേ? മാലിന്യക്കൂമ്പാരങ്ങളുടെയും തെറ്റിന്റെയും അനീതിയുടെയും മുകളിൽ കയറി നിൽക്കുമ്പോഴും മുൻമുഖ്യമന്ത്രി ജനങ്ങളെ വെല്ലുവിളിക്കുകയാണ് ചെയ്തത്. ബാംഗ്ലൂർ കോടതിയുടെ വിധി വന്നപ്പോഴും അങ്ങനെയാണുണ്ടായത്. ഞാൻ അറിഞ്ഞില്ല, എന്നെ അറിയിച്ചില്ല, സമൻസുപോലും കിട്ടിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. വക്കീലിനെ വയ്ക്കുകയും വക്കാലത്ത് കൊടുക്കുകയും ചെയ്തില്ലേ; പിന്നെന്താണ് അറിഞ്ഞില്ലെന്ന് പറയുന്നത്? വാദിയെ പ്രതിയാക്കിമാറ്റി ജയിലിലടച്ചത് യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ്. ഇപ്പോൾ അയൽ സംസ്ഥാന കോടതിയിൽനിന്ന് ശിക്ഷ ലഭിച്ചപ്പോൾ തനിക്ക് സമൻസ് കിട്ടിയില്ലെന്ന് പറയാനുള്ള തൊലിക്കട്ടിയുമുണ്ട്. ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. കേരളത്തിന്റെ ഇന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ഞാൻ പഠിക്കുന്ന കാലത്ത് കേരളത്തിലെ ഏറ്റവും ശക്തമായ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതാവായിരുന്നു. അന്ന് നല്ല കരുത്തുണ്ടായിരുന്ന സംഘടനയാണ് കേരള സ്റ്റുഡന്റ്സ് യൂണിയൻ. അതിലൂടെ വളർന്നുവന്ന ആളാണ് കേരളത്തിന്റെ ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ്. നിയമസഭയിൽ എല്ലാ കാര്യങ്ങളിലും ഇടപെട്ട് വളരെയേറെ പ്രസംഗിക്കുന്ന പ്രതിപക്ഷ നേതാവിനോട് വളരെ ബഹുമാനത്തോടെ ഒരു കാര്യം പറയട്ടെ, ഹരിപ്പാട് നിയോജക മണ്ഡലത്തിലെ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് കേസ് വന്നുവെങ്കിലും അങ്ങ് ബഹുമാന്യനാണ്. എന്നാൽ നിയമസഭയിൽ തുടർച്ചയായി പ്രസംഗിച്ചിട്ട് യാതൊരു കാര്യവുമില്ല. പഴയ ഇരുമ്പുവിലയ്ക്കെടുക്കാൻപോലും ആളുണ്ടാകില്ല. സ്വാശ്രയ കോളേജ് സമരത്തിന്റെ പര്യവസാനം അതാണ്. പുലിയുടെ അലർച്ചപോലെ വന്ന് എലിയുടെ വാലുപോലെ ചുരുങ്ങിപ്പോയില്ലേ; അതാണ് അവസ്ഥ. യു.ഡി.എഫ്.നെ കാത്തിരിക്കുന്ന അവസ്ഥ ഇതിനെക്കാൾ ഭയാനകമായിരിക്കും. ശ്രീ. ഉമ്മൻ ചാണ്ടിയെ ഇപ്പോൾ ആർക്കും വേണ്ട. അദ്ദേഹത്തെക്കുറിച്ച് വാർത്ത വേണമെങ്കിൽ കോടതിവിധി വരണം. അതല്ലെങ്കിൽ അദ്ദേഹം ഓട്ടോറിക്ഷയിൽ കയറണം. എന്നാൽ മാത്രമേ വാർത്ത വരികയുള്ളൂ. അദ്ദേഹം അത്രയും ദയനീയമായ അവസ്ഥയിലായി. ലക്ഷങ്ങൾ ചെലവഴിച്ച് പന്തലുകെട്ടി കസേരകൾ നിരത്തി, ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ച് ശ്രീ. ഉമ്മൻ ചാണ്ടി നൽകിയിരുന്ന സഹായങ്ങളെല്ലാം ഒരു ബഹളവും ആരവവുമില്ലാതെ സഖാവ് പിണറായി വിജയൻ കൊടുത്തുതീർക്കുകയാണ്. ഓരോ ആഴ്ചയിലും മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നിറങ്ങുന്ന പത്രക്കുറിപ്പുകളിൽ സഹായധനം ലഭിക്കുന്നവരുടെ പേരുകളുണ്ട്. ഒരു ബഹളവുമില്ല; മാധ്യമങ്ങളുടെ മുമ്പിൽ ഒരഭ്യാസവും നടത്തുന്നില്ല. ജനാധിപത്യ സംവിധാനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗമല്ലേ പ്രതിപക്ഷം. ജനങ്ങളെ ബാധിക്കുന്ന ഗൗരവമായ വിഷയങ്ങൾ ചർച്ച ചെയ്യാൻ താൽപ്പര്യം കാണിക്കാതെ കേരളത്തിലെ പ്രതിപക്ഷം കൂടുതൽ അപഹാസ്യരാവുകയാണ്. ശ്രീ. എ. കെ. ബാലനെതിരായ ആദിവാസി പ്രശ്നം,

ശ്രീ. ജേക്കബ് തോമസിന്റെ ഫോൺ ചോർച്ച തുടങ്ങിയ കാര്യങ്ങൾക്ക് മറുപടി പറഞ്ഞപ്പോൾ പ്രതിപക്ഷം വല്ലാതെ വെട്ടിലായില്ലേ? വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജനെതിരെ വലിയ പടപ്പുറപ്പാടല്ലേ നടത്തിയത്? ഒരു പൊതുമേഖലാ സ്ഥാപനത്തിലെ നിയമനത്തിൽ തന്റെ ബന്ധു ഉൾപ്പെട്ടിട്ടുണ്ടെന്ന വിഷയം വന്നപ്പോൾ ധാർമ്മികത ഉയർത്തിപ്പിടിച്ച് ശ്രീ. ഇ. പി. ജയരാജൻ രാജിവച്ചില്ലേ? അങ്ങനെയൊരു ധാർമ്മികതയുടെ പേരിൽ രാജി വയ്ക്കുമായിരുന്നെങ്കിൽ കഴിഞ്ഞ അഞ്ച് വർഷം കേരളം ഭരിച്ച യു.ഡി.എഫ്. സർക്കാരിൽ ഏതെങ്കിലുമൊരു മന്ത്രി അവശേഷിക്കുമായിരുന്നോ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇപ്പോൾ സഭയിലില്ല. എനിക്ക് അദ്ദഹത്തോട് ഇഷ്ടവും ബഹുമാനവുമാണ്. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ആളുകളോട് പ്രസംഗിക്കുമ്പോൾ അവനവന്റെ കാര്യങ്ങൾകൂടി നോക്കാൻ പറയണം. രണ്ടുദിവസം മുമ്പ് ബഹുമാന്യനായ പി. കെ. അബ്ദു റബ്ബ് സംസാരിച്ചപ്പോൾ, പൊതുമേഖലാ സ്ഥാപനങ്ങളിൽ അവനവന്റെ മക്കളെ തലപ്പത്ത് കയറ്റിയിരുത്തുന്നവരെക്കുറിച്ച് പറയുകയുണ്ടായി. അങ്ങനെയൊക്കെ പറയാൻ പാടുണ്ടോ? എന്റെ നിയോജക മണ്ഡലത്തിലെ ഏക പൊതുമേഖലാ സ്ഥാപനമാണ് ഷൊർണ്ണൂർ മെറ്റൽസ്. ഞാൻ അവിടെപ്പോയിരുന്നു. കാണാൻ ചേലുള്ള, 24 വയസ്സുകാരനായ ഒരു ചെറുപ്പക്കാരനായിരുന്നു അവിടത്തെ എം.ഡി. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ എം.ഡി.യായി 50,000 രൂപ ശമ്പളത്തിൽ അദ്ധേഹം നിയമിക്കപ്പെട്ടു. ഞാൻ പരിചയപ്പെട്ടപ്പോൾ, അയാൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അമ്മായിയുടെ മകന്റെ മകനും ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ സഹോദരന്റെ മകനുമാണെന്നാണ് പറഞ്ഞത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് പൊന്നുമക്കളെ കയറ്റിയിരുത്തുന്നതിനെക്കുറിച്ച് പ്രസംഗിക്കുമ്പോൾ സ്വന്തം തടി നോക്കിയിട്ടുവേണ്ടേ പറയാൻ? ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ആ അവസ്ഥയിൽ നിന്ന് മാറി, തികച്ചും വ്യത്യസ്തമായി, ജനങ്ങളുടെ ജീവിത പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണുന്ന സർക്കാരിനെ ജനങ്ങൾ അംഗീകരിക്കുന്നുണ്ട്. സമൂഹത്തിലെ താഴെത്തട്ടിലുള്ള പാവപ്പെട്ടവർക്കും സാധാരണക്കാർക്കും സാമൂഹ്യനീതി ലഭിക്കാനും നാടിന്റെ സമഗ്രമായ വികസനം ഉറപ്പുവരുത്താനും പ്രവർത്തിക്കുന്ന ഒരു സർക്കാരിന്റെ ഏറ്റവും നല്ല പദ്ധതിയാണ് കിഫ്ബി. ധനകാര്യ വകുപ്പുമന്ത്രിയുടെ ധിഷണാപരമായിട്ടുള്ള ഇടപെടലിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള പദ്ധതിയാണ് കിഫ്ബി. ഇതിനെ കേരളീയ സമൂഹം രണ്ടുകയ്യും ഉയർത്തി അഭിവാദ്യം ചെയ്യുമെന്നും അഭിനന്ദിക്കുമെന്നും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി

ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എനിക്ക് മുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. ശശി സംസാരമദ്ധ്യേ പറഞ്ഞത് നോക്കുമ്പോൾ ഈ ബിൽ ശ്രീ. എം. കെ. കുരുവിളയെ സംബന്ധിച്ചാണോ അതോ കിഫ്ബിയെ കുറിച്ചാണോയെന്ന് സംശയിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ പോലും ധനകാര്യ വകുപ്പുമന്ത്രി ഇവിടെയിരുന്നില്ല, അദ്ദേഹം എഴുന്നേറ്റുപോവുകയാണ് ചെയ്തത്. ഈ ബില്ലുമായി ബന്ധപ്പെട്ട് യു.ഡി.എഫ്.-ന് ഒരു സംശയരോഗവുമില്ല. സംശയരോഗമുള്ളത് അപ്പുറത്ത് മുൻനിരയിലിരിക്കുന്ന മന്ത്രിമാർക്കാണ്. ഞാനൊരു കാര്യം ഓർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് ചില കാര്യങ്ങൾ പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനം രൂക്ഷമായ ധനപ്രതിസന്ധിയിലാണ്, കടം വാങ്ങുന്ന തുക മുഴുവൻ ചെലവാക്കിയാലും ദൈനംദിന ചെലവ് നടത്താൻ കഴിയാത്ത സ്ഥിതിയിലേക്ക് എത്തുകയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. അങ്ങ് ഈ പ്രസ്താവന നടത്തിയപ്പോൾ ഉമ്മൻ ചാണ്ടി സർക്കാരിന്റെ നികുതിയേതര വരുമാനം മറച്ചുവയ്ക്കുകയാണ് ചെയ്തത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെക്കുറിച്ച് പുറത്തിറക്കിയ ധവളപത്രത്തിൽ ഒരു കാര്യം ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ നിലയ്ക്കാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ 2021-ഓടുകൂടി നമ്മുടെ സംസ്ഥാനത്തെ ധനപ്രതിസന്ധി രൂക്ഷമാകുമെന്നും ശമ്പളം നൽകാൻ കഴിയില്ലെന്നും പെൻഷനും വായ്പയും തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നും അദ്ദേഹം പറയുകയുണ്ടായി. ഇതിന്റെ അർത്ഥം സംസ്ഥാനം പാപ്പരായി കഴിഞ്ഞുവെന്നാണ്. പാപ്പരായ ഒരാൾ വീണ്ടും കടമെടുത്താൽ കിടപ്പാടം പോലും നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. സാമ്പത്തികമായി പ്രതിസന്ധിയുള്ള കേരളത്തെ വീണ്ടും കടക്കെണിയിലേക്ക് കൊണ്ടുപോകുന്നത് ഇടതുപക്ഷ സർക്കാരാണെന്നതിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി നമുക്കറിയാം. കെ.എസ്.ആർ.ടി.സി. 3371 കോടി രൂപ കടമെടുത്തു. പാപ്പനംകോട് സെൻട്രൽ വർക്ഷോപ്പ് ഉൾപ്പെടെ 35 ഡിപ്പോകളും 15 വർക്ക്ഷോപ്പുകളും പണയപ്പെടുത്തിയിരിക്കുകയാണ്. ശ്രീ. പി. കെ. ശശി പ്രസംഗിച്ചപ്പോൾ ഐക്യ ജനാധിപത്യ മുന്നണി സർക്കാർ കഴിഞ്ഞ അഞ്ചുവർഷക്കാലം ഒന്നും ചെയ്തിട്ടില്ലായെന്നാണ് പറഞ്ഞത്. ഏറ്റെടുത്ത ഒരു സമരംപോലും ഈ സംസ്ഥാനത്ത് വിജയിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. പാപ്പരായവർ കടം വാങ്ങിയാലുള്ള സ്ഥിതിയാണ് കേരളത്തിൽ

വരാൻ പോകുന്നത്. പാപ്പരായി എന്നുപറയുന്ന കേരള സർക്കാർ വായ്പയെടുത്താൽ സെക്രട്ടേറിയറ്റുപോലും പണയം വയ്ക്കേണ്ട സാഹചര്യങ്ങളിലേക്കെത്തും. സെക്രട്ടേറിയറ്റ് പണയം വയ്ക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്? അവിടത്തെ ഉദ്യോഗസ്ഥർക്ക് പാവപ്പെട്ടവർ നൽകിയ അപേക്ഷകളും ഫയലുകളും അടക്കമുള്ളവ പണയപ്പെടുത്തുന്ന സാഹചര്യങ്ങളിലേക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തെ എത്തിക്കും. കടം കയറി പാപ്പരായ ഒരാൾ എങ്ങനെയാണ് കടമെടുക്കുന്നത്; ആസ്തികൾ സൃഷ്ടിക്കുന്നത് എങ്ങനെയാണ്? പാപ്പരായ സ്ഥിതിയിൽ സാമാന്യബുദ്ധിയുള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനം നമുക്ക് കടം തരുമോ; അത് പരിശോധിക്കപ്പെടണ്ടേ? 1990-കളിലെ ഇന്ത്യയുടെ അവസ്ഥ നമുക്കൊക്കെ അറിയാം. ഒരു വിദേശ ബാങ്കുപോലും ഇന്ത്യക്ക് വായ്പ നൽകാൻ തയ്യാറായിരുന്നില്ല. ഇന്ത്യ പാപ്പരായി എന്നായിരുന്നു എല്ലാവരും കണക്കാക്കിയിരുന്നത്. റിസർവ് ബാങ്കിൽ കരുതൽ ധനമായി സൂക്ഷിച്ചിരുന്ന സ്വർണ്ണം വിമാനമാർഗ്ഗം കൊണ്ടുപോയി വിദേശ ബാങ്കുകളിൽ പണയം വച്ചാണ് ആ സമയത്ത് വായ്പ നേടിയത്. അങ്ങനെയുള്ള സാമ്പത്തിക സാഹചര്യത്തെ അതിജീവിച്ച് ഇന്ത്യയെ രക്ഷിച്ച സാമ്പത്തിക മാനേജ്മെന്റ് ആയിരുന്നില്ലേ ബഹുമാനപ്പെട്ട മൻമോഹൻ സിംഗിന്റേത്? അതിനെയും സ്ഥാപിത താൽപ്പര്യങ്ങൾക്കുവേണ്ടി നിങ്ങളെതിർത്തു. ഇപ്പോൾ നിങ്ങൾ വിദേശ ഉപദേശകയെ ആശ്രയിക്കുന്നു. 'കിഫ്ബി' ഒരു ധനകാര്യ സ്ഥാപനമാണ്. കെ.എസ്.എഫ്.ഇ.-യും ഒരു ധനകാര്യ സ്ഥാപനമാണെന്ന കാര്യം എല്ലാവർക്കുമറിയാം. അവർ ചിട്ടിയും വായ്പാവിതരണവും നടത്തുന്നു. 'കിഫ്ബി'ക്ക് നിക്ഷേപക പ്രോജക്ടുകൾ നടപ്പാക്കാം, എന്നാൽ സംസ്ഥാന ബഡ്ജറ്റിലെ പ്രോജക്ടുകൾ നടപ്പാക്കുന്നത് നിയമവിരുദ്ധമാണോ എന്നത് പരിശോധിക്കപ്പെടണം. എങ്ങനെയാണ് നടപ്പാക്കുന്നതെന്ന ആശങ്കയാണ് ഞങ്ങൾക്കുള്ളത്. കഴിഞ്ഞ അഞ്ചുവർഷക്കാലം സമഗ്രമായ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഐക്യ ജനാധിപത്യ മുന്നണിക്കുള്ള സംശയമതാണ്. ഞാനൊരു കാര്യം ഓർക്കുകയാണ്, എ.ഡി.ബി. വായ്പ എടുക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ ഭരണം നടത്തുന്ന സമയത്ത് അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാരും ധനകാര്യ വകുപ്പുമന്ത്രിയും കേന്ദ്ര ഗവൺമെന്റിന് കത്തെഴുതി. എന്നാൽ ശ്രീ. എ. കെ. ആന്റണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് അതിനംഗീകാരം ലഭിച്ചതും വായ്പ ലഭിച്ചതും. അംഗീകാരം ലഭിച്ച് എ.ഡി.ബി. ഉദ്യോഗസ്ഥർ കേരളത്തിലെത്തിയപ്പോൾ സെക്രട്ടേറിയറ്റിൽപ്പോലും കയറാനനുവദിക്കാതെ ഇവിടത്തെ എസ്.എഫ്.ഐ.-യും ഡി.വൈ.എഫ്.ഐ.-യും സമരങ്ങൾ നടത്തിയില്ലേ? അവർ അവസാനമായി ഐ.എം.ജി.-യിൽ വച്ചാണ് സംസ്ഥാന സർക്കാരിന്റെ ഉദ്യോഗസ്ഥരെ കണ്ടത്. പട്ടത്തുള്ള ഓഫീസ് അടക്കം അടിച്ചുതകർത്ത സമരവിപ്ലവമാണ് നിങ്ങളന്ന് ഏറ്റെടുത്തത്. 'കിഫ്ബി' സമാഹരിക്കുന്ന പണം ഒരു

കാരണവശാലും സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ സർക്കാർ വകുപ്പുകൾവഴി ചെലവഴിക്കുകയോ ചെയ്യുന്നില്ല. അപ്പോൾ ഇതിന്റെ ഓഡിറ്റ് സിസ്റ്റമെന്താണ്; ഇതിന്റെ മോണിറ്ററിംഗ് സംവിധാനം എങ്ങനെയാണ്; ഈ പദ്ധതി പ്രൊപ്പോസ് ചെയ്യുന്നതാരാണ് എന്നീ കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ട്. 'കിഫ്ബി'ക്ക് ഒരു ധനകാര്യ സ്ഥാപനം പ്രവർത്തിക്കുന്നതിനപ്പുറത്തേക്ക് പോകാൻ കഴിയില്ല. നിക്ഷേപകരിൽനിന്നും പണം സ്വീകരിച്ച് ആവശ്യക്കാർക്ക് നൽകി പലിശ നേടുന്ന അല്ലെങ്കിൽ, മറ്റുചില നിക്ഷേപ പദ്ധതികളിൽ നിക്ഷേപിച്ച് പലിശ നേടുന്ന പരിധിക്കപ്പുറം ഒരു ബാങ്കിന് പോകാൻ കഴിയില്ല. അപ്പോൾ എങ്ങനെയാണ് ഈ ധനകാര്യ സ്ഥാപനത്തിൽനിന്നും ലോണെടുക്കുന്നത്? 'കിഫ്ബി'ക്ക് സ്ഥാപനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുകയും വരുമാനം ലഭിക്കുന്ന പദ്ധതിയിൽ നിക്ഷേപിച്ച് ആദായം നേടുകയുമാവാം. ഈ ആദായമുപയോഗിച്ച് വായ്പ തിരിച്ചടയ്ക്കാനും പലിശ തിരികെ നൽകാനും കഴിയും. പക്ഷെ, പണം കടമെടുത്ത് ഭവനനിർമ്മാണം പോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ എങ്ങനെയാണ് അതിൽനിന്ന് ആദായം തിരിച്ചുകിട്ടുന്നത്? എങ്ങനെയാണ് ഈ ലോൺ തിരിച്ചടയ്ക്കുന്നത്; ഇവ പരിശോധിക്കപ്പെടേണ്ടതുണ്ട്. 'കിഫ്ബി'യുടെ ആകെ മൂലധനം മോട്ടോർവാഹന നികുതിയാണ്. ഇവിടെ പറഞ്ഞിരിക്കുന്നത്, എല്ലാ വർഷവും 10 ശതമാനം എന്ന തോതിൽ 5 വർഷം പൂർത്തീകരിക്കുമ്പോൾ 50 ശതമാനമാകുമെന്നാണ്. ഇങ്ങനെ സ്വരൂപിക്കുന്ന തുകയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകും, അതായത് സർക്കാരിന് പുറത്തുള്ള ഒരു സ്ഥാപനം വരുത്തിവയ്ക്കുന്ന ബാദ്ധ്യത മുഴുവനും സർക്കാർ ഏറ്റെടുക്കേണ്ടി വരുന്നു. ഇങ്ങനെ വരുത്തിവയ്ക്കുന്ന ബാദ്ധ്യത എങ്ങനെയാണ് സർക്കാർ ഏറ്റെടുക്കുന്നത്? വൻകിട വികസന പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിന് ഫണ്ട് സ്വരൂപിക്കാൻ ലാൻഡ് ബോണ്ടുകൾ പുറപ്പെടുവിക്കുമെന്നും. ഈ ബോണ്ടുകളിൽ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയ്ക്ക് നിക്ഷേപിക്കാമെന്നും പറയുന്നു. എന്നാൽ പാപ്പരായ സർക്കാർ ഗ്യാരണ്ടി നൽകുന്ന ഈ ബോണ്ടുകൾ എങ്ങനെയാണ് സഹകരണ സ്ഥാപനങ്ങളോ ബാങ്കുകളോ വാങ്ങുന്നത്; ഇനി വാങ്ങിയാൽത്തന്നെ ഈ സഹകരണ സംഘങ്ങളുടെ അവസ്ഥ എന്തായിരിക്കും? സംസ്ഥാനത്തെ ചെറുകിട ധനകാര്യ സ്ഥാപനങ്ങളെപ്പോലും തകർക്കുന്ന സാഹചര്യങ്ങളിലേക്ക് ഈ ബിൽ എത്തുകയാണ്. 'കിഫ്ബി' വഴി ഭവന പദ്ധതി നടപ്പാക്കുമെന്ന് പറയുന്നു. ഭവന പദ്ധതി നടപ്പാക്കുമ്പോൾ ആ പദ്ധതിക്ക് നൽകിയിട്ടുള്ള തുക തിരിച്ചടയ്ക്കുന്നത് ആരാണ്? ഇവിടത്തെ ദരിദ്രരായ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന കടബാദ്ധ്യതയാണ് ഈ പദ്ധതിയുടെയും ബില്ലിന്റെയും ഉള്ളടക്കമെന്ന് പറയാനാഗ്രഹിക്കുകയാണ്. മുതൽമുടക്കിൽ പലിശയടക്കം റിട്ടേൺ ലഭിക്കാത്ത ഒരു പദ്ധതിയും 'കിഫ്ബി' വഴി നടപ്പാക്കാൻ കഴിയുകയില്ല. അതാണ് പരിശോധിക്കേണ്ടത്. ഇത് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതിയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പ

മന്ത്രിക്കു പോലും അഭിപ്രായമില്ല. ഇതിനെപ്പറ്റി അദ്ദേഹമെഴുതിയ ലേഖനത്തിൽ "ഇത് നൂൽപ്പാലത്തിലൂടെയുള്ള അഭ്യാസമാണ്. നൂൽപ്പാലത്തിലെ അഭ്യാസം തെറ്റിയാൽ അഭ്യാസി തലയടിച്ച് വീണുമരിക്കുമെന്ന്" പറയുന്നു. ഒരു ധനകാര്യ വകുപ്പുമന്ത്രി ഇവിടത്തെ സാധാരണക്കാരെ നയിക്കേണ്ടത് നൂൽപ്പാലത്തിൽ കൂടിയല്ല, ഉറപ്പുള്ള പാലത്തിൽ കൂടിയാണ്. കേരളത്തെ വിറ്റുമുടിക്കുന്ന, കേരളത്തിലെ പാവപ്പെട്ട ആളുകളുടെ തലയിലേക്ക് 'കിഫ്ബി'യുടെ ലോണും കടവും ചുമത്തി സംസ്ഥാനത്തെ തകർക്കുന്ന നയസമീപനമാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷക്കാലം ഉമ്മൻ ചാണ്ടി സർക്കാർ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തിയും പൊതു വികസനങ്ങൾക്ക് ഊന്നൽ നൽകിയും ദീർഘവീക്ഷണത്തോടു കൂടിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ചത്. ആ പദ്ധതികൾക്കൊക്കെ ജനകീയാംഗീകാരവും ലഭിച്ചിട്ടുണ്ട്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, ആ ജനകീയാംഗീകാരത്തിന്റെ ഭാഗമായാണോ 36 അംഗങ്ങളുണ്ടായിരുന്ന നിങ്ങളുടെ പാർട്ടി 22 അംഗങ്ങളായി ചുരുങ്ങിയത്?

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, കേരളത്തിൽ മാറിമാറി ഭരണം വരുമെന്ന് ഇവിടത്തെ ജനതയ്ക്കറിയാം. പക്ഷെ, ഞങ്ങൾ ചെയ്തത് സത്യസന്ധമായ വികസനവും കരുതലുമായിരുന്നു. എത്ര പാവപ്പെട്ട രോഗികളെ സംരക്ഷിക്കാൻ കഴിഞ്ഞു.

<u>ശ്രീ. കെ. ബാബു</u> : സർ, 1957 മുതൽ 2011 വരെ സംസ്ഥാനത്തുണ്ടായിരുന്ന കടത്തിന്റെ ഇരട്ടിയാക്കി ഇപ്പോൾ 1,53,000 കോടി രൂപയുടെ കടബാദ്ധ്യതയിൽ എത്തിയിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഓരോ അഞ്ചു കൊല്ലം കൂടുമ്പോഴും കടം കൂടിക്കൊണ്ടിരിക്കും, ഇരട്ടിയാകുമെന്ന് ഇന്നലെ സഭയിൽ പറഞ്ഞത് ഞാനല്ല, ഡോ. ടി. എം. തോമസ് ഐസക്കാണ്.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, കടത്തിനെക്കുറിച്ച് മുമ്പും ചർച്ചകൾ വന്നിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയ്ക്ക് നേരത്തെയുണ്ടായിരുന്നതിന്റെ ഇരട്ടിയായി (75,000 കോടി രൂപയോളം) കടം വർദ്ധിച്ചിട്ടുണ്ട്. പക്ഷെ അതേ കാലയളവിൽ കേരളത്തിന്റെ ഇക്കോണമിയുടെ സൈസും സ്റ്റേറ്റ് ജി.ഡി.പി.-യുടെ സൈസും ഇരട്ടിയിലധികമായിട്ടുണ്ട്. സ്റ്റേറ്റ് ജി.ഡി.പി.-യും കടവുമായി താരതമ്യപ്പെടുത്തുമ്പോൾ യഥാർത്ഥത്തിൽ ഉണ്ടാകേണ്ട വർദ്ധനവുണ്ടായിട്ടില്ല എന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതോടൊപ്പം കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് 75,000 കോടി രൂപ കടബാദ്ധ്യത വർദ്ധിച്ചുവെന്ന് പറയുമ്പോൾ, ഈ വർഷം കിഫ്ബി വഴി കടമെടുക്കാൻ ഉദ്ദേശിക്കുന്നത് 20,000 കോടി രൂപയാണ്. അതോടൊപ്പം റവന്യൂ കമ്മി നികത്താൻ പിന്നെയും 15,000 കോടി രൂപകൂടി വേണം. അപ്പോൾ ഈ

വർഷം തന്നെ നിങ്ങൾ 35,000 കോടി രൂപ കടമെടുക്കാൻ പോവുകയാണ്. അഞ്ചുവർഷം കൊണ്ട് കഴിഞ്ഞ സർക്കാർ 75,000 കോടി രൂപ കടമെടുത്തുവെന്ന് പറയുമ്പോൾ ആദ്യവർഷം തന്നെ 35,000 കോടി രൂപ കടമെടുക്കാനുള്ള തീരുമാനവുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നതെന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, വികസന ക്ഷേമ പ്രവർത്തനങ്ങളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് നേതൃത്വം നൽകിയ ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്താണ്. ഞാൻ ഇവിടെ മറ്റ് കാര്യങ്ങളൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല.

## XII അനുമോദനം

### ശ്രീ. പി. ആർ. ശ്രീജേഷിന് അനുമോദനം

ശ്രീ. ഷാഫി പറമ്പിൽ : സർ, ഞാൻ ഒരു കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. കായിക പദ്ധതികളുൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി കിഫ്ബി പണം നീക്കിവയ്ക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. പക്ഷെ ഇന്ന് മലയാള മനോരമ ദിനപത്രത്തിൽ സ്പോർട്സ് പേജിൽ വളരെ വേദനാജനകമായൊരു കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിയിൽ പാകിസ്ഥാനെ തോൽപ്പിച്ച് ഇന്ത്യ ചാമ്പ്യൻമാരായത് നമുക്കെല്ലാവർക്കും അഭിമാനമാണ്. ഇന്ത്യയുടെ ഗോൾനില കാത്തതും, ടീമിന്റെ ക്യാപ്റ്റനായിരുന്നതും മലയാളിയായ ശ്രീ. പി. ആർ. ശ്രീജേഷാണ് എന്നത് അതിന് ഇരട്ടി മധുരം നൽകുന്നു. ചൈനയെയും ജപ്പാനെയും മലേഷ്യയെയും ഇന്ത്യ തോൽപ്പിച്ചപ്പോഴും കൊറിയയ്ക്കെതിരെ സെമിഫൈനലിൽ 2-2 എന്ന തുല്യനിലയിൽ മത്സരിച്ച് ഷൂട്ട് ഔട്ടിലേക്ക് നീണ്ടപ്പോൾ 5-4-നാണ് നമ്മൾ ജയിക്കുന്നത്. ആ പ്രധാനപ്പെട്ട സേവ് നടത്തിയത് ശ്രീ. പി. ആർ. ശ്രീജേഷാണ്. ആ സേവിലാണ് ഇന്ത്യ ഫൈനലിൽ എത്തിയത്. പരിക്കേറ്റിട്ടുപോലും അദ്ദേഹം ഷൂട്ട് ഔട്ടിൽ അപ്പിയർ ചെയ്ത് ഫൈനലിൽ എത്തി. അദ്ദേഹം ടൂർണമെന്റിന് മുമ്പേ ഇന്ത്യയുടെ ആത്മാഭിമാനം സംരക്ഷിക്കുമെന്നു പറഞ്ഞതുപോലെ 3-2-ന് പാകിസ്ഥാനെ തോൽപ്പിച്ച് ട്രോഫിയുമായിട്ടാണ് തിരിച്ചുവന്നത്. ആ ക്യാപ്റ്റൻ നെടുമ്പാശ്ശേരി എയർപോർട്ടിലെത്തിയപ്പോൾ നമ്മുടെ സ്പോർട്സ് കൗൺസിലിന്റെയോ സ്പോർട്സ് അസ്സോസിയേഷന്റെയോ ഒരു തരത്തിലുമുള്ള സ്വീകരണമോ, അംഗീകാരമോ ഇല്ലാതിരുന്നതിനെ സംബന്ധിച്ച് വാർത്തകൾ വന്നിരിക്കുകയാണ്. അങ്ങ് ഒരു യുവാവാണ്. അങ്ങ് ഈ സഭയ്ക്കും കേരളത്തിനും വേണ്ടി, ശ്രീ. പി. ആർ. ശ്രീജേഷിനെയും ആ നേട്ടത്തെയും അഭിനന്ദിക്കാൻ തയ്യാറാകണം. അതോടൊപ്പം ബന്ധപ്പെട്ട ആളുകൾക്ക് ഇത്തരം അവഗണന ഉണ്ടാകരുതെന്നുള്ള നിർദ്ദേശവും നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. പി. ആർ. ശ്രീജേഷിനെ അഭിനന്ദിക്കുന്നതിൽ ചെയറിന് തടസ്സമൊന്നുമില്ല.

ശ്രീ. ഇ. പി. ജയരാജൻ : സർ, എറണാകുളത്തെ കുറെ എം.എൽ.എ.മാർ അവിടെ ഉണ്ടായിരുന്നല്ലോ. അവർക്ക് പോയി സ്വീകരിക്കാമായിരുന്നില്ലേ? .....(ബഹളം)....

മി. സ്പീക്കർ : ദയവായി തർക്കത്തിലേക്ക് പോകേണ്ട. ഹോക്കി ഇന്ത്യയുടെ അഭിമാനകരമായ ഒരു ദേശീയ കായികയിനം തന്നെയാണ്. ഹോക്കിയുടെ നഷ്ടപ്രഭാവം തിരിച്ചെടുക്കാൻ കഴിയുന്ന ഒരു ടീം നമുക്കുണ്ടായി എന്നതും അതിന്റെ ക്യാപ്റ്റൻ മലയാളിയാണെന്നതും അഭിമാനകരമാണ്. അദ്ദേഹത്തെ സഭ ഒന്നടങ്കം അനുമോദിക്കുകയാണ്. അത് സംബന്ധിച്ച് ഇനി തർക്കത്തിലേക്ക് പോകേണ്ട കാര്യമില്ല.

ശ്രീ. ഹൈബി ഈഡൻ : സർ, നിയമസഭാ സമ്മേളനം നടക്കുന്ന സന്ദർഭമായതിനാൽ ഞങ്ങൾ ഇവിടെയായിരുന്നു. ഏതായാലും അദ്ദേഹം പറഞ്ഞതു കൊണ്ട് ഞാനൊരു കാര്യം പറയാം. സ്പോർട്സ് കൗൺസിലിന്റെ എറണാകുളം ജില്ലാ പ്രസിഡന്റ് ഒളിവിലാണെന്നുള്ള കാര്യം ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ : ഇക്കാര്യത്തിൽ ഇനി ചർച്ച വേണ്ട.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഒഴിഞ്ഞ ഖജനാവുമായി നൂൽപ്പാല അഭ്യാസം നടത്തിയാൽ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി തകരുകയും കടക്കെണിയിലാവുകയും ജനങ്ങൾ നിത്യദുരിതത്തിലാവുകയും ചെയ്യും. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ബന്ധുനിയമനങ്ങൾവഴി അഴിമതി നടത്തി മന്ത്രിമാരാരുംതന്നെ അഞ്ചുമാസം കൊണ്ട് പുറത്തുപോയിട്ടില്ല എന്നുപറയാൻ ആഗ്രഹിക്കുകയാണ്. വളരെ സത്യസന്ധമായിട്ടാണ് വികസന പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഭരണം മാറിയും മറിഞ്ഞുമൊക്കെ വരാം. അതൊക്കെ കണ്ട് അപ്പുറത്തുനിന്ന് കൊഞ്ഞണംകുത്തിയിട്ട് യാതൊരു കാര്യവുമില്ല. പ്രസംഗിക്കുമ്പോൾ ബില്ലിൽ ഉൾപ്പെട്ട കാര്യങ്ങൾ പറയണമായിരുന്നു. ശ്രീ. പി. കെ. ശശി അതൊന്നും ഉന്നയിച്ചിട്ടില്ല എന്ന യാഥാർത്ഥ്യത്തോടുകൂടി ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഡ്ജറ്റ് അവതരണ വേളയിൽ കിഫ്ബിയെക്കുറിച്ചുണ്ടായ ആശങ്കകളുടെയും വിമർശനങ്ങളുടെയും ചെറിയൊരു നിഴൽ മാത്രമേ ഇന്നത്തെ ചർച്ചയിലുണ്ടായിട്ടുള്ളൂ. ഗൗരവമായ വിമർശനങ്ങളെ സ്വാഗതം ചെയ്യുകയാണ്. കാരണം, ആ ജാഗ്രത

നമ്മുടെയെല്ലാപേരുടെയും ഭാഗത്തുനിന്നും ഉണ്ടാകണം, അതിലൊന്നും എനിക്ക് തർക്കമില്ല. ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. എം. ഉമ്മർ, ശ്രീ. വി. പി. സജീന്ദ്രൻ തുടങ്ങി എല്ലാപേരുടെയും പേര് ഞാൻ പറയുന്നില്ല, ഇവരുടെയൊക്കെ ഭേദഗതികൾ വായിച്ചാൽ മനസ്സിലാകും ഇവരൊക്കെ കമ്പോട്ടുകമ്പ് നിയമം നോക്കിയിട്ടുണ്ടെന്ന്. എന്നാലും എല്ലാ ഭേദഗതികളും ഉൾക്കൊള്ളാൻ കഴിയില്ല. അതായാലും ഇതായാലും ശരി എന്നുവരുമ്പോൾ അതായിരിക്കട്ടെ എന്നല്ലേ തീരുമാനിക്കൂ. എങ്കിലും വലിയൊരു എഫർട്ട് ഇതിൽ വന്നിട്ടുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. കിഫ്ബി മൂന്ന് മേജർ സ്റ്റേക് ഹോൾഡേഴ്സുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു സ്ഥാപനമാണ്. ഒന്ന്, നിയമസഭ. നിയമസഭയുടെ ഓവർസൈറ്റ് സ്ക്രൂട്ടിണി വേണ്ടത്രയില്ല എന്നുള്ള വിമർശനമാണ് ഇവിടെ ഭിന്നാഭിപ്രായക്കുറിപ്പ് അവതരിപ്പിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. വി. ഡി. സതീശനും ഡോ. എൻ. ജയരാജുമൊക്കെ ഉന്നയിച്ചത്. രണ്ടാമത്തെ സ്റ്റേക് ഹോൾഡറെന്നു പറയുന്നത് വിവിധ വകുപ്പുകളാണ്. ആ വകുപ്പുകളെ കിഫ്ബി നോക്കുകുത്തികളാക്കുന്നു എന്നുള്ള പതിവ് വിമർശനം വീണ്ടും ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. മൂന്നാമത്തെ ആളെക്കുറിച്ച് ആരുമൊന്നും സംസാരിച്ചു കേട്ടില്ല. അതുകൂടി കണക്കിലെടുക്കുമ്പോഴേ ഇതു തമ്മിലുള്ളൊരു ബാലൻസിന്റെ കാര്യത്തിൽ തിരിച്ചറിവുവരൂ. അത് കിഫ്ബിക്ക് ഭീമമായിട്ട് വായ്പ നൽകാൻ തയ്യാറായിട്ടുള്ള നിക്ഷേപകരാണ്. അവരുടെ വിശ്വാസം ആർജ്ജിക്കുന്ന പ്രശ്നം കൂടിയുണ്ട്. കാരണം ക്യാപ്റ്റീവായിട്ടുള്ള എസ്.എൽ.ആർ. ബോർഡിൽ നിന്നല്ല ഈ പണമുണ്ടാക്കുന്നത്, മറിച്ച് മാർക്കറ്റിൽ നിന്നാണ്. എങ്ങനെ മാർക്കറ്റിന്റെ വിശ്വാസം നേടാം എന്നുള്ളതുകൂടി കിഫ്ബി പരിഗണിക്കപ്പെടേണ്ട വിഷയമാണ്. ആ പരിഗണന ബഹുമാനപ്പെട്ട വിമർശകർ നൽകിയിരുന്നെങ്കിൽ ഇന്നുണ്ടായ പല വിമർശനങ്ങളും ഉണ്ടാകില്ലായിരുന്നു.

പല വിഭാഗമുള്ളതിൽ ആദ്യം നിയമസഭ തന്നെയെടുക്കാം. ഇത് ബഡ്ജറ്റിന്റെ ഭാഗമായി നിയമസഭ വോട്ട് ചെയ്യുന്നതല്ല. ശ്രീ. മോൻസ് ജോസഫ് ഇവിടെ പറയുകയുണ്ടായി, അദ്ദേഹം പി.ഡബ്ല്യു.ഡി. മിനിസ്റ്ററായിരുന്നപ്പോൾ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ച്, നിയമസഭയിൽ വോട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കപ്പെട്ട ഒന്നാണെന്ന്. അത് വളരെ ശരിയാണ്. അന്നത്തെ സ്ഥിതിവിശേഷമല്ല ഇന്ന്. ഒരു ബഡ്ജറ്റിനുള്ളിൽ മറ്റൊരു നിക്ഷേപം താങ്ങാനുള്ള കഴിവ് ബഡ്ജറ്റിനില്ല. ബഡ്ജറ്റിന് പുറത്തുണ്ട്. അത് വേണ്ടെന്ന് വേണമെങ്കിൽ തീരുമാനിക്കാം. അതല്ലാതെ അതിനെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കഴിയില്ല. കാരണം, ഇവിടെ ധന ഉത്തരവാദിത്വ നിയമം പ്രാബല്യത്തിലുണ്ട്. അതുപ്രകാരം എടുക്കാവുന്ന പരമാവധി വായ്പ എടുത്തു കഴിഞ്ഞു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് പറയുന്നതിനകത്തൊരു കോൺട്രാഡിക്ഷനുണ്ട്. കാരണം, ഈ സഭ അറിഞ്ഞ് ലഭിക്കുന്ന 520 കോടി രൂപയും അനാവർത്തന ചെലവിന്റെ 15 കോടി രൂപയുമടക്കം 535 കോടി രൂപ ഇതിന്റെ സീഡ് മണിയായി വരികയാണ്. പക്ഷെ ഈ സഭയ്ക്കു മുമ്പിൽ കൊണ്ടുവരുന്നൊരു സ്റ്റേററ്മെന്റ് മാത്രമാണ്; അത് ഈ സഭ അറിയേണ്ട കാര്യമില്ല എന്ന രൂപത്തിലാണ് അങ്ങ് പറയുന്നത്. രണ്ട്, ഇപ്പോൾ സാധാരണ സർക്കാർ ജീവനക്കാരുടെ ശമ്പളം പോലും ട്രഷറിയിലൂടെയാണ് നൽകുന്നത്. അവരുടെ ആനുകൂല്യങ്ങളെല്ലാം ട്രഷറിയിൽ നൽകി ട്രഷറി വഴി വാങ്ങാനാണ് പറയുന്നത്. കിഫ്ബി ഇതിലൊന്നിലുമില്ല. വേറൊരു ധനകാര്യ സ്ഥാപനത്തിൽ അവർ തീരുമാനിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കാമെന്നാണ് പറയുന്നത്. അപ്പോൾ ട്രഷറിക്ക് ഫിനാൻഷ്യൽ കൺട്രോളില്ല, നിയമസഭയിൽ ഇതിനെക്കുറിച്ചുള്ള ചർച്ചയില്ല. ഇവിടെ അതിന്റെ അക്കൗണ്ട്സും ബാലൻസ് ഷീറ്റുമില്ല. ഇതൊരു എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണലായി നിൽക്കുന്നില്ലേ എന്നുള്ളതാണ് ജനങ്ങളുടെ സംശയം.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഞാൻ പറഞ്ഞ് തീരുന്നതിനുമുമ്പ് അങ്ങ് പ്രസംഗത്തിൽ പറഞ്ഞ കാര്യം വീണ്ടും ആവർത്തിക്കുകയാണ്. ധന ഉത്തരവാദിത്വ നിയമമുള്ളതുകൊണ്ട് സംസ്ഥാന സർക്കാരിന് ബഡ്ജറ്റിലൂടെ വായ്പ എടുക്കാൻ കഴിയില്ല എന്നാണ് ഞാൻ പറഞ്ഞത്. അത് ലളിതമായ യാഥാർത്ഥ്യമാണ്. എന്നാൽ ബഡ്ജറ്റിന് പുറത്ത് വായ്പയെടുക്കുന്ന പതിവ് നമുക്കുണ്ട്. അങ്ങനെയാണ് കൊച്ചി മെട്രോയും കണ്ണൂർ വിമാനത്താവളവും വിഴിഞ്ഞം തുറമുഖവുമൊക്കെ പണിയുന്നത്. ആ സമീപനത്തെ നമ്മൾ വിദഗ്ദ്ധമായി ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ അങ്ങ് പറഞ്ഞതു പോലെ നിയമസഭയുടെ പിടിയിൽനിന്ന് പുറത്തു കൊണ്ടുപോയി നടത്തുന്നതൊന്നുമല്ല. ഇതിലെ മൂന്നാമത്തെ വകുപ്പിൽ, '(8)The Government shall lay before the State Legislative Assembly along with the presentation of the Annual budget, the following documents,--

(a) a statement of the sources and application of the funds of the Board;

(b) a certificate from the Fund Trustee and Advisory Commission.......' എന്നുപറയുന്നു. ഇതുരണ്ടും സമർപ്പിക്കുകയെന്നു വച്ചാൽ നിയമസഭാ ബഡ്ജറ്റിന്റെ ഭാഗമായി അത് ചർച്ച ചെയ്യുകയാണ്. Expenditure Review Commission Report നിയമസഭയിൽ വയ്ക്കുമ്പോൾ നമ്മളെല്ലാവരും അതിനെ പരാമർശിച്ച് ചർച്ച ചെയ്യുന്നതല്ലേ? അതുപോലെ ഇതും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുകയാണ്. ബഡ്ജറ്റ് രേഖയോടൊപ്പം, എന്നാൽ ബഡ്ജറ്റ് രേഖയ്ക്കുള്ളിലല്ല, അത് സാധിക്കില്ല, ബഡ്ജറ്റ് രേഖയ്ക്ക് പുറത്ത് ഈ രണ്ട് സ്റ്റേറ്റ്മെന്റും വയ്ക്കണം. അപ്പോൾ നിയമസഭയിലെ ബഡ്ജറ്റ് ചർച്ചയിൽ ഈ പ്രശ്നങ്ങൾ വളരെ വ്യക്തമായി ഉന്നയിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള

സന്ദർഭം നൽകുകയാണ്. അതുകൊണ്ട് തീരുന്നില്ല; 9-ാമത്തെ ക്ലോസിൽ, The Government shall as long as its guarantee is in force lay before the State Legislature in every year during the budget session, a statement of the guarantee if any given during the current financial year and upto date accounts of the total sums if any which have been paid out of the consolidated fund of State by reason of any such guarantee or paid into the fund towards the repayment of any money paid out എന്നാണ് പറയുന്നത്. നമ്മുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പോകണമെന്ന് അങ്ങ് പറഞ്ഞല്ലോ, അതടക്കം, ഗ്യാരണ്ടി കൊടുത്തതിന്റെ ഭാഗമായുള്ള സ്റ്റേറ്റ്മെന്റ് നിയമസഭയിൽ വയ്ക്കണം. അതുകഴിഞ്ഞിട്ട് 16-ാമത്തെ ക്ലോസിൽ ആന്വൽ റിപ്പോർട്ടെല്ലാം വയ്ക്കണമെന്ന് പറഞ്ഞിട്ട് Government shall as soon as the Annual Report is received cause the same together with the Audited Statement of Accounts to be laid before the table of the Legislative Assembly എന്നുപറയുന്നു. അസംബ്ലിയുടെ ഒരു ബോഡിയാണ് പി.യു.സി. (Committee on Public Undertakings). ഇന്ന് കെ.എഫ്.സി., കെ.എസ്.എഫ്.ഇ. എന്നിവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും പി.യു.സി. പരിശോധിക്കുന്നുണ്ട്. ഇതുപോലെ സർക്കാരിന്റെ ഒരു ധനകാര്യ സ്ഥാപനമാണ് കിഫ്ബി. നിയമസഭയുടെ പി.യു.സി.-ക്ക് അതിന്റെ പരിശോധന നടത്താനുള്ള അവകാശമുണ്ട്. അവിടെ നടക്കുന്ന കാര്യങ്ങളിൽ പരിശോധന നടത്തുകയാണെങ്കിൽ നിയമസഭയുടെ മുന്നിൽ പി.യു.സി.-യുടെ റിപ്പോർട്ടായി വരാം. എന്നു മാത്രമല്ല, ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പ്രോജക്ടുകളുടെ പേരും പറഞ്ഞിട്ടുണ്ട്. ബഡ്ജറ്റിനു പുറത്തും വകുപ്പുകൾക്ക് പ്രോജക്ടുകൾ കൊണ്ടുവരാം. പക്ഷേ കൊണ്ടുവന്നു കഴിഞ്ഞാൽ ക്യാബിനറ്റിന്റെ അംഗീകാരം ലഭിക്കണം. അപ്പോൾ നിയമസഭ നിങ്ങൾ വിചാരിക്കുന്നതു പോലെയല്ല. എഫ്.ആർ.ബി.എം. ആക്ട് ഒഴിവാക്കിക്കൊണ്ട് ട്രഷറിയിൽ ഈ പണം നിക്ഷേപിക്കാൻ പാടില്ല. അതിനെ ബഹുമാനപ്പെട്ട അംഗം വിമർശിക്കുകയുണ്ടായി. മൂന്നുതരത്തിലാണ് പണം ലഭിക്കുന്നത്. ഒന്ന്, കിഫ്ബി നേരിട്ട് മാർക്കറ്റിൽ നിന്നും സമാഹരിക്കുന്ന പണം. അത് ഒരു കാരണവശാലും ട്രഷറികളിൽ വരില്ല, വരുന്നത് എഫ്.ആർ.ബി.എം. നിയമത്തിന് വിരുദ്ധമാണ്. അതുകൊണ്ട് അത് ട്രിപ്പിൾ റേറ്റഡ് അസെറ്റ്സിൽ നിക്ഷേപിക്കും. രണ്ട്, സർക്കാർ ഡിസ്ക്രീഷണറിയായി നൽകുന്ന ഫണ്ട്. ഉദാഹരണത്തിന് ഒരു ഗ്രാന്റ് നൽകുന്നു. അത് വേണമെങ്കിൽ ട്രഷറിയിൽ സൂക്ഷിക്കാം. അങ്ങനെ ട്രഷറിയിൽ സൂക്ഷിച്ചിട്ടുണ്ടോയെന്ന് കഴിഞ്ഞ തവണ ചോദ്യോത്തര സമയത്ത് ശ്രീ. കെ. എം. മാണി ഈ സഭയിൽ ഉന്നയിച്ചതാണ്. സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി പറഞ്ഞു. കാരണം സർക്കാർ നൽകിയ ഡിസ്ക്രീഷണറി ഫണ്ടാണ്. എന്നാൽ സർക്കാർ സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷനായി നൽകുന്നത് ട്രഷറിയിൽ സൂക്ഷിക്കില്ല. പുറത്താണ് സൂക്ഷിക്കുന്നത്. മൂന്നിനോടും വ്യത്യസ്തമായ സമീപനമാണ് കൈക്കൊള്ളുന്നത്.

കാരണം നിയമവ്യവസ്ഥയ്ക്ക് അങ്ങനെയേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് നിയമസഭയുടെ അധികാരപരിധി വിട്ടുപോകുന്ന പ്രശ്നമില്ല. മറിച്ച് നിയമസഭയുടെ മേൽനോട്ടത്തിനും വിമർശനത്തിനും ഈ സഭയിലെ ബഡ്ജറ്റ് ചർച്ചകളിലും അതല്ലാതെയുള്ള പ്രമേയങ്ങളുടെ ഇടപെടലിനുമൊക്കെയുള്ള സാദ്ധ്യതകൾ തുറന്നുവച്ച കൊണ്ടാണ് നമ്മൾ ഈ നിയമം പാസ്സാക്കുന്നതെന്നാണ് എനിക്കാദ്യം പറയാനുള്ളത്. രണ്ടാമത്തേത്, ഡിപ്പാർട്ടുമെന്റുകളെ നോക്കുകുത്തികളാക്കുന്നുവോ ഇല്ലയോ എന്നതാണ്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഡീറ്റെയ്ൽഡ് സ്കീമിന്റെ ഒരു രേഖ തയ്യാറാക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമം പാസ്സായാലല്ലേ ആ സ്കീം നടപ്പിലാക്കാൻ കഴിയൂ. ഇവിടെ ശ്രീ. മോൻസ് ജോസഫ് ചൂണ്ടിക്കാണിച്ച ഒരു ഓർഡറുണ്ട്. അതിലെ പ്രൊസീഡ്യുവർ എന്താണ്? ഒന്ന്, എന്തെല്ലാം പ്രോജക്ട് വേണമെന്ന് ആര് തീരുമാനിക്കണം; രണ്ട്, ആര് ഈ പ്രോജക്ട് നടപ്പാക്കും; മൂന്ന്, ഈ പ്രോജക്ടിന് ആര് മേൽനോട്ടം വഹിക്കും; നാല്, ഈ പ്രോജക്ടിന് ആര് പണം നൽകും? ഡിപ്പാർട്ടുമെന്റുമായി ഇൻവോൾവ് ചെയ്യുന്ന നാല് ചോദ്യങ്ങൾ ഇതാണ്. ഡിപ്പാർട്ടുമെന്റ് എ.എസ്. നൽകാത്ത ഒരു പ്രോജക്ടിനും കിഫ്ബിയിൽ വരാൻ കഴിയില്ല. ആദ്യത്തെ നടപടിക്രമം ഡിപ്പാർട്ടുമെന്റ് എ.എസ്. നൽകുക എന്നുള്ളതാണ്. എ.എസ്. നൽകുമ്പോൾ ഒരു ആനുകൂല്യമുണ്ട്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിനു പണമുണ്ടോ ഇല്ലയോ എന്നൊക്കെ ചോദിച്ചുള്ള ഫിനാൻഷ്യൽ സാംഗ്ഷൻ ആവശ്യമില്ല, നേരിട്ട് എ.എസ്. നൽകാം. അല്ലാതെയാണെങ്കിൽ ഫിനാൻഷ്യൽ സാംഗ്ഷന് വരണം. മുമ്പും അങ്ങനെയായിരുന്നില്ലേ? ബഡ്ജറ്റിൽ ഉൾപ്പെടാത്ത ഏതെങ്കിലും കാര്യങ്ങൾ ഇഷ്ടപ്രകാരം ഡിപ്പാർട്ടുമെന്റിന് ചെയ്യാൻ സാധിക്കുമോ? ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളായാലും അത് 20 ശതമാനമില്ലെങ്കിൽ ഫൈനാൻസിൽ വരണം, നേരത്തെയും അങ്ങനെ തന്നെയായിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഒരു ഡിപ്പാർട്ടുമെന്റിനു മുമ്പിൽ പത്തോ പതിനഞ്ചോ ഡിപ്പാർട്ടുമെന്റ് പദ്ധതികളുണ്ടാകും, അത് ഫ്ലാഗ് ഷിപ്പ് പ്രോഗ്രാമായിരിക്കാം. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് എ.എസ്. കൊടുക്കുന്നു, അതിനുശേഷം കിഫ്ബിയുടെ മുമ്പിൽ വരുന്നു. പിന്നെ അന്തിമ തീരുമാനമെടുക്കുന്നത് ഈ ബോർഡാണ്. അപ്പോൾ വകുപ്പിന്റെ അധികാരം ഇങ്ങോട്ട് ട്രാൻസ്ഫർ ചെയ്യുകയാണ്. അന്തിമ തീരുമാനമെടുക്കാനുള്ള, ഫിനാൻഷ്യൽ തീരുമാനമെടുക്കാനുള്ള അവസാനത്തെയാളായി കിഫ്ബിയാണ് വരുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, അങ്ങും മന്ത്രിയായിരുന്ന ആളല്ലേ? അങ്ങ് മന്ത്രിയായിരുന്നപ്പോൾ ഇഷ്ടമുള്ളതിന് എ.എസ്. നൽകി നടപ്പാക്കാൻ സാധിക്കുമായിരുന്നോ? അതിന് ഫിനാൻഷ്യൽ സാംഗ്ഷൻ വേണം. അപ്പോൾ ഫിനാൻസിന്റെ മുകളിലിരിക്കുന്നയാളാണെന്ന് പറഞ്ഞു നടക്കുന്നതിൽ വല്ല അർത്ഥവുമുണ്ടോ? കിഫ്ബിക്ക് ഫിനാൻസ് സാംഗ്ഷൻ നൽകുന്നില്ല, കാരണം ബഡ്ജറ്റിന് പുറത്താണ്. അതേസമയം കിഫ്ബിയിൽ നിന്നാണ് പണം നൽകുന്നത്. അതുകൊണ്ട് കിഫ്ബിയിൽ വയ്ക്കണം.

ഏതെങ്കിലും ഡിപ്പാർട്ടുമെന്റ് വഴിയല്ലാത്ത ഒരു പ്രോജക്ടും കിഫ്ബിയിൽ വരുന്നതല്ല. അഥവാ വന്നാൽ അതിന്റെ വയബിലിറ്റിയെക്കുറിച്ച് പരിശോധനയുണ്ട്. ആ പരിശോധന എങ്ങനെയൊക്കെ വേണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ചോദ്യം, ഇതാര് നടപ്പാക്കണമെന്നതിൽ കിഫ്ബിക്ക് ഒരു പങ്കുമില്ല. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏതാണെന്ന് ആ ഡിപ്പാർട്ടുമെന്റ് തീരുമാനിക്കും. പി.ഡബ്ല്യു.ഡി. ആണെങ്കിൽ റോഡ് ഫണ്ട് ബോർഡ് വേണോ, കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ വേണോ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ വേണോ എന്ന് തീരുമാനിക്കാം. ഇനി പുതിയതായൊരെണ്ണം രൂപീകരിക്കാൻ പോകുന്നവെങ്കിൽ ആയിക്കോട്ടെ, ഏത് എസ്.പി.വി. വേണമെന്നുള്ളത് തീരുമാനിക്കാനുള്ള അവകാശം വകുപ്പുകൾക്കാണ്. ഇനി സ്വകാര്യ പങ്കാളിത്തം വേണമെങ്കിൽ അതും ഇവിടെയാണ് തീരുമാനിക്കേണ്ടത്. ഏത് ഏജൻസിവഴി നടപ്പാക്കിയാലും ഒരു കാര്യം മാത്രമേയുള്ളൂ, എഫ്.ആർ.ബി.എം. ആക്ട് നിലവിലുള്ളതുകൊണ്ട് ഡിപ്പാർട്ടുമെന്റിന് നേരിട്ട് നടപ്പാക്കാൻ കഴിയില്ല. ഡിപ്പാർട്ടുമെന്റ് നേരിട്ട് നടപ്പാക്കിയാൽ കൺസോളിഡേറ്റഡ് ഫണ്ടുവഴി നൽകേണ്ടിവരും. അപ്പോൾ കിഫ്ബി എന്താണ് ചെയ്യുന്നത്? ഓരോ ഡിപ്പാർട്ടുമെന്റും അവരുടേതായ എസ്.പി.വി.-ക്ക് രൂപം നൽകണം. മൂന്നാമത്തേത്, ആര് മേൽനോട്ടം വഹിക്കും എന്നുള്ളതാണ്. കിഫ്ബിയിൽ മേൽനോട്ടം വഹിക്കാൻ ആരുമില്ല. അത് ഓരോ ഡിപ്പാർട്ടുമെന്റും തീരുമാനിക്കും. ഇത് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രകാരമാണെങ്കിലും മേൽനോട്ടവും മെഷർമെന്റും ചെക്ക് മെഷർമെന്റുമൊക്കെ പി.ഡബ്ല്യു.ഡി. എഞ്ചിനീയേഴ്സ് തീരുമാനിക്കേണ്ട കാര്യങ്ങളാണ്. അതുകൊണ്ട് മേൽനോട്ടവും അവിടെത്തന്നെയാണ്. അതിന്റെയടിസ്ഥാനത്തിൽ ചെയ്ത പണി പൂർത്തീകരിച്ചുവെന്ന് സർട്ടിഫിക്കറ്റ് നൽകിക്കഴിഞ്ഞാൽ കിഫ്ബി പണം നൽകും. അവിടെ മാത്രമേ കിഫ്ബി വരുന്നുള്ളൂ. ഡിപ്പാർട്ടുമെന്റ് അംഗീകരിച്ച് വരുന്നതിന് സമ്മതം നൽകുന്ന, ഡിപ്പാർട്ടുമെന്റ് പൂർത്തീകരിച്ചുവെന്ന് സർട്ടിഫൈ ചെയ്താൽ പണി പൂർത്തീകരിച്ച കോൺട്രാക്ടർ ആരാണോ അവർക്ക് ഓൺലൈനായി പണം കൊടുക്കും.

ശ്രീ. എം. വിൻസെന്റ് : സർ, ഡിപ്പാർട്ടുമെന്റ് എ.എസ്. നൽകിയ പ്രോജക്ട് കിഫ്ബി ഡിനൈ ചെയ്യില്ലായെന്ന് ഉറപ്പുനൽകാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങനെ ഉറപ്പൊന്നുമില്ല. അതിന്റെ പരിശോധന നടക്കും. ഒരു ഡി.പി.ആർ. തയ്യാറാക്കേണ്ടത് എങ്ങനെയെന്നുണ്ട്.

ശ്രീ. എം. വിൻസെന്റ് : സർ, ഡിപ്പാർട്ടുമെന്റുകളെ ബൈപാസ് ചെയ്യുന്നുവെന്നുള്ളതാണ് ഞങ്ങളുടെ പ്രധാനപ്പെട്ട ആരോപണം.

ഡോ. ടി. എം. തോമസ് ഐസക് : സർ, അതല്ല ആരോപണം. ആ പ്രോജക്ടല്ല ഈ പ്രോജക്ടാണ് വേണ്ടതെന്നുള്ള മുൻഗണന നിശ്ചയിക്കാനുള്ള അധികാരം

കിഫ്ബിക്കില്ല. പക്ഷെ, ചെയ്യാൻ പോകുന്ന പ്രോജക്ടിന്റെ കണക്ക് ശരിയാണോ തെറ്റാണോയെന്ന് നോക്കണ്ടേ; കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് വേണ്ടേ; അല്ലെങ്കിൽ റഫ് എസ്റ്റിമേറ്റ് എഴുതി തന്നിട്ട് നടപ്പാക്കണമെന്ന് പറഞ്ഞാൽ ചെയ്യുമോ? സാങ്കേതികമായ പരിശോധന നടക്കുക തന്നെ ചെയ്യും. കാരണം, ആരുടെയെങ്കിലും കയ്യിൽ നിന്നും വാങ്ങുന്ന പണമാണ്. ഈ പ്രൊസ്യൂഡ്യുവർ പ്രകാരം ഇതിലെ ഓരോ പ്രോജക്ടിനും കോസ്റ്റ് ബെനിഫിറ്റുണ്ട്, മണി ഫോർ വാല്യൂ ടെസ്റ്റ് നടത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള നടപടികൾ ചെയ്തിട്ടുണ്ടെന്ന് അവരോട് പറയണം.

ശ്രീ. വി. ടി. ബൽറാം : സർ, താങ്കൾ പറഞ്ഞത് കൺവിൻസിംഗ് ആണ്. പ്രോജക്ടിന് എ.എസ്. കൊടുക്കുന്നതും പ്രോജക്ട് ഇംപ്ലിമെന്റേഷനും മോണിറ്ററിംഗും ഇവാല്യുവേഷനുമെല്ലാം അതാത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിൽത്തന്നെ നടക്കും. ഫിനാൻഷ്യൽ സാംഗ്ഷൻ നൽകുന്നതും ഫിനാൻസ് അറേഞ്ച് ചെയ്ത് നൽകുന്നതുമാണ് കിഫ്ബിയുടെ റോളെന്നാണ് താങ്കൾ പറഞ്ഞതിൽ നിന്ന് മനസ്സിലാകുന്നത്. അങ്ങ് ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞ ഒരു കാര്യമുണ്ട്, കിഫ്ബിയിൽ പുതിയതായി ക്യൂ ഒന്നും രൂപപ്പെടില്ലായെന്നുള്ളത്. അതിന്റെ ഒരു പ്രായോഗികത കുറച്ചുകൂടി ആഴത്തിൽ പരിശോധിച്ചിട്ടുണ്ടോ? കിഫ്ബിയിൽ ഏതെങ്കിലും ഒരു വർക്കോ, രണ്ട് വർക്കോ അല്ലെങ്കിൽ ചുരുങ്ങിയ വർക്കോ നടത്തുകയാണെങ്കിൽ സ്വാഭാവികമായും വരുന്ന മുറയ്ക്ക് പെട്ടെന്ന് ക്യൂ രൂപപ്പെടില്ല. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളുടെ എല്ലാ വർക്കുകളും കിഫ്ബി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും അവിടെ ക്യൂ രൂപപ്പെടുമല്ലോ; പി.ഡബ്ല്യൂ.ഡി. വകുപ്പിൽ നിന്ന് 5000 കോടി രൂപയുടെ വർക്ക് നടത്തുമ്പോൾ, എല്ലാ പണിയും ഒറ്റയടിക്ക് തുടങ്ങുകയോ ഒറ്റയടിക്ക് അവസാനിക്കുകയോ ചെയ്യില്ല. ഓരോന്നും കഴിയുന്ന മുറയ്ക്ക് കോൺട്രാക്ടർമാർ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുവഴി കിഫ്ബിയിലേക്ക് ബിൽ സമർപ്പിക്കുമ്പോൾ അവിടെ ക്യൂ സ്വാഭാവികമായും രൂപപ്പെടില്ലേ? ഇപ്പോഴത്തെ ബഡ്ജറ്റിലെ അതേ അവസ്ഥ കിഫ്ബിയിലേക്ക് മാറില്ലേയെന്നാണ് എന്റെ സംശയം.

ഡോ. ടി. എം. തോമസ് ഐസക് : സർ, അത് എത്രമാത്രം പണം കമ്പോളത്തിൽനിന്ന് സമാഹരിക്കാൻ കഴിയുമെന്നുള്ള മതിപ്പിനെ ആശ്രയിച്ചിരിക്കും. ഞങ്ങളുടെ കണക്കുകൂട്ടൽ അനുസരിച്ച് 20,000 കോടി രൂപ ഇപ്പോൾ വാങ്ങാൻ ഒരു പ്രയാസവുമില്ല. വാങ്ങിക്കഴിഞ്ഞാൽ പലിശ നൽകണമെന്ന ഒറ്റക്കാരണം കൊണ്ടാണ് വാങ്ങാത്തത്. ഇപ്പോൾ നാലായിരം കോടി രൂപയുടെ എ.എസ്. നൽകിയിട്ടുണ്ടെങ്കിൽ ഈ വർഷം അതിൽ നിന്ന് ആയിരം കോടിയോ രണ്ടായിരം കോടിയോ രൂപ ചെലവായാൽ മഹാഭാഗ്യം. അങ്ങനെയല്ലേ പ്രോജക്ട് വരികയുള്ളൂ? അപ്പോൾ ഇത്രയും വാങ്ങി വയ്ക്കണോ? ഈ രീതിയെ ഇലാസ്റ്റിക്കായിട്ടുള്ള റവന്യൂ സപ്ലൈ ആയിട്ടാണ് ഞങ്ങൾ കാണുന്നത്. ഒരുപക്ഷേ, ഞങ്ങളുടെ കണക്കുകൂട്ടൽ തെറ്റിപ്പോകാം. നബാർഡിന്റെ ഏജൻസിയായ NIDA 5,000 കോടി രൂപ ഓഫർ

ചെയ്തിട്ടുണ്ട്. നമുക്ക് അങ്ങോട്ട് ഒരുപാട് നടപടികളൊന്നും വേണ്ടി വന്നില്ല. ധാരാളം ബാങ്കുകൾ lend ചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞ് വരുന്നുണ്ട്. അതുകൊണ്ട് ഭാവിയിൽ എന്ത് സംഭവിച്ചേക്കാമെന്നുള്ളതൊന്നും ഞാൻ പ്രവചിക്കുന്നില്ല. എല്ലാ കാലത്തേയും ഉത്തരവാദിത്വം ഞാൻ ഏൽക്കുന്നത് എങ്ങനെയാണ്? പക്ഷേ, ഇന്ന് മീഡിയം ടേം നോക്കുമ്പോൾ, നമുക്ക് നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ തയ്യാറാക്കി എടുക്കുന്നതിലാണ് ശ്രദ്ധിക്കേണ്ടത്.

ശ്രീ. വി. ഡി. സതീശൻ : സർ, കിഫ്ബിയുടെ മുമ്പാകെ വരുമ്പോൾ നടക്കുന്നത് കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് ആണെന്ന് അങ്ങ് ഇവിടെ പറഞ്ഞു. കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്ന് പറഞ്ഞാൽ ഇൻകം ജനറേറ്റിംഗ് ആയിട്ടുള്ള വർക്കുകളാണ് നോക്കുന്നത്. അല്ലാതെ കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് നോക്കേണ്ട കാര്യമില്ലല്ലോ? മുടക്കുന്ന പണം തിരിച്ചുകിട്ടുന്നുണ്ടോ; തിരിച്ചടയ്ക്കാൻ കഴിയുന്നുണ്ടോ; ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റുമായി ബന്ധപ്പെട്ട ഇൻകം ജനറേറ്റിംഗായിട്ടുള്ള എത്ര ശതമാനം പദ്ധതി നമുക്ക് നടപ്പിലാക്കാൻ സാധിക്കും? ഇൻകം ജനറേറ്റിംഗ് ആയിട്ടുള്ള പ്രോജക്ട് മാത്രമാണെങ്കിൽ എല്ലാ വകുപ്പുകളിലും ഈ പറയുന്ന പദ്ധതികളൊന്നും യാഥാർത്ഥ്യമാകില്ല. കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് നോക്കിയിട്ടാണ് നടക്കുന്നതെങ്കിൽ, പണം തരുന്ന ഒരു ഏജൻസിയും നമ്മൾ പറയുന്ന പ്രോജക്ടുകളൊന്നും അംഗീകരിക്കാൻ പോകുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക് : സർ, സോഷ്യൽ കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്ന് പറയുന്ന കാര്യമുണ്ട്. നിങ്ങളുടെ അക്കൗണ്ട് ബുക്കിലെ വരവും ചെലവും മാത്രമല്ല, സാമൂഹികമായി ഇതുണ്ടാക്കുന്ന നേട്ടങ്ങളും കോട്ടങ്ങളും പരിശോധിക്കും. ഇത് വളരെ വിശദമായിട്ടുള്ള പരിശോധനയല്ല.

ഡോ. എൻ. ജയരാജ് : സർ, ഡിപ്പാർട്ടുമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും മറ്റുകാര്യങ്ങളുമൊക്കെ ശരിയാണ്. ഡിപ്പാർട്ടുമെന്റ് തയ്യാറാക്കുന്ന പ്രോജക്ടിനകത്ത് കിഫ്ബിയുടെ പ്രോജക്ട് ഇവാല്യുവേഷൻ ടീമുണ്ട്. ഫൈനൽ തീരുമാനമെടുക്കുക എന്നത് ഡിപ്പാർട്ടുമെന്റിന്റെ കൺസെപ്റ്റാണോ? പ്രോജക്ട് ഇവാല്യുവേഷൻ ടീം എന്ന് പറയുന്നത് കിഫ്ബിയുടെ മാത്രം കൺട്രോളിലുള്ള അതോറിറ്റിയാണ്. അതിനകത്ത് ഡിപ്പാർട്ടുമെന്റിലുള്ള ആരും വരില്ല. അങ്ങനെ വന്നു കഴിഞ്ഞാൽ അവരുടെ ചില whims and fancies അനുസരിച്ച് കാര്യങ്ങൾ പോവുകയല്ലേ എന്നുള്ള സംശയമാണ് ചോദിച്ചത്. നമ്മൾ നൽകുന്ന വർക്കിൽ ഡിപ്പാർട്ടുമെന്റിന്റെ കൺസെപ്റ്റ് അനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ കഴിയുമോ? അങ്ങനെയൊരു പ്രധാനപ്പെട്ട വിഷയം ഇവിടെയുണ്ടെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചതാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, പൊതുവിപണിയിൽ നിന്ന് 20,000 കോടി രൂപ വായ്പയെടുക്കുമെന്ന് പറഞ്ഞു. ഡിപ്പാർട്ടുമെന്റ് പ്രൊപ്പോസ് ചെയ്യുന്ന അസെറ്റ് ക്രിയേഷന്റെ തിരിച്ചടവ് എങ്ങനെയാണ്? വായ്പ എടുക്കുന്ന ആൾ പണം നൽകണം; പി.ഡബ്ല്യൂ.ഡി.-യുടെയും വാട്ടർ അതോറിറ്റിയുടെയും പ്രോജക്ട് വർക്ക് വച്ചുകഴിഞ്ഞാൽ യൂസർ ഫീയില്ല. അപ്പോൾ തിരിച്ചടവിന്റെ മാർഗ്ഗം എന്താണ്?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഇൻവെസ്റ്റ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വളരെ വ്യക്തമായി പറഞ്ഞു. ഇൻകം ജനറേറ്റ് ചെയ്യുന്ന പദ്ധതികൾക്ക് നമുക്ക് തിരിച്ചടയ്ക്കാം. പക്ഷെ, ഗ്രാന്റായി നൽകുന്ന കാര്യങ്ങൾ, റോഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ ടോൾ ഫ്രീ ആയി പോവുകയാണ്. റോഡിൽ നിന്ന് വരുമാനം വരുന്നില്ല. അത്തരം കാര്യങ്ങളിൽ തിരിച്ചടവ് എങ്ങനെയാണെന്നുള്ള കാര്യം കൂടി അങ്ങ് വിശദീകരിച്ചാൽ ക്ലാരിറ്റിയുണ്ടാകും.

ഡോ. ടി. എം. തോമസ് ഐസക് : സർ, നമ്മൾ ആദ്യം നിയമസഭയെ നോക്കുകുത്തിയാക്കുമെന്നുള്ള കാര്യം സെറ്റിൽ ചെയ്യൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അത് സെറ്റിൽ ചെയ്തിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക് : സർ, എന്നാൽ അങ്ങനെ ഇരുന്നോട്ടേ. ഞാൻ എന്റെ ഭാഗം പറഞ്ഞു. ഞാൻ പറയുന്നതൊക്കെ അങ്ങ് പറയണമെന്ന് നിർബന്ധിക്കാൻ എനിക്കും കഴിയില്ല. നിങ്ങൾ പറയുന്നതൊക്കെ ഞാൻ പറയണമെന്ന് വച്ചാൽ ഞാനും സമ്മതിക്കില്ല. ഏതായാലും പരസ്പരം കാര്യം പറഞ്ഞു കഴിഞ്ഞല്ലോ.

രണ്ടാമത്തേത് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുള്ളതാണ്. ഡോ. എൻ. ജയരാജിന് ആകെ സംശയമുള്ളത്, ഡിപ്പാർട്ടുമെന്റാണ് തീരുമാനിക്കുന്നത്, അവരുടെ ഏജൻസി തന്നെയാണ് നടപ്പാക്കുന്നത്, അവരാണ് മേൽനോട്ടം വഹിക്കുന്നത്, പക്ഷെ, കിഫ്ബി നൽകിക്കഴിഞ്ഞാൽ തള്ളിക്കളയുമോ എന്നതു സംബന്ധിച്ചാണ്. അതിന്റെ മുൻഗണനാ പ്രയോറിറ്റിയേത്, അതാണോ ഇതാണോ നല്ലതെന്നുള്ളത് കിഫ്ബിയുടെ മുന്നിലില്ലെന്ന് ഞാൻ നേരത്തേ പറഞ്ഞു. എസ്റ്റിമേറ്റ് ശരിയോ തെറ്റോയെന്നത് സംബന്ധിച്ച് രണ്ടാമത് റീ ചെക്കിംഗ് നടക്കും. അങ്ങനെ ചെക്ക് ചെയ്യുന്നതിനുവേണ്ടി സർക്കാർ ഒരു ഇൻസ്പെക്ഷൻ ഏജൻസിയെ വയ്ക്കുമെന്നാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്, അല്ലാതെ കിഫ്ബിയെയല്ല. സി.ടി. തന്നെയാകാം. കിഫ്ബിക്ക് ഇത് പരിശോധിക്കണമെന്നുണ്ടെങ്കിൽ സർക്കാർ നിശ്ചയിച്ച ഏജൻസിയെ വച്ച് ചെയ്യാം. ഇല്ലെങ്കിൽ, ഞങ്ങൾക്ക് സംശയമുണ്ട് നോക്കണമെന്ന് പറയാം. ഇതിൽ എന്താണ് തെറ്റ്? ഇപ്പോഴും സി.ടി. എന്ന സ്ഥാപനമില്ലേ; ഡിപ്പാർട്ടുമെന്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ സി.ടി.-യിൽ പോകില്ലേ?

ഡോ. എൻ. ജയരാജ് : സർ, ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ച സർക്കുലറിൽ പറയുന്ന കാര്യം തന്നെയാണ് ഞാൻ ചോദിച്ചത്. സർക്കുലറിൽ 'The project evaluation team in KIIFB shall examine the DPR and check for the feasibility financial analysis and relevant details.' എന്നാണ് പറയുന്നത്. ആ പേജിൽ അവസാനം പറയുന്നത്, 'Executive committee may appoint an Inspection Authority' എന്നാണ്. അവർ തന്നെയാണ് ടീമിനെ നിയോഗിക്കുന്നത്. അത് സംബന്ധിച്ചാണ് ഞാൻ ചോദിച്ചത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, അതിനെക്കുറിച്ച് നിങ്ങൾക്ക് തർക്കമുണ്ട്; there will be an Inspection Agency, അത് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഫണ്ട് നൽകുന്ന ഏജൻസി തരുന്ന പ്രോജക്ടിനെക്കുറിച്ച്/ എസ്റ്റിമേറ്റിനെക്കുറിച്ച് മിനിമം വ്യവസ്ഥയുള്ള കാര്യങ്ങൾ ചെയ്യണമെന്ന് ഉറപ്പുവരുത്താനായി അങ്ങനെ ഒരു പരിശോധന വേണ്ടേ? ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യം കിഫ്ബി നോക്കും, അതിനപ്പുറത്തേക്കില്ല.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, ഇവിടെ സാധാരണയായി വലിയ വർക്കുകൾക്ക് എസ്റ്റിമേറ്റ് എടുത്തുകഴിഞ്ഞാൽ റിവൈസ്ഡ് എസ്റ്റിമേറ്റെന്ന് പറഞ്ഞ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വലിയ സമ്മർദ്ദമുണ്ടാകുമായിരുന്നു. ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ വർക്കുകൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റെന്ന് പറഞ്ഞ് വൻതുക നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. അത് മാറ്റാൻ ഏത് രീതിയിലാണ് ടൈം ബൗണ്ടായി നിശ്ചയിക്കാൻ പോകുന്നത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, എന്തുകൊണ്ട് ഇങ്ങനെ വരുന്നു? Land terrain നോക്കുകയില്ല; നോക്കിയാൽത്തന്നെ മനഃപൂർവ്വം കാണുകയില്ല; ടെണ്ടർ ക്ഷണിച്ച് നൽകിക്കഴിയുമ്പോഴാണ് കല്ല് കണ്ടുപിടിക്കുന്നത്; അപ്പോഴാണ് പെട്ടെന്ന് മണ്ണിടേണ്ടതും സൈഡ് കെട്ടേണ്ടതുമായ ആവശ്യം വരുന്നത്. ഇതെല്ലാംകൂടി ചേർത്താൽ റോഡിന്റെ എസ്റ്റിമേറ്റിന്റെ പകുതി വരും. ഇങ്ങനെയുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടോ; ഈ റോഡ് ഡിസൈൻ ചെയ്യപ്പെട്ടതാണോ; ലാൻഡ് അക്വിസിഷൻ നടപടി തീർത്തിട്ടുണ്ടോ; അതിന്റെ സമയം തീരുമാനിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ കിഫ്ബി പരിശോധിക്കും. അതുവഴി അങ്ങ് പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ ഒഴിവാക്കാൻ കഴിയും. ആ പരിശോധന അത്യന്താപേക്ഷിതമാണെന്നുള്ളതാണ് ഇന്നുള്ള അനുഭവങ്ങൾ കാണിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ് : സർ, ഇത്തരത്തിൽ പരിശോധന നടത്തുന്നത് ഏറ്റവും നല്ലതാണ്. അങ്ങ് പറഞ്ഞതു പോലെ പരിശോധന നടത്താൻ സി.ടി.-യെ നിയോഗിക്കുമ്പോൾ, ഇപ്പോഴുള്ള അനുഭവം വച്ചാണെങ്കിൽ, ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് പരിശോധനാ റിപ്പോർട്ട് വരുന്നത്. അപ്പോൾ നമുക്ക് വലിയൊരു

നഷ്ടം ഉണ്ടാകുകയാണ്. അതുപോലെ ഈ രംഗത്ത് യാതൊരു പരിചയവുമില്ലാത്ത ആളുകൾ പരിശോധിക്കാൻ വരുന്ന ദുരവസ്ഥയുമുണ്ട്. അതുകൊണ്ട് ഇതിന്റെ ഫീസിബിലിറ്റി കറക്ടായി നോക്കാൻ കഴിയുന്ന പരിചയസമ്പന്നരായ ആളുകളെ ഇൻസ്പെക്ഷൻ ടീമിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രദ്ധയുണ്ടാകുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. അങ്ങനെ എല്ലാം തന്നുകഴിഞ്ഞാൽ കാര്യങ്ങൾ നടക്കുകയില്ല. ഇത് എങ്ങനെയെങ്കിലും നടത്തണമെന്നുള്ള വാശിയിലല്ലേ ഞങ്ങൾ നിൽക്കുന്നത്. അല്ലാതെ ചവിട്ടിപ്പിടിച്ച് വയ്ക്കാനല്ലല്ലോ.

ഇനി മൂന്നാമത്തെ സ്റ്റേക്ക് ഹോൾഡർ എന്നുപറയുന്നത് പണം തരുന്നവരാണ്. എന്തിന്റെ അടിസ്ഥാനത്തിൽ അവർ പണം തരണം? ഇവിടെ ഭരണകക്ഷി-പ്രതിപക്ഷ എം.എൽ.എ.-മാരെ ഉൾപ്പെടുത്തിയാൽ പോരേ; മന്ത്രിമാർതന്നെ ഇരുന്നാൽ പോരേ; പുറത്തുള്ളവർ വേണോ എന്നൊക്കെ നിങ്ങളിൽ പലരും ചോദിച്ചു. ഒരാളുടെ മുഖം കണ്ടതു കൊണ്ടുമാത്രം മാർക്കറ്റിൽനിന്ന് പൈസ ലഭിക്കില്ല; എന്നാൽ എസ്.എൽ.ആർ. ബോണ്ടിന് കഴിയും. കമ്പോളത്തിൽ വിശ്വാസം ജനിപ്പിക്കാൻ കഴിയണം. നമുക്ക് ആകെ നൽകാനുള്ളത് ബോർഡിലുള്ളവരുടെ വ്യക്തിത്വമാണ്. എന്തിനാണ് ഫണ്ട് ട്രസ്റ്റ് ആന്റ് അഡ്വൈസറി കമ്മീഷനെ വയ്ക്കുന്നത്? ഞാനിപ്പോൾ അതിലെ അംഗങ്ങളുടെ പേരൊന്നും പറയുന്നില്ല. പക്ഷേ റിസർവ് ബാങ്ക് മുൻ ഗവർണർ ആണെന്നിരിക്കട്ടെ; അല്ലെങ്കിൽ സി.&എ.ജി. ആണ് ഫണ്ട് ട്രസ്റ്റ് ആന്റ് അഡ്വൈസറി കമ്മീഷന്റെ ചെയർമാനെങ്കിൽ മാർക്കറ്റ് ഇവരുടെ വാക്ക് ശ്രദ്ധിക്കില്ലേ? ആരെങ്കിലും പോയി കൈ നീട്ടിയാൽ പണം തരികയില്ല. സ്വകാര്യ ബിസിനസുമാനാണെങ്കിൽ അയാൾക്കൊരു ക്രെഡിബിലിറ്റിയുണ്ട്. എന്നാൽ സർക്കാരിന്റെ ക്രെഡിബിലിറ്റി എവിടെയാണ് നിൽക്കുന്നത്? പതിനാലായിരം കോടി രൂപ കമ്മിയിലാണ് സർക്കാർ നിൽക്കുന്നത്? അടുത്ത വർഷം പതിനേഴായിരം കോടി രൂപയാകുമെന്ന് അതിനുമീതെ എഴുതിവയ്ക്കുകയാണ്. എന്നിട്ട് നമ്മൾ പോയി കൈ നീട്ടിയാൽ ആരും പണം തരികയില്ല. ഇത് മൂന്നും തമ്മിൽ സമരസപ്പെടുത്തി ക്കൊണ്ടുപോകണം, ബാലൻസ് ചെയ്യണം. സെബിയുടെ മുൻ ഡയറക്ടർമാർ, ആർ.ബി.ഐ.-യുടെ ഡെപ്യൂട്ടി ഗവർണർ അല്ലെങ്കിൽ അതുപോലെയുള്ള ആളുകളുടെ വാക്കിന് കമ്പോളത്തിൽ വിലയുണ്ട്. യാദൃശ്ചികമായിട്ടല്ല സെബിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ പഠിപ്പിക്കാൻ വരുന്നത്. മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ നമ്മുടെ ഫിസിലിറ്റി ബോർഡ് ഓഫ് ട്രസ്റ്റീസിൽ ഉണ്ടെങ്കിൽ പിന്നെ അതിനപ്പുറം എന്ത് ക്രെഡിബിലിറ്റിയാണ് ഉയർത്തിപ്പിടിക്കേണ്ടത്? ഇത്തരത്തിൽ ക്രെഡിബിളായിട്ടുള്ള മുഖങ്ങളെയേ ഉൾപ്പെടുത്താൻ കഴിയൂ. അതുകൊണ്ട് അൽപ്പം പോപ്പുലിസമൊക്കെ വേണ്ടെന്നുവയ്ക്കാം. പക്ഷേ ചെന്നു കഴിഞ്ഞാൽ മാർക്കറ്റിലെ ആളുകളോട്

വർത്തമാനം പറയാൻ കഴിയുന്ന ആളായിരിക്കണം. ബോംബെയിലോ മറ്റോ ഒരു കോൺഫറൻസിൽ പങ്കെടുക്കേണ്ടി വന്നാൽ ഞങ്ങൾ ഇന്നയിന്ന പ്രോഡക്ടുകൾ ഇറക്കുന്നുവെന്ന് പറയാൻ കഴിയുന്നവരെ ലൈൻ അപ് ചെയ്യണ്ടേ? അത് വളരെ പ്രധാനമാണ്. രണ്ടാമത്തേത്, ഈ ബോണ്ടുകൾ പല തരത്തിലുള്ളവയാണ്. ഒന്നാമത്തേത് ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ. ആ ബോണ്ടുപയോഗിച്ച് സർക്കാർ നൽകുന്ന റവന്യൂ വരുമാനത്തിൽനിന്ന് ഭാവിയിൽ തിരിച്ചടയ്ക്കാം. റവന്യൂ വരുമാനത്തിൽ തീർന്നില്ലെങ്കിൽ ബാക്കി സർക്കാർ നൽകും.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ടെക്നിക്കലായിട്ടുള്ള ഒരു ചോദ്യമാണ്. ധനസമാഹരണത്തിൽ ലഭ്യമാക്കുന്ന തുക ഓരോ വർഷവും പത്ത് ശതമാനം വീതം വർദ്ധിച്ച് അഞ്ചു വർഷമാകുമ്പോൾ 50 ശതമാനമെന്ന് പറയുന്നുണ്ട്. പക്ഷെ 50 ശതമാനം കഴിഞ്ഞാൽ എത്രയെന്നോ, എത്ര വർഷത്തേക്കെന്നോ ഒരു ലിമിറ്റ് വച്ചിട്ടില്ല. അതിനൊരു അവസാനം വേണ്ടേ? രണ്ടാമത്തെ കാര്യം, ബോർഡിലെ അംഗങ്ങളുടെ എണ്ണം പതിനഞ്ച് എന്നാണ് പറയുന്നത്. അതിൽ ഏഴ് അംഗങ്ങൾ അനൗദ്യോഗിക സ്വതന്ത്ര അംഗങ്ങളാണ്. ക്വാറം തികയാൻ ആറ് അംഗങ്ങൾ എന്നുപറഞ്ഞിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : എന്തിനാണ് വകുപ്പ് തിരിച്ചുള്ള പരിശോധന? ഇതൊക്കെ വകുപ്പ് തിരിച്ച് പരിശോധിക്കുമ്പോൾ പറഞ്ഞാൽ പോരേ.

<u>ശ്രീ. എം. ഉമ്മർ</u> : സർ, അപ്പോൾ പറയാൻ കഴിയുമോയെന്ന് അറിയില്ല. മൂവ് ചെയ്യാൻ പോലും സമയം കിട്ടുകയില്ല. അതുകൊണ്ടാണ് ഇപ്പോൾ ചോദിക്കുന്നത്. അതുപോലെ ഇതിൽ വീഡിയോ കോൺഫറൻസിനെക്കുറിച്ച് പറയുന്നുണ്ട്. വീഡിയോ കോൺഫറൻസിൽ അറ്റൻഡ് ചെയ്താൽ അത് ക്വാറമായി കണക്കാക്കുമോ; ഉണ്ടെങ്കിൽ അവരുടെ അറ്റൻഡൻസ് എങ്ങനെയാണ് അതിൽ കംപ്യൂട്ട് ചെയ്യുക; അവർക്ക് ടി.എ.-യും ഡി.എ.-യും വേറെ നൽകുമോ?

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : സർ, അങ്ങ് സംസാരിച്ചപ്പോൾ നിയമസഭയെക്കുറിച്ചും ബാക്കി ഡിപ്പാർട്ടുമെന്റുകളെക്കുറിച്ചും പറഞ്ഞു. മൂന്നാമതായി മാർക്കറ്റുകളുടെ കാര്യം പറഞ്ഞു. ആദ്യത്തേ നിയമസഭയും, ഡിപ്പാർട്ടുമെന്റും -സ്റ്റേക്ക് ഹോൾഡേഴ്സാണ്. ഫ്രീ മാർക്കറ്റ് എന്നുപറയുമ്പോൾ കിഫ്ബിയിൽ – ഉന്നതതല എക്സ്പെർട്ടുകൾ ഉള്ളതുകൊണ്ട് ഫ്രീ ആയി ഫണ്ട് വരുമെന്നുള്ള ചെറിയൊരു assumption അതിലുണ്ട്. നമ്മൾ ഇതിനുവേണ്ടി മാർക്കറ്റിലേക്ക് ഇറങ്ങുമ്പോൾ compete ചെയ്യുന്നത് മറ്റ് സംസ്ഥാനങ്ങളോടും രാജ്യങ്ങളോടും വൻകിട കോർപ്പറേറ്റുകളോടുമായിരിക്കും. ഇത്തരത്തിലുള്ള എക്സ്പെർട്ടുകൾ അടങ്ങുന്ന ബോർഡ് മറ്റ് കമ്പനികൾക്കും സംസ്ഥാനങ്ങൾക്കുമുണ്ട്. നമ്മൾ ചെയ്യുന്ന ഈ പ്രോസസ്സെല്ലാം അവരും ചെയ്യും. നമ്മുടേതുപോലെയുള്ള ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷനുകൾ

ഇത്തരത്തിൽ റിസ്ക് കൂടുതലുള്ള, പ്രൈവറ്റ് ഫ്രീ മാർക്കറ്റിൽ എങ്ങനെ ഇൻവെസ്റ്റ് ചെയ്യും? അതിനുള്ള ഒരു സൊല്യൂഷൻ ഉന്നതതല ഉദ്യോഗസ്ഥർ മാത്രമാണോ? അത് സംബന്ധിച്ച് ഒരു കൺഫ്യൂഷനുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഭാഗ്യത്തിന് മറ്റ് സംസ്ഥാനങ്ങളൊന്നും ഈ വഴിക്ക് ചിന്തിച്ച് തുടങ്ങിയിട്ടില്ല. കേരളമാണ് ഇതുമായി ബന്ധപ്പെട്ട് ആദ്യമായി മാർക്കറ്റിലേക്കിറങ്ങുന്നതെന്നുള്ള ഒരു ഹെഡ്സ്റ്റാർട്ട് ഇപ്പോൾ നമുക്കുണ്ട്. സെബിയും ആർ.ബി.ഐ.-യുമൊക്കെ അംഗീകരിച്ചിട്ടുള്ള ഇൻവെസ്റ്റ്മെന്റ് സ്ട്രക്ചേഴ്സിനെ ഇത്തരത്തിൽ ഉപയോഗപ്പെടുത്താൻ ഒരു സംസ്ഥാന സർക്കാർ ശ്രമിക്കുന്നത് ഇവിടെയാണ്. പക്ഷേ മത്സരിക്കുന്നത് ഈ പറഞ്ഞ കോർപ്പറേറ്റുകളോടാണ്; അതിന് പരിമിതിയുണ്ട്. പക്ഷേ ഇവിടെ ഗ്യാരന്റി സർക്കാരിന്റേതാണ്. ഒരു പ്രൈവറ്റ് കോർപ്പറേറ്റിനും സർക്കാർ ഗ്യാരന്റിയില്ല. പക്ഷേ KIIFB-ക്ക് സർക്കാർ ഗ്യാരന്റിയുണ്ട്. ഗ്യാരന്റിയുടെ കാര്യം ശ്രീ. എം. ഉമ്മർ എന്നോട് ചോദിച്ചു. 2003-ലെ കേരളാ സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരന്റീസ് ആക്ടിൽ പറയുന്നത് എന്താണ്? സ്വകാര്യ കമ്പനികൾക്ക് സർക്കാർ ഗ്യാരന്റി നിൽക്കാൻ പാടില്ല എന്നാണ്. എന്നാൽ സർക്കാർ ഇവിടെ കിഫ്ബിക്കാണ് ഗ്യാരന്റി നിൽക്കുന്നത്. കിഫ്ബി ഒരു സർക്കാർ സ്ഥാപനമാണ്. കിഫ്ബി സ്വകാര്യ മാർക്കറ്റിൽ നിന്നാണ് പണം വാങ്ങുന്നത്; പക്ഷേ സ്വകാര്യ സ്ഥാപനമല്ല. അതുകൊണ്ട് ആ നിയമം ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. ഇനി എന്തെങ്കിലും സംശയം നിങ്ങളുടെ മനസ്സിലുണ്ടെങ്കിൽ ഇതൊരു സ്പെഷ്യൽ നിയമമാണ്. സ്പെഷ്യൽ ആക്ട് ജനറൽ ആക്ടിനെ ഓവർറൈഡ് ചെയ്യും എന്നുള്ളത് ലോയുടെ സെറ്റിൽഡ് പൊസിഷനാണ്. ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞത് ശരിയാണ്, മുഖം കണ്ട് മാത്രമല്ല തുക നൽകുന്നത്. സർക്കാർ ജനറൽ റവന്യൂവിൽ നിന്നും നൽകുന്ന ബോണ്ടുകളും പ്രത്യേക പർപ്പസിനുവേണ്ടി നൽകുന്ന റവന്യൂ ടൈഡായിട്ടുള്ള ബോണ്ടുകളുമുണ്ടാകും. ലാൻഡ് ബോണ്ട് ഇറക്കുമ്പോൾ നമ്മൾ വയ്ക്കുന്ന വരുമാന മാർഗ്ഗമെന്താണ്? ലാൻഡ് അക്വയർ ചെയ്തു കഴിഞ്ഞാൽ ഡവലപ്മെന്റ് ഏജൻസികൾക്കാണ് നൽകുന്നത്; സ്വകാര്യ വ്യക്തികൾക്കല്ല. കിൻഫ്ര, ടെക്നോപാർക്ക് തുടങ്ങിയ സ്ഥാപനങ്ങൾക്കാണ് നൽകുന്നത്. അവർ ഇത് ഡവലപ് ചെയ്ത് വയ്ക്കുമ്പോൾ ഈ പണം തിരിച്ചുകൊടുക്കണം. അല്ലാതെ ഗ്രാന്റായി ഭൂമി അക്വയർ ചെയ്ത് എല്ലാവർക്കും വിതരണം ചെയ്യുകയല്ല. കിൻഫ്ര പണം അന്വേഷിച്ച് നടക്കേണ്ട കാര്യമില്ല. അത്രയും പണം കിഫ്ബിയിൽനിന്നും ലഭ്യമാകും. ഇത് വിറ്റ് കഴിയുമ്പോൾ കിഫ്ബിക്ക് നൽകണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ടെക്നോപാർക്കിന് കടമെടുക്കാം. കാരണം ടെക്നോപാർക്ക് ഇൻവെസ്റ്റ് ചെയ്യുന്നുണ്ട്; അതിന്മേൽ ലാഭവുമുണ്ടാകും. അപ്പോൾ അത് ഫീസിബിളാണെന്ന് ഫീസിബിലിറ്റി സ്റ്റഡിയുടെ അടിസ്ഥാനത്തിൽ

പറയാം. കിൻഫ്രയ്ക്കോ കെ.എസ്.ഐ.ഡി.സി.-ക്കോ കടമെടുക്കാം. എന്നാൽ സർക്കാരിന് ചില നിയന്ത്രണങ്ങളുണ്ട്. ഇത് സർക്കാരിന്റെ മറ്റൊരു ഭാഗമാണെന്ന് പറയുമ്പോൾ ഇതിന് സെൻട്രൽ ഗവൺമെന്റിന്റെ നിയന്ത്രണങ്ങളുണ്ടാകണ്ടേ? പക്ഷേ ഈ നിയന്ത്രണം ഇതിന് ബാധകമല്ലെന്ന് പറയുന്നെങ്കിൽ പിന്നെ എങ്ങനെയാണ്? സർക്കാർ കച്ചവടം ചെയ്യുകയല്ലല്ലോ; നികുതി ലഭിച്ചിട്ടുവേണ്ടേ വരുമാനമുണ്ടാകാൻ? ഇതെങ്ങനെ ഫീസിബിളാകും; വലിയൊരു എമൗണ്ട് തിരിച്ചുകൊടുക്കണമെന്നുവച്ചാൽ നികുതി വരുമാനത്തിൽ നിന്നല്ലാതെ ഇത് എവിടെനിന്ന് നൽകും? അടിസ്ഥാനപരമായ ഒരു ഘട്ടത്തിലെത്തിയപ്പോൾ ഒരു സ്റ്റേറ്റും വന്നിട്ടില്ലെന്നാണ് പറയുന്നത്. ഇതിന്റെ ഒരു സ്ക്രൂട്ടിണിക്ക് കേന്ദ്ര ഗവൺമെന്റ് വന്നിട്ട് 'another borrowing of the Government itself' എന്ന് കൺക്ലൂഡ് ചെയ്താൽ അതിന് പെർമിഷൻ വേണ്ടേ? മാക്സിമം ലിമിറ്റിന്റെ പ്രശ്നം വരുമല്ലോ.

ഡോ. ടി. എം. തോമസ് ഐസക് : സർ, അവർ അങ്ങനെ ചോദിക്കാൻ പാകത്തിൽ നിയമത്തിൽ ഒരു ലംഘനവും നടത്തില്ല. കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പണം കൊണ്ടുവരില്ല. അങ്ങനെ ഒരു പൈസപോലും പോകുന്നില്ലെന്ന് FTAC എല്ലാ ആറുമാസം കൂടുമ്പോഴും സർട്ടിഫൈ ചെയ്യുന്നതാണ്. സർക്കാർ ഇത് കൊണ്ടുപോയിട്ടില്ല; എന്ത് കാര്യത്തിനാണോ പണം വാങ്ങിയത് അതിനു മാത്രമേ ഉപയോഗിക്കുകയുള്ളൂ. കിഫ്ബി ആദ്യം രൂപീകരിച്ചപ്പോൾ ചെയ്ത പണി ആവർത്തിക്കില്ലായെന്ന് ഉറപ്പുവരുത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഇൻകം ജനറേറ്റ് ചെയ്യുന്ന പ്രോജക്ടുകളല്ലെങ്കിൽ how will you ensure the repayment? That is the main question.

ഡോ. ടി. എം. തോമസ് ഐസക് : സർ, പ്രോജക്ടുകളെ fully income repay ചെയ്യുന്നതെന്നും partially repay ചെയ്യുന്നതെന്നും അല്ലാതെയുള്ളതെന്നും തിരിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ആദ്യം പറഞ്ഞ രണ്ട് തരത്തിലുള്ളതേ എടുക്കുകയുള്ളൂ. പക്ഷേ ഇത്തവണ മൂന്നാമതൊരു വിഭാഗം കൂടി എടുത്തു. അതിനുള്ള റീ-പേമെന്റ് എവിടെ നിന്നാണെന്നാണ് ഈ ചോദ്യം. വേറെ എവിടെ നിന്നുമല്ല; അത് സർക്കാരിന്റെ future income-ൽ നിന്ന് നടത്തേണ്ടിവരും. നിങ്ങൾക്കു വേണമെങ്കിൽ തീരുമാനിക്കാം, കേരളത്തിൽ 20 വർഷം കൊണ്ട് വീടില്ലാത്തവർക്കൊക്കെ വീട് നൽകാം; അതല്ലെങ്കിൽ ഇന്ന് കിഫ്ബി വഴി പതിനായിരം കോടി രൂപ കടമെടുത്തിട്ട് മുഴുവൻ പേർക്കും വീട് നൽകാം; എന്നിട്ട് 20 വർഷം കൊണ്ട് സർക്കാരിൽ നിന്നുള്ള ഗ്രാന്റ് നൽകി ഈ പണം തിരിച്ചടയ്ക്കാം.

ശ്രീ. രമേശ് ചെന്നിത്തല : സർ,.....

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാനിരിക്കാം, പക്ഷേ അതിനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയണം. കേരളത്തിൽ 20 വർഷം കൊണ്ട് സർക്കാരിന്റെ റവന്യൂവിൽനിന്ന് വീടില്ലാത്തവർക്കൊക്കെ വീട് നൽകാം; അതല്ലെങ്കിൽ കടം വാങ്ങി മുഴുവൻ പേർക്കും വീട് നൽകാം; എന്നിട്ട് 20 വർഷം കൊണ്ട് തിരിച്ചടയ്ക്കാം. നിങ്ങളുടെ മുന്നിലുള്ള ചോയ്സ് ഇതാണെങ്കിൽ അങ്ങ് ഏത് സ്വീകരിക്കും?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇതിനകത്തുള്ള മെയിൻ ഇഷ്യൂ എന്താണ്; നിങ്ങൾ എങ്ങനെ ഈ പണം തിരിച്ചുകൊടുക്കും? റവന്യൂ കളക്ഷന്റെ കാര്യത്തിൽ ഇത്രയും വലിയ കമ്മിയായി നിൽക്കുന്ന, saturation point-ൽ എത്തിയിരിക്കുന്ന ഒരു സംസ്ഥാനം എങ്ങനെ ഇൻകം ജനറേറ്റ് നടത്തും; എങ്ങനെ റീ-പേയ്മെന്റ് ചെയ്യും? വരും തലമുറയെ ഭീമമായ തുകയുടെ കടക്കാരാക്കി മാറ്റാനുള്ള അങ്ങയുടെ ശ്രമമാണിതെന്ന് ആളുകൾ പറയില്ലേ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ചോദ്യം ചോദിക്കാനേ അദ്ദേഹം തയ്യാറുള്ളൂ. എന്റെ ചോദ്യത്തിന് മറുപടി പറയാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തയ്യാറല്ല. ഞാൻ പറയാം ഇതിനുള്ള മറുപടി, മൂന്ന് ചോയ്സ് തരാം. കേരളത്തിലെ വീടില്ലാത്ത 5 ലക്ഷം പേർക്ക് ഇന്ന് വീട് കൊടുക്കാം; അല്ലെങ്കിൽ 20 വർഷം കഴിഞ്ഞ് കൊടുക്കാം. അല്ലെങ്കിലും വീടുവച്ച് കൊടുക്കണം, ബഡ്ജറ്റിൽ നിന്ന് പണം അനുവദിക്കണം. ആ പണം എല്ലാവർഷവും തിരിച്ചടവിന് ഉപയോഗിക്കാം. എന്നിട്ട് ഇന്ന് എല്ലാവർക്കും വീട് കൊടുക്കാം. ഈ ചോയ്സിൽ അങ്ങ് ഏത് തെരഞ്ഞെടുക്കും?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഒരു പ്രോജക്ടിലാണെങ്കിൽ എല്ലാവർക്കും വീട് കൊടുക്കാം. അങ്ങ് ഉദ്ദേശിക്കുന്നത് 25,000 കോടി രൂപയുടെയും 50,000 കോടി രൂപയുടേതുമാണ്. കേരളത്തിലെ വീടില്ലാത്ത ജനങ്ങൾക്കുവേണ്ടി വീടുവയ്ക്കാനൊരു പദ്ധതി ഹഡ്കോയ്ക്ക് സമർപ്പിച്ചാൽ ആവശ്യമായ ലോൺ ലഭിക്കും. That is for a particular project. നബാർഡിൽനിന്ന് ലഭിക്കും; അങ്ങ് എന്താണ് ചെയ്യുന്നത്? ബഡ്ജറ്റിന് പുറത്തേക്ക് കാര്യങ്ങൾ കൊണ്ടുവന്നിട്ട് 50,000 കോടി രൂപയിലധികം വായ്പയെടുക്കാൻ പോകുകയാണ്. അങ്ങനെ വരുമ്പോൾ ഇത് ആര് തിരിച്ചടയ്ക്കുമെന്നുള്ള പ്രധാനപ്പെട്ട ചോദ്യത്തിനുള്ള മറുപടി അവ്യക്തമാണിപ്പോഴും.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഉത്തരത്തിലേക്ക് വരുന്നേയുള്ളൂ. ഏതായാലും അങ്ങ് ഒരു ചോയ്സ് നടത്തിയല്ലോ, കടം വാങ്ങി ഇന്ന് വീട് വച്ചുകൊടുക്കാമെന്ന്. അതുപോലെതന്നെ കടം വാങ്ങി എല്ലാ ക്ലാസ്സ്റൂമിലും കമ്പ്യൂട്ടർ വയ്ക്കാം. കടം വാങ്ങി എല്ലാ ആശുപത്രികളെയും ഒന്നാം ക്ലാസ്സ് ആശുപത്രികളാക്കാം. വീടുമാത്രമല്ല, കുറച്ചുകൂടി കാര്യങ്ങൾ പറയട്ടെ, ഇനിയിപ്പോൾ അങ്ങ് ചോദിച്ച ചോദ്യത്തിലേക്ക് വരാം. എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞതിൽ വളരെ

നന്ദിയുണ്ട്. ഇപ്പോൾ അങ്ങ് ചോദിച്ചത് ഇതെങ്ങനെ തിരിച്ചടയ്ക്കുമെന്നാണ്. നിങ്ങളുടെ ചിന്ത സംസ്ഥാന ബഡ്ജറ്റ് ഇനിയുള്ള കാലം ഇന്നത്തെപ്പോലെ തുടരാൻ പോകുകയാണെന്നും കടം വാങ്ങുന്നതൊക്കെ അന്നന്നുള്ള റവന്യൂ ചെലവിന് ഉപയോഗിച്ച് തീരാൻ പോകുകയാണെന്നുമാണ്. എന്നാൽ അങ്ങനെയല്ല ഞങ്ങളുടെ കണക്കുകൂട്ടൽ. അടുത്ത വർഷവുംകൂടി ഇങ്ങനെ പോകും. അതിനുശേഷമുള്ള വർഷം മുതൽ റവന്യൂ കമ്മി കുറയും. ഇന്നത്തേക്ക് ആറാം വർഷം എത്തുമ്പോൾ റവന്യൂ മിച്ചമുള്ള സംസ്ഥാനമാകും കേരളം, അന്ന് തിരിച്ചടയ്ക്കും.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : സർ, ഇപ്പോൾ ഏകദേശം ഉത്തരമായി. ഇപ്പോഴത്തെ സ്ഥിതി തുടരില്ല; വലിയ ടാക്സ് ഒന്നും കിട്ടിയിട്ടില്ല; നികുതി വർദ്ധിപ്പിച്ചിട്ടില്ല, അത്തരം unpopular measures ഒന്നും ഇപ്പോഴില്ല. എന്നാൽ വരുംവർഷങ്ങളിൽ ഉണ്ടാകും, കാത്തിരുന്നോയെന്നാണ് ഇപ്പോൾ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, അതിന് ഒരനുബന്ധമായി 250 കോടിയിലധികം രൂപയുടെ നികുതി അങ്ങ് അടിച്ചേൽപ്പിച്ചു. അങ്ങയുടെ കഴിഞ്ഞ കാലത്തെ ബഡ്ജറ്റ് എടുത്തുനോക്കിയാൽ അറിയാം, Fiscal Responsibility and Budget Management Act-ന്റെ അടിസ്ഥാനത്തിൽ കേരളത്തെ ഒരു മിച്ച സംസ്ഥാനമാക്കി മാറ്റുമെന്ന് അന്നും പറഞ്ഞിട്ടുണ്ട്; അത് നടപ്പായില്ല. കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത് അങ്ങ് വിഭാവനം ചെയ്യുന്ന നിലയിലേക്ക് ഈ ഫിനാൻഷ്യൽ മാനേജ്മെന്റ് കൊണ്ടുപോകാൻ കഴിയുമെന്നു പറയുന്നത്, 'മലർപ്പൊടിക്കാരന്റെ സ്വപ്നം' മാത്രമാണെന്നാണ് ഞങ്ങൾ പറഞ്ഞത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, അങ്ങേക്ക് അത് ചിന്തിച്ച് അനാദികാലം കിടക്കാം. ഞങ്ങൾ അങ്ങനെ കിടക്കാൻ ഉദ്ദേശിച്ചിട്ടില്ല. ഞങ്ങൾ FRBM Act പാസ്സാക്കി. പ്രതിപക്ഷനേതാവേ, ഒരു 10 വർഷക്കാലമെങ്കിലും കേരളത്തിലെ റവന്യൂ കമ്മി കുറഞ്ഞുവന്നോ; മൂന്നു ശതമാനത്തിന് മുകളിൽ ഉണ്ടായിരുന്നത് ഒരു ശതമാനത്തിന് താഴെയാക്കിയോ; മുഴുവൻ കുറയ്ക്കാൻ സാധിച്ചില്ലെങ്കിലും അവിടെവരെ എത്തിച്ചല്ലോ? ഒന്നുകൂടി ശ്രമിച്ചിരുന്നെങ്കിൽ മിച്ചമാക്കാമായിരുന്നു. പക്ഷേ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് മുഴുവൻ മുകളിലേക്ക് കയറ്റിയില്ലേ; എന്റെ കൺസോളിഡേറ്റ് സിസ്റ്റം കളഞ്ഞില്ലേ? എന്നിട്ട് അങ്ങ് പറയുന്നത് ഞങ്ങൾ ഇത് കുളമാക്കിയിട്ടുണ്ട്; ഇനി അഞ്ചുവർഷം നിങ്ങൾ അവിടെക്കിടന്ന് നരകിക്കുമെന്ന്. ഇല്ല, ഞങ്ങൾ അഞ്ചുവർഷം കൊണ്ട് നേരെയാക്കും; എന്നിട്ട് ഇപ്പോഴേ കടം വാങ്ങി നാട്ടിൽ കാര്യങ്ങൾ ചെയ്യും. കടം വാങ്ങുന്നത് ദൈനംദിന ചെലവിന് ഉപയോഗിക്കാൻ പാടില്ലെന്ന് നിയമമുണ്ട്. General Obligation Bond വഴി റോഡും പാലവും പണിതതിനുള്ള തുക FRBM Act പ്രകാരം സർക്കാർ കടം വാങ്ങി തിരിച്ചടയ്ക്കും.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, യു.ഡി.എഫ്. സർക്കാർ കടമെടുത്തത് നിത്യനിദാന ചെലവുകൾക്കല്ല. Infrastructure development-നുവേണ്ടിയാണ്. ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ Infrastructure development ഉണ്ടായത് യു.ഡി.എഫിന്റെ അഞ്ചുവർഷക്കാലത്താണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, നിങ്ങൾ തുടക്കം കുറിച്ചുവെന്ന് വേണമെങ്കിൽ അവകാശപ്പെടാം; വിഴിഞ്ഞം പദ്ധതി, കണ്ണൂർ എയർപോർട്ട് എന്നിവയൊക്കെ തുടങ്ങിവച്ചിട്ടുണ്ട്. കണ്ണൂർ എയർപോർട്ട് അത്രയും എത്തിച്ചിട്ടുണ്ട്, ഇത്രയും എത്തിച്ചിട്ടുണ്ട് എന്നൊക്കെ പറയാം. ക്യാപിറ്റൽ എക്സ്പെൻഡിച്ചർ എത്രയാണെന്ന് കണക്കുകൾ ലഭ്യമല്ലേ? അഞ്ചുവർഷത്തെ ശരാശരി എടുത്തുനോക്കണം. അവസാന വർഷത്തെ പണം മാറ്റി കിഫ്ബിയിലേക്കിട്ടതിലുള്ള വളർച്ചയല്ല ഞാൻ പറയുന്നത്. മറിച്ച് ശരാശരിയെടുത്ത ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരുന്നത് താഴേക്കാണ് പോകുന്നത്. ഇതാണ് ഞങ്ങൾക്കുള്ള ഉത്തരം; ബോദ്ധ്യമായിട്ടില്ലേ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ക്യാപിറ്റൽ എക്സ്പെൻഡിച്ചർ കഴിഞ്ഞ അഞ്ചുവർഷക്കാലം കാര്യമായി വർദ്ധിച്ചിട്ടില്ലെന്ന് പറയുന്നത് വളരെ നിർഭാഗ്യകരമാണ്. നിങ്ങളുടെ അഞ്ച് വർഷത്തേക്കാൾ മൂന്നിരട്ടി ക്യാപിറ്റൽ എക്സ്പെൻഡിച്ചർ കഴിഞ്ഞ ഭരണകാലത്ത് വർദ്ധിച്ചിട്ടുണ്ട്. പ്ലാൻ എക്സ്പെൻഡിച്ചർ ഏതാണ്ട് ഇരട്ടിയോളമായിട്ടുണ്ട്. അത് നിഷേധിക്കാൻ കഴിയുന്ന കാര്യമല്ല. അങ്ങ് ചോദിച്ച ഒരു ചോദ്യമുണ്ട്, 20 വർഷം കൊണ്ട് ചെയ്യേണ്ട കാര്യം അത്രയും വർഷം കൊണ്ട് ചെയ്യണോ ഒന്നിച്ച് ഒരു തുകയെടുത്ത് ചെയ്യണോ എന്ന്; നിശ്ചയമായും ഞാൻ പരിഗണിക്കുന്നത് ഒന്നിച്ച് ചെയ്യണമെന്നതന്നെയാണ്. പക്ഷേ അത് തിരിച്ചടയ്ക്കാനുള്ള വഴികൂടി നമ്മൾ കാണണം. ഞങ്ങൾ അതിനുവേണ്ടിയാണ് പെട്രോൾ-ഡീസൽ സെസ്സ് കൊണ്ടുവന്നത്. ഒരു വർഷം 400 കോടി രൂപ വരുമാനമുള്ളതിൽ 200 കോടി രൂപ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിനും 200 കോടി രൂപ ഹൗസിംഗിനും വച്ചു. അത് ചെയ്യുന്നതെങ്ങനെയാണ്? ഒരു വരുമാനം കണ്ടുകൊണ്ട് ആന്വിറ്റി സ്കീമിൽ തിരിച്ചടയ്ക്കുന്നതിനുള്ള കപ്പാസിറ്റിയുണ്ടാക്കി പത്തുവർഷത്തെ ലക്ഷ്യത്തോടുകൂടി രൂപയെടുക്കാം. അങ്ങ് പറഞ്ഞതുപോലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അല്ലെങ്കിൽ ഐ.ടി പാർക്ക്; ചിലപ്പോൾ അതിൽനിന്നും വരുമാനം കിട്ടുമായിരിക്കും. പക്ഷേ ടോൾ വേണ്ടെന്ന് പറയുകയും ഒരു പാലമോ റോഡോ വന്നാൽ ആ ബാദ്ധ്യത നമ്മൾ ഏറ്റെടുക്കേണ്ടിവരികയും ചെയ്യും. അത് മാത്രമാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങ് പറഞ്ഞ കാര്യം, രണ്ടുമൂന്ന് പ്രാവശ്യമായി ഈ നിയമസഭയിൽ ഉന്നയിക്കുന്നു. ഏതായാലും അപ്രോപ്രിയേഷന് അല്ലെങ്കിൽ ഫിനാൻസ് ബില്ലിന് മറുപടി പറയുമ്പോൾ കൃത്യമായ കണക്ക് വച്ച് ഞാൻ സംസാരിക്കാം. അങ്ങ് പറഞ്ഞതിലും ശരിയുണ്ട്, ഞാൻ പറഞ്ഞതിലും ശരിയുണ്ട്, ഏതാണ് കൂടുതൽ ശരിയെന്ന് നോക്കാം. അങ്ങ് പറഞ്ഞത് മൊത്തം തുക ഇത്ര കൂടി, ഞാൻ പറഞ്ഞത് നമ്മുടെ സംസ്ഥാന വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ അത് കുറഞ്ഞിരിക്കുന്നുവെന്നാണ്. സംസ്ഥാന വരുമാനത്തിന്റെ അനുപാതത്തിൽ റേറ്റ് ഓഫ് ഗ്രോത്ത് പരിശോധിച്ചാൽ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ കഴിഞ്ഞ ഭരണകാലത്ത് കുറഞ്ഞതായി കാണാൻ കഴിയും. 5000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പ്രഖ്യാപിച്ചപ്പോൾ തിരിച്ചടവിന്റെ മാർഗ്ഗമെന്താണെന്ന് എല്ലാവരും ചോദിച്ചു. ഇങ്ങനെ പ്രഖ്യാപിച്ചാൽ മതിയോ; എന്തുകൊണ്ടാണ് പ്രഖ്യാപിച്ചത് എന്നു ചോദിച്ചു. അന്നത്തെ നിലവച്ച് നോക്കിയാൽ നമ്മുടെ റവന്യൂ കമ്മി പൂജ്യത്തിലേക്ക് പോകുകയാണ്. കടം വാങ്ങുന്നതിൽ കൂടുതൽ തുക മരാമത്ത് പണികൾക്കായി നീക്കിവച്ചാൽ മാത്രമേ മിച്ചം വരുന്ന കാലത്ത് തിരിച്ചടയ്ക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഇവിടുത്തെ കണക്കുകൂട്ടൽ അഞ്ചാം വർഷമാകുമ്പോൾ നിലമാറുമെന്നാണ്. നിങ്ങളെല്ലാം എന്റെ ഭാഗ്യമെന്ന് ജി.എസ്.ടി.-യെക്കുറിച്ച് പറയുന്നുണ്ടല്ലോ; അത് കേരളത്തിന്റെ ഭാഗ്യമാണ്. കേരളത്തിന് വരുമാനമുണ്ടാകും. അതുകൊണ്ടു തന്നെയാണ് കുറച്ച് വിമർശനമൊക്കെയുണ്ടെങ്കിലും കണ്ണടച്ച്, അത് വരട്ടെ എന്നുപറയുന്നത്. കാരണം കേരളത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഇത് കൊണ്ടുവരുമെന്നതിൽ ഒരു സംശയവും വേണ്ട. അപ്പോൾ അതിൽ നിന്നും തിരിച്ചടയ്ക്കാം.

ശ്രീ. എം. ഉമ്മർ മോട്ടോർ വെഹിക്കിൾസ് ടാക്സിന്റെ 10 ശതമാനം വീതം ഓരോ വർഷവും വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ചോദിച്ചിരുന്നു. ഇപ്പോൾ 50 ശതമാനം നൽകാനില്ല; സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കുതന്നെ ബുദ്ധിമുട്ടാണ്. ഇപ്പോൾത്തന്നെ 50 ശതമാനം നൽകാൻ തീരുമാനിച്ചാൽ സർക്കാർ ബുദ്ധിമുട്ടിലാകും. അതുകൊണ്ട് 10%, 20% എന്നിങ്ങനെ അഞ്ചാം വർഷമാകുമ്പോൾ 50 ശതമാനത്തിൽവച്ച് സീൽ ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. മോട്ടോർ വെഹിക്കിൾസ് ടാക്സിന്റെ പകുതി കിഫ്ബിക്ക് കൈമാറാനാണുദ്ദേശിക്കുന്നത്. മോട്ടോർ വെഹിക്കിൾസ് ടാക്സ് കൂടുന്നതനുസരിച്ച് ഇത് ഉയർന്നുകൊണ്ടിരിക്കും. എന്തുകൊണ്ടാണ് ഇത്രയും കൊടുത്താലും ഇപ്പോൾ പ്രശ്നമില്ലെന്ന് പറയുന്നത്? കാരണം തിരിച്ചടവ് വരണമെങ്കിൽ ഒന്നോ രണ്ടോ വർഷം കഴിയണം. ഇപ്പോഴേ എന്തിനാണ് കൊടുക്കുന്നത്? പിന്നീട് കുറേശ്ശെ കൊടുത്താൽ മതി. ഏതായാലും നിലപാടുകൾ വ്യക്തമായല്ലോ?

ശ്രീ. വി. ടി. ബൽറാം : സർ, ഏതാണ്ട് 5000 കോടി രൂപയോളം തരാൻ ഏതോ ഒരു ഏജന്റ് ഇപ്പോൾത്തന്നെ തയ്യാറാണെന്ന് പറഞ്ഞു. അങ്ങനെ വിവിധ ഏജൻസികളിൽനിന്നും പണം സമാഹരിക്കുമ്പോൾ അവരുടെയെല്ലാം ടേംസ് ആന്റ് കണ്ടീഷൻസ്, ഓരോ ബോണ്ടിന്റെയും പലിശനിരക്കുകൾ ഒരുപോലെയായിരിക്കുമോ അതോ അതത് സമയത്ത് ബാർഗെയ്ൻ ചെയ്ത് 100, 500 കോടി രൂപയൊക്കെയായി വാങ്ങുകയാണോ ചെയ്യുന്നത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഒരിക്കലും അങ്ങനെയല്ല. നമ്മൾ ബോണ്ട് മാർക്കറ്റിൽ പോയാൽ ഒരു ബോണ്ട് ഇറക്കുന്നതു പോലെയായിരിക്കില്ല അടുത്ത ബോണ്ട്. ഇവിടെ വിവിധ തരത്തിലുള്ള ബോണ്ടുകളുണ്ട്. ഇൻവിറ്റ് (InviT), ഇൻഫ്രാസ്ട്രക്ചർ, ഡെബിറ്റ് ഫണ്ട് എന്നിങ്ങനെ SEBI തയ്യാറാക്കിയ ധാരാളം പുതിയ സ്ട്രക്ചറുകളുണ്ട്. അത് മനസ്സിലാക്കാനെങ്കിലും കഴിവുള്ള കുറച്ചുപേർ ബോർഡിൽ വേണം. അവരെ ഉപയോഗപ്പെടുത്തിക്കൊണ്ടു മാത്രമേ ഈ കാര്യങ്ങൾ ചെയ്യാൻ കഴിയൂ. ഇതിന്റെ പലിശയും മറ്റുകാര്യങ്ങളും മാറിക്കൊണ്ടിരിക്കും. എന്നാലും ഇപ്പോൾ നൽകുന്നതിനെക്കാൾ കൂടുതൽ പലിശ നൽകേണ്ടി വരില്ല. അതിനേക്കാൾ കുറച്ച് തുകയേ വരികയുള്ളൂവെന്നാണ് കരുതുന്നത്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനം നിലച്ചുപോകുമെന്നതിനെക്കുറിച്ചും BOOT, BOT, BOO തുടങ്ങിയവ പൂർണ്ണമായും നീക്കം ചെയ്യപ്പെടണമെന്നും ടോളും മറ്റുകാര്യങ്ങളും ഒരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലെന്നുമുള്ള ചില വാദങ്ങളാണ് മുഖ്യ തടസ്സങ്ങളായി ഡോ. എൻ. ജയരാജ് ഇവിടെ ഉന്നയിച്ചത്. അതിനെക്കുറിച്ചുകൂടി പറഞ്ഞ് അവസാനിപ്പിക്കാം.

ശ്രീ. വി. ഡി. സതീശൻ : സർ, ഞങ്ങളുടെ പൊതുവായ ഒരു സംശയമാണ് ഇവിടെ പ്രകടിപ്പിച്ചത്, അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യത്തിന് അങ്ങ് ഒരു ലിങ്ക് പറഞ്ഞത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് റവന്യൂ കമ്മി കുറച്ചുകൊണ്ടുവരികയായിരുന്നു എന്നാണ്. 5000 കോടി രൂപയുടെ വർക്ക് അനൗൺസ് ചെയ്തു. ആ വർക്കിന്റെ 75 ശതമാനം ബില്ലും പേമെന്റ് നടത്തിയത് അതിനുശേഷം അധികാരത്തിൽ വന്ന ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരാണ്. അതുകൊണ്ടുതന്നെയാണ് റവന്യൂ കമ്മി കൂടിവന്ന സമ്മർദ്ദം ആ സർക്കാരിന്റെ കാലത്തുണ്ടായത്. അങ്ങ് എങ്ങനെയെല്ലാം ബൈപ്പാസ് ചെയ്യാൻ ശ്രമിച്ചാലും അവസാനം എഫ്.ആർ.ബി.എം. ആക്റ്റ് ഇതിനെ അടാക്ക് ചെയ്യും. കാരണം ഫൈനലായി ഗവൺമെന്റിന്റെ burden വർദ്ധിക്കുകയാണ്. ഗവൺമെന്റിന്റെ fiscal deficit ഫൈനലായി കൂടുകയാണ്. കാരണം Government has to pay the money; ഗവൺമെന്റ് ഗ്യാരന്റി നൽകിയിട്ടുണ്ട്; സർക്കാരിന്

പൈസ കൊടുത്തേ മതിയാകൂ. എങ്ങനെ വന്നാലും അൾട്ടിമേറ്റായ സമ്മർദ്ദം മുഴുവൻ ഗവൺമെന്റിന്റെ ഫിസ്കൽ ഡെഫിസിറ്റിൽ വന്നുചേരും. അപ്പോൾ അത് അടാക്ക് ചെയ്യുകയും ചെയ്യും. അതാണ് ഞങ്ങൾ പറഞ്ഞതിന്റെ രത്നച്ചുരുക്കം.

ഡോ. ടി. എം. തോമസ് ഐസക് : സർ, നിങ്ങൾക്ക് നിങ്ങളുടെ റവന്യൂ ഡെഫിസിറ്റ് കുറയ്ക്കാനുള്ള തന്റേടവും ആത്മവിശ്വാസവും ഉണ്ടോ ഇല്ലയോ എന്ന പ്രശ്നമാണ്. അത് ഞങ്ങൾക്കുണ്ട്, നിങ്ങൾക്കില്ല. അത്രയേയുള്ളു വ്യത്യാസം. ഇപ്പോൾ നിങ്ങൾ ചോദിച്ച 5000 കോടി രൂപ കൊടുക്കേണ്ടിവന്നല്ലോയെന്ന്, 5000 കോടി രൂപ കൊടുക്കേണ്ടിവന്ന കാലത്ത് നിങ്ങളുടെ റവന്യൂ 10 ശതമാനത്തിനുപകരം ആദ്യത്തെ രണ്ടുവർഷം കൂടിയതുപോലെയോ അതിനുമുമ്പുള്ള അഞ്ചുവർഷം കൂടിയതുപോലെയോ 19 ശതമാനം വച്ചുകൂടിയിരുന്നുവെങ്കിൽ ഈ 5000 കോടി രൂപ നൽകിയത് പ്രശ്നമാകുമായിരുന്നില്ല. പ്രശ്നമായത് റവന്യൂ വരുമാനം വർദ്ധിക്കാത്തപ്പോഴാണ്. അവിടെ ഒരു തിരുത്ത് വരുത്താമെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ ഒരു നിയമനിർമ്മാണം നടത്തുകയാണ്, enabling clause വേണം. നാളെയൊരുകാലത്ത് നിങ്ങൾക്ക് ഇങ്ങനെയൊന്ന് ഉപയോഗിക്കണമെന്നുണ്ടെങ്കിൽ, ഒന്നര ലക്ഷം കോടി രൂപയ്ക്ക് ഒരറ്റം മുതൽ മറ്റേ അറ്റം വരെ എലിവേറ്റഡ് ഹൈസ്പീഡ് റെയിൽ കോറിഡോറോ അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേയോ പണിയുവാൻ തീരുമാനിച്ചെന്നിരിക്കട്ടെ, അവിടെ ടോൾ വേണ്ടിവരും. ഇന്നത്തെ പാലത്തിനും റോഡിനും ഇല്ലെങ്കിലും നാളെ കേരളത്തിന്റെ ദേശീയപാതയിലുടനീളം നിങ്ങൾ ഷീ ടോയ്‌ലെറ്റ് സ്ഥാപിച്ചുവെന്നിരിക്കട്ടെ, അതിന് യൂസർ ഫീ ഉണ്ടാകില്ലേ; അത് എങ്ങനെയെന്നുള്ളത് ആലോചിക്കുന്നതിനു വേണ്ടിയുള്ള പ്രൊവിസോയാണിത്. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതുപോലെ ഇന്ന് പണിയുന്ന പാലങ്ങൾക്കും റോഡുകൾക്കും ഇതൊന്നും ഏർപ്പെടുത്താൻ ഉദ്ദേശ്യമില്ല. ഇതിൽ കാണേണ്ടത്, ഇപ്പോൾ എന്ത് ചെയ്യാൻ പോകുന്നുവെന്നല്ല; Enabling provision ഉൾപ്പെടുത്തിയെന്നേയുള്ളൂ; നാളെ ഒരാവശ്യം വന്നാൽ ഓരോ തവണയും നിയമം നിർമ്മിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഇത് ഇങ്ങനെയാകാമെന്ന് പറഞ്ഞിരിക്കുന്നുവെന്നുമാത്രം. നമുക്ക് ക്ലോസ് ബൈ ക്ലോസ് ചർച്ചയിലേക്ക് പോകാം.

മി. സ്പീക്കർ : ശ്രീ. പി. കെ. ശശി, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ശശി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. കെ. ശശി അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ഐ. സി ബാലകൃഷ്ണൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. 2-ാം ഖണ്ഡത്തിൽ "നിക്ഷേപനിധി" എന്ന വാക്കിനു പകരം "നിക്ഷേപ നിധി" എന്നീ വാക്കുകൾ ചേർക്കുക.

123. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎ)-യിൽ "പങ്കാളി" എന്ന വാക്കിനു പകരം "സംരംഭകൻ" എന്ന വാക്ക് ചേർക്കുക.

127. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എബി)യിൽ "എന്നാൽ" എന്ന വാക്കിനുശേഷം "ഇന്ത്യൻ കോൺട്രാക്റ്റ് ആക്ടിലെ (1872-ലെ 9-ാം കേന്ദ്ര ആക്ട്) വ്യവസ്ഥ പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

132. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എ ബി) യിൽ "പങ്കാളിയും" എന്ന വാക്കിനുപകരം "സംരംഭകനും" എന്ന വാക്ക്ചേർക്കുക.

139. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എസി)യിൽ നിന്നും "ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയുടെ വിവരണം" എന്നീ വാക്കുകളും ചിഹ്നവും നീക്കം ചെയ്യുക.

141. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എസി)യിൽ "നിർണ്ണയിക്കുന്നതിനു വേണ്ടി നടത്തുന്ന" എന്നീ വാക്കുകൾക്ക് ശേഷം വരുന്ന "വിശദമായ പ്രോജക്റ്റ്" എന്നീ വാക്കുകൾക്ക് പകരം "സാധ്യതാ" എന്ന വാക്ക് ചേർക്കുക.

144. ഖണ്ഡം2(i)-പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഇ)യിൽ "പ്രോജക്ടിന്റെ" എന്നതിന് പകരം "പദ്ധതിയുടെ" എന്ന് ചേർക്കുക.

151. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഇ)യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

"(എഎഫ്) ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ (എഫ്.ടി.എ.സി) എന്നാൽ 6 സി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മീഷൻ എന്നർത്ഥമാകുന്നു."

164. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഫ്)-ൽ "പ്രോജക്ടുകളും" എന്നതിനു പകരം "മേഖലകളും " എന്നു ചേർക്കുക.

171. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(ഐഎ)-ൽ "സ്വകാര്യമേഖലാപങ്കാളി" എന്ന വാക്കിനുപകരം "സ്വകാര്യ മേഖലാ സംരംഭകർ" എന്ന് ചേർക്കുക.

175. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഐഎ) ൽ "ആൾ" എന്നതിനു പകരം"സംരംഭകൻ" എന്ന് ചേർക്കുക.

176. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഐബി)യും അതിന്റെ വിശദീകരണവും ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

187. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐസി)യിൽ, "സ്വകാര്യ മേഖലാപങ്കാളിയും" എന്നതിനു പകരം "സ്വകാര്യമേഖലാ സംരംഭകനും" എന്ന് ചേർക്കുക.

191. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐസി) യിൽ “ ക്രമീകരണം" എന്ന വാക്കിനു പകരം "കരാർ" എന്ന് ചേർക്കുക.

199. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഡി) യിൽ " തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ" എന്നതിനു പകരം "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്ന് ചേർക്കുക.

202. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഡി) യിൽ "സംഘം" എന്ന വാക്കിനു പകരം "സ്ഥാപനം" എന്ന് ചേർക്കുക.

206. ഖണ്ഡം 2 (vii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (കെ എ)-ൽ "പൊതു-സ്വകാര്യ പങ്കാളിത്തം" എന്നതിനു പകരം "പൊതു-സ്വകാര്യ സംരംഭം" എന്ന് ചേർക്കുക.

210. ഖണ്ഡം 2(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-യിൽ "സംസ്ഥാന സഹായം" എന്നതിനു പകരം "സാമ്പത്തിക സഹായം" എന്ന് ചേർക്കുക.

216. ഖണ്ഡം 2 (viii)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)യിലെ (vi), (vii) എന്നീ ഇനങ്ങൾ ഒഴിവാക്കുക.

226. ഖണ്ഡം 2 (ix) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എംഎ)-യിൽ "ആൾ" എന്ന വാക്കിനു പകരം "കൺസെഷനർ" എന്ന വാക്ക് ചേർക്കുക.

231. ഖണ്ഡം 2 (ix) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എം. എ)-യിൽ "അത് ഏത് പേരിൽ വിളിക്കപ്പെട്ടാലും," എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ഖണ്ഡം 2(i)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎ)-യിൽ "കൺസെഷനർ" എന്ന വാക്കിന് പകരം "സംരംഭകൻ" എന്ന വാക്ക് ചേർക്കുക.

126. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എബി)-യിൽ "കൺസെഷൻ കരാർ" എന്നതിനുപകരം "സംരംഭക കരാർ" എന്ന് ചേർക്കുക.

എനിക്ക് പറയാനുള്ളത്, മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചിട്ടുണ്ട്. നവംബർ 1-ാം തീയതിയായ ഇന്നലെ എല്ലാം മലയാളത്തിലാക്കണമെന്ന് പറഞ്ഞു. 'കൺസെഷനർ' എന്നുള്ള വാക്ക് നീക്കം ചെയ്യണം. അതിന്റെ അർത്ഥമെന്താണ്?

അത് മാറ്റി 'സംരംഭകൻ' എന്നാക്കി മാറ്റണമെന്നാണ് ഞാൻ പറയുന്നത്. ഇന്നതന്നെ ഇത്തരത്തിലുള്ള അനാവശ്യമായ ഇംഗ്ലീഷ് വാക്കുകൾ ഒഴിവാക്കാൻ ശ്രമിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫിന്റെ വികാരത്തെ ഞാൻ ഉൾക്കൊള്ളുന്നു എങ്കിലും ആ ഭേദഗതി അംഗീകരിക്കാൻ കഴിയില്ല. സംരംഭകനും കൺസെഷനറും തമ്മിൽ വ്യത്യാസമുണ്ട്. ലാ ഡിപ്പാർട്ടുമെന്റും ധനകാര്യവകുപ്പും കൂടി ഇരുന്നിട്ടും കൃത്യമായ ഒരു തർജ്ജമ മലയാളത്തിൽ കാണാത്തതുകൊണ്ട് അതുതന്നെ ഉപയോഗിക്കാൻ തീരുമാനിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ഖണ്ഡം 2(i)മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎ)-യിലെ "സ്വകാര്യമേഖല പങ്കാളി" എന്നീ വാക്കുകൾക്ക് പകരം "സ്വകാര്യമേഖലാപങ്കാളി" എന്ന വാക്ക് ചേർക്കുക.

130. ഖണ്ഡം 2(i) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എബി)-യിലെ "സ്വകാര്യമേഖല പങ്കാളിയും" എന്നീ വാക്കുകൾക്ക് പകരം "സ്വകാര്യമേഖലാപങ്കാളിയും" എന്ന വാക്ക് ചേർക്കുക.

136. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസി)-യിൽ- (1)"തീരുമാനമെടുത്തതിന് ശേഷം"എന്ന വാക്കിന് ശേഷം "പ്രോജക്ടിനാവശ്യമായ" എന്ന വാക്ക് ചേർക്കുക.

143. ഖണ്ഡം 2(i) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഡി)- യിൽ "6 ബി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റി എന്നർത്ഥമാകുന്നു " എന്നതിനു പകരം "6 ബി വകുപ്പിന്റെ കീഴിൽ രൂപീകരിക്കപ്പെട്ടതും ബോർഡ് ഏൽപ്പിച്ചു കൊടുക്കുന്ന അധികാരങ്ങളും ചുമതലകളും വിനിയോഗിക്കേണ്ടതുമായ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

150. ഖണ്ഡം 2(i) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഇ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക. "(എഎഫ്) ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ എന്നാൽ 6 സി വകുപ്പിൻ കീഴിൽ നിധിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്ന കമ്മീഷൻ എന്നർത്ഥമാകുന്നു"

154. ഖണ്ഡം 2 (ii) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഇഎ)-യിൽ "ഏതെങ്കിലും ഒരു കമ്പനി എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും സർക്കാർ കമ്പനിയുടെ സബ്സിഡിയറി ആയ ഒരു കമ്പനി ഉൾപ്പെടുന്നതുമാകുന്നു" എന്നീ വാക്കുകൾക്കു പകരം "ഏതെങ്കിലും ഒരു കമ്പനിയോ, കമ്പനിയുടെ സബ്സിഡിയറി ആയ മറ്റൊരു കമ്പനിയോ എന്നർത്ഥമാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

163. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(എഫ്)-ൽ "രണ്ടാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള" എന്നീ വാക്കുകൾക്ക് ശേഷം വരുന്ന വാക്കുകൾക്കു പകരം "പ്രോജക്റ്റുകളോ ഒന്നോ അതിലധികമോ മേഖലകൾ ഉൾപ്പെടുന്ന വിവിധോദ്ദേശ്യ പ്രോജക്റ്റുകളോ എന്നർത്ഥമാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

173. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഐഎ)-യിൽ"പൊതുമേഖലാ സംരംഭമോ"എന്നീ വാക്കുകൾക്ക് ശേഷം "കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ബോർഡോ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും സ്ഥാപനമോ" എന്നീ വാക്കുകൾ ചേർക്കുക

177. ഖണ്ഡം 2(vi) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഐബി)-യിൽ "ഒരു അടിസ്ഥാനസൗകര്യ പ്രോജക്റ്റ് എന്നർത്ഥമാകുന്നതും അതിൽ"എന്നീ വാക്കുകൾ ഒഴിവാക്കുക.

221. ഖണ്ഡം 2 (viii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ) ഇനം (vii)-ലെ "ഇളവ്"എന്ന വാക്കിന് മുമ്പ് "നിർണ്ണയിക്കാവുന്ന പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

230. ഖണ്ഡം 2 (ix) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എംഎ)-യിൽ "അല്ലെങ്കിൽ" എന്ന വാക്കിനു ശേഷം "അപ്രകാരമുള്ള" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ഖണ്ഡം 2(i) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(എഎ)-യിൽ "സ്വകാര്യമേഖല പങ്കാളി" എന്നതിന് പകരം "ഒരു പൊതുഏജൻസി" എന്ന് ചേർക്കുക.

133. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എ ബി)-യിൽ "പങ്കാളിയും തമ്മിലുണ്ടാക്കിയ ഒരു കരാർ" എന്നതിനു പകരം "ഉഭയകക്ഷികരാർ" എന്ന വാക്ക് ചേർക്കുക.

137. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എസി)-യിൽ "സാങ്കേതിക വിദ്യാപരമായ മാനദണ്ഡങ്ങൾ" എന്നീ വാക്കുകൾക്കുശേഷം "ആധുനിക മെഷീനറികൾ ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വിദ്യാ പഠനം" എന്നീ വാക്കുകൾ ചേർക്കുക.

140. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എസി)-യിൽ "മറ്റ് വിവരങ്ങൾ" എന്നതിനു പകരം "സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക പഠനം" എന്ന് ചേർക്കുക.

145. ഖണ്ഡം 2(i)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഇ)-യിൽ " സാങ്കേതികവും" എന്ന വാക്കിന് ശേഷം "സാമൂഹികവും" എന്ന വാക്ക് ചേർക്കുക.

146. ഖണ്ഡം 2(i)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഇ)-യിൽ "മൂലധന ചെലവ്, നടപ്പിലാക്കുന്നതിന് ആവശ്യമായ സമയം" എന്നതിന് പകരം" മൂലധന ചെലവും സമയവും" എന്നു ചേർക്കുക.

148. ഖണ്ഡം 2(i)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഇ)-യിൽ "പ്രകാരമുള്ള മറ്റ് വിവരങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "പ്രാദേശിക വിഷയങ്ങൾ ഇപ്രകാരമുള്ള മറ്റ് വിവരങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

155. ഖണ്ഡം 2 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഇഎ)-യിൽ "ഏതെങ്കിലും ഒരു കമ്പനി" എന്നതിനു പകരം "വളരെ വിജയകരമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു കമ്പനി" എന്ന് ചേർക്കുക.

156. ഖണ്ഡം 2 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഇഎ)-യിൽ "സർക്കാർ കമ്പനിയുടെ" എന്നീ വാക്കുകൾക്ക് മുൻപ് "നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

160. ഖണ്ഡം 2 (ii)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഇബി)-യിൽ "ആസ്തികൾ അല്ലെങ്കിൽ സേവനങ്ങൾ" എന്നതിനുപകരം "ആസ്തികളും സേവനങ്ങളും" എന്ന് ചേർക്കുക.

166. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എഫ്)-ൽ "മേഖലകൾ" എന്നതിനു പകരം "വകുപ്പുകൾ" എന്നു ചേർക്കുക.

170. ഖണ്ഡം 2(iv)-ൽ "ഇരുപത്തിയാറ് ശതമാനത്തിൽ" എന്നീ വാക്കുകൾക്ക് പകരം "മുപ്പത്തിയഞ്ച് ശതമാനത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

174. ഖണ്ഡം 2(vi)മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഎ)-ൽ " ആൾ" എന്നതിനു പകരം "കമ്പനി" എന്നു ചേർക്കുക"

179. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഐബി)-യിൽ, "സാമൂഹികവുമായ" എന്ന വാക്കിനു പകരം "സാമൂഹികവും പാരിസ്ഥിതികവുമായ" എന്നീ വാക്കുകൾ ചേർക്കുക.

183. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഐബി)-യുടെ വിശദീകരണത്തിൽ, "സ്കൂളുകൾ, സാമൂഹിക സേവനങ്ങൾ" എന്നീ വാക്കുകൾക്ക് ശേഷം "സാംസ്കാരിക, വിനോദസഞ്ചാര സേവനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

189. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐസി)-യിൽ " ഒരു ക്രമീകരണം" എന്നീ വാക്കുകൾക്ക് പകരം "നടത്തിപ്പ്" എന്ന വാക്ക് ചേർക്കുക.

193. ഖണ്ഡം 2 (vi) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐസി)-യിൽ "രൂപകൽപന, വികസനം, നിർമ്മാണം, പരിപാലനം അല്ലെങ്കിൽ പ്രവർത്തനം" എന്നതിനുശേഷം "സാമൂഹിക, മലിനീകരണ, പാരിസ്ഥിതിക പ്രവർത്തനം" എന്നു കൂടി ചേർക്കുക.

195. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐസി)-യിൽ "സേവനങ്ങൾക്കുള്ള തുക" എന്നീ വാക്കുകൾക്ക് ശേഷം "സാങ്കേതിക വിദ്യയും മെഷീനറിയും " എന്നീ വാക്കുകൾ ചേർക്കുക.

201. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഡി)-യിൽ "നിയന്ത്രണത്തിലുള്ളതോ" എന്ന വാക്കിന് ശേഷം സർക്കാർ ഗ്രാന്റ് വാങ്ങുന്നതോ" എന്നീ വാക്കുകൾ ചേർക്കുക.

205. ഖണ്ഡം 2 (vii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (കെഎ)-ൽ "പൊതു ഏജൻസി" എന്നതിനു പകരം "ഒരു പൊതു ഏജൻസി" എന്ന് ചേർക്കുക.

208. ഖണ്ഡം 2 (vii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (കെബി)-യിൽ "ബോർഡ് നിയോഗിച്ചിട്ടുള്ള" എന്നതിനു ശേഷം "കാര്യപ്രാപ്തിയുള്ള" എന്നീ വാക്കുകൾ കൂടി ചേർക്കുക.

217. " ഖണ്ഡം 2(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ) ഇനം (vi)-ൽ "ഏതെങ്കിലും ഭൂമി" എന്നീ വാക്കുകൾക്ക് ശേഷം "പാരിസ്ഥിതിക ആഘാതം ഉണ്ടാകാത്ത തരത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

222. ഖണ്ഡം 2 (viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ) ഇനം (vii)-ൽ "സമയം ദീർഘിപ്പിച്ചു നൽകുക" എന്നതിനുപകരം "നിശ്ചിത ദിവസത്തേക്ക് സമയം ദീർഘിപ്പിച്ചു നൽകുക" എന്ന് ചേർക്കുക.

225. ഖണ്ഡം 2 (ix) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എംഎ)-യിൽ "അടിസ്ഥാന സൗകര്യ സംവിധാനം ഉപയോഗിക്കുന്ന" എന്നതിനു പകരം "അടിസ്ഥാന സൗകര്യം ഉപയോഗിച്ച്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ഖണ്ഡം 2(i) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎ), താഴെപ്പറയും പ്രകാരം മാറ്റുക:

"(എഎ) 'കൺസെഷനർ' എന്നാൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഒരു പൊതുമേഖലാ സംരംഭമോ, പൊതുമേഖല സംരംഭത്തിന്റെ സബ്സിഡിയറിയായ സ്ഥാപനമോ എന്നർത്ഥമാകുന്നു"

125. ഖണ്ഡം 2(i) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എബി) ഒഴിവാക്കുക.

152. ഖണ്ഡം2(ii) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇഎ)-യിൽ "സർക്കാരിനോ കേന്ദ്ര സർക്കാരിനോ മറ്റ് സംസ്ഥാന സർക്കാരുകൾക്കോ" എന്നതിന് പകരം "സർക്കാരിന്" എന്ന് ചേർക്കുക.

209. ഖണ്ഡം 2 (vii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (കെ ബി) താഴെ പറയും പ്രകാരം മാറ്റുക:

(കെബി) "സ്പോൺസറിംഗ് ഏജൻസി" എന്നാൽ ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി ബോർഡ് നിയോഗിച്ചിട്ടുള്ള ഒരു പൊതു ഏജൻസി എന്നർത്ഥമാകുന്നു.

214. "ഖണ്ഡം 2(viii) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-യിലെ ഇനം (iv) ഒഴിവാക്കുക ".

224. ഖണ്ഡം 2 (ix) ഒഴിവാക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

128. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എബി)-യിൽ,-

1. "എന്നാൽ" എന്നതിനു ശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.
2. "ഒരു പൊതു ഏജൻസിയും ഒരു സ്വകാര്യമേഖല പങ്കാളിയും തമ്മിലുണ്ടാക്കിയ" എന്നത് "ഒരു പൊതു ഏജൻസി മാത്രമായോ ഒന്നോ അതിലധികമോ പൊതു ഏജൻസികൾ സംയുക്തമായോ ഒന്നോ അതിലധികമോ സ്വകാര്യ മേഖല പങ്കാളികളുമായി ഉണ്ടാക്കിയ" എന്ന് ഭേദഗതി ചെയ്യുക.

142. ഖണ്ഡം 2(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(എസി)-യിൽ "വിശദമായ പ്രോജക്ട് പഠനം എന്നർത്ഥമാകുന്നു" എന്നതിലെ "പ്രോജക്ട്" എന്ന വാക്ക് ഒഴിവാക്കുക.

161. ഖണ്ഡം 2 (ii)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(ഇബി)-യിൽ "സേവനങ്ങൾ" എന്നതിനുശേഷം "അല്ലെങ്കിൽ അവ രണ്ടും" എന്ന് ചേർക്കുക.

165. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 2(എഫ്) വകുപ്പിൽ,-

1. "പ്രോജക്ടുകളും" എന്ന വാക്ക് വരുന്നിടങ്ങളിലെല്ലാം "പ്രോജക്ടുകളോ" എന്ന വാക്ക് ചേർക്കുക.

2. "ഉൾപ്പെടുന്നതാകുന്നു" എന്നത് "എന്നർത്ഥമാകുന്നു" എന്നു മാറ്റുക.

178. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഐബി)-യിൽ "ഭൗതികവും" എന്നതിനുശേഷം "സാങ്കേതികവും" എന്ന വാക്ക് ചേർക്കുക.

182. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐബി)-യുടെ വിശദീകരണത്തിൽ, "ഉദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകൾ എന്നും" എന്നീ വാക്കുകൾക്കു ശേഷം "സാങ്കേതിക അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ എന്നാൽ വിവരസാങ്കേതിക രംഗത്തുൾപ്പെടെയുള്ള സാങ്കേതിക രംഗത്തെ പ്രകടമോ പ്രകടമല്ലാത്തതോ ആയ ആസ്തികൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ളതോ വികസിപ്പിച്ചിട്ടുള്ളതോ ആയ പ്രോജക്ടുകൾ എന്നും" എന്ന് ചേർക്കുക.

186. ഖണ്ഡം 2 (vi) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2 (ഐബി)-യുടെ വിശദീകരണം കഴിഞ്ഞ് താഴെപ്പറയുന്ന ഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ അത് പ്രകാരം പുനഃക്രമീകരിക്കുകയും ചെയ്യുക:

(ഐസി) "റിസ്ക്ക്" എന്നാൽ പ്രോജക്ടിൽ ഉണ്ടാവാനിടയുള്ള നഷ്ടവും വ്യവഹാരങ്ങളും ഉൾപ്പെടെയെന്നാകുന്നു".

190. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐസി)-യിൽ "ക്രമീകരണം" എന്നതിനു ശേഷം "അല്ലെങ്കിൽ കരാർ" എന്ന് ചേർക്കുക.

192. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐസി)-യിൽ "നിർമ്മാണം പരിപാലനം" എന്നീ വാക്കുകളുടെ ഇടയിൽ "നവീകരണം " എന്ന് ചേർക്കുക.

198. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഡി)-യിൽ "ബോർഡ്," എന്നതിനുശേഷം "കോർപ്പറേഷൻ," എന്ന് ചേർക്കുക.

200. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഡി)-യിൽ "സർവ്വകലാശാല," എന്നതിനുശേഷം "കമ്മീഷനുകൾ," എന്ന് ചേർക്കുക.

203. ഖണ്ഡം 2 (vii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (കെഎ)-ൽ "പ്രവൃത്തി" എന്ന വാക്കിനു പകരം "പദ്ധതി" എന്ന വാക്ക് ചേർക്കുക.

218. ഖണ്ഡം 2 (viii) പ്രകാരം പ്രധാന ആക്ടിൻ കീഴിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ ഇനം (vi)-ന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:"

"(vii) ഏതെങ്കിലും ഭൂമി പാട്ടത്തിനോ അല്ലാതെയോ വിട്ടുനൽകൽ".

227. ഖണ്ഡം 2 (ix) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എംഎ)-യിൽ "ആൾ" എന്ന വാക്കിനു പകരം "വ്യക്തിയോ സംരംഭമോ" എന്നീ വാക്കുകൾ ചേർക്കുക.

128-ാം നമ്പർ ഭേദഗതിയിൽ കൺസെഷൻ കരാർ എന്ന നിർവ്വചനത്തിൽ "ഒരു പൊതു ഏജൻസിയും ഒരു സ്വകാര്യമേഖലാ പങ്കാളിയും തമ്മിലുണ്ടാക്കിയ കരാർ" എന്നാണ് പറഞ്ഞിരിക്കുന്നത്. രണ്ട് സ്വകാര്യ പങ്കാളികളോ പൊതു ഏജൻസികളോ വരികയാണെങ്കിൽ എന്നുള്ളതാണ് ഞാൻ ഈ അമെന്റ്മെന്റിൽ കൊണ്ടുവന്നിരിക്കുന്നത്. ഉദാഹരണത്തിന് കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. എന്നിവ ഒരുമിച്ച് ഒരു പദ്ധതി ഏറ്റെടുക്കുന്നു. അല്ലെങ്കിൽ കോർപ്പറേഷൻ ഒരുമിച്ച് വരുന്നു. അതനുസരിച്ചാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

161-ാം നമ്പർ ഭേദഗതിയിൽ അടിസ്ഥാന സൗകര്യം എന്നതിന്റെ നിർവചനത്തിൽ 'ഒന്നോ അതിലധികമോ മേഖലകളിലുള്ള ആസ്തികൾ അല്ലെങ്കിൽ സേവനങ്ങൾ' എന്നാണ് പറഞ്ഞിട്ടുള്ളത്. ആസ്തികളും സേവനങ്ങളും കൂടി ഒരാൾ തരികയാണെങ്കിൽ അവ രണ്ടും ഉൾപ്പെടെ ഈ നിർവ്വചനത്തിൻ കീഴിൽ വരണമെന്നാണ് 161 കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്.

178-ാം നമ്പർ ഭേദഗതിയിൽ "പ്രോജക്ട്" എന്ന നിർവ്വചനത്തിൽ 'ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ മാത്രമാണ് നിർവ്വചിച്ചിട്ടുള്ളത് '. അതിൽ ഐ.ടി. വരികയാണെങ്കിൽ അതുകൂടി ഉൾപ്പെടുത്തണം. അതാണ് "സാങ്കേതിക പ്രോജക്ടുകൾ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

218-ാം നമ്പർ ഭേദഗതിയിൽ "സംസ്ഥാന സഹായം" എന്ന നിർവ്വചനത്തിൽ ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിന് നൽകുന്ന

സർക്കാർ സഹായമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ സഹായത്തിന്റെ പട്ടികയിൽ പ്രോജക്ടിനായി ഭൂമി പാട്ടത്തിനോ അല്ലാതെയോ വിട്ടുനൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. അതുകൂടി ഉൾപ്പെടുത്തണം.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

129. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എബി)-യിൽ "പങ്കാളിത്തത്തിനുവേണ്ടിയും അത് സംബന്ധിച്ചും" എന്നതിനു പകരം "പങ്കാളിത്തത്തിനുവേണ്ടി" എന്ന് ചേർക്കുക.

131. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് ആക്ടിലെ വകുപ്പ് 2(എബി)-യിൽ "സ്വകാര്യമേഖല പങ്കാളിയും" എന്നതിനു പകരം "സ്വകാര്യമേഖല ഏജൻസിയും" എന്നു ചേർക്കുക.

138. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്ടികൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസി)-യിൽ "വിദ്യാപരമായ മാനദണ്ഡങ്ങൾ" എന്നതിനു പകരം "വിദ്യാപരവും പാരിസ്ഥിതികവുമായ മാനദണ്ഡങ്ങൾ, സാമ്പത്തികമായ വിജയ സാദ്ധ്യതകൾ" എന്ന് ചേർക്കുക.

158. ഖണ്ഡം 2 (ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഇബി)-യിൽ "ആസ്തികൾ" എന്നതിനു പകരം "അടിസ്ഥാന ആസ്തികൾ" എന്ന് ചേർക്കുക.

197. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഡി)-യിൽ "സർക്കാർ കമ്പനി," എന്നതിനു ശേഷം "ഇത്തരം ആവശ്യങ്ങൾക്ക് സർക്കാർ രൂപീകരിക്കുന്ന കമ്പനികൾ," എന്ന് ചേർക്കുക.

212. ഖണ്ഡം 2(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-യിൽ "കൺസെഷനർക്ക്" എന്നതിനു ശേഷം "പ്രസ്തുത ആവശ്യത്തിലേക്ക് "എന്ന് ചേർക്കുക ".

228. ഖണ്ഡം 2 (ix) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എംഎ)-യിൽ "യൂസർ ചാർജ്" എന്നതിനു പകരം "ഉപയോഗ ഫീസ്" എന്ന് ചേർക്കുക.

228-ാം നമ്പർ ഭേദഗതി ഇവിടെ പറഞ്ഞ വിഷയം തന്നെയാണ്. 'യൂസർ ഫീ ചാർജ് ' എന്നതിനുപകരം 'ഉപയോഗ ഫീസ്' എന്നാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. മലയാളം ഭാഷ ഉപയോഗിക്കുന്നതിനാണ് അത് മൂവ് ചെയ്തത്.

<u>ശ്രീ. എസ്. ശർമ്മ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

134. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(എസി)-യിൽ,-

1. "വിശദമായ പ്രോജക്ട് പഠനം" എന്നതിന് പകരം "വിശദമായ പ്രോജക്ട് റിപ്പോർട്ട്" എന്നു ചേർക്കുക.

2. "നിർണ്ണയിക്കുന്നതിനുവേണ്ടി നടത്തുന്ന വിശദമായ പ്രോജക്ട് പഠനം " എന്നതിന് പകരം "ഉൾക്കൊള്ളുന്ന റിപ്പോർട്ട് " എന്നു ചേർക്കുക.

157. ഖണ്ഡം 2 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (ഇബി)-യിൽ "ഒന്നോ അതിലധികമോ മേഖലകളിലുള്ള ആസ്തികൾ അല്ലെങ്കിൽ സേവനങ്ങൾ" എന്നതിനു പകരം "മേഖലയിലുള്ള ആസ്തികൾ" എന്ന് ചേർക്കുക.

162. ഖണ്ഡം 2 (iii)പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(എഫ്)-ൽ 'രണ്ടാം പട്ടികയിൽ' എന്നതു മുതൽ 'ഉൾപ്പെടുന്നതാകുന്നു' എന്നതു വരെയുള്ള വാക്കുകൾക്ക് പകരം "രണ്ടാം പട്ടികയിൽ നൽകിയിട്ടുള്ള മേഖലകളിൽ അടിസ്ഥാന സൗകര്യം സൃഷ്ടിക്കാനുള്ള പദ്ധതികളും അവയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കലും ഉൾക്കൊള്ളുന്നതും അതിൽ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ ഉൾപ്പെടുന്നതുമാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

184. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 2 (ഐബി)-യിലെ വിശദീകരണത്തിലെ "പ്രകടമല്ലാത്ത" എന്ന വാക്ക് ഒഴിവാക്കുകയും അപ്രകാരം ഭേദഗതി ചെയ്ത വിശദീകരണം 2 എഫ് വകുപ്പിൽ ചേർക്കുകയും ചെയ്യുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എസി)-യിലെ "പ്രാഥമിക നിക്ഷേപത്തിനുള്ള" എന്നീ വാക്കുകൾക്ക് പകരം "നിക്ഷേപത്തിനുള്ള പ്രാഥമിക" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം2(i) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഇ)-യിൽ "നടപ്പിലാക്കുന്നതിന് ആവശ്യമായ സമയം" എന്നീ വാക്കുകൾക്കു ശേഷം "പ്രതീക്ഷിത വരുമാനമുണ്ടാകുമെങ്കിൽ അത്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

153. ഖണ്ഡം 2 (ii) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഇഎ)-യിൽ "കേന്ദ്ര സർക്കാരിനോ മറ്റ്" എന്നതിനുശേഷം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

167. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഫ്) അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ എന്നതിൽ രണ്ടാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള മേഖലകളിലെ പ്രോജക്ടുകളും, അതിൽ വ്യക്തമാക്കിയിട്ടുള്ള ഒന്നോ അതിലധികമോ മേഖലകൾ ഉൾപ്പെടുന്ന വിവിധോദ്ദേശ്യ പ്രോജക്ടുകളും ഉൾപ്പെടുന്നതുമാകുന്നു."

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 2(iv)-ൽ "ഇരുപത്തിയാറ്" എന്ന വാക്കിന് പകരം "ഇരുപത്തി അഞ്ച്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. ഖണ്ഡം 2(iv)-ൽ "ഇരുപത്തിയാറ് ശതമാനത്തിൽ" എന്നീ വാക്കുകൾക്ക് പകരം "മുപ്പത് ശതമാനത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

181. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (ഐബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഐബി) പ്രോജക്ട് "എന്നാൽ ഒരു അടിസ്ഥാന സൗകര്യ പ്രോജക്ടും പരിപാലനവും എന്നർത്ഥമാകുന്നതും അതിൽ മാനുഷികവും ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ ഉൾപ്പെടുന്ന തുമാകുന്നു".

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

180. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2(ഐബി) താഴെപ്പറയും പ്രകാരം മാറ്റുകയും നിലവിലുള്ള വിശദീകരണം ഒഴിവാക്കുകയും ചെയ്യുക:

"(ഐബി) "പ്രോജക്ട്" എന്നാൽ ഖണ്ഡം (എഫ്) പ്രകാരമുള്ള അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ എന്നർത്ഥമാകുന്നു."

196. ഖണ്ഡം 2(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐസി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഐസി) "പൊതുസ്വകാര്യ പങ്കാളിത്തം" എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഒരു പൊതു ഏജൻസിയും ഒരു സ്വകാര്യ മേഖലാ പങ്കാളിയും തമ്മിലുള്ള ഒരു ക്രമീകരണം എന്നർത്ഥമാകുന്നതും അതിൽ പ്രോജക്ടിന് വേണ്ട നിക്ഷേപം, രൂപകല്പന, വികസനം, നിർമ്മാണം, പരിപാലനം അല്ലെങ്കിൽ പ്രവർത്തനം എന്നിവ ഉൾപ്പെടുന്നതും അതിൽ റിസ്കുകൾ പങ്കുവയ്ക്കപ്പെടുകയോ യൂസർ ചാർജ് ഏർപ്പെടുത്തിക്കൊണ്ടോ ആന്വിറ്റിയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ഒറ്റത്തവണയായി പണം നൽകിക്കൊണ്ടോ കരാറിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള നിക്ഷേപ തുക മടക്കി നൽകുന്നതിന് വേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതുമാകുന്നു"

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

194. ഖണ്ഡം 2 (vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐസി)-യിൽ "റിസ്ക് ഏറ്റെടുക്കുന്ന വിധത്തിൽ, റിസ്കുകൾ പങ്കുവെയ്ക്കപ്പെടുകയും " എന്നതിനു പകരം "റിസ്ക് ഏറ്റെടുക്കുകയും റിസ്കുകൾ തുല്യമായി പങ്കുവയ്ക്കപ്പെടുകയും " എന്ന് ചേർക്കുക.

229. ഖണ്ഡം 2 (ix) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എംഎ)-യിൽ "അല്ലെങ്കിൽ മറ്റേതെങ്കിലും" എന്നീ വാക്കുകൾക്കു പകരം "അല്ലെങ്കിൽ അപ്രകാരമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ശശി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

207. ഖണ്ഡം 2 (vii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (കെ എ) താഴെ പറയും പ്രകാരം മാറ്റുക:

(കെഎ) "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" എന്നാൽ ബോർഡ് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും പ്രോജക്ട് നടപ്പിലാക്കുന്നതിനായി രൂപീകരിക്കപ്പെട്ട ഒരു ഏജൻസി എന്നർത്ഥമാകുന്നതും അതിൽ പൊതു ഏജൻസിയോ സംയുക്ത സംരംഭമോ അല്ലെങ്കിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഏജൻസിയോ ഉൾപ്പെടുന്നതും ഇപ്രകാരമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ 2013-ലെ കമ്പനി നിയമ പ്രകാരം രൂപീകരിക്കേണ്ടതും അതിൽ സർക്കാർ പ്രതിനിധി ഉണ്ടായിരിക്കേണ്ടതുമാണ്.

213. "ഖണ്ഡം 2(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-യിൽ "കൺസെഷനർക്ക്" എന്നതിന് പകരം "സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് " എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

211. ഖണ്ഡം 2(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-യിൽ "ഒരു കൺസെഷനർക്ക്" എന്ന വാക്കുകൾക്കുശേഷം "വ്യവസ്ഥകൾക്കു വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

220. ഖണ്ഡം 2 (viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ) ഇനം (vii)-ൽ "ഫീസോ നൽകുന്നതിൽ നിന്നും"എന്നീ വാക്കുകൾക്കുശേഷം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കു ചേർക്കുക.

<u>ശ്രീ. അബ്ദുൽ ഹമീദ് പി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

223. പ്രധാന ആക്ടിലെ വകുപ്പ് 2(എം)-ൽ "പൊതുമേഖലാ സംരംഭങ്ങളോ" എന്നതിനുശേഷം "സ്വകാര്യ സംരംഭങ്ങളോ സംയുക്ത സംരംഭങ്ങളോ" എന്ന് ചേർക്കുക.

ശ്രീ. ജെയിംസ് മാത്യു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. ഖണ്ഡം 2 (ix) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എംഎ) താഴെ പറയും പ്രകാരം മാറ്റുക:

"യൂസർ ലെവി" എന്നാൽ സാമൂഹിക അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ ഒഴികെ ഒരു അടിസ്ഥാന സൗകര്യ സംവിധാനം ഉപയോഗിക്കുന്ന ആൾ സർക്കാർ നയത്തിന് അനുസൃതമായി ബോർഡ് നിശ്ചയിക്കുന്ന യൂസർ ചാർജ്, ഫീസ് അല്ലെങ്കിൽ മറ്റേതെങ്കിലും തുക, അത് ഏത് പേരിൽ വിളിക്കപ്പെട്ടാലും, എന്നർത്ഥമാകുന്നു.

മി. സ്പീക്കർ : മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. 149, 151 എന്നിവ തുല്യമാണ്. 215, 219 എന്നിവ 216-ന് തുല്യമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ആദ്യം ജനറലായി പറയാം. മലയാളത്തിന് അന്യഭാഷയിൽ നിന്നും പദങ്ങൾ കടമെടുക്കാറുണ്ട്. ഉദാഹരണത്തിന്, ഈ നിയമത്തിൽ തന്നെ "കൺസെഷനർ" മാത്രമല്ല നമ്മൾ എപ്പോഴും ഉപയോഗിക്കുന്ന വാക്കായ "റിസ്ക് " എന്ന വാക്കിന്റെ മലയാളം എന്താണ്; "റിസ്ക് " എന്നുള്ളത് എല്ലാവരും ഉപയോഗിക്കുന്നത് "റിസ്ക്" എന്നുതന്നെയാണ്. "നഷ്ടോത്തരവാദിത്വം" അല്ല. " Profit is the return on the risk taken" "ലാഭം എന്റെ നഷ്ടോത്തരവാദിത്വത്തിനുള്ള പ്രതിഫലമാണ്" എന്നുപറഞ്ഞാൽ ആർക്കെങ്കിലും മനസ്സിലാകുമോ;. അതുകൊണ്ട് ഞങ്ങൾ കുറച്ച് പ്രാഗ്മാറ്റിക് രീതി അവലംബിച്ചുവെന്നേയുള്ളൂ. ആദ്യം സ്വീകരിക്കുന്ന വകുപ്പുകൾ പറയാം. അതിനുശേഷം മറ്റ് ചിലത് എന്തുകൊണ്ട് സ്വീകരിക്കുന്നില്ല എന്നും വ്യക്തമാക്കാം.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 118, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 121, 130 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി ചില മോഡിഫിക്കേഷനോടുകൂടി അംഗീകരിക്കുന്നു. " കേന്ദ്ര സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി ബോർഡുകളും" എന്നുള്ളത് സ്വീകരിക്കാം. മറ്റുള്ളത് സ്വീകരിക്കുന്നില്ല.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. 'പ്രാഥമിക നിക്ഷേപത്തിനുള്ള' എന്നതിനുപകരം 'നിക്ഷേപത്തിനുള്ള പ്രാഥമിക' എന്നാണ്. പ്രാഥമികം എന്നുപറയുന്നത് നിക്ഷേപത്തിന്റെ adjective

അല്ല; തീരുമാനത്തിനാണ് അത് വരുന്നത്. 'നിക്ഷേപം നടത്താനുള്ള പ്രാഥമിക തീരുമാനം' എന്നാണ് വരേണ്ടത്. പ്രാഥമിക നിക്ഷേപം നടത്താനുള്ള തീരുമാനമല്ല.

മറ്റ് ചില ഗൗരവമായുള്ള ഭേദഗതികൾ സ്വീകരിക്കാൻ കഴിയാത്തതിൽ പ്രയാസമുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി 'ഒരു' എന്ന വാക്ക് നീക്കം ചെയ്യണമെന്നത് സംബന്ധിച്ചാണ്. നിലവിലുള്ള Kerala Interpretation of General Clauses Act പ്രകാരം 'ഒരു' എന്നുപറഞ്ഞാൽ plural-ആകാം. He എന്നുപറഞ്ഞാൽ She എന്നുമാകാം. അതുകൊണ്ട് 'ഒരു' മാറ്റേണ്ട ആവശ്യമില്ല.

ശ്രീ. എസ്. ശർമ്മയുടെ 134-ാം നമ്പർ ഭേദഗതിയിൽ 'വിശദമായ പ്രോജക്ട് പഠനം' എന്നുള്ളത് 'വിശദമായ പ്രോജക്ട് റിപ്പോർട്ട്' എന്നാക്കാം എന്നാണ്. അങ്ങനെയല്ല ആ ക്ലോസ് പരാമർശിക്കുന്നത് പഠന പ്രക്രിയയെക്കുറിച്ച് തന്നെയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതിയിൽ പറയുന്ന 'ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ' എന്നുള്ള ക്ലോസ് കൊണ്ടുവരണമെന്നുള്ളതാണ്. അത് വേറെ നിർവ്വചിക്കുന്നുണ്ട്. അതുകൊണ്ട് റിപ്പീറ്റ് ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. സണ്ണി ജോസഫ്, റ്റി. വി.രാജേഷ്, മോൻസ് ജോസഫ് എന്നീ അംഗങ്ങൾ 25 ശതമാനം എന്നുള്ളത് 26 ശതമാനമാക്കണമെന്ന് പറഞ്ഞു. അതുകൊണ്ട് നമുക്ക് പ്രത്യേകിച്ച് ഗുണമൊന്നും കിട്ടാനില്ല. 51 ശതമാനം ആക്കിയാൽ ഗുണമുണ്ട്. 25 ശതമാനത്തിൽ നിന്ന് 26 ശതമാനം അക്കിയാൽ പ്രത്യേകിച്ച് നേട്ടമൊന്നുമുണ്ടാകുന്നില്ല. അതുകൊണ്ട് സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u> : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 121, 130 എന്നീ നമ്പർ ഭേദഗതികളും 173-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും സഭ അംഗീകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 123, 127, 132, 139, 141, 144, 151, 164, 171, 175, 176, 187, 191, 199, 202, 206, 210, 216, 226, 231 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 119, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 136, 143, 150, 154, 163, 177, 221, 230 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 122, 133, 137, 140, 145, 146, 148, 155, 156, 160, 166, 170, 174, 179, 183, 189, 193, 195, 201, 205, 208, 217, 222, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 124, 125, 152, 209, 214, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 128, 142, 161, 165, 178, 182, 186, 190, 192, 198, 200, 203, 218, 227 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 129, 131, 138, 158, 197, 212, 228 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 134, 157, 162, 184 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച 153, 167 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 169, 181 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 180, 196 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. റ്റി. തോമസ് അവതരിപ്പിച്ച 180, 196 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ശശി അവതരിപ്പിച്ച 207, 213 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

234. ഖണ്ഡം 3 (എ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (1 എ)-യിൽ "ഫണ്ട് കോർപ്പസിൽ" എന്നീ വാക്കുകൾക്ക് പകരം "നിധിയിൽ" എന്ന വാക്ക് ചേർക്കുക.

266. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ലെ ക്ലിപ്തനിബന്ധനയിൽ "യൂണിയന്റെയോ" എന്ന വാക്കിന് പകരം "കേന്ദ്രത്തിന്റേയോ" എന്ന വാക്കും "ബോണ്ടുകളിലോ" എന്ന വാക്കിന് ശേഷം "കടപ്പത്രങ്ങളിലോ" എന്ന വാക്കും ചേർക്കുക.

274. ഖണ്ഡം 3 (ജി)(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (6 എ)-യുടെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക. "എന്നാൽ ബോർഡിന് അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അധികാരം ഫണ്ട് മാനേജരിൽ നിക്ഷിപ്തമാക്കുകയും അതിന് യുക്തമെന്ന് തോന്നുന്ന സാമ്പത്തികപരിധി നിശ്ചയിക്കാവുന്നതുമാണ്."

<u>ശ്രീ. എസ്. ശർമ്മ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 3 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (2) (എ)-യിൽ "വിഹിതത്തിൽ നിന്നും" എന്നതിനു പകരം "മുഖേന" എന്ന വാക്കും അവസാന ഭാഗത്ത് "ഇതിൽ പെട്രോൾ, ഡീസൽ എന്നിവയുടെമേൽ ചുമത്തിയിട്ടുള്ള അധിക വില്പന നികുതിയും ഉൾപ്പെടുന്നതാണ്" എന്നീ വാക്കുകളും ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

236. ഖണ്ഡം 3 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എ)-യുടെശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുകയും ശേഷിക്കുന്നവ ആയത് പ്രകാരം പുനഃക്രമീകരിക്കുകയും ചെയ്യുക:

"(ബി) 7 (3) -ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും;"

241. ഖണ്ഡം 3 (ഇ) (i)-ൽ "പണം നൽകുന്നതിനോ അല്ലെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിനോ" എന്നത് "പണം നൽകുന്നതിന് അല്ലെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിന്" എന്ന് ഭേദഗതി ചെയ്യുക.

250. ഖണ്ഡം 3 (ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിഎ)-യിൽ" നിക്ഷേപങ്ങൾക്കും" എന്നതിനുശേഷം "നഷ്ടപരിഹാരങ്ങൾക്കും" എന്ന് ചേർക്കുക.

256. ഖണ്ഡം 3(ഇ)(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(സിസി)-യിൽ "വായ്പകളും" എന്നതിനുശേഷം "മുൻകൂറുകളും" എന്ന് ചേർക്കുക.

267. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ട്രഷറിയല്ലാതെയുള്ള" എന്നതിന് പകരം "ട്രഷറിയിലോ" എന്ന് ചേർക്കുക.

281. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(ബി)-യിൽ "ഉപയോഗിച്ചിട്ടുണ്ടെന്നും" എന്നതിനു ശേഷം "അഥവാ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാരണം ബോധിപ്പിച്ചുകൊണ്ടും" എന്ന് ചേർക്കുക.

284. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(ബി)-യിൽ "വ്യക്തമാക്കിക്കൊണ്ട്" എന്നതിനുശേഷം "6 സി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട" എന്ന് ചേർക്കുക.

267-ാം നമ്പർ ഭേദഗതിയിൽ സർക്കാർ നൽകുന്ന പണമല്ലാതെയുള്ളത് ദേശസാൽകൃത ബാങ്കിലോ മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപിക്കണമെന്നാണ് പറയുന്നത്. എന്നാൽ ബഡ്ജറ്റ് സപ്പോർട്ടിൽ സർക്കാർ നൽകുന്ന പണത്തിന്റെ ഭാഗം ബോണ്ടുകളിൽ നിക്ഷേപിക്കാമെന്നും ട്രഷറിയിൽ നിക്ഷേപിക്കരുതെന്നും പറയുന്നു. അത് ശരിയല്ല. സർക്കാർ ബഡ്ജറ്റ് വിഹിതം, ഗ്രാന്റുകൾ, മുൻകൂർ വായ്പകൾ എന്നിവ ഈ നിധിയിലേക്ക് നൽകുന്നുണ്ട്. അതുകൊണ്ട് സർക്കാർ വിഹിത്തിന്റെ മിച്ചമെങ്കിലും ട്രഷറിയിൽ നിക്ഷേപിക്കണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 3 (സി)-യിൽ "ഏതെങ്കിലും സ്ഥാപനം" എന്നീ വാക്കുകൾക്കു പകരം "സ്പോൺസറിംഗ് ഏജൻസിയോ, ഏതെങ്കിലും സ്ഥാപനമോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

238. ഖണ്ഡം 3 (ഡി)-യിൽ "പദ്ധതിയിൽ" എന്ന വാക്കിന് പകരം "ആക്ടിൽ" എന്ന വാക്ക് ചേർക്കുക.

240. ഖണ്ഡം 3 (ഇ) (i)-ൽ "പണം നൽകുന്നതിനോ അല്ലെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിനോ" എന്നതിന് പകരം "സാമ്പത്തിക സഹായം നൽകുന്നതിനോ, നിക്ഷേപം വർദ്ധിപ്പിക്കുന്നതിനോ" എന്ന് ചേർക്കുക.

254. ഖണ്ഡം 3 (ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിബി)-യിൽ "പ്രതിബന്ധം" എന്നതിനു പകരം "പ്രതിസന്ധി" എന്ന് ചേർക്കുക.

255. ഖണ്ഡം 3(ഇ)(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(സിസി)-യിൽ "സംസ്ഥാനം"എന്ന വാക്കിനു പകരം "സർക്കാർ" എന്ന് ചേർക്കുക.

259. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ "പണം" എന്ന വാക്കിനു പകരം "വിഹിതം" എന്ന വാക്ക് ചേർക്കുക.

260. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനു ദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ "പണവും" എന്ന വാക്കിനു പകരം "വരുമാനവും" എന്ന വാക്ക് ചേർക്കുക.

261. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനു ദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ "ബോർഡിന്റെ"എന്ന വാക്കിനു മുൻപ് "സർക്കാരിന്റെ അനുമതിയോടും"എന്നീ വാക്കുകൾ ചേർക്കുക.

264. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "പണത്തിന്റെ" എന്നതിനു പകരം "വിഹിതത്തിന്റെ" എന്ന് ചേർക്കുക.

265. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ, യൂണിയന്റെയോ സംസ്ഥാനങ്ങളുടെയോ സോവറിൻ ബോണ്ടുകളിലോ സംസ്ഥാന ട്രഷറിയല്ലാതെയുള്ള അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപിക്കുകയോ മുതൽമുടക്കുകയോ ചെയ്യാവുന്നതാണ്" എന്നതിനു പകരം "സർക്കാരിന്റെ പൊതു അക്കൗണ്ടിൽ/ട്രഷറിയിൽ നിലനിർത്തുകയും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ അവസരങ്ങളിൽ മാത്രം പിൻവലിക്കുകയും ചെയ്യാവുന്നതും, അത് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്" എന്ന് ചേർക്കുക.

275. ഖണ്ഡം 3 (എച്ച്) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (8)-ൽ "ബഡ്ജറ്റിന്റെ" എന്ന വാക്കിനു പകരം "വാർഷിക ധനവിവര പത്രികയുടെ" എന്നീ വാക്കുകൾ ചേർക്കുക.

277. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(എ)-യിൽ "ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും" എന്നതിനു പകരം "വാർഷിക ബഡ്ജറ്റ്" എന്ന് ചേർക്കുക.

279. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(ബി)-യിൽ "ഉദ്ദേശിക്കപ്പെട്ട" എന്ന വാക്കിനു പകരം "ഏൽപ്പിക്കപ്പെട്ട" എന്ന വാക്ക് ചേർക്കുക.

280. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(ബി)-യിൽ "ഫലപ്രദമായി" എന്ന വാക്ക് ഒഴിവാക്കുക.

283. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(ബി)യിൽ "കൈകാര്യം ചെയ്തിട്ടുണ്ടെന്നും" എന്നതിനു പകരം "വിവേകപൂർവ്വമായ നിക്ഷേപം നടത്തിയിട്ടുണ്ടെന്നും" എന്ന് ചേർക്കുക.

285. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(ബി)-യിൽ "വ്യക്തമാക്കിക്കൊണ്ട്" എന്ന വാക്കിനു ശേഷം "6 സി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട"എന്നീ വാക്കുകൾ ചേർക്കുക.

286. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(ബി)-യിൽ "കമ്മീഷനിൽ നിന്നുള്ള ഒരു സർട്ടിഫിക്കറ്റ്" എന്നതിനു പകരം "കമ്മീഷൻ നൽകുന്ന ഒരു സ്റ്റേറ്റുമെന്റ്"എന്ന് ചേർക്കുക.

283-ാം നമ്പർ ഭേദഗതിയിൽ മിച്ചം വരുന്ന പണം കൈകാര്യം ചെയ്തിട്ടുണ്ടെന്നാണ് പറയുന്നത്. കൈകാര്യം ചെയ്യുകയെന്നത് സുഖകരമായ ഒരു ഭാഷയല്ല. വിവേകപൂർവ്വമായ നിക്ഷേപം നടത്തിയിട്ടുണ്ടെന്നുള്ളതാണ് ഞാൻ അതിന് കൊടുത്തിരിക്കുന്ന ഭേദഗതി. ഇങ്ങനെയാണെങ്കിൽ നന്നായിരുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

239. ഖണ്ഡം 3 (ഡി)-യിൽ "വ്യക്തമാക്കാവുന്ന" എന്നതിനു പകരം "വ്യക്തമാക്കിയിരിക്കുന്ന" എന്നത് ചേർക്കുക.

242. ഖണ്ഡം 3 (ഇ) (i)-ൽ " അല്ലെങ്കിൽ അത് " എന്നതിനുപകരം "ഉക" എന്ന് ചേർക്കുക.

244. ഖണ്ഡം 3 (ഇ) (ii)-ൽ "ധനപരമായ പ്രമാണങ്ങളോ" എന്നീ വാക്കുകൾക്കു ശേഷം "(ഈടോ)" എന്ന വാക്കും ബ്രാക്കറ്റും ചേർക്കുക ".

249. ഖണ്ഡം 3 (ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിഎ)-യിൽ "ബന്ധപ്പെട്ടുള്ള" എന്നതിന് ശേഷം "നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനുമുള്ള" എന്നത് ചേർക്കുക.

252. ഖണ്ഡം 3 (ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിബി)-യിൽ "വിവിധ മേഖലകളിലെയോ അതിന്റെ ഭാഗങ്ങളിലെയോ" എന്നതിനുപകരം "വിവിധ മേഖലകളിലെ" എന്നത് ചേർക്കുക.

262. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ "വിവേകപൂർവ്വമായ"എന്ന വാക്കിനു പകരം "വിവേകപൂർവ്വവും ആദായകരവുമായ"എന്നീ വാക്കുകൾ ചേർക്കുക.

269. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ന്റെ വിശദീകരണത്തിൽ "റേറ്റിംഗ് നൽകിയിട്ടുള്ള നിക്ഷേപങ്ങൾ" എന്നതിനുപകരം "റേറ്റിംഗും ഗ്യാരന്റിയുള്ളതും ആദായകരവുമായ നിക്ഷേപങ്ങൾ" എന്നു ചേർക്കുക.

273. ഖണ്ഡം 3 (ജി) (ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(6 എ)-യുടെ ക്ലിപ്തനിബന്ധനയിൽ " സാമ്പത്തിക പരിധി " എന്നതിനു പകരം "സാമ്പത്തിക പരിധിക്ക് സ്ലാബ്" എന്ന് ചേർക്കുക.

276. ഖണ്ഡം 3 (എച്ച്) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(എ)-ൽ "ധനാഗമമാർഗ്ഗങ്ങളും അവയുടെ വിനിയോഗവും" എന്നീ വാക്കുകൾക്ക് ശേഷം "വർക്ക് ഇൻ പ്രോഗ്രസ്സും" എന്ന വാക്കുകൾ ചേർക്കുക.

287. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(ബി)-യിൽ "ഒരു സർട്ടിഫിക്കറ്റ്" എന്നതിനുപകരം "യൂട്ടിലിറ്റി സർട്ടിഫിക്കറ്റ്"എന്നത് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 3 (ഇ) (ii)-ൽ "ധനപരമായ" എന്ന വാക്കിനുശേഷം "മൂല്യമുള്ള" എന്ന വാക്ക് ചേർക്കുക".

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

247. ഖണ്ഡം 3 (ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (സിഎ) ഒഴിവാക്കുക.

268. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5) താഴെപ്പറയും പ്രകാരം മാറ്റുക:

"(5) 7-ാം വകുപ്പിൻകീഴിൽ സർക്കാർ നൽകുന്ന പണം അല്ലാതെ (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ പണവും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സമ്മതത്തോടെയും ബോർഡിന്റെ അംഗീകാരത്തോടുകൂടിയും ദേശസാൽകൃത ബാങ്കിലോ സംസ്ഥാന ട്രഷറികളിലോ നിക്ഷേപം നടത്തേണ്ടതാണ്."

271. ഖണ്ഡം 3 (ജി) (ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (6 എ)-യുടെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

278. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)(എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച് ധനവകുപ്പ് അംഗീകരിച്ച സ്റ്റേറ്റുമെന്റ്".

ശ്രീ. കെ. ആൻസലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

248. ഖണ്ഡം 3(ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിഎ)-യിൽ "പ്രോജക്ടുകൾക്കും സർക്കാരിന്റെ മറ്റ് ആവശ്യങ്ങൾക്കും" എന്നതിന് പകരം "പ്രോജക്ടുകൾക്ക്" എന്ന് ചേർക്കുക.

251. ഖണ്ഡം 3 (ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിബി) ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

253. ഖണ്ഡം 3 (ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിബി)-യിൽ "പ്രതിബന്ധം നേരിടുന്ന" എന്നീ വാക്കുകൾക്കുശേഷം "ലാഭകരമായ" എന്ന വാക്കു ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257. ഖണ്ഡം 3(ഇ)(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(സിസി)-യിൽ "വായ്പാഗ്യാരന്റികളും" എന്നതിനു ശേഷം "ഫൈനാൻഷ്യൽ ഇൻസ്ട്രുമെന്റ്സും ഉപയോഗപ്പെടുത്തുകയും" എന്നു ചേർക്കുക.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 3(ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിസി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സിസി) സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ പ്രോജക്ടുകളിൽ മുതൽ മുടക്കുന്നതിനായി നേരിട്ട് വായ്പകളും വായ്പാഗ്യാരന്റികളും നൽകുക".

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 3(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5) താഴെപ്പറയും പ്രകാരം മാറ്റുകയും ക്ലിപ്തനിബന്ധനയും വിശദീകരണവും ഒഴിവാക്കുകയും ചെയ്യുക:

"(5) 7-ാം ഉപവകുപ്പിന് കീഴിൽ സർക്കാർ നൽകുന്ന പണം ഉൾപ്പെടെയുള്ള മിച്ചധനം ബോർഡിന്റെ അംഗീകാരത്തോടുകൂടി ഒരു ദേശസാൽകൃത ബാങ്കിലോ ഉചിതമായ റെഗുലേറ്ററി സ്ഥാപനം അല്ലെങ്കിൽ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ഏറ്റവും ഉയർന്ന റേറ്റിംഗ് നൽകിയിട്ടുള്ള നിക്ഷേപങ്ങളിലോ നിക്ഷേപിക്കാവുന്നതാണ്".

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 3 (ജി)(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(6 എ)-യുടെ ക്ലിപ്തനിബന്ധനയിൽ "അധികാരം" എന്ന വാക്കിന് പകരം "ഉത്തരവാദിത്തം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

288. ഖണ്ഡം 3(എച്ച്) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8) (ബി)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക:

"(സി) ബോർഡിന്റെ ധനം യഥാവിധി ഉപയോഗിച്ചിട്ടുണ്ടോ എന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (കേരള) ആഡിറ്റ് പരിശോധന പൂർത്തിയാക്കിയ റിപ്പോർട്ട്"

ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞതിനെ നിയമത്തിലേക്ക് കൊണ്ടുവരാൻ വേണ്ടിയാണ് ഈ ഭേദഗതി. നിയമസഭയോടുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമായി നിയമസഭയിൽ വയ്ക്കുന്ന സ്റ്റേറ്റ്മെന്റുകളുടെ കൂട്ടത്തിൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് പരിശോധന പൂർത്തിയാക്കിയ ഒരു ഓഡിറ്റ് റിപ്പോർട്ടുകൂടി നിയമസഭയിൽ വയ്ക്കുമ്പോൾ മാത്രമേ നിയമസഭയുടെ കൺട്രോൾ പൂർണ്ണമാകുകയുള്ളൂ.

<u>മി. സ്പീക്കർ</u> : 270-ാം നമ്പർ ഭേദഗതി 271-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

246. പ്രധാന ആക്ടിൽ വകുപ്പ് 3 (4) (സി)-യുടെ അവസാനം "സഹകരണ ബാങ്കുകൾ, മറ്റു വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്ന് അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് എടുക്കുന്ന വായ്പകൾ തിരിച്ചടയ്ക്കുന്നതിന്" എന്ന് ചേർക്കുക എന്ന ഭേദഗതിയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് "ലോൺ റീ-പേയ്മെന്റ് ചെയ്യുന്നതിനും കൂടി ഉപയോഗിക്കുന്നതാണ് " എന്ന് ഭേദഗതി ചെയ്യു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി, 'അഡ്വാൻസ് കൂടി ഉൾപ്പെടുത്തണമെന്നുള്ളത് സ്വീകരിക്കുകയാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതിയിൽ, ബോർഡിന്റെ ധനം യഥാവിധി ഉപയോഗിച്ചിട്ടുണ്ടോ എന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (കേരള) ആഡിറ്റ് പരിശോധനയെക്കുറിച്ചാണ് പറയുന്നത്. എന്നാൽ ഇവിടെ സി. & എ.ജി.-യുടെ ഓഡിറ്റുണ്ട്. പക്ഷെ, സി.&എ.ജി. ഓഡിറ്റ് ചെയ്യണമെന്ന് നമുക്ക് നിർബന്ധിക്കാൻ പറ്റില്ല. സി.&എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ വരും. അതാണ് കീഴ്വഴക്കം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതിയിൽ, ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ സമ്മതത്തോടെയും ബോർഡിന്റെ അംഗീകാരത്തോടുകൂടിയും ദേശസാൽകൃത ബാങ്കിലോ സംസ്ഥാന ട്രഷറികളിലോ നിക്ഷേപം നടത്തേണ്ടതാണ് എന്നാണ് പറയുന്നത്. കമ്മീഷൻ ഏതെങ്കിലും സ്ഥലത്ത് നിക്ഷേപിക്കണമെന്ന് പറയാൻ പോകുന്നില്ല. അതൊക്കെ മാനേജ്മെന്റിന്റെ ചുമതലകളാണ്. ട്രസ്റ്റ് ബോർഡ് അത്തരത്തിലുള്ള മാനേജീരിയൽ ഡിസിഷനിൽ കൈകടത്തുന്നതല്ല. നിശ്ചയിച്ച പ്രകാരമാണോ ചെയ്യുന്നത് എന്നുള്ള പരിശോധന മാത്രമേ ഉണ്ടാകുകയുള്ളൂ. അതുകൊണ്ട് അതും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 234, 266, 274 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 236, 241, 250, 267, 281, 284 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 238, 240, 254, 255, 259, 260, 261, 264, 265, 275, 277, 279, 280, 283, 285, 286 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 239, 242, 244, 249, 252, 262, 269, 273, 276, 287 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 247, 268, 271, 278 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 248, 251 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. അബ്ദുറഹിമാൻ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

289. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(1)-ൽ "പ്രോജക്ടുകൾ, നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹമായ പ്രോജക്റ്റുകൾ ആയിരിക്കുന്നതാണ്" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "പ്രോജക്ടുകൾക്ക് നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

293. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 എ(2)-ൽ "100,00,00,000 രൂപയിൽ (നൂറുകോടി രൂപ) കവിയുന്ന മൂല്യമുള്ളത് ആയിരിക്കേണ്ടതാണ്"എന്നീ അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "ഏറ്റവും കുറഞ്ഞത് 100,00,00,000 രൂപ (നൂറുകോടി രൂപ മാത്രം) മൂല്യമുള്ളതായിരിക്കേണ്ടതാണ്" എന്നീ അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

296. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ രണ്ടാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

298. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ വിശദീകരണം (I)-ൽ "പങ്കാളി" എന്ന വാക്കിനു പകരം "സംരംഭകൻ" എന്ന വാക്ക് ചേർക്കുക.

299. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 3 എ വകുപ്പിന്റെ വിശദീകരണം (I)-ൽ "ഉൾപ്പെടെ" എന്ന വാക്കിനു പകരം "ഒഴികെ" എന്ന വാക്കു ചേർക്കുക.

303. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 എ വിശദീകരണം (ii)-ൽ "പങ്കാളിയുടെ" എന്ന വാക്കിനു പകരം "സംരംഭകന്റെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

290. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(1)-ൽ "അർഹമായ പ്രോജക്ടുകൾ" എന്നീ വാക്കുകൾക്ക് പകരം "യുക്തവും അത്യാവശ്യം വേണ്ടതും ജനോപകാരപ്രദവുമായ പ്രോജക്ടുകൾ"എന്നീ വാക്കുകൾ ചേർക്കുക.

292. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ (2)-ൽ "100,00,00,000 രൂപയിൽ (നൂറുകോടി രൂപ)" എന്നതിന് പകരം "50 കോടി രൂപ" എന്നത് ചേർക്കുക.

297. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഉത്തരവ് വഴി ഈ ആക്ടിലെ വ്യവസ്ഥകൾ" എന്നീ വാക്കുകൾക്ക് പകരം "വ്യവസ്ഥകളിൽ മാറ്റം വരുത്തി" എന്ന് ചേർക്കുക.

300. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ വിശദീകരണം (ii)-ൽ "ഭൂമിയുടെ വില" എന്നതിനു പകരം "ഭൂമിയുടെ മാർക്കറ്റ് വില" എന്ന് ചേർക്കുക.

302. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ വിശദീകരണം (ii)-ൽ "പ്രവർത്തനവും പരിപാലനവും" എന്നീ വാക്കുകൾക്ക് ശേഷം "സാമൂഹിക പാരിസ്ഥിതിക ആഘാതവും" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

291. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(എ)(2)-ൽ "100,00,00,000 രൂപയിൽ (നൂറുകോടി രൂപ)" എന്ന അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും "75,00,00,000 രൂപയിൽ (എഴുപത്തിഅഞ്ച് കോടി രൂപ)" എന്ന് മാറ്റുക.

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

294. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 എ (2)-ന്റെ ഒന്നാമത് ക്ലിപ്ത നിബന്ധനയിൽ "പത്ത് കോടി എന്നീ വാക്കുകൾക്ക് പകരം "എട്ടുകോടി" എന്ന വാക്കുചേർക്കുക.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ (2) ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിൽ "പത്ത് കോടി" എന്നീ വാക്കുകൾക്ക് പകരം "അഞ്ചുകോടി" എന്ന വാക്ക് ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ചാണെങ്കിൽ സ്റ്റേറ്റിന്റെ മുഴുവൻ വികസന പ്രവർത്തനങ്ങളും കിഫ്ബിയിലേക്കാണ് പോകുന്നത്. ഇവിടെ പറയുന്നത് മിനിമം ചെയ്യാവുന്നത് '10 കോടി രൂപയുടെ' എന്നാണ്. അത് ശരിയല്ല. കാരണം 10 കോടി രൂപ ഒരു മേജർ തുകയാണ്. 5 കോടി രൂപ എന്നാണ് അമെൻഡ്മെന്റ്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

301. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 എ വിശദീകരണം (ii)-ൽ "ഉത്തരവാദിത്വമായിരിക്കുന്ന" എന്ന വാക്കിനു പകരം "ഉത്തരവാദിത്തമായിരിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 എ (2)-ഉം ക്ലിപ്തനിബന്ധനകളും വിശദീകരണവും താഴെപറയും പ്രകാരം മാറ്റുക:

"(2) (1)-ാം ഉപവകുപ്പു പ്രകാരം പ്രോജക്ടുകൾക്ക് അർഹത ഉണ്ടായിരിക്കുന്നതിന് അവ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതിനുള്ള ചെലവുകളുൾപ്പെടെ നൂറു കോടി രൂപ എങ്കിലും മുതൽ മുടക്കുള്ളതായിരിക്കേണ്ടതാണ്:

എന്നാൽ, ഇപ്രകാരമുള്ള പദ്ധതികൾ പത്ത് കോടി രൂപയിൽ കുറയാതെയുള്ള പദ്ധതികളുടെ സംഘാതം (ക്ലസ്റ്റർ) ആയിരുന്നാലും അർഹത ഉണ്ടായിരിക്കുന്നതാണ്.

എന്നുമാത്രമല്ല, ആരോഗ്യം, വിദ്യാഭ്യാസം, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം തുടങ്ങിയ സാമൂഹിക അടിസ്ഥാന സൗകര്യ പ്രോജക്ടുകൾക്ക് ഇപ്രകാരം 10 കോടി മുതൽ മുടക്ക് കണക്കാക്കുമ്പോൾ ഘടക പദ്ധതികളുടെ വിവിധ യൂണിറ്റുകൾക്ക് വേണ്ടിവരുന്ന ആകെ മുതൽ മുടക്ക് കണക്കാക്കേണ്ടതാണ്.

വിശദീകരണം:- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവിധ കോളനികളുടെ നവീകരണം, വിവിധ പ്രൈമറി ഹെൽത്ത് സെൻററുകളുടെ വിപുലീകരണം, വിവിധ സ്കൂളുകളുടെ നിലവാരം ഉയർത്തൽ തുടങ്ങിയവ പോലെയുള്ള പദ്ധതികൾ ഒറ്റ ഘടക പദ്ധതിയായി കണക്കാക്കേണ്ടതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 289, 293, 296, 298, 299, 303 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 290, 292, 297, 300, 302 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

305. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ലെ "ബോർഡിൽ" എന്നതിന് മുൻപായി "കേരള അടിസ്ഥാന സൗകര്യ ക്ഷേമനിധി" എന്ന് ചേർക്കുക.

306. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എ)-യിൽ "ചെയർപേഴ്സൺ" എന്നതിനു പകരം "ചെയർമാൻ" എന്ന് ചേർക്കുക".

309. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ബി)-യിൽ "വൈസ് ചെയർപേഴ്സൺ" എന്നതിനുപകരം "വൈസ് ചെയർമാൻ"എന്ന് ചേർക്കുക.

310. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ബി)-യ്ക്കുശേഷം (സി) ആയി താഴെപ്പറയുന്നത് ചേർക്കുകയും തുടർന്നുള്ളത് പുനരക്കമിടുകയും ചെയ്യുക .

"(സി) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി- അംഗം".

312. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ബി)-ക്കുശേഷം ഇനം (സി) ആയി താഴെപ്പറയുന്നത് ചേർക്കുകയും തുടർന്നുള്ളത് പുനരക്കമിടുകയും ചെയ്യുക.

"(സി) ജലവിഭവ വകുപ്പുമന്ത്രി -അംഗം"

313. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ബി)-യ്ക്കു ശേഷം ഇനം (സി) ആയി താഴെപ്പറയുന്നത് ചേർക്കുകയും തുടർന്നുള്ളത് പുനഃക്രമീകരിച്ച് അക്കമിടുകയും ചെയ്യുക.

"(സി) പൊതുമരാമത്ത് വകുപ്പുമന്ത്രി - അംഗം".

314. ഖണ്ഡം 5(ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ ഇനം (ബി)-യ്ക്കുശേഷം താഴെപ്പറയുന്നത് ചേർക്കുകയും തുടർന്നുള്ളത് പുനരക്കമിടുകയും ചെയ്യുക.

"(സി) പൊതുമരാമത്ത് വകുപ്പുമന്ത്രി - അംഗം

(ഡി) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി - അംഗം

(ഇ) ജലവിഭവ വകുപ്പുമന്ത്രി - അംഗം"

347. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "സെക്രട്ടറിയെയോ" എന്നതിനുശേഷം "മറ്റ് ഉദ്യോഗസ്ഥരെയോ" എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

307. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 4(3) ഇനം (ബി)-യിൽ "ധനകാര്യമന്ത്രി" എന്നതിനു പകരം "ധനകാര്യ വകുപ്പുമന്ത്രി" എന്ന് ചേർക്കുക.

322. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ഇ)-യിൽ "നിയമം" എന്നതിനു പകരം "(നിയമവകുപ്പ്)" എന്ന് ചേർക്കുക.

323. ഖണ്ഡം 5(ബി) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എഫ്)-ൽ "ധനകാര്യം" എന്നതിനു പകരം "ധനകാര്യ വകുപ്പ്" എന്ന് ചേർക്കുക.

332. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (എച്ച്)-ൽ "പ്രശസ്തിയുള്ള" എന്ന വാക്കിനു പകരം "നിലവാരമുള്ള" എന്ന വാക്ക് ചേർക്കുക.

336. ഖണ്ഡം 5(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എച്ച്)-ൽ "ഏഴ്" എന്ന വാക്കിനു പകരം "നാല്" എന്ന വാക്ക് ചേർക്കുക.

341. ഖണ്ഡം 5(ബി) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ന്റെ വിശദീകരണത്തിൽ "എന്ന് സൂചിപ്പിക്കുന്നതാണ്" എന്നതിനു പകരം "എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

343. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "ലഭിക്കുന്നതിനായി" എന്നതിനുപകരം "നൽകുന്നതിനായി" എന്നു ചേർക്കുക.

344. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ " വകുപ്പിലെ" എന്നതിനു പകരം "വകുപ്പ്" എന്ന് ചേർക്കുക.

351. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(4)-ന് ശേഷം ചുവടെയുള്ള ക്ലിപ്ത നിബന്ധന ചേർക്കുക: "എന്നാൽ യോഗത്തിൽ ചെയർപേഴ്സന്റെ വിവേചനാനുസരണം ക്ഷണിതാവായി എത്തുന്ന വകുപ്പുമന്ത്രിക്കോ സെക്രട്ടറിക്കോ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല."

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

308. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ബി)-യിൽ "വൈസ് ചെയർപേഴ്സൺ" എന്നതിന് പകരം "കോ ചെയർപേഴ്സൺ" എന്ന് ചേർക്കുക". അതിന് ശേഷം

(1) പൊതുമരാമത്തു വകുപ്പുമന്ത്രി - വൈസ് ചെയർമാൻ

(2) ജലവിഭവ വകുപ്പുമന്ത്രി - വൈസ് ചെയർമാൻ

എന്നിവ കൂടി ചേർക്കുക.

324. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3)-ൽ "ഇനം എഫ്-നു ശേഷം

(1) സെക്രട്ടറി (പൊതുമരാമത്ത് വകുപ്പ്)

(2) സെക്രട്ടറി (ജലവിഭവ വകുപ്പ്) എന്നതു കൂടി ചേർക്കുക.

337. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എച്ച്)-ൽ "ഏഴ്" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

കിഫ്ബിയുടെ ഗവേണിംഗ് ബോഡിയിൽ വൈസ് ചെയർമാൻ ധനകാര്യ വകുപ്പുമന്ത്രിയാണ്. ധനകാര്യ വകുപ്പുമന്ത്രിയെ കോ-ചെയർമാൻ ആക്കണം. പ്രധാനമായും ഇംപ്ലിമെന്റേഷൻ വരുന്നത് പി.ഡബ്ല്യു.ഡി.-യിലും ജലവിഭവ വകുപ്പിലുമാണ്. അതുകൊണ്ട് പി.ഡബ്ല്യു.ഡി. മന്ത്രിയെയും ജലവിഭവ വകുപ്പുമന്ത്രിയെയും വൈസ്-ചെയർമാന്മാരാക്കണം. അതുപോലെ പി.ഡബ്ല്യു.ഡി. സെക്രട്ടറിയെയും വാട്ടർ അതോറിറ്റി സെക്രട്ടറിയെയും മെമ്പർമാരാക്കുകയും വേണം. പണം മേജറായി ചെലവാക്കുന്ന ഡിപ്പാർട്ടുമെന്റുകളെ ഒഴിവാക്കിയാൽ ധനകാര്യ വകുപ്പിലേക്കുള്ള പൂർണ്ണമായ കേന്ദ്രീകരണം ഉണ്ടാകും. അത് ഒഴിവാക്കണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ബി)-ക്കുശേഷം ഇനം (സി) ആയി താഴെപ്പറയുന്നവ ചേർക്കുകയും തുടർന്നുള്ളത് പുനരക്കമിടുകയും ചെയ്യുക .

"(സി) നിയമ വകുപ്പുമന്ത്രി -അംഗം"

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

315. ഖണ്ഡം 5(ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(3)-നുശേഷം (സി)-യായി "പൊതുമരാമത്ത് വകുപ്പുമന്ത്രി" എന്നീ വാക്കുകൾ ചേർക്കുക.

316. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ (സി)-യ്ക്ക് മുമ്പായി "സെക്രട്ടറി പൊതുമരാമത്ത്" എന്ന് ചേർക്കുക.

320. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3)ഇനം (ഡി)-യ്ക്കു ശേഷം (ഡി എ) ആയി "സെക്രട്ടറി (ആസൂത്രണം).......അംഗം" എന്നു ചേർക്കുക.

പൊതുമരാമത്തു വകുപ്പുമന്ത്രിയും പൊതുമരാമത്തു വകുപ്പുസെക്രട്ടറിയും ഇതിനകത്ത് വരണം. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റാണല്ലോ ഉദ്ദേശിക്കുന്നത്. മറ്റ് പല സംസ്ഥാനങ്ങളിലും പൊതുമരാമത്തു വകുപ്പിന്റെ പേര് ഇൻഫ്രാസ്ട്രക്ചർ വകുപ്പെന്നാണ്. ആ നിലയിൽ ഇതിലെ സിംഹഭാഗം തുകയും ചെലവഴിക്കപ്പെടുന്ന ഒരു വകുപ്പെന്ന നിലയിൽ അതിന്റെ മന്ത്രിയും സെക്രട്ടറിയും ഇതിൽ വരികയെന്നതാണ് ഏറ്റവും ഉചിതം. ഇതിന്റെ മൂലനിയമത്തിലും അതുണ്ട്. അതുകൊണ്ട് അത് മാറ്റേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. റോജി എം. ജോൺ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ഡി)-ക്കുശേഷം ഇനം (ഡിഎ) ആയി "സെക്രട്ടറി (റവന്യൂ)-അംഗം" എന്ന് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

319. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 4 (3) ഇനം (ഡി)-ക്ക് ശേഷം (ഡി എ) ആയി "സെക്രട്ടറി (ജലസേചനം) .......അംഗം" എന്നു ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

321. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 4(3) ഇനം (ഡി)-ക്ക് ശേഷം (ഡി എ) ആയി "സെക്രട്ടറി (പൊതുമരാമത്ത്)......അംഗം" എന്ന് ചേർക്കുക.

ഇതിന്റെ മൂലനിയമത്തിൽ പൊതുമരാമത്തു വകുപ്പുസെക്രട്ടറി, ജലസേചന വകുപ്പുസെക്രട്ടറി, ആസൂത്രണ വകുപ്പുസെക്രട്ടറി, റവന്യൂ വകുപ്പുസെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇപ്പോഴുള്ളതിൽ ഇവരൊന്നും വരുന്നില്ല. ഇൻഫ്രാസ്ട്രക്ചറിൽ ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്നത് പി.ഡബ്ല്യു.ഡി.-യിലാണ്. അതുകൊണ്ട് പൊതുമരാമത്തു വകുപ്പു സെക്രട്ടറിയെയെങ്കിലും ഇതിൽ ഉൾപ്പെടുത്തണം.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

325. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ജി)-യിൽ "ധനകാര്യ" എന്നത് "ധനകാര്യം" എന്ന് മാറ്റുക.

326. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (ജി)-യ്ക്കുശേഷം ഇനം (എച്ച്) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക. "(എച്ച്) സെക്രട്ടറി (ധനകാര്യം-എക്സ്പെൻഡിച്ചർ) - അംഗം".

329. ഖണ്ഡം 5(ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എച്ച്)-ൽ "ബാങ്കിംഗ്" എന്ന വാക്കു കഴിഞ്ഞ് "മാനേജ്മെന്റ്" എന്ന വാക്കു ചേർക്കുക.

331. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എച്ച്)-ൽ "ദേശീയ" എന്നതിനുശേഷം"/ അന്തർദേശീയ" എന്നു ചേർക്കുക.

334. ഖണ്ഡം 5(ബി)-മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എച്ച്)-ൽ 'എഴ് ' എന്നതിനു പകരം "ആറ്" ചേർക്കുക.

342. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "ചെയർപേഴ്സന്റെ" എന്നതിനു പകരം "ചെയർപേഴ്സണിന്റെ" എന്ന് ചേർക്കുക.

345. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "മന്ത്രിയെയോ സെക്രട്ടറിയെയോ" എന്നതിനു പകരം "മന്ത്രിയേയും സെക്രട്ടറിയേയും" എന്ന് ചേർക്കുക.

ഈ നിയമത്തിൽ ധനകാര്യം, സാമ്പത്തിക ശാസ്ത്രം, ബാങ്കിംഗ് എല്ലാ മേഖലകളിലെയും എക്സ്പെർട്ടുകൾ ഉണ്ട്. എന്നാൽ മാനേജ്മെന്റ് എക്സ്പെർട്ടുകൾ ആരുംതന്നെയില്ല. അതുകൊണ്ട് മാനേജ്മെന്റ് എക്സ്പെർട്ടുകളെ ഇതിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ 329-ാം നമ്പർ ഭേദഗതി.

എന്റെ 331-ാം നമ്പർ ഭേദഗതി അനുസരിച്ച്, "ദേശീയ" എന്ന വാക്കിന്റെ കൂടെ "അന്തർദേശീയ" എന്ന വാക്ക് ചേർക്കണം. ഇപ്പോൾ പലരും അന്തർദേശീയതലത്തിൽ നിന്നാണ് വരുന്നത്. അതുകൊണ്ട് അതുകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

327. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എച്ച്)-ൽ "ധനകാര്യം, സാമ്പത്തിക ശാസ്ത്രം, ബാങ്കിംഗ്" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും ശേഷം "നിയമം, എഞ്ചിനീയറിംഗ്" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

338. ഖണ്ഡം 5(ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (ഐ)-ക്ക് ശേഷം '(ജെ)' ആയി "കേരള നിയമസഭയിലെ നാല് എം.എൽ.എ. -മാർ" എന്ന് ചേർക്കണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

328. ഖണ്ഡം 5 (ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (3) ഇനം (എച്ച്)-ൽ "ബാങ്കിംഗ്" എന്നതിന് പകരം "ഡവലപ്മെന്റ് ബാങ്കിംഗ്" എന്ന് ചേർക്കുക.

340. ഖണ്ഡം 5 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ലെ വിശദീകരണത്തിൽ "സ്പെഷ്യൽ സെക്രട്ടറി" എന്നതിനുശേഷം "അല്ലെങ്കിൽ അഡീഷണൽ സെക്രട്ടറി" എന്ന് ചേർക്കുക.

340-ൽ വകുപ്പ് 4 (3)-ന്റെ വിശദീകരണത്തിൽ സെക്രട്ടറി അല്ലെങ്കിൽ സ്പെഷ്യൽ സെക്രട്ടറി എന്നത് സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി അല്ലെങ്കിൽ അഡീഷണൽ സെക്രട്ടറി എന്നുകൂടി ഉൾപ്പെടുത്തുക. കാരണം അഡീഷണൽ സെക്രട്ടറി പ്രൊമോഷൻ കിട്ടിയാണല്ലോ സ്പെഷ്യൽ സെക്രട്ടറിയാകുന്നത്. അഡീഷണൽ സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

333. ഖണ്ഡം5(ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എച്ച്)-ൽ " ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ചിട്ടുള്ള വിദഗ്ദ്ധരായ" എന്നീ വാക്കുകൾക്ക് പകരമായി "സ്ഥാപനത്തിൽ കുറഞ്ഞത് പത്തുവർഷമെങ്കിലും സീനിയർ എക്സിക്യൂട്ടീവ് പദവിയിൽ പ്രവർത്തിച്ചിട്ടുള്ള " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

335. ഖണ്ഡം5(ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3) ഇനം (എച്ച്)-ൽ "ഏഴ്" എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

339. ഖണ്ഡം 5(ബി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 4(3)-ന്റെ വിശദീകരണത്തിൽ "അല്ലെങ്കിൽ സ്പെഷ്യൽ സെക്രട്ടറി" എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

348. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "ക്ഷണിക്കാവുന്നതാണ്" എന്ന വാക്കിനു പകരം "ക്ഷണിക്കേണ്ടതാണ്" എന്നു ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

349. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "ക്ഷണിക്കാവുന്നതാണ്"എന്നതിനു പകരം "പ്രത്യേക ക്ഷണിതാവാക്കാവുന്നതാണ്" എന്നു ചേർക്കുക.

ശ്രീ. എം. വിൻസെന്റ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

350. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് (4)-നു ശേഷം ചുവടെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക "എന്നാൽ അവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല."

ശ്രീ. ആന്റണി ജോൺ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 5(സി) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ന് ശേഷം 4(5) ആയി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക:

"(5) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെ ഫണ്ട് മാനേജർ ആയിരിക്കുന്നതാണ്."

മി. സ്പീക്കർ : 317 ക്രമാനുസൃതമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. 346 345-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഇതിൽ ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. കെ. സി. ജോസഫ് : സർ, എന്റെ 308, 324 എന്നീ നമ്പർ ഭേദഗതികളിന്മേൽ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് കുന്നപ്പിള്ളി
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. കെ. സി. ജോസഫ്
16. ശ്രീ. പി. ജെ. ജോസഫ്
17. ശ്രീ. മോൻസ് ജോസഫ്
18. ശ്രീ. കെ. മുരളീധരൻ
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. ഷാഫി പറമ്പിൽ
29. ശ്രീ. വി. എസ്. ശിവകുമാർ

30. ശ്രീ. സണ്ണി ജോസഫ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ
34. ശ്രീ. എം. വിൻസെന്റ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. എൻ. വിജയൻ പിള്ള

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി.സ്പീക്കർ: അനുകൂലിക്കുന്നവർ - 34

പ്രതികൂലിക്കുന്നവർ- 75

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, എന്റെ 329-ാം നമ്പർ ഭേദഗതിയിന്മേൽ ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. എ. പി. അനിൽ കുമാർ

8. ശ്രീ. അൻവർ സാദത്ത്

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

10. ശ്രീ. വി. ടി. ബൽറാം

11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് കുന്നപ്പിള്ളി
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. കെ. സി. ജോസഫ്
16. ശ്രീ. പി. ജെ. ജോസഫ്
17. ശ്രീ. മോൻസ് ജോസഫ്
18. ശ്രീ. കെ. മുരളീധരൻ
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. ഷാഫി പറമ്പിൽ
29. ശ്രീ. വി. എസ്. ശിവകുമാർ
30. ശ്രീ. സണ്ണി ജോസഫ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ

34. ശ്രീ. എം. വിൻസെന്റ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ . കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. വി. ജോയി

23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. രാജു എബ്രഹാം

50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. ഇ. കെ. വിജയൻ
75. ശ്രീ. എൻ. വിജയൻ പിള്ള

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി.സ്പീക്കർ: അനുകൂലിക്കുന്നവർ - 34

പ്രതികൂലിക്കുന്നവർ - 75

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 305, 306, 309, 310, 312, 313, 314, 347 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 307, 322, 323, 332, 336, 341, 343, 344, 351 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 315, 316, 320 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 321-ാം നമ്പർ ഭേഗതി സഭ നിരാകരിച്ചു.

ശ്രീ മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 325, 326, 331, 334, 342, 345 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 327, 338 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 328, 340 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 349-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

354. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ-യുടെ മാർജിനൽ ശീർഷകം "ബോർഡിന്റെ യോഗങ്ങൾ" എന്നത് "കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ യോഗങ്ങൾ" എന്നാക്കി മാറ്റുക.

367. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (5) ഒഴിവാക്കുക.

370. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (6) ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

355. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 5 എ (1)-ൽ "യോഗം" എന്ന വാക്കിനു മുൻപ് "അല്ലെങ്കിൽ ചെയർപേഴ്സന്റെ നിർദ്ദേശാനുസരണവും" എന്ന് ചേർക്കുക.

360. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (3)-ൽ "യോഗത്തിനുള്ള അജണ്ട യോഗത്തിൽ ഹാജരായതും വോട്ട് ചെയ്തതുമായ" എന്നീ വാക്കുകൾക്ക് പകരം "ഒരു യോഗത്തിനു മുൻപാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള" എന്നീ വാക്കുകൾ ചേർക്കുക.

364. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 എ (4) ൽ "ആറ്" എന്നതിനു പകരം "എട്ട്" എന്ന് ചേർക്കുക.

364-ാം നമ്പർ ഭേദഗതിയിൽ ബോർഡിലെ ക്വാറമാണ് പറയുന്നത്. ആകെ അംഗങ്ങൾ ചെയർമാൻ ഉൾപ്പെടെ 8 ആണ്. 7 പേർ സ്വതന്ത്ര അംഗങ്ങളാണ്. അംഗങ്ങൾക്ക് യോഗത്തിൽ വീഡിയോ കോൺഫറൻസിലൂടെ പങ്കെടുക്കാം. അങ്ങനെയെങ്കിൽ ക്വാറം ആറിൽ മാത്രം ആവശ്യമുള്ളപ്പോൾ ചെയർമാനും സ്വതന്ത്ര അംഗങ്ങളും ചേർന്നാൽത്തന്നെ ക്വാറമാകും. അതുകൊണ്ട് അത് 8 ആക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

356. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (1)-ൽ "അപ്രകാരമുള്ള" എന്ന വാക്കിനുപകരം "പദ്ധതിയിൽ വ്യക്തമാക്കിയിട്ടുള്ള" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

357. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (2)-ൽ "വൈസ് ചെയർപേഴ്സൺ" എന്നതിനുപകരം "വൈസ് ചെയർപേഴ്സണും ഇവരുടെ രണ്ടുപേരുടെയും അഭാവത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാനും" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

359. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (2)-ൽ അവസാനമായി താഴെപ്പറയുന്നത് ചേർക്കുക:

"ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അസാന്നിദ്ധ്യത്തിൽ സെക്രട്ടറി (ധനകാര്യ-റിസോഴ്സ്) കൺവീനർ പദവി വഹിക്കുന്നതാണ്."

368. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 എ (5)-ൽ "നടപ്പിലാക്കുന്നതിനുമുൻപായി" എന്നതിനുശേഷം "ഏറ്റവും അടുത്ത യോഗത്തിൽ" എന്ന് ചേർക്കുക.

373. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 എ (6) താഴെപ്പറയും പ്രകാരം മാറ്റുക:

"(6) ചെയർപേഴ്സൺ ആദ്ധ്യക്ഷം വഹിക്കുന്ന യോഗങ്ങളിൽ ബോർഡിലെ അംഗങ്ങൾക്കും വൈസ്-ചെയർപേഴ്സണും ചെയർപേഴ്സന്റെ അനുമതിയോടെയും വൈസ്-ചെയർപേഴ്സൺ ആദ്ധ്യക്ഷം വഹിക്കുന്ന യോഗങ്ങളിൽ അംഗങ്ങൾക്ക് വൈസ്-ചെയർപേഴ്സന്റെ അനുമതിയോടെയും ബോർഡിന്റെ യോഗങ്ങളിൽ വീഡിയോ കോൺഫറൻസിംഗ് വഴി പങ്കെടുക്കാവുന്നതാണ് ".

374. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (7)-ൽ, "അംഗങ്ങൾക്കിടയിൽ" എന്നതിനു പകരം "അംഗങ്ങളുടെ" എന്ന് മാറ്റുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

361. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (3)-ൽ " വോട്ടുകൾ തുല്യമാകുന്ന സംഗതിയിൽ ആദ്ധ്യക്ഷം വഹിക്കുന്ന ആളിന് രണ്ടാമത് ഒരു വോട്ടോ കാസ്റ്റിംഗ് വോട്ടോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

375. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (7)-ൽ, "ന്യൂനത" എന്ന വാക്കിനു പകരം "പോരായ്മ" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

362. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (4) -ൽ " ആറ്" എന്നതിനുപകരം "അഞ്ച് " എന്ന് ചേർക്കുക.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

369. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 എ (5)-ൽ, "സാധൂകരണം" എന്ന വാക്കിനു മുമ്പായി "രേഖാമൂലമുള്ള" എന്ന വാക്കു ചേർക്കുക.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

> 372. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 എ (6)-ൽ, "ചെയർപേഴ്സന്റെ" എന്നതിനു ശേഷം "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

> 376. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 എ (7)-നു ശേഷം (8) ആയി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക. (8) "ബോർഡ് യോഗത്തിന്റെ അജണ്ട യോഗ തീയതിയ്ക്ക് 4 പ്രവൃത്തി ദിവസങ്ങൾക്കു മുൻപായി അംഗങ്ങൾക്ക് ലഭ്യമാക്കിയിരിക്കേണ്ടതാണ്".

<u>മി. സ്പീക്കർ</u> : 358 ക്രമപ്രകാരമല്ലാത്തതിനാലും 363, 365 ഭേദഗതികൾ 364-ന് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുകയാണ്.

> 364. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 എ (4)-ൽ "ആറ്" എന്നതിനു പകരം "എട്ട്" എന്നും "ഒരു ഇൻഡിപെൻഡന്റ് അംഗമെങ്കിലും ചേർന്നാലേ നിയമപ്രകാരമുള്ള ക്വാറം തികയുകയുള്ളൂ." എന്ന വാക്യം അവസാനവും ചേർക്കുക.

അതിൽ ക്വാറം 6-ൽനിന്ന് 8 ആക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് അംഗീകരിക്കുകയാണ്. ഒരു കാര്യംകൂടി കൂട്ടിച്ചേർക്കുന്നു. ഒരു ഇൻഡിപെൻഡന്റ് അംഗമെങ്കിലും ചേർന്നാലേ നിയമപ്രകാരമുള്ള ക്വാറം തികയൂ. എന്നുവച്ചാൽ ഭൂരിപക്ഷം അംഗങ്ങളും ഉണ്ടാകണം. അതിലൊരു ആൾ ഇൻഡിപെൻഡന്റും ആയിരിക്കണം. അത് ശരിയായിട്ടുള്ള നിർദ്ദേശമാണ്.

വീഡിയോ കോൺഫറൻസിംഗിന് ഇപ്പോൾതന്നെ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ഭേദഗതി സ്വീകരിക്കുന്നില്ല. മറ്റ് ഭേദഗതികളും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി ഭേദഗതികളോടെ സഭ അംഗീകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 354, 367, 370 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 355, 360 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 359, 368, 373, 374 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 361, 375 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 372-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

378. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(എ)-യിൽ "പ്രോജക്റ്റുകൾ തിരഞ്ഞെടുക്കുന്നത് അംഗീകരിക്കുക;" എന്നതിനു പകരം "പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകുക;"എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

388. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(സി)യിൽ "ഏജൻസിയെ അംഗീകരിക്കുക;" എന്നതിനു പകരം "ഏജൻസികൾക്ക് അംഗീകാരം നൽകുക;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

392. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ഇ)-ൽ "ധനസഹായത്തിനുള്ള" എന്ന വാക്കിനു പകരം "ധനസമാഹരണത്തിനുള്ള" എന്ന വാക്ക് ചേർക്കുക.

394. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(എഫ്)-ൽ "പ്രതിബന്ധങ്ങൾ" എന്ന വാക്കിനു പകരം "പ്രതിസന്ധികൾ" എന്ന വാക്ക് ചേർക്കുക.

407. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(എച്ച്)-ൽ "അതിന്"എന്ന വാക്ക് നീക്കം ചെയ്യുക.

411. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എ)-യിൽ "കൺസെഷനറോടോ" എന്ന വാക്കിനുശേഷം "സ്പോൺസറിംഗ് ഏജൻസിയോടോ" എന്ന് ചേർക്കുക.

413. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എ)-യിൽ "ആളിനോടോ" എന്നതിനു പകരം "വ്യക്തിയോടോ, സ്ഥാപനത്തോടോ" എന്ന് ചേർക്കുക.

418. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(സി)-യിൽ "സ്വന്തം" എന്ന വാക്ക് ഒഴിവാക്കുക.

421. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ഇ)-യിൽ "ധനസഹായം" എന്ന വാക്കിനു മുൻപ് "മുൻഗണനാക്രമത്തിൽ" എന്ന് ചേർക്കുക.

425. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (ജി)-യിൽ "ഈടാക്കലിനുള്ള" എന്നതിനുപകരം "തിരിച്ചടവിനുള്ള" എന്ന് ചേർക്കുക

426. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (ജി)-യിൽ "സമയ പട്ടിക ക്രമമനുസരിച്ച്" എന്നതിനുപകരം "സമയക്രമ പട്ടികയനുസരിച്ച്" എന്ന് ചേർക്കുക.

428. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എച്ച്)-ൽ "ഭേദഗതി" എന്ന വാക്കിനുമുമ്പ് "സർക്കാരിന്റെ മുൻകൂർ അനുമതിയോടെ" എന്ന് ചേർക്കുക.

430. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (ഐ)-ൽ "ബോർഡിന്റെ താല്പര്യാർത്ഥം" എന്നതിനു പകരം "വ്യവസ്ഥാപിതമായി" എന്ന് ചേർക്കുക.

435. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (ജെ)-ൽ "യാത്ര" എന്നതിനുപകരം "യാത്രാബത്ത" എന്ന് ചേർക്കുക.

437. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(കെ)-ൽ, "ബോർഡിന്റെ" എന്ന വാക്ക് ഒഴിവാക്കുക.

444. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എൽ)-ൽ, "അവലോകനം" എന്ന വാക്കിനുമുൻപ് "നിരീക്ഷിക്കുകയും" എന്ന് ചേർക്കുക.

448. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എൻ) ഒഴിവാക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക.

451. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (പി)-ൽ "ആവശ്യങ്ങൾ" എന്ന വാക്കിനു പകരം "വ്യവസ്ഥകൾ" എന്ന വാക്ക് ചേർക്കുക.

452. ഖണ്ഡം7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(പി)-ൽ " സർക്കാർ " എന്ന വാക്കിനുശേഷം "കാലാകാലങ്ങളിൽ" എന്ന വാക്ക് ചേർക്കുക.

455. ഖണ്ഡം7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ആർ)-ൽ "സാക്ഷ്യപ്പെടുത്തുക" എന്നതിനുപകരം "സാക്ഷ്യപ്പെടുത്തുകയും അവ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്യുക" എന്ന് ചേർക്കുക.

458. ഖണ്ഡം7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2)(എ)-യിൽ "ധനകാര്യമന്ത്രി" എന്നതിനു പകരം "ധനകാര്യ വകുപ്പ് മന്ത്രി" എന്ന് ചേർക്കുക.

466. ഖണ്ഡം 7 പ്രകാരം, പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2)(സി)-ൽ "(നിയമം)" എന്നതിനു പകരം "(നിയമവകുപ്പ്)" എന്ന് ചേർക്കുക.

467. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2)(ഡി)-ൽ "(ധനകാര്യം)" എന്നതിനു പകരം "(ധനകാര്യവകുപ്പ്)" എന്ന് ചേർക്കുക.

477. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (3-യ്ക്കുശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ഉൾപ്പെടുത്തുക: "എന്നാൽ പ്രസ്തുത സെക്രട്ടറിക്ക് യോഗനടപടികളിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല"

483. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (5)-ൽ "നാല്" എന്നതിനുപകരം "അഞ്ച്" എന്ന് ചേർക്കുക.

488. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(1)-ൽ "ബോർഡ്" എന്ന വാക്കിനു പകരം "സർക്കാർ" എന്ന് ചേർക്കുക.

495. ഖണ്ഡം 7 പ്രകാരം, പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3)-ൽ "വർഷക്കാലയളവ്" എന്നതിനു പകരം "സാമ്പത്തിക വർഷം" എന്ന് ചേർക്കുക.

501. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 സി (4)-ൽ,-

"(i) കാരണത്താൽ ഒഴികെ, സർക്കാരോ ബോർഡോ അവരെ നീക്കം ചെയ്യാൻ പാടുള്ളതുമല്ല "എന്നതിനു പകരം" കാരണത്താലോ, അംഗമായി അദ്ദേഹം തുടരുന്നത്

പൊതു താല്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തി യിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമുള്ള പക്ഷമോ പൊതുവായ ഉത്തരവു വഴി അതിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യത്തോടെ സർക്കാരിന് അംഗങ്ങളെ നീക്കം ചെയ്യാവുന്നതാണ്" എന്നു ചേർക്കുക.

(ii) ഇനി പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക: "എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ഒരംഗത്തെ നീക്കം ചെയ്യുന്നതിന് മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്."

514. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (8)-ൽ "സെപ്റ്റംബർ" എന്ന വാക്കിന് പകരം "ആഗസ്റ്റ് " എന്ന വാക്ക് ചേർക്കുക.

515. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (8)-ൽ "അതിന്" എന്ന വാക്കിന് പകരം "ചെയർപേഴ്സൺ" എന്ന വാക്ക് ചേർക്കുക.

526. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2)-ൽ "ഫിഡെലിറ്റി സർട്ടിഫിക്കറ്റ്" എന്ന വാക്കുകൾക്ക് ശേഷം "സർക്കാരിന് നൽകേണ്ടതും, സർക്കാർ അത് നിയമസഭ മുൻപാകെ സമർപ്പിക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

536. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 ഇ(ഡി) ഉപവകുപ്പ് നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക.

561. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (6)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

379. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(എ)-യിൽ "തിരഞ്ഞെടുക്കുന്നത്" എന്നതിനു ശേഷം 'വ്യക്തമായി പഠിച്ച്' എന്നു ചേർക്കുക.

459. ഖണ്ഡം7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2)(ബി)-ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(ബിഎ) സെക്രട്ടറി (ആസൂത്രണം)..... അംഗം" എന്ന് ചേർക്കുക.

470. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2) (എഫ്)-ൽ "മൂന്ന് സ്വതന്ത്ര അംഗങ്ങൾ" എന്നതിന് പകരം "രണ്ട് എം.എൽ.എ.-മാർ" എന്നത് ചേർക്കുക.

499. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിച്ചിട്ടുള്ള വകുപ്പ് 6 സി (4)-ൽ "സ്വഭാവദൂഷ്യം" എന്നതിനു ശേഷം "അഴിമതി എന്നിവ" എന്നുകൂടി ചേർക്കുക.

543. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഇ (എച്ച്)-ന്റെ ക്ലിപ്തനിബന്ധനയിൽ "രണ്ട് അംഗങ്ങളുടെയെങ്കിലും" എന്നതിനു ശേഷം "രേഖാമൂലമുള്ള" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

380. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(എ)-യിൽ "തിരഞ്ഞെടുക്കുന്നത് അംഗീകരിക്കുക" എന്നത് "തെരഞ്ഞെടുക്കുകയും അംഗീകരിക്കുകയും ചെയ്യുക" എന്ന് ഭേദഗതി ചെയ്യുക.

395. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(എഫ്)-ൽ "കണ്ടെത്തുകയും" എന്നതിനുപകരം "എന്തെങ്കിലുമുണ്ടെങ്കിൽ" എന്ന് ചേർക്കുക.

400. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ജി)-ൽ "റിസ്കുകൾ" എന്നതിനുശേഷം "ഏതെങ്കിലുമുണ്ടെങ്കിൽ" എന്ന് ചേർക്കുക.

417. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ബി)-ക്കുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(സി) ആരംഭിച്ചതോ ആരംഭിക്കാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും പ്രോജക്ട് നിർത്തിവയ്ക്കാനോ നീട്ടിവയ്ക്കാനോ ആവശ്യപ്പെടുക;"

424. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ജി)-യിൽ "കൺസെഷണർ" എന്നത് "കൺസെഷനർ" എന്ന് മാറ്റുക.

431. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (ഐ)-യിൽ "കൺസെഷണർ" എന്നത് "കൺസെഷനർ" എന്നാക്കി മാറ്റുക.

434. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ഐ)-ൽ "ആരംഭിക്കുക" എന്നതിനുപകരം "ആരംഭിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യുക" എന്ന് ചേർക്കുക.

439. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എൽ)-ൽ, "സംരംഭങ്ങൾ," എന്നതിനുശേഷം "സ്പോൺസറിംഗ് ഏജൻസി," എന്ന് ചേർക്കുക.

442. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എൽ)-ൽ "കൺസെഷണർ" എന്നത് "കൺസെഷനർ" എന്നാക്കി മാറ്റുക.

446. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (എം)-ൽ "കൺസെഷണർ" എന്നതിന് പകരം "കൺസെഷനർ" എന്ന് ചേർക്കുക.

449. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (എൻ)-ൽ "ബോർഡിനുവേണ്ടി" എന്നതിന് പകരം "ഏതെങ്കിലും" എന്ന് ചേർക്കുക.

457. ഖണ്ഡം7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എസ്)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(റ്റി) നിധിയുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുക."

465. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2) (ഇ)-ക്കുശേഷം താഴെപ്പറയുന്നത് ചേർക്കുകയും തുടർന്നുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക: "(എഫ്) സെക്രട്ടറി (ധനകാര്യം-എക്സ്പെൻഡിച്ചർ).. അംഗം"

474. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2)(ജി)-യിൽ "അംഗം" എന്നത് "മെമ്പർ സെക്രട്ടറി" എന്ന് മാറ്റുക.

480. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (4)-ൽ "തീരുമാനമെടുക്കേണ്ടതാണ്" എന്നത് "തീരുമാനമെടുക്കേണ്ടതും, വോട്ടുകൾ തുല്യമാകുന്നപക്ഷം ആദ്ധ്യക്ഷം വഹിക്കുന്ന ആളിന് രണ്ടാമത് ഒരു വോട്ടോ കാസ്റ്റിംഗ് വോട്ടോ ഉണ്ടായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

486. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "ചെയർപേഴ്സന്റെ" എന്നത് "അദ്ധ്യക്ഷന്റെ" എന്ന് മാറ്റുക

503. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (4) താഴെപ്പറയും പ്രകാരം മാറ്റുക.

"കോടതി കുറ്റസ്ഥാപനം ചെയ്യുന്ന സംഗതിയിലും സർക്കാരിനോ ബോർഡിനോ അംഗങ്ങളെ നീക്കം ചെയ്യേണ്ടതുണ്ടെന്ന് ബോദ്ധ്യമാകുന്ന സംഗതിയിലും അംഗങ്ങൾക്ക് പറയാനുള്ളത് പറയുന്നതിന് അവസരം നൽകിയശേഷം നീക്കം ചെയ്യാവുന്നതാണ്."

504. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (5)-ൽ "ഭരണ നിർവ്വഹണം" എന്ന വാക്കിനുശേഷം "മാനേജ്മെന്റ്" എന്ന വാക്ക് ചേർക്കുക.

507. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (5)-ൽ "ദേശീയതലത്തിലോ അന്തർദ്ദേശീയ തലത്തിലോ വിദഗ്ദ്ധരും" എന്നത് "വിദഗ്ദ്ധരും ദേശീയതലത്തിലോ അന്തർദ്ദേശീയതലത്തിലോ" എന്ന് മാറ്റുക.

512. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(7)-ൽ "ചെയർപേഴ്സന്റെ" എന്നത് "അദ്ധ്യക്ഷന്റെ" എന്ന് മാറ്റുക.

523. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി(1)-ൽ "നിക്ഷേപങ്ങളും" എന്നതിനുശേഷം "ചെലവഴിക്കലും" എന്ന് ചേർക്കുക.

527. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

531. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 (ഡി) (2)-ൽ "ആറ് മാസത്തിലും" എന്നീ വാക്കുകൾക്കുപകരം "അഞ്ച് മാസത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

544. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ്(1)-ൽ "വികസിപ്പിക്കേണ്ടതോ" എന്നതിനുശേഷം "നവീകരിക്കേണ്ടതോ" എന്നു ചേർക്കുക.

548. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (2)-ൽ "സർക്കാർ വകുപ്പിന്" എന്നത് "പൊതു ഏജൻസിക്ക്" എന്ന് മാറ്റുക.

549. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ്(2)-ൽ "വികസിപ്പിക്കുകയോ" എന്നതിനുശേഷം "നവീകരിക്കുകയോ" എന്ന് ചേർക്കുക.

550. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (2)-നുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ മുൻഗണനാക്രമമെന്നത്, നിർദ്ദേശം ലഭിച്ചതിന്റെ മുൻഗണനാക്രമം എന്നർത്ഥമില്ലാത്തതും ഈ ആക്ടിന്റെ പദ്ധതിയിൽ സേവനമേഖലകളിലെ അടിസ്ഥാനസൗകര്യ പദ്ധതിക്ക് പ്രാധാന്യം നൽകിക്കൊണ്ട് പ്രത്യേകമായി നിശ്ചയിക്കാവുന്ന മുൻഗണനാ ക്രമമെന്നുമാകുന്നു."

551. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (3)-ൽ "1-ാം ഉപ വകുപ്പ് പ്രകാരം" എന്നത് "(1), (2) എന്നീ ഉപവകുപ്പുകൾ പ്രകാരം" എന്ന് മാറ്റുകയും "(2)- ാം ഉപ വകുപ്പ് പ്രകാരം ഏതെങ്കിലും സർക്കാർ വകുപ്പിന്റെ" എന്ന ഭാഗം ഒഴിവാക്കുകയും ചെയ്യുക.

552. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (4)-ൽ "പൊതു ഏജൻസിയോ സർക്കാർ വകുപ്പോ" എന്നത് "പൊതു ഏജൻസി" എന്ന് മാറ്റുക.

563. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (7)-ൽ "പരിഗണിക്കേണ്ടതും" എന്നത് "പരിശോധിക്കേണ്ടതും പ്രോജക്ട് നടപ്പിലാക്കേണ്ടതുണ്ടെന്ന് സർക്കാരിന് ബോദ്ധ്യമാകുന്ന പക്ഷം;" എന്ന് മാറ്റുക.

ഇതിൽ 417-ൽ ബോർഡിന്റെ പൊതുവായ അധികാരങ്ങൾ പറയുന്ന ഭാഗത്തെ ഏതെങ്കിലും ആരംഭിച്ചതോ അല്ലെങ്കിൽ ആരംഭിക്കാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും പ്രോജക്ട് നിർത്തി വയ്ക്കാനോ നീട്ടി വയ്ക്കാനോ ആവശ്യപ്പെടാൻ ബോർഡിന് അധികാരമുണ്ടെന്ന് പറഞ്ഞിട്ടില്ല. നമ്മൾ തീരുമാനിച്ചു കഴിഞ്ഞതിനു ശേഷം എന്തെങ്കിലും കാരണവശാൽ അത് പെട്ടെന്ന് നീട്ടി വയ്ക്കേണ്ടതായി വന്നിട്ടുണ്ടെങ്കിൽ അത് പറയാനുള്ള അധികാരങ്ങൾ അതിൽ വന്നിട്ടില്ല. അതുകൂടി ഉൾപ്പെടുത്താനാണ് 417-ലെ ഭേദഗതി. അതുപോലെതന്നെ 480, ഭൂരിപക്ഷമില്ലാത്ത പക്ഷം ചെയർപേഴ്സണ് കാസ്റ്റിംഗ് വോട്ട് അല്ലെങ്കിൽ രണ്ടാം വോട്ട് വേണമെന്നുള്ള ഭേദഗതി. കൃത്യമായി പകുതിയും പകുതിയും വരികയാണെങ്കിൽ ചെയർപേഴ്സണ് കാസ്റ്റിംഗ് വോട്ടിനുള്ള ഭേദഗതിയാണ് ഞാനിതിൽ പറഞ്ഞിട്ടുള്ളത്. 486-ൽ ഈ അംഗങ്ങൾക്ക് ചെയർപേഴ്സന്റെ അനുമതിയോടെ വീഡിയോ കോൺഫറൻസ് വഴി യോഗത്തിൽ പങ്കെടുക്കാമെന്ന് പറയുന്നുണ്ട്. എന്നാൽ ചെയർപേഴ്സൺ അദ്ധ്യക്ഷം വഹിക്കാത്ത യോഗത്തിൽ വേറെ ആരെങ്കിലുമാണ് അദ്ധ്യക്ഷം വഹിക്കുന്നതെങ്കിൽ ചെയർപേഴ്സന്റെ അനുമതി ആവശ്യമായി വരുന്ന സാഹചര്യം ഉചിതമല്ല. പൊതുവായി അദ്ധ്യക്ഷൻ എന്നു ചേർക്കുന്നത് ഇത് ഒഴിവാക്കാൻ ഉപകരിക്കും. അതാണ് എന്റെ 486-മത്തെ ഭേദഗതി. ഫണ്ട് ട്രസ്റ്റിന്റെ അഡ്വൈസറി കമ്മീഷനിലെ അംഗങ്ങളെ കോടതി കുറ്റസ്ഥാപനം ചെയ്താലല്ലാതെ നീക്കാൻ പാടില്ല എന്നാണ് ആക്ടിൽ പറയുന്നത്. അംഗങ്ങളെ നീക്കേണ്ടതുണ്ടെന്ന് സർക്കാരിന് ബോദ്ധ്യമാകുന്ന പക്ഷം അവരെ നീക്കം ചെയ്യാൻ ഇതിൽ വ്യവസ്ഥ വേണം. അതിനാണ് 503-ാമത്തെ ഭേദഗതി.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

381. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(എ)-യിൽ "അംഗീകരിക്കുക" എന്നതിനു പകരം "പരിശോധിക്കുക" എന്ന് ചേർക്കുക.

383. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ബി)-യിൽ "അധികാരപ്പെടുത്തുക" എന്നതിനു പകരം "നടത്തുക" എന്ന് ചേർക്കുക.

387. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(സി)-യിൽ "നടപ്പിലാക്കുന്ന" എന്നതിനു പകരം "നടപ്പിലാക്കുന്നതിന്" എന്ന് ചേർക്കുക.

393. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ഇ)-യിൽ "അംഗീകരിക്കുകയും" എന്നതിനു പകരം "തേടുകയും" എന്ന് ചേർക്കുക.

397. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(എഫ്)-ൽ "ഉദ്യമങ്ങൾ" എന്നതിന് പകരം "നിർദ്ദേശങ്ങൾ" എന്ന് ചേർക്കുക" .

402. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 (ജി)-യിൽ "പങ്കുവെയ്ക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്ന" എന്നതിനു ശേഷം "ചർച്ചയ്ക്ക് വിധേയമാക്കുന്ന" എന്നത് ചേർക്കുക.

406. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(ജി)-യിൽ "നയങ്ങൾ രൂപീകരിക്കുക" എന്നതിനു പകരം "ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക" എന്ന് ചേർക്കുക.

409. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എ)-യിൽ "വിവരം" എന്ന വാക്കിനുപകരം "ഡീറ്റെയിൽഡ് അന്വേഷണ റിപ്പോർട്ട് " എന്ന് ചേർക്കുക.

415. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ബി)-യിൽ "പരിശോധിക്കുകയും" എന്നതിനുപകരം "പഠനം നടത്തുകയും അല്ലെങ്കിൽ പഠനം നടത്തുവാൻ ഇടവരുകയും കൂടാതെ അന്വേഷണം നടത്തുകയും" എന്നു ചേർക്കുക.

420. ഖണ്ഡം 7 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (ഡി)-യിൽ "നിർദ്ദേശങ്ങളും" എന്നത് "മാർഗ്ഗനിർദ്ദേശങ്ങളും" എന്നാക്കി മാറ്റുക.

432. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ഐ)-യിൽ "എന്നിവയ്ക്കെതിരെയോ എന്നിവയിൽ ഏതിനെങ്കിലും എതിരെയോ" എന്നതിന് പകരം " എന്നിവരിൽ നിന്ന്" എന്ന് ചേർക്കുക.

443. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എൽ)-ൽ "എന്നിവയുടെയോ അവയിൽ ഏതെങ്കിലും ഒന്നിന്റെയോ പ്രവർത്തനങ്ങൾ, കാലാകാലങ്ങളിൽ, അവലോകനം ചെയ്യുക" എന്നതിന് പകരം "എന്നിവയുടെ പ്രവർത്തനം ആവശ്യമെന്നു കണ്ടാൽ അവലോകനം ചെയ്യുക" എന്ന് ചേർക്കുക.

475. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2)(ജി)-ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(എച്ച്) ഒരു പ്രതിപക്ഷ എം.എൽ.എ. .. അംഗം" എന്ന് ചേർക്കുക.

494. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3)-യിൽ "രണ്ടുവർഷക്കാലയളവ്" എന്നത് "മൂന്നുവർഷക്കാലയളവ്" എന്ന് മാറ്റുക.

500. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (4)-ൽ "കുറ്റ സ്ഥാപനം ചെയ്യുന്ന കാരണത്താൽ" എന്നതിനുശേഷം "കാരണത്താലോ സർക്കാരിനോ ബോർഡിനോ നിരക്കാത്ത പ്രവൃത്തിയിൽ ഏർപ്പെട്ടാലോ നീക്കം ചെയ്യാവുന്നതാണ്" എന്നു ചേർക്കുക.

505. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (5)-ൽ "സാമ്പത്തികശാസ്ത്രം" എന്നതിനുശേഷം "സാമൂഹികശാസ്ത്രം" എന്നുകൂടി ചേർക്കുക.

517. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(8)-ലെ "പ്രകാരമുള്ളത്ര തവണയും" എന്നത് മാറ്റി പകരം "പ്രകാരം വർഷത്തിൽ നാല് തവണയെങ്കിലും" എന്ന് ചേർക്കുക.

532. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 (ഡി) (2)-ൽ "ഓരോ ആറ് മാസത്തിലും" എന്നതിനു പകരം "ഓരോ മൂന്ന് മാസത്തിലും " എന്ന് ചേർക്കുക.

539. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഇ(ജി)-ൽ "വിവേകപൂർവ്വമായ" എന്നതിനു പകരം "ആദായകരമായ" എന്നത് ചേർക്കുക.

547. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ്(1)-ൽ "ബന്ധപ്പെട്ട പൊതു ഏജൻസി" എന്നതിനു പകരം "ബന്ധപ്പെട്ട എം.എൽ.എ.മാരുടെ അഭിപ്രായങ്ങൾ ആരായാവുന്നതാണ്" എന്ന് ചേർക്കുക.

560. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(എഫ്)(6)-ൽ "പ്രസിദ്ധീകരിപ്പിക്കേണ്ടതാണ്"എന്നതിനു പകരം "പ്രസിദ്ധീകരിക്കേണ്ടതാണ് "എന്ന് ചേർക്കുക.

566. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ്(10)-ലെ "റിപ്പോർട്ട്" എന്ന വാക്കിന് മുൻപായി "വിദഗ്ദ്ധ സമിതിയെക്കൊണ്ട് അന്വേഷണം നടത്തി" എന്നീ വാക്കുകൾ ചേർക്കുക.

567. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ്(11)-ൽ "ഒരു പ്രോജക്ട് പഠനം" എന്നത് "വിദഗ്ദ്ധ സമിതിയെ കൊണ്ട് ഒരു നിശ്ചിത സമയത്തിനകം പഠനം" എന്നാക്കി മാറ്റുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

382. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ബി)-യിൽ "പരിപാലിക്കുന്നതിനും വിനിയോഗിക്കുന്നതിനും" എന്നീ വാക്കുകൾ ഒഴിവാക്കുക.

385. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ബി)-ക്ക് ശേഷം (സി) ആയി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുകയും ബാക്കിയുള്ളവ പുനരക്ഷരം ചെയ്യുകയും ചെയ്യുക; "(സി) നിധി കണ്ടെത്തുകയും പരിപാലിക്കുകയും വിനിയോഗിക്കുകയും ചെയ്യുക".

405. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ജി)-ക്ക് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് (എച്ച്) ചേർക്കുക, ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക: "(എച്ച്) പ്രോജക്ടുകളെക്കുറിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിക്കുന്നതിനായി സ്പോൺസറിംഗ് ഏജൻസിയെ നിയോഗിക്കുക."

419. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ഡി)-യിൽ "വിനിയോഗിക്കുകയും" എന്ന വാക്കിനുശേഷം "പരിപാലിക്കുകയും" എന്ന വാക്ക് ചേർക്കുക.

427. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ജി)-ക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കുകയും ബാക്കിയുള്ളവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(എച്ച്) സഹായം നൽകിയ സംരംഭങ്ങളിൽ നിന്ന് ബോർഡിന് ലഭിക്കാനുള്ള തുകകൾ ഇടാക്കുകയും ചെയ്യുക;" "(ഐ) ബോർഡിന് യുക്തമെന്ന് തോന്നുന്നപക്ഷം സഹായം നൽകപ്പെട്ട സംരംഭത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക;"

487. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (7) -ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക "(8) എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പിലെ സെക്രട്ടറിയെ യോഗത്തിൽ പങ്കെടുക്കുന്നതിനായി ക്ഷണിക്കാവുന്നതാണ്".

546. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (1)-ൽ വകുപ്പിൽ "സ്വമേധയാലോ" എന്ന വാക്കിനു ശേഷം "ഒരു അംഗീകൃത ഏജൻസിയാൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

384. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിച്ചിട്ടുള്ള വകുപ്പ് 6(ബി) താഴെപ്പറയും പ്രകാരം മാറ്റുക;

"(ബി) അംഗീകാരം നൽകിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനു വേണ്ട വിഭവ സമാഹരണം നടത്തുക" എന്നാക്കി മാറ്റുക.

389. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(സി) താഴെപ്പറയും പ്രകാരം മാറ്റുക;

"(സി) പ്രോജക്ട് നടപ്പിലാക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ അംഗീകരിക്കുക;"

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

386. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിച്ചിട്ടുള്ള വകുപ്പ് 6(സി) ഒഴിവാക്കുക.

404. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 (ജി)-യിൽ "രൂപീകരിക്കുക, ശിപാർശ ചെയ്യുക എന്നിവ" എന്നീ വാക്കുകൾ ഒഴിവാക്കി പകരം "രൂപീകരിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുക" എന്നു ചേർക്കുക.

414. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) ഏതെങ്കിലും പ്രോജക്ടിനെ സംബന്ധിച്ചുള്ള വിവരം നൽകുന്നതിനായി ഏതെങ്കിലും പൊതു ഏജൻസിയോട് ആവശ്യപ്പെടുക."

422. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ഇ) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഇ) പദ്ധതി പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ പരിശോധനയ്ക്ക് ശേഷം ധനസഹായം അനുവദിക്കുക".

429. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എച്ച്) ഈടാക്കലുകൾ യുക്തമെന്ന് കരുതുന്ന പ്രകാരം നോട്ടീസ് നൽകിയ ശേഷം ഭേദഗതി ചെയ്യുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യുക".

441. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (എൽ)-ലെ, "കൺസെഷണർ" എന്ന വാക്ക് ഒഴിവാക്കുക.

447. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (എം) താഴെപ്പറയും പ്രകാരം മാറ്റുക:

"(എം) ഈ ആക്ടിന്റെ പരിധിയിൽ വരുന്ന, സഹായം നൽകപ്പെട്ട ഏതെങ്കിലും പ്രോജക്ട്, പ്രോജക്ട് അതോറിറ്റി സ്ഥാപനങ്ങൾ, പൊതു ഏജൻസി എന്നിവയുമായി സർക്കാരിന് വേണ്ടി ധാരണാപത്രത്തിലോ നിർവ്വഹണ കരാറിലോ ഏർപ്പെടുക."

456. ഖണ്ഡം7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എസ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എസ്) നിക്ഷേപ പ്രോസ്പെക്ടസുകളും ടെണ്ടർ ഡോക്യുമെന്റുകളും ഉൾപ്പെടെയുള്ള നിധിയുടെ മറ്റ് പ്രസിദ്ധീകരണങ്ങൾ നിയമവകുപ്പിന്റെ സഹായത്തോടെ സാക്ഷ്യപ്പെടുത്തുക;"

469. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2)(ഇ)-ക്കുശേഷം താഴെപ്പറയുന്നവ ചേർക്കുകയും തുടർന്നുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(എഫ്) സെക്രട്ടറി (പൊതുമരാമത്ത്) .. അംഗം"

"(ജി) സെക്രട്ടറി (ജലവിഭവം) .. അംഗം"

472. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2)-ലെ ഇനം (എഫ്)- ൽ "ബോർഡിലെ മൂന്ന് സ്വതന്ത്ര അംഗങ്ങൾ" എന്നത് ഒഴിവാക്കി പകരം "രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള വിവിധ മേഖലകളിൽ പരിണിതപ്രജ്ഞരായ, മൂന്ന് അംഗങ്ങൾ" എന്നു ചേർക്കുക.

484. ഖണ്ഡം 7 പ്രകാരം, പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 ബി (6) ഒഴിവാക്കുക.

489. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (1)-ൽ "ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ" എന്നത് കാണപ്പെടുന്ന ഇടങ്ങളിലെല്ലാം അതിനുപകരം "കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷൻ" എന്ന് ചേർക്കുക.

493. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിച്ചിട്ടുള്ള വകുപ്പ് 6 സി (2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) കമ്മീഷനിൽ ചെയർപേഴ്സൺ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്".

496. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3) താഴെപ്പറയും പ്രകാരം മാറ്റുക:

"(3) കമ്മീഷന്റെ കാലാവധി മൂന്നു വർഷമായിരിക്കുന്നതാണ്".

497. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 6 സി (4) ഒഴിവാക്കുക.

506. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(5)-ലെ "എന്നിവയിലേതെങ്കിലും ഒരു മേഖലയിൽ" എന്നതിനുശേഷമുള്ള ഭാഗം ഒഴിവാക്കി പകരം "പരിചയ സമ്പന്നരും വിദഗ്ദ്ധരും ആയിരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

510. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (6) താഴെപ്പറയും പ്രകാരം മാറ്റുക:

"(6) ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ ചെയർപേഴ്സണായി നിലവിൽ സേവനം ചെയ്യുന്ന ഒരു ജഡ്ജിയെ നിയമിക്കാവുന്നതാണ്."

511. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (7) ഒഴിവാക്കുക.

519. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (8) താഴെപ്പറയും പ്രകാരം മാറ്റുക:

"(8) കമ്മീഷന് യുക്തമെന്ന് കരുതുന്ന സന്ദർഭങ്ങളിൽ യോഗം ചേരേണ്ടതാണ്".

521. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(9)-ൽ " കമ്മീഷന്റെ " എന്നതിനുശേഷം "മെമ്പർ" എന്ന് ചേർക്കുക.

528. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2) താഴെപ്പറയും പ്രകാരം മാറ്റുക:

"ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം തുകയുടെ വിനിയോഗവും അധിക തുകയുടെ നിക്ഷേപവും നടത്തുന്നു എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഓരോ ആറ് മാസത്തിലും ഒരു ഫിഡെലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്".

545. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (1)-ൽ "വിഭാവനം ചെയ്യുകയോ" എന്നതും "ഒരു മൂന്നാം കക്ഷിയിൽ നിന്നും" എന്നതും ഒഴിവാക്കുക.

553. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (4)-ൽ "ഒരു പൊതു സ്വകാര്യ പങ്കാളിത്തം വഴി" എന്നീ വാക്കുകൾ ഒഴിവാക്കുക.

555. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (4) (സി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സി) പങ്കാളിയിൽ നിന്നും റിസ്ക് ഈടാക്കൽ".

557. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (5) താഴെ പറയും പ്രകാരം മാറ്റുക:

"ബോർഡ്, നിർദ്ദേശിക്കപ്പെട്ട പ്രോജക്ടിന്റെ സാദ്ധ്യതാപഠനം നടത്തുവാൻ ഇടയാക്കാവുന്നതും അതിന്റെ സാദ്ധ്യത ബോദ്ധ്യപ്പെട്ടതിനു ശേഷം, ആയത് പൊതുമേഖല മുഖാന്തിരമാണെന്ന് വ്യക്തമായി സൂചിപ്പിച്ചുകൊണ്ട് സർക്കാരിലേക്ക് ശിപാർശ ചെയ്യാവുന്നതുമാണ്".

പ്രൊഫ. കെ. യു. അരുണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

390. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ഡി)യിൽ "ഏതെങ്കിലും പൊതു ഏജൻസിയുടെയും സ്പോൺസറിംഗ് ഏജൻസിയുടെയും" എന്നതിനുപകരം "സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെയും" എന്നു ചേർക്കുക.

391. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ഇ) നീക്കം ചെയ്യുക.

410. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിച്ചിട്ടുള്ള വകുപ്പ് 6 എ(എ)-യിൽ "പൊതു ഏജൻസിയോടോ കൺസെഷനറോടോ" എന്നതിനു മുമ്പായി "സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനോടോ" എന്ന് ചേർക്കുക.

423. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ജി)-യിൽ "പൊതു ഏജൻസി" എന്നതിനു മുമ്പായി "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" എന്ന് ചേർക്കുക.

440. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (എൽ)-ൽ "പൊതു ഏജൻസി" എന്നതിന് മുമ്പായി "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" എന്ന് ചേർക്കുക.

445. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (എം)-ൽ "പൊതു ഏജൻസി" എന്നതിന് മുമ്പായി "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" എന്ന് ചേർക്കുക.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

396. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 (എഫ്)-ൽ "അത്" എന്ന വാക്കിനുശേഷം "ശരിയായ രീതിയിൽ" എന്ന് ചേർക്കുക.

482. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (5)-ൽ "നാല്" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

559. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ്(6)-ൽ "വെബ്സൈറ്റിലും" എന്നതിനുശേഷം "കേരള സർക്കാരിന്റെ വെബ്സൈറ്റിലും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

398. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(എഫ്)-ൽ "ഉദ്യമങ്ങൾ ശിപാർശ ചെയ്യുകയും" എന്നതിനുപകരം "തീരുമാനങ്ങൾ കൈക്കൊള്ളുകയും" എന്ന് ചേർക്കുക.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

399. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 (ജി)-യിൽ "റിസ്കുകൾ" എന്ന വാക്കിനു പകരം "വീഴ്ചകൾ" എന്നും "തത്പര കക്ഷികൾക്കിടയിൽ" എന്നതിന് പകരം "ബന്ധപ്പെട്ട കക്ഷികൾക്കിടയിൽ" എന്നും ചേർക്കുക.

468. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2) (ഡി)-ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"ഡി (i) – സെക്രട്ടറി (പൊതുമരാമത്ത്) ..അംഗം" "(ഡി) (ii) സെക്രട്ടറി (ജലവിഭവ വകുപ്പ്).. അംഗം" എന്നിവ കൂടി ചേർക്കുക.

556. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (5)-ൽ "പൊതുമേഖല മുഖാന്തിരമാണോ" എന്നതിനുശേഷം "ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് മുഖാന്തിരമാണോ" എന്നുകൂടി ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

401. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ജി)-യിൽ "തത്പരകക്ഷികൾ" എന്ന വാക്കിനു പകരം "ബന്ധപ്പെട്ട കക്ഷികൾ" എന്ന് ചേർക്കുക.

463. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2) (ബി)-ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(ബിഎ) സെക്രട്ടറി (ജലസേചനം).. അംഗം" എന്ന് ചേർക്കുക.

554. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ്(4)-ൽ "കൂടുതലായി" എന്നതിനു പകരം "വിശദമായി" എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

403. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിച്ചിട്ടുള്ള വകുപ്പ് 6(ജി)-യിൽ "നയങ്ങൾ രൂപീകരിക്കുക" എന്നീ വാക്കുകൾക്ക് പകരം "നയ രൂപീകരണം നടത്തുക" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

412. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(എ)-യിൽ "ഏതെങ്കിലും ആളിനോടോ" എന്നതിനുപകരം "ബന്ധപ്പെട്ടവരോടോ" എന്നത് ചേർക്കുക.

464. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2) (ബി)-ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(ബിഎ) സെക്രട്ടറി (റവന്യൂ).. അംഗം" എന്ന് ചേർക്കുക.

564. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ്(9)-ൽ "എഴുതി രേഖപ്പെടുത്തിയിട്ടുള്ള" എന്നതിനുപകരം "രേഖാമൂലമുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. ടി. ബൽറാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

416. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ബി)-യിൽ "ഇടയാക്കുകയും" എന്നതിനുപകരം "ഇടയാക്കും വിധത്തിൽ" എന്ന് ചേർക്കുക.

478. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(4)-ൽ "മൂന്നിൽ രണ്ടിൽ" എന്നത് "രണ്ടിലൊന്നിൽ" എന്ന് മാറ്റുക.

ശ്രീ. റോജി എം. ജോൺ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

433. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (ഐ)-യിൽ "ഏതിനെങ്കിലും" എന്നതിന് ശേഷം "ഒന്നിന്" എന്ന് ചേർക്കുക.

490. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിച്ചിട്ടുള്ള വകുപ്പ് 6 സി (2)-ൽ "മൂന്നിൽ കുറയാതെയും എന്നാൽ" എന്നീ വാക്കുകൾ ഒഴിവാക്കുക

ശ്രീ. ഹൈബി ഈഡൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

436. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (ജെ)-യിൽ "യാത്ര" എന്നതിന് പകരം "യാത്രാ ചെലവ്" എന്ന് ചേർക്കുക.

491. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിച്ചിട്ടുള്ള വകുപ്പ് 6 സി (2)-ൽ "എന്നാൽ അഞ്ചിൽ കൂടാതെയുമുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക

<u>ശ്രീ. എം. വിൻസെന്റ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(കെ)-ൽ "അധികം" എന്ന വാക്കിന് പകരം "മിച്ചം" എന്ന വാക്ക് ചേർക്കുക.

529. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2)-ൽ "ഓരോ ആറു മാസത്തിലും" എന്നീ വാക്കുകൾക്ക് പകരം "ഓരോ നാലു മാസത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

453. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(പി)-ൽ "സർക്കാർ" എന്ന വാക്കിനുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

525. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2)-ൽ "ഭൂരിപക്ഷം" എന്നതിനു പകരം "മൂന്നിൽ രണ്ട്" എന്ന് ചേർക്കുക.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

454. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(ആർ)-ൽ "നിയമസഭയിലേക്കുള്ള" എന്നതിനു പകരം "നിയമസഭയിൽ സമർപ്പിക്കുന്ന" എന്ന് ചേർക്കുക.

462. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2) (ബി)-ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ബിഎ) സെക്രട്ടറി (മരാമത്ത്)..അംഗം" എന്ന് ചേർക്കുക.

492. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിച്ചിട്ടുള്ള വകുപ്പ് 6 സി (2) താഴെപ്പറയും വിധം മാറ്റുക:

"(2) കമ്മീഷനിൽ ചെയർപേഴ്സൺ ഉൾപ്പെടെ നാല് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്".

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

460. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2)(ബി)-യ്ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ബിഎ) സെക്രട്ടറി (തുറമുഖം).. അംഗം" എന്നത് ചേർക്കുക.

542. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഇ (എച്ച്) -ൽ "പ്രകാരമുള്ള തവണ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

476. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (3) യുടെ അവസാനം താഴെപ്പറയുന്നതു ചേർക്കുക:

"എന്നാൽ ഇവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല"

537. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഇ(ഡി)-ൽ "പ്രകാരമുള്ള" എന്ന വാക്കിനു പകരം "രീതിയിലുള്ള " എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

479. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (4)-ൽ "ഭൂരിപക്ഷത്തോടെ" എന്ന വാക്കിനുശേഷം "എക്സിക്യൂട്ടീവ് കമ്മിറ്റി" എന്ന് ചേർക്കുക.

518. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(8)-ൽ "തവണയും" എന്നതിന് പകരം "ദിവസങ്ങളിലും" എന്ന് ചേർക്കുക.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

485. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "ചെയർപേഴ്സന്റെ" എന്നതിനുശേഷം "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

538. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഇ(ഇ)-ൽ "പരാതികൾ" എന്ന വാക്കിനുശേഷം "സമയബന്ധിതമായി" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. ദാസൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

502. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (4)-ൽ "അംഗങ്ങൾ അവർക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും" എന്നതിനുപകരം "അംഗങ്ങൾക്ക് അവരുടെ ഔദ്യോഗിക കാലാവധി തീരുന്നതിന് മുമ്പ് രേഖാമൂലം രാജി സമർപ്പിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതും " എന്നു ചേർക്കുക.

520. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (9) ഒഴിവാക്കുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

513. ഖണ്ഡിക 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിച്ചിട്ടുള്ള വകുപ്പ് 6 സി (7)-ൽ "അനുമതിയോടെ" എന്നതിനു മുൻപ് "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

516. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (8)-ൽ "കരുതുന്ന പ്രകാരമുള്ളത്രു" എന്നതിന് പകരം "കരുതുന്നത്ര പ്രകാരമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. ജോർജ് എം. തോമസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

530. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2)-ൽ "വിനിയോഗവും അധിക തുകയുടെ നിക്ഷേപവും" എന്നതിന് പകരം "വിനിയോഗവും മിച്ചമുള്ള തുകയുടെ നിക്ഷേപവും" എന്ന് ചേർക്കുക.

558. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ്(6)-ൽ "വെബ്സൈറ്റിലും പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള മറ്റ് വെബ്സൈറ്റുകളിലും" എന്നതിനു പകരം "വെബ്സൈറ്റിൽ" എന്ന് ചേർക്കുകയും ക്ലിപ്ത നിബന്ധന നീക്കം ചെയ്യുകയും ചെയ്യുക.

565. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എഫ് (9)-ൽ "പ്രോജക്റ്റ് പുനഃപരിശോധിക്കേണ്ടതും" എന്നതിനുപകരം "മറ്റൊരു പൊതു ഏജൻസിയെ കൊണ്ട് പ്രോജക്റ്റ് ആരംഭിക്കാൻ" എന്ന് ചേർക്കുക.

മി. സ്പീക്കർ : താഴെപ്പറയുന്ന കാരണങ്ങളാൽ മറ്റു ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. 377, 408, 522, 534 എന്നീ നമ്പർ ഭേദഗതികൾ ക്രമപ്രകാരമല്ല. 481-ാം നമ്പർ ഭേദഗതി 482-ന് തുല്യവും, 524-ാം നമ്പർ ഭേദഗതി 523-ന് തുല്യവും, 562-ാം നമ്പർ ഭേദഗതി 561-ന് തുല്യവുമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതിയും ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 454-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ക്വാറം 4-ൽനിന്ന് 5 ആക്കി ഉയർത്തണം എന്നുള്ളതാണ് ആ ഭേദഗതി.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. അഡ്വൈസറി കമ്മീഷന്റെ അംഗങ്ങളെ നീക്കം ചെയ്യാൻ സ്വഭാവദൂഷ്യം എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ, അഴിമതി കൂടി ചേർക്കണം എന്നതാണ് ഭേദഗതി. കൺവിക്ഷന് വേറെ പല ആവശ്യങ്ങളും വന്നിട്ടുണ്ട്. ജഡ്ജിയെ നിയമിക്കണമെന്ന് പറഞ്ഞു. ഇത് ജുഡീഷ്യൽ കമ്മീഷനല്ല, മാനേജ്മെന്റ് മേൽനോട്ടം മാത്രമാണ്. അതുപോലെ വേറെ ചിലർ പിരിച്ചുവിടാനുള്ള അവകാശം സർക്കാരിന് വേണമെന്നാണ് പറയുന്നത്, അത് പറ്റില്ല, അങ്ങനെ നമ്മൾ അവകാശം വച്ചുകൊണ്ട് വിചാരിക്കുന്നതു പോലുള്ള ആളുകൾ വരില്ല. രണ്ടു വർഷമേ കാലാവധിയുള്ളൂ, അത് കഴിഞ്ഞ് അവർ റിട്ടയർ ചെയ്യും. അതിനിടയിൽ കൺവിക്ഷൻ ഉണ്ടായാൽ മാറേണ്ടി വരും.

ശ്രീ. കെ. കുഞ്ഞിരാമൻ അവതരിപ്പിച്ച 516- ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 527-ാം നമ്പർ ഭേദഗതിയും ശ്രീ. ജോർജ് എം. തോമസ് അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. "വിനിയോഗവും മിച്ചമുള്ള തുകയുടെ നിക്ഷേപവും" എന്ന ഭേദഗതി നേരത്തെയുള്ളതിന്റെ തുടർച്ചയാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതിയും ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച 454-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കുഞ്ഞിരാമൻ അവതരിപ്പിച്ച 516- ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 527-ാം നമ്പർ ഭേദഗതിയും ശ്രീ. ജോർജ് എം. തോമസ് അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 378, 388, 392, 394, 407, 411, 413, 418, 421, 425, 426, 428, 430, 435, 437, 444, 448, 451, 452, 455, 458, 466, 467, 477, 488, 495, 501, 514, 515, 526, 536, 561 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 379, 459, 470, 541 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 380, 395, 400, 417, 424, 431, 434, 439, 442, 446, 449, 457, 465, 474, 480, 486, 503, 504, 507, 512, 523, 531, 544, 548, 549, 550, 551, 552, 563 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 381, 383, 387, 393, 397, 402, 406, 409, 415, 420, 432, 443, 475, 494, 500, 505, 517, 532, 539, 547, 560, 566, 567 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 382, 385, 405, 419, 427, 487, 546 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 384, 389 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 386, 404, 414, 422, 429, 441, 447, 456, 469, 472, 484, 489, 493, 496, 497, 506, 510, 511, 519, 521, 528, 545, 553, 555, 557 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. കെ. യു. അരുണൻ അവതരിപ്പിച്ച 390, 391, 410, 423, 440, 445 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 396, 482, 559 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 399, 468, 556 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 401, 463, 554 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 412, 464, 564 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 416, 478 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 433, 490 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 436, 491 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 453, 525 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച 462, 492 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 460, 542 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 476, 537 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 479, 518 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 485, 538 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 502, 520 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 513-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോർജ് എം. തോമസ് അവതരിപ്പിച്ച 558, 565 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതിചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

568. ബില്ലിന്റെ 8-ാം ഖണ്ഡത്തിൽ (2)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ "പ്രോജക്ടിൽ നിന്നുമുണ്ടായ വരുമാനം യൂസർ ലെവി ഉൾപ്പെടെയുള്ള" എന്നത് "പ്രോജക്ടിൽ നിന്നുമുണ്ടായ യൂസർ ലെവി ഉൾപ്പെടെയുള്ള വരുമാനം" എന്ന് മാറ്റുക.

568 എ. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിലെ "ഓരോ ലിറ്റർ പെട്രോളിന്മേലും ചുമത്തപ്പെടുന്ന സെസ്സ്" എന്ന വാക്കുകൾക്ക് പകരം "പെട്രോളിയം ഉൽപ്പന്നങ്ങളിന്മേൽ ചുമത്തിയിട്ടുള്ള സെസ്സ്" എന്ന് ചേർക്കേണ്ടതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

569. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ൽ "പ്രവർത്തനപരവുമായി ഭരണനിർവ്വഹണപരവുമായി" എന്നതിനു പകരം "പ്രവർത്തനത്തിനും ഭരണനിർവ്വഹണത്തിനുമായി " എന്ന് ചേർക്കുക.

576. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(1)-ലെ രണ്ടാമത് ക്ലിപ്ത നിബന്ധനയിലെ "സെസ്സ് മുൻവർഷക്കാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ്സ് തുകയുടെ അടിസ്ഥാനത്തിൽ" എന്നതിന് പകരം "സെസ്സിന്റെ അൻപത് ശതമാനം" എന്ന് ചേർക്കുക.

579. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(1) -നുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

" (2) 1988-ലെ മോട്ടോർ വാഹന ആക്ടിലെ വായുമലിനീകരണം നിയന്ത്രിക്കുന്നതിന്റെ ആവശ്യത്തിലേക്ക് ഏർപ്പെടുത്തുകയോ ഏർപ്പെടുത്താനിടയുള്ളതോ ആയ ഹരിത നികുതി ഉൾപ്പെടെ പ്രത്യേക ആവശ്യങ്ങൾക്കായി പുതിയതായി ഏർപ്പെടുത്താൻ ഇടയാകുന്ന നികുതികളുടെ യാതൊരു വിഹിതവും നിധിയിലേയ്ക്ക് നീക്കിവയ്ക്കേണ്ടതില്ലാത്തതുമാകുന്നു ".

580. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2) - ലെ "ഡിസംബർ" എന്നത് "മാർച്ച്" എന്നാക്കുക.

579-ൽ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനം വീതം പരമാവധി 50 ശതമാനം നിധിയിലേക്കു സ്വരൂപിക്കണമെന്നാണ് പറയുന്നത്. എന്നാൽ കഴിഞ്ഞ ദിവസം പാസ്സാക്കിയ പുതിയ ധനകാര്യ ബില്ലിലെ 3 (a)യിൽ ഹരിത നികുതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ഹരിത നികുതി പിരിക്കുന്നത് വായു മലിനീകരണം നിയന്ത്രിക്കാൻ വേണ്ടിയാണെന്നാണ് ധനകാര്യ ബില്ലിൽ പറയുന്നത്. ആ സംഖ്യ നമ്മൾ എടുക്കാൻ പാടില്ല. അത് വായു മലിനീകരണം നിയന്ത്രിക്കുന്നതിനുവേണ്ടി മാത്രം നീക്കിവയ്ക്കണം. പക്ഷേ ഇതിൽ പറഞ്ഞിട്ടുള്ളത് എല്ലാ ടാക്സും എന്നാണ്. അപ്പോൾ അത് ഒഴിവാക്കണമെന്നാണ് എന്റെ ആവശ്യം.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

570. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(1)- ൽ "ബജറ്റിൽ" എന്ന വാക്കിനു പകരം "ധനവിവര പത്രികയിൽ" എന്ന് ചേർക്കുക.

572. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(1)- ന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിൽ "മുൻവർഷം" എന്നതിനു പകരം "മുൻ സാമ്പത്തിക വർഷം" എന്ന് ചേർക്കുക.

574. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(1)- ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "അഞ്ചാമത്തെ വർഷത്തിൽ മോട്ടോർ വാഹന നികുതിയുടെ അൻപത് ശതമാനം വരെ വർദ്ധിക്കുന്നതുമാണ് " എന്നതിനു പകരം "അത് പരമാവധി അൻപത് ശതമാനത്തിൽ ഒതുക്കി നിർത്തേണ്ടതുമാണ് " എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

571. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7(1) -ലെ ക്ലിപ്തനിബന്ധനകൾ ഒഴിവാക്കുക .

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

573. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(1)- ന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിൽ "നീക്കിവയ്ക്കേണ്ടതും" എന്നതിനുപകരം "നീക്കി വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുകയും ബാക്കിയുള്ളവ ഒഴിവാക്കുകയും ചെയ്യുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

575. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(1)- ഉം ഒന്നാമത് ക്ലിപ്ത നിബന്ധനയും താഴെപ്പറയും പ്രകാരം മാറ്റുക:

"(1) ആന്വിറ്റി നൽകുന്നതിനോ 8-ാം വകുപ്പ് പ്രകാരമുള്ള മറ്റ് തിരിച്ചടവ് ബാദ്ധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിന് സർക്കാർ, സമയാസമയങ്ങളിൽ, വാർഷിക ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്: എന്നാൽ, സർക്കാർ മുൻവർഷം പിരിച്ചെടുത്ത വാഹന നികുതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം നിധിയിലേക്ക് വിഹിതമായി നീക്കിവയ്ക്കേണ്ടതും അപ്രകാരമുള്ള വിഹിതം ആകെ പത്ത് ശതമാനമായിരിക്കുന്നതുമാണ്."

584. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(3)- ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക:

"(4) കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുടെ എല്ലാ പണമിടപാടുകളും സംസ്ഥാന ധനകാര്യ വകുപ്പ് പരിശോധിക്കേണ്ടതാണ്".

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

577. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(1)- ന്റെ രണ്ടാമത് ക്ലിപ്ത നിബന്ധനയിൽ "നിധിയിലേക്കു നൽകേണ്ടതാണ് " എന്ന വാക്കുകൾക്ക് ശേഷം താഴെപ്പറയുന്നവ കൂടി ചേർക്കുക:

"എന്നാൽ മുൻകാലത്ത് പെട്രോൾ - ഡീസൽ സെസ്സ് മുഖേന ഏറ്റെടുത്തിട്ടുള്ള പ്രവർത്തികളുടെ ചെലവ് സർക്കാർ നിധിയിൽ നിന്നും വഹിക്കേണ്ടതാണ്."

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെട്രോൾ-ഡീസൽ സെസ്സ് ഏർപ്പെടുത്തിയപ്പോൾ അന്ന് ആന്വിറ്റി സ്കീമിൽ ഉൾപ്പെടുത്തി വർക്കെടുക്കുകയുണ്ടായി. അത് ഓൺഗോയിംഗാണ്. അങ്ങ് ഈ വർക്കിന്റെയെല്ലാം കോർപ്പസ് കിഫ്ബിയിലേക്ക് മാറ്റിക്കൊണ്ട് പോകുകയാണ്. ആ വർക്കിന്റെ ഭാവിയെന്താണ്? ഒന്നുകിൽ ആ വർക്കിന്റെ പേയ്മെന്റ് കിഫ്ബി നൽകാമെന്ന് പറയണം. അല്ലെങ്കിൽ അങ്ങൊരു മാർഗ്ഗം നിർദ്ദേശിക്കണം. അതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കാരാട്ട് റസാഖ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

578. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(1)- ന്റെ രണ്ടാം ക്ലിപ്ത നിബന്ധന താഴെ പറയും പ്രകാരം മാറ്റുക: "എന്നുമാത്രമല്ല, അതിനുപുറമേ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തുന്ന ഒരു രൂപ വീതമുള്ള അധിക വിൽപന നികുതി നിധിയിലേക്ക് നൽകേണ്ടതാണ്".

ശ്രീ. ഒ. ആർ. കേളു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

581. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2)- താഴെ പറയും പ്രകാരം മാറ്റുക:

"(2) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മൂന്നുമാസ ചെലവുകളുടെ മതിപ്പ് തയ്യാറാക്കി സമർപ്പിച്ചാൽ പണം മുൻകൂറായി അനുവദിക്കേണ്ടതാണ്".

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

582. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7(2)- ന്റെ ക്ലിപ്ത നിബന്ധനയിൽ "വരുമാനം യൂസർലെവി ഉൾപ്പെടെയുള്ള" എന്ന വാക്കുകൾക്ക് പകരം "യൂസർലെവി ഉൾപ്പെടെയുള്ള വരുമാനം"എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

583. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2) - ലെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക:

"എന്നാൽ യൂസർ ലെവി ഉൾപ്പെടെ ഏതെങ്കിലും പ്രോജക്ടിൽ നിന്നുമുണ്ടായ വരുമാനം പ്രസ്തുത വർഷത്തിന്റെ അവസാനം നടത്തിയ ധനവിനിയോഗത്തിൽ നിന്നും തട്ടിക്കിഴിക്കേണ്ടതും, പ്രവർത്തനപരമായ ചെലവുകൾ വഹിച്ചതിനു ശേഷമുള്ള തുക മാത്രം പ്രസ്തുത വർഷം ധനവിനിയോഗമായി നൽകിയാൽ മതിയാകുന്നതുമാണ്"

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. സി. ജോസഫ് ചോദിച്ചത് നമ്മൾ ആന്വിറ്റി സ്കീമിൽ തുടങ്ങിയ പ്രോജക്ടുകൾ എന്തു ചെയ്യുമെന്നാണ്. അതിന് ബഡ്ജറ്റിൽനിന്നും ആവശ്യമായ തുക മുടക്കമില്ലാതെ നൽകും. കിഫ്ബി-യിൽനിന്നും നൽകാൻ കഴിയില്ല. സർക്കാരിന്റെ വരുമാനത്തിൽ നിന്നുതന്നെ അത് കണ്ടെത്തും. രണ്ടാമത്തേത്, ശ്രീ. എം. ഉമ്മറിന്റേതാണ്. "മുൻ സാമ്പത്തികവർഷം" എന്ന് ചേർക്കണമെന്നാണ് അദ്ദേഹത്തിന്റെ ഭേദഗതി. വർഷം എന്നാൽ സാമ്പത്തിക വർഷമാണെന്ന് നിർവ്വചനത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് അത് എടുത്ത് പറയേണ്ടതില്ല. ശ്രീ. ഒ. ആർ. കേളു പ്രധാനപ്പെട്ട ഒരു നിർദ്ദേശം വച്ചിട്ടുണ്ടെങ്കിലും അത് സ്വീകരിക്കാൻ നിർവ്വാഹമില്ല. മൂന്ന് മാസം മുൻകൂറായി പണം നൽകണമെന്നതാണ് അദ്ദേഹത്തിന്റെ ഭേദഗതി. അങ്ങനെ നൽകാൻ കഴിയില്ല. പണി പൂർത്തിയായി ക്കഴിഞ്ഞാൽ ഓൺലൈനായി ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ പണം കോൺട്രാക്ടർക്ക് ലഭിക്കുന്ന സംവിധാനമാണ് ബില്ലിൽ വിഭാവന ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ എന്റെ 579-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ :

1. ശ്രീ. അബ്ദുൽ ഹമീദ്. പി
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് കുന്നപ്പിള്ളി
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
19. ശ്രീ. മോൻസ് ജോസഫ്
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. വി. പി. സജീന്ദ്രൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. കെ. എം. ഷാജി
31. ശ്രീ. വി. എസ്. ശിവകുമാർ
32. ശ്രീ. സണ്ണി ജോസഫ്
33. ശ്രീ. സി. എഫ്. തോമസ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. എം. ഉമ്മർ
36. ശ്രീ. എം. വിൻസെന്റ്

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി

39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. വി. എസ്. സുനിൽ കുമാർ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. തോമസ് ചാണ്ടി

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. പിണറായി വിജയൻ

76. ശ്രീ. എൻ. വിജയൻ പിള്ള

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 36

പ്രതികൂലിക്കുന്നവർ - 76

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം : സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 568(എ) നമ്പർ ഔദ്യോഗിക ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു. അല്ലെങ്കിൽ അത് ഒന്നുകൂടി മോഡിഫൈ ചെയ്യാൻ തയ്യാറാകണം. "മണ്ണെണ്ണ ഒഴികെയുള്ള പെട്രോളിയം ഉൽപ്പന്നങ്ങൾ" എന്നാക്കി മാറ്റണം. മണ്ണെണ്ണ ഇതിൽനിന്നും മാറ്റി നിർത്തണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഭേദഗതിയിൽ മാറ്റം വരുത്തുന്നില്ല.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 568(എ) നമ്പർ ഔദ്യോഗിക ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. ഇ. കെ. വിജയൻ
75. ശ്രീ. പിണറായി വിജയൻ
76. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് .പി
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് കുന്നപ്പിള്ളി
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
19. ശ്രീ. മോൻസ് ജോസഫ്
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല

25. ശ്രീ. റോജി എം. ജോൺ

26. ശ്രീ. വി. പി. സജീന്ദ്രൻ

27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. കെ. എം. ഷാജി

31. ശ്രീ. വി. എസ്. ശിവകുമാർ

32. ശ്രീ. സണ്ണി ജോസഫ്

33. ശ്രീ. സി. എഫ്. തോമസ്

34. ശ്രീ. പി. ടി. തോമസ്

35. ശ്രീ. എം. ഉമ്മർ

36. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 568 (എ) നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മന്ത്രി അവതരിപ്പിച്ച 568-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 569, 576, 580 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 570, 572, 574 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതിരിപ്പിച്ച 571-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതിരിപ്പിച്ച 573-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതിരിപ്പിച്ച 575, 584 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കാരാട്ട് റസാഖ് അവതിരിപ്പിച്ച 578-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഒ. ആർ. കേളു അവതിരിപ്പിച്ച 581-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതിരിപ്പിച്ച 582-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് അവതിരിപ്പിച്ച 583-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

586. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ "കടമായി വാങ്ങാവുന്നതാണ്" എന്നതിനുശേഷം "ഇതിന്റെ യൂട്ടിലിറ്റി സർക്കാരിനെ അറിയിക്കേണ്ടതുമാണ്" എന്നുകൂടി ചേർക്കുക.

592. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "സ്പോൺസറായി" എന്നതിനു പകരം "നടത്തിപ്പുകാരനായി" എന്നു ചേർക്കുക.

597. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 8 (4)- ൽ "വിട്ടുതൽ ചെയ്യുകയോ" എന്നതിനുശേഷം "നിക്ഷേപിക്കുകയോ" എന്നു ചേർക്കുക.

599. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 8 എ-യിലെ "ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്" എന്നതിനുപകരം "നിക്ഷിപ്തമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1) താഴെപ്പറയും പ്രകാരം മാറ്റുക:

"കടം വാങ്ങുന്നതിനും നൽകുന്നതിനും ബോർഡിനുള്ള അധികാരം ബോർഡിന്, കാലാകാലങ്ങളിൽ സംസ്ഥാന മന്ത്രിസഭയുടെ മുൻകൂർ അനുമതിയോടുകൂടി ഏതൊരു തുകയും കടമായി വാങ്ങാവുന്നതാണ്."

<u>ശ്രീ. എം ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

588. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (2)-ൽ "ലാൻഡ് ബോണ്ടുകൾ" എന്ന വാക്ക് നീക്കം ചെയ്യുക.

593. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ന്റെ വിശദീകരണത്തിൽ " ഉൾപ്പെടുന്നതും എന്നാൽ അതിൽ പരിമിതപ്പെടുത്തുന്നതല്ലാത്തതുമാകുന്നു." എന്നീ വാക്കുകൾക്ക് പകരം "മാത്രം ഉൾപ്പെടുന്നതാകുന്നു " എന്ന് ചേർക്കുക.

595. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (4)-ൽ "ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള രീതിയിൽ" എന്നതിനുപകരം "നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി" എന്ന് ചേർക്കുക.

ലാൻഡ് ബോണ്ടുകൾ ഒഴിവാക്കണമെന്നുള്ളതാണ് 588-ാം നമ്പർ ഭേദഗതി. ഭൂമി പണയപ്പെടുത്തുക എന്നുള്ളതിനോട് യോജിക്കാൻ കഴിയില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

589. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)-ൽ "എന്നിവയിലൂടെയുള്ള"എന്നതിനുപകരം "എന്നിവയിലൂടെയോ" എന്ന വാക്ക് ചേർക്കുക.

596. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)- ൽ "കൈമാറ്റം ചെയ്യുകയോ" എന്നതിനുശേഷം "റദ്ദ് ചെയ്യുകയോ" എന്ന വാക്കുകൾ ചേർക്കുക.

598. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ-ൽ"ഭരണനിർവ്വഹണത്തിന്" എന്നതിനുപകരം "പ്രവർത്തനത്തിനും ഭരണനിർവ്വഹണത്തിനും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

590. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)-ൽ "ബാങ്കുകൾ മൾട്ടി ലാറ്ററൽ ഫണ്ടിംഗ് ഏജൻസികൾ" എന്നതിനു പകരം "ബാങ്കുകൾ, സഹകരണ ബാങ്കുകൾ, മറ്റു സഹകരണ സ്ഥാപനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി.എം. തോമസ് ഐസക്</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>ശ്രീ. എം. ഉമ്മർ</u> : സർ, എന്റെ 588-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് . പി
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് കുന്നപ്പിള്ളി
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ഡോ. എൻ. ജയരാജ്
17. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. കെ. എം. ഷാജി
29. ശ്രീ. വി. എസ്. ശിവകുമാർ

30. ശ്രീ. സണ്ണി ജോസഫ്

31. ശ്രീ. പി. ടി. തോമസ്

32. ശ്രീ. പി. ഉബൈദുള്ള

33. ശ്രീ. എം. ഉമ്മർ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ് കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ

44. ശ്രീ. പുരുഷൻ കടലുണ്ടി

45. ശ്രീ. പി. ടി. എ. റഹീം

46. ശ്രീ. എം. രാജഗോപാലൻ

47. ശ്രീ. കെ. രാജൻ

48. ശ്രീ. എസ്. രാജേന്ദ്രൻ

49. ശ്രീ. ആർ. രാജേഷ്

50. ശ്രീ. റ്റി. വി. രാജേഷ്

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

54. ശ്രീ. മുല്ലക്കര രത്നാകരൻ

55. പ്രൊഫ. സി. രവീന്ദ്രനാഥ്

56. ശ്രീ. കാരാട്ട് റസാഖ്

57. ശ്രീ. എസ്. ശർമ്മ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. ഐ. ബി. സതീഷ്

61. ശ്രീ. ബി. സത്യൻ

62. ശ്രീ. എ. എൻ. ഷംസീർ

63. ശ്രീ. ജി. സുധാകരൻ

64. ശ്രീ. വി. ആർ. സുനിൽ കുമാർ

65. ശ്രീ. വി. എസ്. സുനിൽ കുമാർ

66. ശ്രീ. കെ. സുരേഷ് കുറുപ്പ്

67. ശ്രീ. എം. സ്വരാജ്

68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. തോമസ് ചാണ്ടി

70. ഡോ. ടി. എം. തോമസ് ഐസക്

71. ശ്രീ. പി. ഉണ്ണി

72. ശ്രീ. ഇ. കെ. വിജയൻ

73. ശ്രീ. എൻ. വിജയൻ പിള്ള

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

<u>മി. സ്പീക്കർ</u> : അനുകൂലിക്കുന്നവർ - 33

പ്രതികൂലിക്കുന്നവർ - 73

നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 588-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 586, 592, 597, 599 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 593, 595 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 589, 596, 598, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 590-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ ........................

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

600. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

9(1)- ൽ "സമാഹരിക്കുവാൻ" എന്ന വാക്കിനുമുൻപ് "വ്യവസ്ഥകൾക്കും നിയമങ്ങൾക്കും വിധേയമായി" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

601. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

9 (1)-ൽ "സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന" എന്നത് "സമാഹരിച്ച" എന്ന് മാറ്റുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

602. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (1)- ൽ പലിശയും മുതലും നൽകുന്നതിനായി എന്നതിനുശേഷം "നിക്ഷേപകർക്ക്" എന്ന വാക്ക് കൂടി ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

603. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(1)-ന് ഉപവകുപ്പായി താഴെ പറയുന്ന പ്രകാരം ചേർക്കുക:

"(2) സർക്കാർ 8- ാം വകുപ്പിനു കീഴിൽ ബോർഡ് സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും തുകയുടെ പലിശയും മുതലും നൽകുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഗ്യാരണ്ടി നൽകേണ്ടതാണ്."

604. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (1) താഴെ പറയും പ്രകാരം മാറ്റുക:

"ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമവും ലോൺ നൽകുന്നതു ആദായകരമായി വിനിയോഗിക്കുകയും ചെയ്യുമെന്ന് ഉറപ്പായാൽ സർക്കാർ 8- ാം വകുപ്പിനു കീഴിൽ ബോർഡ് സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും തുകയുടെ പലിശയും മുതലും നൽകുന്നതിനായി ഗ്യാരന്റി നൽകേണ്ടതാണ്. എന്നാൽ ഈ ആക്ടിനുകീഴിൽ സർക്കാർ നൽകിയിട്ടുള്ള മൊത്തം ഗ്യാരണ്ടി, നിലവിൽ പ്രാബല്യത്തിലുള്ള 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ (2003-ലെ 30) വ്യവസ്ഥ ചെയ്തിട്ടുള്ള പരിധിയിൽ കവിയാൻ പാടുള്ളതല്ല."

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 600-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 601-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 602-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 603, 604 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി .

പതിനൊന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

605. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "ബോർഡിനെ സഹായിക്കുന്നതിനായി" എന്നതിനുശേഷമുള്ളവ ഒഴിവാക്കി പകരം “ ബോർഡിന് ആവശ്യമെന്ന് കരുതുന്നത്ര ജീവനക്കാരെയും ഉദ്യോഗസ്ഥരെയും അധികമുള്ള സ്ഥലങ്ങളിൽ നിന്ന് പുനർവിന്യാസം വഴി നിയമിക്കാവുന്നതാണ്" എന്ന് ചേർക്കുക.

613. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ "സർക്കാർ സെക്രട്ടറിയുടെ" എന്നതിനുപകരം "ചീഫ് സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറിയുടെ" എന്നാക്കുക. കൂടാതെ "നിയമിക്കുകയും ചെയ്യുന്നതാണ്" എന്നതിനുപകരം "നിയമിക്കുന്നതുമാണ് " എന്ന് ചേർക്കുക.

616. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 10(4) ഒഴിവാക്കി പകരം താഴെപ്പറയുന്നത് ചേർക്കുക:

"(4) ഡെപ്യൂട്ടേഷനിലും പുനർവിന്യാസം വഴിയും നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് അവർ മാതൃവകുപ്പിൽ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളവും മറ്റ് ബത്തകളും അനുവദിക്കാവുന്നതാണ്".

617. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 10-ാം വകുപ്പിൽ 5-ാം ഉപവകുപ്പായി താഴെപ്പറയുന്നത് ചേർക്കുക:

"(5) ബോർഡിന്റെ അംഗങ്ങളും മറ്റും പബ്ലിക്ക് സർവെന്റ്സ് ആണെന്ന് 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ബോർഡിന്റെ ഓരോ അംഗവും, ഫണ്ട് മാനേജരും ബോർഡിന്റെ മറ്റ് ജീവനക്കാരും ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ (186-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥ പരിധിക്കുള്ളിൽ വരുന്ന പബ്ലിക്ക് സർവെന്റ്സ് ആയി കരുതപ്പെടുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

606. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "സർക്കാരിന്റെ അംഗീകാരത്തോടെ" എന്നതിനുശേഷം "ഡെപ്യൂട്ടേഷൻ, കരാർ, സ്ഥിരം എന്നീ വ്യവസ്ഥയിൽ തസ്തികകൾ" എന്നീ വാക്കുകൾ ചേർക്കുക.

611. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ "ബോർഡിന്" എന്നതിനുശേഷം "ഒരു കാര്യവിദഗ്ദ്ധനായ" എന്ന് ചേർക്കുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

607. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "അതിൽ" എന്നതിനുശേഷമുള്ളവ ഒഴിവാക്കി പകരം "ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയോ നിയമിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

609. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "അതിൽ" എന്നതിനുശേഷം "പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന" എന്ന് ചേർക്കുക.

612. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ "സെക്രട്ടറിയുടെ" എന്നതിനു പകരം "സെക്രട്ടറിയുടേതിന് തുല്യമായ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

610. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം നടത്താൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സർക്കാർ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും അന്യത്ര സേവനത്തിൽ നിയമിക്കാവുന്നതാണ്."

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

615. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "നിയമനരീതിയും" എന്ന വാക്ക് ഒഴിവാക്കുക.

മി. സ്പീക്കർ : 608-ാം നമ്പർ ഭേദഗതി അവതരിപ്പിക്കേണ്ടതില്ല. അത് 607-ന് തുല്യമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 605, 613, 616, 617 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 606, 611 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 607-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 609, 612 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 610-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 615-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

618. ഖണ്ഡം 12 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ 12- ാം വകുപ്പ് താഴെ പറയും പ്രകാരം മാറ്റുക:

"10- ാം വകുപ്പ് (1)- ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ബോർഡിന്റെ ഓരോ അംഗവും 6 ബി(1) പ്രകാരം രൂപീകരിക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഓരോ അംഗവും 6 സി(1) പ്രകാരം രൂപീകരിക്കപ്പെട്ട ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ ഓരോ അംഗവും ഫണ്ട് മാനേജരും ഇവയിലെ മറ്റ് ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമത്തിന്റെ (1860-ലെ 45 ാം കേന്ദ്ര ആക്ട്) 21- ാം വകുപ്പിന്റെ അർത്ഥ പരിധിക്കുള്ളിൽ വരുന്ന പബ്ലിക്ക് സർവെന്റ്സ് ആയി കരുതപ്പെടാവുന്നതാണ്."

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 618-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

620. ഖണ്ഡം 13 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 17 എ (1)-ൽ "ധനസഹായം" എന്നതിന് പകരം "സംസ്ഥാന സഹായം"എന്ന് ചേർക്കുക.

623. ഖണ്ഡം 13 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(2) "കെട്ടിടങ്ങൾ" എന്നതിന് ശേഷം"ഏറ്റെടുത്തതോ വികസിപ്പിച്ചതോ ആയ ഭൂമി"എന്ന് ചേർക്കുക.

624. ഖണ്ഡം 13 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(2)-നു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക:

"(3) സർക്കാർ സഹായം നൽകിയിട്ടുള്ള പദ്ധതിയുടെ നടത്തിപ്പിലും പൂർത്തീകരണത്തിലും എന്തെങ്കിലും വീഴ്ചകൾ സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷവും നൽകിയിട്ടുള്ള സർക്കാർ സഹായം തിരികെ ഈടാക്കേണ്ടതുണ്ടെന്ന് സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷവും, സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി സർക്കാർ സഹായം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്".

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

621. ഖണ്ഡം 13 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(എ) (1)-ൽ "പരിശോധന അധികാരസ്ഥാനത്തെ" എന്നതിന് പകരം "പരിശോധനാ സംഘത്തെ"എന്ന് മാറ്റുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

622. ഖണ്ഡം 13 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(എ) (1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി ഏതെങ്കിലും പദ്ധതിയും ബോർഡ് ധനസഹായം നൽകിയിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും

സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ രേഖകളും പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള അധികാര സ്ഥാനത്തെ നിയമിക്കാവുന്നതാണ്".

മി. സ്പീക്കർ : 619-ാം നമ്പർ ഭേദഗതി ക്രമാനുസൃതമല്ല. എങ്കിലും ഭേദഗതി നൽകിയ ശ്രീ. വി. പി. സജീന്ദ്രന് സംസാരിക്കാം.

(ശ്രീ. വി. പി. സജീന്ദ്രൻ സംസാരിച്ചില്ല.)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 620, 623, 624 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 622-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാലാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

625. ഖണ്ഡം 14 പ്രകാരം ഒന്നാം പട്ടികയായി പുനർനാമകരണം ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ പട്ടികയിൽ ഇനം 5-നുശേഷം താഴെപ്പറയുന്നത് ചേർത്ത് പട്ടിക പുനഃക്രമീകരിക്കുക: "6. ഫണ്ട് സ്വരൂപിക്കുന്ന വിധം".

626. ഖണ്ഡം 14(എ)-ൽ "6 എഫ്(9)" എന്നതിനുശേഷം "7(2)" എന്ന് ചേർക്കുക.

642. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന രണ്ടാം പട്ടികയിലെ ഇനം 18-നുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക: "19. ഇ-മാലിന്യ സംസ്കരണം

20. വാർത്താ വിനിമയ ശൃംഖലകൾ ഉൾപ്പെട്ട പ്രോജക്ടുകൾ".

649. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1 (I)-ൽ "ഒരു കരാർ ഉടമ്പടി, കൺസെഷണർ" എന്നതിന് പകരം "ഒരു കരാർ ഉടമ്പടി, കൺസെഷനർ" എന്നു ചേർക്കുക

654. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1 (ii)-ൽ "യൂസർചാർജ്" എന്നതിന് പകരം "യൂസർ ലെവി" എന്ന് ചേർക്കുക.

664. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(iv)-ൽ "വിജയകരമായി" എന്ന വാക്ക് ഒഴിവാക്കുക.

667. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(v)-ൽ "കൺസെഷനർ" എന്ന വാക്കിനുശേഷം "കൈമാറ്റം ചെയ്യുന്നതുവരെ" എന്ന് ചേർക്കുക.

672. ഖണ്ഡം 14 (ഇ) വകുപ്പ് പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2 (i)-ൽ "കൺസെഷനറെ" എന്ന വാക്ക് കാണപ്പെടുന്ന സ്ഥലങ്ങളിലെല്ലാം "കൺസെഷനറെയോ മറ്റേതെങ്കിലും ഏജൻസിയേയോ" എന്ന് ഭേദഗതി ചെയ്യുക.

675. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2 (i)-ൽ "യൂസർ ചാർജ്" എന്നതിനു പകരം "യൂസർ ലെവി" എന്ന് ചേർക്കുക.

682. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2 (iv)-ൽ "നവീകരിക്കുന്നതിനും" എന്ന വാക്കിന് മുൻപിലായി "വികസിപ്പിക്കുന്നതിനും" എന്ന് ചേർക്കുക.

686. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2(v)-ൽ "നടത്തുന്നതിനും" എന്നതിന്

ശേഷം "വികസിപ്പിക്കുന്നതിനും" എന്ന് ചേർക്കുക. 642-ാം നമ്പർ ഭേദഗതിയിൽ പദ്ധതികളുടെ മേഖല പറയുന്ന രണ്ടാം പട്ടികയിൽ ഖരമാലിന്യവും മലിനജല സ്വിവറേജ് ട്രീറ്റ്മെന്റ് സംവിധാനവും പറയുന്നുണ്ട്. പക്ഷേ അതിൽ ഇ-വേസ്റ്റ് പറയുന്നില്ല. അതുകൊണ്ട് അതുകൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

627. ഖണ്ഡം 14(ബി)-ൽ "ക്വാറം" എന്ന വാക്കിനു പകരം "ക്വാറവും" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

628. ഖണ്ഡം 14(ഡി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന ഒന്നാം വകുപ്പിലെ ഇനം 15 താഴെപ്പറയും പ്രകാരം മാറ്റുക: "15. പ്രോജക്ടിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ട വിവരങ്ങൾ".

629. ഖണ്ഡം 14(ഡി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന ഒന്നാം പട്ടികയിലെ ഇനം 17 ഒഴിവാക്കുക.

630. ഖണ്ഡം 14(ഡി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന ഒന്നാം പട്ടികയിലെ ഇനം 19 താഴെപ്പറയും പ്രകാരം മാറ്റുക:

"19. ബോർഡിന്റെ മിച്ചംവരുന്ന തുക ട്രഷറികളിൽ നിക്ഷേപിക്കുന്ന രീതി".

632. ഖണ്ഡം 14(ഡി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന ഒന്നാം പട്ടികയിലെ ഇനം 21 താഴെപ്പറയും പ്രകാരം മാറ്റുക:

"21. സ്പോൺസറിംഗ് ഏജൻസി നിർദ്ദേശിക്കപ്പെട്ട പ്രോജക്ടിന്റെ വിശദവിവരങ്ങൾ, പ്രസിദ്ധീകരിക്കുന്നതിനുള്ള മാതൃകയും രീതിയും, പ്രോജക്ടിനെ സംബന്ധിച്ച വിശദമായ പഠന റിപ്പോർട്ട് സ്പോൺസറിംഗ് ഏജൻസി തയ്യാറാക്കേണ്ടതും ബോർഡിലേക്ക് സമർപ്പിക്കേണ്ടതുമായ കാലയളവും".

676. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2 (ii) ഒഴിവാക്കുക.

679. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2 (iii) ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

631. ഖണ്ഡം 14(ഡി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന പട്ടികയിലെ ഇനം 20-ൽ "കാലയളവും" എന്നതിനു പകരം "കാലയളവ് വ്യക്തമായി പ്രതിപാദിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

652. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടിക ഇനം 1 (i)-ൽ അവസാനമായി "കൺസെഷണർ പ്രസ്തുത കാലയളവിൽ പദ്ധതിയുടെ ഓപ്പറേഷൻ മെയിന്റനൻസ് ചെയ്ത് കുറ്റമറ്റ രീതിയിൽ സർക്കാരിന് കൈമാറേണ്ടതാണ് "എന്നു ചേർക്കുക.

657. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(ii)-ൽ "ഒരു നിശ്ചിത കാലാവധി കഴിഞ്ഞതിനുശേഷം സർക്കാരിന്" എന്നീ വാക്കുകൾക്കുപകരം "സർക്കാരിന് ഏതു സമയത്തും കരാർ റദ്ദാക്കുന്നതിനും ഉചിതമെന്നു തോന്നുന്ന സന്ദർഭത്തിൽ അതിന്റെ ചുമതലകൾ അവസാനിപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

660. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(iii)-ൽ "ഒരു നിശ്ചിത കാലയളവിലേക്ക്" എന്നതിനു പകരം "മിനിമം പത്തു വർഷത്തിൽ കുറയാത്ത കാലയളവിലേക്ക്" എന്ന് ചേർക്കുക.

662. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(iii)-ൽ "പ്രോജക്റ്റ് കൈമാറ്റം ചെയ്യുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്" എന്നതിനുപകരം "പ്രോജക്റ്റ് കൈമാറ്റം ചെയ്യേണ്ടതാണ് " എന്നത് ചേർക്കുക.

665. ഖണ്ഡം 14 (ഇ)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(iv)-ൽ "യൂസർ ചാർജ്ജുകൾ" എന്നതിന് മുൻപ് "സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന" എന്നത് ചേർക്കുക.

669. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(v)-ൽ "വാടക" എന്നതിനുശേഷം "എന്നിവ സർക്കാർ നിശ്ചയിക്കുന്ന രീതിയിൽ" എന്നു ചേർക്കുക.

670. ഖണ്ഡം 14 (ഇ)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(v)-ൽ "മറ്റ് തുകകൾ" എന്നതിന് ശേഷം "എന്നിവ" എന്നത് ഒഴിവാക്കുക.

671. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2(i)-ൽ "നൽകുന്നതിൻമേൽ" എന്നതിനു പകരം " നൽകുന്നതിന്" എന്ന് ചേർക്കുക.

674. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2(i)-ൽ "സർക്കാരിന് യൂസർ ചാർജ്" എന്നതിനു പകരം "സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന യൂസർ ചാർജ്ജ്" എന്ന് ചേർക്കുക.

678. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2 (ii)-ൽ "യുക്തമായ" എന്നതിന് പകരം "സർക്കാർ നിശ്ചയിക്കുന്ന മിതമായ നിരക്കിലുള്ള" എന്നത് ചേർക്കുക.

681. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ 2 (iii)-ൽ "പൂർത്തീകരിക്കുമ്പോൾ" എന്നതിന് മുമ്പ് "വിജയകരമായി" എന്നത് ചേർക്കുക.

683. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ 2(iv)-ൽ "സർക്കാരിലേക്ക്"എന്നതിന് ശേഷം "യാതൊരു കോട്ടവും തട്ടാതെ" എന്നത് ചേർക്കുക.

685. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ 2(iv)-ൽ "കരാറിൽ വ്യക്തമാക്കിയിട്ടുള്ള" എന്നതിന് ശേഷം "മിതമായ നിരക്കിലുള്ള" എന്ന് ചേർക്കുക.

688. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ 2(v)-ൽ "ഒരു നിശ്ചിതകാലയളവിന് ശേഷം" എന്നതിനു പകരം "എപ്പോൾ വേണമെങ്കിലും ഉചിതമെന്ന് തോന്നുന്ന സമയത്ത്" എന്നത് ചേർക്കുക.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

633. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന രണ്ടാം പട്ടികയിൽ ഇനം 2-ൽ "കെട്ടിടങ്ങൾ" എന്നതിനുശേഷം "ഫ്ലാറ്റ് സമുച്ചയങ്ങൾ" എന്നു ചേർക്കുക.

ശ്രീ. വി. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

634. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2, 3 ഇനങ്ങൾ താഴെപ്പറയും പ്രകാരം മാറ്റുക:

"2.പൊതു ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണവും"

"3. ചെറുകിട ധാതു ഖനനം"

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

635. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന രണ്ടാം പട്ടികയിൽ

1. 3-ാം ഇനം താഴെപ്പറയും പ്രകാരം മാറ്റുക:

   "3. ചെറുകിട ധാതു പദാർത്ഥങ്ങൾ" എന്നു ചേർക്കുക.

2. 9-ാം ഇനം താഴെ പറയും പ്രകാരം മാറ്റുക:

   "9 ചേരി വികസനവും സാറ്റലൈറ്റ് ടൗണുകളുടെ വികസനവും അനുബന്ധ ഭവന നിർമ്മാണവും"

3. 11-ാം ഇനം താഴെപ്പറയും പ്രകാരം മാറ്റുക:

   "11. വിവര വിനിമയ സാങ്കേതിക വിദ്യ"

4. 14-ാം ഇനത്തിലെ "പ്രോജക്ടുകൾ" എന്ന വാക്ക് ഒഴിവാക്കുക.

5. 20-ാം ഇനം താഴെപ്പറയും പ്രകാരം മാറ്റുക:

   "വിനോദസഞ്ചാരവും ഹോസ്പിറ്റാലിറ്റിയും"

6. 21-ാം ഇനത്തിലെ "പ്രോജക്ടുകൾ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

636. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന രണ്ടാം പട്ടികയിലെ ഇനം 6 താഴെ പറയും പ്രകാരം മാറ്റുക:

“ 6. തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ”

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

637. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന രണ്ടാം പട്ടികയിൽ ഇനം 15-ന് ശേഷം താഴെപ്പറയുന്നവ ചേർക്കുകയും ബാക്കിയുള്ളവ പുനരക്കം ചെയ്യുകയും ചെയ്യുക.

"16. ടെക്സ്റ്റയിൽ മേഖലയിലെ പ്രോജക്ടുകൾ.

17. വിമാനത്താവളങ്ങൾ

18. IT അധിഷ്ഠിത പ്രോജക്ടുകൾ.

19. സ്റ്റാർട്ടപ്പ് സംരംഭവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ."

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന രണ്ടാം പട്ടികയിലെ 15-ാം ഇനത്തിന്റെ അവസാനം "എയർപോർട്ടുകളും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

639. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന രണ്ടാം പട്ടികയിൽ 16-ാം ഇനത്തിന്റെ അവസാനം "പാരമ്പര്യേതര ഊർജ്ജ ഉല്പാദനവും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

640. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന രണ്ടാം പട്ടികയിൽ ഇനം 17-ൽ "ബൈപാസ്സുകളും" എന്നതിന് ശേഷം "ഫ്ലൈ ഓവറുകളും" എന്നു ചേർക്കുക.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

643. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2-ാം പട്ടികയിലെ 18-ാം ഇനം താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"18 ഖരമാലിന്യവും അജൈവ മാലിന്യവും സംസ്കരണം".

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

644. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2-ാം പട്ടികയിലെ 21-ാം ഇനത്തിൽ "റെയിൽ", എന്നതിനുശേഷം "ജല," എന്നു ചേർക്കുക.

650. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1 (i)-ൽ "ടോൾ", എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക

668. ഖണ്ഡം 14 (ഇ)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1 (v)-ൽ "ടോൾ," എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

ഇവിടെ ടോൾ എന്നുപറയുന്നുണ്ട്. ടോൾ ഫ്രീ സ്റ്റേറ്റ് എന്ന് ഗവൺമെന്റ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ടോൾ എന്ന് പറയേണ്ട ആവശ്യമില്ല. ഗവൺമെന്റിനെ സഹായിക്കാൻ വേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നത്. അറിയാതെ സംഭവിച്ചതായിരിക്കും, അതുകൊണ്ട് ടോൾ എന്ന വാക്ക് നീക്കം ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

645. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2-ാം പട്ടികയിലെ 22-ാം ഇനത്തിൽ "ഗതാഗത സംവിധാനം", എന്നതിനുശേഷം, "മൊബിലിറ്റി ഹബ്ബുകൾ", എന്നു ചേർക്കുക.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

646. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2-ാം പട്ടികയിൽ താഴെ പറയുന്ന ഇനങ്ങൾ ചേർക്കുക:

"24. അടിസ്ഥാന സൗകര്യ പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ

25. പട്ടികജാതി/പട്ടിക വർഗ്ഗ കോളനി നവീകരണം

26. പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണവും അതിനുവേണ്ട ഭൂമി ഏറ്റെടുക്കലും".

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

648. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന "മൂന്നാം പട്ടിക" എന്ന ശീർഷകത്തിന് കീഴിൽ "6 എഫ് (10)(സി)" എന്നതിന് പകരം "6 എഫ് 11 (സി)" എന്നത് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

653. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടിക ഇനം 1 (i) -ൽ ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, ബി.ഒ.ടി. കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള ടോൾ, ഫീസ്, വാടക തുകകൾ, ചാർജ്ജുകൾ എന്നിവയുടെ നിരക്ക് നിശ്ചയിക്കുന്നത് സർക്കാരിന്റെ മാത്രം അധികാരമായിരിക്കുന്നതാണ്".

655. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1 (ii)-ൽ "കരാർ ഉടമ്പടി" എന്നതിനുപകരം "കരാർ" എന്ന വാക്കു ചേർക്കുക.

658. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(ii)-ൽ "അതിന്റെ ചുമതലകൾ അവസാനിപ്പിക്കാവുന്നതാണ്" എന്നത് "അത് ഏറ്റെടുക്കാവുന്നതാണ്" എന്ന് മാറ്റുക.

659. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(iii)-ൽ "ഉടമ്പടി" എന്ന വാക്ക് ഒഴിവാക്കുക.

663. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(iv)-ൽ "ഉടമ്പടി" എന്ന വാക്ക്" ഒഴിവാക്കുക.

666. ഖണ്ഡം 14 (ഇ)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(v) -ൽ "ഉടമ്പടി" എന്ന വാക്ക് ഒഴിവാക്കുക.

673. ഖണ്ഡം 14 (ഇ)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ  ഇനം 2(i) -ൽ "ഉടമ്പടി" എന്ന വാക്ക് ഒഴിവാക്കുക.

677. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2 (ii)-ൽ "ഉടമ്പടി" എന്ന വാക്ക് നീക്കം ചെയ്യുക.

680. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2 (iii)-ൽ "ഉടമ്പടി" എന്ന വാക്ക് നീക്കം ചെയ്യുക.

684. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിൽ ഇനം 2(iv)-ൽ "ഉടമ്പടി"എന്ന വാക്ക് നീക്കം ചെയ്യുക.

687. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2(v)-ൽ "ഉടമ്പടി"എന്ന വാക്ക് നീക്കം ചെയ്യുക.

689. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 2(v)-ൽ "അവസാനിപ്പിക്കാവുന്നതാണ് "എന്നതിന് പകരം "ഏറ്റെടുക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

656. ഖണ്ഡം 14 (ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിൽ ഇനം 1 (ii)-ൽ "എന്നിരുന്നാലും", എന്നതിനുശേഷം "കരാറിൽ രേഖപ്പെടുത്തിയ" എന്നു ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

661. ഖണ്ഡം 14(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന മൂന്നാം പട്ടികയിലെ ഇനം 1(iii)-ൽ,-

1. "ഒരു പ്രത്യേക" എന്നത് "ഒരു നിശ്ചിത" എന്നു മാറ്റുക.
2. "കൺസെഷനർ സർക്കാരിന്" എന്നതിനുശേഷം "പ്രവർത്തനക്ഷമമായ" എന്നു ചേർക്കുക.

മി. സ്പീക്കർ : 641-ാം നമ്പർ ഭേദഗതി 640-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ 627-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

കിഫ്ബി ഏറ്റെടുക്കാൻ പോകുന്നതിന്റെ ലിസ്റ്റുകൾ നീട്ടുന്നത് സംബന്ധിച്ച് ഒരുപാട് നിർദ്ദേശമുണ്ട്. നിങ്ങൾ വിമർശനം ഉന്നയിച്ചതുപോലെ പ്രത്യക്ഷ വരുമാനം സൃഷ്ടിക്കാത്ത മേഖലകൾ ചുരുക്കുന്നതിനാണ് ശ്രമിക്കുന്നത്. ഇവിടെ നിർദ്ദേശിച്ചിട്ടുള്ളത് പരമാവധി അത് എക്സ്പാൻഡ് ചെയ്യാനാണ്. അതുകൊണ്ടാണ് സ്വീകരിക്കാൻ സാധിക്കാത്തത്. ശ്രീ. മഞ്ഞളാംകുഴി അലി ഇ-വേസ്റ്റിനെ സംബന്ധിച്ച് പറഞ്ഞു. വേസ്റ്റ് മാനേജ്മെന്റിന്റെ വിശാലാർത്ഥത്തിൽ ഇ-വേസ്റ്റും ഉൾപ്പെടുന്നതാണെന്ന് കരുതാവുന്നതാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഞാൻ എന്റെ 668-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി.ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് കുന്നപ്പിള്ളി
15. ശ്രീ. ഹൈബി ഈഡൻ
16. ശ്രീ. ടി. വി. ഇബ്രാഹിം

17. ഡോ. എൻ. ജയരാജ്
18. ശ്രീ. കെ. സി. ജോസഫ്
19. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. കെ. മുരളീധരൻ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. വി. പി. സജീന്ദ്രൻ
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. കെ.എം. ഷാജി
32. ശ്രീ. വി. എസ്. ശിവകുമാർ
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. പി. ഉബൈദുള്ള
36. ശ്രീ. എം. ഉമ്മർ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ

5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ. പി
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. ബി. സത്യൻ
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീ. ജി. സുധാകരൻ
63. ശ്രീ. വി. ആർ. സുനിൽ കുമാർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കെ. സുരേഷ് കുറുപ്പ്
66. ശ്രീ. എം. സ്വരാജ്
67. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
68. ശ്രീ. പി. തിലോത്തമൻ
69. ശ്രീ. തോമസ് ചാണ്ടി
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. പി. ഉണ്ണി
72. ശ്രീ. ഇ. കെ. വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

<u>മി. സ്പീക്കർ</u> : അനുകൂലിക്കുന്നവർ - 36

പ്രതികൂലിക്കുന്നവർ - 73

നിഷ്പക്ഷത പാലിക്കുന്നവർ -ആരുമില്ല

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 668-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 625, 626, 642, 649, 654, 664, 667, 672, 675, 682, 686 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 628, 629, 630, 632, 676, 679 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 631, 652, 657, 660, 662, 665, 669, 670, 671, 674, 678, 681, 683, 685, 688 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 633-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 634-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 635-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ അവതരിപ്പിച്ച 636-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 637-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 639-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 640-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 643-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 644, 650 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 645-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 646-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 648-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 653, 655, 658, 659, 663, 666, 673, 677, 680, 684, 687, 689 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 656-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 661-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

690. ഖണ്ഡം 15(2) -ൽ, "ആക്ടിൻ കീഴിൽ" എന്നതിനുപകരം "ആക്ടിനു കീഴിൽ" എന്നത് ചേർക്കുക.

694. ഖണ്ഡം 15(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിനുപകരം "കണക്കാക്കേണ്ടതാണ്" എന്നത് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

691. ഖണ്ഡം 15(2)-ൽ "ചെയ്ത" എന്നതിനു പകരം "ചെയ്തതോ ചെയ്തതായി കരുതപ്പെട്ടതോ ആയ" എന്ന് ചേർക്കുക.

693. ഖണ്ഡം 15(2)-ൽ "ചെയ്തതായോ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

692. ഖണ്ഡം 15(2)-ൽ, "കാര്യമോ" എന്നതിനുശേഷം "കാര്യങ്ങളോ" എന്നും "നടപടിയോ" എന്നതിനുശേഷം "നടപടികളോ" എന്നും ചേർക്കുക.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>):സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u> : ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 690, 694 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 691, 693 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 692-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ദീർഘശീർഷകത്തിൽ "അടിസ്ഥാനസൗകര്യ" എന്ന വാക്കിനുപകരം "അടിസ്ഥാന സൗകര്യ" എന്നീ വാക്കുകൾ ചേർക്കുക.

112. "അടിസ്ഥാനസൗകര്യ" എന്ന വാക്കിനുപകരം "അടിസ്ഥാന സൗകര്യ" എന്നീ വാക്കുകൾ ചേർക്കുക.

114. ഖണ്ഡം 1 (1)-ൽ "അടിസ്ഥാനസൗകര്യ" എന്നത് "അടിസ്ഥാന സൗകര്യ" എന്ന് മാറ്റുക.

ശ്രീ. എം ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ദീർഘ ശീർഷകത്തിൽ "നിക്ഷേപനിധി" എന്ന വാക്കിനുപകരം "നിക്ഷേപ നിധി" എന്നീ വാക്കുകൾ ചേർക്കുക.

113. "അടിസ്ഥാനസൗകര്യ നിക്ഷേപനിധി" എന്നതിനു പകരം "അടിസ്ഥാന സൗകര്യ നിക്ഷേപ നിധി" എന്ന് ചേർക്കുക.

115. ഖണ്ഡം1(1)-ൽ "അടിസ്ഥാനസൗകര്യ നിക്ഷേപനിധി" എന്നത് "അടിസ്ഥാന സൗകര്യ നിക്ഷേപ നിധി " എന്ന് മാറ്റുക.

116. ഖണ്ഡം1(2)-ൽ "മാസം" എന്ന വാക്ക് ഒഴിവാക്കുക.

117. ഖണ്ഡം1(2)-ൽ "കുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കരുതപ്പെടേണ്ടതാണ് " എന്ന് ചേർക്കുക.

ഇത് അക്ഷരത്തെറ്റാണെന്ന് പറഞ്ഞിട്ട് കാര്യമില്ല. "കരുതപ്പെടേണ്ടതാണ്" എന്നുള്ളതിന് "കുതപ്പെടേണ്ടതാണ്" എന്നാണ് കൊടുത്തിരിക്കുന്നത്. ഇതൊക്കെ വിവിധ ഒബ്സർവേഷനുകളാണ്. നിഷ്ക്കരുണം തള്ളരുത്. അതുപോലെ "അടിസ്ഥാനസൗകര്യ നിക്ഷേപനിധി" എന്ന് ഒരുമിച്ച് എഴുതിയിരിക്കുകയാണ്. നിയമനിർമ്മാണമായതു കൊണ്ട് സ്പെയ്സ് വിട്ടുകൊണ്ട് "അടിസ്ഥാന സൗകര്യ നിക്ഷേപ നിധി" എന്നുതന്നെ എഴുതണം. അതുപോലെ 'അടിസ്ഥാന സൗകര്യം', 'നിക്ഷേപനിധി' എന്നുള്ളതൊക്കെ ഒരുമിച്ച് എഴുതിയിരിക്കുകയാണ്. നിക്ഷേപം വേറെ, നിധി വേറെ.

മി. സ്പീക്കർ : 108-ാം നമ്പർ ഭേദഗതി ക്രമാനുസൃതമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. 110-ാം നമ്പർ ഭേദഗതി 109-ന് തുല്യമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): എല്ലാ ഭേദഗതികളും സ്വീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 109, 112, 114 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 111, 113, 115, 116, 117 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഈ സർക്കാർ എവിടെ നിന്നെങ്കിലും പണം സമാഹരിച്ച് വികസന പ്രവർത്തനങ്ങളും ക്ഷേമകാര്യങ്ങളും ചെയ്യുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ കാര്യങ്ങൾ നേരെ ചൊവ്വേ പറയണം. എന്റെ കൈയിൽ അലാവുദ്ദീന്റെ അത്ഭുതവിളക്കുണ്ട്, ഞാൻ കാണിച്ചുതരാം എന്നുപറഞ്ഞാൽ അത് എങ്ങനെ അംഗീകരിക്കും. അതാണ് പ്രശ്നം. ടോൾ പിരിക്കുകയില്ല, ടാക്സ് വർദ്ധിപ്പിക്കുകയില്ല, കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ പരിഷ്കരണം വേണ്ട, അതുപോലെ അൺഎയിഡഡ് സ്കൂളുകളൊന്നും അടച്ചുപൂട്ടില്ല എന്നൊക്കെ പറയാൻ ആർക്കാണ് കഴിയാത്തത്. ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങളല്ലാതെ ഒന്നും ചെയ്യുന്നില്ല. ഞങ്ങൾ വരുമാനം വർദ്ധിപ്പിക്കും, എന്നിട്ട് ഈ പറഞ്ഞതൊക്കെ തിരിച്ചടയ്ക്കുകയും ചെയ്യും എന്നുപറഞ്ഞാൽ അത് അപ്പടി എങ്ങനെ വിശ്വസിക്കും? എന്തെങ്കിലും ഒരു മാർഗ്ഗം സ്വീകരിക്കേണ്ടിവരും. ഒന്നുകിൽ ടാക്സ് കൂട്ടേണ്ടിവരും. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനസ്ഥിതിയൊക്കെ തുറന്നുപറഞ്ഞിട്ട് ഇന്നയിന്ന പരിഷ്കാരങ്ങളൊക്കെ വരുത്തിയാലെ നമുക്ക് പണം ഉണ്ടാവുകയുള്ളൂവെന്ന് പറയുന്നതിനുപകരം നടക്കാത്ത കാര്യങ്ങളൊക്കെ പ്രഖ്യാപിക്കുന്നു. ഉദാഹരണമായി കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളത്തോളം പെൻഷനില്ലേ, ഒന്നും ചെയ്തില്ല. ഞങ്ങൾ ഒരു പരിഷ്കാരവും വരുത്താതെ രണ്ടും

കൊടുക്കും, അതൊന്നും ഒരു പ്രശ്നമല്ല എന്നുള്ള വിപ്ലവം പറയുകയും യാതൊരുവിധ ടാക്സോ ടോളോ ഉണ്ടാവില്ലെന്ന് പറയുകയും ഞങ്ങൾ ഇതൊക്കെ തിരിച്ചടയ്ക്കുകയും ചെയ്യുമെന്ന നിലപാട് എടുക്കുകയും ചെയ്യുമ്പോൾ അത് അതേപടി വിശ്വസിക്കാൻ സാധിക്കില്ല. അതിന് വ്യക്തമായ ഒരു മറുപടി ഇവിടെ പറഞ്ഞിട്ടില്ല. സെസ്സിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. സെസ്സും ഒരു ടാക്സ് ആണല്ലോ, സെസ്സ് ഞങ്ങൾ കൊണ്ടുവന്നതാണ്. എന്തെങ്കിലും ഒന്ന് ചെയ്യേണ്ടി വരും. ഒളിച്ചുവച്ചിരിക്കുന്നത് എന്താണെന്ന് നേരെ ചൊവ്വേ പറയുന്നതല്ലേ നല്ലത്? അത് പറയാതെ ജനങ്ങളുടെ തലയ്ക്ക് മുകളിൽ ഡെമോക്ലിസിന്റെ വാൾ പോലെ എന്തോ തൂങ്ങുന്നുണ്ട്. ആ വാൾ എന്താണെന്ന് അധികം വൈകാതെ മനസ്സിലാകും. അതിനെ സംബന്ധിച്ച് ഒരു ക്ലാരിറ്റിക്ക് വേണ്ടിയാണ് ഞങ്ങൾ ചോദിച്ചു കൊണ്ടേയിരിക്കുന്നത്. എവിടെ നിന്നാണ്, എന്താണ് ടാക്സ് ചെയ്യുന്നത് എന്നൊക്കെ അടുത്ത ബഡ്ജറ്റിലോ അതിനടുത്ത ബഡ്ജറ്റിലോ ഒക്കെ നമുക്ക് കാണാം. അതുകൊണ്ടാണ് ക്ലാരിറ്റി വേണമെന്ന് പറയുന്നത്. എവിടെ നിന്നെങ്കിലും പണമുണ്ടാക്കി ഡവലപ് ചെയ്യുന്ന ഈ പ്രശ്നത്തെ ഞങ്ങളും അഡ്രസ്സ് ചെയ്തിട്ടുണ്ട്. ഈ പ്രശ്നം ഞങ്ങളുടെ സമയത്തും ഉണ്ടായിരുന്നു. വരുമാനം ഇല്ലാതെ കാര്യങ്ങൾ ചെയ്യാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റ് അധികം മാർക്കറ്റ് ബോറോയിംഗും ലോണും ഒന്നും സമ്മതിച്ചിരുന്നില്ല. അന്ന് ഊരാക്കുടുക്കിലായിരുന്നു. എന്നാൽ ഇപ്പോൾ ആ ഊരാക്കുടുക്കിൽ നിന്ന് രക്ഷപ്പെടാൻ ഒരു ടെക്നിക്കാലിറ്റി ഉപയോഗിക്കുന്നു, അതാണ് കിഫ്ബി. കേന്ദ്ര ഗവൺമെന്റിനോ സെബിക്കോ റിസർവ് ബാങ്കിനോ നേരിട്ട് ഇടപെടാൻ കഴിയില്ല. അതിനൊരു ടെക്നിക്കൽ വേ-ഔട്ട് കണ്ടുപിടിച്ചിരിക്കുന്നു. അതിന് അങ്ങയെ അഭിനന്ദിക്കുന്നു. പക്ഷേ പണം എവിടെ നിന്ന് വാങ്ങിയാലും അത് ലോൺ ആണ്. ഇന്ററസ്റ്റും ഉണ്ടാകും. തീർച്ചയായും ആ ബാദ്ധ്യത ജനങ്ങളുടെ തലയ്ക്ക് വരും. എവിടെ നിന്നാണ് പണം സമാഹരിക്കുന്നതെന്ന് നേരെ ചൊവ്വേ പറയാതെയാണ് ഈ ബിൽ പാസ്സാക്കുന്നത്. അതാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ചൂണ്ടിക്കാണിച്ചതുപോലെ, സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പലപ്പോഴും കടമെടുക്കേണ്ടി വരുന്നത് പുതിയ കാര്യമല്ല. എല്ലാ ഗവൺമെന്റുകളും കടമെടുക്കാറുണ്ട്. അങ്ങനെ മാത്രമേ ഇക്കാലത്ത് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ കിഫ്ബിയിൽ വരുന്ന പണത്തിനെ സംബന്ധിച്ച് നിയമസഭ ചർച്ച ചെയ്യാൻ പോകുന്നില്ല. കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും അഡ്വൈസറി കമ്മീഷനിൽ നിന്നുള്ള സർട്ടിഫിക്കറ്റും സഭയുടെ മുന്നിൽ വയ്ക്കണമെന്നുള്ള നിബന്ധന മാത്രമാണ് ഇപ്പോൾ അങ്ങേക്കുള്ളത്. നിയമസഭയിൽ ബഡ്ജറ്റ് പ്രസംഗം ചർച്ച ചെയ്യാം. ഇതുസംബന്ധിച്ചുള്ള മറ്റ്

കാര്യങ്ങളൊന്നും സഭയിൽ ചർച്ചയ്ക്ക് വരുന്നില്ല എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. പി.എ.സി.-ക്ക് ഇത് പരിശോധിക്കാനുള്ള അവകാശവുമില്ല. സഭയുടെയും ഗവൺമെന്റിന്റെയും പുറത്താണ് ഇത്തരം കാര്യങ്ങൾ വരുന്നത്. ഇപ്പോൾ 20,000 കോടി രൂപയുടെ പദ്ധതിക്കാണ് ഗവൺമെന്റ് സാങ്ഷൻ കൊടുത്തിട്ടുള്ളത്. 20,000 കോടി രൂപ മാർക്കറ്റിൽനിന്ന് കടമെടുക്കുമ്പോൾ അത് നിയമസഭയോ സർക്കാരോ പ്രത്യേകിച്ച് ചർച്ച ചെയ്യുന്നില്ല എന്നുള്ളത് ഗൗരവമായൊരു വിഷയമാണ്. പി.എ.സി.-ക്ക് ഇത് നോക്കാനുള്ള അധികാരമില്ല എന്നുള്ളതും അതിനേക്കാൾ ഗൗരവമേറിയൊരു കാര്യമാണ്. മാത്രമല്ല, ഇത്രയും വലിയൊരു തുക ട്രഷറിയുടെ പുറത്തേക്ക് പോകുന്നതും സാമ്പത്തിക രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്ന മറ്റൊരു കാര്യമാണ്. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ആലോചിക്കണം. അതുപോലെ തന്നെയാണ് വിവിധ വകുപ്പുകൾ എ.എസ്. നൽകുന്നതും. അത് തീരുമാനിക്കുന്നത് കിഫ്ബിയാണ്. അപ്പോൾ കിഫ്ബി സൂപ്പർ വകുപ്പായി മാറുന്നുവെന്നുള്ളതും പ്രധാനപ്പെട്ട കാര്യമാണ്. മത്സരാധിഷ്ഠിത മാർക്കറ്റിൽനിന്ന് കടമെടുക്കുമ്പോൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി എന്താണെന്നുള്ളത് അവരും ആലോചിക്കും. ഇത്രയും വലിയ പ്രതീക്ഷ ഏതായാലും ധനകാര്യ വകുപ്പുമന്ത്രി നൽകാൻ പാടില്ല. കാരണം ഇന്ന് മത്സരാധിഷ്ഠിത കമ്പോളത്തിൽ നടന്നുകൊണ്ടിരിക്കുന്ന competitive business സംബന്ധിച്ച് എല്ലാവർക്കും അറിയുന്ന കാര്യമാണ്. അത് അങ്ങയുടെ കാര്യമായതിനാൽ ഞാൻ അങ്ങേക്ക് വിടുകയാണ്. ഇപ്പോൾ മാർക്കറ്റിൽനിന്നും ഇരുപതിനായിരം കോടി രൂപയുടെ കടമെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനേക്കാൾ കൂടുതൽ വർക്കുകളെപ്പറ്റിയാണ് ഇവിടെ അങ്ങ് സംസാരിക്കുന്നത്. പാർലമെന്റ് പാസ്സാക്കിയ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. ഡെഫിസിറ്റ് കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി ശ്രമിക്കുന്ന ഒരു കാലഘട്ടമാണിത്. ഏറ്റെടുക്കുന്ന പല പദ്ധതികളുടെയും സ്ഥിതി അൺപ്രൊഡക്ടീവാണ്. അങ്ങ് പറഞ്ഞതുപോലെ, സ്ട്രിക്ട് ആയ ഫൈനാൻഷ്യൽ കൺസിഡറേഷൻ വച്ചുനോക്കിയാൽ പല പദ്ധതികളിൽനിന്നും വരുമാനം തിരിച്ചുകിട്ടാൻ പോകുന്നില്ല. സോഷ്യൽ കമ്മിറ്റ്മെന്റ് അനിവാര്യമാണെന്ന് അങ്ങ് ചൂണ്ടിക്കാണിച്ചതിനെ ഞാൻ അംഗീകരിക്കുന്നു. Then all the burden will come on the exchequer. സംസ്ഥാന സർക്കാരിന്റെ exchequr-ലേക്കാണ് ഈ ബാദ്ധ്യത മുഴുവൻ വന്നുചേരാൻ പോകുന്നത്. അപ്പോൾ എങ്ങനെയായിരിക്കും ഫിസ്കൽ ഡെഫിസിറ്റ് കുറച്ചുകൊണ്ടു വരാൻ സാധിക്കുന്നത്? കേന്ദ്ര സർക്കാരും റിസർവ് ബാങ്കും ഇതിനോട് എത്രമാത്രം യോജിക്കുമെന്നുള്ള ആശങ്കകൂടി ഞാൻ പ്രകടിപ്പിക്കുകയാണ്. കടം വാങ്ങി ചെലവഴിക്കുന്നതിനോടും സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനോടും ഞങ്ങൾ എതിരില്ല. ഞങ്ങളുടെ ആശങ്കകൾ ഇവിടെ പ്രകടിപ്പിച്ചുവെന്ന് മാത്രമേയുള്ളു. അദ്ദേഹത്തിന്റെ കയ്യിൽ അലാവുദ്ദീന്റെ അത്ഭുതവിളക്ക് ഉണ്ടെന്നുള്ള വാദം ശരിയാകട്ടെ എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മൾ ഒരു പൊതു അഭിപ്രായ സമന്വയത്തിലേക്ക് നീങ്ങുകയാണെന്ന് മനസ്സിലാക്കിയതിൽ സന്തോഷം. വിമർശനങ്ങളും ആശങ്കകളും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതൊക്കെ മനസ്സിൽ വച്ചുകൊണ്ടായിരിക്കും സർക്കാർ പെരുമാറുന്നത്. നിങ്ങൾ അതിനെ നോക്കാനും പറയാനും ഉണ്ടെന്നുള്ളതു കൊണ്ട് ഈ പ്രവൃത്തി കൂടുതൽ കാര്യക്ഷമമായി നടക്കുമെന്ന് എനിക്കുറപ്പുണ്ട്. ഈ നിയമസഭ സമ്മേളിച്ചതിനുശേഷം ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയം കിഫ്ബിയാണ്. ഇത് ബഡ്ജറ്റിന് പുറത്തുള്ളതാണ്, അതുകൊണ്ട് ഇത് ചർച്ച ചെയ്യാൻ പാടില്ല എന്നൊന്നും ആരും പറഞ്ഞില്ലല്ലോ? അതുകൊണ്ട് അങ്ങനെയുള്ള അതിരുകവിഞ്ഞ ആശങ്കകളൊക്കെ അടിസ്ഥാനരഹിതമാണ്. ഈ വിഷയം ഇനിയും നിയമസഭയ്ക്കുള്ളിൽ ചർച്ച ചെയ്യും, എവിടെയെങ്കിലും അപാകതകളുണ്ടെങ്കിൽ നിങ്ങൾ ചൂണ്ടിക്കാണിക്കും, ഞങ്ങൾ അതിനെ തിരുത്തും. ആ രീതിയിൽ ഇത് ഭംഗിയായി നടപ്പാക്കാനുള്ള പരിശ്രമം നടത്തും. ഇത് നടപ്പാക്കുന്നതിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു കൊണ്ട് ഈ ബിൽ സഭ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഏകകണ്ഠേന പാസ്സായിരിക്കുന്നു.

ഓർഡർ......ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 നവംബർ മാസം 3-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.41-ന് പിരിഞ്ഞു.)